ഐതിഹ്യമാല

എട്ടാം ഭാഗം

ഗ്രന്ഥകർത്താ

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി

മലയാളപ്രിന്റിംഗ് വർക്സ് ആൻഡ് ബുക്ഡിപ്പോ,

തിരുവനന്തപുരം.

[വില രൂപാ ഫൽ.

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

ഐതിഹ്യമാല

എട്ടാം ഭാഗം

ഗ്രന്ഥകർത്താ

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി

പ്രസാധകൻ

വെള്ളായ്ക്കൽ നാരായണമേനോൻ,

ഉദ്യോഗപ്രകാശകർ.

[പകർപ്പവകാശം]

കമലാലയാപ്രിൻറിംഗ് വർക്ക്സ് ആൻഡ് ബുക്ഡിപ്പോ,

തിരുവനന്തപുരം.

1111

വില ൧ ക.

[Price 1 Rs/8

Digitised By Kerala Sahitya Akademi

തിരുവനന്തപുരം

കമലാലയയാബുക്ക് ഡിപ്പോപ്രവർത്തകന്മാർക്കു വേണ്ടി

'കമലാലയ'പ്രസ്സിൽ അച്ചടിച്ചതു്.

ഒന്നാം പതിപ്പു്—കോപ്പി ൨൫൦൦.

1111

Digitised By Kerala Sahitya Akademi

സമർപ്പണം

ശ്രീ

തുഞ്ചത്താചാര്യസ്വാമിതൃപ്പാദങ്ങളിൽ

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

സംഗതിവിവരം

അവതാരിക

പ്രസ്താവന

മുഖവുര

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി

ക.	ചിറ്റൂർകാവിൽബ്ഭഗവതി	ക
ഖ.	കല്ലൂർ നമ്പൂരിപ്പാടന്മാർ	ഖൻ
ഗ.	തകഴിയിൽശ്ശാസ്താവും അവിടത്തെ എണ്ണയും ഗെ	
ഘ.	അറയ്ക്കൽ ബീബി	ഘഖ
ങ.	തിരുവിഴാമഹാദേവനും അവിടത്തെ മരുന്നും ഘൻ	
ച.	പാഴൂർ പെരുംതൃക്കോവിൽ	ൻങ
ഛ.	തെക്കേടത്തു കുടുംബക്കാർ	കംക
ജ.	മൂക്കോലക്ഷേത്രങ്ങൾ	കഖച
ഝ.	കുമാരമംഗലത്തു നമ്പൂരി	കൻക
ഞ.	മണ്ണക്കാട്ടമ്മനും കൊടയും	കൻൻ
ട.	തിരുവട്ടാറാദികേശവൻ	കങച

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

ശുദ്ധിപത്രം

ഭാഗം.	വരി.	അബദ്ധം.	സുബദ്ധം.
൨	൨	പുത്തി	പുത്തീ
൧൫	൧	തിട്ടൂരമൊ	തീട്ടൂരമൊ
൨൦	൨൱	വെളിച്ചപാട്ട	വെളിച്ചപ്പാട്ട
൫ൻ	൧൩	ഞങ്ങൾക്കൊക്കൊ	ഞങ്ങൾക്കൊക്കെ
൩൦	൨൱	൧൧൧൩	൧൦൧൩
൱	൨൦	സ്വാമിനിയോഗം	സ്വാമീനിയോഗം
൱൧	൩	തീവട്ടി	തീവെട്ടി
൱൱	൨൨,൨൫	ഞറയ്ക്കൽ	ചിറയ്ക്കൽ
ൻ൫	൨൯	തല്ലാമത	തല്ലാതെ
ൻ൩	൨൱	ആരമീല്ല	ആരുമില്ല
൧൦൩	൨൩	സംഭവിച്ചിട്ടില്ല	സംഭവിച്ചില്ല
൧൦൯	൧൩	ഒരംഗവുമായിരുന്ന	ഒരംഗമായിരുന്ന
൧൧൩	ൻ	കണിവിരൽ	കാണിവിരൽ
൧൨൯	൧൨	ലാവഹിച്ചു	ലാവാഹിച്ചു
൧൩.൫	൧൯	ഇറങ്ങിയപ്പോ	ഇറങ്ങിപ്പോ
൧൫൱	൨൫	അതിതാൽ	അതിനാൽ
൧൫ൻ	൫	എന്നഅറിയ	എന്നറിയ
൧൫൩൩	൧൩൩	ചേന്ന	ചേന്ന്

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

അവതാരിക

പരിഷ്കൃതരീതിയിൽ ചമൽകാരതന്ത്രങ്ങളായ അവതാരികകളോടുകൂടി സവിലാസം രംഗപ്രവേശം ചെയ്യ സഹൃദയന്മാരുടെ ആദരത്തിനു പാത്രീഭവിച്ചിട്ടുള്ള ഈ ഐതിഹ്യമാലയുടെ എട്ടാമത്തെ രംഗത്തിൽ എന്നെപ്പോലെയുള്ള ഒരു പഴയ പാട്ടുകാരന്റെ കൈയിൽ ചേങ്ങല പിടിപ്പിച്ച ശ്രീമാൻ വെള്ളായ്ക്കൂൽ നാരായണമേനോൻ ഇതിൽ വരാവുന്ന അവതാളങ്ങൾക്കുത്തരവാദിയാണെന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ ഈ ഗ്രന്ഥത്തിന്റെ അവതാരകന്റെ നിലയിൽ എനിക്കുണ്ടാകാവുന്ന മാന്യതയിൽ സുഹൃൽപക്ഷപാതംനിമിത്തം അദ്ദേഹത്തിനുള്ള കൌതുകമായിരിക്കും ഈ പ്രോത്സാഹനത്തിന്റെ മുഖ്യകാരണമെന്നു ഞാൻ വിചാരിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ കർത്താവും പ്രസാധകനും കർത്താവിന്റെ ഭാഷാശൈലിയും കേരളത്തിൽ സുപ്രസിദ്ധങ്ങളാണു്. ഈ ഗ്രന്ഥത്തിലേ പ്രതിപാദ്യവിഷയത്തെ സംബന്ധിച്ചു മാത്രം വിശേഷിച്ചു വായനക്കാരെ അഭിമുഖീകരിപ്പിക്കുന്ന വല്ലതും എടുത്തു പറയാനുണ്ടെങ്കിൽ അതാണു്—അതൊരു വിഷയം മാത്രമാണു്—ഈ അവതാരികയുടെ പ്രത്യേക പ്രയോജനമായിരിക്കേണ്ടതെന്നു ഞാൻ വിചാരിക്കുന്നു.

ലോകത്തിൽ ഒരു വസ്തുവിനെ സത്യമാണെന്നു പറയേണമെങ്കിൽ പ്രത്യക്ഷാദി പ്രമാണങ്ങളെക്കൊണ്ടു് അതിനെ ഗ്രഹിക്കുമ്പോളൊക്കെയും അതു് ഒരേ നിലയിലിരിക്കുന്നതായിക്കാണാനിടവരണം. പ്രമാണസിദ്ധമല്ലാത്ത ഭാവങ്ങളെയാണു നാം അസത്യമെന്നു പറയുന്നതു്. അപ്രത്യക്ഷങ്ങളായ ഭാവങ്ങളെ അനുമാനംകൊണ്ടു—കാര്യകാരണഭാവം മുതലായ സംബന്ധങ്ങളെ നിരൂപണം ചെയ്തുകൊണ്ടു—സത്യമാണെന്നു നാം ഗ്രഹിക്കുന്നു. സംബന്ധജ്ഞാനമുണ്ടാകുന്നതു പ്രത്യക്ഷത്തിൽനിന്നാകയാൽ ഇതരപ്രമാണങ്ങളെ അപേക്ഷിച്ചു പ്രത്യക്ഷം പ്രധാനമാകുന്നു. സർവ്വപ്രാണികൾക്കും സ്വായത്തമാകയാൽ പ്രത്യക്ഷജന്യമായ ജ്ഞാനം സർവ്വസാധാരണമായിട്ടുള്ളതാണു്. എന്നാൽ പ്രത്യക്ഷജ്ഞാനത്തെ

Digitised By Kerala Sahitya Akademi

മാത്രം ആശ്രയിച്ചുകൊണ്ടുള്ള ജീവിതവ്യവഹാരം മനുഷ്യഭാവത്തിന്റെ ലക്ഷണത്തിനു വിരുദ്ധമാകുന്നു. സൂക്ഷ്മദൃഷ്ടിയിൽ തിര്യ്ഗ്ജന്തുക്കളുടെ വ്യവഹാരവും കേവലം പ്രത്യക്ഷത്തെ ആശ്രയിച്ചിരിക്കുന്നതല്ല. ഏതു പ്രാണിയും അതതിന്റെ ഗുണഭേദത്തിനനുസരിച്ചു പദാർത്ഥങ്ങളെ ഭിന്നഭിന്നപ്രകാരത്തിൽ ഗ്രഹിക്കുന്നതു കേവലം പ്രത്യക്ഷംകൊണ്ടല്ല. അങ്ങിനെയാണെങ്കിൽ ശബ്ദസ്പർശാദികളുടെ ജ്ഞാനം എല്ലാ പ്രാണികൾക്കും ഒരേവിധത്തിലായിരിക്കേണ്ടിയിരുന്നു. അതുകൊണ്ടു പ്രത്യക്ഷപ്രമാണം ഇതരപ്രമാണങ്ങളെക്കാൾ ശ്രേഷ്ഠമാണെങ്കിലും മനുഷ്യർ പ്രത്യക്ഷഗോചരങ്ങളായ ഭാവങ്ങളെ അതിക്രമിച്ചു് അവയുടെ സംബന്ധവിശേഷങ്ങളേയും പ്രയോജനത്തേയും മറ്റും ബുദ്ധികൊണ്ടു വിവേചനം ചെയ്കയും അതിന്റെ ഫലമായി ലഭിക്കുന്ന പദാർത്ഥബോധത്തിൽ രമിക്കയും ചെയ്യുന്നു. ഇന്ദ്രിയങ്ങളെക്കൊണ്ടു ഗ്രഹിക്കപ്പെടുന്ന വിഷയങ്ങളിൽനിന്നു കടന്നുനില്ക്കുന്ന ഈ ബുദ്ധിവ്യവഹാരം മനുഷ്യന്റെ സ്വന്തം ധർമ്മമാകയാൽ ഈ ധർമ്മത്തിന്റെ പരിപൂർണ്ണത അനുസരിച്ചാണു് അഭ്യുദയനിശ്രേയസപ്രാപ്തിയുണ്ടാകുന്നതെന്നു പറയാം. ബുദ്ധിമാന്മാർ പ്രത്യക്ഷഗ്രഹണത്തിൽ തൃപ്തിപ്പെടുന്നില്ല. വിചാരശക്തികൊണ്ടു് അവർ പദാർത്ഥങ്ങളിൽ അപ്രത്യക്ഷമായിക്കിടക്കുന്ന പരസ്പരസംബന്ധത്തേയും സാമാന്യരൂപത്തേയും മറ്റും ഗ്രഹിക്കുന്നതിൽ ഉത്സുകന്മാരായിരിക്കുന്നു. അതുകൊണ്ടുതന്നെയാണു "പ്രത്യക്ഷമപ്യനുമാനേന ജിഹ്മക്ഷന്തി കുശലാഃ" എന്നു പണ്ഡിതന്മാർ നിർണ്ണയിച്ചിട്ടുള്ളതു്. പദാർത്ഥങ്ങളുടെ സത്യാസത്യസ്ഥിതികളേയും മറ്റും നിശ്ചയിക്കുന്നതിനുള്ള ഈ പറഞ്ഞ രണ്ടു പ്രമാണങ്ങളും കൂടാതെ ഉപമാനം മുതലായി ശാസ്ത്രസിദ്ധങ്ങളായ പ്രമാണങ്ങളും വേറെയുമുണ്ടു്. അവ മിക്കതും പ്രത്യക്ഷാനുമാനങ്ങളിൽ അടക്കി നിരൂപിക്കാവുന്നവയാകുന്നു.

ഇന്ദ്രിയങ്ങളെക്കൊണ്ടു ഗ്രഹിക്കപ്പെടുന്ന ഇക്കാണുന്ന പ്രപഞ്ചം 'വ്യക്ത'മാകുന്നു. ഇതിന്റെ ആദിയിലും അന്തത്തിലും ഇന്ദ്രിയഗ്രാഹ്യമല്ലാത്ത ഒരു ഭാവം 'ഉണ്ടു്' എന്നു മനസ്സിലാകുന്നുണ്ടു്. ബീജവൃക്ഷന്യായേന വ്യക്തവും അവ്യ

Digitised By Kerala Sahitya Akademi

കതവുമായിട്ടല്ലാതെ ഒരു വസ്തുവും ഈ കാണപ്പെടുന്ന സ്വരൂപത്തെ എപ്പോഴും വിടാതെ സ്ഥിതിചെയ്യുന്നില്ല. ഇന്ദ്രിയഗ്രാഹ്യമല്ലാത്ത ആ അവ്യക്തഭാവത്തിൽ ഈ പ്രപഞ്ചത്തിന്റെ സ്വരൂപം എങ്ങിനെയിരിക്കുമെന്ന നമ്മുടെ അനുമാനംകൊണ്ടു ശരിയായി ഗ്രഹിക്കാൻ പ്രയാസമാണ്. അവ്യക്തഭാവത്തെ അനുഭവിക്കുന്നതിനനുകൂലമായിട്ടല്ല നമ്മുടെ ഇന്ദ്രിയങ്ങളുടെ സ്വരൂപം ഇരിക്കുന്നതു്. വ്യക്തപ്രപഞ്ചസ്പർശത്തിലുള്ള അഭ്യാസത്താൽ നമ്മുടെ അന്തഃകരണം വ്യക്തപ്രപഞ്ചംപോലെതന്നെ വ്യക്തവും സ്ഥൂലവും ആയിത്തീന്നിരിക്കുന്നു. അവ്യക്തഭാവത്തെ വിഷയീകരിക്കുന്നതിനു് ഈ അന്തഃകരണത്തിന്റെ സ്ഥൂലഭാവത്തെ തീരെ നശിപ്പിക്കേണ്ടിയിരിക്കുന്നു. പ്രാപഞ്ചികവ്യക്തപദാർത്ഥങ്ങളുടെ ഗുണദോഷവികല്പനം ചെയ്തു സമ്പാദിക്കപ്പെട്ട തന്റെ രാഗദ്വേഷാദിവികാരസമ്പത്തു ക്ഷയിക്കുമ്പോളല്ലാതെ സൂക്ഷ്മമായ അവ്യക്തഭാവത്തെ അഭിമുഖീകരിക്കുന്നതിനു ബുദ്ധിക്കു വേണ്ടുന്നത്ര സൂക്ഷ്മതയും തീക്ഷ്ണതയും ഉണ്ടാകുന്നതല്ല. രാഗദ്വേഷാദിമാലിന്യംകൊണ്ടു മങ്ങിയും തടിച്ചും ഇരിക്കുന്ന അന്തഃകരണത്തെ നിർമ്മലവും പ്രഗത്ഭവുമാക്കിത്തീർക്കേണ്ടതിനു വിവേകപൂർവ്വമായ തപസ്സാണു മുഖ്യസാധനം. വിഷയഭോഗങ്ങളിൽ വൈമുഖ്യവും വസ്തുനിർണ്ണയസാമർത്ഥ്യവും തപസ്സുകൊണ്ടുദ്ഭവിച്ചാൽ അതീന്ദ്രിയങ്ങളായ അവ്യക്തഭാവങ്ങളിൽ വേണ്ടപോലെ ബുദ്ധിവ്യാപ്തിയുണ്ടാകുന്നു. പ്രാകൃതന്മാർക്കു് ഇന്ദ്രിയവിഷയങ്ങളിലുണ്ടാകുന്നതുപോലെതന്നെ പ്രത്യക്ഷാനുഭവം തപസ്വികൾക്കു് അതീന്ദ്രിയഭാവങ്ങളിലും ഉണ്ടാകുന്നുണ്ടു്. അവരുടെ പ്രസന്നശാന്തമായ അന്തഃകരണം നമ്മുടെ ഈ മാംസചക്ഷുസ്സുകളെക്കാൾ അപരിച്ഛിന്നവും സ്വതന്ത്രവും തേജസ്വിയുമായിരിക്കുന്നതു നിമിത്തം അതിനു ദിവ്യദൃഷ്ടിയെന്നുള്ള പേർ പ്രസിദ്ധമായി. മനുഷ്യർവരെയുള്ള സകലപ്രാണികളിലും ഈ ദിവ്യദൃഷ്ടിയുടെ കലകൾ അനുഗതമായിരിക്കുന്നുണ്ടെങ്കിലും തപസ്സുകൊണ്ടു് അതിന്റെ അഭിവ്യക്തിക്കു സംഗതി വരുത്തിയ യോഗികളേ സംബന്ധിച്ചുമാത്രമേ ദിവ്യദൃഷ്ടിക്കു് ഉപയോഗയോഗ്യതയുള്ളൂ. അതുകൊണ്ടു ദിവ്യദൃഷ്ടി യോഗികളുടെ പ്രമാണവും അതുകൊണ്ടറി

Digitised By Kerala Sahitya Akademi

യപ്പെടുന്ന അതീന്ദ്രിയപ്രപഞ്ചം യോഗിപ്രത്യക്ഷവുമാകുന്നു. കേവലപ്രത്യക്ഷം എല്ലാറ്റിന്നും താഴത്തും യോഗിപ്രത്യക്ഷം എല്ലാറ്റിന്നും മുകളിലുമായി ഇരിക്കുന്നു. യോഗിപ്രത്യക്ഷം അല്ലെങ്കിൽ ദിവ്യദൃഷ്ടിതന്നെയാണു് അതീന്ദ്രിയഭാവങ്ങളുടെ സത്യാസത്യശുഭാശുഭാദിവിചാരത്തിൽ സാധകമായ പ്രമാണമെന്നു പറയേണ്ടതില്ലല്ലൊ. വേദശാസ്ത്രപുരാണാദിവചനങ്ങളെല്ലാം അലൌകികങ്ങളും അതീന്ദ്രിയങ്ങളുമായ ഭാവങ്ങളെ ദിവ്യദൃഷ്ടികൊണ്ടനുഭവിച്ചിട്ടുള്ള ഋഷിമാരുടെ ദർശനങ്ങളെ പ്രകാശിപ്പിക്കുന്നവയാകുന്നു. ആ വചനങ്ങളെ വിട്ടാൽ നമുക്കു കേവലം ലോകസിദ്ധങ്ങളായ ഭാവങ്ങളിൽ മാത്രമേ വ്യവഹരിക്കാൻ സൌകര്യമുള്ളൂ. അവയിൽത്തന്നെ പൂർവ്വാപരപരാമർശത്തിലും മറ്റും ധാരാളം പ്രമാദങ്ങൾക്കവകാശമുണ്ടാകയും ചെയ്യും. സ്വാഭാവികമായ മനുഷ്യന്റെ ഔത്സുക്യം ഇന്ദ്രിയങ്ങളുടെ പരിധിയിലടങ്ങിയ വിഷയങ്ങളെക്കൊണ്ടു തൃപ്തിപ്പെടുന്ന ഒന്നല്ല എന്നു മുമ്പേ പറഞ്ഞുവല്ലൊ. അതീന്ദ്രിയലോകസദ്ഭാവപര്യവേക്ഷണംകൊണ്ടു ലഭിക്കാവുന്ന ആശ്വാസത്തെ മനുഷ്യൻ എപ്പോഴും കാംക്ഷിക്കുന്നു. ഏതെങ്കിലുംവിധത്തിൽ പ്രപഞ്ചത്തിന്റെ കാരണവും സുഖദുഃഖാനുഭവങ്ങളുടെ ഹേതുക്കളും മറ്റും അന്വേഷണം ചെയ്തു പ്രപഞ്ചരചനയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അവ്യക്തശക്തികളുടെ വ്യവസ്ഥാപനത്തിൽ തൃപ്തികരമായ ഒരു സിദ്ധാന്തം നിർവ്വഹിക്കുന്നതിൽ സ്വതവേ സത്വരമായ മനുഷ്യാന്തഃകരണത്തിന്നു മേല്പറഞ്ഞ യോഗിപ്രത്യക്ഷത്തെ അവലംബിക്കാതെ നിവൃത്തിയില്ല. അതുകൊണ്ടു വേദശാസ്ത്രാദിരൂപമായ ആഗമപ്രമാണം ഒരുവിധത്തിലും ഒഴിച്ചുകൂടാത്തതാണെന്നു സ്പഷ്ടമാകുന്നു. വേദാദികളിൽ കാണപ്പെടുന്ന ലൌകികവ്യവഹാരങ്ങൾ മുഖ്യവിഷയബോധത്തിന്നുപയുക്തങ്ങളായ അവാന്തരവിഷയങ്ങളാകകൊണ്ടു് അവയുടെ പ്രതിപാദനം പലപ്പോഴും ലോകദൃഷ്ടിക്കു് അനുപപന്നമായിരിക്കുന്നു. ദിവ്യദൃഷ്ടിഗോചരങ്ങളായ തത്വങ്ങളെ ആശ്രയിച്ചുള്ള വ്യവഹാരത്തിൽ ദുഗ്ധവ്യൽപത്തിയുണ്ടാകുന്നതുവരെ ഈ അനുപപത്തി ഒഴിച്ചുകൂടാത്തതുമാകുന്നു. ലോകാന്തർഭ്രതനായ വ്യഷ്ടിജീവന്നു പൂർണ്ണനിർമ്മലഭാവപ്രാപ്തിക്കു് ഇതിലധികം ഉപ

Digitised By Kerala Sahitya Akademi

പന്നമായ മറൊരുപായവുമില്ലാത്തതു നിമിത്തം ആഗമപ്രമാണത്തെ വിചാരശീലന്മാർ സർവ്വോപരി ശ്ലാഘിക്കയും വിശ്വസിക്കയും ചെയ്യുന്നു. ആഗമപ്രമാണംതന്നെയാകുന്നു ആപ്തോപദേശമെന്നു പറയപ്പെടുന്നതു്. വേദം എല്ലാറ്റിന്നും മൂലമാകുന്നു. വേദാർത്ഥങ്ങളുടെ മൂലം വേറെ എന്തൊന്നാണെന്നു നിരൂപിച്ചറിയാൻ തരമില്ല. അതിന്റെ ഉൽപത്തി മറെറാരു വേദത്തിൽനിന്നോ വേദസദൃശമായ ഏതോ ഒന്നിൽ നിന്നോ ആയിരിക്കണമെന്നു കല്പിച്ചാൽ മതിയാകുന്നതല്ല. ആ മറെറാന്നിന്നു വേറെ ഒരു മൂലം അന്വേഷിക്കേണ്ടിവരും. അതു് അവസാനിക്കാത്ത വെറും വാദമാണല്ലൊ. അതുകൊണ്ടു വേദം എല്ലാറ്റിന്നും മൂലമാണു്; അതിന്റെ മൂലം അന്വേഷിക്കുന്നതു നിഷ്ഫലവും അന്യായവുമാകുന്നു. പ്രപഞ്ചത്തിന്റെ മൂലകാരണമായ ഈശ്വരൻ തന്നെ വേദത്തിന്റെയും കാരണം. ദിവ്യദൃഷ്ടിഗോചരങ്ങളായ സനാതനാർത്ഥങ്ങളുടെ ഉപദേശം ഈവിധത്തിൽ അനാദിയാണെന്നു നിശ്ചയിക്കയേ പാടുള്ളു എന്നു കാണുന്നു.

പാരമ്പര്യേണ പറഞ്ഞു കേട്ടറിഞ്ഞു നടപ്പിലായിട്ടുള്ള വിഷയങ്ങൾക്കും അതിനെ ഗ്രഹിപ്പിക്കുന്ന വചനങ്ങൾക്കുമാണല്ലോ ഐതിഹ്യമെന്നു പേർ പറയുന്നതു്. ആയുർവ്വേദത്തിൽ വേദം മുതലായ ആപ്തോപദേശമാണു് ഐതിഹ്യം ("ഐതിഹ്യം നാമാപ്തോപദേശോ വേദാദിഃ." ചരകസംഹിതാ വിമാനസ്ഥാനം എട്ടാമദ്ധ്യായം) എന്നു പറഞ്ഞുകാണുന്നു. വേദരൂപമായ ഐതിഹ്യത്തിൽ സിദ്ധവും സാദ്ധ്യവുമായി രണ്ടംശമുണ്ടു് "സത്യം പറയണം, ധർമ്മം ചെയ്യണം" എന്നും മറും പറയുന്ന വേദവിധികൾ സാദ്ധ്യപരങ്ങളും വേദത്തിലുള്ള ആഖ്യായികകൾ സിദ്ധവാദങ്ങളുമാകുന്നു. സാദ്ധ്യങ്ങളായ വിധിനിഷേധങ്ങളെ, സിദ്ധരൂപത്തിൽ വിവരണം ചെയ്യുംകൊണ്ടു് ആഖ്യായികകൾ, ഉപബൃംഹണംചെയ്യുന്നു. വേദത്തിലുള്ള ഈ ഉപദേശസമ്പ്രദായത്തെ വിസ്തരിച്ചു് ഏതു വിധത്തിലുള്ള അധികാരികൾക്കും അറിവും സദാചാരനിഷ്ഠയുമുണ്ടാക്കിത്തീർക്കുന്നതിന്നായി വ്യാസാദിമഹർഷിമാരാൽ വിരചിക്കപ്പെട്ട മഹാപുരാണങ്ങളും ഉപപുരാണങ്ങളും എല്ലാം

Digitised By Kerala Sahitya Akademi

ഐതിഹ്യംതന്നെ. ആ കഥാഭാഗങ്ങളേയും മറ്റും പ്രതിപാദ്യമായി എടുത്തു നിർദ്ദോഷങ്ങളും സദ്ഗുണാലങ്കാരങ്ങളുമായ ശബ്ദാർത്ഥങ്ങളെക്കൊണ്ടു രസജനകങ്ങളായി നിർമ്മിക്കപ്പെട്ടിരിക്കുന്ന കാവ്യങ്ങളുടെ ജീവൻ ഈ ഐതിഹ്യംതന്നെ. മുരുക്കിപ്പറയുന്നതായാൽ ബുദ്ധിവ്യവഹാരവിഷയങ്ങളായ വിദ്യാപ്രസ്ഥാനമെല്ലാംതന്നെ ഐതിഹ്യമാകുന്നു. ധർമ്മനിഷ്ഠയോടുകൂടി ജീവിച്ചിരുന്നവരും ഇരിക്കാവുന്നവരുമായവരുടെ ലോകയാത്രയേ ചിത്രീകരിക്കുന്ന ആഖ്യായികകളിൽ വാസ്തവമെന്നും കല്പിതമെന്നുമുള്ള ഭേദങ്ങൾ, വേദം മുതലായ വിദ്യാപ്രസ്ഥാനത്തിൽ, ഗണിക്കപ്പെട്ടിട്ടില്ല. കേവലം ലൌകികവും, കേവലം അലൌകികവും മിശ്രവുമായി കഥകൾ കാണപ്പെടുന്നു. മൂന്നിലും ഒരുപോലെ ലോകവ്യവഹാരസിദ്ധങ്ങളായ യുക്തിയും മറ്റും സുഘടിതമായിരിക്കുന്നില്ലെന്നു വിചാരിച്ച് അവ അന്ധവിശ്വാസത്തിന്റെ ഫലങ്ങളാണെന്ന് ആക്ഷേപിക്കുന്നതു വിദ്യാസമ്പ്രദായരചനയുടെ മുഖ്യോദ്ദേശ്യം ഗ്രഹിക്കാത്തതുകൊണ്ടാകുന്നു.

ഐതിഹ്യം അന്ധവിശ്വാസമയവും കെട്ടുകഥയുമാണെങ്കിൽ പ്രത്യക്ഷസിദ്ധങ്ങളായ ലോകവ്യവഹാരങ്ങൾ യഥാർത്ഥസംഭവങ്ങളാണോ എന്നു ചോദിക്കേണ്ടിയിരിക്കുന്നു. രക്തമാംസാദിമയമായ ശരീരം പ്രത്യക്ഷംതന്നെ. പുത്രകളത്രാദികൾ പ്രത്യക്ഷങ്ങളാണോ? അതു ബുദ്ധിഗോചരവും കല്പിതവുമായ ഭാവംതന്നെ. പാരമ്പര്യോപദേശംവഴിക്കുണ്ടായ കാരണകാര്യഭാവം മുതലായ സംബന്ധങ്ങളെ ആശ്രയിച്ചുള്ള ആവകവ്യവഹാരമെല്ലാം ഐതിഹ്യത്തിന്റെ വിഷയമാകുന്നു. പ്രാണികൾ, തന്നെയും ലോകത്തെയും സംബന്ധിച്ച് എന്തെല്ലാം ഗ്രഹിച്ചു വളരുന്നുവോ അതെല്ലാം വൃദ്ധപരമ്പരയെ അവലംബിച്ചവതരിച്ചിട്ടുള്ള ഐതിഹ്യപ്രവാഹം തന്നെയെന്നതിനു സംശയമില്ല. ഐതിഹ്യമെന്ന ഒരു ചിന്താമണി പ്രകാശമില്ലെങ്കിൽ "ഇദമന്ധം തമഃ കൃത്സ്നം ജായേത ഭുവനത്രയം" (ഈ മൂന്നു ലോകവും മുഴുക്കെ ക്രൂരിരുട്ടാകുമായിരുന്നു). മാതാവിന്റെ സ്തന്യം മുതലായതുകൊണ്ടു ദേഹവും ഐതിഹ്യദേവിയുടെ അനുഗ്രഹംകൊണ്ടു ദേഹിയും ക്രമത്തിൽ വളരുന്നു. ഐതിഹ്യഭാസ്കരസ്പർശം തന്നെയാണ് അന്തഃകരണ

Digitised By Kerala Sahitya Akademi

ത്തിന്റെ ജാഡ്യം നശിപ്പിക്കുന്നതു്. പരിപൂർണ്ണാനന്ദപ്രാപ്തി വരെ മനുഷ്യന്റെ മുമ്പിൽ ജ്ഞാനദീപം കൊളുത്തിപ്പിടിച്ചു നടക്കുന്ന ഈ കൃപാനിധിയെ സർവ്വോപരി സമാരാധിക്കേണ്ടതിനു പകരം അന്ധപരമ്പരാദോഷം ആരോപിച്ചുപേക്ഷിക്കുന്നവർ അജ്ഞാനാന്ധകൂപത്തിലേക്കു വീഴുകയാണു ചെയ്യുന്നതു്.

ഒരു ഔഷധത്തിന്റെ പേരും വിവരണവും ശാസ്ത്രത്തിൽനിന്നു ഗ്രഹിക്കാം. അതിന്റെ സ്വരൂപത്തെപ്പറ്റിക്കേട്ടറിഞ്ഞിട്ടുള്ളവർ പറഞ്ഞുകേട്ടറിയാം. തന്റെ കണ്ണിനു നേരേ നില്ക്കുന്ന ആ മരുന്നുചെടിയിൽ താൻ കേട്ടറിഞ്ഞിട്ടുള്ളതിന്റെ സാദൃശ്യമുണ്ടെന്നു ബുദ്ധിമാന്മാർ ധരിച്ചു എന്നും വരാം. അതു് ഇതുതന്നെയാണു് എന്നു വിശ്വസിക്കണമെങ്കിൽ വിശ്വസ്തനായ ഒരാളുടെ ഉപദേശം തന്നെ വേണം. ഇങ്ങിനെ പാരമ്പര്യേണ പറഞ്ഞു് പകർന്നു പരന്നു വന്നിട്ടുള്ള ആപ്തോപദേശത്തിന്മേൽ നിശ്ശങ്കം വിഹരിക്കുന്ന ഈ ലോകം ഐതിഹ്യത്തിൽനിന്നുണ്ടായി അതിൽ ജീവിച്ചു വളർന്നു് അതിൽത്തന്നെ ലയിച്ചുകൊണ്ടിരിക്കുന്നതായിക്കാണുന്നതുകൊണ്ടു് ഇതു സർവ്വജഗൽക്കാരണമായ ഈശ്വരസ്വരൂപമാണെന്നു പറയേണ്ടതാകുന്നു. ഈ ഐതിഹ്യത്തെയാണു ശാസ്ത്രങ്ങളിൽ ശബ്ദബ്രഹ്മമെന്നു പറയുന്നതു്. ഇതു സാമാന്യവും പരവുമായ ഐതിഹ്യത്തിന്റെ വിവരണമാകുന്നു. വിശേഷവും അപരവുമായ മറ്റൊരു രൂപം ഈ ഐതിഹ്യത്തിനുണ്ടു്. അവ ഈ ഐതിഹ്യമാലയിലും മറ്റും വർണ്ണിക്കപ്പെടുന്നതും നാട്ടിൽ പല വിഷയങ്ങളെപ്പറ്റിയും ജനങ്ങൾ വിശ്വസിച്ചു പറഞ്ഞുവരുന്നതുമായ പഴയകഥകൾ തന്നെ. ജ്ഞാനികൾ, വീരന്മാർ, സിദ്ധന്മാർ, ഭക്തന്മാർ മുതലായവരുടെ ചരിത്രങ്ങളെ ഉപാധിയാക്കിപ്പിടിച്ചു ജ്ഞാനവീഥികളുടെ മാഹാത്മ്യത്തെ ഗ്രഹിപ്പിക്കയും അവയിൽ ഔത്സുക്യമുണ്ടാക്കിത്തീർക്കുകയും ചെയ്യുന്ന ഈ പഴങ്കഥകൾ ലോകത്തിൽ എവിടെയുമുണ്ടു്. പരിഷ്കാരസൌധം കേറിയിരുന്നരുളുന്ന പാശ്ചാത്യദേശങ്ങളിലും അറിഞ്ഞും അറിയാതെയും അവിടെയുള്ളവരുടെ ജീവിതനാഡീമണ്ഡലത്തിൽ, ഈ ഐതിഹ്യവിദ്യുച്ഛക്തി ഒഴിയാത്ത അവകാശം ഉറപ്പിച്ചി

Digitised By Kerala Sahitya Akademi

ട്ടുണ്ട്. കാലദേശസ്ഥിതികളാൽ ഇതിന്റെ പ്രകാശം മങ്ങിയും മറഞ്ഞും ഇരിക്കുമെന്നുണ്ടെങ്കിലും പ്രപഞ്ചരംഗത്തിലെ നത്തകന്മാക്കു വേഷംകെട്ടാനായി പ്രകൃതിമഹാരാജ്ഞി സ്വന്തം കൈവശംവെച്ചു രക്ഷിക്കുന്ന ആ ദിവ്യമായ അണിയറയിൽ സൈരസഞ്ചാരത്തിന്നവകാശം കിട്ടുന്നതുവരെ ഐതിഹ്യത്തിന്റെ പ്രകാശത്തെ മനുഷ്യൻ ആദരിക്കുന്നു. ഓരോ ദേശകാലങ്ങളിൽ ജീവിച്ചിരുന്നവരുടെ അഭിരുചിയും വിചാരശക്തിയും വ്യവഹാരപ്രകാരങ്ങളും വിജ്ഞാനഗതികളും ഇന്നുള്ളവക്കറിവാനുപകരിക്കുന്ന ഉപായങ്ങളിൽ മുഖ്യമായ ഒരെണ്ണമാണ് ഐതിഹ്യകഥകൾ.

ഈ ഗ്രന്ഥത്തിൽ ആകെ പതിനൊന്നു വിഷയങ്ങളുണ്ട്. അവയിൽ അഞ്ചെണ്ണം ദേവന്മാരുടെയും ക്ഷേത്രങ്ങളുടെയും പ്രഭാവങ്ങളേ സംബന്ധിച്ചവയാകുന്നു. അതിൽ ചിറയ്ക്കാവിൽ ഭഗവതിയെപ്പറ്റിയുള്ള ഐതിഹ്യം ഇവിടെ ധാരാളം കേട്ടുകേൾവിയുള്ളതാണ്. ഗ്രന്ഥകർത്താവിന്റെ വക അതിശയോക്തിയോ അത്യുക്തിയോ ഈ ഗ്രന്ഥത്തിലില്ലെന്ന് അതുകൊണ്ടു നിർണ്ണയിക്കാം. ഭഗവതി യുദ്ധത്തിൽ കൊങ്ങൻപടയെ ജയിച്ചതായും സ്വപ്നത്തിലും ജാഗ്രത്തിലും പ്രത്യക്ഷമായി ക്ഷേത്രരക്ഷണത്തിൽ തനിക്കുള്ള അത്ഭുതശക്തിയേ പ്രദർശിപ്പിച്ചതായും ഇതിൽ വർണ്ണിച്ചിരിക്കുന്നു. രോഗനിവാരണത്തിൽ ദേവഭജനത്തിനു മഹത്വവും ഫലാധിക്യവുമുണ്ട് എന്നു് ഈ ഗ്രന്ഥത്തിലുള്ള 'തിരുവിഴാ മഹാദേവനും' അവിടത്തെ മരുന്നും', 'തകഴിയിൽ ശാസ്താവും അവിടത്തെ എണ്ണയും' വ്യക്തമാക്കുന്നുണ്ട്. കേരളത്തിൽ ജ്യോതിശ്ശാസ്ത്രവിദഗ്ധന്മാരായ അനുഗൃഹീതന്മാർ പണ്ടുണ്ടായിരുന്നതായും ഈശ്വരഭജനംകൊണ്ടു മൃത്യുജയംപോലും സാദ്ധ്യമാണെന്നും 'പാഴൂർ പെരുംതൃക്കോവിൽ' വെളിപ്പെടുത്തുന്നു. മന്ത്രവാദത്തിൽ പ്രസിദ്ധിയുള്ള കേരളീയസിദ്ധന്മാരുടെ നിദർശനങ്ങളിലൊന്നാണു യക്ഷിബന്ധനദക്ഷനായ കുമാരമംഗലത്തു നമ്പൂരിയുടെ കഥ. മനുഷ്യസാധാരണമായ വിവേകത്താൽ 'തിരുവട്ടാറാദികേശവൻ' എന്ന ജ്ഞാനജന്മാന്തരവാസനയാൽ ഉൽക്കർഷവും യാദൃച്ഛികപ്രാരബ്ധവശാൽ ഹീനജന്മവും സംഭവിക്കാമെന്നുള്ള യുക്തിസിദ്ധമായ അനുഭവത്തേ സ്മരിപ്പി

Digitised By Kerala Sahitya Akademi

ക്കുന്നു. അറയ്ക്കൽ രാജകുടുംബചരിത്രത്തിൽ ആക്കും അതിരണീയങ്ങളായ പ്രമേയങ്ങളാണുള്ളതു്. ജാതിമതാദിവ്യവഹാരത്താൽ പാപപുണ്യരൂപത്തിൽ ബുദ്ധിയിൽ പതിഞ്ഞുവശായ ആചാരങ്ങളെ വ്യതിലംഘിക്കാതെ ഭ്രഷ്ടതയെ സ്വയംവരിച്ചു സമാധാനത്തോടേ ജീവിക്കയാണു സുഖകരമെന്നു രാജകുമാരിയുടെ കഥകൊണ്ടു് ഇതിൽ വ്യക്തമാക്കിയിരിക്കുന്നു. ആ കാലത്തു സമുദായബന്ധവും പരസ്പരവിശ്വാസവും മതഭേദത്തിന്റെ ഔദ്ധത്യത്തെ അടക്കിത്താഴ്ത്തി വളർന്നിരുന്നു എന്നും ഹിന്ദുപുരോഹിതന്മാർ അവരുടെ അധികാരത്തെ സ്വാർത്ഥപരമായി പ്രയോഗിച്ചു പരാക്ഷേപത്തിനു പാത്രമായിത്തീരുന്നതു് ഇന്നത്തെ പുതിയ ഒരു ശാപമല്ലെന്നും മറവും 'അറയ്ക്കൽ ബീബി'യിൽ നിന്നു ഗ്രഹിക്കാവുന്നതാണു്. ഇങ്ങിനെ ഈ ഐതിഹ്യമാലയിൽ മുമ്പത്തെ ഭാഗങ്ങളിലത്തെപ്പോലെതന്നെ അസാധാരണാത്ഭുതകഥാസംബന്ധംകൂടാതെ ജിജ്ഞാസുക്കളെ ആകർഷിക്കുന്ന പല വിഷയങ്ങളുമുണ്ടെന്നുള്ളതു പറയേണ്ടതാകുന്നു.

ഇതിൽ വർണ്ണിക്കപ്പെട്ട 'മൂക്കോല'ക്ഷേത്രചരിത്രവും മറവും പ്രത്യക്ഷയുക്തിവിരുദ്ധമാണെന്നു കാണുന്നുണ്ടു്. ആദ്യം ഇവിടെ നിരൂപണംചെയ്ത ഐതിഹ്യസ്വരൂപതത്വം ഗ്രഹിക്കാതെ ഇതിനെ യുക്തിവിരുദ്ധവും അസത്യവുമാണെന്നു പറഞ്ഞാക്ഷേപിക്കുന്നവർ ഈ കാലത്തു വിശേഷിച്ചും അധികമായിട്ടുണ്ടു്. വിലപമംഗലത്തു സ്വാമിയാരും, ശങ്കരാചാര്യസ്വാമികളും അസാധാരണദിവ്യദർശനശക്തിയുള്ളവരും ശുദ്ധസങ്കല്പന്മാരുമാണെന്നു വിശ്വാസമുള്ളവർ അവർ കണ്ടതായിപ്പറയുന്ന ഈശ്വരതേജസ്സും മറവും യഥാർത്ഥസംഭവംതന്നെയെന്നു വിചാരിക്കുന്നു. വാസ്തവത്തിൽ ഇതെല്ലാം സാംപ്രദായികമായ അർത്ഥവാദമാകുന്നു. ഇതു് അന്ധവിശ്വാസമോ ഭ്രാന്തിയോ അല്ല. സാധാരണന്മാർക്കു ദേവഭജനശ്രദ്ധയും ഈശ്വരഭയവുമുണ്ടാക്കിത്തീർക്കുന്ന മാഹാത്മ്യം ക്ഷേത്രത്തിന്റെ ഉൽപത്തിക്കു മുമ്പും പിമ്പും അത്ഭുതമായി വർണ്ണിക്കയെന്നതു് അത്യാവശ്യമാകുന്നു. ക്ഷേത്രങ്ങളുടെ ഉൽപത്തി കേവലം പ്രഭുക്കളുടെ ഉൽകർഷപ്രദർശനത്തിൽനിന്നോ പുരോഹിതന്മാരുടെ സ്വാർത്ഥപ്രതിപത്തി

Digitised By Kerala Sahitya Akademi

യിൽനിന്നോ അങ്ങിനെയുള്ള രജസ്തമോഗുണാത്മകങ്ങളായ വല്ല സംഗതികളിൽനിന്നോ ആണെന്നു വരുന്നതു് അതിന്റെ പ്രതിഷ്ഠയ്ക്കും ഉദ്ദേശ്യത്തിന്നും ഉപകരിക്കുകയില്ല. നേരേമറിച്ചു് ഈശ്വരേച്ഛയാലും ആ ദേശത്തും ആ കാലത്തുമുള്ള ചില പുണ്യവാന്മാരുടെ സത്പ്രാണാതിരേകം നിമിത്തവും ആണു് ആ ക്ഷേത്രവും പ്രതിമയും മറ്റും ഉണ്ടായതെന്നും അസാധാരണ മാഹാത്മ്യങ്ങൾക്കു് ആ സ്ഥാപനം ഒരു മുഖ്യാശ്രയമാണെന്നും ജനങ്ങൾക്കു വിശ്വാസമുണ്ടാക്കിക്കൊണ്ടാണു് അവയുടെ ആവിർഭാവമെന്ന വരുന്നപക്ഷം ഉദ്ദിഷ്ടമായ പ്രയോജനം നിശ്ചിതവും സ്ഥിരവുമായിരിക്കുന്നതാണു്. അതുകൊണ്ടു ക്ഷേത്രപ്രതിഷ്ഠാസമ്പ്രദായജ്ഞന്മാക്കു് ഇതിൽ വിസംവാദമുണ്ടാകാറില്ല. വിവേകവൈരാഗ്യാദികളും ചിത്തശുദ്ധിയുമുണ്ടായിട്ടില്ലാത്ത സാധാരണന്മാക്കു് അതുണ്ടാക്കുന്നതിന്നുള്ള മാർഗ്ഗങ്ങളിൽ വെച്ചു ചോട്ടിലുള്ള ഒരു ഉപായമാണു ക്ഷേത്രവും മറ്റും എന്നുള്ളതുകൊണ്ടു് ഇതിന്റെ ഐതിഹ്യം പാരമാർത്ഥികമോ യെന്നു് ആലോചിക്കുന്നതുതന്നെ അനാവശ്യമാണു്. പാരമ്പര്യോപദേശത്തിൽ അതിന്റെ സ്വരൂപവും ഭക്തന്മാരുടെ അനുഭവത്തിൽ അതിന്റെ പ്രയോജനവും തെളിഞ്ഞുകാണുന്നതു നിമിത്തം അതു വ്യവഹാരത്താൽ സത്യമായിത്തീർന്നിരിക്കയാണെന്നു വരുന്നുണ്ടു്. ആ കാലദേശങ്ങളിലുള്ള സാത്വികസങ്കൽപത്തിൽ ദേവനേ പ്രതിഷ്ഠിച്ചതിന്നു ശേഷമാണു പണ്ടുള്ളവർ അവിടെ ക്ഷേത്രനിർമ്മാണത്തിന്നാരംഭിച്ചിട്ടുള്ളതു്. ആവിധമുള്ള ഭാവനാശുദ്ധമായ പരിതസ്ഥിതിയിൽ സ്ഥാപിതമായാലല്ലാതെ ക്ഷേത്രത്തിലും മൂർത്തിയിലും ഈശ്വരസാന്നിദ്ധ്യമുണ്ടെന്നുള്ള നിശ്ശങ്കമായ സങ്കല്പദാർഢ്യത്തെ സാധാരണന്മാരുടെ ബുദ്ധിയിൽ ജനിപ്പിക്കാൻ പ്രയാസമാകുന്നു. തന്ത്രശാസ്ത്രത്തിൽത്തന്നെ ഈമാതിരി ഐതിഹ്യങ്ങളുടെ ആവശ്യകതയെപ്പറ്റിയ സൂചനയുണ്ടായിരിക്കാമെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഏതായാലും സർവ്വവ്യാപിയായ ഈശ്വരശക്തിയോടു സംബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ആഖ്യായിക ഈ സ്ഥാപനങ്ങൾക്കു ദൂഷണമല്ല ഭ്രൂഷണംതന്നെ. ഇതു് ഒരു വഞ്ചനയാണെന്നു വിചാരിക്കുന്ന പക്ഷത്തിൽ പഞ്ചസാരയിൽ പൊതിഞ്ഞു മരുന്നു കൊടുക്കുന്നതും ഭയപ്പെടുത്തി ആപത്തിൽ

Digitised By Kerala Sahitya Akademi

നിന്ന വേർപെടുത്തുന്നതും വഞ്ചനയാണെന്ന സമ്മതിക്കേണ്ടി വരും. ഈ പ്രവൃത്തിയുടെ നല്ല ഫലം അനുഭവിക്കുന്നവർ വഞ്ചിക്കപ്പെട്ടവരാകുന്നു. വഞ്ചനകത്താവിന്റെ സ്വാർത്ഥ ലാഭം ഇതിന്റെ ഉദ്ദേശ്യമല്ലാത്തതുകൊണ്ട് ഇതൊരു പാപ കർമ്മമല്ല. ഇങ്ങിനെ സൂക്ഷ്മം വിചാരിച്ചാൽ ഈശ്വരഭജനത്തിൽ വിഗ്രഹാരാധനം ഒരു ഉപായംതന്നെയെന്ന ചിന്തിച്ചറിഞ്ഞിട്ടുള്ളവർ ഈ അമാനുഷകഥകളെ അസംബന്ധ പ്രലാപങ്ങളായോ മറ്റോ വീക്ഷിക്കയില്ല. ഓരോ കാരണങ്ങളാൽ ആപത്തിൽ കുടുങ്ങിയവർ, "ഈശ്വരാ!" എന്നു താനറിയാതെ പറഞ്ഞുപോകുന്ന ആ ഭയനീയാവസ്ഥയിൽ, ഈ ഐതിഹ്യത്തിന്റെ പ്രഭാവം സത്യമായി ഉപകരിക്കുന്നു. ചില ഐതിഹ്യങ്ങൾ ഭയങ്കരങ്ങളായിരിക്കുന്നു. അതു ചോരഭയം, സർപ്പഭയം മുതലായതുപോലെ ദുഃഖരൂപമല്ല. അവ തമ്മിൽ സ്വരൂപംകൊണ്ടും ഫലംകൊണ്ടും വ്യത്യസ്തങ്ങളാണ്. രാജദണ്ഡത്തെ ഭയപ്പെടുന്ന മനുഷ്യൻ കാമക്രോധാദിവേഗങ്ങളെ വെളിവിൽ കൊണ്ടുവരാതിരിക്കുന്നതുപോലെ ഈശ്വരഭയം നിമിത്തം അവയെ ബുദ്ധിയിൽ പ്രവേശിക്കാനവകാശം കൊടുക്കാതെ കഴിച്ചുകൂട്ടുന്നു. ബാഹ്യേന്ദ്രിയനിഗ്രഹം ലോകത്തിൽ സുഖജീവിതത്തിനുപയുക്തമായിരിക്കുന്നതുപോലെ തന്നെ അന്തഃകരണശുദ്ധി ആശ്വാസത്തിനു സാധകമാകുന്നു. ഇതിന്റെ ഫലം പരമശാന്തിയും ധൈര്യവും സ്വാതന്ത്ര്യവുമാകയാൽ ഈശ്വരഭയം ഒരു അഭയസ്ഥാനമാണെന്നു പറയേണ്ടതാണ്. ഏതുവിധത്തിലും ഈ ഭയത്തെ ലോകത്തിൽ നിലനിർത്തണമെന്നുള്ളതു് ഒരു സാമാന്യധർമ്മമാകുന്നു. ഇതിനു നേരിട്ടുള്ള വഴി ഈശ്വരന്റെ അദ്ഭുത കഥാവർണ്ണനവും ഈശ്വരഭക്തന്മാരുടെ അസാധാരണ ചരിത്ര പ്രശംസയും മറ്റുമാണ്. ഈശ്വരന്റെ സാമാന്യരൂപത്തിൽ തത്വജ്ഞന്മാർ സ്വതന്ത്രമായി രമിക്കുന്നു എങ്കിൽ ഈശ്വരന്റെ വിശേഷരൂപത്തിൽ—പ്രതിമാ, ക്ഷേത്രം മുതലായ ഉപാധികളിൽ—അനഭിജ്ഞന്മാർ പോലും ഭയഭക്തികളോടുകൂടി താൽപര്യപ്പെടുന്നു. അദ്ഭുതസംഭവങ്ങളെക്കൊണ്ടു മാഹാത്മ്യാതിശയം പ്രസിദ്ധമായ്ത്തീർന്നിട്ടുള്ള ക്ഷേത്രങ്ങളേയും മറ്റും സംബന്ധിച്ചു് ആസ്തികന്മാർക്കുള്ള ആദരവും

Digitised By Kerala Sahitya Akademi

ആശ്വാസവും അനുഭവസിദ്ധമാകയാൽ ഐതിഹ്യത്തിന്റെ ഉപയോഗം യുക്തിവാദത്തിനു ഗോചരമല്ലാതിരിക്കുന്ന ഒരു തത്വമാണെന്നു നിഷ്കൃഷ്ടത്തിൽ വ്യക്തമാകുന്നുണ്ട്.

ക്ഷേത്രസമ്പ്രദായങ്ങളും മറ്റും സമുദായക്ഷേമത്തിനു് ആധാരകരങ്ങളായ സ്ഥാപനങ്ങളാണെന്നു നിശ്ചയിച്ചു ക്ഷേത്രാധികരണപ്രസ്ഥാനത്തിൽ വിദ്വാന്മാർപോലും സന്നദ്ധന്മാരായിത്തുടങ്ങീട്ടുള്ള ഇക്കാലത്തു് അനേകം ക്ഷേത്രങ്ങളുടെ ഐതിഹ്യങ്ങളെപ്പറ്റി അധികമായി വർണ്ണിച്ചിട്ടുള്ള ഈ ഐതിഹ്യമാലയുടെ അവതരണം ക്ഷേത്രസമ്പ്രദായശ്രദ്ധയുള്ള ജനങ്ങൾക്കു സന്തോഷവും ദേവവൈരികളായ ബിംബോദ്ധരണസന്നദ്ധന്മാർക്കു വൈരസ്യകരവുമാകുന്നു. ഈ അവതാരത്തെ അർത്ഥാപനം ചെയ്യുന്നതിനായി ഇവിടെ ഐതിഹ്യത്തെപ്പറ്റി മേൽപ്പറഞ്ഞ വിധം സംക്ഷിപ്തമായ ഒരു നിരൂപണം ചെയ്തതു് അപ്രകൃതവും നിഷ്ഫലവുമായി വിചാരിക്കപ്പെടുകയില്ലെന്നു വിശ്വസിക്കുന്നു.

ഗ്രന്ഥകർത്താവായ കവിതിലകൻ ശ്രീമാൻ കൊട്ടാരത്തിൽ ശങ്കുണ്ണിഅവർകളെ ഈ ഘട്ടത്തിൽ ഞാൻ ആദരപൂർവ്വം അഭിനന്ദിക്കുന്നു. ജനോപകാരാർത്ഥം വളരെ ഗ്രന്ഥങ്ങളെഴുതി, ഭാഷാസാഹിത്യപോഷകന്മാരുടെ പ്രഥമശ്രേണിയിൽ, ഒരു നല്ല കവിവൃദ്ധന്റെ നിലയിൽ, പ്രകാശിക്കുന്ന അദ്ദേഹത്തിന്റെ സുവിദിതമായ യശസ്സും ഈ ഗ്രന്ഥത്തിലുള്ള സരളഭാഷാശൈലിയും വിഷയപ്രതിപാദനമാധുര്യവും പരസ്പരം ഇണങ്ങിച്ചേർന്നുണ്ടായ ആസ്വാദ്യത നിമിത്തം ഈ ഐതിഹ്യമാല കൈരളീഭഗവതിക്കു ശോഭനമായ ഒരാഭരണമായിരിക്കുന്നു.

മനുഷ്യലോകത്തിൽ അർദ്ധാംഗഭ്രമമായ സ്ത്രീസമുദായം യഥാർത്ഥത്തിൽ പ്രബലവും കായ്ക്ഷമവുമാണെന്നിരിക്കിലും അങ്ങിനെയല്ലെന്നു പൂർവ്വന്മാരുടെ വ്യവഹാരങ്ങളാൽ അറിയപ്പെട്ടിരുന്നു. ആ അംഗം ഇതരാംഗത്തിനു് ഒഴിച്ചുകൂടാത്ത അവലംബവും അനേകം അത്ഭുതസംഭവങ്ങൾക്കാശ്രയവുമാണെന്നിരിക്കിലും ഗൂഢവും സൂക്ഷ്മവുമായ അതിന്റെ പ്രഭാവം എങ്ങിനെയൊ ആവൃതമെന്നപോലെ പ്രകാശരഹിതമായി

Digitised By Kerala Sahitya Akademi

രുന്നു. എന്നാൽ അടുത്തകാലത്തു സമുദായക്ഷേമകാംക്ഷികളായ മാന്യന്മാരുടെ സ്ഥിരപരിശ്രമം നിമിത്തം കേരളസ്ത്രീലോകത്തിന്നു ബലവും പുഷ്ടിയും സംസ്കാരവും പരിഷ്കാരവും പറയത്തക്കവണ്ണം പ്രകടമായി വർദ്ധിച്ചിട്ടുണ്ടു്. 'ലക്ഷ്മീഭായി' പ്രവർത്തകനായ ശ്രീമാൻ വെള്ളായ്ക്കൽ നാരായണമേനോൻ ആ മാന്യസംഘത്തിൽ പ്രഥമശ്രേണിയെ അർഹിക്കുന്നു. ഇദ്ദേഹം ഐതിഹ്യമാലയുടെ പ്രസാധനകാര്യത്തിൽ ഏറ്റവും അർഹനാണെന്നു് ആലോചനയിൽ വ്യക്തമാകുന്നുണ്ടു് ഐതിഹ്യം സംസാരത്തിന്റെ അൽാംഗമാകുന്നു. ഇതിന്റെ അവലംബം ഭൌതികപ്രപഞ്ചത്തിന്നൊഴിച്ചുകൂടാത്തതാണു്; അധഃകൃതവും അബലവുമെന്ന നിലയിൽ ഒരു അപചയശങ്കയ്ക്കു ഇതിന്നുമുണ്ടു്. യഥാർത്ഥമായ ഐതിഹ്യപ്രഭാവത്തെ ഈ നിലയിൽനിന്നു് ഇന്നത്തെ ലോകദൃഷ്ടിയിൽ ശ്ലാഘ്യമായ പരിഷ്കരണത്തോടുകൂടി പ്രകാശിപ്പിക്കുന്നതിന്നായി ഇങ്ങിനെ ഉദ്യമിച്ച ശ്രീമാൻ വി. നാരായണമേനോനെ ഞാൻ അഭിനന്ദിക്കുന്നു.

വടവന്നൂർ
൧൦-൯-൧൮

വടക്കേപ്പാട്ടു നാരായണൻനായർ.

—(o)—

Digitised By Kerala Sahitya Akademi

പ്രസ്താവന



ഐതിഹ്യങ്ങളം ശേഖരിക്കുന്നതിലും മറ്റും എനിക്ക ബന്ധുമിത്രങ്ങളുടെ സഹായം യഥാപൂർവ്വം വേണ്ടതുപോലെ ഇപ്പോഴും ഉണ്ടായിട്ടുണ്ടെങ്കിലും പ്രായാധിക്യം നിമിത്തം ദേഹത്തിനു വന്നുകൂടിയിരിക്കുന്ന ക്ഷീണവും അസ്വാസ്ഥ്യങ്ങളുംകൊണ്ടു ലേഖനങ്ങളം എഴുതിത്തീർക്കുന്ന കായ്യം ഏറ്റവും ദുഷ്കരമായിരിക്കുന്നു എന്നും അതിനാൽ എട്ടാം ഭാഗത്തിന്റെ കായ്യം സംശയഗ്രസ്തമായിട്ടാണിരിക്കുന്നതെന്നും ഏഴാംഭാഗത്തിന്റെ പ്രസ്താവനയിൽത്തന്നെ ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നു. കൊല്ലം ൧൧൦൨-ലാണല്ലോ ആ ഭാഗം പ്രസിദ്ധപ്പെടുത്തിയതു്. അതു കഴിഞ്ഞിട്ടിപ്പോൾ രണ്ടു കൊല്ലം കൂടിയായിരിക്കുന്നു. അതിനാൽ ഈ എട്ടാംഭാഗത്തിലേയ്ക്കുള്ള ഉപന്യാസങ്ങളം ഞാൻ എഴുതിത്തീർത്തതു പൂർവ്വാധികം പ്രയാസപ്പെട്ടാണെന്നുള്ള വസ്തുത വിശേഷിച്ചു പറയണമെന്നില്ലല്ലൊ. ഈ ഭാഗത്തിലേയ്ക്കു വേണ്ടുന്ന സംഗതികം ശേഖരിച്ചുതന്നതും മേല്പറഞ്ഞ ബന്ധുമിത്രങ്ങളംതന്നെയാണെന്നുള്ള പരമാർത്ഥം കൃതജ്ഞതാപൂർവ്വം ഇപ്പോഴും പ്രസ്താവിച്ചുകൊള്ളുന്നു. ഈ ഭാഗത്തിന്റെ കായ്യം സർവ്വേശ്വരങ്കൽ സമർപ്പിച്ചുകൊണ്ടാണു ഞാൻ ഏഴാം ഭാഗത്തിന്റെ പ്രസ്താവന അവസാനിപ്പിച്ചതു്. ഈ എൺപതാമത്തെ വയസ്സിൽ എന്നെക്കൊണ്ടു് ഇതു നിർവ്വഹിപ്പിച്ച ആ ജഗന്നിയന്താവിനെ മനസാ, വാചാ, കർമ്മണാ നമസ്കരിച്ചുകൊണ്ടു് ഈ പ്രസ്താവനയും സമാപിപ്പിച്ചുകൊള്ളുന്നു എന്നല്ലാതെ ഇതിലധികമൊന്നും എഴുതാൻ ഞാനിപ്പോൾ ശക്തനല്ല.

കോട്ടയം,
൧-൯-൧൧൦൩. }

എന്നു്, ഗ്രന്ഥകർത്താ,
കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.

———(o)———

Digitised By Kerala Sahitya Akademi

മുഖവുര

ഐതിഹ്യമാലയുടെ എട്ടാം ഭാഗം എഴുതിത്തീർന്നതും ഗ്രന്ഥകർത്താവിന് എൺപതുവയസ്സു പൂർത്തിയായതും ഒരേ വർഷത്തിലാണല്ലോ. സേതുബന്ധനത്തിനു് അണ്ണാക്കണ്ണൻ ചെയ്തതിലധികമായൊരു സഹായം ചെയ്വാൻ പ്രസാധകനു പ്രാപ്തിയോ ശക്തിയോ ഇല്ല. എന്നാൽ അല്പങ്ങളായ സഹായങ്ങളെ പർവതീകരിച്ചു പ്രസ്താവിക്കുന്നതു പണ്ഡിതന്മാരുടെ പതിവാകയാൽ വിശേഷിച്ചൊന്നും ഇവിടെ പറവാൻ വിചാരിക്കുന്നില്ല.

"വാല്മീകേ മുനിവൃത്തീനാം" എന്ന ആപ്തവാക്യം ഗ്രന്ഥകാരൻ പഠിക്കാഞ്ഞിട്ടോ പഠിപ്പിക്കാഞ്ഞിട്ടോ അങ്ങിനെ പ്രവർത്തിക്കുന്നതിൽ അരോചകം തോന്നിയിട്ടോ അടിയും കാലും പിടിച്ചു നാലു കാശു സമ്പാദിക്കാമെന്നുവെച്ചിട്ടോ അതുകൊണ്ടു വലിയ ആവശ്യമുണ്ടായിട്ടോ അല്ല പ്രസാധകന്റെ ആദരവോടുകൂടിയ അപേക്ഷകൊണ്ടും അലട്ടുകൊണ്ടും ഭാഷാപോഷണത്തിൽ സഹജമായിട്ടുള്ള താൽപര്യംകൊണ്ടും സർവോപരി കേരളകാളിദാസനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ പ്രാണപ്രേയസിയുടെ തിരുനാമധേയത്തിൽ നടത്തപ്പെടുന്ന 'ലക്ഷ്മീഭായി' മാസികയോടുള്ള അനുകമ്പാധിക്യംകൊണ്ടുമാണു് ഇങ്ങിനെ പ്രവർത്തിച്ചുപോരുന്നതെന്ന വാസ്തവാവസ്ഥ വായനക്കാരിൽ പലരും ധരിച്ചിരിക്കാൻ വഴിയില്ലെന്നു വിചാരിച്ചാണു് ഇവിടെ തുറന്നു പറയേണ്ടിവന്നതു്. വാല്മീകൃത്തിൽ തുരുജനങ്ങളെ ശുശ്രൂഷിച്ചു് അവർക്കു വിശ്രമം നല്കാതെ അവരെ പരിശ്രമത്തിനു വിധേയരാക്കുന്നതു പാപകരമാണെങ്കിൽ അതിൽ ഭാഗഭാക്കുകളാകാൻ ഭാഗധേയനിധികളായ ഭാഷാഭിമാനികൾ ധാരാളമുണ്ടായിരിക്കുമെന്ന ഭാഗമാണു പ്രസാധകനു് ആശ്വാസകരമായിട്ടുള്ളതു്. ഐതിഹ്യമാലയുടെ ആരംഭംമുതല്ക്കുതന്നെ അതിനു ചില ചിട്ടകളും വടങ്ങുകളും നിശ്ചയിച്ചുവെച്ചിട്ടുള്ളതു് ഈ എട്ടാം

Digitised By Kerala Sahitya Akademi

ഭാഗത്തിലും അഭംഗുരമായി നിർവ്വഹിക്കാൻ സാധിച്ച സംഗതി തന്നെ ഗ്രന്ഥകത്താവിന്റെ ഗവേഷണശക്തിക്കൊരു വിശേഷോദാഹരണമാണു്. പരാശക്തിയുടെ വരപ്രസാദത്താൽ ശരീരാസ്വാസ്ഥ്യങ്ങളൊന്നും കൂടാതെ ആയുരാരോഗ്യത്തോടുകൂടി ഭാരതയുദ്ധത്തിലെ ശ്രീഹനുമാനെപ്പോലെ ചിരകാലം വാഴുന്നതിനുള്ള യോഗം ഈ ഐതിഹ്യമാലാകത്താവിനു കൈവരുമെന്നതിനുമായാണു പ്രസാധകന്റെ ഉത്തമ വിശ്വാസം.

സ്വതന്ത്രസ്വതന്ത്രനും കുശാഗ്രബുദ്ധിയും വൈദ്യവിദ്യാവിശാരദനും ഭാഷാഭിമാനിയുമായ ശ്രീമാൻ വടക്കേപ്പാട്ടു നാരായണൻനായരവർകളുടെ സരസവും സാരസമ്പൂർണ്ണവുമായ അവതാരിക ഈ പുസ്തകത്തിനു് അത്ഭുതപൂർവ്വമായ ഒരു ഉൽക്കർഷം ജനിപ്പിച്ചിരിക്കുന്നതിനാൽ ആ മാന്യനോടും പതിവുപോലെ ഇതിന്റെ മാനസ്വീകരണത്തിനു ലക്ഷ്മീഭായി മാസികയെ അഥ്മാക്കിയ ഗ്രന്ഥകത്താ കവിതിലകൻ ശ്രീമാൻ കൊട്ടാരത്തിൽ ശങ്കുണ്ണിഅവർകളോടും ഉള്ള കൃതജ്ഞത വാഗ്രൂപേണ പ്രസ്താവിക്കാൻ പ്രസാധകൻ പരാധീനനാകയാൽ ആ ഭാരം വായനക്കാരിൽ വിനയപൂർവ്വം സമർപ്പിച്ചു കൊള്ളുന്നു.

ലക്ഷ്മീഭായി ആഫീസ്,
തൃശ്ശിവപേരൂർ,
൧൯൨൦ തുലാം ൫.

എന്നു്,
വെള്ളായ്ക്കൽ നാരായണമേനോൻ
പ്രസാധകൻ.

—(*)—

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi



കവിതിലകൻ കൊച്ചാരത്തിപ്പ് രാമുണ്ണി ഭാഷവർകൾ.

Digitised By Kerala Sahitya Akademi

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി

പുരാതനകാലങ്ങളിൽ ജീവചരിത്രമെഴുതുക എന്നതു വളരെ ചുരുക്കമായിരുന്നുവല്ലൊ. അതിന്റെ കാരണം ഓരോ കാലങ്ങളിൽ ഉണ്ടായിരുന്ന മഹാന്മാർ എല്ലാവരും എല്ലാംകൊണ്ടും ഏകദേശം തുല്യകക്ഷ്യന്മാരായിരുന്നതിനാൽ അന്യോന്യം അധികബഹുമാനത്തിന് ഇടയില്ലാതെയിരുന്നതോ, അഥവാ പരസ്പരമുണ്ടായിരുന്ന മത്സരമോ അസൂയയോ ആയിരിക്കാം. തങ്ങളുടെ ജീവചരിത്രം തങ്ങൾതന്നെ എഴുതുകയെന്നുള്ളതു് അവക്കു ലജ്ജാവഹമായിരുന്നതിനാലായിരിക്കാം അവർ അങ്ങിനെയും ചെയ്യാതെയിരുന്നിട്ടുള്ളതെന്നു തോന്നുന്നു.

എല്ലാ അവസ്ഥയിലും കുറഞ്ഞവരായ അർവാചീനന്മാക്കാണു പൂർവമഹാന്മാരുടെ ജീവചരിത്രം അറിയണ്മെന്നുള്ള ആഗ്രഹമുണ്ടാകുന്നതു്. അപ്പോൾ അതിനു തക്കതായ യാതൊരു ലക്ഷ്യവും ഇല്ലാതിരുന്നാൽ അവക്കുണ്ടാകുന്ന ഇച്ഛാഭംഗം എത്രമാത്രമായിരിക്കുമെന്നുള്ളതു് ഇപ്പോഴുള്ള ചരിത്രവായനക്കാക്കു് എല്ലാവക്കും അറിയാവുന്നതാണല്ലൊ.

ചെറുപ്പകാലം മുതൽ ഒരുമിച്ചു കളിക്കുകയും പഠിക്കുകയും മറ്റും ചെയ്തു വളർന്നുവന്ന എനിക്കു പൂർവകവികളെക്കുറിച്ചുള്ളതുപോലെ ഒരു ബഹുമാനം ശങ്കുണ്ണിഅവർകളെക്കുറിച്ചു തോന്നുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ നല്ല നല്ല പ്രബന്ധങ്ങൾ കാണുമ്പോൾ അവയിൽ അദ്ദേഹത്തിന്റെ ഒരു ജീവചരിത്രംകൂടി ചേർത്തിരുന്നുവെങ്കിൽ ഭാവികാലങ്ങളിലുണ്ടാകുന്നവക്കു് അതു തൃപ്തികരവും സന്തോഷാവഹവുമായിരിക്കും എന്നും ശങ്കുണ്ണിഅവർകളുടെ ജീവചരിത്രം എഴുതുന്നതിനു് എല്ലാംകൊണ്ടും ഇക്കാലത്തുള്ളവരിൽ യോഗ്യൻ ഞാൻതന്നെയാണെന്നും തോന്നാറുണ്ടായിരുന്നു. മറ്റാരുടേയും വിഷയത്തിൽ എനിക്കിങ്ങിനെ തോന്നീട്ടില്ലാത്തതിനാൽ എന്റെ ഈ വിചാരം ശങ്കുണ്ണിഅവർകളുമായ്
ല്യം മുതൽ ഇതുവരെയുള്ള സഹവാസം നിമിത്തം
ച്ചിട്ടുള്ള ദൃഢപരിചയംകൊണ്ടുണ്ടായിട്ടുള്ളതല്ലാതെ

Digitised By Kerala Sahitya Akademi

മെഴുതുന്നതിന് എനിക്കുള്ള വൈദഗ്ധ്യാഭിമാനംകൊണ്ടാ ണെന്നു ഞാൻ വിചാരിക്കുന്നില്ല.

ശങ്കുണ്ണി അവർകളുടെ ജീവചരിത്രം ഒന്നെഴുതേണ്ടതാ ണെന്നും, അതു ഞാൻതന്നെ വേണ്ടതാണെന്നുമുള്ള വിചാരം എന്റെ മനസ്സിൽ അങ്കുരിച്ചു വളർന്നുതുടങ്ങീട്ടു വളരെക്കാ ലമായെങ്കിലും ഇതുവരെ ഈ സംഗതിയെപ്പറ്റി ഞാൻ ആരോടും പറഞ്ഞിട്ടില്ല. ഇപ്പോൾ ഇതൊന്നും അറിയാതെ 'ലക്ഷ്മീഭായി' എന്ന മാസികയുടെ മാനേജരും പത്രാധിപരു മായ വെള്ളായ്ക്കൽ നാരായണമേനോനവർകൾ ചെയ്ത പ്രേ രണ എന്റെ മനോരഥത്തെ സഫലീകരിക്കാൻ കാരണ മായിത്തീർന്നതിനാൽ എനിക്ക് അദ്ദേഹത്തിന്റെ പേരിലു ണ്ടായിരിക്കുന്ന കൃതജ്ഞത സീമാതീതമായിരിക്കുന്നു എന്നുള്ള വാസ്തവം കൂടി പ്രസ്താവിച്ചുകൊണ്ടു പ്രകൃതത്തിലേയ്ക്കു പ്രവേ ശിക്കുന്നു.

ശങ്കുണ്ണി അവർകളുടെ കുടുംബം വളരെ പുരാതനവും, കരയിൽ ഗുരുസ്ഥാനവും മന്ത്രവാദവുംകൊണ്ട് അത്യന്തം പ്രസിദ്ധവുമായിട്ടുള്ളതാകുന്നു. അഖിലശാസ്ത്രപാരാവാരപാ രംഗതനും അതിമാനുഷനും 'പൂരാടംതിരുനാൾ' എന്ന പ്രസി ദ്ധനമായിരുന്ന അമ്പലപ്പുഴരാജാവിന്റെ കാലത്ത് ഈ കുടും ബക്കാർ മന്ത്രവാദവിഷയത്തിലും മറ്റും അദ്ദേഹത്തിന്റെ പ്രീതിബഹുമാനങ്ങൾക്കു പാത്രീഭവിച്ചിട്ടുണ്ടെന്നുള്ള തെളി വ്യംതന്നെ ഈ കുടുംബത്തിന്റെ പുരാതനതാടികളേ സൂചി പ്പിക്കുന്നുണ്ട്.

ശങ്കുണ്ണി അവർകളുടെ പിതാവായ വാസുദേവൻഉണ്ണി അവർകൾ കുലക്രമാഗതമായ മന്ത്രവാദത്തിലെന്നപോലെ തന്നേ സംഗീതം, കരകൌശലം മുതലായ കലാവിദ്യകളിലും അതിസമർത്ഥനും നല്ല കായ്യസ്ഥനുമായിരുന്നതിനാൽ ഏതദ്ദേ ശ്യരായ ഒട്ടെല്ലാവരുംതന്നെ അവരുടെ കുടുംബസംബന്ധങ്ങ ളായും സക്കാർസംബന്ധങ്ങളായുമുള്ള സകല കായ്യങ്ങളിലും അദ്ദേഹത്തിന്റെ ഉപദേശങ്ങളേയും സഹായങ്ങളേയും എല്ലാ യ്പോഴും അപേക്ഷിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ദ്വി തീയപുത്രനാണ് ഈ ശങ്കുണ്ണി അവർകൾ.

Digitised By Kerala Sahitya Akademi

ശങ്കുണ്ണി അവർകളുടെ സാക്ഷാൽ നാമധേയം 'വാസുദേവൻ' എന്നാണ്. അച്ഛന്റെ പേരും അതുതന്നെ ആയിരുന്നതിനാൽ അമ്മ ശൈശവത്തിൽ ഇദ്ദേഹത്തെ 'തങ്കം' എന്നു വിളിച്ചുവന്നു. കാലക്രമേണ ആ ഓമനപ്പേരു 'തങ്കു' എന്നായിത്തീർന്നു. ഈ പേരിനു് അർത്ഥമൊന്നുമില്ലല്ലൊ എന്നു വിചാരിച്ചു പിന്നീടു 'ശങ്കു' എന്നു വിളിച്ചുവരികയും അതോടുകൂടി ജാതിപ്പേരായ 'ഉണ്ണി' എന്നു കൂട്ടിച്ചേർത്തു് എല്ലാവരുംകൂടി 'ശങ്കുണ്ണി' എന്നു പറഞ്ഞുതുടങ്ങുകയും ആ പേരു നടപ്പായിത്തീരുകയും ചെയ്തു. ശങ്കുണ്ണി അവർകൾക്കു് ഒരു ജ്യേഷ്ഠനും ഒരനുജനും എല്ലാപേരിലും ഇളയവരായി രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു.

ശങ്കുണ്ണി അവർകളുടെ ജനനം കൊല്ലവർഷം ൧൦൨൦ാമാണ്ടു മീനമാസം ൨൨-ാംനു- വിശാഖം നക്ഷത്രത്തിൽ കൊട്ടയത്തു സ്വഭവനമായ കൊട്ടാരത്തിൽത്തന്നെ ആയിരുന്നു. ഇദ്ദേഹം ചെറുപ്പത്തിൽ നല്ല സാമർത്ഥ്യവും ചുണയുമുള്ള ആളായിരുന്നുവെങ്കിലും വിദ്യാഭ്യാസവിഷയത്തിൽ വലിയ മടിയനായിരുന്നു. അച്ഛന്റെ നിർബ്ബന്ധം നിമിത്തം ഇദ്ദേഹം ൬ വയസ്സുമുതൽ ൧൦ വയസ്സുവരെ ചില ആശാന്മാരുടെ (എഴുത്തച്ഛന്മാരുടെ) അടുക്കൽ പഠിക്കാൻ പോയിക്കൊണ്ടിരുന്നു. അതുതന്നെ മനസ്സോടും സന്തോഷത്തോടുംകൂടി അല്ലാതിരുന്നതിനാൽ അത്രയും കാലംകൊണ്ടു മലയാളം കഷ്ടിച്ചു വായിക്കാനും എഴുതാനും വശമായതല്ലാതെ ഗ്രന്ഥങ്ങളിലൊന്നും പഠിക്കാൻ ഇദ്ദേഹത്തിനിടയായില്ല. പാഠശാലകളിൽ ചേർന്നു പഠിക്കയെന്നുള്ളതു് ഇദ്ദേഹം ഉണ്ടായിട്ടില്ലെന്നുമാത്രമല്ല, പത്തു വയസ്സു തികഞ്ഞതിനോടുകൂടി ആശാന്മാരുടെ അടുക്കൽ പോയിയുള്ള പഠിത്തം മതിയാക്കുകയും ചെയ്തു. അതിന്റെ ശേഷം ൧൫ വയസ്സു കഴിയുന്നതുവരെ ഇദ്ദേഹം കേവലം മൃഗപ്രായമായി കാലക്ഷേപം ചെയ്തതേയുള്ളൂ. ഏകദേശം ൧൫ വയസ്സായപ്പോൾ തന്റെ സമപ്രായന്മാരായ ചിലർ പഠിക്കാൻ പോകുന്നതു കാണുകയും പഠിത്തത്തിന്റെ ഫലത്തെക്കുറിച്ചുള്ള ബഹുമാനം തോന്നുകയും അപ്പോൾ തന്റെ അനഭിജ്ഞതയെപ്പറ്റി ഇദ്ദേഹത്തിനു

Digitised By Kerala Sahitya Akademi

പശ്ചാത്താപം ഉണ്ടാവുകയും, തനിക്കും വല്ലതും പഠിച്ചാൽ കൊള്ളാമെന്നുള്ള ഒരാഗ്രഹം സ്വയമേവ ഇദ്ദേഹത്തിന്റെ മനസ്സിൽ അങ്കുരിക്കുകയും ചെയ്തു.

അതിന്റെ ശേഷം മഹാവിദ്വാനായിരുന്ന 'മേണർകാട്ട ശങ്കുവായ്പ്പർ' (എന്റെ അച്ഛൻ) അവർകളുടെ അടുക്കൽ സിദ്ധരൂപവും രഘുവംശകാവ്യം ഒന്നാംസർഗ്ഗത്തിൽ ഏതാനും ശ്ലോകങ്ങളും പഠിച്ചു. അപ്പൊഴേയ്ക്കും ആ ഗുരുനാഥൻ കാച്ചു കാലത്തെയ്ക്കു തന്റെ സ്ഥിരതാമസം പന്തളത്തുകോയിക്ക ലാക്കിയതിനാൽ പിന്നെയും ഏതാനും കാലത്തേയ്ക്കു ശങ്കുണ്ണി അവർകൾക്ക് ഒന്നും പഠിക്കാൻ തരമായില്ല. ഈ വയസ്സു കഴിഞ്ഞതിന്റെ ശേഷം ൧൦൫൦മാണ്ടു മിഥുനമാസത്തിൽ, വിശ്വവിശ്രുതനും വൈദ്യാഗ്രേസരനും പ്രൌഢകവിയും ഗംഭീരാശയനുമായിരുന്ന ൧൦൫൦മാണ്ടു മീനമാസം പൊന്നു-പരലോകപ്രാപ്തനായ വയസ്സരെ ആയ്മ്പൻ നാരായണൻമൂസ്സ് അവർകളുടെ അടുക്കൽ ശങ്കുണ്ണിഅവർകൾ പിന്നെയും പഠിച്ചു തുടങ്ങി. അത് ൧൦൭൯മാണ്ടുവരെ നിർവ്വിഘ്നമായി നടന്നു കൊണ്ടിരുന്നതിനാൽ അത്രയും കാലംകൊണ്ടു ശങ്കുണ്ണിഅവർകൾ രഘുവംശം, മാഘം, നൈഷധം മുതലായ കാവ്യങ്ങളിൽ ഏതാനും സർഗ്ഗങ്ങളും സഹസ്രയോഗം, ഗുണപാഠം, ചികിത്സാക്രമം, അഷ്ടാംഗഹൃദയം മുതലായ വൈദ്യശാസ്ത്രഗ്രന്ഥങ്ങളും പഠിക്കുകയും ഒരുവിധം വ്യുൽപത്തി സമ്പാദിക്കുകയും ചെയ്തു. ആയ്മ്പൻ നാരായണൻമൂസ്സ് അവർകൾക്കു പഠിപ്പിക്കുന്നതിനുള്ള വാസനയും സാമർത്ഥ്യവും അനന്യസാധാരണങ്ങളായിരുന്നു. അപ്രകാരംതന്നേ പഠിക്കുന്നതിനു ശങ്കുണ്ണിഅവർകൾക്കുള്ള മനസ്സും ബുദ്ധിയും ഉത്സാഹവും അന്യാദൃശങ്ങളുമായിരുന്നു. അതിനാൽ ഒരുവിധം ശ്ലോകാർത്ഥം മനസ്സിലാക്കുവാനുള്ള നൈപുണ്യം സമ്പാദിക്കുന്നതിനു ശങ്കുണ്ണി അവർകൾക്ക് അധികമായ കാലതാമസവും പ്രയാസവും വേണ്ടിവന്നില്ല. ശങ്കുണ്ണി അവർകളെക്കാൾ അധികം കാലവും അധികം ഗ്രന്ഥങ്ങളും പഠിച്ചിട്ടുള്ള ചില സഹപാഠികൾ ചില ശ്ലോകങ്ങളുടെ പദം, വിഭക്തി, അന്വയം, അന്വയാർത്ഥം, പരിഭാഷ, ഭാവം (താൽപര്യാർത്ഥം) മുതലായവ അറിവാൻ പാടില്ലാതെ ഇരുന്ന വിഷമിക്കുന്ന അവസരങ്ങ

Digitised By Kerala Sahitya Akademi

ളിൽ ഗുരുനാഥന്റെ നിയോഗപ്രകാരം ഇദ്ദേഹം അവയെല്ലാം നിഷ്പ്രയാസം പറഞ്ഞുകൊടുക്കുന്നതു കണ്ടും കേട്ടും ഞാൻ മുതലായ സഹപാഠികൾ പലപ്പോഴും സന്തോഷിക്കുകയും അത്ഭുതപ്പെടുകയും ചെയ്യാറുണ്ട്. ശങ്കുണ്ണി അവർകളുടെ ബുദ്ധിശക്തിയുടെ സ്ഥിതിക്കു കുറച്ചുകാലംകൂടി അദ്ദേഹം മുറയ്ക്കു പഠിച്ചിരുന്നുവെങ്കിൽ ഒരു വൈദ്യനെന്നോ വൈയാകരണനെന്നോ താർക്കികനെന്നോ ജ്യോത്സ്യനെന്നോ അഥവാ ചതുശ്ശാസ്ത്രപണ്ഡിതൻ എന്നതന്നെയോ ഉള്ള പേർ സമ്പാദിക്കുന്നതിന്നു് അദ്ദേഹത്തിന്നു് ഒരു പ്രയാസവും ഉണ്ടാകുമായിരുന്നില്ല. പക്ഷെ, അദ്ദേഹത്തിന്നു് അതിനൊന്നിനും ആഗ്രഹവും സംഗതിയും ഉണ്ടായില്ലെന്നേ ഉള്ളൂ. എങ്കിലും ആ വക സകല ശാസ്ത്രങ്ങളിലും അല്പാല്പമായ ജ്ഞാനം ഇദ്ദേഹം സമ്പാദിച്ചിട്ടുണ്ടു്. ഏതൊന്നുമാണ്ടായപ്പോഴേയ്ക്കും വാല്ക്യം കൊണ്ടു് അച്ഛനും ഇതരകൃത്യങ്ങളുടെ ബാഹുല്യവും ഗൃഹഭരണക്ലേശത്തിലുള്ള വൈമുഖ്യവുംകൊണ്ടു ജ്യേഷ്ഠനും ഗൃഹകാര്യങ്ങൾ അനേഷിക്കുന്നതിന്നു നെഞ്ചുകയ്പുമില്ലാതെ വരികയാൽ ആ ഭാരമേറിയ കൃത്യംകൂടി കൈയേല്ക്കേണ്ടതായി വന്നതുനിമിത്തം ശങ്കുണ്ണിഅവർകൾക്കു ഗുരുമുഖേനയുള്ള വിദ്യാഭ്യാസം അക്കാലംമുതൽ നിശ്ശേഷം നിറുത്തേണ്ടതായി വന്നു. അതിനാൽ അഷ്ടാംഗഹൃദയംപോലും മുഴുവൻ പഠിക്കുന്നതിന്നു് അദ്ദേഹത്തിന്നു സാധിച്ചില്ല. എങ്കിലും അദ്ദേഹം യഥാവസരം പിന്നെയും സംസ്കൃതങ്ങളായ ചമ്പൂപ്രബന്ധങ്ങളും നാടകങ്ങളും അലങ്കാരശാസ്ത്രങ്ങളും മറ്റും സ്വയമേവ നോക്കി തന്റെ വ്യുൽപത്തിയെ വർദ്ധിപ്പിച്ചുംകൊണ്ടിരുന്നു. ഇപ്പോഴും അദ്ദേഹം ആവക പരിശ്രമങ്ങൾ കേവലം മതിയാക്കീട്ടില്ല.

ശങ്കുണ്ണി അവർകൾ കാവ്യങ്ങൾ പഠിച്ചുതുടങ്ങുന്നതിന്നു മുമ്പുതന്നെ കേവലം വിനോദത്തിന്നായി ചില മണിപ്രവാളപദ്യങ്ങളും പാട്ടുകളും ഉണ്ടാക്കിത്തുടങ്ങുകയും അവയിൽ തന്റെ വാസനാബലത്തെ പ്രകടിപ്പിക്കുകയും ചെയ്തിരുന്നതിനാൽ ഇദ്ദേഹം മേലാൽ ഒരു കവിയായിത്തീരണമെന്നായിരുന്ന ഈശ്വരേച്ഛ എന്നു് ഊഹിക്കാൻ വഴിയുണ്ടായിട്ടുണ്ടു്. ഇദ്ദേഹം പ്രബന്ധരൂപമായി ഒന്നാമതുണ്ടാക്കീട്ടുള്ള കൃതി

Digitised By Kerala Sahitya Akademi

ശതകത്രയരൂപമായ സുഭദ്രാഹരണമണിപ്രവാളമാണു്. അതു് ഇദ്ദേഹം ഫഠന്യന്യ—ാമാണ്ടു നന്യ—ാമത്തെ വയസ്സിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേ നിബ്ബന്ധംകൊണ്ടുണ്ടാക്കീട്ടുള്ളതുമാണു്. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേ കല്പനപ്രകാരമാണു് ഈ കൃതി ഇദ്ദേഹം ഉണ്ടാക്കീട്ടുള്ളതെന്നു് ആ തിരുമനസ്സിലെ അനുമോദനശ്ലോകംകൊണ്ടും കവിയുടെ ഒരു പ്രാർത്ഥനാശ്ലോകംകൊണ്ടും സ്പഷ്ടമാകുന്നുണ്ടു്. ആ ശ്ലോകങ്ങളേ താഴെപ്പകർത്തുന്നു.

"കൊട്ടാരത്തിലെഴും കവീന്ദ്രമണിയാം ശങ്കുണ്ണിയേറ്റം പ്രിയ—
പ്പെട്ടോരെൻമൊഴി കേട്ടു തീർത്ത കൃതിയാമിപ്പുസ്തകം സാദരം
ഒട്ടേറെസ്സുരസപ്രമോദകരമായ്ത്തീരാതിരിക്കില്ലിതിൻ
മട്ടോരുമ്പോൾ മുഖത്തരം സരസരേ! വാങ്ങിച്ചു വായിക്കു—
[വിൻ."

"ഒട്ടുക്കീ ലോകമെല്ലാം പുകൾപെരിയ പുമാൻ
കോടിലിംഗേശകുഞ്ഞി—
ക്കുട്ടാഖ്യക്ഷ്മാണിപാലൻ കനിവിനൊടരുളി—
ച്ചെയ്തയാൽ വൈകിടാതെ
തുഷ്ടിക്കായ്ത്തീർത്തിടുന്നേനൊരു കൃതിയധുനാ
മന്ദനാകുന്ന ഞാനി—
ന്നൊട്ടൊക്കെത്തെറ്റു പറ്റീടിലുമതു സകലം
സജ്ജനം തീർത്തിടേണം."

ഇതുകൂടാതെ ശങ്കുണ്ണി അവർകൾ ഉണ്ടാക്കീട്ടുള്ള പ്രധാന കൃതികളുടെ പേരുകൾ താഴെപ്പറയുന്നു.

മണിവാളകൃതികൾ

൧. രാജാകേശവദാസചരിത്രം. ൨. ആസന്നമരണചിന്താശതകം. ൩. കേരളവർമ്മശതകം. ൪. ലക്ഷ്മീഭായിശതകം. ൫. മാടമഹീശശതകം. ൬. യാത്രാചരിതം. ൭. അത്തച്ചമയസപ്തതി. ൮. മുറജപചരിതം. ൯. കപോതസന്ദേശകാവ്യം. ൧൦. ഗൗളിശാസ്ത്രം (തർജ്ജമ) ൧൧. അദ്ധ്യാത്മരാമായണം വൃത്തഗദ്യവൃത്തതർജ്ജമ. ൧൨. ശ്രീ സേതുലക്ഷ്മീഭായി മഹാരാജ്ഞിചരിതം.

Digitised By Kerala Sahitya Akademi

ഭാഷാനാടകങ്ങൾ (തർജ്ജമ)

൧൪. മാലതീമാധവം. ൧൫. വിക്രമോർവ്വശീയം. ൧൬. രവിവർമ്മാ.

ടി. പുരാണകഥകൾ

൧൭. കുചേലഗോപാലം, ൧൮. സീമന്തിനീചരിതം. ൧൯. പാഞ്ചാലധനഞ്ജയം. ൨൦. ഗംഗാവതരണം.

ടി. കല്പിതകഥകൾ

൨൧. ദേവീവിലാസം. ൨൨. ജാനകീപരിണയം.

ആട്ടക്കഥകൾ

൨൩. ശ്രീരാമപട്ടാഭിഷേകം. ൨൪. ശ്രീരാമാവതാരം. ൨൫. സീതാവിവാഹം. ൨൬. ഭ്രസുരഗോഗ്രഹണം. ൨൭. കിരാതസൂനുചരിതം.

കൈകൊട്ടിക്കളിപ്പാട്ടുകൾ

൨൮. നിവാതകവചകാലകേയവധം (൨൪ വൃത്തം) ൨൯. ശ്രീമൂലരാജവിലാസം (൧൦ വൃത്തം) ൩൦. വിക്ടോറിയാചരിതം (൧൨ വൃത്തം) ൩൧. ധ്രുവചരിതം (൧൩ വൃത്തം) ൩൨. ശോണാദ്രീശ്വരിമാഹാത്മ്യം (൬ വൃത്തം) ൩൩. ആർദ്രാചരിത്രം (൧൩ വൃത്തം) ൩൪. ഭദ്രോല്പത്തി പാന, ൩൫. ഓണപ്പാന.

കിളിപ്പാട്ട്

൩൬. വിനായകമാഹാത്മ്യം

ശീതങ്കൻ തുള്ളൽപ്പാട്ടുകൾ

൩൭. ശ്രീഭ്രതനാഥോത്ഭവം. ൩൮. ശ്രീമൂലമഹാരാജഷഷ്ടിപൂർത്തിമഹോത്സവം. ൩൯. കല്യാണമഹോത്സവം. ൪൦. ശ്രീശങ്കരവിലാസം. ൪൧. തിരുമാടമ്പുമഹോത്സവം. ൪൨. സ്ഥാനാരോഹണമഹോത്സവം.

വഞ്ചിപ്പാട്ടുകൾ

൪൩. കല്യാണമഹോത്സവം. ൪൪. സീതാസ്വയംവരം.

Digitised By Kerala Sahitya Akademi

ഗദ്യപ്രബന്ധങ്ങൾ

൧൭. നൈഷധം. ൧൯. വിശ്വാമിത്രചരിത്രം ൧൬. വിക്രമോർവ്വശീയനാടകകഥാസംഗ്രഹം. ൧൮. അർജ്ജുനൻ. ൧൯. ശ്രീകൃഷ്ണൻ. ൨൦. ഐതിഹ്യമാല ൧-ാംഭാഗം. ൨൧. ടി ൨-ാം ഭാഗം. ൨൨. ടി ൩-ാംഭാഗം ൨൩. ടി ൪-ാംഭാഗം. ൨൪. ടി ൫-ാംഭാഗം. ൨൫. ടി ൬-ാംഭാഗം. ൨൬. ടി ൭-ാംഭാഗം ൨൭ ടി ൮-ാംഭാഗം ൨൮. ടി ൯-ാംഭാഗം. ൨൯. ക്ഷേത്രമാഹാത്മ്യം ൧-ാംഭാഗം ൩൦. ടി ൨-ാംഭാഗം.

ഇവ കൂടാതെ ഇദ്ദേഹം അനേകം ഒറ്റശ്ലോകങ്ങളും ഖണ്ഡകൃതികളും ഉണ്ടാക്കീട്ടുണ്ട്. മേൽപറഞ്ഞവയിൽ ൩-ം വ്യ-ം നമ്പർ കൃതികൾ മലയാളമനോരമാപത്രത്തിലും, ൩-ം ൯-ം നമ്പർ കൃതികൾ കവനകൌമുദി മാസികയിലും മാത്രം ചേർത്ത് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുള്ളവയും ൫-ം ൭-ം ൧൦-ം നമ്പർ കൃതികൾ അച്ചടിക്കപ്പെട്ടിട്ടില്ലാത്തവയുമാണ്. ൨-ാം നമ്പർ 'രാജാകേശവദാസചരിത്ര'വും ശങ്കുണ്ണി അവർകൾ ധർമ്മരാജാവായിരുന്ന കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേ കല്പനപ്രകാരമുണ്ടാക്കീട്ടുള്ളതാണ്. ഇതിനെസ്സംബന്ധിച്ചു കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു ശങ്കുണ്ണി അവർകളുടെ പേക്കയച്ചിട്ടുള്ള ഒരു തിരുവെഴുത്തിലേ ചില ശ്ലോകങ്ങൾ താഴെപ്പകർത്തുന്നു.

"മുൻപേ നമ്മുടെ കേരളത്തിലധികം-
ക്രൂർകൊണ്ടു മാലോകരിൽ
തൻപേർകൊണ്ടു നടന്ന യോഗ്യർ ചിലരി-
ങ്ങുണ്ടായിരുന്നില്ലയോ?
അൻപേറുന്നവരിൽ കൃതജ്ഞതയൊടൊ-
ത്തീ നമ്മളാ മാന്യരേ
വൻപേറുന്ന ചരിത്രചിത്രമെഴുതി-
ക്കാണിക്കുവാൻ നോക്കണം.

ചിലരുടെ ചരിതം ഞാൻ തീർത്തിടാം പിന്നെ വേറെ-
ച്ചിലരുടെ കഥ നന്നായ് താങ്കളുണ്ടാക്കിനോക്കൂ
പലരുമൊരുമയോടൊത്തിപ്രകാരം തുനിഞ്ഞാൽ
പലരുടയ ചരിത്രഗ്രന്ഥവും തീരുമല്ലൊ.

Digitised By Kerala Sahitya Akademi

ഭ്രജാനിക്കനുരുപമന്ത്രിമണിയായ്
നാട്ടാരിലിഷ്ടപ്പെട്ടം
രാജാ കേശവദാസനെന്നൊരു മഹാ-
നണ്ടായിരുന്നില്ലയോ?
വ്യാജാപേതമവന്റെറ ജീവചരിതം
ശ്ലോകപ്പടിക്കങ്ങുതാൻ
ഹേ! ജാത്യത്തൊടു വിസ്തരിച്ചെഴുതെടോ
സാരസ്യസാരാംബുധേ!"

ഏര്_ാംനമ്പർ 'മാലതീമാധവം' ടി. കെ. കൃഷ്ണമേനോൻ ബി. എ., എം. ആർ. ഏ. എസ്., എഫ്. ആർ. എച്ച്. എസ്സ്. അവർകളം 'വിദ്യാവിനോദിനി'യുടെ പത്രാധിപരായിരുന്ന കാലത്തു് ആ മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെട്ടത്താനായി തർജ്ജമചെയ്തു കൊടുക്കണമെന്നു് അദ്ദേഹം നിർബ്ബന്ധപൂവ്വം ആവശ്യപ്പെടുകയാൽ തർജ്ജമ ചെയ്തിട്ടുള്ളതും അതോടുകൂടി പുസ്തകമായിട്ടുകൂടി അച്ചടിക്കപ്പെട്ടിട്ടുള്ളതുമാണു്. എന്ന_ാംനമ്പർ ടി. ലക്ഷ്മണൻപിള്ള ബി. ഏ. അവർകളം തമിഴിൽ എഴുതീട്ടുള്ള നാടകത്തിന്റെറ തർജ്ജമയാണു്. ഛ0_ാംനമ്പർ നാടകം ശങ്കുണ്ണി അവർകളം ഛന്നെ വൃശ്ചികത്തിൽ കോട്ടയത്തുവെച്ചു നടത്തപ്പെട്ട 'ഭാഷാപോഷിണീ'സഭയിൽവെച്ചുണ്ടായ കവിതാപരീക്ഷയിൽ ഒ മണിക്രൂർ കൊണ്ടു് ഉണ്ടാക്കീട്ടുള്ളതാണു്. ഛവ_ം ഛൻ_ം നമ്പർ നാടകങ്ങളും ന_ാംനമ്പർ ശതകവും 'ഭാഷാപോഷിണീ'സഭയുടെ നോട്ടീസ്സിൻപ്രകാരവും ഛന_ം ഛര്_ം ഛ൭_ം നമ്പർ ആട്ടക്കഥകളം സച്ചാരോഹണം ചെയ്ത കീഴിണിപ്പുറത്തു സ്വാമിയാർ തിരുമനസ്സിലേ കല്പനപ്രകാരവും, ഛന്യ_ാംനമ്പർ ആട്ടക്കഥ കൊച്ചി നാലാംക്രൂറായിരുന്ന തീപ്പെട്ടുപോയ കുഞ്ഞിക്കിടാവുതമ്പുരാൻ തിരുമനസ്സിലേ കല്പനപ്രകാരവും, ന_ാം നമ്പർ ധ്രുവചരിതം ചെങ്ങന്നൂർ വഞ്ഞിപ്പുഴത്തമ്പുരാൻ തിരുമനസ്സിലെ താൽപ്പര്യപ്രകാരവും ഛ0_ാംനമ്പർ സന്ദേശകാവ്യവും നന്യ_ാംനമ്പർ കിളിപ്പാട്ടും 'ലക്ഷ്മീഭായി' മാസികയുടെ

Digitised By Kerala Sahitya Akademi

ഉടമസ്ഥനായ വെള്ളായ്മൽ നാരായണമേനോനവർകളുടെ താൽപയ്യപ്രകാരവും ഉണ്ടാക്കീട്ടുള്ളവയാണു്. ഇവയിൽ ൧൯_ം ൧൭_ം നമ്പർ പുസ്തകങ്ങൾ ഓരോ കൊല്ലം ബി. ഏ., എഫ്. ഏ. ക്ലാസ്സുകളിലേയ്ക്കു മദ്രാസ് സർവ്വകലാശാലക്കാരാലും ൧_ം ൨_ം ൧൨_ം നന്ദ_ം ൪൭_ം ൪ന്ദ_ം നമ്പരുകൾ ഒന്നിലധികം കൊല്ലങ്ങളിൽ സർക്കാർ പാഠശാലകളിലേയ്ക്കു തിരുവിതാംകൂർ ഗവർമ്മെൻറുവക ബുക്കുകമ്മിറ്റിക്കാരാലും ൪൦_ാംനമ്പർ ബ്രിട്ടീഷിലും കൊച്ചിയിലും സ്കൂൾഫൈനൽ പരീക്ഷയ്ക്കും ൪൧ ഇൻഡർമീഡിയറുപരീക്ഷയ്ക്കും പാഠപുസ്തകങ്ങളായി സ്വീകരിക്കപ്പെട്ടിട്ടുണ്ടു്.

കവിതാവിഷയത്തിൽ ശങ്കുണ്ണി അവർകൾക്കുണ്ടായിട്ടുള്ള പ്രസിദ്ധിയും ബഹുമതിയും ജനസമ്മതവും ഒട്ടും ചില്ലറയായിട്ടുള്ളവയല്ല. ൧൦൦൨ വൃശ്ചികത്തിൽ ആദ്യമായി കോട്ടയത്തു കൂടിയ 'ഭാഷാപോഷിണീ'സഭയിൽവെച്ചു നടത്തപ്പെട്ട മൂന്നു കവിതാപരീക്ഷകളിലും ശങ്കുണ്ണി അവർകർ ചേരുകയും ജയിക്കുകയും അവയിൽ ഒന്നിനു സമ്മാനവും രണ്ടിനു പ്രശംസാപത്രങ്ങളും ലഭിക്കുകയും ചെയ്തിട്ടുണ്ടു്. അപ്രകാരംതന്നെ തൃശ്ശിവപേരൂർ കൂടിയ 'ഭാഷാപോഷിണീ'സഭയിൽവെച്ചു നടത്തപ്പെട്ട പദ്യപരീക്ഷയിലും ഗദ്യപരീക്ഷയിലും ശങ്കുണ്ണി അവർകൾ ചേരുകയും രണ്ടിലും ജയിക്കുകയും സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ടു്. ൨൦_ാംനമ്പർ നാടകത്തിനു് ഒന്നാമതായും ൧൯_ാംനമ്പർ ശതകത്തിനു രണ്ടാമതായും ഭാഷാപോഷിണീസഭയിൽനിന്നു ശങ്കുണ്ണി അവർകൾക്കു സമ്മാനങ്ങൾ ലഭിച്ചിട്ടുണ്ടു്. ൧൦൯൯-ൽ നാടുനീങ്ങിപ്പോയ ശ്രീമൂലം തിരുനാൾ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടും ൧൦൯൨-ൽ നാടുനീങ്ങിയ ആറുങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടും വള, രത്നഖചിതങ്ങളായും മറ്റുമുള്ള മോതിരങ്ങൾ, കസവു തുപ്പട്ടാവുകൾ, കവണികൾ മുതലായവ പലപ്പോഴും കല്പിച്ചു കൊടുത്തിട്ടുള്ളവ കൂടാതെ ശങ്കുണ്ണി അവർകൾക്കു്, ആണ്ടുതോറും ഒരു സമ്മാനം കല്പനപ്രകാരം നിത്യച്ചെലവു പതിവുകണക്കിൽ ചേർക്കുകയും ചെയ്തിട്ടുണ്ടു്. കൊച്ചിയിൽ രാജ്യഭാരമൊഴിഞ്ഞ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു മുതലായി മിക്ക തമ്പുരാക്കന്മാരും കോഴിക്കോട്ട

Digitised By Kerala Sahitya Akademi

വിദ്വാൻ മാനവിക്രമ ഏട്ടൻതമ്പുരാൻ എന്ന പ്രസിദ്ധനായിരുന്ന തീപ്പെട്ടപോയ സാമൂതിരിപ്പാട്ട തമ്പുരാൻ തിരുമനസ്സുകൊണ്ടും മറ്റും മുണ്ടുകളും കടത്തനാട്ട തീപ്പെട്ടപോയ ഉദയവമ്മ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു പയ്യന്നൂർ പവിത്രമോതിരം മുണ്ടുകൾ മുതലായി പലപ്പോഴായിട്ട പല സമ്മാനങ്ങളും കേരളകാളിദാസനെന്ന പ്രസിദ്ധനായിരുന്ന കേരളവമ്മ വലിയകോയിത്തമ്പുരാൻ സി. എസ്. ഐ. തിരുമനസ്സുകൊണ്ടും അവിട്ടത്തെ ജ്യേഷ്ഠനായ മൂത്തകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടും വള, രത്നഖചിതങ്ങളായ മോതിരങ്ങൾ, കസവുതുപ്പട്ടാവുകൾ, മുണ്ടുകൾ മുതലായി അനേകസമ്മാനങ്ങളും ശങ്കുണ്ണി അവർകൾക്ക കല്പിച്ചുകൊടുത്തിട്ടുണ്ട്. ഇവ കൂടാതെ വഞ്ഞിപ്പുഴത്തമ്പുരാൻ മുതലായ പ്രഭുക്കന്മാരും മറനേകം മാന്യന്മാരും ശങ്കുണ്ണി അവർകൾക്ക പലവിധ സമ്മാനങ്ങൾ കൊടുത്തിട്ടുണ്ട്. ഇവയെല്ലാം പുറമേ കൊച്ചിയിലെ മദ്രാസിൽവെച്ചു തീപ്പെട്ട മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂത്തി തിരുനാൾ സംബന്ധിച്ചു ഫാൻർ-ാമാണ്ടു കന്നിമാസം ൨൨-ാംനു എറണാകുളത്തുവെച്ചു നടത്തിയ ഡർബാറിൽ (മഹാസഭയിൽ) വെച്ച് ആ തിരുമേനിയിൽനിന്ന 'കവിതിലകൻ' എന്നുള്ള സ്ഥാനവും അതിലേയ്ക്കുള്ള സന്നതും മെഡലും ശങ്കുണ്ണി അവർകൾക്ക ലഭിക്കയും ചെയ്തു. മഹാറാണി റീജൻറ് സേതുലക്ഷ്മീഭായി സി. ഐ. തിരുമനസ്സുകൊണ്ട് ഒരു അട്ടത്തോടൻ വീരശൃംഖലയും കല്പിച്ചു നൽകീട്ടുണ്ട്. തിരുവിതാംക്രർ, കൊച്ചി, ബ്രിട്ടീഷുമലബാർ എന്നീ മൂന്ന സംസ്ഥാനങ്ങളിൽനിന്നുമായി ഇത്ര വളരെ രാജസമ്മാനങ്ങളും മറ്റും ലഭിച്ചിട്ടുള്ള വേറെ ഒരു കവി നമ്മുടെ കേരളത്തിൽ ഇപ്പോൾ ഉണ്ടെന്ന തോന്നുന്നില്ല.

ശങ്കുണ്ണി അവർകളുടെ കീർത്തി എത്താത്തതായി കേരളഭൂമിയിൽ ഒരു ഭാഗവും അദ്ദേഹത്തെക്കുറിച്ചു കേട്ടിട്ടില്ലാതെ ഭാഷാഭിമാനികളായ കേരളീയരിൽ ഒരാളും ഉണ്ടായിരിക്കയില്ലെന്ന തീർച്ചയായി പറയാവുന്നതാണ്.

Digitised By Kerala Sahitya Akademi

ശങ്കുണ്ണി അവർകൾ പ്രവേശിച്ചിട്ടുള്ള സകല കാര്യങ്ങളിലും അദ്ദേഹം നല്ല പേരുതന്നെ സമ്പാദിച്ചിട്ടുണ്ട്. ൧൮൯൫-ാമാണ്ടു വിദ്യാഭ്യാസം മതിയാക്കി അദ്ദേഹം ഗൃഹഭരണം ആരംഭിച്ചപ്പോൾ തറവാട്ടിൽ ധനദൌർല്ലഭ്യം സാമാന്യത്തിലധികമുണ്ടായിരുന്നതിനാൽ അഹോവൃത്തിക്കു വേണ്ടുന്നതിനെ അന്വേഷിച്ചു സമ്പാദിച്ചുകൊണ്ടുവരേണ്ടതായിട്ടു ക്രമേണ വന്നു. അതിനാൽ ഇദ്ദേഹം ഉടനെ ഒരു പാദ്രിസായ്പിനെ മലയാളഭാഷ പഠിപ്പിക്കാനായി ഏർപ്പെട്ടു. അക്കാലം മുതൽ ൧൦൯൨-ാമാണ്ടു മകരമാസംവരെ ൧൨ കൊല്ലം ശങ്കുണ്ണി അവർകൾ മാറിമാറി അഞ്ചാറു സായ്പന്മാരുടെ മലയാളമുൻഷിയായിട്ടാണിരുന്നിട്ടുള്ളതു്. ആ സായ്പന്മാരെല്ലാം സന്തോഷിച്ചു സബഹുമാനം ശങ്കുണ്ണി അവർകൾക്കു സർട്ടിഫിക്കേറുകൾ കൊടുത്തിട്ടുണ്ടു്. ൧൦൯൨-ാമാണ്ടു മകരമാസത്തിൽ കോട്ടയത്തു 'മാർഭീവന്നാസ്യോസു സിമ്മിനാരി' ഹൈസ്കൂൾ ആരംഭിക്കുകയും ആരംഭത്തിൽത്തന്നെ ശങ്കുണ്ണി അവർകളെ അതിൽ മലയാളമുൻഷിയായി നിയമിക്കുകയും ചെയ്തു. അദ്ദേഹം അവിടെയും നല്ല പേരോടുകൂടിത്തന്നെയാണു് ആ ജോലി നടത്തിപ്പോന്നതു്. ശങ്കുണ്ണി അവർകൾ ക്ലാസ്സിൽ പഠിപ്പിക്കുന്നതു കണ്ടാൽ അദ്ദേഹം പാഠശാലകളിൽ ചേർന്നു വളരെക്കാലം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തു പരിചയിച്ചിട്ടുണ്ടെന്നല്ലാതെ പാഠശാലകളിൽ ചേർന്നു പഠിച്ചിട്ടില്ലാത്ത ഒരാളാണെന്നു് ആരും തോന്നുകയില്ല. സംഗതികൾ പറഞ്ഞു വിദ്യാർത്ഥികളെ ധരിപ്പിക്കുകയും ക്ലാസ്സു ഭരിച്ചുകൊണ്ടുപോവുകയും ചെയ്യുന്നതിനു ശങ്കുണ്ണി അവർകൾക്കുള്ള വാസനയും സാമർത്ഥ്യവും ഒന്നു വേറെത്തന്നെയാണു്. ഇംഗ്ലീഷു സ്കൂളുകളിൽ കുട്ടികൾ മലയാളമുൻഷികളെ കുരങ്ങാട്ടം കളിപ്പിക്കുകയാണല്ലോ പ്രായേണ എല്ലാ ദിക്കുകളിലേയും പതിവു്. കുട്ടികളുടെ ആവക വിദ്യകളൊന്നും ശങ്കുണ്ണി അവർകളുടെ അടുക്കൽ പറകയില്ലെന്നു മാത്രമല്ല, അതൊന്നും അദ്ദേഹത്തിന്റെ അടുക്കൽ ആരും പരീക്ഷിച്ചുനോക്കാറുമില്ല. ശങ്കുണ്ണി അവർകളുടെ അടുക്കൽ ഒരു മണിക്കൂറെങ്കിലും പഠിക്കാനിടയാകുന്ന ഏതൊരുത്തനും അദ്ദേഹത്തിന്റെ പേരിൽ എന്തെന്നില്ലാത്ത ഒരു ഭയവും ഭക്തിയുമുണ്ടാകുമെന്നുള്ളതു

Digitised By Kerala Sahitya Akademi

തീച്ച്യയാണു്. അതു ശങ്കുണ്ണി അവർകൾ തന്റെ അന്തേവാസികളുമായി പെരുമാറുന്ന ഒരു രീതിവിശേഷംകൊണ്ടെന്നല്ലാതെ മറ്റൊന്നും പറയാൻ കാണുന്നില്ല. ശങ്കുണ്ണി അവർകൾ തന്റെ അടുക്കൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കു താൻ പഠിപ്പിക്കുന്ന ഭാഷയിൽ തന്നാൽ കഴിയുന്ന അറിവുണ്ടാക്കിക്കൊടുക്കണമെന്നുള്ള വിചാരത്തോടുകൂടിയല്ലാതെ ശമ്പളത്തെ മാത്രം വിചാരിച്ചു പഠിപ്പിക്കാറില്ല. പുതിയ പുതിയ അറിവുകൾ ഉണ്ടാക്കിക്കൊടുക്കുന്ന ഗുരുനാഥന്മാരിൽ വിദ്യാർത്ഥികൾക്കു ഭയഭക്തിബഹുമാനങ്ങൾ ഉണ്ടാകുന്നതു് ഒരത്ഭുതമല്ലല്ലൊ. ശങ്കുണ്ണി അവർകളുടെ ശിക്ഷാസാമർത്ഥ്യത്തിന്നു മാർദീവന്നാസ്യോസു സിമ്മിനാരിയിൽനിന്നു മട്രിക്കുലേഷൻ പരീക്ഷയ്ക്കു പോകുന്ന വിദ്യാർത്ഥികളാരും ഒരിക്കലും മലയാളത്തിൽ തോൽക്കാറില്ലെന്നുള്ളതുതന്നെ ഒരുത്തമദൃഷ്ടാന്തമാണു്.

ശങ്കുണ്ണി അവർകളുടെ ഭാഷാകവിതയുടെ മാധുര്യത്തെ ആസ്വദിക്കാത്തവരായി കേരളനിവാസികളിൽ അധികം പേരുണ്ടായിരിക്കാനിടയില്ലാത്തതിനാൽ അതിനെക്കുറിച്ചു ഞാൻ ഒന്നുംതന്നെ പറയണമെന്നു വിചാരിക്കുന്നില്ല. ഇദ്ദേഹം ആട്ടക്കഥകൾ ഉണ്ടാക്കിത്തുടങ്ങിയതുവരെ ഇദ്ദേഹത്തിന്നു സംസ്കൃതശ്ലോകവും ഉണ്ടാക്കാമെന്നുള്ളതുതന്നെ അധികമാരും അറിഞ്ഞിരിക്കുമെന്നു തോന്നുന്നില്ല. ഇദ്ദേഹത്തിനു ഭാഷയിലെന്നപോലെതന്നെ ശബ്ദാർത്ഥാലങ്കാരങ്ങൾക്കു യാതൊരു കുറവും കൂടാതെ സംസ്കൃതത്തിലും പദ്യങ്ങൾ രചിക്കുന്നതിനു യാതൊരു പ്രയാസവുമില്ല. അഥവാ സംസ്കൃതത്തിലായാലല്ലയോ ഇദ്ദേഹത്തിനു കുറച്ചധികം എളുപ്പമെന്നുകൂടി വിചാരിക്കേണ്ടിയിരിക്കുന്നു. ദൃഷ്ടാന്തത്തിന്നായി ചില ശ്ലോകങ്ങൾ താഴെ പകർത്തുന്നു.

ശ്രീമദ്വിഷ്ണുപദോത്ഥിതം ശരധരം
ശംഖായുധാലംകൃതം
ദൂർവ്വാശ്യാമളമാത്മവിഗ്രഹജിത-
കുവ്യാമമവ്യാഹതം
നിത്യാനന്ദിതനീലകണ്ഠമമലം
വാതോത്ഭടവാജ്ഝംഭിതം
ഭ്രജാതാത്തിഹരം നമാമി സതതം
ശ്രീരാമധാരാധരം.

Digitised By Kerala Sahitya Akademi

ശംഭോരാദ്യം തനൂജം ഗജവരവദനം
പദ്മജാതാത്മജായാ-
മംഭോജാക്ഷഞ്ച ഭദ്രാം ഭവനയനഭവാം
മൽഗുരുൻ സൽഗുണാഢ്യാൻ
ഡംഭോപേതാൻ ബുധേന്ദ്രാനഖിലമുനിവരാൻ
ഭ്രസുരേന്ദ്രാൻ സുരേന്ദ്രാൻ
രംഭാകാന്താരസംസ്ഥം കപികുലവൃഷഭം
മാരുതിം ധീരമീഡേ.

അത്ഥശബ്ദാലങ്കാരപ്രധാനങ്ങളായ ഈ വന്ദനശ്ലോകങ്ങളും ‘ശ്രീരാമപട്ടാഭിഷേക’ത്തിലും ‘ഭ്രസുരഗോഗ്രഹണ’ത്തിലുമുള്ളവയാണു്. ‘ശ്രീരാമപട്ടാഭിഷേകത്തി’ലെ രണ്ടു ശ്ലോകങ്ങളും കൂടി താഴെ പകർത്തുന്നു.

ഇത്ഥം ശ്രുത്വാ ജനകതനയാ-
ഭാഷണം ഭീഷണാത്മാ
ക്രുദ്ധസ്മൃത്വാ സപദി ഹൃദയേ
സ്പർദ്ധയാ മദ്ധ്യമാംബാം
നത്വാ പാദേ രഘുകുലവരം
ലക്ഷ്മണസ്തൽക്ഷണോദ്യൽ-
ബദ്ധാടോപജ്വലിതനയനോ
രുക്ഷമിത്യാചചക്ഷേ.

വ്യക്തൈസ്സുഗ്രീവവാക്യൈഃ പ്രചലിതഹൃദയൈ-
വ്വാനരേന്ദ്രൈരതന്ദ്രൈ-
രാനീതാഭിശ്ചതാഭിഃ കപിവരവനിതാ-
ഭീസ്സമം സൽസഭാവാ
താരാ താരാധിപാസ്യാ ബഹുതരമുപഹാ-
രാദിഭിർമ്മോദയിത്വാ
പ്രീതാം സീതാമവാദീൽ പ്രിയതരമിതി താം-
ഭ്രമിജാം രാമജായാം.

ഇനി ശബ്ദാലങ്കാരപ്രധാനമായും അത്ഥാലങ്കാരപ്രധാനമായും ഭ്രസുരഗോഗ്രഹണത്തിലുള്ള ചില ശ്ലോകങ്ങളും കൂടി ഇവിടെ കാണിക്കാം.

വിഹായസാ വിഹായസാ സമന്ത ഗന്ധമാദനം
വിഹായ സാധ്വസാവഹോ! വിരോധിസാധ്വസാവഹം

Digitised By Kerala Sahitya Akademi

മഹാശ്രുഗാശ്രുഗം മുദാഗതം തദാശ്രുഗാത്മജം
സഹാസമാഹ സാഞ്ജലീരുചാജ്ജുനം വചോജ്ജുനഃ

കാലാനുക്രുലമനുഭ്രയ സുഖം വസന്തം
ലീലാലയേ ഹരിസുതഃ പ്രിയയാ വസന്തം
കാലാത്മജം പദനതഃ കലയൻ മുദന്തം
ലോലാശയോന്യഗദദേത്യ ഗവാമുദന്തം.

ഇത്ഥം പാത്ഥരണോപഹ്രുതിമധിക-
ക്രുദ്ധോന്ധപുത്രാനുജോ
ശ്രുത്വാ ബദ്ധവിരോധമുദ്ധതമതി-
സ്സുദ്ധാലുരേത്യാന്തികം
സാദ്ധം തസ്കരസാത്ഥമിത്രനികരൈ-
യ്യുദ്ധാത്ഥമത്യുൽക്കട-
പ്രുധാനോധുതകുട്ധ്രുവാദ്ധിനിവഹഃ
പ്രത്യാഹ വൃത്രാരിജം.

ഇനി ഭ്രസുരഗോഗ്രഹണത്തിലെ രണ്ടു ശ്ലോകം കൂടി ഇവിടെ പകത്താം.

കുസുമേഷു ശിലീമുഖപ്രവേശാ-
ദസമാനാം നിജപത്മിനീം വിവർണ്ണാം
പ്രസമീക്ഷ്യ കദാപി ധാത്തരാഷ്ട്ര-
സ്സുസുമാം ഹന്ത! ജഗാമ പുഷ്പവാടീം.

ബാലാം മാധവലാളിതാം കുസുമിതാം-
പത്രാങ്കുരാലംകൃതാം
പാർശ്വസ്ഥാം പരമജ്ജുനസ്യ കലിതാ-
മോദാം തദാ മാധവീം
വീക്ഷ്യാനല്പതരേർഷ്യയേവ കലുഷോ
ഗത്വാ നികുഞ്ജാന്തരം
ദാക്ഷ്യാദത്രവസന്നദോഷത നിജാം
ഭാര്യാം സ ദുര്യ്യോധനഃ.

അത്ഥാലങ്കാരസമ്പൂർണ്ണങ്ങളായിരിക്കുന്ന ശ്ലോകങ്ങളിൽക്രുടിയും ശബ്ദഭംഗികളേ ധാരാളം പ്രയോഗിക്കുന്നതിനു ശങ്കുണ്ണി അവർകൾക്കു യാതൊരു പ്രയാസവുമില്ലെന്നും കൈരളിയെപ്പോലെ തന്നെ ഗൈവ്വാണിയും അദ്ദേഹത്തിനു സ്വാധീനയായിട്ടാണി

Digitised By Kerala Sahitya Akademi

രിക്കുന്നതെന്നും മേൽ കാണിച്ച ശ്ലോകങ്ങൾകൊണ്ട സ്പഷ്ടമാകുന്നുണ്ടല്ലൊ.

ഗൃഹഭരണവും അതോടുക്രൂടി സ്വന്തമായ ഒരു ദേവസ്വകാര്യവിചാരവും മൻഷിപ്പണിയും പല വർത്തമാനപത്രങ്ങളേയും മാസികകളേയും പദ്യങ്ങൾകൊണ്ടും ഗദ്യങ്ങൾകൊണ്ടും സഹായിക്കുകയും വിശേഷിച്ചും മ: മനോരമയ്ക്കും ഭാഷാപോഷിണി മാസികയ്ക്കും വേണ്ടുന്ന വിധത്തിലെല്ലാം സഹായിച്ചു കൊടുക്കുകയും മറും നിരന്തരമായി ചെയ്തുകൊണ്ടിരിക്കുന്ന ശങ്കുണ്ണി അവർകൾ ഫ്ന്റന്റ_ാമാണ്ടു മുതൽ ഏകദേശം ഒര് സംവത്സരകാലംകൊണ്ട് ഇത്ര വളരെ കൃതികൾ ഉണ്ടാക്കിത്തീർത്തതിൽ അത്ഭുതപ്പെടാനല്ലാതെ ഈ കൃതികൾക്ക വല്ല ന്യൂനതയുമുണ്ടെങ്കിൽ അതൊരു കുറവായി പറയാൻ ന്യായം കാണുന്നില്ല. ശങ്കുണ്ണി അവർകൾ എന്തെങ്കിലും ഒരു കൃതി എഴുതിത്തീർത്താൽ അതു വീണ്ടും നോക്കി തിരുത്തി നന്നാക്കുകയും ആലോചിച്ചിരുന്ന കവിതയുണ്ടാക്കുകയും പതിവില്ല. നന്നായാലും ചീത്തയായാലും അപ്പൊഴപ്പോൾ തോന്നുന്നതു് എഴുതിയിടുക മാത്രമേ അദ്ദേഹം പതിവുള്ളൂ. ഇതു കവിതാവിഷയത്തിൽ ശങ്കുണ്ണി അവർകൾക്ക പ്രധാനമായിട്ടുള്ള ഒരു ദോഷമാണെന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ശങ്കുണ്ണി അവർകൾ തന്റെ കൃതികളേ കുറച്ചുക്രൂടി മനസ്സിരുത്തി ആലോചിച്ചുണ്ടാക്കുകയും ഒന്നു രണ്ടു പ്രാവശ്യം നോക്കിത്തിരുത്തി നന്നാക്കി മാറ്റിയെഴുതുകയും ചെയ്തിരുന്നുവെങ്കിൽ അവയ്ക്ക് ഇപ്പോഴത്തേതിൽ വളരെ ക്രൂടുതലായ ഗുണങ്ങൾ ഉണ്ടാകുമായിരുന്നു. എന്നാൽ എന്തെങ്കിലും ഒരു പ്രബന്ധം എഴുതിത്തുടങ്ങിയാൽ അതു വല്ലവിധവും മുഴുവനാക്കാതെ അതിൽനിന്നു വിരമിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകൾക്ക കവിതാവിഷയത്തിലുള്ള ഒരു പ്രധാന ഗുണമാണെന്നുള്ളതും നിസ്സംശയം പറയാവുന്നതാണ്. അനേകം കൃതികൾ ആരംഭിക്കുകയും ഒന്നും മുഴുവനാക്കാതെയിരിക്കുകയും ചെയ്യുന്ന യോഗ്യന്മാരായ പല കവികൾ നമ്മുടെ കേരളത്തിൽ ഉണ്ടായിരുന്നു എന്നും ഇപ്പോഴും ഉണ്ടെന്നും എല്ലാവർക്കും അറിയാവുന്നതാണല്ലൊ. അപ്രകാരം ശങ്കുണ്ണി അവർ

Digitised By Kerala Sahitya Akademi

കളുടെ കൃതികളിൽ അധികമൊന്നും മുഴുവനാകാതെ കിടപ്പുണ്ടെന്നു തോന്നുന്നില്ല.

ശങ്കുണ്ണി അവർകൾക്ക് അർത്ഥാലങ്കാരത്തിലുള്ളതിലധികം ശ്രദ്ധയും പ്രതിപത്തിയും ശബ്ദാലങ്കാരത്തിലാണെന്നു ചിലർ വിചാരിക്കുകയും പറയുകയും ചെയ്യുന്നുണ്ട്. എന്നാൽ വാസ്തവത്തിൽ അദ്ദേഹം അവ രണ്ടിനായിട്ടും അധികം ക്ലേശിക്കാറില്ലെങ്കിലും അനായാസേന ലഭിക്കുന്നവയെ ഉപേക്ഷിക്കാറില്ലെന്നു മാത്രമേ ഉള്ളൂ എന്നും പരിചിതന്മാക്കറിയാവുന്നതാണ്.

ഇനി ശങ്കുണ്ണി അവർകളുടെ മനോഗുണത്തെപ്പററി വിചാരിക്കുകയാണെങ്കിൽ അത് ഒട്ടും ചില്ലറയല്ല. ഈശ്വരഭക്തി, ഗുരുജനഭക്തി, ഭ്രാതൃദയ, പരോപകാരതൽപരത, മതാചാരനിഷ്ഠ, ഹൃദയനിഷ്കളങ്കത മുതലായ അനേക ഗുണങ്ങൾ ശങ്കുണ്ണി അവർകൾക്കു പൂർണ്ണമായിട്ടുണ്ട്. ഈശ്വരവിചാരം കൂടാതെ യാതൊന്നും പ്രവർത്തിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകൾക്കു പ്രത്യേകമുള്ള ഒരു ഗുണമാണ്. തനിക്കുണ്ടാകുന്ന ഏതുവിധാപത്തുകളേയും ധൈര്യത്തോടും ക്ഷമയോടും കൂടി സഹിക്കുന്നതിനു ശങ്കുണ്ണി അവർകൾക്കു ധാരാളം ശക്തിയുണ്ടെങ്കിലും അന്യന്മാരുടെ സങ്കടങ്ങൾ കണ്ടോ കേട്ടോ അറിഞ്ഞോ സഹിക്കുന്നതിന് അദ്ദേഹം കേവലം അശക്തനാണ്. ആകപ്പാടെ നോക്കിയാൽ ശങ്കുണ്ണി അവർകൾ ഒരു സൽഗുണനും നിഷ്കളങ്കഹൃദയനും വിശ്വാസപൂർവ്വം സ്നേഹിക്കാൻ കൊള്ളാവുന്ന ഒരാളുമാണെന്നു നിസ്സംശയം പറയാവുന്നതാണ്.

വക്രോക്തികളും ഫലിതങ്ങളും പറയുന്നതിനു ശങ്കുണ്ണി അവർകൾക്കു പ്രത്യേകമൊരു വാസനയുണ്ട്. അദ്ദേഹം വെടി പറയുന്നതു കേട്ടാൽ രസിക്കാതെ സഹൃദയന്മാരിൽ ആരുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ആകപ്പാടെ ശങ്കുണ്ണി അവർകൾ സരസ്വതീപ്രസാദം സിദ്ധിച്ചിട്ടുള്ള ഒരു രസികനും സരസനുമാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ശങ്കുണ്ണി അവർകൾ ഒരു വലിയ കാര്യസ്ഥനും മറ്റുമല്ലെങ്കിലും തന്റെ കാര്യങ്ങൾക്കു ദോഷങ്ങൾ നേരിട്ടാതെ

Digitised By Kerala Sahitya Akademi

നോക്കി നടത്തിക്കൊണ്ടുപോകുന്നതിന്നു വേണ്ടതക്ക കായ്ത്ത വിവരം അദ്ദേഹത്തിന്നുണ്ടു്.

മിതവ്യയം ശങ്കുണ്ണി അവർകൾക്കുള്ള ഒരു പ്രധാന ഗുണമാണു്. 'ആയം ദ്വിഷ്ടാ വ്യയം കൃത്വാദായാദൽപതരോ വ്യയഃ' എന്നുള്ള പ്രമാണപ്രകാരമല്ലാതെ കൈയിൽ കിട്ടുന്നതു മുഴുവനും പോരെങ്കിൽ കടം മേടിച്ചും ചെലവുചെയ്യുന്ന സ്വഭാവം അദ്ദേഹത്തെ ലേശംപോലും ബാധിച്ചിട്ടില്ല. വരവിന്നു തക്കവണ്ണമല്ലാതെ അദ്ദേഹം ഒരിക്കലും ഒരുവകയ്ക്കും ചെലവുചെയ്കയില്ല. 'ദീപാളി' എന്നു കേൾക്കുന്നതിനെക്കാൾ നല്ലതു 'ലുബ്ധൻ' എന്നു കേൾക്കുന്നതാണെന്നു് അദ്ദേഹം പ്രസംഗവശാൽ പലപ്പോഴും എന്നോടുതന്നെ പറഞ്ഞിട്ടുണ്ടു്. ഇതുയും പറഞ്ഞതുകൊണ്ടു ശങ്കുണ്ണി അവർകൾ ലൌകികവും ഔദാര്യവുമില്ലാത്ത ഒരു പിശുക്കനാണെന്നു് ആരും തെറ്റിദ്ധരിച്ചുപോകരുതു്. തന്റെ സ്ഥിതിക്കു തക്കവണ്ണം വേണ്ടുന്ന ദിക്കിൽ വേണ്ടതുപോലെ ചെലവുചെയ്യുന്നതിന്നു് അദ്ദേഹത്തിന്നു് ഒരു മടിയുമില്ല. അനാവശ്യകമായും അതിരുകവിഞ്ഞും അദ്ദേഹം യാതൊന്നും ചെലവുചെയ്കയില്ലെന്നു മാത്രമേ ഉള്ളു. ശങ്കുണ്ണി അവർകൾ ഗൃഹഭരണം ആരംഭിച്ച കാലത്തു കുടുംബത്തിൽ നിത്യവൃത്തിക്കുതന്നെയും വളരെ ഞെരുക്കമായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കുറച്ചുകാലംകൊണ്ടു് ആ സ്ഥിതി വിട്ടു് അവിടെ അഹോവൃത്തിക്കു വലിയ ബുദ്ധിമുട്ടൊന്നുമില്ലെന്നുള്ള നിലയിലായിട്ടുള്ളതു പരിശ്രമശീലനും സകലകലാകുശലനും ഭാഗ്യവാനുമായിരുന്ന ജ്യേഷ്ഠന്റെ നിരന്തരപരിശ്രമവും സഹായവും ഈശ്വരന്റെ കാരുണ്യസംയുക്തമായ ആനുകൂല്യവുംകൊണ്ടാണെന്നാണു ശങ്കുണ്ണി അവർകൾ വിചാരിക്കുകയും പറയുകയും ചെയ്യുന്നതെങ്കിലും അതിന്റെ പ്രധാന കാരണങ്ങൾ അദ്ദേഹത്തിന്റെ ഗൃഹഭരണനിപുണതയും മിതവ്യയശീലവുംകൂടിയാണെന്നുള്ള വാസ്തവം പറയാതെയിരിക്കാൻ നിവൃത്തിയില്ല.

സമയനിശ്ചയം എന്നുള്ളതു ശങ്കുണ്ണി അവർകൾക്കുള്ള ഗുണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത വേറൊന്നാണു്. ഇന്നിന്ന സമയങ്ങളിൽ ഇന്നിന്ന പ്രവൃത്തികൾ ചെയ്കയെന്ന

Digitised By Kerala Sahitya Akademi

ശങ്കുണ്ണി അവർകൾ ഒരു നിശ്ചയം ചെയ്തിട്ടുണ്ട്. ആ നിശ്ചയത്തെ മിക്കവാറും തെറ്റിക്കാതെതന്നെ അദ്ദേഹം കഴിച്ചുകൂട്ടിപ്പോരുന്നുണ്ട്. പ്രതിദിനം അനേകകൃത്യങ്ങൾ നിർവ്വഹിക്കേണ്ടുന്നവർക്ക് സമയനിശ്ചയമില്ലെങ്കിൽ ഒരു കാര്യവും ശരിയായിട്ടും വേണ്ടുന്ന സമയത്തും വേണ്ടതുപോലെയും നടക്കുകയില്ലെന്നു മാത്രമല്ല, ഒരിക്കലും മനസ്സിന്നു സുഖവും സൈ്വരവും ഉണ്ടായിരിക്കുകയുമില്ല. നേരേമറിച്ച് അനേകകൃത്യങ്ങൾ പ്രതിദിനം നിർവ്വഹിക്കേണ്ടതായി ഉണ്ടായിരുന്നാലും സമയനിശ്ചയംചെയ്ത് അതിൻപ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്ക് ഒന്നും ഒരു ഭാരമായിരിക്കയില്ലെന്നു മാത്രമല്ല, അവരുടെ കൃത്യങ്ങൾ കൂടിശ്ലിക്കുടാതെ നടന്നുകൊണ്ടിരിക്കുകയും തന്നിമിത്തം അവർക്ക് മനസ്സുഖവും സൈ്വരവും ഉണ്ടായിരിക്കുകയും ചെയ്യും' എന്നൊരു മഹാൻ പറഞ്ഞിട്ടുള്ളത് എത്രയും വാസ്തവമാണെന്നതിന്നു ശങ്കുണ്ണി അവർകളുടെ സ്ഥിതി ഒരുത്തമദൃഷ്ടാന്തമായിട്ടാണിരിക്കുന്നത്. ഉന്നിവാരങ്ങളായ അനേകകൃത്യങ്ങൾ ദിനംപ്രതി നിർവ്വഹിക്കേണ്ടിയിരിക്കുന്ന ശങ്കുണ്ണി അവർകൾക്ക് ഇപ്രകാരം ഒരു സമയനിശ്ചയമില്ലായിരുന്നുവെങ്കിൽ സാഹിത്യവിഷയത്തിലും മറ്റും യാതൊന്നും പ്രവർത്തിക്കാൻ അദ്ദേഹത്തിന്നു് ഒരിക്കലും സാധിക്കുകയില്ലായിരുന്നു.

മനുഷ്യരുടെ ഇഹലോകജീവിതം സുഖദുഃഖസമ്മിശ്രമായിട്ടല്ലാതെ ഇരിക്കുകയില്ലെന്നുള്ളതു ശങ്കുണ്ണി അവർകളുടെ വിഷയത്തിലും എത്രയും വാസ്തവമായിട്ടാണിരിക്കുന്നത്. ഗൃഹഭരണത്തിന്നു് അത്യന്തം നിപുണയും ഐശ്വര്യവതിയും ഗൃഹലക്ഷ്മിയുമായിരുന്ന പ്രിയമാതാവു് ക്രി.വ. 1-മാണ്ടു തുലാമാസത്തിൽ പരലോകപ്രാപ്തയായതിനോടുകൂടിത്തന്നെ ശങ്കുണ്ണി അവർകളുടെ മനസ്സുഖം മിക്കവാറും അസ്തപ്രായമായി. തങ്ങളുടെ മാതാവിനെപ്പോലെ നിരുപാധികമായ വാത്സല്യം പ്രപഞ്ചത്തിൽ മറ്റാക്കുമുണ്ടാകയില്ലെന്നുള്ളതു് എല്ലാവർക്കും അനുഭവസിദ്ധമായിട്ടുള്ളതാണല്ലൊ.

ജ്യേഷ്ഠൻ വിവാഹം ചെയ്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽ സന്താനമുണ്ടാകുന്ന കാര്യം സംശയസ്ഥിതിയിലാകയാൽ പിതൃനിയോഗപ്രകാരം ക്രി.പി. 2-മാണ്ടു മകരമാസ

Digitised By Kerala Sahitya Akademi

ത്തിൽ ശങ്കുണ്ണി അവർകളും വിവാഹം ചെയ്യുകയും ആ ആണ്ടു മേടമാസത്തിൽത്തന്നെ ആ യുവതിയെ സ്വഗൃഹത്തിൽ കൂടിവെയ്ക്കുകയും ചെയ്തു. ആ സ്ത്രീ പഠിപ്പു, ബുദ്ധി, കായ്യശേഷി, ഗൃഹഭരണസാമർത്ഥ്യം, ഭർത്തൃഹിതാനുവർത്തനം, ഭർത്തൃശുശ്രൂഷാനൈപുണ്യം മുതലായ ഗുണപൌഷ്കല്യംകൊണ്ടു ശങ്കുണ്ണി അവർകളുടെ മാതൃവിയോഗദുഃഖത്തെ കുറച്ചുകാലത്തിനിടയിൽ വിസ്മൃതപ്രായമാക്കിത്തീർത്തു. അക്കാലത്തു ശങ്കുണ്ണി അവർകളുടെ മാതൃവിയോഗാഗ്നിദഗ്ധമായ ഹൃദയവൃക്ഷം വീണ്ടുമൊന്നു തളിർത്തു. എങ്കിലും ആ സ്ഥിതി അധികകാലം നീണ്ടുനില്ക്കുന്നതിനുള്ള ദൈവിധി അനുവദിച്ചില്ല. ൧൦൫൨ാമാണ്ടു ചിങ്ങമാസം ൨൬-ാംനു- ശങ്കുണ്ണി അവർകളുടെ ആ പ്രിയതമ സന്നിപാതജ്വരത്താൽ ബാധിതയാവുകയും ൨൯-ാംനു- പരലോകം പ്രാപിക്കുകയും ചെയ്തു.

പ്രഥമപുത്രന്റെ ഭാര്യ വന്ധ്യയായിത്തീരുകയും ദ്വിതീയപുത്രന്റെ പ്രിയപത്നിയായ ഗുണവതി അകാലകാലഗതിയെ പ്രാപിച്ചുപോവുകയും ചെയ്കയാൽ ദുഃഖിതനും വിഗതഭാര്യനും വയോവൃദ്ധനുമായ പിതാവിന്റെ ശുശ്രൂഷ ഒന്നുമാത്രമായിരുന്ന ശങ്കുണ്ണി അവർകൾക്കു മനസ്സമാധാനത്തിനുള്ള പിന്നീടുണ്ടായിരുന്ന ഒരുപായം. ആ പിതാവും ൧൦൫൨ാമാണ്ടു മകരമാസത്തിൽ പരലോകത്തെ പ്രാപിച്ചു.

തദനന്തരം ശങ്കുണ്ണി അവർകൾ സന്താനാർത്ഥം ൧൦൫൩ാമാണ്ടു മിഥുനമാസത്തിൽ ഒന്നുകൂടി വിവാഹം ചെയ്കയും നൂനവൃശ്ചികത്തിൽ സ്വഭവനത്തിൽ കൂടിവെയ്ക്കുകയും ചെയ്തു. ആ യുവതിയും ഗൃഹഭരണനൈപുണ്യം, ഭർത്തൃസ്നേഹം, ക്ഷമ, ക്ലേശസഹനശക്തി മുതലായ സൽഗുണങ്ങളാൽ പ്രശോഭിതയായിരുന്നു. തന്റെ സകല സുഖങ്ങൾക്കും നിദാനമായിട്ടുള്ളതു ഭർത്താവാണെന്നുള്ള ദൃഢവിശ്വാസത്തോടുകൂടിയിരുന്ന ആ ഗുണവതിക്കു ഭർത്താവിന്റെ മനഃശരീരസുഖങ്ങൾക്കായി കൃത്യങ്ങളെ നടത്തുന്ന സംഗതിയിൽ തന്റെ ഊണും ഉറക്കവുംകൂടി അഗണ്യങ്ങളായിരുന്നു. ഇപ്രകാരമുള്ള ധർമ്മപത്നിയുടെ സഹവാസം നിമിത്തം ശങ്കുണ്ണി അവർകൾ പൂർവ്വകഷ്ടദശകളെ അധികം സ്മരിക്കാതെ ഒരു വിധം

Digitised By Kerala Sahitya Akademi

സുഖമായിട്ടുതന്നെ കുറച്ചുകാലത്തേയ്ക്കു കാലക്ഷേപം ചെയ്തു കൊണ്ടിരുന്നു.

അതിനിടയ്ക്കു ശങ്കുണ്ണി അവർകൾ തന്റെ സഹോദരി മാരെ രണ്ടുപേരേയും വിവാഹംചെയ്തു കൊടുക്കുകയും മൂത്ത സഹോദരി പ്രസവിച്ചു പുരുഷന്മാരും സ്ത്രീകളുമായി പത്തും, ഇളയസഹോദരി പ്രസവിച്ചു് അഞ്ചും കുട്ടികൾ ഉണ്ടാവുകയും ചെയ്തു. ആ ഭാഗിനേയന്മാരേയും ഭാഗിനേയികളേയും അവരുടെ മാതാക്കന്മാരോടുകൂടി ഇങ്ങോട്ടു വരുത്തിയും അങ്ങോട്ടു ചെന്നും കൂടക്കൂടെ കണ്ടു ശങ്കുണ്ണി അവർകൾ ആനന്ദിക്കുകയും തന്റെ അനപത്യതാദുഃഖത്തെ ഒരു വിധം ശാന്തപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു.

ശങ്കുണ്ണി അവർകൾ ഈ സ്ഥിതിയിൽ ഇരിക്കുന്നതിനും ഹതവിധി അധികകാലത്തേയ്ക്കു് അനുവദിച്ചില്ല. ൧൦൯൨-ാമാണ്ടു കർക്കടകമാസത്തിൽ മസൂരികാബാധിതനായി അദ്ദേഹം അത്യന്തം കഷ്ടപ്പെട്ടു. എങ്കിലും രാത്രിയും പകലും ഒരുപോലെ ഊണും ഉറക്കവുമുപേക്ഷിച്ചു ജ്യേഷ്ഠൻ കൂടെ അടുക്കലിരുന്നു രക്ഷിച്ചതുകൊണ്ടും ഈശ്വരകാരുണ്യം കൊണ്ടും ആയുസ്സിന്റെ ബലംകൊണ്ടും അദ്ദേഹം അതിൽ നിന്നു് ഒരുവിധം രക്ഷപ്പെട്ടു കേറി. എങ്കിലും തന്റെ സകല ഭാഗ്യങ്ങൾക്കും കാരണഭ്രതനും താൻ തന്റെ അച്ഛനെന്നപോലെ ഭയഭക്തിബഹുമാനങ്ങളോടുകൂടി ആചരിച്ചും പ്രാണനെക്കാളധികം സ്നേഹിച്ചും വെച്ചിരുന്ന ആളും ഗുണവാനുമായിരുന്ന പ്രിയജ്യേഷ്ഠൻ ആ മഹാവ്യാധിയാൽത്തന്നെ ബാധിതനായി ആ കർക്കടകത്തിൽത്തന്നെ പരലോകപ്രാപ്തനായിപ്പോയതിനാൽ ശങ്കുണ്ണി അവർകൾക്കുണ്ടായ ദുഃഖം അത്യന്തം ദുസ്സഹമായിരുന്നു. ഇതിനും പുറമേ രണ്ടു സഹോദരിമാരും മൂത്ത സഹോദരിയിലുണ്ടായ പത്തു കുട്ടികളും, ഇളയ സഹോദരിയിലുണ്ടായ ഒരു പുത്രിയേയൊഴിച്ചു ശേഷം നാലു കുട്ടികളും കൂടി കുറച്ചുകാലത്തിനിടയ്ക്കു തുടരെത്തുടരെ അകാലനിര്യ്യാണത്തെ പ്രാപിച്ചുപോവുകയാൽ ശങ്കുണ്ണി അവർകൾക്കുണ്ടായ മനസ്താപം അവാങ്മനോഗോചരമെന്നല്ലാതെ ഒന്നും പറയാൻ കാണുന്നില്ല.

Digitised By Kerala Sahitya Akademi

മുമ്പേതന്നെ വന്ധ്യയെന്ന് ഏകദേശം നിശ്ചയിക്കപ്പെട്ടിരുന്ന പൂവ്വജഭാര്യ വിധവയുംക്രൂടി ആയിത്തീരുകയും തന്റെ ഭാര്യ യഥാകാലം പ്രസവിക്കാതെയിരിക്കുകയും ചെയ്തുകയാൽ ശങ്കുണ്ണി അവർകൾ സന്തത്യർത്ഥം ഏറെ-ാമാണ്ട് അനുജനെക്കൊണ്ടുക്രൂടി വിവാഹം ചെയ്യിക്കുകയും ആ സ്ത്രീയേയും സഗൃഹത്തിൽ കൂടിവെപ്പിക്കുകയും ചെയ്തു. അവരിലും സന്താനമുണ്ടാകാതെതന്നെ ഏറെ-ാമാണ്ടു മകരമാസത്തിൽ ആ സഹോദരനും ഏറവും-ാമാണ്ട് ഇടവമാസത്തിൽ ആ സഹോദരപത്നിയും പരലോകത്തെ പ്രാപിച്ചു. മനുഷ്യപ്രയത്നംകൊണ്ടു മാത്രം ഒരു കാര്യവും സാധിക്കുകയില്ലെന്നും ഈശ്വരേച്ഛയുപോലെയല്ലാതെ ഒന്നും സംഭവിക്കുകയില്ലെന്നും ശങ്കുണ്ണി അവർകൾക്കു മുമ്പേതന്നെ ഉണ്ടായിരുന്ന വിശ്വാസം അപ്പോൾ ഒന്നുക്രൂടി ദൃഢീഭവിക്കുകയും അപ്പോൾ അദ്ദേഹം മിക്കവാറും ഒരു വിരക്തന്റെ നിലയിലായിത്തീരുകയും സന്തത്യർത്ഥമായി ഇനി ഒന്നും പരിശ്രമിക്കാൻ കഴികയില്ലെന്നും 'യൽ ഭാവി തൽ ഭവേത്' എന്നും ഏകദേശം തീർച്ചപ്പെടുത്തുകയും ചെയ്തു. എങ്കിലും അങ്ങിനെ വിചാരിച്ചാൽപ്പോരെന്നും തങ്ങളാൽ കഴിയുന്നതെല്ലാം ഇനിയും ചെയ്തുകൊണ്ടിരിക്കേണ്ടതാണെന്നും മറവും ഞാൻ മുതലായ സ്നേഹിതന്മാരുടേയും മറവു പല മാന്യസുഹൃത്തുക്കളുടേയും നിർബ്ബന്ധവും ഉപദേശവും നിമിത്തം ശങ്കുണ്ണി അവർകൾ ഏറവ്യ-ാമാണ്ടു മിഥുനമാസത്തിൽ മൂന്നാമതായി ഒന്നുക്രൂടി വിവാഹം ചെയ്തു.

തദനന്തരം ശങ്കുണ്ണി അവർകൾ അനിവ്വചനീയമായ ഒരു കഷ്ടതക്രൂടി അനുഭവിക്കേണ്ടതായി വന്നു. അദ്ദേഹം രണ്ടാമതു വിവാഹം ചെയ്ത സകലസൽഗുണസമ്പൂർണ്ണയായ ആ ദ്വിതീയഭാര്യ ഏറവുന-ാമാണ്ടു മേടമാസത്തിൽ മസൂരികാദീനത്താൽ പരലോകപ്രാപ്തയായി. ഇതു ശങ്കുണ്ണി അവർകൾക്കുണ്ടായിട്ടുള്ള കഷ്ടാനുഭവസൌധങ്ങളുടെ എല്ലാംക്രൂടിയുള്ള ഒരു താഴികക്കുടമായിട്ടാണു പരിണമിച്ചതു്. സൽഗുണനിധിയായിരുന്ന ആ പ്രിയതമയെക്കുറിച്ചോർത്തു ദിവസത്തിൽ ഒരിക്കലെങ്കിലും കറെ കണ്ണീർ പൊഴിക്കാതെയിരിക്കാൻ ശങ്കുണ്ണി അവർകൾക്ക് ഇപ്പോഴും കഴിവുണ്ടെന്നു തോന്നുന്നില്ല.

Digitised By Kerala Sahitya Akademi

൧൦൨൪ാമാണ്ടു കർക്കടകത്തിൽ ജ്യേഷ്ഠത്തിയും പരലോകപ്രാപ്തയായിപ്പോയി. അനന്തരം ശങ്കുണ്ണി അവർകൾ ൧൦൯൦ാമാണ്ടു മിഥുനമാസത്തിൽ ഏവൂർ പനവേലി കൃഷ്ണശർമ്മാ അവർകളുടെ ദ്വിതീയപുത്രനെ ദശഹസ്തദാനവിധിപ്രകാരം ദത്തെടുത്തു് ഉപനയനം മുതലായവ കഴിച്ചു സ്വപുത്രനാക്കുകയും ആ ദത്തുപുത്രനെക്കൊണ്ടു് ൧൧൦൨ മേടത്തിൽ ഒരു കന്യകയെ വിവാഹം ചെയ്യിച്ചു സ്വഗൃഹത്തിൽ കൂടി വെപ്പിക്കുകയും ചെയ്തു. അതിനാൽ ഇപ്പോൾ ശങ്കുണ്ണി അവർകളുടെ കുടുംബത്തിൽ അദ്ദേഹവും, അദ്ദേഹം മൂന്നാമതു വിവാഹം ചെയ്ത ആ ധർമ്മപത്നിയും ദത്തുപുത്രനും തൽഭാര്യയുമല്ലാതെ വേറെ ആരുമില്ല. എങ്കിലും അദ്ദേഹം സന്തത്യുത്പാദം വളരെ നാളായിട്ടു ശക്തിക്കു തക്കവണ്ണവും അതിലധികവും സൽകർമ്മങ്ങൾ അവിച്ഛിന്നമായി ചെയ്തുകൊണ്ടാണിരിക്കുന്നതു്. അതിനാൽ അനേകസജ്ജനങ്ങളുടെ അനുഗ്രഹവും ആശീർവാദവും അചിരേണ സഫലീഭവിച്ചു് ആ ദത്തുപുത്രനോടും തൽപത്നിയോടും അവർക്കുണ്ടാകുന്ന അനേകം ശുഭസന്താനങ്ങളോടും ആയുരാരോഗ്യസമ്പൽസമൃദ്ധിയോടുംകൂടി ശങ്കുണ്ണി അവർകൾ ഇനിയും വളരെക്കാലം സുഖമായി ജീവിച്ചിരിക്കുന്നതിനു സർവ്വേശ്വരൻ സദയം കടാക്ഷിക്കുമാറാകട്ടെ.

പന്തളം കൃഷ്ണവാരിയർ.

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi

ഐതിഹ്യമാല

എട്ടാം ഭാഗം

൧. ചിറയ്ക്കൽകാവിൽബ്ഭഗവതി

ചിറയ്ക്കൽകാവു, കൊച്ചീരാജ്യത്തിന്റെ കിഴക്കെ അറ്റത്തുള്ളതും ബ്രിട്ടീഷുരാജ്യത്താൽ ചുറ്റപ്പെട്ടതുമായ ചിറയ്ക്കൽതാലൂക്കിൽ ചേർന്ന ചിറയ്ക്കൽ ദേശത്തുതന്നെയാണു്. അവിടെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഭദ്രകാളിയേയാണു 'ചിറയ്ക്കൽകാവിൽബ്ഭഗവതി' എന്നു പറഞ്ഞുവരുന്നതു്. ആ ദേശക്കാർ ആ ദേവിയെ തങ്ങളുടെ പരദേവതയായിട്ടുതന്നെയാണു് ആദരിക്കുകയും ആചരിക്കുകയും ചെയ്തുപോരുന്നതെന്നും അവർ പണ്ടേതന്നെ ഭദ്രകാളിയെക്കുറിച്ചു വളരെ ഭക്തിയും വിശ്വാസവുമുള്ളവരായിരുന്നുവെന്നുമുള്ളതു പ്രസിദ്ധമാണു്. ഭഗവതി ആ ദേശക്കാരെക്കുറിച്ചു വളരെ കൃപയോടും വാത്സല്യത്തോടുംകൂടി വർത്തിച്ചുപോരുന്നുമുണ്ടു്.

പണ്ടൊരിക്കൽ കൊങ്ങുരാജ്യാധിപനായ രാജാവു ചിറയ്ക്കൽദേശം പിടിച്ചടക്കാനായി സൈന്യസമേതം ആ ദേശത്തു വന്നുചേർന്നു. ചിറയ്ക്കൽ ദേശക്കാരും യുദ്ധവിദഗ്ദ്ധന്മാരായിരുന്നതിനാൽ രണ്ടു കൂട്ടരും തമ്മിൽ നേരിട്ടു് അതിഭയങ്കരമായ യുദ്ധമുണ്ടായി. സ്വല്പസമയം കഴിഞ്ഞപ്പോഠം ചിറയ്ക്കൽക്കാർ ഏറ്റവും പരവശന്മാരായിത്തീരുകയും കൊങ്ങപ്പടയെ ജയിക്കുന്ന കാര്യം തങ്ങളാൽ സാദ്ധ്യമല്ലെന്നു് അവക്കു തോന്നുകയും ചെയ്തു. അപ്പോഠം അവരെല്ലാവരും ക്ഷേത്രസന്നിധിയിൽ ചെന്നു തങ്ങളുടെ പരദേവതയായ ഭഗവതിയെ ഭക്തിപൂർവ്വം വന്ദിച്ചുകൊണ്ടു്:—

Digitised By Kerala Sahitya Akademi

"ഭ്രവിൽപ്പുകഴും ചിറവൂർ-
ക്കാവിൽ വിളങ്ങും കൃതാന്തരിപുപുത്രി!
ഈവിധമായൊരു മക്കളെ-
യാവിമ്മോദം തുണയ്ക്കൂ മാതാവേ!"
"ഞങ്ങളെ വെൽവാൻ വന്നൊരു
കൊങ്ങപ്പടയേ വധിച്ചു വേഗത്തിൽ
മങ്ങലൊഴിക്കുക മായേ!
മംഗളമൂർത്തേ! നമോ നമസ്തുഭ്യം!"

എന്നു പ്രാർത്ഥിച്ചു. അതു കേട്ട് ആർത്തത്രാണപരായണയും ഭക്തവത്സലയും ലോകമാതാവുമായ ഭഗവതി ഉടൻ പ്രത്യക്ഷമായി പോർക്കളത്തിലെത്തി തന്റെ നാന്ദകംവാൾകൊണ്ടു കൊങ്ങപ്പടകളെ വെട്ടി വധിച്ചുതുടങ്ങി. ക്ഷണനേരംകൊണ്ടു കൊങ്ങപ്പട മിക്കവാറും നശിച്ചു. ഏതാനും സൈനികന്മാർ പ്രാണഭീതിയോടുകൂടി ഓടി സ്വദേശത്തേക്കു മടങ്ങിപ്പോവുകയും ചെയ്തു. അപ്പോൾ കൊങ്ങരാജാവു ദേവിയോടു നേരിട്ടു യുദ്ധം തുടങ്ങി. ആ യുദ്ധം ഏറ്റവും ഭയങ്കരംതന്നെയായിരുന്നു. കൊങ്ങരാജാവു് അന്തകനേപ്പോലെ ഒരു പോത്തിന്റെ പുറത്തു കയറിയായിരുന്നു യുദ്ധത്തിനു വന്നിരുന്നതു്. ദേവി തന്റെ വാൾകൊണ്ടു് ആ പോത്തിന്റെ തല വെട്ടി താഴെയിടുകയും കൊങ്ങരാജാവിന്റെ കഴുത്തു മുറിച്ചു തല ഒരു കന്റെ ശിരസ്സിനേപ്പോലെ തൃക്കൈയിലെടുക്കുകയും ചെയ്തു. അങ്ങിനെ ആ യുദ്ധം അവസാനിച്ചതിന്റെ ശേഷം ദേവി ഒരു ശിലാതലത്തിൽ ചെന്നിരുന്നു വിശ്രമിച്ചു. അപ്പോൾ ദേശക്കാരെല്ലാവരും അവിടെയെത്തി ഭഗവതിയേക്കണ്ടു വന്ദിച്ചു സ്തുതിച്ചു. അവരപ്പോൾ ഭഗവതിയെ കണ്ടതു് എട്ടു തൃക്കൈകളോടും ആ തൃക്കൈകളിൽ വരദാഭയമുദ്രകളും നാന്ദകംവാൾ, ശൂലം, ഗദ, ശംഖം, വട്ടക, കൊങ്ങരാജാവിന്റെ ശിരസ്സു് എന്നിവ ധരിച്ചുകൊണ്ടും കാലിന്മേൽ കാൽ കയറ്റിവെച്ചു് ഇരിക്കുന്നതുമായിരുന്നു.

ഭഗവതി അങ്ങിനെ അവിടെ ഇരുന്നിരുന്നപ്പോൾ അതിലെ കടന്നുപോയ ചില ചക്കിലിയന്മാർ അവരുടെ കൈവശമുണ്ടായിരുന്ന മദ്യവും മാംസവും തിരുമുല്കാഴ്ചയായി ദേവിയുടെ തൃപ്പാദസന്നിധിയിൽ വെച്ചു വന്ദിച്ചു. ദേവി അവയെ സസന്തോഷം സ്വീകരിക്കുകയും ആ മദ്യം സ്വല്പം സേവി

Digitised By Kerala Sahitya Akademi

ക്കുകയും മാംസം കുറച്ചെടുത്തു ഭക്ഷിക്കുകയും ചെയ്തിട്ടു ശേഷമുണ്ടായിരുന്നതു് അവിടെക്കൂടിയിരുന്ന ജനങ്ങൾക്കു കൊടുക്കുകയും ജനങ്ങൾ അവ വാങ്ങി ദേവിയുടെ പ്രസാദമെന്നുള്ള സങ്കല്പത്തോടുകൂടി ആസ്വദിക്കുകയും ചെയ്തു.

അപ്പോഴയ്ക്കും ദേവി അവിടെനിന്നു് അന്തർധ്യാനംചെയ്തുകളകയാൽ ആ ദിവ്യസ്വരൂപം അവർക്കാർക്കും പിന്നെ കാണ്മാൻ കഴിഞ്ഞില്ല. അതിനാൽ പിന്നെ ആ ദേശക്കാരായ എല്ലാവരുംകൂടി, "ദേവിയുടെ ഈ ദിവ്യസ്വരൂപം നമുക്കു് എന്നും കണ്ടു വന്ദിക്കാനായി ഇപ്പോൾ നമ്മൾ കണ്ടതുപോലെ തന്നെ ഒരു വിഗ്രഹമുണ്ടാക്കിച്ചു് ഇവിടെ പ്രതിഷ്ഠിക്കണം" എന്നു നിശ്ചയിച്ചു് അപ്രകാരമൊരു വിഗ്രഹം മണ്ണുകൊണ്ടുണ്ടാക്കിച്ചു മൂളയിൽവെച്ചു തയാറാക്കി. ആ സമയത്തു് ഒരു യോഗിനി അവിടെ വന്നുചേരുകയും ആ ബിംബമെടുത്തുകൊണ്ടുപോയി നിശ്ചിതസ്ഥലത്തു പ്രതിഷ്ഠിക്കുകയും ചെയ്തിട്ടു് ഉടൻതന്നെ അദൃശ്യയായിബ്ഭവിക്കുകയും ചെയ്തു. ആ യോഗിനി ആരാണെന്നും എവിടെനിന്നാണു വന്നതെന്നും എങ്ങോട്ടാണു പോയതെന്നും ആർക്കും നിശ്ചയമില്ല. പ്രതിഷ്ഠിച്ചതു പൂവ്വക്ഷേത്രത്തിന്റെ കിഴക്കുവശത്തു സ്ഥലം തെക്കോട്ടുമാറിയാണെന്നു് ഇപ്പോഴും എല്ലാവർക്കും കണ്ടറിയാവുന്നതുമാണു്. ഈ പ്രതിഷ്ഠ നടന്നതു കൊല്ലവർഷം ൭൨൬ കുംഭമാസം ൨൯-ാംതീയതിയായിരുന്നു എന്നാണു പറഞ്ഞുവരുന്നതു്.

ബിംബപ്രതിഷ്ഠ കഴിഞ്ഞാലുടനെ ഒരു നിവേദ്യം കഴിക്കേണ്ടതു് അത്യാവശ്യമാണല്ലൊ. അതിനെന്താണു വേണ്ടതെന്നു് അവിടെക്കൂടിയിരുന്നവരെല്ലാവരുംകൂടി ആലോചിച്ചു. അപ്പോൾ അവരിൽ ദേവീഭക്തശിരോമണിയും ജ്ഞാനിയുമായിരുന്ന ഒരു നായർ "ചക്കിലിയന്മാർ കൊടുത്ത മദ്യവും മാംസവും ദേവി സസന്തോഷം സ്വീകരിച്ചുവല്ലൊ. അതിനാൽ ഇപ്പോഴും അവതന്നെ മതി" എന്നു വിധിക്കുകയും അതു് എല്ലാവരും സമ്മതിക്കുകയും ചെയ്തു. ഉടനെ അപ്രകാരം വിധിച്ച നായർതന്നെ പോയി കുറച്ചു മദ്യവും മാംസവും കൊണ്ടുവന്നു ദേവിക്കു നിവേദിച്ചു. നിവേദ്യം കഴിഞ്ഞതിന്റെ ശേഷം നിവേദിക്കപ്പെട്ട ആ സാധനങ്ങൾ അവിടെക്കൂടിയിരുന്നവർക്കെല്ലാം കുറേശെ കൊടുക്കുകയും എല്ലാവരും

Digitised By Kerala Sahitya Akademi

ദേവീപ്രസാദമെന്നുള്ള സങ്കല്പത്തോടുകൂടി അവ വാങ്ങി സേവിക്കുകയും ഭക്ഷിക്കുകയും ചെയ്യും. പിന്നെ അതവിടെ പതിവായിത്തീർന്നു. ഇപ്പോഴും അവിടെ നിവേദ്യം മദ്യവും മാംസവും തന്നെയാണു പതിവു്. നിവേദിക്കുന്നതു നായന്മാരുമാണു് എന്നാലവിടെ ചില വിശേഷദിവസങ്ങളിലല്ലാതെ ദിവസംതോറും പൂജ പതിവില്ല. എങ്കിലും അവിടെ രണ്ടുനേരവും വിളക്കുവെക്കുക പതിവുണ്ടു്. അല്ലാതെയൊന്നുമില്ല.

എന്നാൽ ആദ്യമുണ്ടായതായ മൂലക്ഷേത്രത്തിൽ അങ്ങിനെയൊന്നുമല്ല. അവിടെ പതിവായി രണ്ടു നേരവും പൂജയുണ്ടു്. അതു നടത്തുന്നതു ബ്രാഹ്മണരാണു്. അവിടെ നായന്മാർ പൂജിക്കുകയും മദ്യവും മാംസവും നിവേദിക്കുകയും പതിവില്ല. അവിടത്തെ ചട്ടവട്ടങ്ങളെല്ലാം സാധാരണ ക്ഷേത്രങ്ങളിലെപ്പോലെ തന്നെയാണു്. മദ്യമാംസാദികളൊന്നും ആ ക്ഷേത്രത്തിന്റെ അടുക്കലെങ്ങും കൊണ്ടുചെല്ലാൻതന്നെ പാടില്ല. കൊണ്ടുചെന്നാൽ ക്ഷേത്രമശുദ്ധമാകുമെന്നും പിന്നെ അവിടെ ശുദ്ധികലശം മുതലായവയൊക്കെ നടത്തണമെന്നുമാണു വെച്ചിരിക്കുന്നതു്. അവിടെ ഭഗവതിയുടെ ചൈതന്യം സാമാന്യത്തിലധികമായി കണ്ടുവരുന്നുണ്ടു്. അവിടെ ഭജനമിരുന്നു് ആ ദേവിയെസ്സേവിച്ചാൽ ഭേദമാകാത്ത രോഗവും ഒഴിയാത്ത ബാധയും സാധിക്കാത്ത കാര്യവും ഒന്നുംതന്നെയില്ലെന്നു തീർച്ചയായി പറയാം. ആ ദേവീസന്നിധിയിൽ ഭജനമിരുന്നിട്ടു് അപസ്മാരം, ഉന്മാദം മുതലായവ ഭേദമായി സ്വസ്ഥതയെ പ്രാപിച്ചവരായി ഇപ്പോഴും പലരുണ്ടു് ഈ അടുത്ത കാലത്തുതന്നെ സന്താനാർത്ഥമായി അവിടെ ഭജനമിരുന്നിട്ടു സൽസന്താനങ്ങളെ ലഭിച്ചവരുടെ സംഖ്യ ഒട്ടും ചില്ലറയല്ല.

ആ ദേശക്കാക്കു പണ്ടുണ്ടായിരുന്നതുപോലെ പരസ്പരം സ്നേഹവും വിശ്വാസവും ഐകമത്യവും ഇപ്പോളില്ലെന്നു് അവരിൽത്തന്നെ ചിലർ പറഞ്ഞു് ഇയ്യിടെ കേട്ടുതുടങ്ങീട്ടുണ്ടു്. എങ്കിലും ആ ദേവീക്ഷേത്രത്തിൽ പൂർവ്വന്മാർ നടത്തിപ്പോന്നിരുന്ന അടിയന്തിരങ്ങളെല്ലാം ആധുനികന്മാരും നടത്തിപ്പോരുന്നുണ്ടു്. അവിടെ ആണ്ടുതോറും പതിവായി ദേശക്കാർ നടത്തിപ്പോരുന്ന അടിയന്തിരങ്ങളിൽ പ്രധാനങ്ങളാം മണ്ഡലവിളക്കും കൊങ്ങപ്പടയുമാണു്. മണ്ഡലവിളക്കു് എന്നു പറഞ്ഞാൽ വൃശ്ചികമാസം ഒന്നാംതീയതി മുതൽ നാല്പത്തൊന്നു

Digitised By Kerala Sahitya Akademi

ദിവസം ക്ഷേത്രത്തിൽ നിറമാലയും വിളക്കും നടത്തുകയാണു്. അതു വളരെ കേമമായിട്ടുള്ള ഒരടിയന്തിരമാണെന്നുള്ളതിനു സംശയമില്ല. അതിന്റെ ഒടുവിലത്തെ ദിവസം അടിയന്തിരം നടത്തിപ്പോരുന്നതു കൊച്ചിസ്സുക്കാരിൽനിന്നാണു്. അതിനു പണ്ടാരവിളക്കെന്നാണു പേരുപറഞ്ഞുപോരുന്നതു്. ക്ഷേത്രസപ്രധാനമായ ഈ അടിയന്തിരത്തിൽ ദൂരവാഹികളല്ലാത്തവരും ദേവീദർശനത്തിനായി അവിടെ ധാരാളം വന്നുകൂടാറുണ്ടു്.

കൊങ്ങപ്പട എന്ന ആഘോഷം പണ്ടു കൊങ്ങരാജാവു ചിറ്റൂർദേശം പിടിച്ചടക്കാനായി സൈന്യസമേതം അവിടെ വരികയും ചിറ്റൂർ ഭഗവതി അവരെ സംഹരമാക്കുകയും ചെയ്തതിന്റെ സ്മാരകമായി ആണ്ടുതോറും നടത്തിവരുന്നതും വളരെ കേമമായിട്ടുള്ളതുമാണു്. അതിൽ പലവിധത്തിലുള്ള വേഷങ്ങളുടെ പുറപ്പാടും മറ്റുമുള്ളതിനാൽ അതു സകലരസസമ്പൂർണ്ണമായ ഒരാഘോഷമാണെന്നുതന്നെ പറയാം. അതിന്റെ ഓരോ ചടങ്ങുകളും കുംഭമാസത്തിൽ ശിവരാത്രിക്കു മുമ്പു തുടങ്ങിയാൽ മീനമാസത്തിലാണു് അവസാനിക്കുന്നതു്. അവയെല്ലാം അറിവാനാഗ്രഹമുള്ളവർ അവിടെച്ചെന്നു കണ്ടുതന്നെ മനസ്സിലാക്കുകയല്ലാതെ എഴുതി അറിയിക്കുന്ന കായ്മും അസാദ്ധ്യമാകയാൽ അതിനായി ഉദ്യമിക്കുന്നില്ല.

ചിറ്റൂർഭഗവതി ആശ്രിതത്രാണപരായണയും ആശ്രിതവത്സലയുമാണെന്നുള്ളതു കൊങ്ങപ്പടയെ സംഹരിച്ചതുകൊണ്ടുതന്നെ സ്പഷ്ടമാകുന്നുണ്ടല്ലോ. അതുകൂടാതേയും അതിലേയ്ക്കു് അനേകം ദൃഷ്ടാന്തങ്ങളവിടെയുണ്ടായിട്ടുണ്ടു്. അവയെല്ലാം വിവരിക്കുന്ന കായ്മും ദുഷ്കരമാകയാൽ ചിലതു മാത്രം ചുരുക്കത്തിൽ പറഞ്ഞുകൊള്ളുന്നു.

ചിറ്റൂരുനിന്നു് ഏകദേശം നാലുനാഴിക അകലെ ബ്രിട്ടീഷുമലബാറിൽ പെരുവെമ്പു് എന്നൊരു ദേശമുണ്ടല്ലോ. അവിടെ ഉണ്ടായിരുന്ന ഒരു നായക്കു ചിറ്റൂരു് ഒരു വീട്ടിൽ സംബന്ധമുണ്ടായിരുന്നു. സംബന്ധം ചെയ്യപ്പെട്ട സ്ത്രീയുടെ വീട്ടിൽ ധാരാളം സമ്പത്തുണ്ടായിരുന്നു; എന്നു മാത്രമല്ല, ആ സ്ത്രീയെ ആ വീട്ടിലുള്ളവർ വളരെ വാത്സല്യത്തോടുകൂടിയാണു വളർത്തിയിരുന്നതു്. അതിനാൽ ആ സ്ത്രീയുടെ മാതാപിതാക്കന്മാരും മാതുലന്മാരും അമൂല്യങ്ങളായ അനേകം ആഭരണ

Digitised By Kerala Sahitya Akademi

ങ്ങളുണ്ടാക്കിച്ചുകൊടുത്തിരുന്നു. ആ സ്ത്രീ മിക്ക സമയത്തും അവയെല്ലാം അണിഞ്ഞുകൊണ്ടുതന്നെയാണു നടക്കുക പതിവു്. ആ സ്ത്രീക്കു ചിറയ്ക്കൽകാവിൽ ഭഗവതിയെക്കുറിച്ചു് അളവറ്റ ഭക്തിയും വിശ്വാസവുമുണ്ടായിരുന്നതിനാൽ രണ്ടു നേരവും കാവിൽപ്പോയി ദേവിയെ വന്ദിക്കുക പതിവായിരുന്നു. കാവിൽപ്പോകുന്ന സമയങ്ങളിൽ ആ സ്ത്രീ തന്റെ ആഭരണങ്ങളെല്ലാമെടുത്തു് അണിയാതെയിരിക്കാറില്ല. സംബന്ധക്കാരനായ ആ നായർ ഒരത്യാഗ്രഹിയും ദുഷ്ടനുമായിരുന്നതിനാൽ ഈ ആഭരണങ്ങളെല്ലാം പതിവായിക്കണ്ടപ്പോൾ ഇവയെല്ലാം തട്ടിക്കൊണ്ടു പോകണമെന്നു തോന്നിത്തുടങ്ങി. അതിനാൽ അയ്യാൾ അതിനുള്ള ഒരു കള്ളക്കൌശലം ആലോചിച്ചു നിശ്ചയിച്ചുകൊണ്ടു് ഒരു ദിവസം ഭാര്യയോടു സപകാര്യമായിട്ടു "നിന്നെ ഒന്നു കാണാൻ വൈകിയിരിക്കുന്നതിനാൽ അങ്ങോട്ടു കൊണ്ടുചെല്ലുണമെന്നു് എന്റെ അമ്മ എന്നോടു പറഞ്ഞുതുടങ്ങീട്ടു വളരെ ദിവസമായി. അതിനാൽ നമുക്കു് അങ്ങോട്ടൊന്നു പോകണം. അവിടെ മൂന്നു ദിവസം താമസിച്ചിട്ടു നാലാം ദിവസം നമുക്കു മടങ്ങിപ്പോരാം. അതിനെന്താ വിരോധമുണ്ടോ?" എന്നു ചോദിച്ചു. അതിനുത്തരമായിട്ടു ഭാര്യ "ഒരു വിരോധവുമില്ല. അച്ഛനമ്മയും മറ്റും സമ്മതിച്ചാൽ നമുക്കു നാളെത്തന്നെ പോകാം. എന്നാൽ മൂന്നു ദിവസം അവിടെ താമസിക്കാൻ നിവൃത്തിയില്ല; എനിക്കു പതിവായി കാവിൽ തൊഴാൻ പോകണമല്ലോ. ഒരു ദിവസത്തേത്തൊഴുക കഴിഞ്ഞിട്ടു് അങ്ങോട്ടു പോകാം. പിറേറ ദിവസം തൊഴാനിങ്ങോട്ടെത്തണം. ദേവീദർശനം മുട്ടിക്കുന്നതു് സങ്കടമാണു്" എന്നു പറഞ്ഞു. അതു കേട്ടപ്പോൾ നായക്കു സന്തോഷമായി. അയാൾ ആ സ്ത്രീയുടെ മാതാപിതാക്കന്മാരോടും മറ്റും വിവരം പറഞ്ഞു് അവരെയെല്ലാം സമ്മതിപ്പിക്കുകയും പിറേറ ദിവസംതന്നെ സ്ത്രീ കാവിൽപ്പോയി കുളിച്ചുതൊഴുതു വന്നയുടനെ ഭർത്താവും ഭാര്യയും ഊണും കഴിച്ചു വീട്ടിൽനിന്നു പുറപ്പെടുകയും ചെയ്തു. അപ്പോഴും ആ സ്ത്രീ അവരുടെ ആഭരണങ്ങളെടുത്തണിഞ്ഞിരുന്നു എന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലൊ.

ആ നായരും ഭാര്യയും കുടി കുറച്ചുദൂരം പോയപ്പോൾ വഴിക്കടുത്തുതന്നെ ആ നായരുടെ ഒരു സ്നേഹിതന്റെ വീടു

Digitised By Kerala Sahitya Akademi

ണ്ടായിരുന്നതിനാൽ അവർ അവിടേക്കയറി. ആ വീട്ടുകാർ ഈ ദമ്പതിമാരേ അവിടെ സാദരം സ്വീകരിച്ചിരുത്തി കുശല പ്രശ്നാനന്തരം വെടികഥ പറഞ്ഞുതുടങ്ങി. പിന്നെ അവരെ ഒരു ലഘുഭക്ഷണം കഴിപ്പിക്കുകയും ചെയ്തു. അപ്പോഴയ്ക്കും നേരം സന്ധ്യയോടൊട്ടടുത്തതിനാൽ ആ ഭാഗ്യാഭത്താക്കന്മാർ ആ വീട്ടുകാരോട് യാത്രയും പറഞ്ഞ് അവിടെനിന്ന് ഇറങ്ങി നടന്നു. കുറച്ചദൂരം ചെന്നപ്പോൾ അവിടെ ചിറ്റൂർപുഴയായി. ചിറ്റൂർപുഴയിൽ അക്കാലത്തു പാലമുണ്ടായിരുന്നില്ല. കഴിഞ്ഞ രാത്രിയിൽ കലശലായിട്ടു മഴയുണ്ടായിരുന്നതിനാൽ പുഴയിൽ വെള്ളം സ്വല്പം പൊങ്ങിയിരുന്നു. അതിനാൽ നായർ ഭാര്യയോട്, "പുഴയിൽ വെള്ളം കുറച്ചധികമാണെന്നാണു തോന്നുന്നത്. അതിനാൽ ഇറങ്ങിക്കടക്കാമോ എന്നു ഞാനൊന്നിറങ്ങിനോക്കട്ടെ. ഞാൻ മടങ്ങിവന്നിട്ടു പിന്നെ നമുക്കൊരുമിച്ചുപോകാം. നേരം ഇരുട്ടിത്തുടങ്ങിയിരിക്കുന്നു. നീ തനിച്ച് ഇവിടെ നില്ക്കുമ്പോൾ വല്ലവരും വന്ന് ഈ ആഭരണങ്ങളഴിച്ചുകൊണ്ടുപോയെങ്കിൽ നീയെന്തു ചെയ്യും? അതുകൊണ്ട് അവയൊക്കെ അഴിച്ച് ഇങ്ങോട്ടു തന്നേയ്ക്കൂ. പുഴ കടന്നിട്ടു കെട്ടിയാൽ മതി" എന്നു പറഞ്ഞു. ശുദ്ധഹൃദയയായ ആ സ്ത്രീ അതു കേട്ടു സത്യമെന്നു വിചാരിച്ച് ആഭരണങ്ങളെല്ലാമഴിച്ചു വിശ്വാസപൂർവ്വം ഭർത്താവിന്റെ കൈയിൽക്കൊടുത്തു. ദുഷ്ടനും വഞ്ചകനുമായ ആ നായർ അവയെല്ലാം വാങ്ങി ഒരു മുണ്ടിൽപ്പൊതിഞ്ഞു കക്ഷത്തിൽവെച്ചുകൊണ്ടു പുഴയിലിറങ്ങി മറുകരയിലേക്കു പോയി. ആ സ്ത്രീ അവിടെ വളരെ നേരം നിന്നിട്ടും നായർ മടങ്ങിവന്നില്ല. നേരമേകദേശം പാതിരാവോടടുത്തു. ഘോരാന്ധകാരംകൊണ്ടു ദിക്കൊക്കെ മറഞ്ഞു. ഒന്നും കാണ്മാൻ വയ്യാതെയായി. അതികഠിനമായ മഴയും തുടങ്ങി. അപ്പോഴാണ് ആ അമ്മയുടെ മനസ്ഥിതി ഏതു പ്രകാരമായിരുന്നു എന്നു പറഞ്ഞറിയിക്കുന്നതിനു കായ്യം അസാദ്ധ്യംതന്നെ. ഭീതികൊണ്ടും വ്യസനംകൊണ്ടും ആ പതിവ്രത ഏറ്റവും പരവശയായിത്തീർന്നു എന്നു മാത്രം പറയാം. നിസ്സഹായയും ദുസ്സഹദുഃഖമഗ്നയുമായിത്തീർന്ന ആ സാധ്വി ഉടനെ തന്റെ പരദേവതയായ ഭഗവതിയെ ഭക്തി പാരവശ്യങ്ങളോടുകൂടി വിളിച്ചു കരഞ്ഞു പ്രാർത്ഥിച്ചുതുടങ്ങി. "അയ്യോ! അമ്മേ! നിസ്സഹായയായിത്തീർന്നിരിക്കുന്ന ഈ

Digitised By Kerala Sahitya Akademi

അഗതിയെ രക്ഷിക്കണെ. അമ്മയല്ലാതെ അടിയനു വേറെ ഒരു ശരണവുമില്ലെ. എന്റെ ചിറ്റൂർകാവിലമ്മേ! രക്ഷിക്കണെ, രക്ഷിക്കണെ" എന്നും മറ്റുമായിരുന്ന ആ അബല യുടെ വിളിയും പ്രാർത്ഥനയും. അങ്ങിനെ ആ സ്ത്രീ കുറച്ചു നേരം ദേവിയെ വിളീച്ചു പ്രാർത്ഥിച്ചപ്പോൾ ഒരു സ്ത്രീ ഒരു വിളക്കുംകൊണ്ടു് അവിടെയെത്തി ആ സ്ത്രീയോടു് "ഇനി ഇവിടെ എന്തിനു നില്ക്കുന്നു? നമുക്കു വീട്ടിലേയ്ക്കു പോകാം. നേരം പാതിരാവായിരിക്കുന്നു. അയാൾ ഈ ഇരുട്ടിലകപ്പെട്ടു വഴി തെറ്റി എവിടെയോ പോയി. നേരത്തെ അങ്ങു വരും" എന്നു പറഞ്ഞു. ആ സ്ത്രീ തന്റെ പെറ്റമ്മതന്നെയാണെന്നു തോന്നുകയാൽ മറ്റേ സ്ത്രീ സന്തോഷിച്ചു് അവരുടെ കൂടെ പ്പോയി. രണ്ടുപേരും തമ്മിൽ ഓരോ വർത്തമാനങ്ങളും പറ ഞ്ഞുകൊണ്ടു നടന്നു വീട്ടിലെത്തി വിളിച്ചു വാതിൽ തുറപ്പിച്ച പ്പോൾ ആ സ്ത്രീയുടെ സാക്ഷാൽ പെറ്റമ്മ അവിടെത്തന്നെ ഉണ്ടായിരുന്നു. പുഴക്കടവിൽനിന്നു് ആ സ്ത്രീയെ വീട്ടിൽ കൊണ്ടുചെന്നാക്കിയ അമ്മ അവരുടെ കൈയിലുണ്ടായിരുന്ന വിളക്കോടുകൂടി അപ്പോഴയ്ക്കും അദൃശ്യയായിത്തീരുകയും ചെയ്തു. പിന്നെ വീട്ടിലുണ്ടായിരുന്ന സാക്ഷാൽ അമ്മ മക ളോടു് അവർ ഭർത്താവോടുകൂടിപ്പോയിട്ടു പിന്നെയുണ്ടായ കഥ കളൊക്കെ ചോദിക്കുകയും മകൾ എല്ലാം വിസ്തരിച്ചു പറഞ്ഞു അമ്മയെ കേൾപ്പിക്കുകയും ചെയ്തു. വർത്തമാനങ്ങളെല്ലാം കേട്ട പ്പോൾ ആ അമ്മയ്ക്കു് ആഭരണങ്ങൾ പോയതുകൊണ്ടുള്ള സന്താപത്തെക്കാളധികം മകൾ ആപത്തൊന്നും കൂടാതെ മടങ്ങി വന്നുചേർന്നതുകൊണ്ടുള്ള സന്തോഷമാണുണ്ടായതു്.

പിറ്റേ ദിവസം നേരം വെളുത്തപ്പോൾ ആ നായർ ഒരു ഭ്രാന്തനേപ്പോലെ ഓടിവന്നു് ആ ആഭരണപ്പൊതി ആ വീട്ടി ലിട്ടിട്ടു് ഒന്നും മിണ്ടാതെ വന്നതുപോലെതന്നെ ഇറങ്ങി ഓടി പ്പോയി. പിന്നെ അയാളെക്കാണാനും അയാളെക്കുറിച്ചു് എന്തെങ്കിലും കേൾക്കാനും ആർക്കും സാധിച്ചിട്ടില്ല. നേരം കുറച്ചു പുലർന്നപ്പോഴയ്ക്കും ഈ വർത്തമാനങ്ങളെല്ലാം കണ്ണാ കണ്ണികയാ ആ ദേശത്തു് എല്ലാവരുമറിഞ്ഞു. ഉടനെ എല്ലാ. വരും ക്ഷേത്രസന്നിധിയിൽ കൂടി. അപ്പോഴയ്ക്കും വെളിച്ച പ്പാടും അവിടെ എത്തുകയും ഉടനെ വെളിപാടുണ്ടാവുകയും ജനങ്ങളോടു് "നിങ്ങളാരും ഒട്ടും സംശയിക്കേണ്ട. എന്നെ

Digitised By Kerala Sahitya Akademi

ഭക്തിപൂർവം സേവിച്ചുകൊണ്ടിരിക്കുന്ന എന്റെ മക്കൾ എന്നെ വിളിച്ചുകരഞ്ഞപ്പോൾ പുഴക്കടവിൽച്ചെന്ന് അവളെ വിളിച്ചുകൊണ്ടുപോയി അവളുടെ വീട്ടിലാക്കിയതു ഞാനാണു്. ആ വഞ്ചകനേക്കൊണ്ട് ആ ആഭരണങ്ങളെല്ലാം മടക്കിക്കൊടുപ്പിച്ചതും ഞാൻതന്നെ. ആ ദുഷ്ടന്റെ കഥ ഞാൻ കഴിച്ചിരിക്കുന്നു. അവന്റെ ശവംപോലും ആർക്കും കാണ്മാൻ കഴികയില്ല" എന്നു കല്പിക്കുകയും ചെയ്തു. ചിറ്റൂർകാവിൽ ഭഗവതിയുടെ ഭക്തവാത്സല്യം സീമാതീതമാണെന്നുള്ളതിനു് ഇതും ഒരുത്തമദൃഷ്ടാന്തമാണല്ലൊ.

വെളിച്ചപ്പാടിന്റെ കലിയടങ്ങിയതിന്റെ ശേഷം നാട്ടുകാരിൽ പ്രധാനന്മാരെല്ലാവരുംകൂടി നടയിൽ വെച്ചു "പെരുവെമ്പുദേശക്കാരായ നായന്മാരേക്കൊണ്ടു മേലാലൊരിക്കലും ചിറ്റൂർദേശത്തു സംബന്ധം ചെയ്യിക്കാൻ പാടില്ല" എന്നു നിശ്ചയം ചെയ്തു. ആ നിശ്ചയത്തെ ഇപ്പോഴും ആ നാട്ടുകാർ തെറ്റിപ്പെടുത്തീട്ടില്ല.

ചിറ്റൂർ ഭഗവതിയുടെ ഭക്തവാത്സല്യം അപരിമിതമാണെന്നു ജനങ്ങൾക്കു ബോധം വരത്തക്കവണ്ണം അവിടെ നടത്തീട്ടുള്ള മറെറാരു സംഗതിക്കൂടി ചുരുക്കത്തിൽ താഴെ പറഞ്ഞുകൊള്ളുന്നു.

ചിറ്റൂരുള്ള ഒരു നായർഗൃഹത്തിലെ 'കുപ്പാണ്ടി' എന്നു പേരായ ഒരു കുട്ടി ഒരുകൊല്ലം മണ്ഡലവിളക്കു കാണാനായി ഒരു ദിവസം ചില കൂട്ടുകാരോടുകൂടി അമ്പലത്തിലേയ്ക്കു പോയി. കുറച്ചുനേരം വിളക്കു കണ്ടുനിന്നപ്പോൾ ഉറക്കം കലശലായിട്ടുവരികയാൽ ആ കുട്ടി വടക്കേനടയിൽ ഒരു സ്ഥലത്തു ചെന്നുകിടന്നു സുഖമായിട്ടുറങ്ങി. വിളക്കു കഴിഞ്ഞിട്ടും കുപ്പാണ്ടി ഉണർന്നില്ല. വിളക്കു കഴിഞ്ഞപ്പോൾ ആളുകളൊക്കെ പിരിഞ്ഞുപോയി. കുപ്പാണ്ടിയുടെ കൂട്ടുകാരും കുട്ടിയെ വിളിക്കാനോർത്തില്ല. കുപ്പാണ്ടി ഉണർന്നുനോക്കിയപ്പോൾ അവിടെയെങ്ങും ആരുമില്ലായിരുന്നു. ആ പ്രദേശമെല്ലാം അന്ധകാരപൂർണ്ണവുമായിരുന്നു. അതിനാൽ കുപ്പാണ്ടി ഏറ്റവും ഭയവിഹ്വലതയോടെ "അമ്മേ! അമ്മേ!" എന്നു് ഉറക്കെ വിളിച്ചുകൊണ്ടു കരഞ്ഞുതുടങ്ങി. വീട്ടിൽക്കിടന്നുറങ്ങിയാലും ഉണരുമ്പോൾ അടുക്കലാരേയും കണ്ടില്ലെങ്കിൽ അമ്മ

Digitised By Kerala Sahitya Akademi

യെ വിളിച്ചു കരയുക പതിവായിരുന്നു. അതുപോലെ ഇവിടേയും ചെയ്തു എന്നേയുള്ളൂ. എങ്കിലും ആ കുട്ടിയുടെ അമ്മയ്ക്കു ഭഗവതിയേക്കുറിച്ചു് അളവറ ഭക്തിയും വിശ്വാസവുമുണ്ടായിരുന്നതിനാൽ ആ കുട്ടിയുടെ സങ്കടം ഭഗവതിക്കു് ഏറ്റവും ദുസ്സഹമായിത്തീർന്നു. കുപ്പാണ്ടി മേൽപ്രകാരം അമ്മയെ വിളിച്ചു കരഞ്ഞ ക്ഷണത്തിൽ ഒരു സ്ത്രീ ഒരു വിളക്കുമെടുത്തും കൊണ്ടു് അടുക്കൽച്ചെന്നു "നീയെന്തിനു കരയുന്നു? നമുക്കു വീട്ടിലേയ്ക്കു പോകാം" എന്നു പറഞ്ഞു. ആ ചെന്ന സ്ത്രീ സ്വന്തം അമ്മയാണെന്നു തോന്നുകയാൽ ആ കുട്ടി സന്തോഷം അവരുടെ കൂടെപ്പോയി. വഴിയിൽവെച്ചു കുട്ടി "അമ്മേ! എനിക്കു കലശലായിട്ടു വിശക്കുന്നു" എന്നു പറഞ്ഞതിനു മറുപടിയായിട്ടു് ആ സ്ത്രീ "വീട്ടിൽച്ചെന്നാൽ അതിനു വല്ലതും സമാധാനമുണ്ടാക്കാം" എന്നു പറഞ്ഞു. അങ്ങിനെ ഓരോന്നു പറഞ്ഞുംകൊണ്ടു് അവർ നടന്നു. വിളക്കു കഴിഞ്ഞു കുപ്പാണ്ടി മടങ്ങിയെത്താനുള്ള നേരമായിട്ടും കാണായ്കയാൽ വീട്ടിലുണ്ടായിരുന്നവർക്കു പരിഭ്രമമായി. അതിനാൽ അവിടെ നിന്നു ചിലർ വെളിച്ചവുംകൊണ്ടു കുപ്പാണ്ടിയെ അന്വേഷിച്ചു പുറപ്പെട്ടു. അവർ കുറച്ചു ദൂരം ചെന്നപ്പോൾ ഒരു സ്ത്രീ വെളിച്ചം കാണിച്ചു കുപ്പാണ്ടിയേയും കൊണ്ടുവരുന്നതു ദൂരെവെച്ചുതന്നെ കണ്ടു. അവർ അടുത്തു ചെന്നപ്പോൾ ആ സ്ത്രീ വെളിച്ചത്തോടുകൂടി അദൃശ്യയായിത്തീർന്നു. കുപ്പാണ്ടി മാത്രം വഴിയിൽ നില്ക്കുന്നുണ്ടായിരുന്നു. അതിനാലവർ കുട്ടിയേയും കൊണ്ടു വീട്ടിലെത്തി. അപ്പോൾ കുപ്പാണ്ടിയുടെ സാക്ഷാലമ്മ വീട്ടിലുണ്ടായിരുന്നു. ആ അമ്മ കുട്ടിയോടു "നീയാരുടെ കൂടെയാണു വന്നതു്?" എന്നു ചോദിച്ചു. അതിനു കുട്ടിയുടെ മറുപടി "അമ്മയല്ലേ വിളക്കുംകൊണ്ടുവന്നു് എന്നെക്കൊണ്ടുപോന്നതു്? പിന്നെ ഇങ്ങിനെ ചോദിക്കുന്നതെന്താണു്? വഴിയിൽവെച്ചു് എനിക്കു വിശക്കുന്നു എന്നു ഞാൻ പറഞ്ഞപ്പോൾ അതിനു വീട്ടിൽച്ചെന്നാൽ സമാധാനമുണ്ടാക്കാം എന്നു് അമ്മ പറഞ്ഞില്ലേ? ഇപ്പോൾ സമാധാനമുണ്ടാക്കാത്തതെന്താണു്?" എന്നായിരുന്നു. ഈ മറുപടി കേട്ടപ്പോൾ അവിടെ എല്ലാവരും വിസ്മയിക്കുകയും എല്ലാം ചിറവൂർകാവിലമ്മയുടെ മായാവിലാസംതന്നെയെന്നു തീർച്ച

Digitised By Kerala Sahitya Akademi

പ്പെട്ടുള്ളകയും ആ ദേവിയെ ഭക്തിപൂവ്വം മനസ്സുകൊണ്ടു നമസ്കരിക്കുകയും ചെയ്തു. പിന്നെ അവിടെയിരിപ്പുണ്ടായിരുന്ന പഴമൊ പലഹാരമൊ ഏതാണ്ടൊക്കെ കൊടുത്തു കുപ്പാണ്ടിയെ സമാധാനപ്പെടുത്തിയതിന്റെ ശേഷം എല്ലാവരും കിടന്നുറങ്ങി.

ഇനി ഇപ്രകാരമല്ലെങ്കിലും മറ്റൊരുപ്രകാരം ചിറ്റൂർ കാവിൽ ഭഗവതിയുടെ ഭക്തവാത്സല്യത്തിനു ദൃഷ്ടാന്തമായി അവിടെയുണ്ടായ മറ്റൊരു സംഗതി പറയാം. ചിറ്റൂർതന്നെയുള്ള ഒരു വീട്ടിൽ കുപ്പുഅമ്മ എന്നൊരു സ്ത്രീയുണ്ടായിരുന്നു. ആ സ്ത്രീ നല്ല പതിവ്രതയും സദ്വൃത്തയും ഭഗവതിയേക്കുറിച്ച് അളവറ്റ ഭക്തിയും വിശ്വാസവുമുള്ള കൂട്ടത്തിലുമായിരുന്നു. അവക്ക് ആ ദേശത്തുകാരൻതന്നെയായിരുന്ന ഒരു നാരായണമേനോൻ സംബന്ധംചെയ്ത ഭർത്താവായിത്തീർന്നു. അയ്യാൾ പ്രകൃത്യാ ഒരു വിടനായിരുന്നു. അതിനാലയ്യാൾ ആ ദേശത്തുതന്നെ ഉണ്ടായിരുന്ന മറ്റൊരു സ്ത്രീയിലും അനുരക്തനായിത്തീരുകയും ആ സ്ത്രീക്കും സംബന്ധം ചെയ്വാൻ ഉത്സാഹിച്ചുതുടങ്ങുകയും ചെയ്തു. ആ ഉത്സാഹം മൂക്കുമായപ്പോൾ ആ സ്ത്രീ അയ്യാളോടു "നിങ്ങൾക്ക് ഇപ്പോൾ ഒരു ഭാര്യയുണ്ടല്ലൊ, ഇനി ഒരു സംബന്ധംകൂടെച്ചെയ്യുന്നതു ന്യായമല്ല. എനിക്ക് ഒരു സപത്നിയായിരിക്കാൻ മനസ്സുമില്ല. എന്നുമാത്രമല്ല, ആ സംബന്ധമുള്ളപ്പോൾ നിങ്ങൾ ഈ പടിക്കകത്തു കടക്കാൻതന്നെ പാടില്ല" എന്നു പറഞ്ഞു. അപ്പോൾ ആ മേനോൻ "എന്നാലിസ്സംബന്ധം ഇന്നു മതിയാക്കിയേക്കാം" എന്നു പറഞ്ഞു പിരിഞ്ഞു. അന്നു രാത്രിയിൽത്തന്നെ മേനോൻ ഏകദേശം പത്തുമണിയായപ്പോൾ കുപ്പുഅമ്മയുടെ വീട്ടിലെത്തി ആ സാധ്വി ശൂദ്രനേ കുലടയാണെന്നു തനിക്ക് അറിവുകിട്ടിയിരിക്കുന്നു എന്നും അതിനാൽ താൻ സംബന്ധം മതിയാക്കിയിരിക്കുന്നു എന്നും മറ്റും പറഞ്ഞിട്ട് അവിടെനിന്ന് ഇറങ്ങിപ്പോയി. ഇതൊക്കെക്കേൾക്കുകയും ഭർത്താവു കലഹിച്ച് ഇറങ്ങിപ്പോവുകയും ചെയ്തപ്പോൾ കുപ്പുഅമ്മയ്ക്കു ദുസ്സഹമായ ദുഃഖമുണ്ടായി എന്നുള്ളതു പറയണമെന്നില്ലല്ലൊ. അവർ കണ്ണീരൊലിപ്പിച്ചു കരഞ്ഞുംകൊണ്ട് "എന്റെ

Digitised By Kerala Sahitya Akademi

ചിറ്റൂർകാവിലമ്മേ! ഈ അപവാദം പരസ്യപ്പെടാനിടയാക്കാതെ എന്നെയും എന്റെ ഭർത്താവിനേയും രക്ഷിക്കണെ" എന്നു പ്രാർത്ഥിച്ചു. മേനോൻ ആ വീട്ടിൽനിന്നിറങ്ങി കുറച്ചു ദൂരം പോയപ്പോൾ ചില ഭയങ്കരമൂർത്തികൾ അയാളേത്തട്ടുത്തു ഭയപ്പെടുത്തി തിരിയെ ഓടിച്ചു ഭാര്യാഗൃഹത്തിൽ കൊണ്ടു ചെന്നാക്കി. അയാൾ അവിടെച്ചെന്നു് ആരോടും ഒന്നും മിണ്ടാതെ അകത്തു കയറിക്കിടന്നു.

പിറേറ ദിവസം കാലത്തു കുപ്പുഅമ്മ പതിവുപോലെ കുളിച്ചു തൊഴാനായിട്ടു കാവിലെത്തി. പിന്നാലെ നാരായണമേനവനും അവിടെച്ചെന്നുചേർന്നു. അപ്പോൾ വെളിച്ചപ്പാടും അവിടെ വരികയും ഉടനെ വെളിപാടുണ്ടാവുകയും ചെയ്തു. വെളിച്ചപ്പാടു മേനവനോടു് "എന്റെ ഭക്തയും സതീർത്ഥ്യയുമായിരിക്കുന്ന മകളെക്കുറിച്ചു് ഇന്നലെ അപവാദങ്ങൾ പറഞ്ഞു രാത്രിയിൽ അവിടെനിന്നു് ഇറങ്ങിപ്പോയിട്ടു മടങ്ങി അങ്ങോട്ടുതന്നെ ചെന്നതെന്താണു്? വഴിയിൽവെച്ചു തടുത്തതും മടക്കിയയച്ചതും എന്റെ പരിവാരങ്ങളാണു്. ഇനിയൊരിക്കൽ ഇങ്ങിനെ പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ അവർ എന്റെ മകനെ ചീന്തി ചോര കുടിക്കും. ഓർമ്മ ഉണ്ടായിരിക്കട്ടെ" എന്നു കല്പിച്ചു. അതു കേട്ടു മേനോൻ ഏറ്റവും ഭയത്തോടും ഭക്തിയോടും കൂടി "പൊന്നമ്മേ! സമസ്താപരാധങ്ങളും പൊറുത്തു രക്ഷിക്കണം. ഇനി ഒരിക്കലും അങ്ങിനെ പറയുകയും പ്രവർത്തിക്കുകയും ചെയ്കയില്ല" എന്നണഞ്ഞു. ഉടനെ വെളിച്ചപ്പാടു "നല്ല നിശ്ചയമുണ്ടെങ്കിൽ എന്റെ ആയുധം തൊട്ടു് അങ്ങിനെ സത്യംചെയ്യുക" എന്നു കല്പിച്ചിട്ടു നാന്ദകം വാൾ നീട്ടിക്കാണിച്ചു. ഉടനെ മേനോൻ ആ പള്ളിവാൾ തൊട്ടുകൊണ്ടു "ഞാൻ ഇന്നലെ പറയുകയും പ്രവർത്തിക്കുകയും ചെയ്തതുപോലെ ഇനി ചെയ്കയില്ല" എന്നു സത്യംചെയ്തു. ഉടനെ വെളിച്ചപ്പാടിന്റെ കലിയടങ്ങുകയും എല്ലാവരും പിരിഞ്ഞുപോവുകയും ചെയ്തു. കുപ്പുഅമ്മയ്ക്കു് അപ്പോളുണ്ടായ സന്തോഷവും മേനോനുണ്ടായ ലജ്ജയും എത്രമാത്രമായിരുന്നു എന്നു പറയാൻ പ്രയാസം. മേനോൻ പിന്നെ വിടതപം വിട്ടു കുപ്പുഅമ്മയുടെ സംബന്ധം മുറയ്ക്കു നടത്തിക്കൊണ്ടിരുന്നു.

Digitised By Kerala Sahitya Akademi

പണ്ടു ചിറ്റൂരുണ്ടായിരുന്ന പരദേശബ്രാഹ്മണക്കു് (പട്ടന്മാക്കു്) ആ കാവിലെ ഭഗവതിയെക്കുറിച്ചു ഭക്തിയുണ്ടായിരുന്നില്ല; എന്നു മാത്രമല്ല കുറേശ്ശെ പുച്ഛമുണ്ടായിരിക്കുകയും ചെയ്തു. അവിടെയുള്ള ഈ ക്ഷേത്രത്തിലെ ഭഗവതിക്കു മദ്യവും മാംസവും നിവേദിക്കുകയും നായന്മാർ പൂജ കഴിക്കുകയും ചെയ്യുന്നതുകൊണ്ടായിരുന്നു അവക്കു പുച്ഛം. അവിടെയുള്ള ലങ്കേശ്വരം ഗ്രാമത്തിലെ ശിവനെ മാത്രമേ അവർ വന്ദിച്ചിരുന്നുള്ളു. ആ ശിവക്ഷേത്രത്തിൽ വേണ്ടുന്ന കായ്ക്കളെല്ലാം അവർക്രൂടി ശ്രമിച്ചു നടത്തിയിരുന്നു എന്നല്ല, ഇപ്പോഴും നടത്തുന്നുമുണ്ടു്. ആ ശിവക്ഷേത്രത്തിൽ ആണ്ടുതോറും ധനുമാസത്തിൽ തിരുവാതിരനാൾ പതിവുള്ള രഥോത്സവത്തിൽ ഊരുവലത്തിനു രഥം വലിച്ചുകൊണ്ടുപോവുകതന്നെ ഈ ബ്രാഹ്മണരാണു പതിവു്.

ഒരാണ്ടിൽ ഊരു വലത്തിനു രഥം വലിച്ചുകൊണ്ടു ഭഗവതീക്ഷേത്രത്തിന്റെ വടക്കെ നടയിലെത്തിയപ്പോൾ അവിടെ റോഡിൽ നിന്നിരുന്ന ദേവീഭക്തന്മാരായ ചില നായന്മാരോടു് ഒരു പട്ടർ "നിങ്ങളുടെ കള്ളുകുടിക്കുന്ന തള്ള യ്ക്കു ശക്തിയുണ്ടെങ്കിൽ ഈ രഥം ഇവിടെനിന്നിളകാതെ ഇവിടെ നിൽക്കട്ടെ" എന്നു പറഞ്ഞു. ഉടനെ തേരവിടെ നിന്നു. അവിടെ നിന്നു് ആ രഥം ഇളക്കിക്കൊണ്ടുപോകുന്നതിനു് ആ ദേശത്തുണ്ടായിരുന്ന ബ്രാഹ്മണരെല്ലാവരും ക്രൂടി ഉന്തിയും തള്ളിയും പിടിച്ചും വലിച്ചും വളരെ ശ്രമിച്ചു നോക്കി. എങ്കിലും രഥം അവിടെനിന്നു കടുകിട മാറിയില്ല. പിന്നെ അവർ ആനകളേക്കൊണ്ടുവന്നു തള്ളിച്ചുനോക്കി. നാലഞ്ചു വലിയ ആനകൾ മസ്തകംവച്ചു തള്ളീട്ടും മസ്തകം പൊട്ടി ചോര ഒലിച്ചുതുടങ്ങിയതല്ലാതെ തേരു ലേശംപോലു മിളകിയില്ല. എന്നു മാത്രമല്ല ദേവിയെ നിന്ദിച്ചു ചറഞ്ഞ ആ പട്ടർക്കും അപ്പോഴയ്ക്കും ശ്വാസംമുട്ടി വയർ വീർത്തുതുടങ്ങി. അദ്ദേഹത്തിനു് അവിടെ നില്ക്കാൻ വയ്യാതെയായിട്ടു് അദ്ദേഹം മഠത്തിലേയ്ക്കു പോയി. അപ്പോഴയ്ക്കും സുഖക്കേടുകൾ കൂടി കലശലായി. മലവും മൂത്രവും പോകാതേയും വീർപ്പുമുട്ടിയും വയർ വീർത്തും കുളിച്ചുപോലെ ദേഹം വിയർത്തും പട്ടർ ഏറ്റവും പരവശനായി നിലത്തുകിടന്നു് ഉരുണ്ടുതുടങ്ങി.

Digitised By Kerala Sahitya Akademi

ചെന്ന കണ്ടവക്കൊക്കെ അദ്ദേഹം അപ്പോൾ മരിക്കുമെന്നു തോന്നി. അപ്പോൾ ചിലർ "ഇതു ഭഗവതിയെ നിന്ദിച്ചു പറഞ്ഞതിന്റെ ഫലമാണു് അവിടെത്തന്നെ ചെന്നപേക്ഷിച്ചാലല്ലാതെ ഇതിനു സമാധാനമുണ്ടാവുകയില്ല" എന്നു പറഞ്ഞു. ഉടനെ ആ പട്ടരുടെ ബന്ധുക്കളായ ചിലർ കാവിലേയ്ക്കു് ഓടിപ്പോയി. അവർ നടയിൽചെന്നു് അപേക്ഷിച്ചു. ഉടനെ വെളിച്ചപ്പാടു് അവിടെ വരികയും വെളിപാടുണ്ടാവുകയും ചെയ്തു. അപ്പോൾ അവിടെച്ചെന്നിരുന്നവർ "പൊന്നുതമ്പുരാട്ടീ! സർവ്വാപരാധങ്ങളും പൊറുത്തു രക്ഷിക്കണം. അയാൾ അറിവില്ലായ്കകൊണ്ടു് അങ്ങിനെയൊക്കെ പറഞ്ഞതാണു്" എന്നുണർത്തിച്ചു. അപ്പോൾ "എന്നെ നിന്ദിച്ചതുകൊണ്ടു് എനിക്കൊന്നുമില്ല. ആ വാക്കുകൾ എന്റെ ഭക്തന്മാരായ മക്കൾക്കു വലിയ സങ്കടമുണ്ടാക്കി. അതാണു് എനിക്കു ദുസ്സഹദുഃഖകാരണമായിത്തീർന്നതു്. രഥം പിടിച്ചു നിർത്തിയിരിക്കുന്നതു് എന്റെ പരിവാരങ്ങളാണു്. അവക്കു് എന്നെ നിന്ദിച്ച ആ ആളുടെ പുത്രനെ വെട്ടിബലികൊടുത്തല്ലാതെ രഥം ഇളകുകയും ഈ ആളുടെ സുഖക്കേടു മാറുകയുമില്ല. അങ്ങിനെ ചെയ്തില്ലെങ്കിൽ ആ ആളുടെ കഥ ഇന്നു കഴിയും" എന്നാണു കല്പനയുണ്ടായതു് ഈ കല്പന കേട്ടപ്പോൾ ആ ബന്ധുജനങ്ങൾക്കു് അളവറ്റ സങ്കടമുണ്ടായി. ആ ബ്രാഹ്മണനു പുരുഷസന്താനമായിട്ടു് ഈ ഒരു കുട്ടിമാത്രമേ ഉണ്ടായിരുന്നുള്ളു. ആ കുട്ടിയുടെ കഥ കഴിക്കുകയെന്നുള്ള കായ്യം അവക്കു് എങ്ങിനെ സഹ്യമായിത്തീരും? എങ്കിലും പിന്നെ അവക്കു് ഒന്നു തോന്നി. അതെങ്ങിനെയെന്നാൽ "കല്പനപോലെ ചെയ്യാതെയിരുന്നാൽ ഒരു സമയം അച്ഛന്റേയും മകന്റേയും കഥ കഴിഞ്ഞുപോയി എന്നു വന്നേയ്ക്കാം. മകൻ പോയാലും അച്ഛൻ ജീവിച്ചിരുന്നാൽ ഭഗവതിയുടെ കൃപകൊണ്ടു് അദ്ദേഹത്തിനു പിന്നേയും പുത്രന്മാരുണ്ടാകാം" ഇങ്ങിനെ അവർ ആലോചിച്ചു നിശ്ചയിച്ചു മഠത്തിൽ ചെന്നു് ആ സുഖക്കേടായിക്കിടന്നിരുന്ന ബ്രാഹ്മണനോടും ഈ സംഗതികളെല്ലാം പറഞ്ഞു. അവർ പറഞ്ഞതെല്ലാം അദ്ദേഹവും സമ്മതിച്ചു. അപ്പോഴയ്ക്കും അദ്ദേഹത്തിനു കുറച്ചു സുഖമായി. പിന്നെ അവരെല്ലാവരും കൂടി

Digitised By Kerala Sahitya Akademi

കുട്ടിയേയുംകൊണ്ടു ക്ഷേത്രത്തിലെത്തി. അപ്പോഴും വെളിച്ചപ്പാടിന്റെ കലി അടങ്ങിയിട്ടില്ലായിരുന്നു. വെളിച്ചപ്പാട് ഇവരെക്കണ്ടപ്പോൾ "എന്താ ഞാൻ പറഞ്ഞതുപോലെ ചെയ്യാൻ സമ്മതമാണോ?" എന്നു ചോദിച്ചു. അപ്പോൾ സുഖക്കേടായിരുന്ന ആ ബ്രാഹ്മണൻ "പൂർണ്ണസമ്മതമാണു്, കല്പനപോലെ ചെയ്യാം കുട്ടിയെ ഇതാ കൊണ്ടുവന്നിട്ടുണ്ടു്" എന്നറിയിച്ചു. അതു കേട്ട വെളിച്ചപ്പാട് ഒന്നു ചിരിച്ചിട്ടു "മതി മതി. ഇതുയും മതി. ഇനി നരബലി വേണ്ട. അതു ഞാൻ സ്വീകരിച്ചിരിക്കുന്നു ഈ നരബലിക്കു പകരം ഒരു മൃഗബലി മതി. ഒരാടിനെക്കൊണ്ടുവന്നു് ആ സ്ഥലത്തുവെച്ചു വെട്ടി എന്റെ പരിവാരങ്ങൾക്കു ബലികൊടുത്താൽ രഥമിളകി മുറയ്ക്കു പൊയ്ക്കൊള്ളും. എന്നാൽ ആണ്ടുതോറും രഥമിവിടെ വരുമ്പോൾ അപ്രകാരം ചെയ്തുകൊള്ളണം. അങ്ങിനെ ചെയ്യാതിരുന്നാൽ ഇപ്രകാരം ദുഷ്ടമായിത്തീരും" എന്നു കല്പിച്ചു. ഉടനെ ആ ബ്രാഹ്മണർ പോയി ഒരാടിനെക്കൊണ്ടുവന്നു ദേവിയുടെ പരിവാരമൂർത്തികൾക്കെന്നു സങ്കല്പിച്ചു് ആ സ്ഥലത്തുവെച്ചു വെട്ടിച്ചു. തൽക്ഷണം രഥമിളകിപ്പോവുകയും ആ പട്ടക്കു സുഖമാവുകയും ചെയ്തു. ആ ദേശത്തു താമസക്കാരായിരുന്ന പരദേശബ്രാഹ്മണക്കു് ആ ഭഗവതിയെക്കുറിച്ചുണ്ടായിരുന്ന പുച്ഛമെല്ലാം അന്നസ്തമിച്ചു. അവർ വലിയ ദേവീഭക്തന്മാരായിത്തീരുകയും ചെയ്തു. ഇപ്പോഴും ആണ്ടുതോറും രഥോത്സവത്തിൽ രഥം വടക്കെ നടയിൽ വരുമ്പോൾ അവിടെവച്ചു് ഒരാടിനെ വെട്ടുക പതിവാണു്.

ഭക്തിഹീനന്മാരും ദുഷ്ടന്മാരുമായ ആളുകളെ നല്ല പാഠം പഠിപ്പിച്ചു ഭക്തന്മാരും ശിഷ്ടന്മാരുമാക്കിത്തീർക്കുന്നതിനു ചിറ്റൂർകാവിൽ ഭഗവതിക്കുള്ള വൈഭവം അപരിമിതംതന്നെയാണു്. ചിറ്റൂർകാവിൽ ആണ്ടുതോറും കൊണ്ടാടപ്പെടുന്ന എന്നൊരാഘോഷം നടത്തുക പതിവാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതു നടത്തുന്നതിനു ദേശക്കാരെല്ലാവരുംകൂടി നാലുവീട്ടിൽ മേനോന്മാരേയാണു ചുമതലപ്പെടുത്തിയിരിക്കുന്നതു്. അവർ അതിലേയ്ക്കു വേണ്ടുന്ന പണം ദേശക്കാരിൽനിന്നു പിരിച്ചെടുത്താണു് അതു നടത്തുക പതിവു്. പണം കൊടുക്കാൻ നിവൃത്തിയില്ലാത്തവർ അവിടെ ആവശ്യമുള്ള ഊഴിയവേല എന്തെ

Digitised By Kerala Sahitya Akademi

ങ്കിലും ചെയ്താലും മതിയെന്നും വെച്ചിട്ടുണ്ട്. ഊഴിയവേല ചെയ്യാതേയും പണം കൊടുക്കാതേയുമിരിക്കുന്നവരുടെ വീടുകളിൽനിന്ന് അവർ കൊടുക്കേണ്ടുന്ന പണത്തോളം വിലവരുന്ന ഏതെങ്കിലും സാധനങ്ങൾ എടുത്തുകൊണ്ടുപോരുന്നതിനും ആ മേനോന്മാരെ ദേശക്കാരധികാരപ്പെടുത്തീട്ടുമുണ്ട്.

ഇങ്ങിനെയിരിക്കെ ഒരാണ്ടിൽ ചില വീട്ടുകാർ ഊഴിയവേലകൾക്കു ചെല്ലുകയും പണം കൊടുക്കുകയും ചെയ്തില്ല. അതിനാൽ നാലുവീട്ടിൽ മേനോന്മാർ ആ വീടുകളിൽ ചെന്നു ചില സാധനങ്ങൾ എടുത്തുകൊണ്ടു പോന്നു. ആ വീട്ടുകാർ ഈ മേനോന്മാരുടെ പേരിൽ ഭവനഭേദനത്തിനും കൈയ്യേറാത്തിനുമായി മജിസ്രൂട്ടുകോർട്ടിൽ അന്യായം കൊടുത്തു. കേസ്സു വിചാരണദിവസം കാലത്തു കാവിൽ വെളിച്ചപ്പാടു ചെല്ലുകയും വെളിപാടുണ്ടാവുകയും ചെയ്തു. ഉടനെ മജിസ്രൂട്ടിനെ വിളിച്ചുകൊണ്ടുവരുവാൻ കല്പിച്ചു. അതു കേട്ട് ഒരാൾ ഓടിച്ചെന്നു വിവരം മജിസ്രൂട്ടിനെ ഗ്രഹിപ്പിച്ചു. അതു കേട്ട മജിസ്രൂട്ട് "എനിക്ക് അവിടെ വന്നിട്ടു കായ്യമൊന്നുമില്ല. എനിക്കു ജോലി കച്ചേരിയിലാണ്" എന്നു പറഞ്ഞയച്ചു. പിന്നേയും കല്പിച്ചാളെ അയച്ചു. അതുകൊണ്ടും മജിസ്രൂട്ട് ഇളകിയില്ല. പിന്നേയും കല്പിച്ചാളെ അയച്ചു. അപ്പോഴയ്ക്കും മജിസ്രൂട്ടു കച്ചേരിക്കു പോകാനായി വണ്ടിയിൽക്കയറി യാത്രയായിക്കഴിഞ്ഞു. മജിസ്രൂട്ടിന്റെ വണ്ടി ഏകദേശം ക്ഷേത്രനടയ്ക്കലായപ്പോളാണു മൂന്നാമത്തെ ആൾ ചെന്നു പറഞ്ഞതു് ഉടനെ മജിസ്രൂട്ടു കോപത്തോടുകൂടി "ഇതൊരു നാശമായിത്തീർന്നല്ലൊ" എന്നു പറഞ്ഞു വണ്ടിയിൽനിന്നിറങ്ങി വെളിച്ചപ്പാടിന്റെ അടുക്കൽ ചെന്നു് "എന്തിനാണു് എന്നെ വിളിപ്പിച്ചതു്? എന്നോടൊണ്ടു് ഇവിടെ എന്താ കായ്യം?" എന്നു ചോദിച്ചു. ഉടനെ വെളിച്ചപ്പാടു്" എന്റെ മക്കളുടെ പേരിൽ ഉടയതിന്റെ അടുക്കൽ (വെളിപാടുണ്ടായാൽ ദേശക്കാരെ മക്കളെന്നും ഉദ്യോഗസ്ഥന്മാരെ ഉടയതെന്നുമാണു് അവിടെ പറയുക പതിവു്) ഒരു പരാതി വന്നിട്ടുണ്ടല്ലൊ; ആ കായ്യം ഞാനിവിടെ തീർച്ചയാക്കിക്കൊള്ളാം. ഉടയതു് അതിനൊന്നും ചെയ്യണമെന്നില്ല" എന്നു കല്പിച്ചു. അപ്പോൾ മജിസ്രൂട്ടു് "ഇങ്ങിനെയുള്ള കായ്യങ്ങൾ തീർച്ചയാക്കാൻ ഇവിടെ അധി

Digitised By Kerala Sahitya Akademi

കാരമുണ്ടെന്നു ഞാനറിഞ്ഞിട്ടില്ല. അങ്ങിനേ വല്ല തിട്ടരമൊ ഉത്തരവൊ ഉണ്ടെങ്കിൽ അതു കാണിക്കണം. അല്ലെങ്കിൽ ന്യായംപോലെ ഞാൻ തീച്ചയാക്കാം" എന്നു പറഞ്ഞിട്ടു വണ്ടിയിൽക്കയറിപ്പോയി. കുറച്ചു ദൂരം പോയപ്പോൾ വണ്ടിയുടെ അച്ചുതണ്ടു് ഒടിയുകയും മജിസ്രേട്ടു താഴെ വീഴുകയും ചെയ്തു. മജിസ്രേട്ടിനു വലിയ കേടൊന്നും പറ്റിയില്ല. കാലിനു സ്വല്പം പരുക്കു പറ്റിയതേയുള്ളു. വണ്ടിക്കു കേടും കാലിനു പരുക്കും പറ്റിയപ്പോഴയ്ക്കും മജിസ്രേട്ടിനു കോപം കലശലായി. "നാലുവീട്ടിൽ മേനോന്മാരെ ഇതിനാലെ നല്ല പാഠം പഠിപ്പിച്ചേക്കാം" എന്നു തീച്ചപ്പെടുത്തിക്കൊണ്ടു് ഒരു വിധം നടന്നു കച്ചേരിയിലെത്തി. അപ്പോഴയ്ക്കും അദ്ദേഹത്തിന്റെ വീട്ടിൽനിന്നു് ഒരാൾ ഓടി കച്ചേരിയിലെത്തി വീട്ടിൽ എല്ലാവർക്കും വിഷൂചിക തുടങ്ങിയിരിക്കുന്നുവെന്നും ക്ഷണത്തിൽ വീട്ടിലേക്കു ചെല്ലണമെന്നും ഗ്രഹിപ്പിച്ചു. ഉടനെ മജിസ്രേട്ടു കച്ചേരിയിൽനിന്നിറങ്ങി പതുക്കെപ്പതുക്കെ നടന്നു വീട്ടിലെത്തി. അപ്പോളവിടെ അദ്ദേഹത്തിന്റെ ഭാര്യയും മക്കളും ഭാര്യയുടെ അമ്മയും ഭൃത്യന്മാരുമെല്ലാം അതിസാരവും ഛർദ്ദിയും ഉരുണ്ടുകേറ്റവും കലശലായിട്ടു് ഉറക്കെ നിലവിളിച്ചുകൊണ്ടു കിടന്നുരുളുന്നതായിട്ടാണു് അദ്ദേഹം കണ്ടതു്. ഈ കാഴ്ച കണ്ടപ്പോഴത്തനൊ മജിസ്രേട്ടിന്റെ കോപമൊക്കെപ്പോയി താപം മനസ്സിൽ നിറഞ്ഞു. എന്നു മാത്രമല്ല, അദ്ദേഹത്തിനും വയറടച്ചുവീക്കുകയും കുറേശ്ശെ ഓക്കാനം വന്നുതുടങ്ങുകയും ചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ "ഇതു് അകപ്പാടെ കണ്ടിട്ടു ചിറ്റൂർകാവിൽബ്ഭഗവതിയുടെ മായാപ്രയോഗമാണെന്നാണു തോന്നുന്നതു്. അതിനാൽ ഇതിനു സമാധാനമുണ്ടാകണമെങ്കിൽ ആ ദേവിതന്നെ വിചാരിക്കണം. അല്ലാതെ ആരു വിചാരിച്ചാലും ഫലമുണ്ടാകുമെന്നു തോന്നുന്നില്ല. അതിനാൽ ദേവിയെത്തന്നെ ശരണം പ്രാപിക്കണം. നമുക്കു കാവിലേയ്ക്കു പോകാം. ഞാൻ ക്രൂടെ വരാം" എന്നു പറഞ്ഞു. മജിസ്രേട്ടു് അതു സമ്മതിക്കുകയും അവർ രണ്ടുപേരുംകൂടി കാവിലേക്കു പോകുകയും ചെയ്തു. അവരവിടെ ചെന്നപ്പോഴും വെളിച്ചപ്പാടു തുള്ളിക്കൊണ്ടുതന്നെ അവിടെ നില്ക്കുന്നുണ്ടായി

Digitised By Kerala Sahitya Akademi

രുന്നു. വെളിച്ചപ്പാടു മജിസ്രേട്ടിനെ കണ്ടപ്പോൾ "ഉടയതിന്ന് ഇവിടെ വന്നിട്ടു കായ്മുമൊന്നുമില്ലെന്നല്ലെ കാലത്തു പറഞ്ഞതു്? ഇപ്പോൾ കായ്മുണ്ടായോ?" എന്നു ചോദിച്ചു. ഉടനെ മജിസ്രേട്ടു "പൊന്നുതമ്പുരാട്ടീ! ലോകമാതാവേ!! സമസ്താപരാധങ്ങളും പൊറുത്തു രക്ഷിക്കണേ; ഇവിടുന്നല്ലാതെ ഇയ്യുള്ളവക്കു വേറെ ഒരു ശരണവുമില്ല" എന്നു പറഞ്ഞുകൊണ്ടു് അവിടെ വീണു നമസ്കരിച്ചു. അപ്പോൾ വെളിച്ചപ്പാടു് ഒരു പിടി ഭസ്മം വാരി മജിസ്രേട്ടിന്റെ തലയിലിട്ടിട്ടു് "ആട്ടെ ഈ പ്രാവശ്യം ഞാൻ ക്ഷമിച്ചിരിക്കുന്നു. ഇനി ഇങ്ങിനെ വരരുതു്, പൊയ്ക്കോള്ളൂ. ഇനി ഒട്ടും ഭയപ്പെടുകയും സംശയിക്കുകയും വേണ്ട. എല്ലാവക്കും ഇപ്പോൾ സുഖമാകും" എന്നു കല്പിക്കുകയും വീട്ടിൽ കിടക്കുന്നവരുടേയും തലയിലിടാനായി ഒരു പിടി ഭസ്മം അങ്ങോട്ടു കൊടുത്തയയ്ക്കുകയും ചെയ്തു. വെളിച്ചപ്പാടു ഭസ്മമിട്ടപ്പോൾത്തന്നെ മജിസ്രേട്ടിനു സുഖമായി. കൊടുത്തയച്ച ഭസ്മം കൊണ്ടുചെന്നു തലയിലിട്ടപ്പോൾ വീട്ടിൽ കിടന്നിരുന്നവക്കും സുഖമായി. മജിസ്രേട്ടും വീട്ടിലുണ്ടായിരുന്നവരുമെല്ലാം പിറേറദിവസം കാലത്തെ കുളിച്ചു കാവിൽ ചെന്നു തൊഴുതു പല വഴിപാടുകളും കഴിച്ചു. അന്നു് ആ മജിസ്രേട്ടു നടയ്ക്കുവെച്ച സ്വർണ്ണമാല ഇപ്പോഴും അവിടെ കാണ്മാനുണ്ടു്. ആ മജിസ്രേട്ടിനു പിന്നെ ആജീവനാന്തം ആ ഭഗവതിയെക്കുറിച്ചു് അളവററ ഭക്തിയും വിശ്വാസവുമുണ്ടായിരുന്നു. ചിറയ്ൻകാവിൽബ്ഭഗവതിയുടെ പ്രതിഷ്ഠ രണ്ടു സ്ഥലത്തുണ്ടെന്നും അവയിൽ ഒരു സ്ഥലത്തു ശാന്തി (പൂജ) നടത്തുന്നതു ബ്രാഹ്മണരാണെന്നും, അവിടെ എല്ലാ ദിവസങ്ങളിലും പൂജ പതിവുണ്ടെന്നും മറേറ സ്ഥലത്തു ചൊവ്വാ, വെള്ളി ഈ ആഴ്ചകളിൽ മാത്രമേ പൂജയുള്ളൂ എന്നും അതു നടത്തുന്നതു നായന്മാർ (കുളങ്ങരവീട്ടുകാർ) ആണെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ.

ഒരു കാലത്തു് ആ താലൂക്കിൽ താസീൽദാരും മജിസ്രേട്ടുമായിരുന്ന ഉദ്യോഗസ്ഥൻ ഒരു ഞായറാഴ്ചദിവസം ക്ഷേത്രത്തിൽത്തൊഴാനായിച്ചെന്നപ്പോൾ അവിടെ ഒരു ശ്രീകോവിൽ തുറക്കാതെയും വിളക്കു വെയ്ക്കാതെയും കിടക്കുന്നതു കണ്ടിട്ടു് അതിന്റെ കാരണവും അവിടത്തെ പതിവുകളു

Digitised By Kerala Sahitya Akademi

മെല്ലാം ചിലരോടു ചോദിച്ചറിയുകയും "ഇവിടെ നായരുടെ ശാന്തി മാറുകയും മംഗലാപുരത്തുനിന്ന് എന്പ്രാന്മാരെ വരുത്തി ശാന്തിക്കാക്കുകയും പൂജ ദിവസംതോറുംതന്നെ അക്കുകയും ചെയ്യേണ്ടതാണു"" എന്നു മനസ്സിൽ വിചാരിക്കുകയും ചെയ്തുകൊണ്ടു മടങ്ങിപ്പോയി.

അടുത്ത ചൊവ്വാഴ്ചദിവസം വെളിച്ചപ്പാടു ക്ഷേത്രത്തിൽ ചെല്ലുകയും ഉടനെ വെളിപാടുണ്ടാവുകയും ചെയ്തു. അപ്പോൾ താസീൽദാരും അവിടെയെത്തി വിനയാദരഭാവത്തോടുകൂടി ഒതുങ്ങിനിന്നു. അതു കണ്ടു വെളിച്ചപ്പാടു താസീൽദാരുടെ അടുക്കൽച്ചെന്നു് "ഉടയതിനു ഞാനോ നാട്ടുകാരോ വേണ്ടതു്?" എന്നു ചോദിച്ചു. അതിനു മറുപടിയായിട്ടു താസീൽദാർ "രണ്ടും വേണം" എന്നു പറഞ്ഞു. അപ്പോൾ വെളിച്ചപ്പാടു് "എന്നാൽ ഇപ്പോഴത്തെ സ്ഥിതിയിൽത്തന്നെ ഇരുന്നാൽ മതി. പരദേശികളെക്കൊണ്ടു പൂജ നടത്തിച്ചാൽ നാട്ടുകാർ നശിക്കും. ഇപ്പോഴത്തെ ശാന്തിക്കാരനെക്കൊണ്ടു ദിവസംതോറും പൂജ നടത്തിച്ചാൽ ഞാനിവിടെ ഇല്ലാതെയാകും" എന്നു കല്പിച്ചു. അതു കേട്ടപ്പോൾ താസീൽദാർ താനാരോടും പറയാതെ മനസ്സിൽ വിചാരിക്കുക മാത്രം ചെയ്തുകായ്യം ദേവി അറിഞ്ഞുവല്ലോ എന്നു വിചാരിച്ചു വിസ്മയിക്കുകയും അദ്ദേഹത്തിനു ഭഗവതിയേക്കുറിച്ചു മുമ്പുണ്ടായിരുന്ന ഭക്തിയും വിശ്വാസവും ദൃഢീഭവിക്കുകയും ചെയ്തു. ഭഗവതിയുടെ ഹിതത്തിനു വിരോധമായി താൻ വിചാരിച്ചുപോയല്ലോ എന്നു വിചാരിച്ചു് അദ്ദേഹം അതിനു പ്രായശ്ചിത്തമായി അവിടെ ചില വഴിപാടുകൾ നടത്തുകയും ചെയ്തിട്ടാണു് മടങ്ങിപ്പോയതു്.

കൊല്ലം ഫാന്യവ, ന്യൻ ആയിടയ്ക്കു ചിറ്റൂർദേശത്തു നടപ്പുദീനം.(വിഷൂചിക) കൂടെക്കൂടി ആരംഭിച്ചു. ആദ്യം അതിനെ ആരും അത്ര വകവെച്ചില്ല. ക്രമേണ അതു ജനങ്ങളുടെ ഇടയിൽ പടർന്നുപിടിച്ചു ദിവസംതോറും മരണം വർദ്ധിച്ചുതുടങ്ങി. അപ്പോൾ ജനങ്ങൾ കൂട്ടംകൂടി ക്ഷേത്രനടയിൽച്ചെന്നു "പൊന്നമ്മേ! തമ്പുരാട്ടീ! സങ്കടം തീർത്തു രക്ഷിക്കണേ" എന്നു പ്രാർത്ഥിച്ചു. ഉടനെ വെളിച്ചപ്പാടു തുള്ളി ദേശത്തിന്റെ

Digitised By Kerala Sahitya Akademi

നാലതുത്തികളിലും ചെന്ന് അരിവാരിയെറിഞ്ഞു. അന്നു മുതൽ ആ സാംക്രമികരോഗം ശമിച്ചുതുടങ്ങി. അതിൽപ്പിന്നെ അക്കാലത്ത് ആ രോഗംകൊണ്ട് ആ ദേശത്ത് ആരും മരിച്ചില്ല.

ചിറവൂരിനു സമീപം ബ്രിട്ടീഷുമലബാറിൽ ഒരു പ്രദേശത്തു "കണ്ടത്താർ" (കണ്ടത്തു രാമൻനായരു്) എന്നു പ്രസിദ്ധനായിട്ട് ഒരു ഉമ്മന്ത്രവാദിയുണ്ടായിരുന്നു. അയാൾ മരിച്ചതിന്റെ ശേഷം അയാളുടെ പ്രേതാത്മാവു് ആ ദേശത്തെന്നല്ല ആ വീട്ടുകാരേയും ഉപദ്രവിച്ചു തുടങ്ങി.

"ആബ്ദമീക്ഷാദി ലോപേന
പ്രേതായാന്തി പിശാചതാം
സ്വജനാൻ ബാധമാനാസ്തേ
വിചരന്തി മഹീതലേ"

എന്നുണ്ടല്ലോ. അതിനാൽ ആ വീട്ടുകാർ ഒരു പ്രതിമയുണ്ടാക്കിച്ചു കണ്ടത്താരേ ആ പ്രതിമയിന്മേലാവാഹിച്ചു കുടിയിരുത്തി പൂജിച്ചുകൊണ്ടിരുന്നു. അപ്പോൾ അയാളുടെ ഉപദ്രവം ഒരുവിധം ശമിച്ചു. എങ്കിലും ജനങ്ങൾ തമ്മിൽ പിണങ്ങിയാൽ ഒരു കൂട്ടക്കാർ എതിരാളികളെ ഉപദ്രവിക്കാൻ കണ്ടത്താരെ ധ്യാനിച്ചു പ്രാർത്ഥിച്ചാൽ അയാൾ ചെന്ന് ആ വിരോധികളെ ഉപദ്രവിക്കുക പതിവായിരുന്നു. അങ്ങിനെ ആരെങ്കിലും പ്രാർത്ഥിച്ചാൽ കണ്ടത്താരു ചിറവൂരും ചെന്നു ജനങ്ങളെ ഉപദ്രവിച്ചിരുന്നു. അങ്ങിനെ ഒരിക്കൽ ചിറവൂർ ദേശക്കാരനായ ഒരാളെ കണ്ടത്താരു ബാധിച്ചു് ഉപദ്രവിച്ചു തുടങ്ങിയപ്പോൾ ആ ഉപദ്രവത്തിനു വിഷയീഭവിച്ച മനുഷ്യനെ അയാളുടെ ഉടമസ്ഥന്മാർ പിടിച്ചു ക്ഷേത്രത്തിൽ കൊണ്ടുപോവുകയും ഈ ഉപദ്രവം മാറിക്കൊടുക്കണമെന്നു ഭഗവതിയുടെ സന്നിധിയിൽ പ്രാർത്ഥിക്കുകയും ചെയ്തു. ഉടനെ വെളിച്ചപാടു തുള്ളി "ഇനിയൊരിക്കലും ചിറവൂർ ദേശത്തു കടക്കുകയില്ല" എന്നു കണ്ടത്താരെക്കൊണ്ടു സത്യം ചെയ്യിച്ചു വിട്ടയച്ചു. അതിൽപ്പിന്നെ കണ്ടത്താരുടെ ഉപദ്രവം ആ ദേശത്തുണ്ടായിട്ടില്ല. ഇങ്ങിനെ ചിറവൂർകാവിൽ ചെന്നിട്ട് അനേകം ബാധകൾ ഒഴിഞ്ഞുപോയിട്ടുണ്ട്.

Digitised By Kerala Sahitya Akademi

ഒരിക്കൽ പാണ്ടിയിൽനിന്നു് ഒരു പട്ടർ കുടുംബ സഹിതം കൊടുങ്ങല്ലൂർ വന്നു താമസിച്ചിരുന്നു. അദ്ദേഹത്തിനു് ഒരു ബാധോപദ്രവമുണ്ടായി. ഒരു പിശാചാണു് അദ്ദേഹത്തെ ബാധിച്ചതു്. ആ പിശാചിന്റെ ആവേശമുണ്ടാകുന്ന സമയങ്ങളിൽ അദ്ദേഹം തുള്ളുകയും ചാടുകയുമൊന്നും ചെയ്തിരുന്നില്ല. എവിടെയെങ്കിലും ഒരു സ്ഥലത്തു ചെന്നു് ഒന്നും മിണ്ടാതെയിരിക്കും. അപ്പോഴും അദ്ദേഹത്തോടു് ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ മറുപടി ഒന്നും പറയുകയില്ല. ചില ദിവസങ്ങളിൽ ആ പിശാചിന്റെ ആവേശംനിമിത്തം അദ്ദേഹം കുളിക്കാതേയും ഉണ്ണാതേയും ഉറങ്ങാതേയുമിരിക്കാറുണ്ടായിരുന്നു. ഈ ബാധോപദ്രവമൊഴിക്കുന്നതിനായി അദ്ദേഹത്തിന്റെ ബന്ധുകൾ പല മന്ത്രവാദികളെ വരുത്തി അനേകവിധം മന്ത്രവാദങ്ങൾ ചെയ്യിക്കുകയും ഇദ്ദേഹത്തെ കൊണ്ടുപോയി പല ക്ഷേത്രങ്ങളിൽ ഭജിപ്പിക്കുകയും മറ്റും ചെയ്തു. ഒന്നുകൊണ്ടും ഒരു ഫലവുമുണ്ടായില്ല. അപ്പോൾ "ഇദ്ദേഹത്തെ ചിറ്റൂർകാവിൽ കൊണ്ടുപോയി ഭജനമിരുത്തിയാൽ ഈ ബാധ നിശ്ചയമായിട്ടു് ഒഴിഞ്ഞുപോകും" എന്നു ചിലർ പറയുകയാൽ ബന്ധുക്കളായവർ അദ്ദേഹത്തെ ചിറ്റൂർകാവിൽക്കൊണ്ടുപോയി ഭജിപ്പിച്ചു. അപ്പോഴും ആ പിശാചിന്റെ ആവേശം ഉണ്ടായിക്കൊണ്ടുതന്നെയിരുന്നു. അതുണ്ടാകുന്ന സമയങ്ങളിൽ അദ്ദേഹം അവിടെ കൊടിമരത്തിന്റെ സമീപത്തു ചെന്നു കിടക്കും. അപ്പോൾ ആരെല്ലാമെന്തെല്ലാം ചോദിച്ചാലും അദ്ദേഹം ഒന്നും മിണ്ടുകില്ല.

അങ്ങിനെ ഏകദേശം മൂന്നു മാസം കഴിഞ്ഞിട്ടും ഭജനത്തിന്റെ ഫലമൊന്നും കാണായ്കയാൽ അദ്ദേഹത്തിന്റെ കൂടെച്ചെന്നിരുന്ന ബന്ധുക്കൾ ഒരു ദിവസം വെളിച്ചപ്പാടു തുള്ളിയപ്പോൾ അവിടെച്ചെന്നു സങ്കടം പറഞ്ഞു. അപ്പോൾ വെളിച്ചപ്പാടു കൊടിമരത്തിന്റെ ചുവട്ടിൽക്കിടന്നിരുന്ന ആ ബ്രാഹ്മണനെ തന്റെ അടുക്കലേക്കു വിളിച്ചു. അദ്ദേഹം ചെന്നില്ല. ഉടനെ വെളിച്ചപ്പാടു് അദ്ദേഹത്തിന്റെ അടുക്കൽച്ചെന്നു "നീയാരാണു്?, ഒഴിഞ്ഞുപൊയ്ക്കൊള്ളാമോ?" എന്നും മറ്റും ചോദിച്ചു. അതിനുമദ്ദേഹം മറുപടി ഒന്നും

Digitised By Kerala Sahitya Akademi

പറഞ്ഞില്ല. അപ്പോൾ വെളിച്ചപ്പാട തന്റെ കൈയിലിരുന്നിരുന്ന ആയുധം(നാന്ദകം വാൾ)കൊണ്ടു തന്റെ തല വെട്ടിപ്പൊളിച്ചു കുറച്ചു രക്തവും മാംസവും വടിച്ചെടുത്ത് ആ പട്ടരുടെ മുഖത്തേക്ക് ഒരേറുവെച്ചുകൊടുത്തു. അപ്പോൾ പട്ടർ "അയ്യോ! വേണ്ട വേണ്ട ഞാനൊരു പിശാചാണ്. ഇതാ ഞാൻ ഒഴിഞ്ഞുപോകുന്നു" എന്നു പറയുകയും ഉടനെ പട്ടർ സ്വസ്ഥതയെ പ്രാപിക്കുകയും ചെയ്തു. എങ്കിലും അദ്ദേഹത്തിന്റെ കൂടെച്ചെന്നിരുന്ന ബന്ധുക്കൾക്ക് ഇതു കൊണ്ടു നല്ല തൃപ്തിയും വിശ്വാസവും വന്നില്ല. "ഈ പിശാചു സത്യം ചെയ്തില്ലല്ലോ. അതുകൊണ്ട് അത് ഒഴിഞ്ഞു പോയിരിക്കയില്ല" എന്നായിരുന്നു അവരുടെ വിചാരം. അതിനാലവർ അദ്ദേഹത്തെ കൊണ്ടുപോകാതെ പിന്നേയും അവിടെത്തന്നെ താമസിപ്പിച്ചു. അതു വേണ്ടായിരുന്നു എന്നായിരുന്നു അന്യന്മാരായ ചിലരുടെ വിചാരം. എങ്കിലും അധികം താമസിയാതെ ആ ബന്ധുക്കളുടെ വിചാരംതന്നെയാണു ശരിയായിരുന്നതെന്ന് എല്ലാവക്കും ബോധ്യമായി. അടുത്ത വെള്ളിയാഴ്ച ആ പിശാചു പിന്നേയും ആ പട്ടരെ ബാധിച്ചു. അപ്പോൾ അദ്ദേഹം യഥാപൂർവം മൌനിയായി കൊടിമരത്തിൻചുവട്ടിൽച്ചെന്നു കിടന്നു. ഉടനെ വെളിച്ചപ്പാടു തുള്ളി അവിടെച്ചെന്നു മുമ്പുചെയ്തതുപോലെ തല വെട്ടിപ്പൊളിച്ചു രക്തവും മാംസവും വടിച്ചെടുത്തു പട്ടരുടെ മുഖത്തേക്കു വലിച്ചെറിഞ്ഞു. അപ്പോൾ പട്ടർ "വേണ്ട, ഞാൻ ഒഴിഞ്ഞുപൊയ്ക്കോളാ"മെന്നു വീണ്ടും പറഞ്ഞു. ഉടനെ വെളിച്ചപ്പാട് ഇനി ഒരിക്കലും ഈ ദേഹത്തെ ബാധിക്കയില്ലെന്നു സത്യം ചെയ്യിച്ച് ആ പിശാചിനെ ഒഴിച്ചുവിട്ടു. പട്ടർ നല്ല സ്വസ്ഥനായി ദേവിക്ക് അനേകം വഴിപാടുകൾ കഴിച്ചു വന്ദിച്ചിട്ടു ബന്ധുക്കളോടുകൂടി സ്വഗൃഹത്തിലേക്കു മടങ്ങിപ്പോവുകയും ചെയ്തു.

കരുണാനിധിയും ആർദ്രമാനസയുമായ ചിറവൂർകാവിൽ ഭഗവതി തന്നോടെതിർക്കുന്ന ഭക്തിഹീനന്മാരെ നല്ലപോലെ മർദ്ദിച്ചു ഭക്തന്മാരാക്കിത്തീർക്കുകയല്ലാതെ നിഗ്രഹിക്കാറില്ലെന്നുള്ള വസ്തുത മേൽപ്പറഞ്ഞ സംഗതികൾകൊണ്ടു സ്പഷ്ടമാകുന്നുണ്ടല്ലോ. എന്നാൽ ആ ദേവി തന്റെ ഭക്തന്മാരെ

Digitised By Kerala Sahitya Akademi

സങ്കടപ്പെടുത്തുന്നവരെ നിഗ്രഹിക്കുകതന്നെ ചെയ്യും. അതിനു ദൃഷ്ടാന്തമായി ചില സംഗതികൾ താഴെ പറഞ്ഞുകൊള്ളുന്നു.

ചിറവൂർകാവിൽ വെളിച്ചപ്പാടാവാനുള്ള അവകാശം അവിടെയുള്ള രണ്ടു വീട്ടുകാർക്കു മാത്രമേ കൊടുത്തിരുന്നുള്ളൂ. അതിൽ ഒന്നു വരവൂർവീട്ടിലേക്കും പിന്നെ ഒന്ന് ഒരു തരകന്റെ വീട്ടിലേക്കുമായിരുന്നു.

ഒരുകാലത്തു ചാമുത്തരകൻ എന്നൊരാൾ അവിടെ വെളിച്ചപ്പാടായിത്തീർന്നു. അയാൾക്കു പണത്തിലുള്ള ആഗ്രഹം ക്രമത്തിലധികമായിരുന്നതിനാൽ ചിലപ്പോൾ കളവായിട്ടും തുള്ളാറുണ്ടായിരുന്നു. അതു് ആ ദേശത്തെ പ്രധാനന്മാരിലൊരാളായിരുന്ന അമ്പാട്ടു രാമച്ചമേനോൻ എന്ന ആൾക്കു് ഒട്ടും രസിച്ചിരുന്നില്ല രാമച്ചമേനോൻ ഭഗവതിയെക്കുറിച്ചു വളരെ ഭക്തിയും വിശ്വാസവുമുള്ള ആളായിരുന്നു. ഈ ചാമുത്തരകൻ ഇങ്ങിനെ കള്ളത്തുള്ളൽ തുള്ളിക്കൊണ്ടിരുന്നാൽ ജനങ്ങൾക്കു ഭഗവതിയെക്കുറിച്ചുള്ള ഭക്തിയും വിശ്വാസവും കുറഞ്ഞുപോവുകയും അപ്പോൾ ക്ഷേത്രകാര്യങ്ങളൊന്നും നേരെ നടക്കാതാവുകയും ചെയ്യുമല്ലൊ എന്നായിരുന്നു രാമച്ചമേനോന്റെ വിചാരം. അതു് അദ്ദേഹത്തിനു വലിയ സങ്കടവുമായിരുന്നു.

ഒരു ദിവസം വെളിച്ചപ്പാടു തുള്ളിയപ്പോൾ ജനങ്ങളുടെ കൂട്ടത്തിൽ രാമച്ചമേനോനെ കാണാഞ്ഞിട്ടു വെളിച്ചപ്പാടു് "ഇന്നു എന്റെ മക്കളുടെ കൂട്ടത്തിൽ ഒരാളെ കാണുന്നില്ലല്ലൊ. ഒരാൾ ചെന്നു ക്ഷണത്തിൽ വിളിച്ചുകൊണ്ടുവരട്ടെ" എന്നു കല്പിച്ചു. ഉടനെ ഒരാൾ ഓടിപ്പോയി രാമച്ചമേനവനെക്കണ്ടു കല്പനയറിയിച്ചു. അപ്പോൾ രാമച്ചമേനോൻ "എനിക്കിപ്പോൾ വരാൻ മനസ്സില്ല. ചാമു വിളിക്കുന്നിടത്തു വരാനുള്ളവൻ ഞാനല്ല" എന്നുപറഞ്ഞയച്ചു. അതു് ആ ആൾ ചെന്നറിയിച്ചപ്പോൾ "എന്റെ മകനു് ഇങ്ങോട്ടു വരാൻ മനസ്സില്ലെങ്കിൽ ഞാനങ്ങോട്ടു ചെല്ലാം" എന്നു കല്പിച്ചിട്ടു് അങ്ങോട്ടു പുറപ്പെട്ടു. അപ്പോൾ രാമച്ചമേനോൻ ഇങ്ങോട്ടും പുറപ്പെട്ടിരുന്നു. മദ്ധ്യേമാർഗ്ഗം രണ്ടുപേരും തമ്മിൽക്കണ്ടു. അപ്പോൾ വെളിച്ചപ്പാടു് "എന്റെ മകനു ഞാൻ വിളിക്കുന്നിടത്തു വരാൻ മനസ്സില്ലയല്ലെ?" എന്നു ചോദിച്ചു. അതിനു മറുപടിയായിട്ടു രാമച്ച

Digitised By Kerala Sahitya Akademi

മേനോൻ "ദേവി വിളിച്ചാൽ എവിടെയായാലും എപ്പോളാ യാലും വരാൻ തയാറാണ്. ചാമു വിളിക്കുന്നിടത്തു വരാൻ മനസ്സില്ല എന്നേ പറഞ്ഞുള്ളൂ. അയാൾ ചിലപ്പോൾ കള വായിട്ടും തുള്ളുന്നതുകൊണ്ടു ജനങ്ങൾക്കു ദേവിയേക്കുറിച്ചുള്ള ഭക്തിയും വിശ്വാസവും കുറഞ്ഞുതുടങ്ങീട്ടുണ്ട്. ദേവി ഇതൊ ന്നും അറിഞ്ഞിട്ടില്ലാത്തവിധത്തിലിരിക്കുന്നു. ഇങ്ങിനെയാ യാൽ ഇവിടെ കായ്യമൊന്നും നടക്കാതെയാവും. അതു വലിയ സങ്കടമാണ്" എന്നറിയിച്ചു. അപ്പോൾ വെളിച്ച പ്പാട് "ഞാനെല്ലാമറിഞ്ഞുകൊണ്ടുതന്നെയാണിരിക്കുന്നത്. എന്റെ മക്കൾ ഒട്ടും സങ്കടപ്പെടേണ്ട. ഈ സങ്കടം ഞാൻ ടനെ തീർത്തുകൊള്ളാം" എന്നു കല്പിക്കുകയും പിന്നെ എല്ലാ വരുംക്രുടി ക്ഷേത്രത്തിലേയ്ക്കു പോവുകയും ചെയ്തു. അവിടെ എത്തിയ ക്ഷണത്തിൽ വെളിച്ചപ്പാടിന്റെ കലിയടങ്ങി. ചാമുത്തരകൻ അവിടെത്തന്നെ വീണു. പിന്നെ ആളുകൾ ക്രുടി എടുത്താണ് അയാളെ വീട്ടിലേക്കു കൊണ്ടുപോയത്. വീട്ടിലെത്തിയപ്പോഴയ്ക്കും അയാൾക്കു പനി തുടങ്ങിയിരുന്നു. മൂന്നാം ദിവസമായപ്പോഴയ്ക്കും അയാളുടെ ദേഹത്തിലെല്ലാം വസൂരിക്കുരുക്കൾ നിറഞ്ഞു. ഏഴാം ദിവസം അയാൾ മരിക്കു കയും ചെയ്തു.

ഒരു വെളിച്ചപ്പാടു കഴിഞ്ഞാൽ പിന്നെ ആദ്യം തുള്ളി ക്ഷേത്രത്തിൽച്ചെന്ന് അട്ടഹസിക്കുന്ന ആളെയാണ് അവിടെ പിന്നത്തെ വെളിച്ചപ്പാടായി നിയമിക്കുക പതിവ്. ചാമു ത്തരകൻ കഴിഞ്ഞതിന്റെ ശേഷം ആദ്യം തുള്ളി ക്ഷേത്ര ത്തിൽച്ചെന്നു അട്ടഹസിച്ചതു വരവൂരെ ഒരു ശാമുമേനോനാ യിരുന്നു. അതിനാൽ ആ ആളെത്തന്നെ പിന്നത്തെ വെളി ച്ചപ്പാടായി അവിടെ നിയമിച്ചു. ആ ശാമുമേനോൻ കവി തിലകനായിരുന്ന കഴിഞ്ഞുപോയ ശാമുമേനോന്റെ ഒരു മാതുലനായിരുന്നു. ആ മനുഷ്യന് കളവായിട്ടു തുള്ളാറില്ലായി രുന്നുവെങ്കിലും ഒരു നല്ലവനല്ലായിരുന്നു. ഏഷണിപ്രയോഗ ങ്ങൾകൊണ്ടും മറ്റും ദേശത്തുള്ള ജനങ്ങളെ ഭിന്നിപ്പിച്ചു വഴ ക്കുകളുണ്ടാക്കുകയായിരുന്നു അയാളുടെ പ്രധാന തൊഴിൽ.

ആ ദേശത്തുള്ളവരെല്ലാം ആയുധവിദ്യ അഭ്യസിക്കു ശ്രീകണ്ഠൻ നായരുടെ കളരിയിലായിരുന്നു പണ്ടേതന്നെ

Digitised By Kerala Sahitya Akademi

പതിവു്. ഈ ശാമുമേനോൻ ജനങ്ങളെപ്പറഞ്ഞു പിണക്കി അഭ്യാസത്തിനു് അവിടെ ആരും പോകാതെയാക്കി. ശ്രീകണ്ഠത്തു് അക്കാലത്തുണ്ടായിരുന്ന മൂത്തപണിക്കർ ഒരു ശുദ്ധാത്മാവും ഭഗവതിയെക്കുറിച്ചു് അളവറ്റ ഭക്തിയുള്ള ആളുമായിരുന്നു. അഭ്യാസത്തിനു് അവിടെ ആരും ചെല്ലാതെയായതുകൊണ്ടു മൂത്തപണിക്കക്കു വളരെസ്സങ്കടമുണ്ടായി. അങ്ങിനെയിരുന്നപ്പോഠം ആ ശാമുമേനോൻ ഒരു ദിവസം രാത്രിയിൽ ഒരു ദുഷ്ടനെക്കൊണ്ടു ശ്രീകണ്ഠത്തുപണിക്കരുടെ പുരയ്ക്കു തീ വെയ്പിക്കുകയും ചെയ്തു. പുരയ്ക്കു തീ പിടിച്ചു കത്തുന്നതു കണ്ടിട്ടു മൂത്തപണിക്കർ അതു കെടുത്താൻ ശ്രമിക്കാതെ ധൈര്യസമേതം അതു നോക്കിക്കൊണ്ടു് "എന്റെ ഭഗവതി! ഈ കത്തുന്നതു് എന്റെ ഗൃഹമല്ല. ദേവിയുടെ ക്ഷേത്രമാണു്. അവിടുന്നുതന്നെ ഇതിനു സമാധാനമുണ്ടാക്കണം" എന്നു പറഞ്ഞു. ആ സമയം ശാമുമേനോൻ ഒരു വീട്ടിലെ മാളികയിലിരിക്കുകയായിരുന്നു. അയാഠം അവിടെനിന്നു് ഇറങ്ങിയപ്പോഠം കോവണിയിൽനിന്നു കാൽ തെറ്റി താഴെ വീണു തല പൊട്ടി മരിച്ചു. അപ്പോഴ്ം ശ്രീകണ്ഠത്തെ പുര മുഴുവനും കത്തിക്കഴിഞ്ഞിട്ടില്ലായിരുന്നു. ആ പുര പോയിട്ടു ഭഗവതിയുടെ കൃപകൊണ്ടു ക്ഷണത്തിൽ ശ്രീകണ്ഠത്തു പൂർവ്വാധികം ഭംഗിയായിട്ടു പുരപണി നടന്നു.

ശാമുമേനോൻ കഴിഞ്ഞിട്ടു പിന്നെ കാവിൽ വെളിച്ചപ്പാടായിത്തീർന്നതു് ഒരു ചാമുത്തരകനായിരുന്നു. അയാഠം കള്ളുവായിട്ടു് ഒരിക്കലും തുള്ളാറില്ലായിരുന്നു. അയാഠംക്കു ഭഗവതിയെക്കുറിച്ചു വളരെ ഭക്തിയും ഭയവും വിശ്വാസവുമുണ്ടായിരുന്നു. അയാഠംക്കു പ്രായാധിക്യം നിമിത്തം തുള്ളാനെന്നല്ല എഴുന്നേറ്റു നടക്കാൻകൂടി വയ്യാതെ കിടപ്പിലായപ്പോഠം വരവൂരുവീട്ടിലെ ഒരാഠംക്കു ദിവസംപ്രതി കുറച്ചുനേരത്തേക്കു് ഒരു വിറയൽ തുടങ്ങി. അതു ക്രമേണ വർദ്ധിച്ചു് ഒടുക്കം അയാഠം തുള്ളി ക്ഷേത്രത്തിൽച്ചെന്നു് അട്ടഹസിച്ചു. അക്കാലത്തു ചിറവൂർദേശക്കാർ പിണങ്ങി രണ്ടു കക്ഷികളായി പിരിഞ്ഞിരിക്കുകയായിരുന്നു. അതിൽ ഒരു കക്ഷിക്കാർ വരവൂർക്കാരുടെ ഭാഗത്തും മറ്റവർ തരകന്റെ ഭാഗത്തുമായിരുന്നു. തരകന്റെ ഭാഗത്തായിരുന്നവക്കു വരവൂരുമേനോവൻ വെളിച്ച

Digitised By Kerala Sahitya Akademi

പ്പാടാകുന്നതിൽ സമ്മതമില്ലായിരുന്നു. അതിനാലവർ അന്ന വാല്ക്യത്താൽ കിടപ്പായിരുന്ന തരകന്റെ മകനായിരുന്ന കൃഷ്ണത്തരകനെ പറഞ്ഞിളക്കിത്തുള്ളിച്ചു. അയാളും ക്ഷേത്രത്തിൽച്ചെന്ന് അട്ടഹസിച്ചു. അതു മറേറക്കക്ഷിക്കാക്കെന്നല്ല, അയാളുടെ അച്ഛനതന്നെയും സമ്മതമല്ലായിരുന്നു. ആ വൃദ്ധൻ മകനെ വിളിച്ചു "ദേവിയുടെ അനുഗ്രഹമില്ലാതെ ഇങ്ങിനെ തുള്ളുന്നതു ദോഷമാണെന്നും മറും വളരെയൊക്കെ പറഞ്ഞുനോക്കി. അതൊന്നും കൃഷ്ണത്തരകനു സമ്മതമായില്ല. ഒരു ദിവസം ഇതിനെക്കുറിച്ചു വ്യസനിച്ചുകൊണ്ട് ആ വൃദ്ധൻ രാത്രിയിൽ കിടന്നുറങ്ങിയിരുന്നപ്പോൾ ഭഗവതി അയാളുടെ അടുക്കൽച്ചെന്ന് "എന്റെ മകൻ ഇതിനെക്കുറിച്ച് ഒട്ടും വ്യസനിക്കേണ്ട. ഒരു കൊല്ലം കഴിയുന്നതിനു മുമ്പു ഞാനിതിനു നിവൃത്തിയുണ്ടാക്കിക്കൊള്ളാം. ഇങ്ങിനെയുള്ള മക്കൾ ഉണ്ടായിരിക്കുന്നതിനേക്കാൾ നല്ലതു് ഇല്ലാതെയിരിക്കുന്നതാണല്ലൊ" എന്നു കല്പിച്ചതായി അയാൾക്കു തോന്നി. അയാളുണർന്നു കണ്ണു തുറന്നു നോക്കിയപ്പോൾ ഒരു തേജസ്സു മാത്രം അയാളുടെ അടുക്കൽ നിന്നു മറയുന്നതായി അയാൾ കാണുകയും ചെയ്തു. ഈ സംഗതി പിറേറദിവസം കാലത്തു് അയാൾ പലരോടും വിശേഷിച്ചു തന്റെ മകനോടും പറയുകയുണ്ടായി. കിം ബഹുനാ? ഈ സംഗതിയുണ്ടായിട്ടു് ഒരു കൊല്ലം തികയുന്ന ദിവസം കൃഷ്ണത്തരകൻ ഒരു കിണറിൽ വീണു മരിച്ചു. അതിൽപ്പിന്നെ ഇന്നുവരെ ചിറവൂർകാവിൽ വെളിച്ചപ്പാടുണ്ടായിട്ടില്ല.

ഇനി ഒരു സംഗതിക്കുടിപ്പുറഞ്ഞിട്ടു് ഈ ഉപന്യാസം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു. ചിറവൂർദേശത്തു ചിറവടത്തു 'അച്യുതാനന്ദയോഗി' എന്നൊരു ദിവ്യനും അദ്ദേഹത്തിന്റെ ശിഷ്യനായിട്ടു 'തെക്കേഗ്രാമം ശങ്കരനാരായണ ശാസ്ത്രികൾ' എന്നൊരു പണ്ഡിതനുമുണ്ടായിരുന്നു. ആ ശാസ്ത്രികൾ തന്റെ ഗുരുവായ ആ യോഗിയുടെ ഉപദേശപ്രകാരം അമാവാസിതോറും പതിവായി ശക്തിപൂജ കഴിച്ചിരുന്നു. പൂജയുള്ള ദിവസം ശാസ്ത്രികൾ സന്ധ്യയാകുമ്പോൾ കുളി കഴിഞ്ഞു പുരയ്ക്കകത്തു കയറി വാതിലടച്ചാൽ പൂജ കഴി

Digitised By Kerala Sahitya Akademi

ഞ്ഞല്ലാതെ വാതിൽ തുറക്കാറില്ല. പൂജ കഴിയുമ്പോഠം നേരമേകദേശം പാതിരാവായിരിക്കും. അങ്ങിനെയാണ പതിവ്.

ഒരാണ്ടിൽ കുംഭമാസത്തിൽ അമാവാസിനാഠ ശാസ്ത്രീകഠം പൂജ കഴിച്ചുകൊണ്ടിരുന്നപ്പോഠം അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന അമ്മ്യാർ എന്തോ ആവശ്യത്തിനായി മുറ്റത്തേക്കിറങ്ങി. അപ്പോഠം രാത്രി ഏകദേശം പത്തുനാഴികയായിരുന്നു. വിളക്കും മറ്റുംക്രൂടാതെ ഇരുട്ടത്താണ് അമ്മ്യാർ അങ്ങോട്ടിറങ്ങിയത്. അപ്പോഠം ആരോ അവിടെ വന്ന് അമ്മ്യാരുടെ കഴുത്തിലുണ്ടായിരുന്ന ആഭരണങ്ങളെല്ലാം അറുത്തെടുത്തുകൊണ്ട് ഓടിക്കളഞ്ഞു. അമ്മ്യാർ ഉറക്കെ നിലവിളിച്ചു. അതുകേട്ട് അയൽപക്കത്തുണ്ടായിരുന്നവരെല്ലാം പരിഭ്രമിച്ച് അവിടെ ഓടിയെത്തി. വിവരമറിഞ്ഞപ്പോഠം അവരാൽ കഴിയുന്ന അന്വേഷണങ്ങളെല്ലാം ചെയ്തുനോക്കി. എങ്കിലും കള്ളനെ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. പൂജ കഴിഞ്ഞപ്പോഠം വാതിൽ തുറന്ന ശാസ്ത്രീകളും പുറത്തുവന്ന, ഈ സംഗതി അദ്ദേഹവുമറിഞ്ഞു. അദ്ദേഹമാരോടുമൊന്നും മിണ്ടാതെ അവിടെനിന്നിറങ്ങി നടന്ന. അദ്ദേഹത്തിന്റെ പിന്നാലെ ചില അയൽപക്കക്കാരും ചെന്ന. അവർ നേരെ അച്യുതാനന്ദയോഗിയുടെ അടുക്കലെത്തി. യോഗി മുമ്പേ തന്നെ ഈ സംഗതി ദിവ്യദൃഷ്ടികൊണ്ടു കണ്ടറിഞ്ഞിരുന്നതിനാൽ ശാസ്ത്രീകളോടു "ശാസ്ത്രീകളെ! സംഗതി ഞാൻ അറിഞ്ഞിരിക്കുന്ന. ക്ഷണത്തിൽ കാവിൽച്ചെന്ന ദേവിയുടെ സന്നിധിയിൽ സങ്കടമറിയിക്കു. നിവൃത്തിമാർഗ്ഗം ഭഗവതി ഉണ്ടാക്കിത്തരും" എന്ന പറഞ്ഞു. ഉടനെ ശാസ്ത്രീകഠം കാവിലെത്തി ഭഗവതിയെ സ്തുതിച്ചു. ശാസ്ത്രീകഠം ഒരു കൃതകവിയുമായിരുന്നതിനാൽ സ്തുതി പദ്യമായിട്ടായിരുന്ന. അഞ്ചെട്ടു പദ്യം ചൊല്ലിക്കഴിഞ്ഞപ്പോഴയ്ക്കും ശ്രീകോവിലിൽനിന്ന് ഒരു തേജസ്സു പുറത്തേക്കു വന്ന നേരെ തെക്കോട്ടു പോയി. അതിന്റെ പിന്നാലെ ശാസ്ത്രീകളും ക്രൂട്ടരും നടന്ന. തേജസ്സു മേൽഭാഗത്തുക്രൂടിയും ശാസ്ത്രീകളും ക്രൂട്ടരും നിലത്തുക്രൂടി നടന്നുമാണ പോയത്. തേജസ്സ് അവിടെയുള്ള പുഴയ്ക്കരെ പട്ടഞ്ചേരിനായരുടെ വീട്ടിന സമീപമുള്ള കിണറിന് ഒരു

Digitised By Kerala Sahitya Akademi

പ്രദക്ഷിണം വെച്ചിട്ടു മേൽഭാഗത്തു നിന്നു. ശാസ്ത്രികൾ വീട്ടിന്റെ പടിക്കൽച്ചെന്നു വിളിച്ചു പടിവാതിൽ തുറപ്പിച്ചു് ആ വീട്ടിലെ മൂത്തനായരോടു സംഗതികളെല്ലാം പറഞ്ഞു. ആ നായർ ശാസ്ത്രികളുടെ ശിഷ്യനുമായിരുന്നു. മൂത്തനായർ ചില സാമാനങ്ങൾ അന്നു പകലെ തന്റെ ഒരു ഭൃത്യന്റെ കൈയിൽ കൊടുത്തു ശാസ്ത്രികളുടെ മഠത്തിലേക്കു് അയച്ചിരുന്നു. അവൻ മടങ്ങിവന്നതു രാത്രി പത്തുപന്ത്രണ്ടു നാഴിക കഴിഞ്ഞതിന്റെ ശേഷമായിരുന്നു. അതുകൊണ്ടു മൂത്ത നായർ കള്ളൻ തന്റെ ഭൃത്യൻതന്നെയെന്നു് ഏകദേശം തീച്ചപ്പെടുത്തിക്കൊണ്ടു് ആ ഭൃത്യനെ വിളിച്ചുവരുത്തി ചോദ്യം തുടങ്ങി. അപ്പോൾ മേൽഭാഗത്തു നിന്നിരുന്ന ആ തേജസ്സു് ആ ഭൃത്യന്റെ തലയുടെ മീതെ വന്നു് ഒരു പ്രദക്ഷിണംവെച്ചിട്ടു മറഞ്ഞുപോയി. അപ്പോൾ സംഗതി ശാസ്ത്രികൾക്കും മൂത്ത നായക്കും കുറച്ചുകൂടി നിശ്ചയമായി. ഉടനെ മൂത്തനായർ ആ ഭൃത്യനെ മാറുള്ള ചില ഭൃത്യന്മാരെക്കൊണ്ടു പിടിപ്പിച്ചു് ഒരു മരത്തിന്മേൽ ചേർത്തു കെട്ടിച്ചിട്ടു മൂത്തനായർതന്നെ രണ്ടുമൂന്നു വീക്കു വെച്ചുകൊടുത്തു. അപ്പോൾ ആ അടിക്കപ്പെട്ട കള്ളൻ പരമാർത്ഥമെല്ലാം ഉണ്ടായതുപോലെ പറകയും തേജസ്സു പ്രദക്ഷിണം വെച്ച ആ കിണറിലിറങ്ങി ഒരു പൊതിക്കെട്ടെടുത്തുകൊണ്ടുവന്നു ശാസ്ത്രികൾക്കു കൊടുക്കുകയും ചെയ്തു. ശാസ്ത്രികൾ ആ പൊതി അഴിച്ചുനോക്കിയപ്പോൾ അമ്മ്യാരുടെ ആഭരണങ്ങളെല്ലാം അതിലുണ്ടായിരുന്നു. ശാസ്ത്രികൾ സന്തോഷിച്ചു രണ്ടുകൈയുമുയർത്തി മൂത്തനായരെ അനുഗ്രഹിച്ചിട്ടു് ആഭരണങ്ങളുംകൊണ്ടു മഠത്തിലേയ്ക്കു പോയി. ആ പൊതി കിണറിലിട്ടിരുന്നതു് ആ കള്ളൻതന്നെ ആയിരുന്നു എന്നുള്ളതു പറയണമെന്നില്ലല്ലോ. ശാസ്ത്രികൾ ആഭരണങ്ങളെല്ലാം മഠത്തിൽ കൊണ്ടുചെന്നു് അമ്മ്യാരുടെ കൈയിൽ കൊടുക്കുകയും ഉണ്ടായ സംഗതികളെല്ലാം പറഞ്ഞു കേൾപ്പിക്കുകയും ചെയ്തു. അപ്പോൾ അമ്മ്യാർക്കുണ്ടായ സന്തോഷം എത്രമാത്രമെന്നു പറയാൻ പ്രയാസം. പിറേറദിവസം കാലത്തേ ശാസ്ത്രികളും അമ്മ്യാരും കൂടിച്ചു കാവിൽപ്പോയി ഭഗവതിയെ വന്ദിച്ചു ചില വഴിപാടുകളും കഴിച്ചു മടങ്ങിവന്നു യഥാപൂർവ്വം സുഖമായി താമസിച്ചു.

Digitised By Kerala Sahitya Akademi

ഇങ്ങിനെ ചിറ്റൂർകാവിൽബ്ബ് ഭഗവതിയുടെ മാഹാത്മ്യങ്ങളും അത്ഭുതപ്രവൃത്തികളും ഇനിയും വളരെ പറയാനുണ്ട്. എങ്കിലും വിസ്തരഭയത്താൽ ഇപ്പോഠം വിരമിക്കുന്നു.

ചിറ്റൂർകാവിൽബ്ബ് ഭഗവതി!
ചെറു കഥിച്ചേൻ, തദീയമാഹാത്മ്യം
തെറ്റുകളുള്ളതശേഷം
മുറ്റും കൃപയാ പൊറുത്തു കാക്കുക മാം.

൨. കല്ലൂർ നമ്പൂരിപ്പാടന്മാർ

ശ്രീപരശുരാമൻ കേരളത്തിന്റെ രക്ഷയ്ക്കായി അഷ്ട വൈദ്യന്മാരെ നിയമിച്ചതുപോലെ ആറു മാന്ത്രികകുടുംബക്കാരേയും നിയമിച്ചു. അവരിൽ മൂന്നു കുടുംബക്കാർ സന്മന്ത്രവാദികളും ശേഷം കുടുംബക്കാർ ദുർമ്മന്ത്രവാദികളുമായിരുന്നു. സന്മന്ത്രവാദികളിൽ ഒരു കുടുംബക്കാരാണു കല്ലൂർ നമ്പൂരിപ്പാടന്മാർ. അവർ ദുർമ്മന്ത്രവാദങ്ങഠം ഒരിക്കലും ചെയ്യുകയില്ല.

കല്ലൂർ നമ്പൂരിപ്പാടന്മാരുടെ ഇല്ലം ആദ്യം ബ്രിട്ടീഷുമലബാറിൽ കോട്ടയ്ക്കൽ സമീപമായിരുന്നു. കുറച്ചുകാലം കഴിഞ്ഞപ്പോഠം എന്തോ കാരണവശാൽ സാമൂതിരിപ്പാട്ടിലേക്ക് ഇവരോടു നല്ല രസമില്ലാതെയായിത്തീർന്നു. അതിനാലവർ അവിടെനിന്നു പോന്നു വള്ളുവനാട്ടതാലൂക്കിൽ പട്ടാമ്പി തീവണ്ടിസ്റ്റേഷനിൽനിന്നു മൂന്നു നാഴിക കിഴക്കു പള്ളിപ്പുറമംശം ദേശത്തു ചങ്ങണംകുന്നത്തു ഭഗവതീക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയുടെ വടക്കായി ഒരു സ്ഥലത്തു താമസമാക്കി. എങ്കിലും അവിടേയും അവരുടെ വാസം സ്ഥിരമായില്ല. ആ ദിക്കിൽ താമസക്കാരായിരുന്ന മഹമ്മദീയരുടെ ഉപദ്രവം നമ്പൂരിപ്പാടന്മാക്കു ദുസ്സഹമായിരുന്നു. എന്നുമാത്രമല്ല, നമ്പൂരിപ്പാടന്മാർ അവിടെ താമസമാക്കിയതിന്റെ ശേഷം സാമൂതിരിപ്പാട്ടിലെ വിരോധം പൂർവ്വാധികം വർദ്ധിക്കയും ചെയ്തു. അതിനു സ്വല്പമായ ഒരു കാരണവുമുണ്ടായിത്തീർന്നു. കൊച്ചിരാജസ്വരൂപംവകയായ വെളിയങ്കോട്ട് അംശത്തിൽ

Digitised By Kerala Sahitya Akademi

'പെരുമ്പടപ്പ്' എന്നൊരു ക്ഷേത്രവും ഏതാനും വസ്തുവക കളുമുണ്ട്. കൊച്ചിരാജാക്കന്മാക്ക തിരുമുപ്പുകിട്ടിയാൽ അവിടെച്ചെന്ന് 'അരിയിട്ടുവാഴ്ച്ച' എന്നൊരു ക്രിയ നടത്തുക പതിവാണ്. അതിനു വേണ്ടുന്ന സകല സാധനങ്ങളും ശേഖരിച്ചുകൊടുത്തിരുന്നത് അക്കാലത്തു കൊച്ചിരാജാക്കന്മാ രുടെ ഇഷ്ടനായിരുന്ന ഒരു കല്ലൂർ നമ്പൂരിപ്പാടായിരുന്നു. അതുകൊണ്ടുംക്രൂടിയായിരുന്ന സാമൂതിരിപ്പാട്ടിലേക്ക നമ്പൂരി പ്പാടന്മാരോടു വിരോധം വർദ്ധിച്ചതു്. ഇങ്ങിനെ എല്ലാം കൊണ്ടും ചെങ്ങണംകുന്നത്തെ താമസം നമ്പൂരിപ്പാടന്മാക്ക് ഏറ്റവും ഒഷ്കരമായിത്തീന്നു. അതിനാൽ കൊച്ചിരാജാവു് അവരെ കുടുംബസഹിതം തൃപ്പൂണിത്തുറയ്ക്ക കൊണ്ടുപോയി. അക്കാലത്തു 'മണിയമ്പിള്ളിമന' എന്ന പ്രസിദ്ധമായിരുന്ന ബ്രാഹ്മണഗൃഹം അന്യംനിന്നുപോവുകയാൽ ആ ഇല്ലവും ഇല്ലംവകയായ സകല വസ്തുവകകളും സക്കാരിൽ ചേർത്തിരി ക്കുകയായിരുന്നു. അതിനാൽ കൊച്ചിരാജാവു നമ്പൂരിപ്പാട ന്മാരെ സകുടുംബം ആ ഇല്ലത്തു കയറിത്താമസിപ്പിക്കുകയും ഇല്ലംവക സകല വസ്തുവകകളും നമ്പൂരിപ്പാട്ടിലേക്ക ദാന മായി കൊടുക്കുകയും ചെയ്തു.

അനന്തരം ഏതാനും കൊല്ലങ്ങൾ കഴിഞ്ഞതിന്റെ ശേഷം അവർ അവിടെനിന്നും കുടുംബസമേതം പോയി തൃശ്ശിവപേരൂർ താലൂക്കിൽ അവിണിശ്ശേരി വില്ലേജിൽ ഒല്ലൂർ തീവണ്ടിസ്റ്റേഷനിൽനിന്ന് ഏകദേശം അരനാഴിക പടി ഞ്ഞാറു സ്ഥിരവാസമാക്കി. ഇതു കൊല്ലം ഏകദേശം മാണ്ടാ ണെന്നാണു കേൾവി. ഇപ്പോഴും അവരുടെ സ്ഥിരവാസം അവിടെത്തന്നെയാണു്. എങ്കിലും ചെങ്ങണംകുന്നത്തും തൃപ്പൂ ണിത്തുറയുമുള്ള ഇല്ലങ്ങളും വസ്തുക്കളുമെല്ലാം ഇപ്പോഴും അവ രുടെ കൈവശാനുഭവത്തിൽത്തന്നെയാണു് ഇരിക്കുന്നതു്. എന്നു മാത്രമല്ല, കാര്യങ്ങളപേക്ഷിക്കുന്നതിനും മറ്റുമായി ചിലപ്പോൾ അവർ ആ രണ്ടു സ്ഥലത്തും പോയി താമസി ക്കാറുമുണ്ടു്. കല്ലൂർ നമ്പൂരിപ്പാടന്മാർ ചെങ്ങണംകുന്നത്തു ഭഗവതിയെ തങ്ങളുടെ കുടുംബപരദേവതയായിട്ടാണു വിചാ രിക്കുകയും ആചരിക്കുകയും ചെയ്തുപോരുന്നതു്. അതിനാൽ

Digitised By Kerala Sahitya Akademi

അവിടെ ഭജനത്തിനായിട്ടും അവർ ചിലപ്പോൾ അവിടെ ച്ചെന്നു താമസിക്കാറുണ്ട്.

കല്ലൂർ നമ്പൂരിപ്പാടന്മാർ വേദവേദാംഗാദികളിലും മന്ത്രവാദത്തിലും പണ്ടേതന്നെ അതിനിപുണന്മാരായിരുന്നു. അവരിൽ ചിലർ നല്ല കവികളുമായിരുന്നു. എന്നാൽ അവക്ക് അധികം പ്രസിദ്ധി മന്ത്രവാദത്തിലാണു് അവർ തുപ്പൂണിത്തുറെനിന്നു് അവിണിശ്ശേരിക്കു മാറിത്താമസിക്കാനിടയായതുതന്നെ അവരുടെ മന്ത്രവാദത്തിന്റെ ശക്തിനിമിത്തമാണെന്നാണു് ഐതിഹ്യം. അതു് എങ്ങിനെയെന്നു ചുരുക്കത്തിൽ താഴെ പറഞ്ഞുകൊള്ളുന്നു.

അവിണിശ്ശേരി എന്നു ദേശത്തു 'കിഴക്കേക്കാളികാട്ട്' എന്നു പ്രസിദ്ധമായിട്ടു് ഒരു മനയുണ്ടായിരുന്നു. അനവധി സ്വത്തുക്കളുണ്ടായിരുന്ന ആ ബ്രാഹ്മണഗൃഹത്തിൽ ഒരു കാലത്തു പുരുഷന്മാരാരുമില്ലാതെയായി ഒടുക്കം നാലു അന്തർജ്ജനങ്ങളം മാത്രം ശേഷിച്ചു. അവരിൽ മൂന്നു അന്തർജ്ജനങ്ങളം മരിച്ചപ്പോഴും ശേഷക്രിയകളം ചെയ്തതു് അവിടെ അടുത്തുതന്നെയുള്ള മൂക്കന്നൂരില്ലത്തെ ഒരു നമ്പൂരിയായിരുന്നു. കാളികാട്ടമനയ്ക്കലെ നമ്പൂരിപ്പാടന്മാർ അനേകം മൂർത്തികളെ സേവിച്ചു പ്രസാദിപ്പിക്കുകയും തങ്ങളുടെ പരദേവതകളാക്കി വെച്ചു പതിവായി പൂജിക്കുകയും ചെയ്തിരുന്നവരായിരുന്നു. അന്തർജ്ജനങ്ങളുടെ ശേഷക്രിയകളം കഴിച്ചു ശേഷക്കാരനായി ച്ചെന്നുചേർന്ന നമ്പൂരി അവിടെ കുടുംബപരദേവതകളായിത്തീർന്നിരുന്ന മൂർത്തികളെ വേണ്ടതുപോലെ പൂജിക്കുകയും സേവിക്കുകയും ചെയ്യാതെയിരുന്നതിനാൽ അദ്ദേഹത്തിനു ഭ്രാന്തു പിടിച്ചു. എന്നു മാത്രമല്ല, ഭ്രാന്തു പിടിച്ചു് ഓടിനടന്ന അദ്ദേഹം കുറച്ചുകാലം കഴിഞ്ഞപ്പോൾ രക്തം ഛർദ്ദിച്ചു മരിക്കുകയും ചെയ്തു. പിന്നെയും അവിടെ പ്രതിദിനമെന്നപോലെ ഓരോ ഭയങ്കരസംഭവങ്ങളം നടന്നുകൊണ്ടിരുന്നു. അതിനാൽ ജനങ്ങളം ഭയം നിമിത്തം ആ മനയ്ക്കൽ കയറാതെയായിയെന്നല്ല, ആ മനയുടെ അടുക്കൽക്കൂടി വഴി നടക്കുകപോലും ചെയ്യാതെയായി. അപ്പോൾ ഏകാകിനിയായിരുന്ന ആ അന്തർജ്ജനത്തിനു് അവിടെക്കഴിച്ചുകൂട്ടുന്നതിനു വളരെ പ്രയാസമായിത്തീർന്നു. അതിനാൽ ആ സാദ്ധ്വി തുപ്പൂണിത്തുറെ

Digitised By Kerala Sahitya Akademi

ച്ചെന്ന വലിയതമ്പുരാൻ തിരുമനസ്സിലെ സന്നിധിയിൽ ഈ സങ്കടങ്ങളെല്ലാമറിയിച്ചു. ഉടനെ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്ലൂർനമ്പൂരിപ്പാടിനെ തിരുമുമ്പാകെ വരുത്തി "കാളിനാട്ടില്ലത്തു ചെന്ന് അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉപദ്രവങ്ങളെല്ലാം ഒഴിച്ചുകൊടുക്കണ"മെന്നു കല്പിച്ചു. നമ്പൂരിപ്പാട് ആ ഇല്ലത്തു ചെന്നു സംഗതികളെല്ലാം സൂക്ഷ്മമായി അന്വേഷിച്ചറിയുകയും കാളിനാട്ടനമ്പൂരിമാരുടെ പരദേവതകളായിരുന്ന മൂത്തികൾക്കെല്ലാം യഥാവിധി പൂജകളും മറ്റും നടത്തി അവരെ സന്തോഷിപ്പിക്കുകയും അപ്പോൾ അവിടെ ഉണ്ടായിക്കൊണ്ടിരുന്ന ഉപദ്രവങ്ങളെല്ലാം നീങ്ങുകയും അതറിഞ്ഞ് അവിടെ ദാസ്യപ്രവൃത്തിക്കും മറ്റും വേണ്ടുന്നവരെല്ലാം ചെന്നുതുടങ്ങുകയും അപ്പോൾ ഏകാകിനിയായിരുന്ന ആ അന്തർജ്ജനത്തിന്റെ ദുഃഖവും ഭയവുമെല്ലാമൊഴിഞ്ഞ് അവൾ സുഖമാവുകയും ചെയ്തു. എങ്കിലും ആ മൂർത്തികളെയെല്ലാം യഥാവിധി പൂജിച്ചും സേവിച്ചും സന്തോഷിപ്പിച്ചുകൊണ്ടിരിക്കുന്നതിനു മതിയായവർ മറ്റാരുമില്ലാതിരുന്നതിനാൽ വലിയതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം നമ്പൂരിപ്പാട് പിന്നെയും ആയില്ലത്തുതന്നെ താമസിച്ചു.

അനന്തരം കുറച്ചുകാലം കഴിഞ്ഞപ്പോൾ അവിടെ ഏകയായി ശേഷിച്ചിരുന്ന ആ അന്തർജ്ജനവും കാലധർമ്മത്തെ പ്രാപിക്കുകയും അവരുടെ അപരക്രിയകളും നമ്പൂരിപ്പാട്തന്നെ നടത്തുകയും ആ സംഗതി വലിയതമ്പുരാൻ തിരുമനസ്സിലെ അടുക്കൽ അറിയിക്കുകയും അപ്പോൾ തിരുമനസ്സുകൊണ്ടു നമ്പൂരിപ്പാടിനോട് "ഇനി നിങ്ങളെല്ലാവരും ഇവിടെ നിന്നു (തൃപ്പൂണിത്തുറെനിന്നു) മാറി കുടുംബസമേതം ആ കാളിനാട്ടില്ലത്തുചെന്നു താമസിച്ചുകൊള്ളണം. അന്യംനിന്നതായ ആ ഇല്ലവും ആ ഇല്ലംവകയായിട്ടുള്ള സകല വസ്തുവകകളും നിങ്ങൾക്കായി തന്നിരിക്കുന്നു" എന്നു കല്പിക്കുകയും അപ്രകാരം തിട്ടൂരം അയച്ചുകൊടുക്കുകയും അക്കാലം മുതൽ കല്ലൂർ നമ്പൂരിപ്പാടന്മാരുടെ സ്ഥിരവാസം അവിടെയാവുകയും ചെയ്തു. ഇപ്രകാരമാണു കല്ലൂർ നമ്പൂരിപ്പാടന്മാരുടെ സ്ഥിരവാസം തൃപ്പൂണിത്തുറെനിന്നു മാറി അവിണിശ്ശേരിയിലായതു്. നമ്പൂരിപ്പാടന്മാർ അവിടെ സ്ഥിരവാസമായ കാലം മുതൽ

Digitised By Kerala Sahitya Akademi

ആ മനയുടെ പേരു "കല്ലൂർമന"യെന്നായി. എങ്കിലും അവിടെ സമീപസ്ഥന്മാരായവരെല്ലാം ഇപ്പോഴും കാളികാട്ടു മനയെന്നാണു പറഞ്ഞുവരുന്നതു്.

കല്ലൂർ നമ്പൂരിപ്പാടന്മാർ വലിയ മന്ത്രവാദികളായിത്തീർന്നതിനു പല കാരണങ്ങളും ജനങ്ങളും പറഞ്ഞുവരുന്നുണ്ടു് അവയിൽച്ചിലതു താഴെപ്പറഞ്ഞുകൊള്ളുന്നു.

കല്ലൂർ നമ്പൂരിപ്പാടന്മാർ സകുടുംബം ചെങ്ങണംകുന്നത്തു പാർത്തിരുന്ന കാലത്തു് അവിടെനിന്നു് ഒരു നമ്പൂരിപ്പാടു തൃശ്ശിവപേരൂർച്ചെന്നു വടക്കുന്നാഥക്ഷേത്രത്തിൽ ഭജനം തുടങ്ങി. ഭജനം വളരെ നിഷ്ഠയോടുകൂടിയാണു നടത്തിയിരുന്നതു്. രണ്ടു നേരവും നട തുറക്കുമ്പോഴെയ്ക്കും കുളി കഴിച്ചു ക്ഷേത്രത്തിലെത്തും. പിന്നെ നടയടയ്ക്കുന്നതുവരെ ജപിച്ചുകൊണ്ടും ഈശ്വരധ്യാനം ചെയ്തുംകൊണ്ടും മണ്ഡപത്തിൽത്തന്നെ ഇരിക്കും. അങ്ങിനെയായിരുന്നു പതിവു്. ഇടയ്ക്കു സന്ധ്യാവന്ദനത്തിനു സമയമാകുമ്പോഴും അതിനു മാത്രമേ അവിടെനിന്നു് എഴുന്നേറ്റു പോവുകയുള്ളൂ. അതു കഴിഞ്ഞാൽ പിന്നെയും അവിടെത്തന്നെ വന്നിരിക്കും. ഉച്ചയ്ക്കു് ഒരു നേരം മാത്രം സ്വല്പം ഭക്ഷണം കഴിക്കും. പിന്നെ ജലപാനംപോലും പതിവില്ലായിരുന്നു.

അങ്ങിനെ ഏതാനും കൊല്ലങ്ങൾ കഴിഞ്ഞതിന്റെ ശേഷം ഒരു ദിവസം വൈകുന്നേരം നമ്പൂരിപ്പാടു് ഈശ്വരധ്യാനത്തോടുകൂടിയിരുന്നിരുന്നപ്പോൾ ക്ഷേത്രത്തിൽ അത്താഴപൂജയും തുപ്പുകയും മറ്റും കഴിഞ്ഞു. അദ്ദേഹം അതൊന്നും അറിഞ്ഞില്ല. അദ്ദേഹം ധ്യാനത്തിൽനിന്നുണർന്നു കണ്ണു തുറന്നു നോക്കിയപ്പോൾ ക്ഷേത്രത്തിൽ ശാന്തിക്കാർ മുതലായ വരാരുമില്ലായിരുന്നു. നട അടച്ചിരിക്കുന്നതായും കണ്ടു. "ഇനി എന്താണു വേണ്ടതു് എന്നു വിചാരിച്ചുകൊണ്ടു് അദ്ദേഹം അവിടെയിരുന്നപ്പോൾ എവിടെനിന്നോ ഒരു ഗ്രന്ഥം അദ്ദേഹത്തിന്റെ മുമ്പിൽ വന്നു വീണു. അതെടുത്തുവെച്ചുകൊണ്ടു് അദ്ദേഹം പിന്നെയും വിചാരമഗ്നനായി അവിടെത്തന്നെയിരുന്നു. അങ്ങിനെ കുറച്ചുനേരം കഴിഞ്ഞപ്പോഴേയ്ക്കും കുളിക്കാൻ പോകാനുള്ള നേരമായതിനാൽ അദ്ദേഹം കുളിക്കാൻ പോയി. ശാന്തിക്കാർ കുളിച്ചുവന്നു നട തുറന്നപ്പോഴേയ്ക്കും

Digitised By Kerala Sahitya Akademi

നമ്പൂരിപ്പാടും കൂളിയും മറവും കഴിച്ചു പതിവുപോലെ മണ്ഡപത്തിലെത്തി. അദ്ദേഹം പിന്നെയും നിഷ്ഠയോടുകൂടി ഭജിച്ചുകൊണ്ടു യഥാപൂർവ്വം അവിടെത്തന്നെ താമസിച്ചു.

അനന്തരം ഏതാണ്ടും കൊല്ലങ്ങൾക്കുകഴിഞ്ഞതിന്റെ ശേഷം ഒരുദിവസം പാവ്വതീപരമേശ്വരന്മാർ നമ്പൂരിപ്പാട്ടിലേ മുമ്പിൽ പ്രത്യക്ഷീഭവിക്കുകയും ഭഗവാൻ അദ്ദേഹത്തോട്ട് "ഇനി ഭജനം മതിയാക്കി ഇല്ലത്തേയ്ക്കു പോകാം. ഇവിടെ കിട്ടീട്ടുള്ള ഗ്രന്ഥം ഞാൻ ഇട്ടതന്നതാണ്. അതു നോക്കി അതിൽപ്പറഞ്ഞിരിക്കുന്നതുപോലെ ചെയ്തുകൊണ്ടാൽ സർവ്വവും സഫലമാകും. ആ ഗ്രന്ഥത്തിന്റെ അവസാനഭാഗത്തു പറഞ്ഞിട്ടുള്ള വിധിപ്രകാരം ഭഗവതിസ്സേവ കഴിച്ചുകൊണ്ടാൽ സകല കാര്യങ്ങളും സാധിക്കും. സാധാരണയായിട്ടുള്ള ഭഗവതിസ്സേവയേക്കാൾ കുറച്ചുകൂടി വിസ്തരിച്ചാണ ഗ്രന്ഥത്തിൽപ്പറഞ്ഞിരിക്കുന്നത്. അതിനാൽ ഈ വിധിപ്രകാരം കഴിക്കുന്ന ഭഗവതിസ്സേവയുടെ പേരു 'വലിയ ഭഗവതിസ്സേവ' എന്നാക്കിക്കൊള്ളണം. ഞാൻ ഈ പറഞ്ഞിട്ടുള്ളതിനൊന്നിനും യാതൊരു വ്യത്യാസവും വരുന്നതല്ല. ഞങ്ങൾ രണ്ടുപേരും വേണ്ടതുപോലെ പ്രസാദിച്ചിരിക്കുന്നു" എന്നരുളിച്ചെയ്തിട്ടു ഭഗവാൻ ദേവിയോടുകൂടി അപ്പോൾത്തന്നെ അന്തർദ്ധാനം ചെയ്കയും ചെയ്തു. ഉടനെ നമ്പൂരിപ്പാട്ടു പാവ്വതീപരമേശ്വരന്മാർ മറഞ്ഞ ആ ദിക്കു നോക്കി സാഷ്ടാംഗം വീണു നമസ്കരിച്ചു. അദ്ദേഹത്തിന് അപ്പോളുണ്ടായ സന്തോഷാത്ഭുതപാരവശ്യം എത്രമാത്രമെന്നും ഏതു പ്രകാരമെന്നും പറയാൻ പ്രയാസം. നമ്പൂരിപ്പാട്ട് ആ രാത്രി അവിടെക്കഴിച്ചുകൂട്ടിയതിന്റെ ശേഷം പിറേറദിവസം കാലത്തേ കുളിയും സന്ധ്യാവന്ദനാദികളും കഴിച്ച് അവിടെ 'ശ്രീമൂലസ്ഥാനം' മുതൽ വേണ്ടുന്ന സ്ഥലങ്ങളിലെല്ലാം വന്ദനവും ദർശനവും കഴിച്ചിട്ടു മനയ്ക്കലേയ്ക്കു പോയി. കല്ലൂർ നമ്പൂരിപ്പാടന്മാർ വലിയ മന്ത്രവാദികളായിത്തീർന്നതു ശ്രീപരമേശ്വരന്റെയും ശ്രീപാവ്വതിയുടെയും പ്രസാദംകൊണ്ടും ഭഗവാന്റെ ഉപദേശപ്രകാരമുള്ള വലിയ ഭഗവതിസ്സേവകൊണ്ടും ഭഗവാൻ പ്രസാദിച്ചു കൊടുത്ത ഗ്രന്ഥംമൂലവുമാണ്. വേറെയും ചില കാരണങ്ങളില്ലെന്നില്ല. അവയും യഥാവ

Digitised By Kerala Sahitya Akademi

സരം പിന്നാലെ പ്രസ്താവിക്കാൻ നോക്കാം. ഏതെങ്കിലും പ്രസ്തുത നമ്പൂരിപ്പാട്ട് ഒരേപ്പാട്ട നിശ്ചയിച്ചു. അതെങ്ങിനെയെന്നാൽ, കല്ലൂർ മനയ്ക്കലുണ്ടാകുന്ന പുരുഷന്മാരെല്ലാവരും സമാവർത്തനം കഴിഞ്ഞാലുടനേ വടക്കുന്നാഥക്ഷേത്രത്തിൽ ഒരു സംവത്സരഭജനം നടത്തണമെന്നും അതു കഴിഞ്ഞിട്ടല്ലാതെ മന്ത്രവാദം ചെയ്യുതുടങ്ങരുതെന്നുമാണ്. ആ ഏർപ്പാട് ഇപ്പോഴും അവിടെ ശരിയായി നടന്നുപോരുന്നുണ്ട്. ഈ ഏർപ്പാട നിശ്ചയിക്കുകയും വടക്കുന്നാഥക്ഷേത്രത്തിൽ ഭജിച്ചു പാവ്വതീപരമേശ്വരന്മാരെ പ്രത്യക്ഷീകരിക്കുകയും ചെയ്ത ആ നമ്പൂരിപ്പാട്ടിലെപ്പേരു 'കുമാരസ്വാമി' എന്നായിരുന്നുവത്രേ.

ഈ കുമാരസ്വാമിനമ്പൂരിപ്പാട വടക്കുന്നാഥക്ഷേത്രത്തിലെ സംവത്സരഭജനം കഴിഞ്ഞു മനയ്ക്കൽ മടങ്ങിയെത്തീട്ട് ഏതാനും ദിവസങ്ങൾ കഴിഞ്ഞതിന്റെ ശേഷം കാശി, രാമേശ്വരം മുതലായ പുണ്യസ്ഥലങ്ങളിൽപ്പോയി ഗംഗാസ്നാനം, സേതുസ്നാനം മുതലായവയുംകൂടി നിർവ്വഹിച്ചു. അദ്ദേഹം രാമേശ്വരത്തുനിന്നു മടങ്ങിവരുംവഴി തിരുവനന്തപുരത്തെത്തി മഹാരാജസന്നിധിയിൽച്ചെന്നു മുഖം കാണിക്കുകയും ചെയ്തു. അന്നു തിരുവിതാംകൂർരാജ്യം ഭരിച്ചിരുന്നതു കൊല്ലം ൯൰ാമാണ്ടു കുംഭമാസത്തിൽ നാടുനീങ്ങിയ കാർത്തികതിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടായിരുന്നു. തിരുമനസ്സുകൊണ്ട് ഈ നമ്പൂരിപ്പാടിനേക്കുറിച്ചു മുമ്പേതന്നെക്കേട്ടറിഞ്ഞിരുന്നതിനാൽ അദ്ദേഹത്തെ അവിടെ യഥായോഗ്യം സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്തു.

അക്കാലത്തു് അവിടെ ജനങ്ങൾക്കു് അതിദുസ്സഹമായ ഒരുപദ്രവം നേരിട്ടിരുന്നു. ൯൰൨-ാമാണ്ടു നാടുനീങ്ങിയ മാർത്താണ്ഡവർമ്മമഹാരാജാവു രാജദ്രോഹികളായിരുന്ന എട്ടുവീട്ടിൽപ്പിള്ളമാരേയെല്ലാം പിടിപ്പിച്ചു പടിഞ്ഞാറേ കടൽപ്പുറത്തു കൊണ്ടുപോയി കഴുത്തു വെട്ടി കടലിലേയ്ക്കു തള്ളുകയും അവരുടെ സ്ത്രീകളേയെല്ലാം പിടിപ്പിച്ചു സമുദ്രതീരവാസികളായ മുക്കുവർക്കു കൊടുക്കുകയും ചെയ്താണല്ലോ അവരുടെ വംശം നശിപ്പിച്ചതു്. ആ പിള്ളമാരുടെ പ്രേതാത്മാക്കളും അവർ സേവിച്ചിരുന്ന ഉഗ്രമൂർത്തികളുമാണു് അന്നു ജനങ്ങളെ

Digitised By Kerala Sahitya Akademi

ഉപദ്രവിച്ചുകൊണ്ടിരുന്നതു് ആ പിള്ളമാരുടെ ശ്രേഷ്ഠക്രിയകൾ ചെയ്യാനാരുമുണ്ടായിരുന്നില്ലല്ലോ.

"ആബ്ദമീക്ഷാടി ലോപേന
പ്രേതാ യാന്തി പിശാചതാം
സ്വജനാൻ ബാധമാനാസ്തേ
വിചരന്തി മഹീതലേ"

എന്നാണല്ലോ പ്രമാണം. ആ മൂത്തികളുടെ ഉപദ്രവം ജനങ്ങൾക്കു മിക്ക ദിവസങ്ങളിലും ഉണ്ടായിരുന്നു. വിശേഷിച്ചു ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും രാത്രിയിൽ മദ്ധ്യയാമത്തിങ്കലായിരുന്നു അതികലശലായിരുന്നതു് ആ പിശാചുക്കളുടെയും മൂത്തികളുടെയും സഞ്ചാരം കടൽപ്പുറം മുതൽ പടിഞ്ഞാറേക്കോട്ടവാതിൽവരെയായിരുന്നു. പദ്മനാഭസ്വാമിയേക്കുറിച്ചുള്ള ഭയംകൊണ്ടോ എന്തോ അവർ കോട്ടയ്ക്കകത്തു കടക്കാറില്ല. പത്തു നാഴിക രാത്രിയാകുമ്പോൾ അവരെല്ലാവരും ക്രൂടി ക്രൂട്ടംക്രൂടി കടൽപ്പുറത്തുനിന്നു കിഴക്കോട്ടു പുറപ്പെടും. പിന്നെ പത്തു നാഴിക വെളുപ്പാനുള്ളപ്പോഴംവരെ ആ പ്രദേശത്തൊക്കെ അവരുടെ സഞ്ചാരമാണു്. അതിനിടയ്ക്കു മനുഷ്യരായിട്ടുള്ളവരെ ആരെയെങ്കിലും കണ്ടാൽ അവർ കഥ കഴിക്കും. അതിനാൽ അക്കാലത്തു് ആരും പുറത്തിറങ്ങി സ്സഞ്ചരിക്കാറില്ല. എന്നു മാത്രമല്ല; അക്കാലത്തു് ആ പ്രദേശത്തെങ്ങും ആരും പാർത്തിരുന്നുമില്ല. ഈ മൂത്തികൾ ഉറക്കെ അലറുകയും അട്ടഹസിക്കുകയും ചെയ്തുകൊണ്ടാണു സഞ്ചരിച്ചിരുന്നതു്. അതിനാൽ ആ പ്രദേശത്തെങ്ങും ആൾപാർപ്പിടമുച്ചിട്ടു പുരയ്ക്കകത്തുപോലും കിടന്നുറങ്ങാൻ നിവൃത്തിയില്ലായിരുന്നു. ഈ ഉപദ്രവമൊഴിക്കുന്നതിനു മഹാരാജാവു തിരുമനസ്സുകൊണ്ടു് അനേകം മന്ത്രവാദികളെ വരുത്തി പലതും ചെയ്യിച്ചുനോക്കി. ഒന്നുകൊണ്ടും ഒരു ഫലവുമുണ്ടായില്ല. അങ്ങിനെയിരുന്നപ്പോളാണു കുമാരസ്വാമിനമ്പൂരിപ്പാടു് അവിടെ ചെന്നുചേർന്നതു്.

നമ്പൂരിപ്പാടു മുഖം കാണിച്ചപ്പോൾത്തന്നെ തിരുമനസ്സുകൊണ്ടു് ഈ സംഗതികളെല്ലാം അദ്ദേഹത്തോടു കല്പിക്കുകയും ഏതുവിധവും ഈ ഉപദ്രവം മാറിക്കൊടുക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. സംഗതികളെല്ലാം കേട്ടു മനസ്സിലാക്കിയ

Digitised By Kerala Sahitya Akademi

തിന്റെ ശേഷം നമ്പൂരിപ്പാട് "ആട്ടെ, ഞാനൊരു എഴുത്തെഴുതിക്കൊടുത്താൽ അതും കൊണ്ടുപോയി കോട്ടവാതിലൂൽ അകത്തു നില്ക്കുകയും ആ മൂർത്തികൾ പുറത്തുവരുമ്പോൾ അത് അവരുടെ അടുക്കലേയ്ക്ക് എറിഞ്ഞുകൊടുക്കുകയും ചെയ്വാൻ ധൈര്യമുള്ളവർ ഇവിടെ ആരെങ്കിലുമുണ്ടോ?" എന്നു ചോദിച്ചു. അതിനു മറുപടിയായി "അതിനാരെങ്കിലുമുണ്ടാകും" എന്നു കല്പിച്ചു. അപ്പോൾ നമ്പൂരിപ്പാട് "എന്നാൽ അത് ഇന്നുതന്നെ വേണം. ഇന്നു വെള്ളിയാഴ്ചയാണല്ലോ. ഞാൻ പോയി കുളിയും സന്ധ്യാവന്ദനാദികളും അത്താഴവും കഴിച്ചു വരാം" എന്നു പറയുകയും അതിനെ സമ്മതിച്ചു തിരുമനസ്സുകൊണ്ട് ഒരാളേക്കൂട്ടി നമ്പൂരിപ്പാടിനെ അയയ്ക്കുകയും ചെയ്തു.

നമ്പൂരിപ്പാട്ടിലേയ്ക്കു കേമമായിട്ട് അത്താഴത്തിനും മറ്റും കല്പിച്ചു ചട്ടംകെട്ടിയിരുന്നു എന്നുള്ളതു പ്രത്യേകം പറയണമെന്നില്ലല്ലോ. ഏട്ടനാഴിക രാത്രിയായപ്പോഴേയ്ക്കും നമ്പൂരിപ്പാട് കുളിയും അത്താഴവും മറ്റും കഴിച്ചു തിരുമുമ്പാകെ എത്തി. അപ്പോഴേയ്ക്കും തിരുമനസ്സിലെ അത്താഴമുണ്ണലും കഴിഞ്ഞിരുന്നു. അപ്പോൾ നമ്പൂരിപ്പാട് "ഒരോലയും എഴുത്താണിയും (നാരായവും) വേണം" എന്നു പറയുകയാൽ കല്പനപ്രകാരം ഒരാൾ അവ അവിടെക്കൊണ്ടുചെന്നു കൊടുത്തു. നമ്പൂരിപ്പാട് ആ ഓലയെടുത്തു വാൻമുറിച്ച് അതിൽ എന്തോ എഴുതി മടക്കിക്കെട്ടിവെച്ചു. അപ്പോഴേയ്ക്കും ഒരു പട്ടാളശ്ശിപായി അവിടെ എത്തുകയാൽ തിരുമനസ്സുകൊണ്ട് "ഇതാ ഈ ആളാണ് എഴുത്തു കൊണ്ടുപോകുന്നത്" എന്നു കല്പിക്കുകയും നമ്പൂരിപ്പാട് ആ എഴുത്ത് ആ ശിപായിയുടെ കൈയിൽക്കൊടുത്തിട്ട് "ഇതു പടിഞ്ഞാറെ കോട്ടവാതിലൂൽ കൊണ്ടുചെന്ന് ആ ഉഷ്ടമൂർത്തികൾ അവിടെ വരുമ്പോൾ അകത്തു നിന്നുകൊണ്ടു പുറത്തേയ്ക്ക് എറിഞ്ഞുകൊടുക്കണം. അപ്പോൾ അവർ എന്തു ചെയ്യുന്നു എന്നറിഞ്ഞ് ആ വിവരം ഇവിടെ വന്നു പറയുകയും വേണം" എന്നു പറയുകയും ചെയ്തു. ഉടനെ ആ ശിപായി ആ എഴുത്തുംകൊണ്ട് ഒരു കുതിരപ്പുറത്തു കയറി ഓടിച്ചു പടിഞ്ഞാറേ കോട്ടവാതിലൂലെത്തി. അപ്പോഴെയ്ക്കും ആ ഉഷ്ടമൂർത്തികളുടെ അലച്ചു കേട്ടുതുടങ്ങി. കുറച്ചുസമയം കഴിഞ്ഞപ്പോഴെയ്ക്കും

Digitised By Kerala Sahitya Akademi

അവരെല്ലാവരും കോട്ടവാതില്ക്കലെത്തി. അപ്പോഠം ആ ശിപായി ധൈര്യസമേതം കോട്ടയ്ക്കകത്തു നിന്നുകൊണ്ടു നമ്പൂരിപ്പാട്ടിലെ എഴുത്ത് അവരുടെ അടുക്കലേയ്ക്കു വലിച്ചെറിഞ്ഞു. ആ എഴുത്ത് അവരുടെ അടുക്കൽ എത്തിയ ക്ഷണത്തിൽ ആ മൂർത്തികളെല്ലാം ആർത്തനാദം പുറപ്പെടുവിച്ചുകൊണ്ടു വന്ന വഴിയെ പടിഞ്ഞാട്ടോടി സമുദ്രത്തിൽച്ചാടി മറഞ്ഞു. എഴുത്തു കൊണ്ടുപോയിരുന്ന ശിപായി മടങ്ങിവന്ന് ആ വിവരമെല്ലാം തിരുമനസ്സിലെ സന്നിധിയിൽ അറിയിച്ചു. അപ്പോഠം നമ്പൂരിപ്പാട് "ആ ഉപദ്രവം അങ്ങിനെയൊഴിഞ്ഞു. ഇനി ആ ദുഷ്ടമൂർത്തികളുടെ ഉപദ്രവം ഒരിക്കലും ഇവിടെ ഉണ്ടാവുകയില്ല" എന്നു പറഞ്ഞു. ഉടനെ തിരുമനസ്സുകൊണ്ടു "ഞാനും അങ്ങിനെതന്നെ വിശ്വസിക്കുന്നു" എന്നു കല്പിക്കുകയും നമ്പൂരിപ്പാടിനെ കിടക്കാൻ, കല്പിച്ചയയ്ക്കുകയും തിരുമനസ്സുകൊണ്ടു പള്ളിയറയിലേയ്ക്ക് എഴുന്നള്ളുകയും ചെയ്തു.

പിറേറദിവസം നമ്പൂരിപ്പാടു തിരുമുമ്പാകെച്ചെന്നു യാത്രയറിയിച്ചപ്പോഠം തിരുമനസ്സുകൊണ്ട് അദ്ദേഹത്തിനു വീരശൃംഖല മുതലായ അനേകം സമ്മാനങ്ങളും യാത്രച്ചെലവു വകയ്ക്ക് ആയിരം പണവും കല്പിച്ചുകൊടുത്തു. നമ്പൂരിപ്പാട് അവയെല്ലാം വാങ്ങിക്കൊണ്ട് അന്നുതന്നെ സസന്തോഷം സ്വദേശത്തേയ്ക്കു പോവുകയും ചെയ്തു. നമ്പൂരിപ്പാട്ടിലെ എഴുത്തു കണ്ടു പേടിച്ചോടിപ്പോയ ദുർമ്മൂർത്തികളുടെ ഉപദ്രവം അതിൽപ്പിന്നെ ആ ദേശത്തെങ്ങും ഒരിക്കലുമുണ്ടായിട്ടില്ല.

ഈ കുമാരസ്വാമിനമ്പൂരിപ്പാട്ടിലെ രണ്ടാമത്തെ പൌത്രൻ ഉണ്ടായപ്പോഠത്തന്നെ അദ്ദേഹത്തിന് ആയുസ്സു കുറവാണെന്നു ചിലർ പറയുകയാൽ കുമാരസ്വാമിനമ്പൂരിപ്പാടു പ്രസിദ്ധ ജ്യോത്സ്യനായിരുന്ന കാരക്കാട്ട് ഈശ്വരവാരിയരെക്കൊണ്ട് ആ ഉണ്ണിനമ്പൂരിപ്പാട്ടിലെ ജാതകമെഴുതിച്ചു. ഈശ്വരവാരിയർ പറയുന്നതും എഴുതിക്കൊടുക്കുന്നതുമൊന്നും തെറ്റുകില്ലെന്നായിരുന്ന ജനങ്ങളുടെ വിശ്വാസം. അതു വാസ്തവവുമായിരുന്നു. ഈശ്വരവാരിയർ ജ്യോതിശ്ശാസ്ത്രങ്ങളെല്ലാം പഠിച്ചുകഴിഞ്ഞതിന്റെ ശേഷം മൂക്കാൽ വ്യാഴവട്ടക്കാലം (ഒൻപതുകൊല്ലം) കാരക്കാട്ടു സുബ്രഹ്മണ്യസ്വാമിയെ നിഷ്ഠയോടുകൂടി ഭജിച്ചു പ്രസാദിപ്പിച്ച മഹാനാണ്. പിന്നെ അദ്ദേഹം പറഞ്ഞാൽ ശരിയാകാതെയിരിക്കുമോ? അദ്ദേഹം

Digitised By Kerala Sahitya Akademi

ജാതകത്തിൽ എഴുതിക്കൊടുത്തതു് ആ ഉണ്ണിനമ്പൂരിപ്പാടു് ഇരുപതു വയസ്സു തികയുന്നതിനു മുമ്പു വസൂരിദീനത്താൽ മരിക്കും എന്നായിരുന്നു. എന്നു മാത്രമല്ല, മരിക്കുന്ന ആണ്ടും മാസവും തീയതിയും നാഴികയും വിനാഴികയും കൂടി എഴുതിക്കൊടുത്തു. അതു കണ്ടപ്പോൾ കുമാരസ്വാമിനമ്പൂരിപ്പാടു മുതലായവർക്കു വളരെ സങ്കടമുണ്ടായി എന്നുള്ളതു പറയണമെന്നില്ലല്ലോ. എങ്കിലും ആ മനയ്ക്കലുള്ളവർ ഈ വർത്തമാനം പരസ്യമാക്കിയില്ല

ആ ഉണ്ണിനമ്പൂരിപ്പാടു മുറയ്ക്കു വളർന്നുവരികയും യഥാകാലം അദ്ദേഹത്തിന്റെ സമാവർത്തനംവരെയുള്ള ക്രിയകളൊക്കെ കഴിയുകയും ചെയ്തു. അനന്തരമദ്ദേഹം പിതാമഹന്റെ നിശ്ചയപ്രകാരം തൃശ്ശിവപേരൂരെത്തി വടക്കുന്നാഥക്ഷേത്രത്തിലെ സംവത്സരഭജനവും നിർവ്വഹിച്ചുകൊണ്ടു മനയ്ക്കൽ മടങ്ങിയെത്തി. അപ്പോളദ്ദേഹം അദ്ദേഹത്തിന്റെ ജാതകം ഈശ്വരവാരിയർ ഇന്നിന്നപ്രകാരമെല്ലാമാണു് എഴുതിക്കൊടുത്തിരിക്കുന്നതെന്നുള്ള വിവരം എങ്ങിനെയോ അറിയുകയും "വസൂരിബാധയെത്തടുക്കുന്നതിനുള്ള ശക്തി ഭഗവതിക്കുള്ളതുപോലെ മറാക്കുമില്ലല്ലോ" എന്നു വിചാരിച്ചു് അടുത്ത ദിവസംതന്നെ ചെങ്ങണംകുന്നത്തു ഭഗവതീക്ഷേത്രത്തിലെത്തി ഭജനം തുടങ്ങുകയും ചെയ്തു. ആ ഭജനവും കഠിനനിഷ്ഠയോടുകൂടിത്തന്നെയായിരുന്നു. കാലത്തു ശാന്തിക്കാർ വന്നു നട തുറക്കുമ്പോഴെയ്ക്കും ഉണ്ണിനമ്പൂരിപ്പാടും കുളിയും സന്ധ്യാവന്ദനവും കഴിച്ചു് അമ്പലത്തിലെത്തും. പിന്നെ ഉച്ചപ്പൂജ കഴിഞ്ഞു നടയടയ്ക്കുന്നതുവരെ ജപവും നമസ്കാരവും മറ്റുമായിട്ടു് അവിടെത്താമസിക്കും. ഉച്ചപ്പൂജ കഴിഞ്ഞു നടയടച്ചാൽ ഇല്ലത്തേയ്ക്കു പോകും. അവിടെച്ചെന്നാൽ ഇല്ലത്തു തേവാരപ്പുരയിൽ കുടിയിരുത്തിയിരിക്കുന്ന ചെങ്ങണംകുന്നത്തു ഭഗവതിക്കു് ഒരു പൂജ കഴിക്കും. അതിനു നിവേദ്യത്തിനു നാഴിയരിയാണു പതിവുവെച്ചിരുന്നതു്. പൂജ കഴിഞ്ഞാൽ ആ ചോറു മാത്രം ഉപ്പുകൂടാതെ അദ്ദേഹം ഊണുകഴിക്കും. അങ്ങിനെ ഒരു നേരം മാത്രമേ അദ്ദേഹം ഊണുകഴിച്ചിരുന്നുള്ളൂ. വൈകുന്നേരവും നട തുറക്കുമ്പോഴെയ്ക്കും അദ്ദേഹം ക്ഷേത്രത്തിലെത്തും. പിന്നെ അത്താഴപ്പൂജ കഴിഞ്ഞു നടയടയ്ക്കുന്നതുവരെ അദ്ദേഹം ദേവിയെ ഭജിച്ചുകൊണ്ടു് അവി

Digitised By Kerala Sahitya Akademi

ടെയിരിക്കും. ഇങ്ങിനെയൊക്കെയായിരുന്ന അദ്ദേഹത്തിന്റെ ഭജനം.

ഇങ്ങിനെ ഏതാനും കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ ഈശ്വരവാരിയർ എഴുതിക്കൊട്ടുത്തിരുന്ന ജാതകപ്രകാരം ആ ഉണ്ണിനമ്പൂരിപ്പാട്ടിലെ ചരമഗതിക്കുള്ള ദിവസമായി. അന്ന വൈകുന്നേരം അദ്ദേഹം ഭാരതപ്പുഴയിൽച്ചെന്ന കുളിച്ചൂത്ത ജപിച്ചുകൊണ്ടിരുന്ന സമയം ആ പുഴവക്കത്തു നിന്നിരുന്ന രണ്ടരയാലുകളിൽ ഒന്നിൽനിന്ന് എന്തോ ഒരു മൂത്തി ഏറ്റവും ഉയക്കോട്ടുക്രുടി പുഴയിലേയ്ക്കു ചാടി. അതിന്റെ പതനശക്തിനിമിത്തം നമ്പൂരിപ്പാട്ടിലെ മേലൊക്കെ വെള്ളം തെറിച്ചു. എങ്കിലും അതൊന്നും വകവെയ്ക്കാതെ അമ്പലത്തിലേയ്ക്കു പുറപ്പെട്ടു. മറേറ ആലിന്റെ ചുവട്ടിലെത്തിയപ്പോൾ സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീ അവിടെ നിന്നിരുന്നു. ആ സ്ത്രീയെക്കുറിച്ചും ഒന്നും വിചാരിക്കാതെ അദ്ദേഹം പിന്നെയും നടന്നുതുടങ്ങി. അപ്പോഴേയ്ക്കും അദ്ദേഹത്തിന്റെ തലയ്ക്കു വല്ലാതെ ഒരു ഘനവും മുഖത്തും മേലുമൊക്കെ ഒരു വലിച്ചിലും ദേഹത്തിന് ആകപ്പാടെ ഒരു ക്ഷീണവും വന്ന ബാധിച്ചു. ക്ഷേത്രത്തിലോളം നടക്കുന്ന കായ്യം പ്രയാസമെന്ന തോന്നുകയാൽ അദ്ദേഹം മനയ്ക്കലേക്കുതന്നെ പോയി. അവിടെച്ചെന്ന് ഒരു കണ്ണാടിയെടുത്തു നോക്കിയപ്പോൾ മുഖത്തും മേലുമെല്ലാം വസൂരിക്കുരുക്കൾ പുറപ്പെട്ടുതുടങ്ങിയിരിക്കുന്നതായിക്കണ്ടു. ഉടനെ അദ്ദേഹം അമ്മയേ വിളിച്ച് "അമ്മേ! ഈച്ചരൻ എഴുതിത്തന്നതു ശരിയായി. എന്റെ മേലൊക്കെ വസൂരിക്കുരുക്കൾ പുറപ്പെട്ടുതുടങ്ങിയിരിക്കുന്നു. നിങ്ങളാരും വ്യസനിക്കരുതു്. ഈശ്വരവിധി നീക്കാനാക്കും കഴിയുന്നതല്ലല്ലൊ" എന്നു പറഞ്ഞിട്ടു തേവാരപ്പുരയിൽക്കടന്ന് അവിടെക്കുടിയിരുത്തിയിരുന്ന ചെങ്ങണംകുന്നത്തു ഭഗവതിയുടെ വിഗ്രഹമെടുത്തു കിഴക്കിനിയിൽക്കൊണ്ടുചെന്നുവെച്ചുകൊണ്ട് "ഇതുവരെ ഭഗവതിയെസ്സേവിച്ചതിന്റെ ഫലമിതാണല്ലൊ" എന്നു പറയുകയും ആ വിഗ്രഹം വലത്തുകാൽകൊണ്ടു തട്ടിനടുമുറ്റത്തേയ്ക്ക് ഇടുകയും ചെയ്തതിന്റെ ശേഷം ശയനസ്ഥലത്തു കടന്നു വാതിലടച്ചു സാക്ഷയിടുകയും അവിടെയൊരു പായെടുത്തിട്ട് അതിൽക്കിടക്കുകയും ചെയ്തു.

Digitised By Kerala Sahitya Akademi

അനന്തരമദ്ദേഹം ഈശ്വരപ്രാപ്തിക്കു ജ്യോതിശ്ശാസ്ത്രത്തിലുള്ള പാണ്ഡിത്യത്തേയും ഭഗവതിയുടെ കൃപയില്ലായ്മയേയും കരുതിക്കൂട്ടി വിചാരിച്ചുകൊണ്ടു് അങ്ങിനെ കിടന്നപ്പോൾ സ്വല്പമൊന്നു മയങ്ങി. അപ്പോൾ സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീ അദ്ദേഹത്തിന്റെ അടുക്കൽച്ചെന്നുനിന്നുകൊണ്ടു, "ഹേ! എന്താ എന്റെ പേരിലും മുഷിച്ചിലായോ? ആ ആലിന്മേൽ നിന്നു പുഴയിലേയ്ക്കു ചാടിയതു വസൂരിമാലയായിരുന്നു. ആ വെള്ളം തെറിച്ചതുകൊണ്ടാണു് ഇതുണ്ടായതു്. ഭയപ്പെടരുതെന്നു വിചാരിച്ചാണല്ലോ ഞാൻ മറേറ അൽത്താരയ്ക്കൽ വന്നു നിന്നിരുന്നതു്. അതുകൊണ്ടും ഫലമുണ്ടായില്ല. ആട്ടേ, എങ്കിലും ഭയപ്പെടേണ്ട. ഇതിനെക്കാൾ കഠിനമായി വന്നാലും ഞാൻ മാറുമല്ലോ" എന്നു പറയുകയും, തന്റെ വസ്ത്രാഞ്ചലംകൊണ്ടു മുടി മുതൽ അടിയോളം ഒന്നുഴിയുകയും ചെയ്തു. അപ്പോൾ നമ്പൂരിപ്പാട്ടിലെ സുഖക്കേടുകളെല്ലാം മാറി അദ്ദേഹം സ്വസ്ഥനായിത്തീർന്നു. അദ്ദേഹത്തിന്റെ മേലുണ്ടായിരുന്ന കുരുക്കളെല്ലാം മാഞ്ഞുപോവുകയും ചെയ്തു. ആ സ്ത്രീ "എന്നെ രക്ഷമണിഞ്ഞുകാണാനായിട്ടാണോ എന്റെ കൈയൊടിച്ചതു്?" എന്നു വീണ്ടും ചോദിച്ചു. അപ്പോൾ നമ്പൂരിപ്പാടു കണ്ണു തുറന്നു നോക്കുകയും ആ സ്ത്രീയുടെ വലത്തേ കൈപ്പടം (കൈയിന്റെ പത്തി) പൊട്ടി ചോരയൊലിക്കുന്നതായിക്കാണുകയും ചെയ്തു. അപ്പോൾ ഈ സ്ത്രീ സാക്ഷാൽ ഭഗവതിതന്നെയെന്നു മനസ്സിലാവുകയാൽ അദ്ദേഹമെഴുന്നേറു ദേവിയുടെ പാദത്തിങ്കൽ വീണു സാഷ്ടാംഗമായി നമസ്കരിച്ചുകൊണ്ടു "സർവ്വാപരാധങ്ങളും ക്ഷമിക്കണ"മെന്നപേക്ഷിച്ചു. ഉടനെ ദേവി അദ്ദേഹത്തെ അനുഗ്രഹിക്കുകയും "എല്ലാം ഞാൻ ക്ഷമിച്ചിരിക്കുന്നു. എങ്കിലും വലത്തുകാൽകൊണ്ടു് എന്നെ തൊഴിച്ചതിന്റെ ഫലം നിങ്ങളുടെ കുടുംബത്തിൽ രണ്ടാമന്മാരായിജ്ജനിക്കുന്നവരെല്ലാവരും അനുഭവിക്കും" എന്നരുളിച്ചെയ്തിട്ടു മറയുകയും ചെയ്തു.

ഉണ്ണിനമ്പൂരിപ്പാടു ശയനഗൃഹത്തിൽക്കടന്നു വാതിലടച്ചു സാക്ഷയിട്ടുകഴിഞ്ഞപ്പോൾ മുതൽ അദ്ദേഹത്തിന്റെ അമ്മ "വസൂരിയാണെങ്കിലും എനിക്കു് എന്റെ ഉണ്ണിയെ

Digitised By Kerala Sahitya Akademi

ക്കണ്ടുകൊണ്ടിരിക്കണം" എന്നു പറഞ്ഞുകൊണ്ടു കരഞ്ഞു തുടങ്ങി. അപ്പോഠം ചിലർ "വസൂരിദീനക്കാരെ പേടു പറഞ്ഞു വിളിക്കുകയും അവർ കിടക്കുന്നിടത്തു ചെന്നു വാതിലിനു മുട്ടുകയും ചെയ്യുന്നതു വിഹിതമല്ല" എന്നു പറഞ്ഞു. അതു കേട്ടിട്ട് ആ അന്തർജ്ജനം "എന്നാൽ വാതിൽ വെട്ടിപ്പൊളിക്കണം. എനിക്ക് എങ്ങിനെയെങ്കിലും എന്റെ ഉണ്ണിയെക്കാണണം" എന്നു പറഞ്ഞു. അതു കേട്ട ചിലർ വാതിൽ വെട്ടിപ്പൊളിക്കാനായി ചില ആയുധങ്ങളുംകൊണ്ടു വാതിൽക്കലെത്തി. അപ്പോഠം ഉണ്ണിനമ്പൂരിപ്പാടു വാതിൽ തുറന്നു പുറത്തു വരികയും "അമ്മേ! നമ്മുടെ ഭഗവതിയുടെ കൃപകൊണ്ട് എന്റെ സുഖക്കേടെല്ലാം ഭേദമായി. എനിക്കിപ്പോഠം ഒരു സുഖക്കേടുമില്ല" എന്നു പറഞ്ഞുകൊണ്ട് അമ്മയുടെ അടുക്കൽച്ചെല്ലുകയും അപ്പോഠം അദ്ദേഹത്തെ സ്വസ്ഥശരീരനായിക്കണ്ട് അദ്ദേഹത്തിന്റെ അമ്മയും മറ്റെല്ലാവരും വളരെ അത്ഭുതപ്പെടുകയും സന്തോഷിക്കുകയും ചെയ്തു. ഉടനെ ആ ഉണ്ണിനമ്പൂരിപ്പാടു നടുമുറ്റത്തിറങ്ങി അദ്ദേഹം അവിടെത്തട്ടിയിട്ടിരുന്ന ദേവീവിഗ്രഹമെടുത്തു മടിയിൽ വെച്ചുകൊണ്ടു പശ്ചാത്താപത്തോടുകൂടി ബാഷ്പാകുലാക്ഷനായി വളരെ നേരം കരഞ്ഞു. പിന്നെ ആ വിഗ്രഹം മുമ്പിരുന്നിരുന്ന സ്ഥലത്തുതന്നെ കൊണ്ടുചെന്നു വെയ്ക്കുകയും ചെയ്തു. അതുകൊണ്ടും മതിയായില്ലെന്നു തോന്നുകയാലദ്ദേഹം പുതിയതായി ഒരു ദേവീവിഗ്രഹം വാർപ്പിച്ചു പ്രതിഷ്ഠിച്ചു വരുത്തി അതും ആ തേവാരപ്പുരയിൽത്തന്നെ പ്രതിഷ്ഠിച്ചു.

ചെങ്ങണംകുന്നത്തെ ഭജനം കാലംക്രൂടിയതിന്റെ ശേഷം നമ്പൂരിപ്പാടു തിരുമാന്ധാങ്കുന്നു, ശ്രീപോക്കലി മുതലായ സ്ഥലങ്ങളിലും ചെന്നു സംവത്സരഭജനം കഴിച്ചു ദേവിയെ പ്രസാദിപ്പിച്ചുകൊണ്ടു മനയ്ക്കൽ മടങ്ങിയെത്തി. പിന്നെയുമദ്ദേഹം ദേവീദേവന്മാരെ ഭക്തിപൂർവ്വം ഭജിച്ചുകൊണ്ടുതന്നെയാണു ദിനങ്ങളേ നയിച്ചിരുന്നതു്. ആ മനയ്ക്കലെ തേവാരപ്പുരയിൽത്തന്നെ വടക്കുന്നാഥൻ മുതലായ ദേവന്മാരെയും ചെങ്ങണംകുന്നു, തിരുമാന്ധാങ്കുന്നു മുതലായ സ്ഥലങ്ങളിലെ ദേവിമാരെയും കൂടിയിരുത്തീട്ടുണ്ടു്. അവയും ക്രൂടാതെ കാളി

Digitised By Kerala Sahitya Akademi

നാട്ടുമനക്കാരുടെ വക സേവാമൂത്തികളും അവിടെത്തന്നെ യാണല്ലോ. ഈ നമ്പൂരിപ്പാട് ആ ദേവീദേവന്മാരെയെല്ലാം യഥാക്രമം പൂജിക്കുകയും സേവിക്കുകയും ചെയ്തുകൊണ്ടാണ് അവിടെത്താമസിച്ചിരുന്നത്. ഇതിനിടയ്ക്ക് അദ്ദേഹം മന്ത്ര സാരം, യന്ത്രസാരം, പ്രയോഗസാരം, പ്രപഞ്ചസാരം മുതലായ വയെല്ലാം ഗ്രഹിച്ചും പിതാമഹനാ വടക്കുന്നാഥൻ കൊടുത്ത ഗ്രന്ഥം നോക്കിയും മറ്റും മന്ത്രവാദത്തിൽ അതിസമർത്ഥനാ യിത്തീരുകയും ചെയ്തു. എങ്കിലും വല്ല ദേവതോപദ്രവം കൊണ്ടോ മറ്റോ മന്ത്രവാദത്തിനാവശ്യപ്പെട്ട് ആരെങ്കിലും അദ്ദേഹത്തിന്റെ അടുക്കൽച്ചെന്നു പറഞ്ഞാൽ "ഭാരതപ്പുഴ യിൽക്കുളിച്ചു ഭഗവതിയെസ്സേവിച്ചാൽ മതി സുഖമാകും" എന്നു പറയുക മാത്രമേ അദ്ദേഹം ചെയ്തിരുന്നുള്ളൂ. അദ്ദേഹം പറഞ്ഞിട്ട് അങ്ങിനെ ചെയ്താൽ എല്ലാവക്കും സുഖമാകാ റുമുണ്ട്. വടക്കുന്നാഥൻ പ്രസാദിച്ചു ഗ്രന്ഥം കൊടുത്തതിൽ പ്പിന്നെ മന്ത്രവാദികളല്ലാത്തവരും ചെങ്ങണംകുന്നത്തു ഭഗ വതി അനുഗ്രഹിച്ചതിൽപ്പിന്നെ വലത്തു കാലിനു സ്വല്പമെ ങ്കിലും അസ്വാസ്ഥ്യമില്ലാത്ത രണ്ടാമന്മാരും ആ കുടുംബത്തി ലുണ്ടാകാറില്ല. അതിന് ഇപ്പോഴും വ്യത്യാസം വന്നിട്ടുമില്ല.

ഇനി ആ മനയ്ക്കലേ ചില നമ്പൂരിപ്പാടന്മാർ ചെയ്തി ട്ടുള്ള മറ്റു ചില അത്ഭുതകർമ്മങ്ങളെക്കുറിച്ചുകൂടി ചുരുക്ക ത്തിൽ താഴെപ്പറഞ്ഞുകൊള്ളുന്നു.

ടിപ്പുസുൽത്താൻ മലബാറിൽ ആക്രമണം നടത്തിയ കാലത്തു കൊച്ചിരാജാവിനേ സ്വാധീനപ്പെടുത്തി ഒരുടമ്പടി യെഴുതിച്ചുവാങ്ങിക്കൊണ്ടു തിരുവിതാംകൂറിനെ ആക്രമിച്ചു കീഴടക്കണമെന്നു കരുതിക്കൊണ്ടു ടിപ്പു കൊച്ചിരാജാവിന്റെ പേക്ക് ഒരു കത്തയച്ചു. ആ കത്തിൽ ഒരു ക്രൂരകാര്യത്തിനു ചെല്ലുണമെന്നു മാത്രമേ പറഞ്ഞിരുന്നുള്ളൂ. എങ്കിലും ആ കത്തു കണ്ടപ്പോൾ "ഇനി എന്തെല്ലാമാപത്തുകളും അനർത്ഥ ങ്ങളും വന്നുകൂടുമോ എന്തോ?" എന്നു വിചാരിച്ചു കൊച്ചി രാജാവിനു വളരെ പരിഭ്രമമുണ്ടായി. രാജാവ് ആ വിവരം അവിടെക്കൂടെയുണ്ടായിരുന്ന കല്ലൂർ നമ്പൂരിപ്പാടിനോടു പറ ഞ്ഞു. അതു കേട്ടിട്ടു നമ്പൂരിപ്പാട് "ഇതിനെക്കുറിച്ചു പരി

Digitised By Kerala Sahitya Akademi

ഭ്രമിക്കുകയും ഭയപ്പെടുകയുമൊന്നും വേണ്ട" എന്നു പറയുകയും ഒരു വലിയ ഭഗവതിസ്സേവ കഴിച്ചു് അതിന്റെ പത്മത്തിൽ നിന്നു സല്ലം ചുവന്നപൊടിയെടുത്തു കുഴച്ചു രാജാവിനെ ഒരു തിലകം ധരിപ്പിച്ചിട്ടു് "അവിടെച്ചെന്നാൽ മൂന്നോമുക്കാൽ നാഴികയിലധികം താമസിക്കരുതു്" എന്നു പറഞ്ഞു് അയയ്ക്കുകയും ചെയ്തു. ടിപ്പു, രാജാവിനെ കണ്ടപ്പോൾ സാദരം ആസന സല്ക്കാരം ചെയ്തിരുത്തി കുശലപ്രശ്നം ചെയ്തു. പിന്നെ അവർ രണ്ടുപേരും കൂടി ക്ഷേമവർത്തമാനാദികൾ പറഞ്ഞു കുറച്ചു നേരമിരുന്നു. അപ്പോഴെയ്ക്കും സമയമടുക്കാറായതിനാൽ രാജാവു യാത്ര പറഞ്ഞുകൊണ്ടു് അവിടെനിന്നു പിരിഞ്ഞു പോയി. രാജാവു യാത്ര പറഞ്ഞപ്പോൾ ടിപ്പു അനേകം സമ്മാനങ്ങൾ കൊടുത്താണു പറഞ്ഞയച്ചതു്. എങ്കിലും വിചാരിച്ചിരുന്ന കാര്യമൊന്നും പറഞ്ഞില്ല. രാജാവു പോയിട്ടു കുറച്ചുനേരം കഴിഞ്ഞതിന്റെ ശേഷമാണു താൻ വിചാരിച്ചിരുന്ന കാര്യം പറയുകയും ഉടമ്പടി എഴുതിച്ചു വാങ്ങുകയും ചെയ്തില്ലല്ലോ എന്നു സുൽത്താനോർത്തതു്. ഇതു നമ്പൂരിപ്പാടു കഴിച്ച വലിയ ഭഗവതിസ്സേവയുടെ മാഹാത്മ്യം കൊണ്ടും അദ്ദേഹം ധരിപ്പിച്ച തിലകത്തിന്റെ ശക്തി കൊണ്ടുമാണെന്നുള്ളതു പറയണമെന്നില്ലല്ലോ.

കൊല്ലം ൧൦൬൯-ാമാണ്ടു നാടുനീങ്ങിയ തിരുവിതാം ക്കൂർ മഹാരാജാവു തിരുമനസ്സിലെ അമ്മച്ചിക്കു് ഒരിക്കൽ ഒരു സുഖക്കേടുണ്ടായി. അതിനു് ഒരുന്മാദമുണ്ടായിരുന്നു. എങ്കിലും അതൊരു ഭേദതോപദ്രവമായിരുന്നു. ആരെങ്കിലും അടുക്കൽ ചെന്നാൽ അവരെ പിടിച്ചു് അടിക്കുകയും ഇടിക്കുകയും കടിക്കുകയും ചെയ്തു് ഉപദ്രവിക്കുകയും വസ്ത്രമുടുക്കാതെ സദാ നഗ്നയായി നില്ക്കുകയുമായിരുന്നു സുഖക്കേടിന്റെ സ്വഭാവം. അതിനു പല വൈദ്യന്മാരെക്കൊണ്ടും മന്ത്രവാദികളെക്കൊണ്ടും പലതും ചെയ്യിച്ചുനോക്കി. ഒന്നുകൊണ്ടും ഒരു ഫലവുമുണ്ടായില്ല. അപ്പോൾ ചില സേവന്മാർ, കല്ലൂർ നമ്പൂരിപ്പാടന്മാരിലാരെയെങ്കിലും വരുത്തി വല്ലതും ചെയ്യിച്ചാൽ ഈ സുഖക്കേടു ഭേദമാകുമെന്നും അങ്ങിനെ ധാരാളം കണ്ടിട്ടുണ്ടെന്നും ആ നമ്പൂരിപ്പാടന്മാർ കൊച്ചി രാജാവിന്റെ

Digitised By Kerala Sahitya Akademi

ഇഷ്ടന്മാരാണെന്നും അവിടെ അറിയിച്ചു. ഉടനെ മഹാരാജാവു തിരുമനസ്സുകൊണ്ടു കൊച്ചിയിലേയ്ക്ക് ഒരു തിരുവെഴുത്തയയ്ക്കുകയും കൊച്ചിരാജാവ് ഒരു നമ്പൂരിപ്പാടിനെ തിരുവനന്തപുരത്തേയ്ക്ക് അയയ്ക്കുകയും ചെയ്തു

നമ്പൂരിപ്പാട് ഒരു ദിവസം വൈകുന്നേരമാണു തിരുവനന്തപുരത്തെത്തിയതു്. അതിനാൽ കുളിയും സന്ധ്യാവന്ദനവും കഴിഞ്ഞിട്ടാണു തിരുമുമ്പാകെ ചെന്നതു്. അമ്മച്ചി ഏവിടെയാണെന്നു നമ്പൂരിപ്പാടു ചോദിച്ചപ്പോൾ തിരുമനസ്സുകൊണ്ടു് "ഉപദ്രവം സഹിക്കവയ്യാതെയായിട്ടു് ഒരു പുര മുറിക്കകത്തിട്ടു പൂട്ടിയിരിക്കയാണു്" എന്നു കല്പിക്കുകയും നമ്പൂരിപ്പാടിനെ ഒരാളെക്കൂട്ടി ആ മുറിയുടെ വാതില്ക്കലേയ്ക്കു് അയയ്ക്കുകയും ചെയ്തു. നമ്പൂരിപ്പാടു് അവിടെച്ചെന്നു നോക്കിയപ്പോൾ വാതിൽ അകത്തുനിന്നു സാക്ഷയിട്ടിരിക്കുകയായിരുന്നു. വാതിൽ തുറക്കാൻ നമ്പൂരിപ്പാടു പറഞ്ഞിട്ടും തുറന്നില്ല. ഉടനെ നമ്പൂരിപ്പാടു് ഒരു മന്ത്രം ജപിച്ചുകൊണ്ടു വലത്തുകൈകൊണ്ടു നിലത്തു് ഒന്നടിച്ചു. ഉടനെ അമ്മച്ചി വസ്ത്രവും മുലക്കച്ചയും ധരിച്ചുകൊണ്ടു വാതിൽ തുറക്കുകയും സ്ത്രീസാധാരണമായ ലജ്ജാഭാവത്തോടുകൂടി മുഖം കുനിച്ചുകൊണ്ടു പല്ലുപുറുമടക്കി നില്ക്കുകയും ചെയ്തു. അപ്പോൾ നമ്പൂരിപ്പാടു് "ഇന്നു് ഇതുവരെ കുളിയും ഊണും ഉണ്ടായില്ലല്ലോ? വേഗം പോയി കുളിയും ഊണും കഴിച്ചുവരു. അപ്പോഴെയ്ക്കും ഞാനും പോയി അത്താഴം കഴിച്ചു വരാം" എന്നു പറഞ്ഞു. ഉടനെ അമ്മച്ചി കുളിക്കാൻ പോയി. അവിടെ ബലിയുഴിയുന്നതിനും മറ്റും ഇന്നിന്നവയെല്ലാം വട്ടംകൂട്ടണമെന്നു് അവിടെയുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരോടു പറഞ്ഞിട്ടു നമ്പൂരിപ്പാടും പോയി. അദ്ദേഹം അത്താഴം കഴിച്ചുവന്നപ്പോഴെയ്ക്കും അമ്മച്ചിയും കുളിയുമൂണും കഴിച്ചു് അവിടെയെത്തി നമ്പൂരിപ്പാടു പറഞ്ഞിരുന്നതുപോലെയെല്ലാം അവിടെ വട്ടംകൂട്ടിയിരുന്നു. അതിനാൽ നമ്പൂരിപ്പാടു കുറച്ചു സ്ഥലമെടുത്തു നിലത്തു ഷഡ്കോണായിട്ടു് ഒരു ചക്രം വരയ്ക്കുകയും അതിൽ ഒരിലയിട്ടു് അതിൽ അമ്മച്ചിയെ ഇരുത്തുകയും ചെയ്തിട്ടു നമ്പൂരിപ്പാടു് അമ്മച്ചിയുടെ നേരേ ഇരുന്നു

Digitised By Kerala Sahitya Akademi

കൊണ്ടു ചില മന്ത്രതന്ത്രപ്രയോഗങ്ങൾ തുടങ്ങി. അപ്പോൾ അമ്മച്ചിയുടെ ഭാവം മാറി. വാതിൽ തുറന്നു പുറത്തുവന്നിട്ട് അതുവരെ യാതൊരു ഭാവഭേദവുമുണ്ടായിരുന്നില്ല. ഭാവം മാറിക്കണ്ടപ്പോൾ ആ ദേവത പിന്നെയും അമ്മച്ചിയെ ബാധിച്ചു എന്നു മനസ്സിലാവുകയാൽ നമ്പൂരിപ്പാട് ചില ചോദ്യങ്ങൾ ചോദിച്ചുതുടങ്ങി. അതിനെല്ലാമുത്തരം കേവലം അപകടവും അധികപ്രസംഗവുമായിട്ടായിരുന്നു. അപ്പോൾ നമ്പൂരിപ്പാട് ഒരിരിമ്പാണിയെടുത്ത് അമ്മച്ചിയുടെ നേരെ കാണിച്ച് ഒരു മന്ത്രം ജപിച്ചുകൊണ്ട് അതൊരു കാഞ്ഞിരപ്പലകമേൽ തറച്ചുതുടങ്ങി. അപ്പോൾ അമ്മച്ചി (അല്ലെങ്കിൽ ആ ദേവത) "അയ്യോ! വേണ്ടാ, വേണ്ടാ ഞാൻ പൊയ്ക്കൊള്ളാമേ. എനിക്കിവിടെ ഇരിക്കാൻ വയ്യേ" എന്നു പറഞ്ഞു് ഉറക്കെ നിലവിളിച്ചുതുടങ്ങി. അപ്പോൾ നമ്പൂരിപ്പാട് "എന്നാൽ പൊയ്ക്കൊള്ളൂ" എന്നു പറഞ്ഞു. ഇതെല്ലാം കണ്ടുകൊണ്ടും കേട്ടുകൊണ്ടും അവിടെ ഒരു ഗ്രുഡസ്ഥലത്ത് എഴുന്നള്ളിയിരുന്നിരുന്ന മഹാരാജാവു തിരുമനസ്സുകൊണ്ട് അപ്പോൾ "അങ്ങിനെ പോയാൽപ്പോര. ഒഴിഞ്ഞുപോയി എന്നുള്ളതിന് അടയാളം വല്ലതും കാണിച്ചുതരണം" എന്നു കല്പിച്ചു. ഉടനെ നമ്പൂരിപ്പാട് "ഇവിടെ പുരയിടത്തിലോ മറേറാ വല്ലവരും നില്ക്കുന്നുണ്ടെങ്കിൽ അകത്തേയ്ക്കു വിളിച്ചുകൊള്ളണം. പുറത്ത് ആളുകൾ നിന്നാൽ വല്ലതും അപത്തുണ്ടായേയ്ക്കും" എന്നു പറഞ്ഞിട്ടു സ്വല്പം അക്ഷതം കൈയിലെടുത്ത് ഒരു മന്ത്രം ജപിച്ചുകൊണ്ട് അമ്മച്ചിയുടെ മുഖത്തിനു നേരെ പിടിച്ചുഴിഞ്ഞു പുറത്തേയ്ക്കു റിഞ്ഞു. അപ്പോൾ അമ്മച്ചിയുടെ ദേഹത്തിൽനിന്നു വാണക്കുറ്റി എരിച്ചുവിട്ടതുപോലെയുള്ള ശബ്ദത്തോടുകൂടി ഒരു തേജസ്സു പുറത്തേയ്ക്കു പോവുകയും അത് അവിടെ കിഴക്കു വശത്തു മുറ്റത്തു നിന്നിരുന്നതും ഏകദേശം അൻപതുകോൽ ചുറ്റളവു വണ്ണമുണ്ടായിരുന്നതുമായ വലിയ മാവുവൃക്ഷത്തിന്മേൽത്തട്ടി നാരായവേരോടുകൂടി പറിച്ചു നൂറുകോൽ ദൂരത്തേയ്ക്കിട്ടിട്ടു മേൽഭാഗത്തേയ്ക്കു പോയി മറയുകയും ചെയ്തു. അപ്പോഴെയ്ക്കും അമ്മച്ചി ബോധരഹിതയായി നിലംപതിച്ചു. ദേവത ഒഴിഞ്ഞുപോയതിന്റെ അടയാളങ്ങൾ തുക്കണ്ടപ്പോൾ തിരുമനസ്സിലെ ഹൃദയം സന്തോഷാ

Digitised By Kerala Sahitya Akademi

ത്ഭുതസമ്പൂർണ്ണമായി. എങ്കിലും അകത്തെഴുന്നള്ളി അമ്മച്ചി യുടെ കിടപ്പു തുക്കൺപാത്തപ്പോൾ അവിടേയ്ക്കു വളരെ വ്യസനവും പരിഭ്രമവുമുണ്ടായി. കല്പിച്ചു വിളിച്ചിട്ടുപോലും അമ്മച്ചി കണ്ണുതുറക്കുകയോ മിണ്ടുകയോ ചെയ്തില്ല. അതി നാൽ അതിശൈക്കുറിച്ചു നമ്പൂരിപ്പാടിനോടു കല്പിച്ചു ചോദി ച്ചപ്പോൾ നമ്പൂരിപ്പാട്ട് "അതിനെക്കുറിച്ചു വിചാരിക്കാനൊ ന്നുമില്ല. കുറച്ചുനേരംകൂടി കഴിയുമ്പോൾ ബോധം വീഴും. അപ്പോൾ എഴുന്നേറ്റുകൊള്ളും" എന്നു പറഞ്ഞു. അങ്ങിനെ തന്നെ കുറച്ചുനേരം കഴിഞ്ഞപ്പോൾ അമ്മച്ചി കണ്ണു തുറക്കു കയും കുറച്ചു വെള്ളം കുടിക്കണമെന്നു പറയുകയും ചെയ്തു. ഉടനെ ഒരാൾ കുറച്ചു വെള്ളം കൊണ്ടുചെന്നു കൊടുത്തു. വെള്ളം കുടിച്ചുകഴിഞ്ഞപ്പോൾ അമ്മച്ചിക്കു സുഖമായി. ഉടനെ അമ്മച്ചി എഴുന്നേറ്റു ലജ്ജാവനതമുഖിയായി മാറി നിന്നു. അപ്പോൾ തിരുമനസ്സിലേയ്ക്കുണ്ടായ സന്തോഷം അപരിമിതംതന്നെയായിരുന്നു.

അനന്തരം മഹാരാജാവു തിരുമനസ്സുകൊണ്ടു നമ്പൂരി പ്പാടിനോടു "നേരം രാത്രി വളരെയധികമായി. ഇനി നമുക്കു കുറച്ചു കിടക്കാം" എന്നു കല്പിക്കുകയും നമ്പൂരിപ്പാടിനെ അദ്ദേഹത്തിനു കിടക്കാൻ നിശ്ചയിച്ചിരുന്ന സ്ഥലത്തേയ്ക്കു ചില ആൾക്കാരേക്കൂട്ടിയയയ്ക്കുകയും തിരുമനസ്സുകൊണ്ട് അമ്മച്ചിയോടുകൂടി പള്ളിയറയിലേക്ക് എഴുന്നള്ളുകയും ചെയ്തു. അമ്മച്ചിക്കു പിന്നെ സ്വല്പം ക്ഷീണമുണ്ടായിരുന്നതല്ലാതെ വിശേഷിച്ചു യാതൊരു സുഖക്കേടും ഭാവഭേദവുമുണ്ടാ യില്ല. ആ സുഖക്കേടു തുടങ്ങുന്നതിനു മുമ്പ് ഇരുന്നിരുന്നതു പോലെ തിരുമനസ്സിലെ ഹിതാനുവർത്തിനിയായിത്തന്നെയി രുന്നു.

പിറേറദിവസം തിരുമനസ്സുകൊണ്ടു കടവിലെഴുന്നള്ള ത്തും നീരാട്ടുകളിയും കോവിലെഴുന്നള്ളത്തും അമൃതത്തും മറവും കഴിഞ്ഞു പതിവു സ്ഥലത്തു് എഴുന്നള്ളിയപ്പോഴെയ്ക്കും നമ്പൂ രിപ്പാട്ടം കളിയും തേവാരവും ഊണും മറവും കഴിച്ചു് അവിടെ യെത്തി. അപ്പോൾ തിരുമനസ്സുകൊണ്ടു "നമ്പൂരി ഇവിടെ ച്ചെയ്ത അത്ഭുതകർമ്മത്തിനു തക്കതായ പ്രതിഫലം തരുന്ന

Digitised By Kerala Sahitya Akademi

കായ്മും അസാദ്ധ്യമാണു്. എങ്കിലും നാം വല്ലതും തന്നെ എന്നെ വരുത്തണമല്ലോ. അതിനായി ഏതാനും വസ്തുക്കൾ കരമൊഴിവായി തരാമെന്നാണു നാം തീച്ചപ്പെടുത്തിയതു്. അതു് ഏതു മണ്ഡപത്തുംവാതുക്കലാണു് വേണ്ടതെന്നു നിശ്ചയിച്ചു പറയണം" എന്നു കല്പിച്ചു. അതിനു മറുപടിയായിട്ടു നമ്പൂരിപ്പാടു് "എനിക്കു് അങ്ങിനെയൊന്നും വേണമെന്നില്ല. എന്നെ ഇവിടെനിന്നു മാനിച്ചയയ്ക്കുക മാത്രം ചെയ്താൽ മതി" എന്നറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു് "എന്നാൽ ഇഷ്ടംപോലെയാവട്ടെ. ഇനി ഇങ്ങിനെയുള്ള ഉപദ്രവം ഇവിടെ ഉണ്ടാകാതെയിരിക്കാനെന്താണു വേണ്ടതെന്നു നിശ്ചയിച്ചു പറയണം" എന്നു കല്പിച്ചു. ഉടനെ നമ്പൂരിപ്പാടു് മനസ്സുകൊണ്ടു സ്വല്പം ആലോചിച്ചിട്ടു, "കൊല്ലംതോറും ഈ കൊട്ടാരത്തിൽവെച്ചു് ഓരോ വലിയ ഭഗവൽസേവ നടത്തിയാൽ മതി. ഒരു വലിയ ഭഗവൽസേവ നടത്തിയാൽപ്പിന്നെ ഒരു കൊല്ലത്തേയ്ക്കു് ആ സ്ഥലത്തു് ഇങ്ങിനെയുള്ള യാതൊരുപദ്രവവുമുണ്ടാവുകയില്ലെന്നുള്ളതു നിശ്ചയമാണു്" എന്നറിയിച്ചു. അപ്പോൾ തിരുമനസ്സുകൊണ്ടു് "എന്നാൽ അതിനു വേണ്ടുന്ന ഉപകരണങ്ങൾക്കു് ഒരു ചാത്തെഴുതിത്തരണം" എന്നു കല്പിക്കുകയും നമ്പൂരിപ്പാടു് ഉടനേ ഒരു ചാത്തെഴുതിക്കൊടുക്കുകയും അതിൽപ്പറഞ്ഞിരുന്ന സകല സാധനങ്ങളും കല്പനപ്രകാരം അന്നുതന്നെ അവിടെ ഒരുക്കിവെയ്ക്കുകയും അടുത്ത ദിവസംതന്നെ നമ്പൂരിപ്പാടു വലിയകൊട്ടാരത്തിൽ വെച്ചു വലിയ ഭഗവത്സേവ നടത്തുകയും ചെയ്തു. ആ ഭഗവത്സേവ തുടങ്ങിപ്പാത്തപ്പോൾ തിരുമനസ്സിലേയ്ക്കു വളരെ സന്തോഷം തോന്നുകയും അതിൽ പ്രത്യേകമൊരു ഭക്തി ജനിക്കുകയും ചെയ്തു. ഭഗവത്സേവ കഴിഞ്ഞപ്പോൾ നമ്പൂരിപ്പാട്ടിലേയ്ക്കു് ആയിരം കലിപ്പണമാണു് കല്പിച്ചു ദക്ഷിണ ചെയ്തതു്. അതുകൊണ്ടു നമ്പൂരിപ്പാട്ടിലേയ്ക്കും വളരെ തൃപ്തിയും സന്തോഷവുമുണ്ടായി. ദക്ഷിണ കഴിഞ്ഞതിന്റെ ശേഷം തിരുമനസ്സുകൊണ്ടു് "ഈ ഭഗവത്സേവ ഏറ്റവും വിശേഷപ്പെട്ട ഒരു സൽകർമ്മംതന്നെയാണു സംശയമില്ല. ഇതു കൊല്ലംതോറും ഇവിടെ നടത്തണം. നിവൃത്തിയുണ്ടെങ്കിൽ ഇതിനു നമ്പൂരിതന്നെ വരണം. തീരെ സൌകര്യമില്ലാതെ

Digitised By Kerala Sahitya Akademi

വന്നാൽ ഇല്ലത്തുനിന്നു വേറെ ആരേയെങ്കിലും പറഞ്ഞയച്ചിട്ടെങ്കിലും ഇതു നടത്തണം. ആ ഇല്ലത്തുള്ളവരിൽ ആരായാലും ഇവിടെ വിരോധമില്ല" എന്നു കല്പിക്കുകയും കല്പനപോലെ നടത്തിക്കൊള്ളാമെന്നു നമ്പൂരിപ്പാട്ടു സമ്മതിക്കുകയും ചെയ്തു. പിന്നെ രണ്ടുപേരുംകൂടി ആലോചിച്ചു് അതിനൊരു ദിവസവും നിശ്ചയിച്ചു.

അനന്തരം തിരുമനസ്സുകൊണ്ടു "ഭഗവത്സേവയ്ക്കു രണ്ടു മൂന്നു ദിവസമെങ്കിലും മുൻകൂട്ടി നമ്പൂരി ഇവിടെയെത്തണം. അതിനു തക്കവണ്ണം അവിടെനിന്നു പോരുന്നതിനു ബോട്ടു് എവിടെയാണു് അയയ്ക്കേണ്ടതു്?" എന്നു കല്പിച്ചുചോദിച്ചു. അതിനു മറുപടിയായി നമ്പൂരിപ്പാടു് "ഇവിടെനിന്നു ബോട്ടും മറ്റുമയയ്ക്കേണ്ട. ഭഗവത്സേവ നടത്തുന്നതിനു പാകത്തിനു് ഇല്ലത്തുനിന്നു ഞങ്ങളിലാരെങ്കിലും വഞ്ചിക്കു് ഇവിടെ എത്തിക്കൊള്ളാം. നിവൃത്തിയുണ്ടെങ്കിൽ ഞാൻതന്നെയായിരിക്കും. അല്ലെങ്കിൽ അവിടെനിന്നു മറ്റാരെങ്കിലും. ആരായാലും ബോട്ടു വേണ്ട. ഞങ്ങൾക്കൊക്കൊ ബോട്ടിനേക്കാളിഷ്ടം വഞ്ചിയാണു്" എന്നറിയിച്ചു. അപ്പോൾ തിരുമനസ്സുകൊണ്ടു് "എന്നാൽ ഇഷ്ടംപോലെയാവട്ടെ. അമാന്തം വരാതെ നിങ്ങളിലാരെങ്കിലും ഇവിടെയെത്തണമെന്നു മാത്രമേ ഇവിടെ നിർബ്ബന്ധമുള്ളൂ" എന്നും കല്പിച്ചു.

പിറേറദിവസം നമ്പൂരിപ്പാടു യാത്രയറിയിച്ചപ്പോൾ തിരുമനസ്സുകൊണ്ടു വീരശൃംഖല മുതലായി പല സാധനങ്ങളും ഒരു മന്തപ്പല്ലക്കും സമ്മാനമായി കല്പിച്ചുകൊടുക്കുകയും വാദ്യഘോഷങ്ങളോടും അകമ്പടിക്കാർ മുതലായവരോടുംകൂടി ബോട്ടിൽത്തന്നെ കയറിയയയ്ക്കുകയും ചെയ്തു. വഴിക്കു് ഇറങ്ങിത്താമസിക്കുന്ന സ്ഥലങ്ങളിലെല്ലാം നമ്പൂരിപ്പാടിനെയും അനുയായികളെയും കേമമായി ഭക്ഷണം കഴിപ്പിച്ചയയ്ക്കുന്നതിനും കല്പിച്ചു ചട്ടംകെട്ടിയിരുന്നു. ഇങ്ങിനെയെല്ലാം നമ്പൂരിപ്പാടു് അത്യാഡംബരങ്ങളോടുകൂടി തൃപ്പൂണിത്തുറെ ചെന്നുചേർന്നു. അനന്തരം നമ്പൂരിപ്പാടു തിരുവിതാംകൂറിൽ നിന്നു ചെന്നിരുന്നവരേയെല്ലാം മടക്കിയയച്ചതിന്റെ ശേഷം കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലേ തിരുമുമ്പാകെ

Digitised By Kerala Sahitya Akademi

യെത്തി. അപ്പോഠം വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു നമ്പൂരിപ്പാടിനോടു തിരുവനന്തപുരത്തുചെന്നിട്ടുണ്ടായ വിശേഷങ്ങളെല്ലാം കല്പിച്ചു ചോദിക്കുകയും നമ്പൂരിപ്പാടു സകല സംഗതികളും വിസ്തരിച്ചു് അവിടെ അറിയിക്കുകയും ചെയ്തു. അനന്തരം നമ്പൂരിപ്പാടു് "ഇവിടെനിന്നു് എന്നെ കല്പിച്ചയച്ചതു നിമിത്തം എനിക്കു കിട്ടിയതാണു് ഈ ഭന്തപ്പല്ലക്കു് അതുകൊണ്ടു് അതു് ഇവിടെത്തന്നെ ഇരിക്കട്ടെ" എന്നു് അറിയിച്ചുകൊണ്ടു് ആ ഭന്തപ്പല്ലക്കു തിരുമമ്പാകെ സമർപ്പിച്ചു. വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് അതു സസന്തോഷം അവിടെ സ്വീകരിക്കുകയും അതിനു പകരം തിരുമനസ്സുകൊണ്ടു് ഒരു ഡോലി (മേനാവു) നമ്പൂരിപ്പാട്ടിലേയ്ക്കു കല്പിച്ചുകൊടുക്കുകയും ചെയ്തു. നമ്പൂരിപ്പാടു കൊടുത്ത ആ ഭന്തപ്പല്ലക്കിലാണു കൊച്ചി വലിയതമ്പുരാക്കന്മാർ ഇപ്പോഴും അത്തച്ചമയത്തിനു കയറിയെഴുന്നള്ളുന്നതു്. വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചുകൊടുത്ത ഡോലി ഇപ്പോഴും കല്ലൂർ മനയ്ക്കൽ ഇരിക്കുന്നുമുണ്ടു്.

ചിന്നത്തേ ആണ്ടിൽ വലിയകൊട്ടാരത്തിൽ വലിയ ഭഗവത്സേവ നടത്തുന്നതിനായിപ്പോയതു മറെറാരു നമ്പൂരിപ്പാടായിരുന്നു. അദ്ദേഹവും വലിയ മന്ത്രവാദിയും ഒരു കവിയുമായിരുന്നു. മഹാരാജാവു തിരുമനസ്സിലേയ്ക്കു കഥകളിയിൽ വളരെ പ്രതിപത്തിയുണ്ടെന്നും തിരുവനന്തപുരത്തു വലിയ കൊട്ടാരംവകയായിത്തന്നെ ഒരു കഥകളിയോഗമുണ്ടെന്നും അറിഞ്ഞിരുന്നതിനാൽ ആ നമ്പൂരിപ്പാടു ബാലിവിജയം എന്നൊരു ആട്ടക്കഥക്രുടിയുണ്ടാക്കിക്കൊണ്ടാണു് അങ്ങോട്ടു പോയതു്. നമ്പൂരിപ്പാട്ടിലേ വഞ്ചി കായംകുളത്തുകായലിൽ എത്തിയപ്പോഠം നേരം ഏകദേശം പാതിരാവായിരുന്നു. അപ്പോഠം മറെറാരു വഞ്ചിയിൽ അഞ്ചാറു കള്ളന്മാർ പെട്ടെന്നു ചെന്നു നമ്പൂരിപ്പാട്ടിലേ വഞ്ചി അവിടെ നിത്താൻ വിളിച്ചു പറഞ്ഞു. അതു കേട്ടു നമ്പൂരിപ്പാടു വഞ്ചി അവിടെ നിത്തിക്കുകയും വിളക്കു കൊളുത്തുകയും ചെയ്തിട്ടു ചെല്ലമെടുത്തു മുമ്പിൽ വെച്ചുകൊണ്ടു മൂരുക്കിത്തുടങ്ങി. അപ്പോഴയ്ക്കും കള്ളന്മാരുടെ വഞ്ചി മറോ വഞ്ചിയോടു് അടുത്തുചേർന്നു. നമ്പൂരിപ്പാട്ടിലെ

Digitised By Kerala Sahitya Akademi

മുമ്പിൽ ഒരു പൊതിയും അടപ്പോട്ടക്രുടിയ ഒരു ചെമ്പു ചെപ്പും ഇരിക്കുന്നുണ്ടായിരുന്നു. ആ പൊതിയിൽ പണവും ചെമ്പുചെപ്പിൽ സാളഗ്രാമം മുതലായ തേവാരസ്സാധനങ്ങളുമായിരുന്നു. അവ കണ്ടിട്ട് ആ കള്ളന്മാരിൽത്തലവൻ "ഇതെന്തെല്ലാമാണു?" എന്നു ചോദിച്ചു. അതിനുത്തരമായിട്ടു നമ്പൂരിപ്പാട് "ഈ പൊതിയിൽ കുറച്ചു പണവും ചെമ്പു ചെപ്പിൽ പണമുണ്ടാക്കാനുള്ള ചില സാധനങ്ങളുമാണു" എന്നു പറഞ്ഞു. "പണമായാൽ അതു ചെലവായിപ്പോകുമല്ലൊ. പണമുണ്ടാക്കാനുള്ള സാധനങ്ങളായാൽ എന്നും പണമുണ്ടാക്കിക്കൊണ്ടിരിക്കാമല്ലോ" എന്നു വിചാരിച്ചു് ആ തസ്കരത്തലവൻ ആ ചെമ്പുചെപ്പെടുക്കുന്നതിനായി അയാ വഞ്ചിയിലേയ്ക്കു കയറി. അപ്പോഠം നമ്പൂരിപ്പാട്ടിലെ ഭൃത്യന്മാർ "കല്ലൂരു നമ്പൂരിപ്പാടാണു് ആ എഴുന്നള്ളിയിരിക്കുന്നതു്. അങ്ങോട്ടു തൊടരുതു്" എന്നു പറഞ്ഞു. അതു കേട്ടിട്ടു് ആ കള്ളൻ "കല്ലൂരായാലും കൊള്ളാം പുല്ലൂരായാലും കൊള്ളാം ഞാനിതു കൊണ്ടുപോകും" എന്നു പറഞ്ഞു് ആ ചെമ്പു ചെപ്പെടുത്തുകൊണ്ടു് അവരുടെ വഞ്ചിയിൽക്കയറി ക്ഷണത്തിൽപ്പോയി കരയ്ക്കടുത്തിറങ്ങി. അപ്പോളാക്കള്ളൻ ആ ചെമ്പുപാത്രം തലയിൽവെച്ചു പിടിച്ചുകൊണ്ടും "പുല്ലൂരല്ലേ കല്ലൂരാണേ, കല്ലൂരാണേ പുല്ലൂരല്ലേ" എന്നു പാടിക്കൊണ്ടും തുള്ളിത്തുടങ്ങി. ആ പാട്ടു കേട്ടു് അവിടെ അടുക്കൽത്താമസിച്ചിരുന്ന ചിലർ അവിടെ വന്നു് ആ തുള്ളിക്കൊണ്ടു നിന്നിരുന്നവന്റെ കൂട്ടുകാരോടു ചോദിച്ചു സംഗതികളെല്ലാം മനസ്സിലാക്കീട്ടു "കൊള്ളാം, കല്ലൂരു നമ്പൂരിപ്പാടിനോടാണോ നിങ്ങഠം കളിക്കാൻ ചെന്നതു്? അദ്ദേഹം ഒട്ടും ചില്ലറക്കാരനല്ല. നമുക്കു ക്ഷണത്തിൽച്ചെന്നു ക്ഷമായാചനം ചെയ്യാം" എന്നു പറഞ്ഞുകൊണ്ടു് ആ തുള്ളിക്കൊണ്ടുനിന്ന ആളെയും ആ തേവാരപ്പാത്രവും വഞ്ചിയിലാക്കുകയും തണ്ടു പിടിച്ചും ഊന്നിയും ക്ഷണത്തിൽ നമ്പൂരിപ്പാട്ടിലേ വഞ്ചിയോടടുത്തെത്തുകയും "കൃപയുണ്ടായിട്ടു വഞ്ചി നിത്തണമേ" എന്നു വിളിച്ചുപറയുകയും ചെയ്തു. അതു കേട്ടിട്ടു നമ്പൂരിപ്പാടു് "ഇനിയും എന്തു ചെയ്യാനാണാവോ? എന്തെങ്കിലുമാവട്ടെ" എന്നു വിചാരിച്ചു വഞ്ചി നിത്തിച്ചു. ഉടനേ മറെറ വഞ്ചിയിൽ

Digitised By Kerala Sahitya Akademi

നിന്നു് ഒരാൾ ആ തേവാരപ്പാത്രവും അന്നു് ആ കള്ളന്മാർ പലരിൽനിന്നുമായി തട്ടിയെടുത്ത പണവും എടുത്തുകൊണ്ടു മറേറ വഞ്ചിയിൽക്കയറി ആ പാത്രവും പണവുമെല്ലാം നമ്പൂരിപ്പാട്ടിലേ പാദത്തിങ്കൽ വെച്ചു വന്ദിച്ചുകൊണ്ടു് "ആളറിയാതെയും അറിവില്ലായ്കകൊണ്ടും ചെയ്തുപോയ സമസ്താപരാധങ്ങളും സദയം ക്ഷമിക്കുകയും മറോ വഞ്ചിയിൽക്കിടന്നതുള്ളുനാവന്റെ തുള്ളൽ മാററിത്തരികയും ചെയ്യണമെന്നു് അപേക്ഷിക്കുന്നു" എന്നു പറഞ്ഞു. ഉടനേ നമ്പൂരിപ്പാട "നിങ്ങളം അന്യന്മാരിൽ നിന്നു തട്ടിയെടുത്ത പണം നമുക്കു വേണ്ട. നമുക്കു നമ്മുടെ തേവാരപ്പാത്രം മാത്രം മതി. ഇനിമേലാൽ ഇങ്ങിനെ പരോപദ്രവം ചെയ്കയില്ലെന്നു നിങ്ങളം സത്യം ചെയ്തു പറഞ്ഞാൽ തുള്ളലും പാട്ടവുമൊക്കെ നില്ക്കും. സുഖമായിട്ടു നിങ്ങളംക്കു പോകാം" എന്നു പറഞ്ഞു. നമ്പൂരിപ്പാട പറഞ്ഞതുപോലെ സത്യം ചെയ്കയും ഉടനേ ആ തസ്കരത്തലവന്റെ തുള്ളൽ നില്ക്കുകയും ചെയ്തു. അവരുടെ പണം നമ്പൂരിപ്പാട സ്വീകരിച്ചില്ല. അതിനാൽ അതു് അവർതന്നെ എടുത്തുകൊണ്ടു് അവരുടെ വഞ്ചിയിൽക്കയറി പോവുകയും ചെയ്തു. ഉടനെ നമ്പൂരിപ്പാട്ടിലേ വഞ്ചിയും വിട്ടു.

അദ്ദേഹം മുറയ്ക്കു പോയി നിശ്ചിതദിവസം തിരുവനന്തപുരത്തെത്തി. പിറേറദിവസം വലിയഭഗവതിസ്സേവ നടത്തുകയും ചെയ്തു. അന്നും ആയിരം പണംതന്നെയാണു് കല്പിച്ചു ദക്ഷിണ ചെയ്തതു്.

അതിന്റെ പിറേറദിവസം ഉച്ച തിരിഞ്ഞു മൂന്നു മണിക്കു നമ്പൂരിപ്പാട തിരുമുമ്പിൽച്ചെല്ലുകയും അദ്ദേഹം എഴുതിക്കൊണ്ടുപോയിരുന്ന ആട്ടക്കഥ അപ്പോൾ തിരുമുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ആ ആട്ടക്കഥ തൃക്കൺ പാത്തിട്ടു തിരുമനസ്സുകൊണ്ടു വളരെസ്സന്തോഷിച്ചു. ഉടനേ വലിയ കൊട്ടാരം വക കഥകളിയോഗത്തിലെ പാട്ടുകാരെ തിരുമുമ്പാകെ വരുത്തി ആ കഥ കൊടുത്തിട്ടു് "ഇതു ക്ഷണത്തിൽത്തോന്നിച്ചു് അരങ്ങേറം കഴിക്കണം" എന്നു കല്പിക്കുകയും ചെയ്തു. "കഥ അരങ്ങേറം കഴിഞ്ഞിട്ടു പോയാൽ മതി" എന്നു നമ്പൂരിപ്പാടിനോടും കല്പിച്ചു.

Digitised By Kerala Sahitya Akademi

ആ പാട്ടുകാർ മൂന്നു ദിവസംകൊണ്ടു് ആ കഥ തോന്നിക്കുകയും നാലാം ദിവസം അരങ്ങേറ്റം നടത്തുകയും ചെയ്തു. കഥ ആടിക്കണ്ടപ്പോൾ തിരുമനസ്സിലേയ്ക്കു വളരെ ബോധിച്ചു. അതിനാൽ നമ്പൂരിപ്പാടു് യാത്രയറിയിച്ചപ്പോൾ അദ്ദേഹത്തിനു വീരശൃംഖല മുതലായ അനേകം സമ്മാനങ്ങൾ കല്പിച്ചുകൊടുത്തു് അദ്ദേഹത്തെ വളരെ സന്തോഷിപ്പിച്ചാണു് അയച്ചതു്.

ഈ നമ്പൂരിപ്പാടു് വടക്കുന്നാഥക്ഷേത്രത്തിലെ സംവത്സരഭജനം കഴിഞ്ഞതിന്റെ ശേഷം ചമ്രവട്ടത്തു പോയി അവിടെയും ഒരു സംവത്സരഭജനം നടത്തി ആ അയ്യപ്പസ്വാമിയേയും വേണ്ടതുപോലെ പ്രസാദിപ്പിച്ച ആളായിരുന്നു. ഈ നമ്പൂരിപ്പാടു് വിളിച്ചാൽ ചമ്രവട്ടത്തയ്യപ്പൻ വിളികേൾക്കും എന്നാണു് അക്കാലത്തു ജനങ്ങൾ പറഞ്ഞിരുന്നതു് ഇതിനു ദൃഷ്ടാന്തമായി ഒരു സംഗതി ഉണ്ടായിട്ടുള്ളതു കൂടി ചുരുക്കത്തിൽ താഴെക്കുറിക്കുന്നു.

ഈ നമ്പൂരിപ്പാട്ടിലെ അച്ഛന്റെ പന്ത്രണ്ടാംമാസം ഒരു വേനല്ക്കാലത്തായിരുന്നു. അതിനാലിദ്ദേഹം സദ്യയ്ക്കു് ഇല വെയ്ക്കുന്നതിനും മറ്റും മുറത്തു നെടുമ്പുര കെട്ടിച്ചില്ല. പന്തലിടുവിക്കുക മാത്രമേ ചെയ്തിരുന്നുള്ളൂ. മാസദിവസമൊട്ടുത്തപ്പോൾ അഹോരാത്രം ഒരുപോലെ അതികലശലായിട്ടുള്ള മഴ തുടങ്ങി. മാസമടിയന്തിരംവകയ്ക്കു് ആവശ്യമുള്ള അരിക്കു നെല്ലു പുഴുങ്ങിയുണങ്ങുക, വിറകു കീറിയുണക്കുക മുതലായവയൊന്നും മുഴുവനായിട്ടില്ലായിരുന്നു. അതിനാൽ നമ്പൂരിപ്പാടു് ഇനിയെന്താണു വേണ്ടതെന്നു വിചാരിച്ചു സ്വല്പം കുഴങ്ങി. എങ്കിലും ധൈര്യശാലിയും ഈശ്വരഭക്തനുമായ അദ്ദേഹത്തിനു് ഉടനെ ഒരു കൌശലം തോന്നുകയും അദ്ദേഹം അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. അതെന്തെന്നാൽ, അദ്ദേഹം ഏതാനും ശ്ലോകങ്ങളുണ്ടാക്കി, ഓലകളിലെഴുതി മടക്കിക്കെട്ടി "ചമ്രവട്ടത്തു് അയ്യപ്പസ്വാമിക്കു്" എന്നു മേൽവിലാസവുമെഴുതി ഭാരതപ്പുഴയിലിടുകയാണു ചെയ്തതു് ആ ഓലക്കെട്ടു വഴിതെറ്റാതെ പുഴയിൽക്കൂടിത്തന്നെ പോയി ചമ്രവട്ടത്തു് അയ്യപ്പസ്വാമിയുടെ ക്ഷേത്ര

Digitised By Kerala Sahitya Akademi

സന്നിധിയിൽ കടവിൽച്ചെന്നടുത്തു. ഉടനെ മഴ മാറുകയും വെയിൽ തെളിയുകയും ചെയ്തു. പിന്നെ ആ മാസമടിയന്തിരം കഴിഞ്ഞു് അതിനായി അവിടെക്കൂടിയിരുന്നവരെല്ലാവരും പിരിഞ്ഞുപോകുന്നതുവരെ മഴയുണ്ടായില്ല. ഈ സ്ഥിതിക്കു് ഈ നമ്പൂരിപ്പാടു വിളിച്ചാൽ ചക്രവട്ടത്തയ്യപ്പൻ വിളികേൾക്കുമെന്നു ജനങ്ങൾ പറഞ്ഞിരുന്നതു വാസ്തവംതന്നെയായിരുന്നു എന്നു വിശ്വസിക്കാമല്ലോ. അദ്ദേഹമുണ്ടാക്കിയ ശ്ലോകങ്ങളിൽ ചിലതു താഴെ ചേർക്കുന്നു.

കല്പൂർ വിപ്രനെഴുത്തു പാശ്വഗതരാം
ഭ്രുതങ്ങൾ വായിച്ചിടം
പൊല്പേറുന്നൊരു ചക്രവട്ടപതിയേ
ചെമ്മേ ധരിപ്പിക്കണം
വല്പാതേ മഴപെയ്തിടുന്നതുടനേ
മാറിത്തരേണം ഭവാൻ
വെല്പുംകൊണ്ടു ചതുശ്രുതത്തെ വിരവോ-
ടെന്നാൽക്കഴിച്ചീടുവൻ. ൧

പരിപൊട്ട പുകൾ പൊങ്ങും ചക്രവട്ടത്തു വാഴും
ഹരിഹരതനയാ! നിൻ പാദപത്മം തൊഴുന്നോൻ
ഇരുപതു ദിവസത്തെയ്ക്കിന്നുതൊട്ടിന്നിമേലാ-
ലരുതു കരുണയാ തേ വർഷമെന്നുള്ള ശബ്ദം. ൨

തീയ്യാട്ടൊന്നു കഴിച്ചിടാമനുദിനം
ചെയ്യാം നമസ്കാരവും
നെയ്യാടാം കനകാടികൊണ്ടു കൃതമാം
മെയ്യാടിയും ചെയ്തിടാം
വയ്യായെന്നൊരു ശാഠ്യമില്ല, വഴിപാ-
ടയ്യായിരം നേർന്നു ഞാ-
നയ്യാ! നിൻകൃപയാലഹോ! മഴയിനി-
പ്പെയ്യാതെയാക്കീടണം. ൩

കയ്യിൽപ്പണ്ടൊരു കുന്നെടുത്തു വരിഷം
മാതാവു നിത്തീലയോ?
മെയ്യിൽപ്പാതിയുമയ്ക്കു നല്കിയ പിതാ
ഗംഗാം ധരിച്ചീലയോ?

Digitised By Kerala Sahitya Akademi

വയ്യിപ്പോഠം മഴ മാറുവാൻ തനയനെ-
നമ്മളെല്ലാരു ദിക്ഷീത്തിയെ-
നായ്യപ്പാ! മമ ചക്രവട്ടമമരും
നാഥാ! വരുത്തീടൊലാ. ര

അയ്യപ്പ! നിന്തിരുവടിക്കൊരു നേച്ച നേന്നാൽ
പൊയ്യിക്കയില്ല മഴയെന്നൊരു ലോകവാക്യം
പൊയ്യായിവന്നിടുകിലോ തവ ക്രൂറുകാരാ-
മിയ്യാളുകഠക്കു തല പൊക്കി നടന്നിടാമോ? ഒ

കാതം പഞ്ചകമാകകൊണ്ടു വഴിയേ
പട്യങ്ങളെത്തായ്കയോ?
ഭ്രതങ്ങളക്കവ കിട്ടിയെങ്കിലുമുടൻ
വന്നാങ്ങണത്തായ്കയോ?
ചേതം കാലമിതാകകൊണ്ടു ജനത-
യ്ക്കുണ്ടെന്ന വെച്ചോ? മഴ-
യ്ക്കുതും താനൊരു ഭേദമെന്നിയെ ചൊരി-
ഞ്ഞീടുന്നു? ഭ്രതേശ്വരാ! ന

ഞാനീവണ്ണം സ്തുതിക്കുന്നതുമതിപരമാ-
ബലമെന്നുണ്ടു ശങ്കാ
പാനീയേ മുങ്ങുമല്ലോ പരിചിനൊടു ഭവാൻ
വർഷമേറുന്ന കാലം

താനാണ്ണാത്തേവരുണ്ടോ പരനു വരനോ-
കുന്നിതെന്നുള്ള ന്യായം
മാനിച്ചീടേണമല്ലോ മധുമഥനമഹോ-
ശാനപുത്രനുപോലും. ഒ

വെള്ളത്തിൽസ്സുഖമല്ല ദുഃഖമിഭമെ-
നുള്ളത്തിലില്ലായ്കയാൽ
കള്ളത്രാണമിവൻ പറഞ്ഞ മൊഴിയെ-
നുള്ളിൽ ഭ്രമിച്ചെന്നതോ?
മുള്ളാരോന്നരചെയ്കകൊണ്ടു തിരുവു-
ള്ളക്കേടു കൊണ്ടോ ഭവാ-
നെള്ളോളം മഴ മാറിടാത്തതു ജലേ
പള്ളിക്കുറുപ്പാകയോ? വ

Digitised By Kerala Sahitya Akademi

ഓത്തും ചൊല്ലീ നമസ്കരിക്കുമുടനേ
പട്യങ്ങളം തീത്തൊക്കയും
പത്രം തന്നിൽ വരച്ചുകൊണ്ടു പുഴയിൽ—
ത്താഴ്ത്തുന്ന ഞാനിങ്ങിനെ
ശാസ്താവേ! തവ ശക്തിയില്ല വരിഷം
മാറ്റീടുവാനെങ്കിലോ
ശാസ്ത്രത്തിൽപ്പറയുന്നതൊക്കെ വിഫലം
ബൌദ്ധക്കുതന്നേ സുഖം. ൯

മാനത്തെച്ചെയ്യുമെങ്കിൽത്തെളിവിനൊടഭിലാ—
ഷങ്ങളോതീടുവെൻ ഞാൻ
മാനത്തെങ്ങും മഴക്കാറൊരു കടുസദൃശം
പോലുമുണ്ടായിടൊല്ലാ
വേനക്കാലത്തെ പോലെ വരണമഖിലവും
വൈലുമുണ്ടായ്വരേണം
മാന്യക്കേണം ഭവാൻ തൻ മഹിമയുമിഹമേ
കേതിയും മാനുഷന്മാർ. ൧൦

മാത്രുത്വം കുറവാകയോ? സ്തുതികളെ—
ക്കേട്ടാൽ വെറുപ്പാകയോ?
ചേതസ്സൃഷ്ടി വരായ്കയോ? ചിലതു ഞാൻ
ചെയ്യുന്ന പോരായ്കയോ?
ചേതം മറവനാകയോ? ചെവികളിൽ
ശ്ലോകങ്ങളെത്തായ്കയോ?
പെയ്യീടും മഴ മാറിടാത്തതു ഭവാൻ
ഭ്രതേശനല്ലായ്കയോ?” ൧൧

ഈ ശ്ലോകങ്ങൾക്കു ജനങ്ങൾ പറഞ്ഞുവരുന്ന പേരു ‘മഴശ്ലോകങ്ങൾ’ എന്നാണു്.

ഒരിക്കൽ ഒരു കല്ലൂരു നമ്പൂരിപ്പാടു ഗുരുവായൂർക്ഷേത്രത്തിൽ മേൽശ്ശാന്തിയായിരുന്ന കുറിച്ചാത്തുനമ്പൂരിയുടെ ഇല്ലത്തു് ഒരു തിലഹോമത്തിനു പോയി അതു കഴിച്ചിട്ടു് അവിടെ അടുക്കൽത്തന്നെ ഒരു തമിഴന്റെ (പാണ്ടിക്കാരന്റെ) ഗൃഹത്തിൽ ഒരു ബലിക്കൊടയ്ക്കു (ബലികൊടുത്തു ബാധയെ

Digitised By Kerala Sahitya Akademi

ഉഴിഞ്ഞുമാറുന്നതിനു) പോയി. അതും കഴിച്ചിട്ട് ആ രാത്രിയിൽത്തന്നെ സപരിവാരം സ്വദേശത്തേയ്ക്കു പുറപ്പെട്ടു. അദ്ദേഹത്തിനു പോകാനുള്ള വഴി കല്ലടിക്കോടൻമലയുടെ താഴ്വരയിൽക്കൂടിയായിരുന്നു. ആ വഴിയിൽക്കൂടി കുറച്ചു ദൂരം ചെന്നപ്പോൾ അവിടെ സർവ്വാംഗസുന്ദരിയായ ഒരു സ്ത്രീ നില്ക്കുന്നതു കണ്ടു. കണ്ടപ്പോൾത്തന്നെ അതൊരു യക്ഷിയാ ണെന്നു മനസ്സിലാവുകയാൽ നമ്പൂരിപ്പാടു പരികർമ്മിയും ഭൃത്യന്മാരും ഭയപ്പെടാതെയിരിക്കാനായിട്ട് ഒരു മന്ത്രം ജപിച്ചു് ആ യക്ഷിയെ അദൃശ്യയാക്കി ബന്ധിച്ചിട്ടു കടന്നുപോയി. കുറച്ചു ദൂരം പോയതിന്റെ ശേഷം നമ്പൂരി പ്പാടു തനിച്ചു മടങ്ങിവന്നു് ആ യക്ഷിയുടെ ബന്ധനം വേർ പെടുത്തി വിട്ടയച്ചിട്ടു ക്ഷണത്തിൽപ്പോയി സഹചരന്മാരോടു ക്കൂടി പിന്നെയും യാത്ര തുടർന്നു.

അങ്ങിനെ പിന്നെയും കുറച്ചു ദൂരം ചെന്നപ്പോൾ വഴി യോടടുത്തുള്ള ഒരു കാട്ടിൽ ചിലരുടെ സംഭാഷണം കേട്ടു. അതു ചില ജോനകരാണെന്നും അവർ അന്നു മോഷ്ടിച്ചു സാധനങ്ങൾ അവിടെയിരുന്നു പങ്കിടുകയാണെന്നും ആ സംഭാ ഷണം കേട്ടപ്പോൾത്തന്നെ മനസ്സിലാവുകയാൽ നമ്പൂരിപ്പാടു് എന്തോ ഒരു പച്ചില പറിച്ചു തിരുമ്മി ആ സംഭാഷണം കേട്ട സ്ഥലത്തേയ്ക്കു നിറഞ്ഞു. അപ്പോൾ അവർ കള്ളന്മാർക്കു കണ്ണു കാണാൻ വയ്യാതെയായി. അങ്ങിനെ ചെയ്തില്ലെങ്കിൽ ആ ദുഷ്ടന്മാർ തന്നെയും തന്റെ കൂട്ടുകാരെയും കൊല്ലുമെന്നു വിചാരിച്ചാണു നമ്പൂരിപ്പാടു് അപ്രകാരം ചെയ്തതു്. എങ്കി ലും കരുണാനിധിയും ആർദ്രമാനസനുമായിരുന്ന ആ നമ്പൂരി പ്പാട്ടിലേയ്ക്കു കുറച്ചു ദൂരം പോയപ്പോൾ താൻ ചെയ്തതു കഠി നവും സാഹസവുമായിപ്പോയി എന്നു തോന്നി. അപ്പോ ഴേയ്ക്കും നേരം വെളുക്കുകയും ചെയ്തു. ഉടനെ അദ്ദേഹം തിരി യെപ്പോയി പൂർവ്വസ്ഥലത്തെത്തി. അപ്പോൾ ആ ജോനകർ കണ്ണു കാണായ്കയാൽ കാട്ടിലൊക്കെ തപ്പിനടക്കുന്നതു കണ്ടിട്ട് അദ്ദേഹമവരോടു "നിങ്ങൾ ഇങ്ങിനെ തപ്പിനടക്കുന്നതെ ന്താണു്?" എന്നു ചോദിച്ചു. അതിനുത്തരമായി അവർ "എന്തോ ഞങ്ങൾക്കു കണ്ണു കാണാതെയായിപ്പോയി. അതു കൊണ്ടാണു്" എന്നു പറഞ്ഞു. അതു കേട്ടിട്ടു നമ്പൂരിപ്പാടു

Digitised By Kerala Sahitya Akademi

"നിങ്ങളം അന്യന്മാരുടെ മുതൽ മോഷ്ടിച്ചെടുത്തതിന്റെ ഫലമാണിതു്. ഇനി അങ്ങിനെ ചെയ്കയില്ലെന്ന സത്യം ചെയ്താൽ നിങ്ങളംക്കു കണ്ണു കാണാറാകും" എന്നു പറഞ്ഞു. ഉടനെ അവർ അങ്ങിനെ സത്യംചെയ്തു. അതിനിടയ്ക്കു നമ്പൂരിപ്പാടു് ഒരു പച്ചില പറിച്ചു തിരുമ്മി അവരുടെ അടുക്കലേയ്ക്കിട്ടു. ഉടനെ അവക്കു കണ്ണു കാണാറായി. അപ്പോഠം ആ ജോനകർ സന്തോഷിച്ചു് അവരുടെ കൈവശമുണ്ടായിരുന്ന പണവും പണ്ടങ്ങളുമെല്ലാം നമ്പൂരിപ്പാട്ടിലെ പാദത്തിങ്കൽ വെച്ചു വന്ദിച്ചിട്ടു് "ഇവയെല്ലാം അവിടെയ്ക്കിരിക്കട്ടെ" എന്നു പറഞ്ഞു. അതിനു മറുപടിയായിട്ടു നമ്പൂരിപ്പാടു് "എനിക്കു് ഇതൊന്നും വേണ്ട. നിങ്ങഠം മേലാൽ ദ്രോഹ ദ്രവം ചെയ്യാതിരുന്നാൽ മാത്രം മതി" എന്നു പറഞ്ഞിട്ടു് അദ്ദേഹം അവിടെനിന്നു പോയി. ആ പണവും പണ്ടങ്ങളും എടുത്തുംകൊണ്ടു ജോനകരും പോയി.

ചേത്തലെ ആനക്കോട്ടിൽക്കത്താവു് ആണ്ടുതോറും അവരുടെ മഠത്തിൽവെച്ചു കല്ല്യർ നമ്പൂരിപ്പാടിനെക്കൊണ്ടു വലിയ ഭഗവതിസ്സേവ നടത്തിക്കാറുണ്ടു്. ഒരാണ്ടിൽ ഭഗവതിസ്സേവയ്ക്കു തൊഴാൻ ചെന്നപ്പോഠം മൂത്തകത്താവിനു ഭഗവതിയെ അവിടെ പ്രത്യക്ഷമായി കണ്ടതായിട്ടു തോന്നുകയാൽ ഉടനെ അനന്തരവനെ വിളിച്ചു് "എന്റെ പെട്ടിക്കകത്തു് ആയിരം ബ്രിട്ടീഷുരൂപ ഒരു കിഴിയായി കെട്ടിവെച്ചിട്ടുണ്ടു്. അതു് എടുത്തുകൊണ്ടു വരണം" എന്നു പറഞ്ഞു താക്കോൽ കൊടുത്തയച്ചു. ആ അനന്തരവൻകത്താവു പോയി ആ പെട്ടി തുറന്നു് ആ കിഴിയെടുത്തുകൊണ്ടുചെന്നു കൊടുക്കുകയും മൂത്തകത്താവു് അതു മുഴുവനും നമ്പൂരിപ്പാട്ടിലേയ്ക്കു ദക്ഷിണചെയ്യുകയും ചെയ്തു.

നമ്പൂരിപ്പാടു് അന്നുതന്നെ അവിടെനിന്നു് ഒരു ബലിക്കൊട നടത്തുന്നതിനായി ചങ്ങരത്തു പണിക്കരുടെ വീട്ടിലേയ്ക്കു പോയി. അവിടെച്ചെന്നു് അതിന്റെ ക്രിയകളൊക്കെ കഴിഞ്ഞതിന്റെ ശേഷം ബലിപ്പടം (ബലിയുഴിഞ്ഞ പോളപ്പുതം) കൊണ്ടുചെന്നു കളയാനായിട്ടു് അദ്ദേഹം തന്റെ ഭൃത്യനെ വിളിച്ചു. അപ്പോഠം അവിടെയുണ്ടായിരുന്ന ചില നായന്മാർ "അതു ഞങ്ങഠം കൊണ്ടുപോയിക്കളയാം" എന്നു

Digitised By Kerala Sahitya Akademi

പറഞ്ഞു് ആ ബലിപ്പടം വാങ്ങിക്കൊണ്ടുപോയി. അവർ ആറുപേരുക്രൂടിയാണു കൊണ്ടുപോയതു്. അവർ അതു കൊണ്ടുപോയിക്കളഞ്ഞു മടങ്ങിപ്പോന്നപ്പോഠം ആകാശം മുട്ടത്തക്കവണ്ണം വലിപ്പമുള്ള ചില മൂത്തികളെക്കണ്ടു ഭയപ്പെട്ടു് ഉറക്കെ നിലവിളിച്ചുകൊണ്ടു നിലംപതിച്ചു. നിലവിളി കേട്ടു നമ്പൂരിപ്പാടു ക്ഷണത്തിൽ അങ്ങോട്ടു ചെന്നു. അപ്പോഴേയ്ക്കും നാലുപേർ മരിച്ചു. പിന്നെ അദ്ദേഹം എന്തോ ചെയ്കയാൽ രണ്ടുപേർ മരിച്ചില്ല. എങ്കിലും അവർ ആജീവനാന്തം രോഗികളായിട്ടാണു ജീവിച്ചിരുന്നതു്.

പിന്നെയൊരിക്കൽ പേത്തലെത്തന്നെ കട്ടിയാട്ടുവീട്ടിൽ ഒരു പണിക്കക്കു് ഒരു ബാധോപദ്രവമുണ്ടായി. ആ ബാധ ഏറ്റവും ശക്തിയോടുക്രൂടിയ ഒരു അസുരലയായിരുന്നു. അതിന്റെ ആവേശമുണ്ടാകുന്ന സമയങ്ങളിൽ ആ പണിക്കർ പുര പിടിച്ചുകുലുക്കുക മുതലായ ഭയങ്കരപ്രവൃത്തികഠം പലതും ചെയ്യുമായിരുന്നു. അനേകം മന്ത്രവാദികഠം പലതും ചെയ്തുനോക്കീട്ടും അതിനെ ഒഴിക്കാൻ കഴിഞ്ഞില്ല. ഒടുക്കം മൂത്ത പണിക്കർ പോയി ഒരു കല്ലൂർ നമ്പൂരിപ്പാടിനെത്തന്നെ അവിടെക്കൊണ്ടുവന്നു. നമ്പൂരിപ്പാടു് ഒരു ദിവസം അവിടെത്താമസിച്ചു പലതും ചെയ്തുനോക്കീട്ടും ഒരു ഫലവുമുണ്ടായില്ല. അതിനാൽ നമ്പൂരിപ്പാടു് ഈ പണിക്കർ എന്റെ ക്രൂടെ ഇല്ലത്തേയ്ക്കു പോരട്ടെ. അവിടെ കുറച്ചുദിവസം താമസിച്ചാൽ ഈ ബാധയെയൊഴിച്ചു പണിക്കരെ സുഖമാക്കി ഇങ്ങോട്ടയയ്ക്കാം" എന്നു പറഞ്ഞു. അതു സമ്മതിച്ചു് ആ പണിക്കർ നമ്പൂരിപ്പാടിനോടുക്രൂടി മനയ്ക്കലേയ്ക്കു പോയി. അവിടെച്ചെന്നപ്പോഠം മുതല്ക്കുതന്നെ ആ ബാധയുടെ ശക്തി കുറഞ്ഞുതുടങ്ങി. പണിക്കർ നാല്പതു ദിവസമവിടെ ഭജനമായിത്താമസിച്ചു. നാല്പത്തൊന്നാം ദിവസം തുള്ളിയപ്പോഠം ആ ബാധ നമ്പൂരിപ്പാടു ചോദിച്ചതിനെല്ലാം ശരിയായി ഉത്തരം പറയുകയും ഒടുക്കം സത്യംചെയ്തു് ഒഴിഞ്ഞുപോവുകയും ചെയ്തു. ഇതു് ആ നമ്പൂരിപ്പാടന്മാരുടെ സേവാമൂത്തികഠംക്കുള്ള ശക്തികൊണ്ടുക്രൂടെയാണെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

Digitised By Kerala Sahitya Akademi

ഇരിങ്ങാലെക്കുടെ സമീപം 'നകണ്ണിമന' എന്ന പ്രസിദ്ധമായിരിക്കുന്ന ഒരു ബ്രാഹ്മണഗൃഹത്തിൽ ഒരിക്കൽ ചാത്തന്റെ ഉപദ്രവമുണ്ടായി. ഈ ചാത്തൻ ഈ മനക്കാരുടെ വിരോധികളായ മറെറാരു മനക്കാർ കൂടിയിരുത്തിപ്പൂജിച്ചു സേവിച്ചുവന്നിരുന്നതും ഇവരേ ഉപദ്രവിക്കാനായിട്ട് അവർ പറഞ്ഞയച്ചതുമായിരുന്നു. ചാത്തന്റെ ഉപദ്രവം തുടങ്ങിയപ്പോൾ നകണ്ണിമനക്കാർ കല്ലൂർ മനയ്ക്കൽച്ചെന്ന വിവരം പറയുകയും കല്ലൂർ നമ്പൂരിപ്പാട് അവിടെച്ചെന്ന രണ്ടു മൂന്നു ദിവസം വലിയ ഭഗവതിസ്സേവയും മറവും കഴിച്ചു ചാത്തന്റെ ഉപദ്രവം നിർത്തുകയും ചാത്തനെ ബന്ധിച്ചു കല്ലൂർമനയ്ക്കൽ കൊണ്ടുപോയി അവിടെക്കുടിയിരുത്തുകയും ചെയ്തു. ചാത്തനേ അവിടെക്കുടിയിരുത്തിയെങ്കിലും അവിടെ പൂജിക്കുകയും മറവും ചെയ്തിരുന്നില്ല. അതിനാൽ ചാത്തനേ ആദ്യം കുടിയിരുത്തിസ്സേവിച്ചിരുന്ന മനയ്ക്കൽ ചാത്തന്റെ ഉപദ്രവം തുടങ്ങി. അപ്പോൾ ആ മനക്കാർ കല്ലൂർ മനയ്ക്കൽച്ചെന്ന വിവരം പറഞ്ഞു. അതു കേട്ടിട്ട കല്ലൂർ നമ്പൂരിപ്പാട "നിങ്ങളിങ്ങിനെ നീചകർമ്മങ്ങൾ ചെയ്തു മനുഷ്യരേ ഉപദ്രവിക്കുന്നതു ന്യായമല്ല. ഇനിയെങ്കിലും ബ്രാഹ്മണവൃത്തിയോടുകൂടിയിരിക്കണം" എന്നു പറയുകയും ചാത്തനേ വിട്ടുകൊടുക്കുകയും ചെയ്തു.

കല്ലൂർ നമ്പൂരിപ്പാടന്മാർ ഇങ്ങിനെ പല സ്ഥലങ്ങളിൽപ്പോയി ചാത്തന്മാരുടെ ഉപദ്രവങ്ങൾ മാററീട്ടുണ്ട്. അവയെല്ലാമിവിടെയെടുത്തു വിവരിക്കുന്നതായാൽ ലേഖനം ക്രമത്തിലധികം ദീർഘിച്ചുപോയേയ്ക്കുമെന്നുള്ളതിനാൽ അതിനായി ഇപ്പോൾ ഉദ്യമിക്കുന്നില്ല. ആ നമ്പൂരിപ്പാടന്മാരുടെ അത്ഭുതകർമ്മങ്ങളിൽ സ്വല്പം ചിലതുകൂടിപ്പറഞ്ഞിട്ട് ഈ ഉപന്യാസം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു.

കൊല്ലം ൧൦൪൯ കർക്കടകമാസത്തിൽ തുപ്പൂണിത്തുറെ വെച്ചു തീപ്പെട്ട കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടു സകലകലാവല്ലഭനും ഒരു മഹാവിദ്വാനുമായിരുന്നു. അവിടുന്നു വിദ്വാന്മാരേ യഥായോഗ്യം സൽക്കരിച്ചു സംഭാവനാദികൾകൊണ്ടും മറവും സന്തോഷിപ്പിച്ചുകൊണ്ടിരുന്നു. അതി

Digitised By Kerala Sahitya Akademi

നാൽ അവിടെ അനേകം വിദ്വാന്മാർ ചെന്നുകൂടുകയും തിരുമനസ്സുകൊണ്ട് അവരേയെല്ലാം ചേർത്ത് അവിടെ ഒരു വിദ്വൽസദസ്സു സ്ഥാപിക്കുകയും ചെയ്തിരുന്നു. ആ സദസ്യന്മാരിൽ പ്രധാനൻ ഒരു കല്ലൂർ നമ്പൂരിപ്പാടായിരുന്നു. അദ്ദേഹവും വലിയ വിദ്വാനായിരുന്നു എന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലൊ. എന്നുമാത്രമല്ല, ഗദ്യമായാലും പദ്യമായാലും എത്ര വലിയതായാലും ഒരു കവിത ഒരു പ്രാവശ്യം കേട്ടാൽ അതു ഹൃദിസ്ഥമാക്കുവാൻതക്കവണ്ണമുള്ള ധാരണാശക്തിയും അദ്ദേഹത്തിനുണ്ടായിരുന്നു.

ഇങ്ങിനെയിരുന്ന കാലത്തു് ഈ കൊച്ചിമഹാരാജാവിനെക്കുറിച്ചു ജനങ്ങൾ അവിടുന്നു "കേരളഭോജരാജാവാണെ"ന്നും മറ്റും പുകഴ്ത്തിപ്പറയുന്നതു കേട്ടിട്ടു ചോളദേശത്തുകാരനായ ഒരു ശാസ്ത്രി മഹാരാജാവിനു് അടിയറ വെയ്ക്കുന്നതിനു് ഒരു ദശകം (പത്തു ശ്ലോകം) ഉണ്ടാക്കിയെഴുതിക്കൊണ്ടു തൃപ്പൂണിത്തുറെയെത്തി സമയം ചോദിച്ചറിഞ്ഞുകൊണ്ടു തിരുമുമ്പാകെച്ചെന്നു് ആ ദശകം തിരുമനസ്സിലേ സന്നിധിയിൽ സമർപ്പിച്ചു. അപ്പോൾ തിരുമനസ്സുകൊണ്ടു് "എന്താ അതു്?" എന്നു കല്പിച്ചുചോദിച്ചു. അതിനു മറുപടിയായിട്ടു ശാസ്ത്രികൾ "ഞാനുണ്ടാക്കിയ ഒരു ദശകമാണു്" എന്നറിയിച്ചു. ഉടനേ തിരുമനസ്സുകൊണ്ടു് അതെടുക്കാനായി കൽപിച്ചു. അപ്പോൾ നമ്പൂരിപ്പാടു് "അതു വേണമോ? കവിതകൾ ഉണ്ടാക്കിയവർതന്നെ വായിച്ചാലേ അതിന്റെ തന്മയത്വം വരികയുള്ളൂ. അതുകൊണ്ടു ശാസ്ത്രികൾതന്നെ വായിക്കട്ടെ" എന്നു പറഞ്ഞു. അതു കേട്ടിട്ടു് "അതു ശരിയാണു്. എന്നാൽ ശാസ്ത്രികൾതന്നെ വായിക്കട്ടെ" എന്നു കല്പിക്കുകയും ചെയ്തു. ഉടനേ ശാസ്ത്രികൾ അതെടുത്തു ഭംഗിയായും വ്യക്തമായും സാവധാനത്തിൽ വായിച്ചു. ശാസ്ത്രികളുടെ വായന കഴിഞ്ഞപ്പോൾ നമ്പൂരിപ്പാടു "കഷ്ടം!" എന്നു പറഞ്ഞു മുക്കുത്തു വിരൽവെച്ചു. അപ്പോൾ ശാസ്ത്രികൾ "എന്താ കഷ്ടം?" എന്നു ചോദിച്ചു. അതിനുത്തരമായിട്ടു നമ്പൂരിപ്പാടു "പണ്ടാരാണ്ടു് ഉണ്ടാക്കിയിട്ടിരുന്ന ഈ ദശകം പകർത്തിയെഴുതി ഇവിടെയുള്ളവരേ പററിക്കാമെന്നു വിചാരിച്ചു ചോളദേശത്തുനിന്നു ശാസ്ത്രി

Digitised By Kerala Sahitya Akademi

കഥം ഇവിടംവരെ കൊണ്ടുവന്നല്ലൊ. അതുതന്നെ കഷ്ടം. ഈ ദശകം ഞാൻ ബ്രഹ്മചാരിയായിരുന്ന കാലത്തു് എന്റെ മുത്തശ്ശി ചൊല്ലിക്കേൾക്കുകയും അന്നുതന്നെ ഞാനിതു പഠിക്കുകയും ചെയ്തിട്ടുള്ളതാണു്" എന്നു പറഞ്ഞു. അതു കേട്ടിട്ടു ശാസ്ത്രികൾ "എന്നാൽ ഇതൊന്നു ചൊല്ലിക്കേൾക്കട്ടെ" എന്നു പറഞ്ഞു. ഉടനെ നമ്പൂരിപ്പാടു് ആ ദശകം യാതൊരു വീഴ്ചയും സംശയവും കൂടാതെ ചൊല്ലിക്കേൾപ്പിച്ചു. അപ്പോൾ ശാസ്ത്രികൾ സാമാന്യത്തിലധികം ഇളിഭ്യനായി എന്നുള്ളതു പറയണമെന്നില്ലല്ലൊ. ഉടനെ അദ്ദേഹം "അടുത്ത മാസത്തിൽ ഞാനിനിയും ഇവിടെ വരും. അപ്പോൾ ഇതിന്റെ മറുപടി പറഞ്ഞുകൊള്ളാം" എന്നു പറഞ്ഞിട്ടു് അവിടെനിന്നിറങ്ങിപ്പോയി. അപ്പോൾ തിരുമനസ്സുകൊണ്ടു ശാസ്ത്രിക്കു സമ്മാനമൊന്നും കൊടുക്കാതെ അയയ്ക്കുന്നതു കഷ്ടമാണെന്നു വിചാരിച്ചു് അദ്ദേഹത്തിന്റെ പിന്നാലെ ഒരു ഹരിക്കാരനെ കല്പിച്ചയച്ചു വിളിപ്പിച്ചു. എന്നിട്ടും അദ്ദേഹം "ഞാൻ അടുത്ത മാസത്തിൽ വന്നു കണ്ടുകൊള്ളാമെന്നു പറഞ്ഞതായി തിരുമനസ്സറിയിച്ചേയ്ക്കൂ" എന്നു പറഞ്ഞു പോവുകതന്നെ ചെയ്തു.

ശാസ്ത്രികൾ അടുത്ത മാസത്തിൽത്തന്നെ പിന്നെയും വന്നു. അപ്പോളദ്ദേഹം ഒരു ദശകമല്ല, ഒരു ശതകംതന്നെയാണു് എഴുതിക്കൊണ്ടുവന്നിരുന്നതു്. അദ്ദേഹം സമയമറിഞ്ഞു തിരുമുമ്പാകെച്ചെന്നു് ആ ശതകമെഴുതിയ ഓലക്കെട്ടു തിരുമുമ്പാകെ അടിയറവെച്ചു. അപ്പോഴും തിരുമനസ്സുകൊണ്ടു് "എന്താ അതു്?" എന്നു കല്പിച്ചുചോദിച്ചു. അപ്പോൾ ശാസ്ത്രികൾ "ഇതു ഞാനുണ്ടാക്കിയ ഒരു ശതകമാണു്" എന്നു് അറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു് "ഇതും ശാസ്ത്രികൾതന്നെ വായിക്കൂ" എന്നു കല്പിച്ചു. ശാസ്ത്രികൾ ഉടനെ ആ ഓലക്കെട്ടെടുത്തു ശ്വാസം വിടാതെ ക്ഷണത്തിൽ ആ നൂറു ശ്ലോകവും വായിച്ചുതീർത്തിട്ടു് "ഇതും പഴയ കവിതയായിരിക്കുമോ? ഇതും പഠിച്ചവരിവിടെയുണ്ടായിരിക്കുമോ?" എന്നു ചോദിച്ചുകൊണ്ടു് അവിടെ നിന്നിരുന്ന കല്ലൂർ നമ്പൂരിപ്പാടിന്റെ നേരെ നോക്കി. അപ്പോൾ നമ്പൂരിപ്പാടു "ശാസ്ത്രികളേ! ശ്രുണ്ടികടിക്കാതെയിരിക്കൂ. ഞാൻ വാസ്തവം പറയാം.

Digitised By Kerala Sahitya Akademi

ഈ ശതകവും ഇല്ലാത്തുള്ള ഒരു പഴയ ഗ്രന്ഥത്തിൽക്കാണുന്നുണ്ട്. ഇതും ഞാൻ പഠിച്ചിട്ടുമുണ്ട്" എന്നു പറഞ്ഞു. ഉടനെ ശാസ്ത്രികൾ "എന്നാലൊന്നു ചൊല്ലിക്കേൾക്കട്ടെ" എന്നു പറഞ്ഞു. അതു കേട്ട നമ്പൂരിപ്പാട് ആദ്യം മുതൽ മുറയ്ക്കു സാവധാനത്തിൽച്ചൊല്ലിത്തുടങ്ങി. അദ്ദേഹം മുറയ്ക്കു മുപ്പതു ശ്ലോകം ചൊല്ലിയപ്പോഴെയ്ക്കും ശാസ്ത്രികളുടെ ദേഹം ആപാദചൂഡം വിറയ്ക്കുകയും വിയർക്കുകയും ചെയ്തുതുടങ്ങി. പിന്നെയും നമ്പൂരിപ്പാട്ടു ശ്ലോകങ്ങൾ മുറയ്ക്കു ചൊല്ലിക്കൊണ്ടിരുന്നു. ശാസ്ത്രികളുടെ വിറയും വിയർപ്പും വർദ്ധിച്ചുകൊണ്ടുമിരുന്നു. കിം ബഹുനാ? നമ്പൂരിപ്പാട്ട് അൻപത്താറാമത്തെ ശ്ലോകം ചൊല്ലുകയും ശാസ്ത്രികൾ ബോധംകെട്ടു ധീം എന്നു നിലംപതിക്കുകയും ഒരുമിച്ചു കഴിഞ്ഞു. ഉടനെ തമ്പുരാൻ "ശാസ്ത്രികളെയെടുത്തു പുറത്തു കൊണ്ടുപോയി കാറ്റുള്ള ഒരു നല്ല സ്ഥലത്തു കിടത്തട്ടെ" എന്നു കല്പിക്കുകയും രാജഭൃത്യന്മാർ അപ്രകാരം ചെയ്തിട്ട് അദ്ദേഹത്തിന്റെ മുഖത്തു സല്പം വെള്ളം തളിക്കുകയും ചെയ്തു. രണ്ടു മൂന്നു നാഴിക കഴിഞ്ഞപ്പോൾ ശാസ്ത്രികൾക്ക് ഒരുവിധം ബോധം വീഴുകയാൽ അദ്ദേഹം സാവധാനത്തിൽ എഴുന്നേറ്റു രാജസന്നിധിയിലെത്തി. അപ്പോൾ തമ്പുരാൻ "എന്താ ശാസ്ത്രികളേ! സുഖമായോ?" എന്നു കല്പിച്ചു ചോദിച്ചു. അതിനുത്തരമായിട്ടു ശാസ്ത്രികൾ "ദേഹത്തിനുണ്ടായ അസ്വാസ്ഥ്യം ഒരുവിധം ശമിച്ചു. മനസ്സിനുണ്ടായ സുഖക്കേടു ഭേദമായിട്ടില്ല. അതു ഭേദമാകുന്നതുമല്ല. എനിക്ക് ഇങ്ങിനെയൊരബദ്ധം ഇതിനു മുമ്പൊരിക്കലും പറ്റീട്ടില്ല; ഇനി പറ്റുമെന്നും തോന്നുന്നില്ല. മഹാരാജാവു തിരുമനസ്സിലെ കീർത്തിചന്ദ്രിക ഞങ്ങളുടെ ദേശത്തും നല്ലപോലെ പരന്നിട്ടുണ്ട്. അതുകൊണ്ടാണു ഞാൻ ഇങ്ങോട്ടു വന്നതു്. കേരളത്തിൽ, വിശേഷിച്ചും ഈ മഹാരാജസഭയിൽ ഇപ്രകാരം ധാരണാശക്തിയുള്ളവരുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല. ഇതറിഞ്ഞിരുന്നുവെങ്കിൽ ഞാൻ ഈ ടിക്കിലേയ്ക്കു കാലെടുത്തുകുത്തുകയില്ലായിരുന്നു. ഞങ്ങളുടെ ദേശത്തു് എന്നെപ്പോലെ വേറെയും ചിലർ ഇങ്ങോട്ടു വരാൻ സന്നദ്ധരായി ഇരിക്കുന്നുണ്ടു്. അവർ ഇങ്ങോട്ടു പുറപ്പെടുന്നതിനു മുമ്പേ എനിക്കു് അവിടെയെത്തി ഇങ്ങോട്ടാരും പോരേണ്ട എന്നു പറയണം. എന്നെപ്പോലെ അവരും വിഡ്ഢികൾ

Digitised By Kerala Sahitya Akademi

ളായിപ്പോകണമെന്നില്ലല്ലോ'' എന്നറിയിച്ചു. അപ്പോൾ തിരുമനസ്സുകൊണ്ട് "അങ്ങിനെയൊന്നും വിചാരിക്കാനില്ല ശാസ്ത്രികളേ! ഓരോ ദിക്കിൽ ഓരോ വിധമിരിക്കും. ശാസ്ത്രികൾ കൊണ്ടുവന്ന ശതകം വളരെ നന്നായിട്ടുണ്ട്. അതു തേടിപ്പിടിച്ച് ഇവിടെക്കൊണ്ടുവന്നുവല്ലോ. അതുമാത്രം വിചാരിച്ചാൽ മതി. ഇതു പണ്ടാരാണ്ട് ഉണ്ടാക്കിയിട്ടിരുന്ന കൃതിയാണെന്ന നമ്പൂരി പറഞ്ഞതു വാസ്തവമാണ്. ഇവിടേയും ഒരു പഴയ ഗ്രന്ഥത്തിൽ ഇതു കാണുന്നുണ്ട്. ഈ ശതകം നാമും പഠിച്ചിട്ടുണ്ട്. വേണമെങ്കിൽ നാമും ചൊല്ലിക്കേൾപ്പിക്കാം'' എന്നു കല്പിച്ചു. അതു കേട്ടിട്ടു ശാസ്ത്രികൾ "വേണ്ട വേണ്ട; ഈ നമ്പൂരിപ്പാട് ഇതു ചൊല്ലിയ സ്ഥിതിക്ക് ഇവിടേയ്ക്ക് ഇതിനു പ്രയാസമുണ്ടാകുമോ?" എന്നറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ട് "വേണ്ടെങ്കിൽ വേണ്ട. നാം വാസ്തവം പറഞ്ഞു എന്നേയുള്ളൂ. ഏതെങ്കിലും ശാസ്ത്രികൾ ഇവിടെ വന്നിട്ടു വെറും കൈയായി മടങ്ങിപ്പോകുന്നതു നമുക്കും ശാസ്ത്രികൾക്കും കുറച്ചിലാണല്ലൊ. അതുകൊണ്ട് ഇപ്പോൾ ഇതുയുമിരിക്കട്ടെ'' എന്നു കല്പിക്കുകയും അദ്ദേഹത്തിനു ചില സമ്മാനങ്ങൾ കല്പിച്ചു കൊടുത്തയയ്ക്കുകയും ചെയ്തു.

ഒരു ദിവസം പകലേ സദസ്സു പിരിയാറായപ്പോൾ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു, "നാളത്തെ സദസ്സിൽ സംഭാഷണവിഷയത്തിൽ ജയിക്കുന്നവർക്കു കൊടുക്കുന്നതിനായി നൂറൊന്നു പണം വീതമുള്ള മൂന്നു കിഴികൾ നാം കെട്ടിവെച്ചിട്ടുണ്ട്. സംഭാഷണവിഷയങ്ങൾ,

൧. ഒന്നാന്തരം പാപ്പു ഭോഷ്കു പറഞ്ഞു സദസ്സിലുള്ളവർക്കു പരമാർത്ഥമാണെന്നു തോന്നിക്കുക.

൨. അന്നു തന്നെപ്പോലെ മറ്റാരും സ്വാദുള്ള പദാർത്ഥം ഭക്ഷിച്ചിട്ടില്ലെന്നു സദസ്യരേ ബോധപ്പെടുത്തുക.

൩. സദസ്യരിൽവെച്ച് അധികം ഭാഗ്യവാൻ താനാണെന്നു മറ്റുള്ളവരേ സമ്മതിപ്പിക്കുക. ഇങ്ങിനെ ചെയ്യുന്നവർക്കാണു പണക്കിഴി കൊടുക്കപ്പെടുന്നതു്. സദസ്സു പതിനൊന്നു മണിക്കു കൂടുകയും അഞ്ചുമണിക്കു മുമ്പു പിരിയുകയും

Digitised By Kerala Sahitya Akademi

വേണം" എന്നു കല്പിക്കുകയും ഉടനേ സഭ പിരിയുകയും ചെയ്തു.

പിറേറദിവസം പതിനൊന്നു മണിക്കുതന്നെ വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു സഭസ്സിൽ എഴുന്നള്ളുകയും പണക്കിഴികഠം അവിടെ നിരത്തിവെയ്ക്കുകയും ചെയ്തു. അപ്പോഴേയ്ക്കും സഭസ്യർ ഓരോരുത്തരായി അവിടെ വന്നു ചേർന്നുകഴിഞ്ഞു. കല്ലൂരു നമ്പൂരിപ്പാടു മാത്രം വന്നില്ല. അതെന്താണെന്നു് എല്ലാവക്കും വിചാരമായി. അദ്ദേഹം വലിയ കണിശക്കാരനായിരുന്നു. അദ്ദേഹം സമയത്തിനു മുമ്പെത്തുകയായിരുന്നു പതിവു്. അദ്ദേഹം വരാത്തതെന്തുകൊണ്ടെന്നുള്ള വിചാരം തമ്പുരാൻ തിരുമനസ്സിലേയ്ക്കും ഉണ്ടായി. അങ്ങിനെയെല്ലാവരും വിചാരത്തോടുകൂടിയിരുന്നപ്പോഠം ഏറാവും പരിഭ്രമത്തോടുകൂടി നമ്പൂരിപ്പാടും അവിടെ വന്നു ചേർന്നു. അദ്ദേഹത്തിന്റെ മുഖത്തു് ഒരു വിഷാദഭാവം പ്രത്യക്ഷമായിരുന്നു. അതു കണ്ടിട്ടു തിരുമനസ്സുകൊണ്ടു് "എന്താ വിശേഷം വല്ലതുമുണ്ടോ?" എന്നു കല്പിച്ചു ചോദിച്ചു.

നമ്പൂരിപ്പാടു്—വിശേഷമൊന്നുമില്ല. എങ്കിലും—

തമ്പുരാൻ—എന്താ? പറയു കേഠംക്കട്ടെ.

നമ്പൂരിപ്പാടു്—ഇപ്പോഠത്തന്നെ സമയം അതിക്രമിച്ചിരിക്കുന്നു. ഇനി എന്റെ കഥകൂടി പറഞ്ഞുതുടങ്ങിയാൽ ഇന്നത്തെസ്സഭസ്സിൽ നിശ്ചയിച്ചിട്ടുള്ളതൊന്നും നടക്കുകയില്ല. അതുകൊണ്ടു് എന്റെ കായ്യം ഇനിയൊരു ദിവസം സമയമുള്ളപ്പോഠം ഇവിടെ അറിയിച്ചുകൊള്ളാം.

തമ്പുരാൻ—സഭസ്സിൽവെച്ചു നടത്താനുള്ള കായ്യം നാളെയായാലും മതി. നമ്പൂരിയുടെ കായ്യം ഇന്നുതന്നെ കേഠംക്കണം. പറയു കേഠംക്കട്ടെ.

നമ്പൂരിപ്പാടു്—നിർബന്ധമാണെങ്കിൽ പറയാം. ഇല്ലത്തു വെച്ചുചെലവിനുള്ള അരി അറുണ്ണിശ്ശേരിയിൽനിന്നു കൊടുത്തയയ്ക്കുകയാണു പതിവു്. കഴിഞ്ഞകൊല്ലം അരി കൊടുത്തയച്ചതിന്റെ കൂടെ ഒരു നേന്ത്രക്കന്നു (നേന്ത്രവാഴവിത്തു)കൂടിക്കൊടുത്തയച്ചിരുന്നു. ഒന്നല്ലേ ഉള്ളു. അതൊരു നല്ല സ്ഥലത്തു വെച്ചു നല്ലപോലെ ശുശ്രൂഷിക്കണമെന്നു

Digitised By Kerala Sahitya Akademi

നിശ്ചയിച്ച് ഇല്ലത്തേ നടുമുറ്റത്തുതന്നെ അതു കഴിച്ചുവെച്ചു. അതു് അവിടെവെച്ചാൽ വേറെയും ചില ഗുണങ്ങളുള്ളതും ഓക്കാതെയിരുന്നില്ല. ഇല്ലത്തേ തേവാരപ്പുരയിലുള്ള ദേവന്മാക്ക് അഭിഷേകം കഴിഞ്ഞാൽ ആ വെള്ളവും പൂജ കഴിഞ്ഞാൽ ധൂപക്കാറിയിലെ വെണ്ണീറും പതിവായി അതിന്റെ കടയ്ക്കൽത്തന്നെ വീഴും. ഞാൻ വിചാരിച്ചതുപോലെ അവ പതിവായി അതിന്റെ കടയ്ക്കൽത്തന്നെ വീണിരുന്നു. എന്നു മാത്രമല്ല, നടുമുറ്റത്തായിരുന്നതിനാൽ കിടാങ്ങൾക്കും അകായിലുള്ളവക്കും അതു് ഏറ്റവും സന്തോഷകരമായിത്തീർന്നു. അവരും അതിനെ യഥായോഗ്യം ശുശ്രൂഷിച്ചുകൊണ്ടിരുന്നു. ധാരാളമായി വളം ചേർത്തിരുന്നതുകൊണ്ടു വാഴ പനപോലെ തടിച്ചു തഴച്ചുവളർന്നു. അതിന്റെ ഇലകൊണ്ടു നടുമുറ്റം മൂടി. അധികം താമസിയാതെ വാഴ കുലച്ചു. പന്ത്രണ്ടു പടലയുണ്ടായിരുന്നു. മൂന്നു മാസം കഴിഞ്ഞപ്പോൾ അടിപ്പടലയിൽ ഒരു കായ്ക്കു സ്വല്പം പഴുപ്പു ഛായയുള്ളതായിക്കണ്ടു. അതു കിടാങ്ങൾ കാണാതെയും അണ്ണാനോ എലിയോ കർണ്ണം നഷ്ടപ്പെടുത്താതെയുമിരിക്കുന്നതിനായി ആ കുല നല്ലപോലെ മൂടിക്കെട്ടിച്ചു. ആ കുല മുഴുവനും നിത്തിപ്പഴുപ്പിക്കണമെന്നു വിചാരിച്ചാണു് അങ്ങിനെ ചെയ്യിച്ചതു്. ഇന്നു കാലത്തു കുലയുടെ പഴുപ്പു് എന്തായിയെന്നറിയുന്നതിനായി അതു് അഴിച്ചു നോക്കിയപ്പോൾ കായെല്ലാം പഴുത്തു പാകം വന്നു തൊലിക്കു പുള്ളിക്കുത്തു വീണിരിക്കുന്നതായിക്കണ്ടു. പിന്നെ നിലത്തു വീഴിക്കാതെ ആക്കുല വെട്ടിയെടുപ്പിച്ചു് എണ്ണിനോക്കിയപ്പോൾ നൂറിരുപത്തഞ്ചു പഴമുണ്ടായിരുന്നു. അതു പഴുന്നുകുക്കാക്കുകയോ വേവിക്കാതെതന്നെ തിന്നുകയോ എന്താണു വേണ്ടതെന്നു ഞാൻ സംശയിച്ചപ്പോൾ അകായിൽനിന്നു് "അതൊന്നും പോര. അതു പ്രഥമൻതന്നെയാക്കണം" എന്നു പറയുകയും ഞാനതു സമ്മതിക്കയും ചെയ്തു. പ്രഥമൻ വെച്ചതു് അകത്തുതന്നെയാണു്. അകായിലെ അഭിപ്രായപ്രകാരമായതുകൊണ്ടു് അതു നന്നാകണമെന്നു വിചാരിച്ചു മനസ്സിരുത്തി പഴം അസ്സലായി വരട്ടിയാണു് അതുണ്ടാക്കിയതു്. പ്രഥമൻ വളരെ നന്നാവുകയും ചെയ്തു. വാസ്തവം പറയുകയാണെങ്കിൽ ഇതുയും നല്ല പ്രഥമൻ ഞാൻ ഇതിനു മുമ്പു കഴിച്ചിട്ടില്ലെന്നുതന്നെ പറയാം.

Digitised By Kerala Sahitya Akademi

അതിന്റെ സ്വാദ് അത്രമാത്രമുണ്ടായിരുന്നു. ഞാൻ മനസ്സറിയാതെ അതു സാമാന്യത്തിലധികം ചെലുത്തിപ്പോയി. ഈ പ്രഥമൻകൂടി കാലമായി വന്നപ്പോഴേയ്ക്കും ഭക്ഷണത്തിന്റെ സമയം തെറ്റി. പിന്നെ ഇതു സാമാന്യത്തിലധികം ചെലുത്തുകയും ചെയ്തു. രണ്ടുംകൂടിയായപ്പോഴേയ്ക്കും ഞാൻ വല്ലാതെ ക്ഷീണിച്ചു. പ്രായാധിക്യം നിമിത്തമുള്ള ക്ഷീണം മുമ്പേതന്നെയുണ്ടല്ലൊ. എല്ലാംകൊണ്ടും ലേശം പോലും നടക്കാൻ വയ്യെന്നു തോന്നുകയാൽ പുറത്തളത്തിൽ പ്പോയിക്കിടന്നു. അപ്പോളാണു സദ്യസ്സു ക്രുടാനുള്ള സമയം തെറ്റിപ്പോയല്ലോ എന്നുള്ള ഓർമ്മയുണ്ടായതു്. ഉടനേ എണീറ്റു് ഇങ്ങോട്ടു പോരികയും ചെയ്തു. ഞാൻ വളരെ പരിഭ്രമിച്ചാണു് ഇവിടെ നടന്നെത്തിയതു്.

വലിയതമ്പുരാൻ—(സ്വല്പം പരിഭവഭാവത്തോടുക്രുടി) എങ്കിലും പച്ചക്കായുപോലും ദുർല്ലഭമായിരിക്കുന്ന ഇക്കാലത്തു നമ്പൂരി കുറച്ചു പഴമെങ്കിലും ഇങ്ങോട്ടു കൊടുത്തയച്ചില്ലല്ലൊ. അവിടെ വിശേഷിച്ചു വല്ലതുമുണ്ടായാൽ ഇങ്ങോട്ടുക്രുടി കൊടുത്തയയ്ക്കുകയല്ലേ പതിവു്? എന്നു കല്പിച്ചു.

അപ്പോഠം ഒരു സദസ്യൻനമ്പൂരി—കഷ്ടം! ഞാനിതു് ഇന്നലെ അറിഞ്ഞില്ലല്ലൊ. അറിഞ്ഞിരുന്നുവെങ്കിൽ ഇന്നു ഭക്ഷണത്തിനു നേരത്തെ അങ്ങോട്ടെത്താമായിരുന്നു.

ഉടനെ സദസ്യരെല്ലാവരുംc—ഞാനും അതുതന്നെയാണു വിചാരിച്ചതു, ഞാനും അതുതന്നെയാണു വിചാരിച്ചതു് എന്നു പറഞ്ഞു.

ഉടനെ കല്ലൂരുനമ്പൂരിപ്പാടു കുനിഞ്ഞു് ഒരു പണക്കിഴിയെടുത്തു. അപ്പോഠം തമ്പുരാൻ "അതെന്താണു് എടുത്തതു്?" എന്നു കല്പിച്ചു ചോദിച്ചു.

നമ്പൂരിപ്പാടു്—ഭോഷ്ക്കു പറഞ്ഞു സദസ്സിലുള്ളവക്കൊക്കെ വാസ്തവമാണെന്നു തോന്നിക്കുന്നവക്കാണല്ലൊ ഒരു കിഴി. ഞാനിപ്പോഠം പറഞ്ഞതു ശുദ്ധമേ ഭോഷ്കാണു്. ഇതു വാസ്തവമാണെന്നു് എല്ലാവരും സമ്മതിച്ചുവല്ലൊ എന്നു പറഞ്ഞു. അതിനു് എതിരാഭിപ്പറയാൻ ഒന്നും കാണായ്കയാൽ ആരുമൊന്നും മിണ്ടിയില്ല. അപ്പോഠം നമ്പൂരിപ്പാടു കുനിഞ്ഞു് ഒരു കിഴിക്രുടെയെടുത്തു. ഉടനേ തമ്പുരാൻ തിരുമനസ്സുകൊണ്ടു് "അതെന്തിനാണു് എടുത്തതു്?" എന്നു

Digitised By Kerala Sahitya Akademi

കല്പിച്ചുചോദിച്ചു. അതിന്ന് ഉത്തരമായിട്ടു നമ്പൂരിപ്പാട് "ഇന്ന തന്നെപ്പോലെ മറാരും സ്വാദുള്ള പദാർത്ഥം ഭക്ഷിച്ചിട്ടില്ലെന്ന സദസ്യരേ ബോധപ്പെടുത്തുന്ന ആൾക്കുള്ള താണല്ലോ ഈ കിഴി. അതും ഞാൻ ഇവിടെയെല്ലാവരേയും ബോധപ്പെടുത്തിയല്ലൊ" എന്ന പറഞ്ഞു. അതിനെ എതിർക്കുന്നതിനും മാർഗ്ഗമൊന്നും കാണായ്കയാൽ അതിനെതിരായിട്ടും ആരുമൊന്നും പറഞ്ഞില്ല. അപ്പോൾ നമ്പൂരിപ്പാടു മൂന്നാമതൊക്കിഴിയും കടന്നെടുത്തു. ഉടനേ തമ്പുരാൻ തിരുമനസ്സുകൊണ്ടു് "അതെന്താണു്?" എന്ന കല്പിച്ചുചോദിച്ചു. അതിനുത്തരമായിട്ടു നമ്പൂരിപ്പാടു് "ഇവിടെ ക്രൂടിയിരിക്കുന്നവരിൽ അധികം ഭാഗ്യമുള്ള ആൾക്കുള്ളതാണല്ലോ ഈ കിഴി. ഇവിടെ പലരുണ്ടായിരുന്നിട്ടും രണ്ടു കിഴികൾക്കും അർഹൻ ഞാനാണെന്ന് എല്ലാവരും സമ്മതിച്ചുവല്ലോ. ഇനി എല്ലാവരെക്കാളും ഭാഗ്യവാൻ ഞാനാണെന്നുള്ളതിനു വിശേഷിച്ചു ലക്ഷ്യമൊന്നും വേണമെന്നു തോന്നുന്നില്ല" എന്ന പറഞ്ഞു. അതിനും എതിരായിപ്പറയാനൊന്നും കാണായ്കയാലാരുമൊന്നും മിണ്ടിയില്ല. ഉടനേ സദസ്സു പിരിഞ്ഞു. മൂന്നു പണക്കിഴികളുംകൊണ്ടു നമ്പൂരിപ്പാടും അപ്പോൾത്തന്നെ പോയി.

കല്ലൂർ മനയ്ക്കലെ ഒരപ്രധാനനമ്പൂരിപ്പാടു വേളികഴിച്ചിരുന്നില്ല. അദ്ദേഹം തൃശ്ശിവപേരൂർ കിഴക്കേ അച്ചുംകുളങ്ങരവാരിയത്തെ 'കുഞ്ഞി' എന്ന പേരായ ഒരു വാരിയസ്ത്രീയെ സംബന്ധം ചെയ്തു ഭാര്യയാക്കി ഇല്ലത്തു കൊണ്ടുപോയിത്താമസിപ്പിച്ചിരുന്നു. ആ വാരിയസ്ത്രീ ഒരു ദിവസം പകലേ പതിവുപോലെ പോയി മേൽക്കഴുകി വന്ന് ഈറൻ മാറുന്നതിനായി പെട്ടിയിൽനിന്ന് ഒരൊന്നരമുണ്ടെടുത്തു നിവിർത്തിനോക്കിയപ്പോൾ അതു് എലി കടിച്ചുമുറിച്ചു് ഉപയോഗിക്കാൻ കൊള്ളുകില്ലാത്ത വിധത്തിലാക്കിയിരിക്കുന്നതായിക്കാണുകയാൽ അതു മടക്കിവെച്ചിട്ടു വേറേ ഒന്നെടുത്തു നിവിർത്തു. അതും അങ്ങിനെതന്നെ എലി കടിച്ചുമുറിച്ചതായിക്കണ്ടു. അങ്ങിനെ അവക്കുണ്ടായിരുന്ന എട്ടു് ഒന്നരമുണ്ടുകളും ഉപയോഗിക്കാൻ കൊള്ളുകില്ലാത്തവിധത്തിലായിരുന്നതിനാൽ അവർ അവയെല്ലാമെടുത്തു നമ്പൂരിപ്പാട്ടിലേ മുമ്പിൽക്കൊണ്ടുചെന്നിട്ടു് "ഇതാ നോക്കണം. എനിക്കു കഴിഞ്ഞ മാസത്തിൽ മേടിച്ചുതന്നതും കോടിയലക്കിയതുമായ എട്ടു് ഒന്നര

Digitised By Kerala Sahitya Akademi

മുണ്ടുകളും എലി വെട്ടി ഒന്നിനും കൊള്ളുകില്ലാതെയാക്കിയിരിക്കുന്നു. ഇതു ഞാനെങ്ങിനെ ഉടുത്തുകൊണ്ടു നടക്കും? എലിയുടെ ഉപദ്രവം ഇവിടെ ദുസ്സഹമായിരിക്കുന്നു" എന്നു പറഞ്ഞു. അതു കേട്ടിട്ടു നമ്പൂരിപ്പാടു് "അതെ, നിവൃത്തിയുണ്ടാക്കാം. ഇവിടെ ഒരു വിളക്കു കൊളുത്തിവെയ്ക്കൂ" എന്നു പറഞ്ഞിട്ടു പുറത്തേയ്ക്കിറങ്ങി പറമ്പിൽച്ചെന്നു് ഒരു പച്ചീക്കിൽ ഒടിച്ചെടുത്തു വലത്തു കൈയിൽപ്പിടിച്ചുകൊണ്ടു വിളക്കിന്റെ സമീപത്തെത്തി. അവിടെയിരുന്നുകൊണ്ടു് അദ്ദേഹം ഒരു മന്ത്രം ജപിച്ചിട്ടു് "ഇവിടെയുള്ള എലികളൊക്കെ ഇവിടെ വരട്ടെ" എന്നു പറഞ്ഞു. അപ്പോഴേക്കും ഏകദേശം അമ്പതോളം എലികളും 'കീ, കീ' എന്നു കരഞ്ഞുകൊണ്ടു് ആ വിളക്കിന്റെ ചുറ്റും വന്നുകൂടി. ഉടനെ നമ്പൂരിപ്പാടു "നിങ്ങളെല്ലാവരും ക്ഷണത്തിൽ ഇവിടെനിന്നു പൊയ്ക്കൊള്ളണം" എന്നു പറഞ്ഞിട്ടു് ആ ഈർക്കിൽകൊണ്ടു് ആ എലികളേയെല്ലാം ഓരോന്നു് അടിച്ചു. ഉടനേ എലികളെല്ലാം അവിടെനിന്നു് ഇറങ്ങിപ്പോയി. പിന്നെ ആ നമ്പൂരിപ്പാട്ടിലേ കാലം കഴിയുന്നതുവരെ അവിടെ ഒരെലിപോലും കയറിയില്ല.

കല്ലൂർ മനയ്ക്കലുള്ളവർ പതിവായിക്കുളിക്കുന്ന പുഴക്കടവിൽ ഒരു വലിയ അരയാൽവൃക്ഷമുണ്ടായിരുന്നു. അതിന്മേൽ അസംഖ്യം വാവലുകളും വന്നുകൂടിയിരുന്നു. ആ വാവലുകളുടെ പുരീഷ(മല)വിഷ്ടം തലയിലേൽക്കാതെ അവിടെക്കുളിച്ചുകയറിപ്പോകാൻ നിവൃത്തിയില്ലായിരുന്നു. അങ്ങിനെയിരുന്നപ്പോഴാണു് ആ മനയ്ക്കൽ ഒരു വേളി നിശ്ചയിച്ചു. അപ്പോഴാണു വലിയ നമ്പൂരിപ്പാടു് "ഈ വാവലിന്റെ ഉപദ്രവം കലശലായിരിക്കുന്നു. ഇവയുടെ കാഷ്ഠവിഷ്ടം തലയിലേൽക്കാതെ ഈ കടവിൽക്കുളിക്കാൻ നിവൃത്തിയില്ലല്ലൊ. ഇവിടെയുള്ളവക്കു് അതു പരിചയമായിപ്പോയി. അതുകൊണ്ടു് അതു വല്ലതുമാവട്ടെ. ഇനിയിപ്പോൾ വേളിക്കു് ഇവിടെ പലരും വരും. അവരാരും ഇതു ശീലിച്ചിട്ടില്ലാത്തതുകൊണ്ടു് അവക്കിതു ദുസ്സഹമായിത്തീരും. അതുകൊണ്ടു് ഏതാനും ദിവസത്തേയ്ക്കു് ഈ ജന്തുക്കളെ ഇവിടെനിന്നു മാറ്റണം" എന്നു മനസ്സിൽ വിചാരിച്ചു നിശ്ചയിച്ചിട്ടു് ഒരു ദിവസം ഏതാനും ചെറിയ പാറക്കല്ലുകളും കൈയിൽപ്പെറുക്കിയെടുത്തു

Digitised By Kerala Sahitya Akademi

കൊണ്ടു് ആലിന്റെ സമീപത്തു ചെന്നുനിന്നു് ആ വാവലുകളോട്ട "നിങ്ങൾ ഏതാനും ദിവസത്തേയ്ക്കു് ഇവിടെനിന്നു മാറിത്താമസിക്കണം. ഇല്ലത്തു വേളിയടിയന്തിരം കഴിഞ്ഞു വിശേഷിച്ചു വരുന്നവരെല്ലാവരും പിരിഞ്ഞുപോയിട്ടേ ഇവിടെ വരാവു. അതുവരെ അക്കരെ നില്ക്കുന്ന വലിയ മാവിന്മേൽ ചെന്നു താമസിച്ചുകൊള്ളണം" എന്നു പറഞ്ഞിട്ടു കൈയിലുണ്ടായിരുന്ന പാറക്കല്ലുകൾ ജപിച്ചു് ആ ആലിന്റെ കടയ്ക്കലിട്ടു. ഉടനെ വാവലുകളെല്ലാം പറന്നു മറുകരയിൽ നിന്നിരുന്ന മാവിന്മേലെത്തിത്താമസമായി. പിന്നെ മനയ്ക്കലെ വേളിയടിയന്തിരം കഴിഞ്ഞു് അവിടെ വിശേഷിച്ചു വന്നിരുന്നവരെല്ലാവരും പിരിഞ്ഞുപോയതിന്റെ ശേഷമേ അവ ഇക്കരയ്ക്കു വന്നുള്ളൂ.

ഇങ്ങിനെ കല്ലൂർ നമ്പൂരിപ്പാടന്മാരുടെ മന്ത്രശക്തിയേയും അത്ഭുതകർമ്മങ്ങളേയുംപറ്റി ഇനിയും വളരെപ്പറയാനുണ്ടു്. ലേഖനഭൈഷ്യം വിചാരിച്ചു് അതിനായി ഉദ്യമിക്കാതെ ഇപ്പോൾ വിരമിക്കുന്നു.

——(*)——

൩൨. തകഴിയിൽശ്ശാസ്താവും അവിടത്തെ എണ്ണയും

ശ്രീപരശുരാമൻ കേരളത്തിന്റെ രക്ഷയ്ക്കായി പല സ്ഥലങ്ങളിൽ ശാസ്താവിനെ പ്രതിഷ്ഠിച്ചുകൂട്ടത്തിൽ തിരുവിതാംകൂറിൽ ഇപ്പോൾ ശ്രീവല്ലഭ(തിരുവല്ലാ)ഗ്രാമമെന്നു പ്രസിദ്ധമായിരിക്കുന്ന പ്രദേശത്തിന്റെ കിഴക്കുള്ള ഒരു മലയിലും ഒരു പ്രതിഷ്ഠ നടത്തിയിരുന്നു. ആ ദേശക്കാർ അവിടെ ക്ഷേത്രംപണി, കലശം മുതലായവ കഴിപ്പിച്ചു് ആ ദേവനെ തങ്ങളുടെ ദേശപരദേവതയായിത്തന്നെ ആദരിക്കുകയും ആചരിക്കുകയും ചെയ്തിരുന്നു. എന്നു മാത്രമല്ല, ആ ഗ്രാമക്കാരായ ബ്രാഹ്മണർ അവരുടെ വേദാദ്ധ്യയനം ആ ക്ഷേത്രത്തിൽ വെച്ചാക്കുകയും ചെയ്തു. അപ്പോൾ എല്ലാവരും ആ മലയെ

Digitised By Kerala Sahitya Akademi

ഓത്തന്മാർമല' എന്നും ശാസ്താവിനെ ഓത്തന്മാർമലശ്ശാസ്താവ്' എന്നും പറഞ്ഞുതുടങ്ങി. കാലക്രമേണ ആ പേരുകൾ ലോപിച്ച് ഓതർമല' എന്നും ഓതർമലശ്ശാസ്താവ്'' എന്നുമായിത്തീർന്നു.

അങ്ങിനെ വളരെക്കാലം കഴിഞ്ഞതിന്റെ ശേഷമാണ് ആ ഗ്രാമത്തിൽ ശ്രീവല്ലഭ(വിഷ്ണു)പ്രതിഷ്ഠയും ക്ഷേത്രവും വേദോല്പത്തനമഠങ്ങളുമുണ്ടായിത്തീർന്നത്. അവ ഉണ്ടായി കുറച്ചുകാലം കഴിഞ്ഞപ്പോൾ അവിടെ പ്രാധാന്യം ആ വിഷ്ണുക്ഷേത്രത്തിനായിത്തീർന്നു. പിന്നെ ഓതർമലശ്ശാസ്താവിനെ ആരും ആദരിക്കാതേയും വന്ദിക്കാതേയും ഓർക്കാതേയുമായി. അങ്ങിനെ ഏതാനും കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ നനഞ്ഞൊലിച്ചും ഇടിഞ്ഞുപൊളിഞ്ഞും ആ ക്ഷേത്രം നിശ്ശേഷം നശിക്കുകയും ആ ശാസ്താവിന്റെ ദിവ്യവിഗ്രഹം മാത്രമവിടെ ശേഷിക്കുകയും ചെയ്തു.

അങ്ങിനെയിരുന്നപ്പോൾ ഒരാണ്ടിൽ അതിവർഷം നിമിത്തം ഓതർമല പൊട്ടി അവിടെനിന്ന് ഏറെറവും ഉയർക്കോട്ടുക്രുടി പടിഞ്ഞാട്ട ജലം പ്രവഹിച്ചുതുടങ്ങി. ആ ജലപ്രവാഹത്തിന്റെ ശക്തി നിമിത്തം ശാസ്താവിന്റെ പ്രതിഷ്ഠയിളകി ആ ബിംബവും വെള്ളത്തോടുക്രുടിയൊഴുകി, ഇപ്പോൾ തകഴിയിൽ ക്ഷേത്രമിരിക്കുന്ന സ്ഥലത്തിനു സമീപത്തുള്ള പുഞ്ചപ്പാടത്തെത്തി, അവിടെ കഴിയിൽ (ചേറിൽ) പുതഞ്ഞു കിടപ്പായി.

അനന്തരം ഏതാനും കൊല്ലങ്ങൾ കഴിഞ്ഞതിന്റെ ശേഷം ഒരിക്കൽ സാക്ഷാൽ വിലപമംഗലത്തു സ്വാമിയാർ വടക്കുനിന്നു വഞ്ചിയിൽക്കയറി തെക്കൻദിക്കിലേയ്ക്ക് ഒരു യാത്രയുണ്ടായി. ആ യാത്രയിൽ വഞ്ചി ആ ബിംബം കിടന്നിരുന്ന സ്ഥലത്തുനിന്നു സ്വല്പം പടിഞ്ഞാറെത്തിയപ്പോൾ സ്വാമിയാർ കിഴക്കുഭാഗത്തായി ഒരു ദിവ്യതേജസ്സു കണ്ടു. ആ തേജസ്സു ദിവ്യനായിരുന്ന സ്വാമിയാക്കല്ലാതെ മറ്റാർക്കും ദൃശ്യമായിരുന്നില്ല. സ്വാമിയാർ ആ തേജസ്സു കണ്ടയുടനെ വഞ്ചിക്കാരോടു വഞ്ചി കിഴക്കേക്കരയിലടുപ്പിക്കുവാൻ പറയുകയും അവരടുപ്പിക്കുകയും ഉടനെ സ്വാമിയാരും കൂടെയുണ്ടായിരുന്നവരും കരയ്ക്കിറങ്ങുകയും സ്വാമിയാരുടെ ഭൃത്യന്മാർ ഇരട്ടശ്ശംഖു മുഴക്കുകയും ചെയ്തു. ആ ശംഖനാദം കേട്ടിട്ട് അതിന്റെ കാരണമറിയുന്നതിനായി സമീപസ്ഥന്മാരായ

Digitised By Kerala Sahitya Akademi

ദേശക്കാരെല്ലാവരും തൽക്ഷണം അവിടെയെത്തി. അപ്പോഠം ശംഖനാദം മുഴങ്ങിയതിന്റെ കാരണം മനസ്സിലാവുകയും അവരെല്ലാവരും സ്വാമിയാരെക്കണ്ടു വന്ദിക്കുകയും ചെയ്തു. അപ്പോഴ്ം ആ വയലിന്റെ ഒരു ഭാഗത്തു സ്വാമിയാക്കു മാത്രം ദൃശ്യവും അന്യന്മാക്ക് അദൃശ്യവുമായ ആ ദിവ്യതേജസ്സു ജ്വലിക്കുന്നുണ്ടായിരുന്നു. സ്വാമിയാർ ആ വയലിലിറങ്ങി ആ സ്ഥലം തൊട്ടുകാണിച്ചുകൊണ്ടു് അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന ബ്രാഹ്മണരോടു് ആ സ്ഥലത്തെ പൊതകഴി (ചവിട്ടിയാൽ കാൽ പൊതയുന്ന ചേറു) മാറാൻ പറഞ്ഞു. അവർ ആ ചെളി കുറച്ചു മാറിയപ്പോഠം അവിടെ ആ ദിവ്യമായ ശാസ്തൃവിഗ്രഹം കാണപ്പെട്ടു. സ്വാമിയാരുടെ നിർദ്ദേശപ്രകാരം ആ ബ്രാഹ്മണർതന്നെ ആ ബിംബമെടുത്തു കരയ്ക്കു കൊണ്ടുവരികയും ശുദ്ധജലമൊഴിച്ചു കഴുകി ചെളിയെല്ലാം കളഞ്ഞു വെടിപ്പുവരുത്തുകയും ചെയ്തു. അപ്പോഠം ആ ബിംബം കണ്ടിട്ടു ദേശക്കാരിൽ ചിലർ "ഇതു ജലപ്രവാഹത്തിലകപ്പെട്ടു് ഒഴുകിപ്പോന്ന ഓതർമലശ്ശാസ്താവിന്റെ വിഗ്രഹമായിരിക്കും" എന്നു പറഞ്ഞു. അതു കേട്ടിട്ടു സ്വാമിയാർ "അതല്ല, ആ ബിംബം ഒഴുകിപ്പോയിട്ടു വളരെക്കാലമായല്ലൊ. അതിനു് ഉടമസ്ഥന്മാരായിട്ടു വല്ലവരുമുണ്ടായിരുന്നുവെങ്കിൽ അവർ അതിനെക്കുറിച്ചു് അന്വേഷിക്കുമായിരുന്നു. ഇതുവരെ അതുണ്ടായിട്ടില്ലാത്ത സ്ഥിതിക്കു് ഇനി അതു പറയാനില്ല. ഇതു് ഈ 'പൊതകഴിയിൽ ശാസ്താ'വിന്റെ വിഗ്രഹമാണു്. ഇതിന്റെ ഉടമസ്ഥാവകാശം ഈ ദേശക്കാക്കല്ലാതെ മറ്റാക്കുമില്ല" എന്നു പറയുകയും ആ ബിംബമെടുത്തു് അവിടെ ഒരു സ്ഥലത്തു പ്രതിഷ്ഠിക്കുകയും ചെയ്തിട്ടു് അപ്പോഠംതന്നെ അവിടെനിന്നു യാത്രയാവുകയും ചെയ്തു. സ്വാമിയാർ പോകാനായി വഞ്ചിയിൽക്കയറിയ സമയത്തും ദേശക്കാർ ആ കടവിൽച്ചെന്നു സ്വാമിയാരെ വന്ദിച്ചു. അപ്പോഠം സ്വാമിയാർ ആ ദേശക്കാരോടു്, "ഈ ശാസ്താവിനു് ഇവിടെ ക്ഷേത്രം പണിയിച്ചു കലശം മുതലായവ നടത്തിക്കുകയും ഈ സ്വാമിയെ വേണ്ടതുപോലെ ആചരിക്കുകയും ആദരിക്കുകയും ഭക്തിപൂർവ്വം സേവിക്കുകയും ചെയ്താൽ ഈ ദേശത്തിനും ദേശക്കാക്കും ഉപയ്യുപരി ശ്രേയസ്സു വർദ്ധിച്ചുകൊണ്ടിരിക്കും" എന്നുകൂടി പറഞ്ഞിട്ടാണു് അവിടെനിന്നു പോയതു്.

Digitised By Kerala Sahitya Akademi

സ്വാമിയാർ പോയതിന്റെ ശേഷം ദേശക്കാരെല്ലാവരുംകൂടി ഈ സംഗതികളെല്ലാം അക്കാലത്തു് അവിടെ ദേശാധിപതിയായിരുന്ന ചെമ്പകശ്ശേരിരാജാവിന്റെ അടുക്കൽ അറിയിക്കുകയും ആ രാജാവിന്റെ ആജ്ഞയാട്ടം ആറാക്കുല്യത്തോടും കൂടി അവർ ശാസ്താവിനു ക്ഷേത്രം പണിയിക്കുകയും കലശം മുതലായവ നടത്തിക്കുകയും പൂജ മുതലായവ ശരിയായി നടക്കുന്നതിനു വേണ്ടുന്ന ഏർപ്പാടുകളെല്ലാം ചെയ്യുകയും ദേവസ്വകാര്യങ്ങളെല്ലാം അന്വേഷിച്ചു നടത്തുന്നതിനു് ഒരു കാര്യസ്ഥനെ നിയമിക്കുകയും ചെയ്തു. ഇതെല്ലാമൊക്കെ കഴിഞ്ഞപ്പോൾ ആ ശാസ്താവിനെ എല്ലാവരും സ്വാമിയാർ ആട്ടം പറഞ്ഞതുപോലെ 'പൊതകഴിയിൽ ശാസ്താവു്' എന്നു പറഞ്ഞുതുടങ്ങി. കാലക്രമേണ അതിന്റെ ആദ്യത്തെ അക്ഷരമായ 'പൊ' ലോപിച്ചു് അതു 'തകഴിയിൽ ശാസ്താവു്' എന്നായി. പിന്നെ അതുതന്നെ സ്ഥിരപ്പെടുകയും പ്രസിദ്ധമായിത്തീരുകയും ചെയ്തു.

അനന്തരം ഏതാണ്ടം കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂർ മഹാരാജാവു പിടിച്ചടക്കുകയാൽ ചെമ്പകശ്ശേരിരാജാവു നാടുവിട്ടുപോകേണ്ടതായിവന്നു. അപ്പോൾ ആ ദേശക്കാർ പൂർണവും വിഹ്വലന്മാരായിത്തീർന്നുവെന്നുള്ളതു പറയേണമെന്നില്ലല്ലൊ. തിരുവിതാംകൂറിൽനിന്നുള്ള ഭരണം അവിടെ മുറയ്ക്കു നടപ്പായതുവരെ ആ ദേശക്കാർ കേവലം അനാഥാവസ്ഥിതിയിലാണു കഴിഞ്ഞുകൂടിയതു്. അതിനാൽ ശാസ്താവിന്റെ ക്ഷേത്രകാര്യങ്ങളിൽ അവരാരും ശ്രദ്ധിക്കാതെയായി. ക്ഷേത്രം വേണ്ടുന്ന കാലത്തു കെട്ടിമേച്ചിൽ കഴിക്കായ്കയാൽ നനഞ്ഞൊലിച്ചും ഭിത്തികൾ ഇടിഞ്ഞു നിരന്നും മേൽക്കൂടെല്ലാം ജീർണ്ണിച്ചും വലിയ കഷ്ടസ്ഥിതിയിലായിത്തീർന്നു.

അക്കാലത്തു് ആ ദേശക്കാരൻതന്നെയായിരുന്ന ഒരു നായക്കു് ആ സ്വാമിയെക്കുറിച്ചു് അളവറ്റ ഭക്തിയും വിശ്വാസവുമുണ്ടായിരുന്നതിനാൽ ആ മനുഷ്യൻ ആ സ്വാമിയെ ഭജിച്ചുകൊണ്ടു് ആ ക്ഷേത്രസന്നിധിയിൽത്തന്നെ താമസിച്ചിരുന്നു. അദ്ദേഹം അവിടെ ഭജനം തുടങ്ങുന്നതിനു മുമ്പു് ആ ദേശത്തുള്ള ബാലികാബാലന്മാരെ അക്ഷരാഭ്യാസം ചെയ്യിച്ചുകൊണ്ടാണു സ്വഗൃഹത്തിൽ താമസിച്ചിരുന്നതു്. അതിനാ

Digitised By Kerala Sahitya Akademi

ലദ്ദേഹത്തെ എല്ലാവരും പറഞ്ഞിരുന്നതു് ആശാൻ എന്നായിരുന്നു. ആശാനു് ആ ക്ഷേത്രം ഇടിഞ്ഞുപൊളിഞ്ഞു് അനാഥസ്ഥിതിയിലായിപ്പോയതിനെക്കുറിച്ചു വളരെ സങ്കടവും അതു വല്ലപ്രകാരവും ജീർണ്ണോദ്ധാരണം ചെയ്യിച്ചാൽക്കൊള്ളാമെന്നു് അത്യധികമായ ആഗ്രഹവുമുണ്ടായി. എങ്കിലും അദ്ദേഹം കേവലം നിർദ്ധനനായിരുന്നതിനാൽ ആ ആഗ്രഹം സാധിക്കുന്നതിനു യാതൊരു മാർഗ്ഗവുമുണ്ടായിരുന്നില്ല. അതിനാലദ്ദേഹം വളരെ സങ്കടപ്പെട്ടുകൊണ്ടും ഈ കാര്യം സാധിക്കുന്നതിനു് എന്തെങ്കിലും മാർഗ്ഗമുണ്ടാക്കിക്കൊടുക്കണമെന്നു സദാ അയ്യപ്പസ്വാമിയുടെ സന്നിധിയിൽ പ്രാർത്ഥിച്ചുകൊണ്ടും ദിവസങ്ങൾ കഴിച്ചുകൂട്ടിക്കൊണ്ടിരുന്നു

അങ്ങിനെയിരുന്നപ്പോൾ ഒരു ദിവസം രാത്രിയിൽ ആശാൻ കിടന്നുറങ്ങിയ സമയം അദ്ദേഹത്തിനു് ഒരു സ്വപ്നമുണ്ടായി. അതു് എങ്ങിനെയെന്നാൽ, അദ്ദേഹത്തിന്റെ തലയ്ക്കൽ ചെന്നിരുന്നുകൊണ്ടു് ഒരാൾ—ഇതിനെക്കുറിച്ചു് ആശാൻ ഒട്ടും വ്യസനിക്കേണ്ട: ഞാൻ പറയുന്നതുപോലെ ചെയ്താൽ ഈ കാര്യം നിഷ്പ്രയാസം സാധിക്കാൻ മാർഗ്ഗമുണ്ടാകും. തിരുവല്ലായിൽനിന്നു കിഴക്കു് ഓതർമല എന്നു പേരായിട്ടു് ഒരു വലിയ കുന്നുണ്ടു്. അവിടെച്ചെന്നു നോക്കിയാൽ എൺപത്തിനാലു വിധം പച്ചമരുന്നുകൾ കാണും. അവയുടെ വേരും ഇലയും കൂടെക്കൂടെ പറിച്ചെടുത്തു കൊണ്ടുവരണം. പിന്നെ കുരുമ്പും കഞ്ഞാവുമുൾപ്പടെ അറുപത്തിനാലു ക്ലൂട്ടം അങ്ങാടിമരുന്നുകളും കൂടെക്കൂടെ വാങ്ങണം; അവയെല്ലാം യഥോചിതം ചേർത്തു കുറച്ചു് വ്യണ്ണ കാച്ചണം. അതു് ആവണക്കെണ്ണ, വേപ്പെണ്ണ, ഓടയെണ്ണ, മരോട്ടിയെണ്ണ, പുന്നക്കായെണ്ണ, പൂവത്തെണ്ണ മുതലായ സകലയെണ്ണകളും ചേർത്തു വേണം കാച്ചുവാൻ. എന്നാൽ എള്ളിൽനിന്നെടുക്കുന്ന എണ്ണ അതിൽ ചേർക്കുകയുമരുതു്. അങ്ങിനെ എണ്ണ കാച്ചി രോഗികൾക്കു കൊടുത്തു സേവിപ്പിച്ചാൽ സകല രോഗങ്ങളും ഭേദമാകും. വിശേഷിച്ചു വാതസംബന്ധങ്ങളായ രോഗങ്ങൾക്കു് ഈ എണ്ണ ഏറ്റവും ഫലപ്രദമായിരിക്കും. ഈ എണ്ണയ്ക്കു സ്വല്പമായ ഒരു വില ദേവസ്വത്തിലേയ്ക്കു വാങ്ങിക്കൊള്ളണം. അങ്ങിനെ കുറച്ചുദിവസം കഴിയുമ്പോൾ ഈ എണ്ണയുടെ കായ്യം ലോകപ്രസിദ്ധമായിത്തീരും. അപ്പോൾ പല സ്ഥല

Digitised By Kerala Sahitya Akademi

ങ്ങളിൽ നിന്നും സംഖ്യകുറയാതെ രോഗികൾ ഈ എണ്ണ സേവിക്കാനായി ഇവിടെ വന്നുതുടങ്ങുകയും അവരിൽനിന്ന് എണ്ണയുടെ വിലയായിട്ടും മറ്റും കിട്ടുന്ന സംഖ്യകൊണ്ടു ദേവസ്വത്തിൽ ധനാഭിവൃദ്ധി വർദ്ധിക്കുകയും ചെയ്യും. അപ്പോൾ ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണം നടത്തിക്കാൻ പ്രയാസമില്ലാതെയാകുമല്ലോ. അതു കഴിഞ്ഞാൽ പിന്നെയും ഈ എണ്ണ നിമിത്തം ഈ ദേവസ്വത്തിൽ ധനം വർദ്ധിച്ചു കൊണ്ടുതന്നെയിരിക്കും. തൽക്കാലം അങ്ങാടിമരുന്നുകളും എണ്ണകളും വാങ്ങാൻ ആവശ്യമുള്ള പണം ഇതാ ഇവിടെയിരിക്കുന്നു —എന്നു പറഞ്ഞതായിട്ടായിരുന്നു സ്വപ്നം.

ആശാൻ ഉടനെ ഉണർന്നു കണ്ണുതുറന്നു നോക്കിയപ്പോൾ അവിടെയെങ്ങും ആരേയും കണ്ടില്ല. എങ്കിലും തലയ്ക്കൽ കുറച്ചു പണം ഇരിക്കുന്നുണ്ടായിരുന്നു. അതിനാലാശാൻ, ഇങ്ങിനെ തന്റെ അടുക്കൽ വന്നു പറയുകയും ഈ പണം തരികയും ചെയ്തതു ഭക്തവത്സലനും കരുണാനിധിയുമായ തകഴിയിൽ ശാസ്താവുതന്നെയാണെന്നു വിശ്വസിച്ചുകൊണ്ട് ആ പണം കൈയിലെടുക്കുകയും അടുത്ത ദിവസംതന്നെ ഓതർമലയിലെത്തി എൺപത്തിനാലു പച്ചമരുന്നുകളും പറിച്ചുകൊണ്ടുവരികയും അങ്ങാടിമരുന്നുകളും എണ്ണകളുമെല്ലാം ശേഖരിച്ചു സ്വപ്നത്തിലുണ്ടായ സ്വാമിനിയോഗംപോലെ അഞ്ചാറുദിവസംകൊണ്ട് ആ എണ്ണ കാച്ചിയരിച്ചു വെക്കുകയും ചെയ്തു.

അക്കാലത്ത് ആ ദേശത്തുതന്നെ പല വൈദ്യന്മാർ അനേകവിധം ചികിത്സകളെല്ലാം ചെയ്തുനോക്കീട്ടും ഫലപ്പെടായ്കയാൽ ഒടുക്കം അസാധ്യമെന്നു തീർച്ചപ്പെടുത്തി ഉപേക്ഷിക്കപ്പെട്ടവരായ അനേകം രോഗികളുണ്ടായിരുന്നു. ആശാൻ അവരെയെല്ലാം ആ ക്ഷേത്രസന്നിധിയിൽ വരുത്തി ഭജനമായി താമസിപ്പിക്കുകയും ഒഴക്കെണ്ണയ്ക്ക്, ഒരു പണം (നാലു ചക്രം) വീതം നടയ്ക്കു വെയ്പിച്ചുകൊണ്ട് എണ്ണ കൊടുത്തു സേവിപ്പിക്കുകയും എണ്ണ സേവിച്ചവരെല്ലാവരും സ്വസ്ഥതയെ പ്രാപിക്കുകയും ചെയ്തു. ചിലക്ക് ഒരു ദിവസം എണ്ണ സേവിച്ചപ്പോൾതന്നെ നല്ല സുഖമായി. മറ്റു ചിലക്ക് മൂന്നു ദിവസം എണ്ണ സേവിക്കേണ്ടതായി വന്നു. പുരുക്ഷം

Digitised By Kerala Sahitya Akademi

ചിലക്കു പന്ത്രണ്ടു ദിവസം എണ്ണ സേവിച്ചിട്ടാണു പൂർണ്ണ സുഖം സിദ്ധിച്ചതു്. എങ്കിലും ആ എണ്ണ സേവിച്ചിട്ടു് ആക്കും സുഖം സിദ്ധിക്കാതെയിരുന്നില്ല.

ഇതുയും കഴിഞ്ഞപ്പോഴയ്ക്കും ഈ വർത്തമാനം കേട്ടു കേൾപ്പിച്ച ലോകപ്രസിദ്ധമായിത്തീർന്നു. അപ്പോൾ പല സ്ഥലങ്ങളിൽനിന്നുമായി സംഖ്യയില്ലാതെ രോഗികൾ ഈ എണ്ണ സേവിക്കാനായി ഇവിടെ വന്നുതുടങ്ങി. വരുന്നവർക്കൊക്കെ കൊടുക്കുന്നതിനു മുടക്കം കൂടാതെ ആശാൻ എണ്ണ കാച്ചിയരിച്ചു ദേവസ്വത്തിൽ ഏല്പിച്ചു കൊടുത്തുകൊണ്ടുമിരുന്നു. അങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോഴയ്ക്കും എണ്ണയുടെ വിലയായിട്ടും രോഗികൾ ഭക്തിപൂർവ്വം വിശേഷാൽ നടയ്ക്കുവെയ്ക്കുന്നതായിട്ടും ദേവസ്വത്തിൽ അപരിമിതമായിട്ടു ധനം വർദ്ധിച്ചു. അപ്പോൾ ആശാൻതന്നെ ചുമതലപ്പെട്ട ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണവും കലശവും മറ്റും വളരെ ഭംഗിയായിട്ടും കേമമായിട്ടും നടത്തിച്ചു. പിന്നെയും രോഗികളുടെ വരവും ദേവസ്വത്തിലെ ധനവും പൂർവ്വാധികം വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നതിനാൽ ആശാൻ ക്ഷേത്രത്തിലെ നിത്യനിദാനം, മാസവിശേഷം, ആണ്ടുവിശേഷം മുതലായവയെല്ലാം പരിഷ്കരിച്ചു ഭംഗിയാക്കി.

അങ്ങിനെ ഏതാനും സംവത്സരങ്ങൾകൂടി കഴിഞ്ഞപ്പോൾ പ്രായാധിക്യം നിമിത്തം ആശാൻ ഏറ്റവും ക്ഷീണിക്കുകയും മരുന്നുകളും മറ്റും ശേഖരിച്ചു് എണ്ണ കാച്ചി ദേവസ്വത്തിലേല്പിക്കാൻ അശക്തനായിത്തീരുകയും ചെയ്തു. അപ്പോൾ അദ്ദേഹം എണ്ണയ്ക്കു വേണ്ടുന്ന മരുന്നുകളുടേയും എണ്ണകളുടേയും കണക്കിനും കാച്ചിയരിക്കാനുള്ള ക്രമത്തിനും മറ്റും വിവരമായി ഒരു ചീട്ടെഴുതി ദേവസ്വത്തിലേല്പിച്ചു. പിന്നെ അധികം താമസിയാതെ അദ്ദേഹം കാലധർമ്മത്തെ പ്രാപിക്കുകയും ചെയ്തു.

ഭക്തശിരോമണിയും സൽഗുണവാരിധിയുമായിരുന്ന ആശാന്റെ ദേഹവിയോഗം നിമിത്തം ആ ദേവസ്വക്കാർക്കും ദേശക്കാർക്കുമുണ്ടായ സങ്കടം അപരിമിതംതന്നെയായിരുന്നു. അതിനാലവരെല്ലാവരും കൂടിയാലോചിച്ചു് ആശാന്റെ രൂപം എന്നും കാണുന്നതിനും അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ

Digitised By Kerala Sahitya Akademi

എന്നും ജനങ്ങളുടെ ഹൃദയത്തിൽ നിലനില്ക്കുന്നതിനുമായി ആശാന്റെ ഒരു വിഗ്രഹമുണ്ടാക്കിച്ചു ക്ഷേത്രസന്നിധിയിൽ തന്നെ പ്രതിഷ്ഠിപ്പിച്ചു. ആ വിഗ്രഹം ഇപ്പോഴും അവിടെ തന്നെ ഇരിക്കുന്നുണ്ട്.

ആശാന്റെ കാലാനന്തരം അദ്ദേഹത്തിന്റെ ചാത്തനു സരിച്ചു ദേവസ്വക്കാർതന്നെ മരുന്നുകളും മറ്റും ശേഖരിച്ചു യഥാപൂർവ്വം എണ്ണ കാച്ചിയരിച്ചുവെച്ചുതുടങ്ങി. അപ്പോഴും അയ്യപ്പസ്വാമിയുടെ സാന്നിധ്യം അവിടെ നിലനിന്നിരുന്നതിനാൽ രോഗികളുടെ വരവിനു് ഒരു കുറവുമുണ്ടായില്ല. മുമ്പിലത്തെപ്പോലെതന്നെ പ്രതിദിനം അസംഖ്യം രോഗികൾ വരികയും എണ്ണ സേവിക്കുകയും എല്ലാവരും സ്വസ്ഥതയെ പ്രാപിക്കുകയും ചെയ്തുകൊണ്ടിരുന്നു. അപ്പോൾ ദേവസ്വക്കാർ എണ്ണയുടെ വില ഒഴക്കിനു് ഒരു പണമായിരുന്നതു് അര രൂപയാക്കി. എന്നിട്ടും രോഗികളുടെ വരവിനു് അവിടെ ഒരു കുറവുമുണ്ടായില്ല. ഇപ്പോഴും അവിടെ അതിനൊന്നിനും യാതൊരു വ്യത്യാസവും വന്നിട്ടില്ല. എല്ലാം യഥാപൂർവ്വം നടന്നുകൊണ്ടുതന്നെയിരിക്കുന്നു.

ആശാന്റെ കാലം കഴിഞ്ഞതിന്റെ ശേഷം പച്ചമരുന്നുകൾ വരുത്തുകയും എണ്ണകാച്ചിയരിച്ചുവെയ്ക്കുകയും ചെയ്യുന്നതു ദേവസ്വക്കാർതന്നെയാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. മരുന്നുകൾ പറിച്ചുകൊണ്ടുവരുവാൻ ദേവസ്വക്കാർ അയയ്ക്കുന്നതു ദേവസ്വത്തിലെ ജോലിയാരായിട്ടുള്ള പുലയരെത്തന്നെയാണു്. മലയിൽച്ചെന്നു മരുന്നുകളെല്ലാം പറിച്ചു ശേഖരിച്ചുകൊണ്ടുവരുന്നതിനു് അവർക്കു നാലഞ്ചു ദിവസം വേണ്ടിവരും. അതിനാൽ അവർക്കു് അതുമുതൽ ദിവസത്തെ ഭക്ഷണത്തിനു വേണ്ടുന്ന അരിയും കോപ്പുകളുംക്രൂടി കൊടുത്താണു് അവരെപ്പറഞ്ഞയയ്ക്കുക പതിവു്

പുലയർ പറിച്ചുകൊണ്ടുവരുന്ന മരുന്നുകളിൽ വേണ്ടുന്നവയും വേണ്ടാത്തവയുമുണ്ടായിരിക്കും. അവ തിരിഞ്ഞെടുക്കുന്നതിനു് ആ പുലയക്കെന്നല്ല, ദേവസ്വക്കാക്കും അറിഞ്ഞുകൂടാ. അതിനാൽ ദേവസ്വക്കാർ ആ മരുന്നുകളെല്ലാം കെട്ടിനേരം വൈകുന്നേരം മണ്ഡപത്തിൽ വെച്ചേയ്ക്കും. പിറേറദിവസം നേരം വെളുക്കുമ്പോൾ അവയിൽച്ചിലതെല്ലാം താഴെ

Digitised By Kerala Sahitya Akademi

പിണ്ണാകിടക്കുകയും ശേഷമെല്ലാം മണ്ഡപത്തിൽത്തന്നെ ഇരിക്കുകയും ചെയ്യും. താഴെ വീണുകിടക്കുന്നവ കൊള്ളരുതാത്തവയെന്നു തീർച്ചയാക്കിക്കളയുകയും മണ്ഡപത്തിലിരിക്കുന്നവ ചേർത്തു് എണ്ണ കാച്ചുകയുമാണു പതിവു്.

എണ്ണയ്ക്കു് അവിടെ അത്രും പാകം നോക്കാറില്ല. എണ്ണ അരിക്കാനുള്ള ദിവസം ഉച്ചപൂജ കഴിഞ്ഞു നടയടച്ചാൽ എണ്ണയെടുത്തു് അടുപ്പത്തു വെച്ചു തീ കത്തിച്ചു് ഇളക്കിക്കൊണ്ടിരിക്കും. കുറച്ചുനേരം കഴിയുമ്പോൾ ക്ഷേത്രത്തിനകത്തുനിന്നു് ഒരു മണിനാദം കേൾക്കപ്പെടും. ഉടനെ എണ്ണ വാങ്ങി അരിക്കുകയും ചെയ്യും. അതാണു് അവിടത്തെ പാകം. അല്ലാതെ അരക്കും മണലുമൊന്നുമല്ല.

എണ്ണ അരിക്കുന്ന ദിവസങ്ങളിൽ അവിടെ ഉച്ചപൂജയ്ക്കു ദേവനു വിശേഷാൽ ഒരു ശർക്കരപ്പായസനിവേദ്യം പതിവുണ്ടു്. അതിനു് 'എണ്ണപ്പായസം' എന്നാണു പേരു പറഞ്ഞുവരുന്നതു്. ആ പായസം ഉണ്ടുനോക്കിയാൽ അതിനു് അവിടെ അരിക്കുന്ന എണ്ണയുടെ സ്വാദു നല്ലപോലെ ഉണ്ടായിരിക്കും. എങ്കിലും അതു ജനങ്ങൾ ഭക്തിയോടുകൂടി ഭക്ഷിക്കുകയല്ലാതെ കളയാറില്ല.

തകഴിയിൽ ശാസ്താവിനു് അടനിവേദ്യം വളരെ പ്രധാനമാണു്. അവിടെ ഇപ്പോഴും ദിവസംതോറും പതിവായി അടനിവേദ്യമുണ്ടു്. അതിനു് അഞ്ചു ചക്രമേ ചെലവുള്ളൂ. നിവേദ്യം കഴിഞ്ഞ ആ അട വിറ്റാലും അഞ്ചു ചക്രം കിട്ടും. ഈ വഴിപാടു് ഒരു പട്ടരുടെ വകയായിട്ടാണു നടന്നുപോരുന്നതു്.

പണ്ടൊരിക്കൽ ഒരു പട്ടർ കച്ചവടത്തിനായി പാണ്ടിയിൽനിന്നു കേരളത്തിലെത്തി പല സ്ഥലങ്ങളിൽ സഞ്ചരിച്ചതിന്റെ ശേഷം ഒടുവിൽ തകഴിയിൽ വന്നുചേർന്നു. അദ്ദേഹത്തിനു മറ്റുള്ള സ്ഥലങ്ങളേക്കാളധികം ബോധിച്ചതു തകഴിയാണു്. അതിനാൽ കച്ചവടം ചെയ്തുകൊണ്ടു് അദ്ദേഹം അവിടെ സ്ഥിരമായിത്താമസിച്ചു. അവിടെക്കച്ചവടത്തിൽ അദ്ദേഹത്തിനു ധാരാളം ലാഭം കിട്ടിക്കൊണ്ടിരുന്നു. അദ്ദേഹം ശാസ്താവിനെ ഭക്തിപൂർവ്വം സേവിച്ചുകൊണ്ടുമാണു് അവിടെത്താമസിച്ചിരുന്നതു്. ആ സ്വാമിയുടെ കൃപകൊണ്ടാണു തനിക്കു് അസാമാന്യമായ ലാഭം കിട്ടുന്നതെന്നാ

Digitised By Kerala Sahitya Akademi

യിരുന്ന അദ്ദേഹത്തിന്റെ വിശ്വാസം. അതുകൊണ്ടാണ് അദ്ദേഹം ഈ അടവഴിപാട് പതിവായി നടത്തിക്കൊണ്ടിരുന്നത്. അങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോഴെയ്ക്കും അദ്ദേഹം വലിയ ധനവാനായിത്തീരുകയും ആ ദേശത്തുതന്നെ നിലങ്ങളായിട്ടും പുരയിടങ്ങളായിട്ടും വളരെ വസ്തുക്കൾ സമ്പാദിക്കുകയും ചെയ്തു.

അനന്തരം ഏതാനും കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു സ്വദേശമായ പാണ്ടിയിൽത്തന്നെ ചെന്നു താമസിക്കേണ്ടതായ ചില അത്യാവശ്യങ്ങൾ നേരിട്ടു. അതിനാലദ്ദേഹം വസ്തുക്കളെല്ലാം വിശ്വസ്തന്മാരായ ചിലരെ പാട്ടത്തിനേല്പിക്കുകയും പാട്ടം പണമായിട്ടു പാണ്ടിയിലയച്ചുകൊടുക്കാൻ ചട്ടംകെട്ടുകയും അടവഴിപാടു മുടക്കം കൂടാതെ നടത്തുന്നതിനു് ഒരു സ്നേഹിതനെപ്പറഞ്ഞേല്പിക്കുകയും ചെയ്തിട്ടു പാണ്ടിയിലേയ്ക്കു പോയി. അടവഴിപാടു നടത്തുന്നതിനു് അടവിറകുകിട്ടുന്ന ചക്രംകൊണ്ടു മതിയാകുമായിരുന്നതിനാൽ ആ വകയ്ക്കു് അദ്ദേഹം വിശേഷിച്ചൊന്നും കൊടുക്കാതെയാണു പോയതു്.

പട്ടർ പാണ്ടിയിലേയ്ക്കു പോയിട്ടു കുറച്ചുദിവസം കഴിഞ്ഞപ്പോൾ അടവിലയ്ക്കു വാങ്ങാൻ ആരും വരാതെയായി. ചക്രം കിട്ടാതെയായപ്പോൾ വഴിപാടു നടത്താൻ ചുമതലപ്പെട്ടത്തപ്പെട്ടിരുന്നയാൾ അതു മുട്ടിച്ചു. വഴിപാടു മുട്ടിയപ്പോൾ പാണ്ടിയിൽ പട്ടരുടെ ഗൃഹത്തിൽ പലവിധ ആപത്തുകളും അനർത്ഥങ്ങളും കണ്ടുതുടങ്ങി. അപ്പോൾ ആ ബ്രാഹ്മണൻ അതിനു പലവിധത്തിലുള്ള പ്രതിവിധികളും നടത്തുകയും നടത്തിക്കുകയും ചെയ്തു. അതൊന്നുകൊണ്ടും ഒരു ഫലവുമുണ്ടായില്ല. അതിനാൽ ആ പട്ടർ ഇതിന്റെ കാരണമറിയുന്നതിനായി ഒരു പ്രശ്നക്കാരനെ വരുത്തി പ്രശ്നം ചെയ്യിച്ചു നോക്കിച്ചു. അപ്പോൾ ആ പ്രശ്നക്കാരൻ ഈ ആപത്തിന്റെ കാരണം ഒരു ശാസ്താവിന്റെ കോപമാണെന്നു വിധിച്ചു. ആ ശാസ്താവു തകഴിയിൽശ്ശാസ്താവുതന്നെയാണെന്നു പട്ടർക്കു ഭ്രമോദയമുണ്ടാവുകയാൽ അദ്ദേഹം ഉടനെ അവിടെനിന്നു പുറപ്പെട്ടു തകഴിയിലെത്തി അന്വേഷിച്ചപ്പോൾ മുടങ്ങാതെ എന്നും നടക്കണമെന്നു നിശ്ചയിച്ചിരുന്ന അടവഴിപാടു കുറച്ചുദിവസമായി മുട്ടിയിരിക്കുകയാണെന്നു മനസ്സിലാവുകയാൽ

Digitised By Kerala Sahitya Akademi

തന്റെവക നിലങ്ങളിൽ അപ്പോഠം നെല്ല വിളഞ്ഞുകിടന്നിരുന്ന പന്ത്രണ്ടുപറക്കണ്ടം ഈ അടവഴിപാട്ടു മുട്ടാതെ എന്നും നടത്തേണ്ടതിലേയ്ക്കായി ദേവസ്വത്തിലേയ്ക്കു തീറായി എഴുതിക്കൊടുക്കുകയും വഴിപാടു മുട്ടിച്ചതിനു ചില പ്രായശ്ചിത്തങ്ങഠം നടത്തുകയും ചെയ്തതിന്റെ ശേഷം അദ്ദേഹം പാണ്ടിയിലേയ്ക്കുതന്നെ മടങ്ങിപ്പോവുകയും ചെയ്തു. അദ്ദേഹം സ്വഗൃഹത്തിലെത്തിയപ്പോഴെയ്ക്കും അവിടെ ഉണ്ടായിക്കൊണ്ടിരുന്ന ആപത്തുകളും അനത്ഥങ്ങളുമെല്ലാം ശമിച്ചു യഥാപൂർവ്വം സുഖമായിരുന്നു. അദ്ദേഹം എഴുതിക്കൊടുത്ത പുഞ്ചനിലത്തിൽനിന്നുള്ള ആദായംകൊണ്ടു് ഇപ്പോഴും ദേവസ്വക്കാർ ആ അടവഴിപാടു മുടക്കം കൂടാതെ നടത്തിപ്പോരുന്നുണ്ടു്.

പണ്ടൊരിക്കൽ ജനനം മുതൽക്കുതന്നെ കാൽ നിവിരാതെയിരുന്ന ഒരു പട്ടർ യൌവനമായപ്പോഠം കൈകൊണ്ടു കുട്ടിക്കുത്തി നാലു കാലിന്മേൽ നടന്നു് ഒരുവിധത്തിൽ പാണ്ടിയിൽ നിന്നു് അമ്പലപ്പുഴെ വന്നുചേർന്നു. ആ പാവപ്പെട്ട ബ്രാഹ്മണന്റെ കഷ്ടപ്പാടു കണ്ടിട്ടു് അമ്പലപ്പുഴക്കാരിൽ ചിലർ അദ്ദേഹത്തോടു "തകഴിയിൽച്ചെന്നു കുറച്ചെണ്ണ വാങ്ങിസ്സേവിച്ചാൽ അങ്ങേയ്ക്കു കാൽകുത്തി നടക്കാറാകും" എന്നു പറഞ്ഞു. എങ്കിലും കൈവശം പണമില്ലാതെയിരുന്നതിനാൽ അദ്ദേഹത്തിനു് അതു സാധ്യമല്ലായിരുന്നു.

അങ്ങിനെയിരുന്നപ്പോഠം അവിടെ ക്ഷേത്രത്തിൽ പാൽപ്പായസത്തിനു പതിവായി പാൽ കൊണ്ടുചെന്നു കൊടുക്കുന്ന സ്ത്രീകഠംക്കു ദേവസ്വക്കാർ കണക്കു തീർത്തു പണം കൊടുക്കുന്നതു കണ്ടിട്ടു് അദ്ദേഹം അവരുടെ അടുക്കൽച്ചെന്നു യാചിക്കുകയാൽ ആ സ്ത്രീകഠം അദ്ദേഹത്തിനു യഥാശക്തി കുറേശ്ശെ പണം കൊടുത്തു. അദ്ദേഹം ആ പണവുംകൊണ്ടു തകഴിയിൽച്ചെന്നു മൂന്നു ദിവസം എണ്ണ വാങ്ങിസ്സേവിച്ചു. നാലാം ദിവസമായപ്പോഴെയ്ക്കും അദ്ദേഹത്തിനു കാലുകഠം കുത്തി കുറേശ്ശെ നടക്കാറായി. പിന്നെ അദ്ദേഹം എണ്ണ വാങ്ങീട്ടു ബാക്കിയുണ്ടായിരുന്ന പണം അടവഴിപാടിനായി അവിടെ കൊടുത്തേല്പിച്ചിട്ടു വടി കുത്തി നടന്നു് അമ്പലപ്പുഴെയെത്തി. നാലഞ്ചു ദിവസം കൂടിക്കഴിഞ്ഞപ്പോഠം വടി കൂടാതെതന്നെ അദ്ദേഹത്തിനു സാമാന്യംപോലെ നടക്കാറാവുകയും ചെയ്തു.

Digitised By Kerala Sahitya Akademi

ഒരാണ്ടിൽ ഉത്സവത്തിനു ജനങ്ങളിൽനിന്നു പണം പതിവുപോലെ പിരിഞ്ഞുകിട്ടിയില്ല. അതിനാൽ ദേവസ്വം മാനേജർ ആറാട്ടിന്റെ എഴുന്നള്ളിപ്പിനു തീവട്ടിക്കൊഴിക്കാനുള്ള വെളിച്ചെണ്ണ തൽക്കാലം കടമായിട്ടു കൊടുക്കണമെന്നും ആറാട്ടു കഴിഞ്ഞിട്ടു പണമുണ്ടാക്കിക്കൊടുക്കാമെന്നും ഒരു കച്ചവടക്കാരനോടു പറയുകയും കച്ചവടക്കാരൻ അതു സമ്മതിക്കുകയും ചെയ്തിരുന്നു. എങ്കിലും വെളിച്ചെണ്ണയ്ക്കാവശ്യമായപ്പോഴം റൊക്കം പണം കിട്ടാതെ വെളിച്ചെണ്ണ കൊടുക്കുകയില്ലെന്നു കച്ചവടക്കാരൻ പറയുകയാൽ മാനേജർ വല്ലാതെ വിഷണ്ണനായിത്തീർന്നു. അക്കൊല്ലം ആറാട്ടിന്റെ എഴുന്നള്ളിപ്പു കാണാൻ മേൽജാതിക്കാരായിട്ടും കീഴ്ജാതിക്കാരായിട്ടും പതിവിലധികമാളുകൾ വന്നുകൂടീട്ടുണ്ടായിരുന്നു. എങ്കിലും എന്തുചെയ്യും? ആ രാത്രിയിൽ ആരോടു പണം ചോദിക്കുന്നു? ചോദിച്ചാലും ആരു കൊടുക്കും? അകപ്പാടെ വലിയ കുഴപ്പമായി. ആ സമയത്തു കാഴ്ചയ്ക്കായി വന്നിരുന്നവരിൽ ചില പുരുഷന്മാരും ചില സ്ത്രീകളും തുള്ളിത്തുടങ്ങി. അപ്പോൾ ആ കൂട്ടത്തിൽനിന്ന് ഒരാൾ ശാസ്താവിന്റെ ആളായിട്ട് (വെളിച്ചപ്പാടായിട്ട്) "ഈ തുള്ളുന്നതെല്ലാം എന്റെ ഭ്രതങ്ങൾ ആവേശിച്ചിട്ടാണ്. ഓരോരുത്തരും അൻപതു പണം വീതം ഇവിടെ കാണിക്കിട്ടല്ലാതെ ഈ തുള്ളൽ മാറുകയില്ല" എന്നു കല്പിച്ചു. തുള്ളിക്കൊണ്ടു നിന്നവരുടെ ഉടമസ്ഥന്മാരെല്ലാവരും കല്പനപോലെ പണം കാണിക്കിട്ടി. ഉടനെ എല്ലാവരുടേയും തുള്ളൽ ശമിക്കുകയും ചെയ്തു. കാണിക്കിട്ടിയുണ്ടായ പണത്തിൽനിന്നു വില കൊടുത്തു മാനേജർ വെളിച്ചെണ്ണ വാങ്ങി ആറാട്ടു കെങ്കേമമായി നടത്തി. വെളിച്ചെണ്ണ വാങ്ങിക്കഴിഞ്ഞിട്ടു പിന്നെയും വളരെപ്പണം മിച്ചമുണ്ടായിരുന്നു.

തകഴിയിലമരും ശാസ്താ-
വകമലരതിയായലിഞ്ഞു നമ്മമംക്കും
മികവൊട്ടു സുഖമേകാനാ-
സ്സകലേശ്വരനേ സദാ നമിക്കുന്നേൻ.

——(*)——

Digitised By Kerala Sahitya Akademi

൪. അറയ്ക്കൽ ബീബി

അറയ്ക്കൽ ബീബിയുടെ സ്വദേശം ബ്രിട്ടീഷുമലബാറിലുൾപ്പെട്ട ചിറക്കൽത്താലൂക്കിൽച്ചേർന്ന കണ്ണൂരും കുടുംബം ചിറയ്ക്കൽത്തന്നെയുള്ള കോലത്തിരിരാജവംശത്തിൽനിന്നു പിരിഞ്ഞുപോയ ഒരു ശാഖയുമാണു്. ആ രാജവംശത്തിൽനിന്നു് ഈ ശാഖ പിരിഞ്ഞുപോയതിന്റെ കാരണത്തെക്കുറിച്ചുള്ള ഐതിഹ്യം താഴെപ്പറയുന്നു.

കൊല്ലവർഷം നാലാം ശതാബ്ദംവരെ കോലത്തിരിരാജകുടുംബം കോലത്തുനാട്ടിന്റെ അന്നത്തെ തലസ്ഥാനമായിരുന്ന ഏഴിമലക്കോട്ടയിലായിരുന്നു സ്ഥിരമായിത്താമസിച്ചിരുന്നതു്. തദനന്തരം കുടുംബാംഗങ്ങൾ പല ശാഖകളായി വളരെ വർദ്ധിക്കുകയും കോലത്തിരിരാജാവും ശേഷം പ്രധാനക്കാരായ തമ്പുരാക്കന്മാരും തമ്മിൽ സ്വർദ്ധ മൂഴക്കുകയും ചെയ്യുകയാൽ ഓരോ ശാഖകൾ ഓരോരിക്കലായി മൂലകുടുംബത്തിൽനിന്നു പിരിഞ്ഞു കത്തിമംഗലം, മാരിപ്പുഞ്ഞു, പഴയങ്ങാടി, പെരുങ്കുന്നു, വളപട്ടണം, ചിറയ്ക്കൽ എന്നിങ്ങിനെ പല സ്ഥലങ്ങളിൽ കോവിലകങ്ങളുണ്ടാക്കി താമസമുറപ്പിച്ചു. എന്നാൽ കോലത്തിരിരാജാവു് ഏഴാം ശതാബ്ദംവരെ ഏഴിമലക്കോട്ടയിലെ കോവിലകത്തുതന്നെയാണു താമസിച്ചിരുന്നതു്. ചിറയ്ക്കലുള്ള ആ സ്ഥലം കണ്ണൂരിൽനിന്നു് ഇരുപതു നാഴിക വടക്കാണു്. അവിടെയുള്ള ഏഴിമല എന്ന കുന്നിന്മേൽ ഇപ്പോഴും കോട്ടയുടെ നഷ്ടാവശിഷ്ടങ്ങൾ ചിലതെല്ലാം കാണ്മാനുണ്ടു്. ആ ഏഴിമലയിൽനിന്നു പടിഞ്ഞാറേ സമുദ്രത്തിലേയ്ക്കു് അല്പം ദൂരമേയുള്ളൂ. മലയുടെ താഴ്വരയിൽ പതിനെട്ടു നാലുകെട്ടുകളോടുകൂടിയ ഒരു വലിയ കോവിലകമുണ്ടായിരുന്നു. ആ കോവിലകമിരുന്നിരുന്ന പറമ്പും വളരെ വലിയതായിരുന്നു. ആ പുരയിടത്തിന്റെ അടുക്കൽക്കൂടി ഒരു നദി പ്രവഹിക്കുന്നുമുണ്ടായിരുന്നു. കോവിലകത്തിന്റെ ചുറ്റുമായി അനേകം ബ്രാഹ്മണാലയങ്ങളും പടയാളികളായ നായന്മാരുടെ അഞ്ഞൂറു

Digitised By Kerala Sahitya Akademi

ഗൃഹങ്ങളും സ്വല്പം അകലെ ധനവാന്മാരും യുദ്ധവിദഗ്ധന്മാരുമായ ചില മുഹമ്മദീയരുടെ വീടുകളുമുണ്ടായിരുന്നു.

അക്കാലത്ത് ഏഴിമലക്കോവിലകത്തു താമസിച്ചിരുന്ന അവിവാഹിതകളായ രണ്ടു കൊച്ചുതമ്പുരാട്ടിമാർ, കോവിലകത്തുനിന്നു പുഴയിലേയ്ക്കു മതിൽ കെട്ടിയിറക്കിയിരുന്ന കുളിക്കടവിലേയ്ക്കു കുളിക്കാനായിട്ടു പതിവുപോലെ ഒരു ദിവസം പോയിട്ടു പതിവിലധികം നേരം വെള്ളത്തിൽക്കിടന്നു ചാടുകയും മറിയുകയും സോത്സാഹം പുഴയുടെ മദ്ധ്യത്തിക്കലേയ്ക്കു നീന്തുകയും ചെയ്തു ക്രീഡിച്ചു. നവയൌവനയുക്തകളായിരുന്ന അവരുടെ ചോരത്തിളപ്പു സ്വല്പസമയം കഴിഞ്ഞപ്പോഴം ഒട്ടു ശമിക്കുകയും രണ്ടുപേരും ക്ഷീണിക്കുകയും ചെയ്തു. അതിനാൽ അനുജത്തിയായിരുന്ന കൊച്ചുതമ്പുരാട്ടി നീന്തി കരയ്ക്കു കയറി. ജ്യേഷ്ഠത്തിയായിരുന്ന മറേറക്കൊച്ചുതമ്പുരാട്ടി കരയിലേയ്ക്കു നീന്തീട്ടു കൈയും കാലും കുഴഞ്ഞുപോവുകയാൽ കരയിലെത്താൻ സാധിക്കാതെ ഒഴുക്കിലകപ്പെട്ടു താഴ്ന്നുപോയിത്തുടങ്ങി. കരയിൽ നിന്നിരുന്ന കൊച്ചുതമ്പുരാട്ടി അതു കണ്ടു പരിഭ്രമിച്ചു് ഉറക്കെ നിലവിളിച്ചു. അപ്പോഴം സ്വല്പം ദൂരം പുഴക്കടവിൽത്തന്നെ കുളിച്ചുകൊണ്ടു നിന്നിരുന്ന യുവാവും സുമുഖനുമായിരുന്ന ഒരു മുഹമ്മദീയൻ നിലവിളി കേട്ടു് ഈ കടവിൽ ഓടിയെത്തുകയും സംഗതി മനസ്സിലാവുകയാൽ തന്റെ രണ്ടാംമുണ്ടുക്രുടി അരയിൽ മുറുക്കിക്കെട്ടിക്കൊണ്ടു് വെള്ളത്തിൽച്ചാടി രാജകുമാരിയുടെ കൈ പിടിച്ചു കരയോടടുപ്പിച്ചിട്ടു കരയ്ക്കു കയറുകയും ചെയ്തു. രാജകന്യക നിലയുള്ള സ്ഥലത്തായിട്ടും കരയ്ക്കു കയറാതെ കഴുത്തോളം വെള്ളത്തിൽത്തന്നെ നിന്നതേയുള്ളു. ബുദ്ധിമാനായിരുന്ന ആ മുഹമ്മദീയൻ അതിന്റെ കാരണമറിഞ്ഞു തന്റെ അരയിൽക്കെട്ടിയിരുന്ന രണ്ടാംമുണ്ടു നനഞ്ഞിരുന്നുവെങ്കിലും കോടിയായിരുന്നതിനാൽ അതഴിച്ചു രാജകുമാരിക്കു് എറിഞ്ഞുകൊടുത്തതിന്റെ ശേഷം അവിടെ നില്ക്കാതെ വീട്ടിലേയ്ക്കു പോയി. രാജകുമാരി ഉടുത്തിരുന്ന വസ്ത്രം ഒഴുക്കിന്റെ ശക്തിയാൽ വെള്ളത്തിൽ പൊയ്പോയതുകൊണ്ടായിരുന്നു കരയ്ക്കു കയറാതെ വെള്ളത്തിൽത്തന്നെ നിന്നി

Digitised By Kerala Sahitya Akademi

രുന്നതു്. അപ്പോഠം ആ മഹമ്മദീയന്റെ രണ്ടാംമുണ്ടു കിട്ടി. യതിനാൽ അതുടുത്തുകൊണ്ടു കരയ്ക്കു കയറി കുളിപ്പുരയിൽ ചെന്നു കുളികഴിച്ചു. അപ്പോഴയ്ക്കും തുണയ്ക്കുവേണ്ടുന്ന ദാസിമാർ അവിടെയെത്തുകയാൽ അവരോടുക്രൂടി ആ കന്യകമാർ കോവിലകത്തേയ്ക്കു പോവുകയും ചെയ്തു.

ഈ വൃത്തമാനമെല്ലാം ക്ഷണനേരംകൊണ്ടു ദാവാഗ്നിയെന്നപോലെ ആ ദിക്കിൽ സർവ്വത്ര പരക്കുകയും ആ ആപത്തിൽനിന്നു രക്ഷ പ്രാപിച്ച ആ കന്യകയുടെ മാതുലനായിരുന്ന കോലത്തിരിരാജാവിന്റെ കണ്ണുങ്ങളിലുമെത്തുകയും ചെയ്തു. തന്റെ ഭാഗിനേയിയെ ആ അത്യാപത്തിൽനിന്നു രക്ഷിച്ച ആ മുഹമ്മദീയനെക്കുറിച്ചു വളരെ സന്തോഷം തോന്നുകയാൽ തമ്പുരാൻ ഉടനെ ആളെ അയച്ചു് ആ മുഹമ്മദീയനെ കോവിലകത്തു വരുത്തി. അപ്പോഠം ആ യുവാവു് തന്റെ സൈന്യത്തിൽ ചേർന്നിട്ടുള്ള ഒരു ഭടനാണെന്നുക്രൂടി അറിയുകയാൽ തമ്പുരാന്നു് അയാളെക്കുറിച്ചുള്ള സന്തോഷം പൂർവ്വാധികം വർദ്ധിക്കുകയും അയാൾക്കു് അനേകം സമ്മാനങ്ങളും വളരെ വസ്തുവകകളും പട്ടാളത്തിൽ ഉയർന്തരത്തിലുള്ള ഒരു ദ്യോഗവും കല്പിച്ചുകൊടുക്കുകയും ചെയ്തു.

നീരാട്ടുകുളി കഴിഞ്ഞു കോവിലകത്തേയ്ക്കു ചെന്ന രാജകന്യകമാരിൽ മൂത്തകന്യക അകത്തു കടക്കാതെ അവിടെ അടുത്തുതന്നെ ഉണ്ടായിരുന്ന ഉപഗൃഹത്തിൽച്ചെന്നിരുന്നു. അമ്മതമ്പുരാട്ടി മുതലായ തമ്പുരാട്ടിമാരും മറ്റും വളരെയൊക്കെപ്പറയുകയും നിർബ്ബന്ധിക്കുകയും ചെയ്തിട്ടും ആ കന്യക അവിടെനിന്നു് ഇളകിയില്ല. ഗുരുജനങ്ങൾ നിർബ്ബന്ധിച്ചപ്പോഠം ആ രാജകുമാരി, "വെള്ളത്തിൽനിന്നു് എന്നെ പിടിച്ചുകയററിയപ്പോഠം ആ മുഹമ്മദീയൻ എന്റെ പാണിഗ്രഹണം കഴിച്ചു. പിന്നെ നനഞ്ഞതെങ്കിലും കോടിയായ ഒരു മുണ്ടു് എനിക്കുടുക്കാൻ അയാഠം തരികയും ചെയ്തു. ഇതു രണ്ടുംകൊണ്ടു് എന്റെ വിവാഹകർമ്മം മിക്കവാറും കഴിഞ്ഞിരിക്കുന്നു. രാജകന്യകമാരെ മുഹമ്മദീയർ വിഹാഹം കഴിക്കുക വിഹിതമല്ലല്ലോ. അതിനാൽ ഞാനിപ്പോഠം ഭ്രഷ്ടയായിരിക്കുന്നു. എനിക്കിനി അകത്തു കടക്കാൻ പാടില്ല"

Digitised By Kerala Sahitya Akademi

എന്നാണു സമാധാനം പറഞ്ഞതു്. ഈ വർത്തമാനമറിഞ്ഞപ്പോൾ കോലത്തിരിത്തമ്പുരാൻ, "എന്തു ചെലവു വന്നാലും തക്കതായ വൈദികപ്രായശ്ചിത്തങ്ങൾ ചെയ്യിച്ചു രാജകുമാരിയെ ശുദ്ധീകരിച്ചു വീണ്ടെടുക്കണ"മെന്നു തീർച്ചപ്പെടുത്തി ആളുകളെ അയച്ചു വൈദികന്മാരേയെല്ലാം വരുത്തി വിവരം പറഞ്ഞു. അതു കേട്ടു വൈദികന്മാർ "പണം തട്ടാൻ ഇതുതന്നെ തരം" എന്നു കരുതി പലവിധ പ്രായശ്ചിത്തങ്ങൾക്കു ചാർത്തുണ്ടാക്കിക്കൊടുക്കുകയും "പ്രായശ്ചിത്തം നടത്തിക്കാൻ വേണ്ടുന്നവരൊക്കെ വന്നുചേർന്നാൽ എല്ലാം കഴിഞ്ഞു് എല്ലാവരും പിരിഞ്ഞുപോകുന്നതുവരെ രണ്ടുനേരവും വലിയ സദ്യയും വേണം" എന്നറിയിക്കുകയും ചെയ്തു. അതൊന്നുകൊണ്ടും തമ്പുരാന്നു് ഒരു ക്രമവുമുണ്ടായില്ല. "ദിവസം നിശ്ചയിച്ചു വിവരമറിയിക്കാം" എന്നു പറഞ്ഞു വൈദികന്മാരേയെല്ലാം യഥോചിതം സൽക്കരിച്ചു മടക്കിയയച്ചു.

കോലത്തിരിത്തമ്പുരാൻ വൈദികപ്രായശ്ചിത്തംകൊണ്ടു തന്റെ ഭാഗിനേയിയെ ശുദ്ധീകരിച്ചു വീണ്ടെടുക്കുവാൻ നിശ്ചയിച്ചതിന്റെ ശേഷം ആ വിവരം ചില സ്ത്രീജനങ്ങൾ മുഖാന്തരം ആ രാജകുമാരിയെ അറിയിച്ചു. അതുകൊണ്ടും ആ രാജകുമാരിയുടെ നിശ്ചയത്തിനു ലേശവുമിളക്കമുണ്ടായില്ല. പിന്നെ തമ്പുരാൻതന്നെ ആ ഭാഗിനേയിയുടെ അടുക്കൽച്ചെന്നു വളരെ നിർബന്ധിച്ചുനോക്കി. അതുകൊണ്ടും ഫലമൊന്നുമുണ്ടായില്ല. വിദുഷിയായ ആ രാജകന്യകയുടെ നിശ്ചയത്തിനു് ഇളക്കം വരുത്തുകയെന്നുള്ളതു് ആരാലും സാദ്ധ്യമല്ലെന്നു് ഉറപ്പുവരികയാൽ കോലത്തിരിത്തമ്പുരാൻ കോവിലകത്തുണ്ടായിരുന്ന ശേഷം തമ്പുരാക്കന്മാരോടും മറ്റും ആലോചിച്ചു് എല്ലാവരുടേയും സമ്മതപ്രകാരം പ്രധാന കോവിലകത്തോടടുത്തുതന്നെ കെങ്കേമമായിട്ടു വേറെ ഒരു കോവിലകം പണിയിച്ചു രാജകന്യകയുടെ താമസം അവിടെ ആക്കുകയും ആ രാജകുടുംബത്തിൽ ശേഷമുണ്ടായിരുന്ന തമ്പുരാട്ടിമാരെപ്പോലെ സുഖമായി കഴിഞ്ഞുകൂടുവാൻ തക്കവണ്ണമുള്ള വസ്തുവകകളും പണ്ടങ്ങളും പാത്രങ്ങളും മറ്റുമെല്ലാം കൊടുക്കുകയും പ്രാണരക്ഷചെയ്ത ആ യുവാവിനെക്കൊണ്ടു

Digitised By Kerala Sahitya Akademi

തന്നെ മുഹമ്മദീയവിധിപ്രകാരം ആ രാജകന്യകയെ കല്യാണം കഴിപ്പിക്കയും ചെയ്തു. അക്കാലംമുതൽ ആ രാജകുമാരിയുടെ നാമധേയം 'അറയ്ക്കൽ ബീബി' എന്നായിത്തീർന്നു. തിരുവിതാംക്കൂർ മഹാരാജകുടുംബത്തിലേയും മറ്റും കൊച്ചു തമ്പുരാട്ടിമാരെ പള്ളിക്കെട്ടു കഴിക്കുന്ന കോയിത്തമ്പുരാക്കന്മാരെ എന്നപോലെ ഈ ബീബിയെ കല്യാണം കഴിച്ച മുഹമ്മദീയനേയും ചെലവിനെല്ലാം കൊടുത്തു ബീബിയുടെ കൂടെത്തന്നെ താമസിപ്പിച്ചു. അയാൾക്കു വേണ്ടുന്ന പരിചാരകന്മാരേയും നിയമിച്ചുകൊടുത്തു. വസ്തുവകകളുടെ ഉടമസ്ഥതയും കൈകാര്യകർത്തൃത്വവും ബീബിക്കുതന്നെയായിരുന്നു. കാര്യങ്ങളെല്ലാം ശരിയായി നോക്കി ഭരിച്ചിരുന്നതിനാൽ 'അറയ്ക്കൽ ബീബി' എന്നുള്ള നാമം ലോകപ്രസിദ്ധമായിത്തീരുകയും ചെയ്തു. അറയ്ക്കൽ ബീബിയുടെ സന്താനപരമ്പരയിലുൾപ്പെട്ട പുരുഷന്മാരെ 'അറയ്ക്കൽ രാജാക്കന്മാർ' എന്നാണു പറഞ്ഞുവരുന്നതു്.

മുഹമ്മദീയസ്വീകൃം ഘോഷാസമ്പ്രദായം സ്വീകരിച്ചിട്ടുള്ളവരാകയാൽ അവരെ അന്യപുരുഷന്മാർക്കു കാണാൻ പാടില്ലെന്നാണല്ലോ വെച്ചിരിക്കുന്നതു്. എന്നാൽ കോലത്തിരിരാജാവിന്റെ വംശ്യരായ ചിറയ്ക്കൽകോവിലകത്തുള്ള തമ്പുരാക്കന്മാക്കു് അറയ്ക്കൽ ബീബിമാരെ കാണുന്നതിനു യാതൊരു വിരോധവുമില്ല. ചിറയ്ക്കൽകോവിലകത്തുള്ള തമ്പുരാക്കന്മാർ അവിടെയെഴുന്നള്ളിയാൽ അമൂല്യങ്ങളായ തിരുമുൽക്കാഴ്ചകൾ വെച്ചാണു് അറയ്ക്കൽ രാജാക്കന്മാർ മുഖംകാണിക്കുക പതിവു്. കോലത്തിരിരാജവംശ്യരാജ്ഞി തിരുവിതാംക്കൂറിലുള്ള തമ്പുരാക്കന്മാർ ചെന്നാലും അറയ്ക്കൽ ബീബികളേക്കാണുന്നതിനു വിരോധമില്ലെന്നാണു വെച്ചിരിക്കുന്നതു്. ഇവക്കും അറയ്ക്കൽ രാജാക്കന്മാർ തിരുമുൽക്കാഴ്ച വെയ്ക്കുകയും മറ്റും പതിവുണ്ടു്. അറയ്ക്കൽ രാജകുടുംബത്തിലും ഐശ്വര്യം ക്രമേണ വളരെ വർദ്ധിക്കുകയാൽ ജനങ്ങൾ 'ചിറയ്ക്കൽപ്പുകുതി അറയ്ക്കൽ' എന്നു പറഞ്ഞു് ആ കുടുംബത്തെ പുകഴ്ത്തുകയാൽ അതൊരു പഴഞ്ചൊല്ലായിത്തീർന്നു.

Digitised By Kerala Sahitya Akademi

ഇനി ഈ അറയ്ക്കൽരാജകുടുംബം കണ്ണൂരിലായിത്തീ ന്നതെങ്ങിനെയെന്നുക്രൂടി ചുരുക്കത്തിൽ താഴെ പറഞ്ഞുകൊ ള്ളുന്നു.

കൊല്ലവർഷം ഏഴാം ശതാബ്ദത്തിന്റെ ആദ്യകാലത്തു കോലത്തിരിരാജാവിന്റെ പ്രധാന മന്ത്രിയായിരുന്ന 'അര യൻകുളങ്ങരനായർ' മുഹമ്മദുമതം സ്വീകരിച്ച് ഒരു 'മഹമ്മ ദാലി'യായിത്തീർന്നു. പിന്നെയും അയാൾ കോലത്തിരിതമ്പു രാന്റെ മന്ത്രിസ്ഥാനം ഉപേക്ഷിച്ചില്ല. ആ മഹമ്മദാലി തന്റെ സ്വാമിയായ തമ്പുരാന്റെ അനുവാദത്തോടുക്രൂടി അറ യ്ക്കൽകൊട്ടാരത്തിൽനിന്ന് ഒരു ബീബിയെക്കല്യാണം കഴിച്ചു. അയാളുടെ കാലാനന്തരം അയാളുടെ പുത്രന്മാരായ 'മമ്മാലിക്കിടാവു'കൾ കോലത്തിരിത്തമ്പുരാന്റെ പ്രധാന സേവകന്മാരായിത്തീർന്നു. അവരിൽ കോലത്തിരിരാജാവിന്റെ സേനാനായകനായിത്തീർന്ന 'ആലിമൂസ്സ' എന്ന യുദ്ധവിദ ഗ്ദ്ധൻ 'മാലദ്വീപുകൾ' പിടിച്ചടക്കി തന്റെ സ്വാമിക്കു കൈവശപ്പെടുത്തിക്കൊടുത്തു. കോലത്തിരിത്തമ്പുരാൻ ഏറെ വും സന്തോഷിച്ച് ആ ദ്വീപുകളിൽനിന്നു കൊല്ലംതോറും കിട്ടുന്ന പാട്ടത്തിൽനിന്ന് 'ആലിമൂസ്സ'ഖാനും അയാളുടെ കുടുംബത്തിനും എന്നും അനുഭവിക്കാനായി പതിനെണ്ണായിരം പണവും കണ്ണൂരിൽ അവിടെയ്ക്ക് (തമ്പുരാന്) ഉണ്ടായിരുന്ന ഒരു വലിയ കോട്ടയും കാനത്തൂരു, കാനോത്തുചാലു് എന്നീ രണ്ടു ദേശങ്ങളും സമ്മാനമായി കൊടുത്തു. തദനന്തരം കൊല്ല വർഷം എഴുന്നൂററിനാല്പതിൽ കോലത്തിരിതമ്പുരാൻ ഏഴി മലക്കോട്ട വിട്ടു വളപട്ടണം കോട്ടയിലും, ആലിമൂസ്സയും അറ യ്ക്കൽകുടുംബവും തമ്പുരാൻ കല്പിച്ചുകൊടുത്ത കണ്ണൂർ കോട്ട യിലും താമസമാക്കി.

അതിനു ശേഷം എഴുന്നൂററിനാല്പത്തഞ്ചിൽ ആലിമൂസ്സ യുടെസഹായത്താൽ കോലത്തിരിത്തമ്പുരാൻ ലക്ഷദ്വീപുകളെ ആക്രമിച്ചു പിടിച്ചടക്കുകയും ആ ദ്വീപുകളെ ആണ്ടുതോറും ആറായിരം പണം കപ്പം കൊടുക്കണമെന്നുള്ള നിശ്ചയത്തോടു ക്രൂടി അറയ്ക്കൽ ബീബിക്കു വിട്ടുകൊടുക്കുകയും ചെയ്തു. അതു ക്രൂടാതെ കോലത്തിരിത്തമ്പുരാൻ ആലിമൂസ്സയ്ക്ക് 'ആഴിരാ

Digitised By Kerala Sahitya Akademi

ജാവ്'' എന്നൊരു സ്ഥാനവും കല്പിച്ചുകൊടുത്തു. അതു കാല ക്രമേണ ഭേദപ്പെട്ട് 'ആലിരാജാവ്' എന്നായിത്തീർന്നു. ഇപ്പോൾ ആഴിരാജാവെന്നു് ആരും പറയാറില്ല. എല്ലാവരും ആലിരാജാവെന്നതന്നെയാണു പറഞ്ഞുവരുന്നതു്.

അനന്തരം മലബാർ ബ്രിട്ടീഷുഗവർമ്മെൻറിന്റെ അധീനത്തിലായതിന്റെ ശേഷം അന്നത്തെ ബീബി ലക്ഷദ്വീപു കൾക്രൂടി നോക്കിബ്ഭരിക്കുവാനായി ബ്രിട്ടീഷുഗവർമ്മെൻറി നെ ഏല്പിച്ചു. ആ ദ്വീപുകളിൽനിന്നുണ്ടാകുന്ന ആദായത്തിൽനിന്നു് ഒരു ഭാഗം ആണ്ടുതോറും ബീബിക്കും കൊടുക്കണമെന്നുള്ള നിശ്ചയത്തോടുക്രൂടിയാണു് അങ്ങിനെ ചെയ്തതു്. എങ്കിലും ബ്രിട്ടീഷുഗവർമ്മെൻറു ബീബിക്കു യാതൊരു നും കൊടുക്കാതെ ആ ദ്വീപുകൾ സ്വന്തമെന്നപോലെ കൈവശംവെച്ചു് ആദായങ്ങളും മുഴുവനും എടുത്തുകൊണ്ടിരുന്നു.

ഏകദേശം ഇരുപതു കൊല്ലങ്ങൾക്കു മുമ്പു് ആലിരാജാ വവർകളും ബ്രിട്ടീഷുഗവർമ്മെൻറും തമ്മിൽ ലക്ഷദ്വീപുകളെ സ്സംബന്ധിച്ചു കേമമായിട്ടു് ഒരു വ്യവഹാരമുണ്ടായി. ഒടുക്കം ബ്രിട്ടീഷുഗവർമ്മെൻറു് ആണ്ടുതോറും തക്കതായ ഒരു നല്ല സംഖ്യ അറയ്ക്കൽരാജകുടുംബത്തിലേയ്ക്കു കൊടുത്തുകൊള്ളാ മെന്നു സമ്മതിക്കുകയാൽ ആ വ്യവഹാരം രാജിയായിട്ടുതീർന്നു. ബ്രിട്ടീഷുഗവർമ്മെൻറു് ആ സംഖ്യ ഇപ്പോഴും ആണ്ടുതോറും അറയ്ക്കൽരാജകുടുംബത്തിലേയ്ക്കു കൊടുത്തുവരുന്നുണ്ടു്. ഇതു ക്രൂടാതെ അറയ്ക്കൽരാജകുടുംബത്തിലുള്ള സകലർക്കും ബ്രിട്ടീഷു ഗവർമ്മെൻറു പണ്ടുതന്നെ മാലിഖാൻ അനുവദിച്ചിട്ടുമുണ്ടു്. ഇന്നും അറയ്ക്കൽകോവിലകത്തുള്ളവരും അറയ്ക്കൽരാജകുടും ബത്തിലുള്ളവരും ഏറ്റവും മൈത്രിയോടും വിശ്വസ്തതയോടും ക്രൂടിത്തന്നെയാണു വർത്തിച്ചുപോരുന്നതു്. ആ രണ്ടു വിശിഷ്ട സ്ഥാനങ്ങളിലും ക്ഷേമവും ഐശ്വര്യവും എന്നും ഉപയ്യുപരി വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനു സർവ്വേശ്വരൻ സദയം സഹായി ക്കുമാറാകട്ടെ.

—(*)—

Digitised By Kerala Sahitya Akademi

൪. തിരുവിഴാമഹാദേവനും അവിടത്തെ മരുന്നും

തിരുവിഴാമഹാക്ഷേത്രം മുമ്പു ചേത്തലത്താലൂക്കിൽ മാരാരിക്കുളം വടക്കുപകുതിയിൽ 'പെരുന്നേർമംഗലം' മുറിയിലായിരുന്നു. കഴിഞ്ഞ കണ്ടെഴുത്തുകാലത്തു ചേത്തലെ തെക്കുപകുതിയിലാക്കി സർവ്വേ ചെയ്യുകയാൽ ഇപ്പോഴും അങ്ങിനെയാണിരിക്കുന്നതു്.

ഈ ക്ഷേത്രമിരിക്കുന്ന സ്ഥലം പണ്ടു് 'അറയ്ക്കൽ പണിക്കർ' എന്ന പ്രസിദ്ധനായിരുന്ന ഒരു നായരുടെ കുടുംബംവകയായിരുന്നു. എങ്കിലും ഈ സ്ഥലമെല്ലാം കാടുപിടിച്ചാണു കിടന്നിരുന്നതു്. ആ കാട്ടിനകത്തു് ഒരു കുളവുമുണ്ടായിരുന്നു. ആ കുളത്തിന്റെ ചുറ്റും ഉള്ളാടന്മാർ (വേടന്മാർ) എന്നു പറയപ്പെടുന്ന ഒരുവക ജാതിക്കാരാണു താമസിച്ചിരുന്നതു്. അവർ ഈ കുളത്തിൽനിന്നു് ആമകളെപ്പിടിച്ചുകൊണ്ടു് അവയുടെ മാംസമെടുത്തു വേവിച്ചുതിന്നുക പതിവായിരുന്നു. ആമകൾ 'കാരാമ' എന്നും 'വെള്ളാമ' എന്നും രണ്ടുവകയുണ്ടല്ലോ. അവയിൽ ഈ കുളത്തിലുണ്ടായിരുന്നവയെല്ലാം കാരാമയായിരുന്നു. കാരാമ വെള്ളത്തിനടിയിൽ ചേറിൽപ്പൂണ്ടാണു മിക്കപ്പോഴും കിടക്കുക പതിവു്. അതിനാൽ ഈ ഉള്ളാടന്മാർ മരക്കൊമ്പുകൾകൊണ്ടോ, അലകുകൊണ്ടോ വടിപോലെ ഒരു കോലുണ്ടാക്കി വെള്ളത്തിലിറങ്ങി കുത്തിനടക്കും. ആ കോലിനു് അവർ പറയുന്ന പേരു കാരാമക്കോൽ, എന്നാണു്. ആ കോൽകൊണ്ടു കുത്തുമ്പോൾ ആമയുടെ പുറത്തോ മറ്റോ കൊണ്ടാൽ ആമ പൊങ്ങിവരും. അപ്പോൾ അതിനെപ്പിടിക്കാനെളുപ്പമുണ്ടു്. അതുകൊണ്ടാണു് അവർ അങ്ങിനെ ചെയ്യുന്നതു്. ആ പതിവനുസരിച്ചു് ഒരു ദിവസം ഒരുള്ളാടസ്ത്രീ ആ കുളത്തിലിറങ്ങി കാരാമക്കോൽ കുത്തിനടന്നപ്പോൾ ഒരു സ്ഥലത്തുനിന്നു രക്തം ശക്തിയോടുക്രുടി മേല്പോട്ടു കുതിച്ചുയർന്നു. അതു കണ്ടു് ആ വേടസ്ത്രീ ഭയപ്പെട്ടു കരയ്ക്കുകയറി ഓടിച്ചെന്നു് ഈ വിവരം ആ സ്ഥലത്തിന്റെ

Digitised By Kerala Sahitya Akademi

ഉടമസ്ഥനായ അറയ്ക്കൽ പണിക്കരോടു പറഞ്ഞു. പണിക്കർ ഉടനെ അദ്ദേഹത്തെപ്പോലെതന്നെ ദേശത്തു പ്രധാനന്മാരായ കീഴോങ്ങലെ (കീഴ്മംഗലം)പ്പണിക്കർ, കണിച്ചിക്കാട്ട കുറുപ്പു, പടാകുളങ്ങരെപ്പണിക്കർ, ഗണപതിക്കാട്ട പണിക്കർ, അയ്യരക്കയ്മൾ, മന്ദപ്പാടിക്കുറുപ്പു, മഴുവക്കാട്ട കുറുപ്പു്, അട്ടക്കുഴിക്കാട്ട പണിക്കർ മുതലായവരോടും മറ്റുള്ള ജനങ്ങളോടുംകൂടി കുളത്തിന്റെ സമീപത്തെത്തി നോക്കിയപ്പോൾ കുളത്തിലെ വെള്ളം മുഴുവനും രക്തമയമായിക്കണ്ടു് എല്ലാവരും ഭയാത്ഭുതപരവശന്മാരായിത്തീർന്നു. പിന്നെ അവരെല്ലാവരുംകൂടി ആ കുളത്തിലെ വെള്ളം തേകിവറ്റിക്കാനായി ശ്രമം തുടങ്ങി. അസംഖ്യമാളുകൾകൂടി മൂന്നു പകലും രാത്രിയും മുഴുവനും ശ്രമിച്ചിട്ടും കുളത്തിലെ വെള്ളം മുഴുവനും വറ്റിക്കാൻ സാധിച്ചില്ല. എങ്കിലും വെള്ളം കുറെ വറ്റിയപ്പോൾ അവിടെ അമ്മിക്കുഴവിയുടെ ആകൃതിയിൽ ഒരു ശില കാണുകയും അതിൽനിന്നാണു് ഈ രക്തം സ്രവിച്ചുകൊണ്ടിരിക്കുന്നതെന്നു് അറിയുകയും ചെയ്തു. നാലാം ദിവസം പ്രഭാതമായപ്പോൾ എവിടെനിന്നോ അവിടെ ഒരു യോഗീശ്വരൻ വന്നുചേരുകയും ആ യോഗി ജനങ്ങളോടു് "ഈ കാണുന്നതു കേവലം ശിലയല്ല. സ്വയംഭ്രുവായ ശിവലിംഗമാണു്. ഈ കുളത്തിലെ വെള്ളം മുഴുവൻ വറ്റിക്കാനും ഈ ശിവലിംഗത്തിന്റെ ചുവടു കാണാനും മനുഷ്യരാൽ സാധ്യമല്ല. ഇവിടെ മണ്ണിട്ടു നികത്തി ക്ഷേത്രം പണിയിച്ചു വേണ്ടതുപോലെ ആചരിക്കുകയും ആദരിക്കുകയും സേവിക്കുകയും ചെയ്താൽ ഈ ദേശത്തിനും ജനങ്ങൾക്കും വേണ്ടുന്ന ശ്രേയസ്സുകളെല്ലാം ഈ പരമശിവൻ ഉണ്ടാക്കിത്തരും. ഈ ഭഗവാന്റെ മാഹാത്മ്യം അപരിമിതമാണെന്നു അചിരേണ നിങ്ങൾക്കു ബോധപ്പെടുകയും ചെയ്യും. ഈ രക്തപ്രവാഹം ഞാനിപ്പോൾ നിർത്തിത്തരാം" എന്നു പറഞ്ഞിട്ടു് അദ്ദേഹം അദ്ദേഹത്തിന്റെ ഭസ്മസഞ്ചിയിൽനിന്നു സ്വല്പം ഭസ്മമെടുത്തു് ആ ശിവലിംഗത്തിൽ കാരാമക്കോൽകൊണ്ടു പൊട്ടിയിരുന്ന സ്ഥലത്തുവെച്ചു് അമർത്തുകയും ഉടനെ രക്തസ്രാവം നിൽക്കുകയും ആ യോഗി അദൃശ്യനായിത്തീരുകയും ചെയ്തു. ആ യോഗി ആരാണെന്നും എവിടെനിന്നാണു വന്നതെന്നും എങ്ങോട്ടാണു പോയതെന്നും

Digitised By Kerala Sahitya Akademi

ആക്കും നിശ്ചയമില്ല. എങ്കിലും ജനങ്ങളുടെ ഭയവും സംശയവും പോക്കുന്നതിനായി സാക്ഷാൽ മഹാദേവൻതന്നെ യോഗിയുടെ വേഷം ധരിച്ച് അവിടെ പ്രത്യക്ഷമായിവന്നതാണെന്ന് എല്ലാവരും തീച്ചയാക്കുകയും അദ്ദേഹം കല്പിച്ചതുപോലെ എല്ലാവരുംകൂടിയുത്സാഹിച്ചും പണം ശേഖരിച്ചും ആ കുളത്തിൽ മണ്ണിട്ട ശിവലിംഗം കാണാവുന്ന വിധത്തിൽ നികത്തിക്കുകയും അവിടെ ക്ഷേത്രം പണിയും കലശം മുതലായവയും നടത്തിക്കുകയും ചെയ്തു. എങ്കിലും ഇപ്പോഴും വഷ്ക്കാലങ്ങളിൽ വെള്ളം പൊങ്ങുമ്പോൾ ശിവലിംഗം മൂടിപ്പോകുന്നുണ്ട്. അക്കാലങ്ങളിൽ ശാന്തിക്കാർ കരയ്ക്കിരുന്നുകൊണ്ടാണു പൂജയും മറ്റും നടത്തുന്നതു്.

അവിടെ ക്ഷേത്രം പണിയും കലശവും മറ്റും കഴിഞ്ഞതിന്റെ ശേഷം ക്ഷേത്രത്തിൽ നിത്യനിദാനം, മാസവിശേഷം, ആണ്ടുവിശേഷം മുതലായവയെല്ലാം വസ്തുക്കളിലെ ആദായം കൊണ്ടു ഭംഗിയായി നടക്കത്തക്കവണ്ണമുള്ള വസ്തുവകകളെല്ലാം ദേശക്കാരെല്ലാവരുംകൂടി ദേവസ്വംപേരിൽത്തന്നെ സമ്പാദിക്കുകയും ദേവസ്വം കാര്യങ്ങളെല്ലാം അന്വേഷിച്ചു നടത്തുന്നതിനു വേണ്ടുന്ന ശമ്പളക്കാരെ നിയമിക്കുകയും ചെയ്തു.

പ്രസ്തുത ക്ഷേത്രമിരിക്കുന്ന കുളത്തിന്റെ സമീപത്തുതന്നെ പണ്ടു് ഒരു വിഷ്ണുക്ഷേത്രവും ഒരു യക്ഷിയമ്പലവുമുണ്ടായിരുന്നു. ആ വിഷ്ണുക്ഷേത്രമായിരുന്ന ആ ദേശത്തു പ്രധാനമായിരുന്നതു്. പണ്ടൊരിക്കൽ ഈ ദേശത്തു മുഹമ്മദീയരുടെ ആക്രമമുണ്ടായപ്പോൾ അവർ ആ വിഷ്ണുക്ഷേത്രം നശിപ്പിക്കുകയും അവിടെ പ്രതിഷ്ഠിച്ചിരുന്ന വിഗ്രഹം ഇളക്കിയെടുത്തു് ഒരു കുളത്തിൽ കൊണ്ടുപോയി ഇടുകയും ചെയ്തു. എങ്കിലും ആ യക്ഷിയമ്പലം അവർ നശിപ്പിക്കുകയും യക്ഷിയുടെ ബിംബം ഇളക്കുകയും ചെയ്തില്ല. അതു പൂർവ്വസ്ഥിതിയിൽ ഇപ്പോഴും അവിടെ ഇരിക്കുന്നുണ്ടു്. ആ വിഷ്ണുക്ഷേത്രത്തിൽ തന്ത്രം കിഴക്കേ 'മണയത്താട്ടു' നമ്പൂരിക്കും മേൽക്കോയ്മസ്ഥാനം ഒരു 'ചെറുവള്ളി' നമ്പൂരിപ്പാട്ടിലേയ്ക്കുമായിരുന്നു. ദേശക്കാർ എല്ലാവരുംകൂടി ഈ മഹാദേവക്ഷേത്രത്തിലേയും ആ സ്ഥാനങ്ങളും ആ ബ്രാഹ്മണശ്രേഷ്ഠന്മാർക്കുതന്നെ കൊടുത്തു. ആ ചെറുവള്ളിനമ്പൂരിപ്പാട്ടിലെ സാക്ഷാൽ ഇല്ലം കൊച്ചി

Digitised By Kerala Sahitya Akademi

രാജ്യത്തു മുകുന്ദപുരം താലൂക്കിലാണു്. എങ്കിലും മേല്പറഞ്ഞ വിഷ്ണുക്ഷേത്രം ഇവിടെ ഉണ്ടായിരുന്ന കാലത്തു് അവർ ക്ഷേത്രത്തിൽനിന്നു് ഏകദേശം ഒരു നാഴിക തെക്കുകിഴക്കായി ഒരില്ലം പണിയിച്ചു് ഇവിടെ കുടുംബസഹിതം താമസിച്ചിരുന്നു. ക്ഷേത്രം നശിച്ചുപോയതിന്റെ ശേഷമാണു് അവർ ഈ ദിക്കിലെത്താമസം നിശ്ശേഷം ഉപേക്ഷിച്ചു വടക്കോട്ടു പോയതു്. അവർ ഇവിടെത്താമസിച്ചിരുന്നപ്പോൾ ആ സ്ഥലത്തെ എല്ലാവരും ചെറുവള്ളിമന എന്നും അവിടെ ഇല്ലമില്ലാതെയായപ്പോൾ ചെറുവള്ളിപ്പുറമു് എന്നും പറഞ്ഞിരുന്നു. ഇപ്പോൾ ആ സ്ഥലത്തെല്ലാം കാടായിപ്പോയതിനാൽ ചെറുവള്ളിക്കാടു് എന്നാണു് എല്ലാവരും പറഞ്ഞുവരുന്നതു്.

നമ്പൂതിരിപ്പാടു് ഈ ദേശത്തെ താമസം മതിയാക്കിപ്പോയിട്ടും ക്രമക്രമേണ ഇവിടെ വരികയും ക്ഷേത്രകാര്യങ്ങളന്വേഷിക്കുകയും ദേവസ്വംവക വസ്തുക്കൾക്കു് ആധാരങ്ങളെഴുതിക്കൊടുക്കുകയും ചെയ്തിരുന്നു. അവർ ആധാരങ്ങളിൽ "ഉത്തരാളൊരൊത്ത തിരുനീലകണ്ഠരുവകയ്ക്കു ചെറുവള്ളിയില്ലത്തു് ....ഇന്നാരു്" എന്നാണു പേരുവെച്ചിരുന്നതു്. അങ്ങിനെ പേരുവെച്ചുള്ള ആധാരങ്ങൾ ക്രിസ്തുവർഷം ൧൭൫൦ാമാണ്ടുവരെ എഴുതീട്ടുള്ളതായി ഇവിടെ കാണുന്നുണ്ടു്. അതിൽപ്പിന്നെ അങ്ങിനെ പേരുവെച്ചുള്ള പ്രമാണമൊന്നും ഇവിടെ കാണുന്നില്ല. അതുകൊണ്ടു് അക്കാലം മുതല്ക്കു് ആ നമ്പൂരിപ്പാട്ടിലെ വകവു് ഈ ദിക്കിലേയ്ക്കു് അധികം ഉണ്ടാകാറില്ലെന്നതന്നെ വിചാരിക്കാം. എന്തെങ്കിലും ദേശക്കാരെല്ലാവരുംകൂടി ഒരു മാനേജരെ നിയമിച്ചു് ആ ഉദ്യോഗസ്ഥൻ മുഖാന്തിരമാണു് ഇപ്പോൾ ദേവസ്വകാര്യങ്ങളം അന്വേഷിച്ചു നടത്തിപ്പോരുന്നതു്. ദേവസ്വം 'ചന്ത്രു'ത്തിനു സ്വദേശിയായ 'ചെഞ്ഞുവേലി'മാരാരുടെ കുടുംബത്തിൽനിന്നു് ഒരാളെ നിയമിക്കുകയാണു മിക്കപ്പോഴും പതിവു്. ക്ഷേത്രത്തിൽ പൂജകൊട്ടു, പാട്ടു മുതലായവ നടത്തുന്നതും ആ കുടുംബക്കാർതന്നെയാണു്.

ഇനി അവിടത്തെ മരുന്നിനെക്കുറിച്ചു പറയാം. ആ മഹാദേവക്ഷേത്രമുണ്ടായതിന്റെ ശേഷം കുറച്ചുകാലം കഴിഞ്ഞപ്പോൾ അവിടെ പതിവായി ഒരു ഭ്രാന്തൻ വരികയും

Digitised By Kerala Sahitya Akademi

പോവുകയും തുടങ്ങി. അവൻ ചിലരെ കൂടെക്കൂട്ടി ഉപദ്രവിക്കുകയും ചെയ്തിരുന്നു. അവൻ അധികമായി ഉപദ്രവിച്ചിരുന്നതു ക്ഷേത്രത്തിലെ പാത്രംതേപ്പുകാരനായ തലക്കാട്ട നായരെയായിരുന്നു. തലക്കാട്ടകുടുംബക്കാർ കേവലം അഗതികളും ഈ പാത്രംതേപ്പിനു കിട്ടുന്ന ആദായംകൊണ്ടുമാത്രം നിത്യവൃത്തി കഴിച്ചിരുന്നവരുമായിരുന്നു.

ആ ഭ്രാന്തന്റെ ഉപദ്രവം സഹിക്കാൻവയ്യാത്തവിധം കലശലായിത്തീരുകയാൽ ഒരു ദിവസം ആ പാത്രംതേപ്പുകാരൻനായർ മഹാദേവന്റെ ക്ഷേത്രനടയിൽച്ചെന്നു തൊഴുതുകൊണ്ടു "ഭഗവാനെ! മഹാദേവ! ഈ ഭ്രാന്തന്റെ ഉപദ്രവം സഹിക്കാൻവയ്യാതെ ആയിരിക്കുന്ന ഇതിനൊരു സമാധാനം അവിടുന്നുതന്നെ ഉണ്ടാക്കിത്തന്നു രക്ഷിക്കണം" എന്നു പ്രാർത്ഥിച്ചു. അന്നു രാത്രിയിൽ ആ നായർ കിടന്നുറങ്ങിയപ്പോൾ ഒരാൾ അയാളുടെ അടുക്കൽച്ചെന്നു "നീയൊട്ടും വ്യസനിക്കേണ്ട. ഞാൻ പറയുന്നതുപോലെ ചെയ്താൽ നിനക്കു നേരിട്ടിരിക്കുന്ന ഉപദ്രവം നീങ്ങും. നാളെ വൈകുന്നേരം ആ ഭ്രാന്തൻ ക്ഷേത്രത്തിൽ വരുമ്പോൾ അവനെ പിടിച്ചുകെട്ടി ക്ഷേത്രസന്നിധിയിൽ ഇടണം. മറന്നാൾ കാലത്തു നീയിവിടെ അടുത്തുള്ള പുരയിടത്തിൽ (പറമ്പിൽ) ചെന്നു നോക്കിയാൽ അവിടെ പച്ചനിറത്തിലുള്ള ഒരുമാതിരി ചെടി കാണും. അതു് ഒരു പിടി പറിച്ചുകൊണ്ടു വന്നു ശാന്തിക്കാരെ ഏല്പിച്ചു് അവരെക്കൊണ്ടു് അതു പാലിൽ ഇടിച്ചു പിഴിഞ്ഞരിപ്പിച്ചു പന്തീരടിപ്പൂജാസമയത്തു മഹാദേവന്റെ പീഠത്തിന്മേൽ വെയ്പിച്ചു പൂജിപ്പിച്ചുവാങ്ങണം. മൂന്നു ചക്രം നടയ്ക്കു വെയ്ക്കുകയും ചെയ്തിട്ടു് ആ മരുന്നു ഭ്രാന്തനെ സേവിപ്പിക്കണം. മരുന്നു സേവിച്ചാൽ രണ്ടു നാഴിക കഴിയുമ്പോൾ ചെറുചൂടോടുകൂടി നാഴി കാഞ്ഞവെള്ളവും കൊടുക്കണം. അതു കടിച്ചു കഴിഞ്ഞാൽ ഒരു നാഴിക കഴിയുമ്പോൾ അവനൊന്നു ഛർദ്ദിക്കും. പിന്നെ ഉച്ചപ്പൂജയ്ക്കു യക്ഷിക്കു നിവേദിക്കുന്ന പാൽപ്പായസവും കുറച്ചു കൊടുക്കണം. അതും ഭക്ഷിച്ചുകഴിയുമ്പോൾ അവൻ ഉന്മാദം മാറി സ്വസ്ഥചിത്തനായിത്തീരും. പിന്നെ അവൻ യാതൊരുപദ്രവവും ചെയ്കയില്ല. അതിനാലവനെപ്പിന്നെ കെട്ടഴിച്ചുവിടാം. അനന്തരം അവന്റെ ഇഷ്ടം

Digitised By Kerala Sahitya Akademi

പോലെ അമ്പലത്തിലെ നിവേദ്യച്ചോറൊ പായസമൊ കഞ്ഞി വേണമെങ്കിൽ അതൊ കൊടുത്തയയ്ച്ചക്കണം" എന്നു പറഞ്ഞതായി സ്വപ്നം കണ്ടു. ഉടനെ അയാൾ ഉണർന്നു നോക്കീട്ട് അവിടെയെങ്ങും ആരെയും കണ്ടില്ല. ഇതു മഹാദേവൻതന്നെ തന്റെ പ്രാർത്ഥനയെ കൈക്കൊണ്ടു് ഇപ്രകാരം തന്റെ അടുക്കൽ വന്നു് അരുളിച്ചെയ്തതാണെന്നു് അയാൾ തീർച്ചയാക്കുകയും അപ്രകാരമെല്ലാം ചെയ്കയും ആ ഭ്രാന്തന്റെ ചിത്തഭ്രമം മാറി അയാൾ സ്വസ്ഥഹൃദയനായിത്തീരുകയും അങ്ങിനെ ആ പാർശ്വംതേപ്പുകാരനു നേരിട്ടിരുന്ന ഉപദ്രവം ഒഴിയുകയും ചെയ്തു.

ഈ വർത്തമാനം ഏതാനും ദിവസങ്ങൾകൊണ്ടു ഭ്രഷ്ടലോകത്തിൽ സർവ്വത്ര പ്രസിദ്ധമായിത്തീരുകയാൽ ഈ മരുന്നു സേവിക്കുന്നതിനായി പല ദിക്കുകളിൽനിന്നും പലരും ഇവിടെ വന്നുതുടങ്ങി. ഇവിടെ വന്നു് ഈ മരുന്നു സേവിക്കുന്നവർക്കെല്ലാം പൂർണ്ണസുഖം സിദ്ധിക്കുമെന്നുള്ളതു തീർച്ചയാവുകയാൽ സുഖക്കേടുകാരുടെ വരവു ക്രമേണ വളരെ വർദ്ധിച്ചു. ഇപ്പോൾ മലയാളികൾ മാത്രമല്ല, പരദേശികളും ഉത്തരേൻഡ്യാക്കാരും മറ്റുമായി ആയിരത്തിലധികമാളുകൾ മരുന്നു സേവിക്കാനായി ആണ്ടുതോറും ഇവിടെ വരുന്നുണ്ടു്. ആളുകളുടെ വരവു വർദ്ധിച്ചപ്പോൾ ദേവസ്വക്കാർ നടയ്ക്കുവെയ്പു മുതലായ വയുടെ സംഖ്യയും വർദ്ധിപ്പിച്ചു. നടയ്ക്കുവെയ്പു മൂന്നു ചക്രമായിരുന്നതു് ഇപ്പോൾ പതിനാലരപ്പണമാക്കീട്ടുണ്ടു് യക്ഷിക്കും മറ്റും വഴിപാട്ടിനുള്ള പണം വേറെയും കൊടുക്കണം. അവയെല്ലാം കൊടുത്തു ദേവസ്വത്തിൽനിന്നു രസീതു വാങ്ങിയതിന്റെ ശേഷമേ മരുന്നു കൊടുക്കുകയുള്ളൂ. എങ്കിലും ആളുകളുടെ വരവു് ഇപ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുന്നതല്ലാമത ഒട്ടും കുറയുന്നില്ല. ഈ മരുന്നു സേവിക്കുന്നതിനായി ഇവിടെ സകലജാതിമതസ്ഥന്മാരും വരുന്നുണ്ടു്. എല്ലാവർക്കും സുഖം സിദ്ധിക്കുന്നുമുണ്ടു്. വലിയ മുഴുഭ്രാന്തന്മാരെ കൈയ്യും കാൽക്കും ചങ്ങലയിട്ടു പൂട്ടിക്കെട്ടി ഇവിടെക്കൊണ്ടുവന്ന യഥാവിധി ഈ മരുന്നു സേവിപ്പിച്ചിട്ടു് അവർ സ്വസ്ഥചിത്തന്മാരായി പൂർണ്ണസുഖത്തോടുകൂടി മടങ്ങിപ്പോകുന്നതു് ഇവിടെ ഒട്ടും അസാധാരണമല്ല. തിരുവിതാംകൂർ

Digitised By Kerala Sahitya Akademi

മഹാരാജകുടുംബത്തിൽനിന്ന് ഒരു കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടു കൊല്ലം ഫംന്യവു-ൽ ഇവിടെയെഴുന്നള്ളി ഈ മരുന്നു സേവിച്ചതായി ദേവസ്വംവക കണക്കുകൊണ്ടും മറ്റും കാണുന്നുണ്ട്.

ഈ മരുന്നു സേവിച്ചാൽ കൈവിഷംനിമിത്തമുണ്ടാകുന്ന ഭ്രാന്തും മറ്റും മാത്രമല്ല, കുഷ്ഠം, മഹോദരം, അർശ്സ്സു മുതലായ മഹാരോഗങ്ങളും ഭേദമാകുന്നുണ്ട്. കൈവിഷം നിമിത്തം കഷ്ടപ്പെടുന്നവർ ഇവിടെ വന്ന് ഈ മരുന്നു സേവിച്ചാൽ അവർ ഛർദ്ദിക്കുന്നതിൽ പരിശോധിച്ചുനോക്കിയാൽ ജപിച്ചു കൊടുത്ത സാധനത്തിന്റെ അംശം അതിൽ കാണാം. അപ്പമൊ പഴമൊ എന്തായാലും എത്രകാലം കഴിഞ്ഞാലും അതു മുഴുവനും ദഹിച്ചുപോകുകയില്ല. ജപബാധയുടേയും മറ്റും ഉപദ്രവമുള്ളവർ സ്ത്രീകളായാലും പുരുഷന്മാരായാലും ഇവിടെ വന്ന് ഈ മരുന്നു സേവിച്ചാൽ ഉച്ചപൂജസമയത്തു മഹാദേവന്റെ നടയിലൊ രാത്രിയിൽ പതിവുള്ള കരുതിസമയത്തു യക്ഷിയുടെ നടയിലൊ നില്ക്കുമ്പോൾ തുള്ളിസ്സത്യം ചെയ്തു ഒഴിഞ്ഞുപോവുക സാധാരണമാണ്. ഇവിടെ വന്നാൽ ഒഴിയാത്ത ബാധ ഒന്നുമില്ല.

ഇവിടെയിരിക്കുന്ന യക്ഷി അത്യുഗ്രമൂർത്തിയാണ്. ആ യക്ഷിയുടെ അനുകൂല്യംകൊണ്ടുകൂടിയാണു ജനങ്ങൾ ഇവിടെ വന്നു മരുന്നു സേവിച്ചാൽ അതിനു പൂർണ്ണഫലം സിദ്ധിക്കുന്നത്.

തിരുവിഴാക്ഷേത്രത്തിലെ നിത്യനിദാനം മുതലായ വകയ്ക്കു വേണ്ടുന്ന വസ്തുവകകളും ക്ഷേത്രമുണ്ടായ കാലത്തുതന്നെ ദേശക്കാർ ദേവസ്വം പേരിൽ സമ്പാദിച്ചുവെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. പിന്നെ മരുന്നു സേവിക്കുന്നതിനായി ജനങ്ങളുടെ വരവും നടയ്ക്കുവെയ്പു മുതലായതും വർദ്ധിച്ചപ്പോൾ ആ ദേവസ്വത്തിലെ മുതലും വളരെ വർദ്ധിച്ചു. അതിനും പുറമെ ആ ക്ഷേത്രത്തിന്റെ മാഹാത്മ്യമറിഞ്ഞു് ഏതാണ്ടു കൊല്ലങ്ങൾക്കു മുമ്പുമുതൽ തിരുവിതാംകൂർസർക്കാരിൽനിന്നും ഒരു സംഖ്യ ആണ്ടുതോറും ആ ദേവസ്വത്തിലേയ്ക്കു കൊടുത്തുതുടങ്ങുകയും ചെയ്തിട്ടുണ്ട്.

Digitised By Kerala Sahitya Akademi

ദേവസ്വത്തിൽ ഇങ്ങിനെ മുതൽ ധാരാളമായി വർദ്ധിച്ചപ്പോൾ ക്ഷേത്രത്തിന്റെ ഉടമസ്ഥന്മാരായ ദേശക്കാർ ക്ഷേത്രത്തിലെ പതിവുകളെല്ലാം പരിഷ്കരിച്ച് അതൊരു മഹാക്ഷേത്രത്തിന്റെ സ്ഥിതിയിലാക്കി. അവിടെ ഇപ്പോൾ പതിവായി ദിവസംതോറും അഞ്ചു പൂജയും മൂന്നു ശീവേലിയും നവകം, പഞ്ചഗവ്യം മുതലായവയും ആണ്ടുതോറും മീനമാസത്തിൽ ചതയം കൊടിയേറും തിരുവാതിര ആറാട്ടുമായി ഒരുത്സവവും നടത്തിപ്പോരുന്നുണ്ട്. ആദ്യം അവിടെ ശിവേലിക്കും മറ്റും പഞ്ചവാദ്യങ്ങളും മാത്രമെ ഉണ്ടായിരുന്നുള്ളൂ. പിന്നെ പാണ്ടിവാദ്യവും നാഗസ്വരവും കൂടി ഏർപ്പെടുത്തി. അവയെല്ലാം ഇപ്പോഴും അവിടെ പതിവായി നടക്കുന്നുണ്ട്.

അവിടെ ഉത്സവം തുടങ്ങിയ കാലത്തു കൊടിയേറും ആറാട്ടും മാത്രം ദേവസ്വത്തിൽനിന്നും ശേഷം എട്ടഹസ്സുകർമ്മം അറയ്ക്കൽ പണിക്കർ മുതലായ പ്രധാനന്മാരും നടത്തുകയെന്നാണു നിശ്ചയിച്ചതു്. ഫ്രാന്സു-ാമാണ്ടു് അറയ്ക്കൽപ്പണിക്കരും ഈ അടുത്ത കാലത്തു കീഴോങ്ങലപ്പണിക്കരും അന്യംനിന്നുപോവുകയാൽ അവർ നടത്തിവന്നിരുന്ന അഹസ്സുകർമ്മംകൂടി ഇപ്പോൾ ദേവസ്വത്തിൽനിന്നാണു നടത്തിപ്പോരുന്നതു് അതും കൂടാതെ കണിച്ചിക്കാട്ടു കുറുപ്പു നടത്തിവന്നിരുന്ന അഹസ്സു് അവർ വീഴ്ചവരുത്തുകയാൽ അതിപ്പോൾ ഏറ്റു നടത്തിവരുന്നതു പെരുന്നോർമംഗലം വടക്കുംഭാഗം നായർകരയോഗക്കാരാണു്. ആറാമുത്സവമായ ഭരണിനാളത്തെ ആ അഹസ്സു് ആ കരയോഗക്കാർ വളരെ ഭംഗിയായിട്ടാണു നടത്തിപ്പോരുന്നതു്.

ഇവിടെ വരുന്ന രോഗികൾക്കും മറ്റും കൊടുത്തുവരുന്ന മരുന്നു് ഈ പ്രദേശത്തല്ലാതെ മറെറങ്ങും ഉണ്ടാകുന്നില്ല. ഈ മരുന്നിന്റെ പേരറിയാവുന്നവർ ഈ പ്രദേശത്തുതന്നെ ആരുമീല്ല. ഇതു പറിച്ചു കാണിച്ചു പേരു ചോദിച്ചാലും തിരുവിഴായിലെ മരുന്നു, തിരുവിഴായിലപ്പന്റെ മരുന്നു് എന്നും മറുമല്ലാതെ ആരും പറയുന്നില്ല. ഈ മരുന്നിനു് അനന്യസാധാരണമായ ഒരു വിശേഷമുണ്ടു്. അതെന്തെന്നാൽ പച്ചനിറമായിട്ടുള്ള ആ മരുന്നു പറിച്ചെടുത്താൽ കുറച്ചുനേരം കഴിയുമ്പോൾ അതിന്റെ നിറം നീലമാകും.

Digitised By Kerala Sahitya Akademi

പിന്നെ സപ്പല്പസമയംക്രൂടിക്കഴിയുമ്പോൾ കടുംചുവപ്പാകും. പിന്നെ കുറച്ചുസമയം കഴിയുമ്പോൾ നല്ല കറുപ്പാകും. പിന്നെ മഞ്ഞയാകും. ഒടുക്കം നല്ല വെള്ളയുമാകും. ഈ വിശേഷം മറെറങ്ങും മറെറാരു മരുന്നിനുമില്ലല്ലൊ. ഈ മരുന്നു പാലിൽ ഇടിച്ചു പിഴിഞ്ഞരിക്കുന്നതു ശാന്തിക്കാരൻതന്നെ വേണം. എങ്കിലും അതു പറിച്ചുകൊണ്ടുചെന്നു ശാന്തിക്കാരെ ഏല്പിക്കുന്നതിനുള്ള ചുമതല ഇപ്പോഴും പാത്രംതേപ്പുകാരായ തലയ്ക്കാട്ടു കുടുംബക്കാക്കുതന്നെയാണു്.

ഇവിടെ പണ്ടൊരു വിഷ്ണുക്ഷേത്രമുണ്ടായിരുന്നുവെന്നും അതു് ഇടക്കാലത്തു മുഹമ്മദീയർ നശിപ്പിച്ചുകളഞ്ഞുവെന്നും ആ വിഷ്ണുവിഗ്രഹം അവരെടുത്തുകൊണ്ടുപോയി ഒരു കുളത്തിലിട്ടുകളഞ്ഞുവെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ആ ബിംബം അവർ എവിടെയാണു കളഞ്ഞതെന്നു് ആക്കും നിശ്ചയമില്ലായിരുന്നു. ആ വിഗ്രഹം ക്ഷേത്രത്തിൻെറ ഈശാനകോണിലുള്ള കുളത്തിൽക്കിടക്കുന്നുണ്ടെന്നു് അടുത്തകാലത്തു് അറിവു കിട്ടുകയാൽ ഒരു ക്ഷേത്രം പണി കഴിപ്പിച്ചു് ആ ബിംബംക്രൂടിയെടുത്തു പ്രതിഷ്ഠ നടത്തിക്കണമെന്നു നിശ്ചയിച്ചു ദേശക്കാരെല്ലാവരുംക്രൂടി ക്ഷേത്രം ഇയ്യിടെ പണി കഴിപ്പിച്ചിട്ടുണ്ടു്. എങ്കിലും പ്രതിഷ്ഠ നടത്തിക്കാൻ സാധിച്ചിട്ടില്ല. ആ വിഷ്ണുപ്രതിഷ്ഠക്രൂടി നടത്തിച്ചാൽ ആ ദേശത്തിനു സപ്പലംക്രൂടി ഐശപ്യ്യം വർദ്ധിക്കുമെന്നുള്ളതിനു സംശയമില്ല. ശ്രീവിഷ്ണുഭഗവാൻ അതിനും അവക്കു സംഗതി നൽകട്ടെ.

——(o)——

൩. പാഴൂർ പെരുംതൃക്കോവിൽ

ബ്രിട്ടീഷുമലബാർകാരനായ ഒരു നമ്പൂരിക്കു് ഒരു ജ്യോത്സ്യൻ എഴുതിക്കൊടുത്ത ജാതകത്തിൽ അദ്ദേഹത്തിനു മുപ്പത്തിരണ്ടാമത്തെ വയസ്സിൽ വലിയ ശ്രഷ്ഠപ്പിഴയും ഒരു ദശാവസാനവുമാകയാൽ അതിലധികം കാലം അദ്ദേഹം ജീവിച്ചിരിക്കുകയില്ലെന്നു് എഴുതിയിരുന്നു. അതിനാൽ മുപ്പ

Digitised By Kerala Sahitya Akademi

ത്തിരണ്ടു വയസ്സായപ്പോൾ നമ്പൂരിക്കു വലിയ വിചാരമായി. എങ്കിലും "ജ്യോത്സ്യന്മാരെഴുതിക്കൊടുക്കുന്ന ജാതകങ്ങളെല്ലാം ശരിയായിരിക്കാറില്ലല്ലൊ. ചിലതു തെറ്റിപ്പോകാറുമുണ്ട്. അതിനാൽ ഈ ജാതകം പ്രസിദ്ധജ്യോത്സ്യനും ദൈവജ്ഞനുമായ പാഴൂർകണിയാരെക്കൊണ്ടു് ഒന്നു പരിശോധിപ്പിക്കണം" എന്നു വിചാരിച്ചു നമ്പൂരി ജാതകവുംകൊണ്ടു പാഴൂക്കു പോയി. നമ്പൂരി കണിയാരുടെ പടിപ്പുരയിലെത്തിയതു് ഒരു ദിവസം പകലെ നാലു മണി കഴിഞ്ഞതിന്റെ ശേഷമായിരുന്നു. ഉടനെ കണിയാരെക്കണ്ടു വിവരമെല്ലാം പറഞ്ഞു. കണിയാർ നമ്പൂരിയെ കണ്ടപ്പോഴുത്തന്നെ അദ്ദേഹത്തിന്റെ മുഖത്തു മരണലക്ഷണം പരിപൂർണ്ണമായി തെളിഞ്ഞിരുന്നതിനാൽ അദ്ദേഹം അന്നുതന്നെ മരിക്കുമെന്നും അധികം താമസിപ്പിച്ചാൽ അവിടെക്കിടന്നുതന്നെ മരിച്ചേയ്ക്കുമെന്നും തോന്നുകയാൽ കണിയാർ "ഇന്നു നേരം വൈകിയല്ലോ. ജാതകം നാളെ പരിശോധിക്കാം. ഇന്നു് എവിടെയെങ്കിലും എഴുന്നള്ളിത്താമസിച്ചിട്ടു നാളെ ഇങ്ങോട്ടെഴുന്നള്ളിയാൽ മതി" എന്നു പറഞ്ഞു. "എന്നാൽ നാളെ വരാം" എന്നു പറഞ്ഞു നമ്പൂരി അപ്പോഴുത്തന്നെ അവിടെനിന്നു പോയി.

അദ്ദേഹം നേരെ പെരുന്തൃക്കോവിലിലേക്കാണു പോയതു്. അദ്ദേഹം പുഴയിലിറങ്ങി കുളിയും സന്ധ്യാവന്ദനവും കഴിച്ചു് അമ്പലത്തിലേയ്ക്കു ചെന്നു. നടയിൽ ചെന്നു ശിവദർശനം കഴിച്ചു. അപ്പോഴയ്ക്കും മഴ ആരംഭിച്ചു. അക്കാലത്തു പെരുന്തൃക്കോവിൽക്ഷേത്രം ഇടിഞ്ഞുപൊളിഞ്ഞും കെട്ടിമേച്ചിൽ കഴിക്കാതെ നനഞ്ഞൊലിച്ചുമാണു കിടന്നിരുന്നതു്. നനയാതെ നിൽക്കാൻ അവിടെയെങ്ങും അല്പംപോലും സ്ഥലമുണ്ടായിരുന്നില്ല. അതു കണ്ടപ്പോൾ നമ്പൂരിക്കു വളരെ മനസ്താപമുണ്ടായി. "നല്ലൊരു ശിവക്ഷേത്രം. ഇതിങ്ങിനെ അനാഥസ്ഥിതിലായിപ്പോയതു കഷ്ടം തന്നെ" എന്നു വിചാരിച്ചുകൊണ്ടു് അദ്ദേഹം അവിടെ അടുക്കലുണ്ടായിരുന്ന ഒരു നമ്പൂരിയുടെ ഇല്ലത്തു ചെന്നു് അത്താഴം കഴിച്ചു് അവിടെ കിടന്നു. എങ്കിലും ഈ ക്ഷേത്രത്തിന്റെ സ്ഥിതി വിചാരിച്ചിട്ടു് അദ്ദേഹ

Digitised By Kerala Sahitya Akademi

ത്തിനു് ഉറക്കം വന്നില്ല. നമ്പൂരി വലിയ ധനികനായിരുന്നു. അതിനാൽ അദ്ദേഹം "ഈ ക്ഷേത്രം താമസിയാതെ ജീർണ്ണോദ്ധാരണം കഴിച്ചു നനയാതെയാക്കണം" എന്ന മനസ്സുകൊണ്ടു തീച്ചയാക്കി. അപ്പോഴയ്ക്കും നേരവും വെളുത്തു. ഉടനെ നമ്പൂരി എഴുന്നേറ്റുപോയി അമ്പലക്കടവിൽതന്നെ ചെന്നു കുളിയും നിത്യകർമ്മാനുഷ്ഠാനങ്ങളും കഴിച്ചു് അമ്പലത്തിൽ ചെന്നു് അന്നം ശിവനെ വന്ദിച്ചിട്ടു കണിയാരുടെ അട്ടക്കലെത്തി. നമ്പൂരിയെ കണ്ടപ്പോൾ കണിയാർ ഏറ്റവും വിസ്മയിച്ചു. അദ്ദേഹം തലേദിവസം രാത്രിയിൽതന്നെ മരിക്കുമെന്നും പിന്നെയും അങ്ങോട്ടു ചെല്ലുക ഉണ്ടാവുകയില്ലെന്നുമായിരുന്നു കണിയാർ വിചാരിച്ചിരുന്നതു്. അതിനാൽ കണിയാർ നമ്പൂരിയോടു് "ഇന്നലെ ഇവിടെനിന്നു് എഴുന്നള്ളിയതിന്റെ ശേഷം തിരുമനസ്സുകൊണ്ടു് എന്തോ വലിയതായ ഒരു പുണ്യകർമ്മം ചെയ്യുകയുണ്ടായല്ലോ; അതെന്താണു്?" എന്നു ചോദിച്ചു.

നമ്പൂരി—ഞാൻ വിശേഷിച്ചൊന്നും ചെയ്യുകയുണ്ടായില്ല. ഇവിടെനിന്നു പോയിട്ടു പുഴയിലിറങ്ങി കുളിച്ചു സന്ധ്യാവന്ദനവും ക്ഷേത്രത്തിൽ കയറി ശിവദർശനവും കഴിച്ചതിന്റെ ശേഷം ഒരു നമ്പൂരിയുടെ ഇല്ലത്തു ചെന്നു് അത്താഴവും കഴിച്ചു് അവിടെ കിടന്നു. ഇന്നു നേരത്തെ എണീറ്റു കുളിയും നിത്യകർമ്മവും ശിവദർശനവും കഴിച്ചു് ഇങ്ങോട്ടു പോരികയും ചെയ്തു. അല്ലാതെയൊന്നുമുണ്ടായില്ല.

കണിയാർ—ഇതുകൊണ്ടു മതിയായില്ല. ദേഹംകൊണ്ടല്ലെങ്കിൽ മനസ്സുകൊണ്ടെങ്കിലും ഇന്നലെ വലിയതായ ഒരു പുണ്യകർമ്മം ചെയ്തിരിക്കണം.

നമ്പൂരി—മനസ്സുകൊണ്ടു് ഒരു കാര്യം ഇന്നലെ ചെയ്യുകയുണ്ടായി. അതെന്തെന്നു പറയാം. ഇവിടെയുള്ള പെരുംതൃക്കോവിൽ ക്ഷേത്രം ഇടിഞ്ഞുപൊളിഞ്ഞു നനഞ്ഞൊലിച്ചു കിടക്കുന്നതു കണ്ടിട്ടു് എനിക്കു ദുസ്സഹമായ സങ്കടമുണ്ടായി. രാത്രിയിൽ കിടന്നിട്ടു് എനിക്കു് ഈ വിചാരംകൊണ്ടു് ഉറക്കം വന്നില്ല.

Digitised By Kerala Sahitya Akademi

അതിനാൽ താമസിയാതെ ഈ ക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്യിച്ചേക്കാമെന്നു ഞാൻ മനസ്സുകൊണ്ടു തീച്ചപ്പെടുത്തി. അതിനു വേണ്ടുന്ന സ്വത്തു് എനിക്കു് ഈശ്വരൻ ഉണ്ടാക്കിത്തന്നിട്ടുണ്ടു്". എനിക്കിതൊരു അസാദ്ധ്യമായ കായ്മായി തോന്നുന്നില്ല.

കണിയാർ—മതി. ധാരാളമായി. അവിടേയ്ക്കു ജാതകമെഴുതിത്തന്ന ജ്യോത്സ്യൻ ഒട്ടും നിസ്സാരനല്ല. അവിടുന്നു് ഇന്നലെ മരിക്കേണ്ടതായിരുന്നു. ശിവദർശനം കഴിക്കാൻ സംഗതിയാവുകയും ശിവക്ഷേത്രം പണിയിക്കാമെന്നു നിശ്ചയിക്കുകയും ചെയ്തതുകൊണ്ടാണു് ഇന്നലെ മരിക്കാഞ്ഞതു്. നിശ്ചയിച്ചിട്ടുള്ളതുപോലെ ആ ക്ഷേത്രംപണി ഉടനെ നടത്തിച്ചാൽ നൂറു വയസ്സുവരെ അവിടേയ്ക്കു മരണമുണ്ടാകയില്ലെന്നുള്ള കായ്മും നിശ്ചയമാണു്. ഇനി ജാതകം പരിശോധിക്കയും മറ്റും വേണമെന്നില്ല.

കണിയാരുടെ ഈ വാക്കു കേട്ടപ്പോൾ നമ്പൂരിക്കു വളരെ സന്തോഷമുണ്ടായി. പാഴൂർകണിയാരെക്കുറിച്ചു് അദ്ദേഹത്തിനു നല്ല വിശ്വാസമുണ്ടായിരുന്നതിനാൽ പിന്നെ ഒട്ടും സംശയിക്കാതെ കണിയാരോടു യാത്രയും പറഞ്ഞു സ്വദേശത്തേയ്ക്കു പോവുകയും അധികം താമസിയാതെ ക്ഷേത്രംപണിക്കു വേണ്ടുന്ന പണവുംകൊണ്ടു വീണ്ടും പാഴൂരെത്തി ക്ഷേത്രംപണി ഭംഗിയായി നടത്തിക്കുകയും ചെയ്തു. കണക്കിനു സ്വല്പം വ്യത്യാസമുണ്ടെങ്കിലും അദ്ദേഹം പാഴൂർ പെരുന്തൃക്കോവിൽ ക്ഷേത്രം പണിയിച്ചതു വൈക്കത്തു പെരുന്തൃക്കോവിൽ ക്ഷേത്രത്തിന്റെ മാതൃകയിലാണു്. ആ ക്ഷേത്രം പിന്നെയും കാലാന്തരത്തിൽ ഉരാളന്മാർ ജീർണ്ണോദ്ധാരണം ചെയ്യിച്ചിട്ടുണ്ടായിരിക്കാം. എങ്കിലും മാതൃക മാറീട്ടില്ല. ഇപ്പോഴും അതു വൈക്കത്തു പെരുന്തൃക്കോവിൽ ക്ഷേത്രത്തിന്റെ മാതൃകയിൽത്തന്നെയാണിരിക്കുന്നതു്. ആ മാതൃകയിൽ ആ അമ്പലം പണികഴിപ്പിച്ച നമ്പൂരി മരിച്ചതു നൂറു വയസ്സു തികഞ്ഞതിൽപ്പിന്നെയാണത്രെ.

Digitised By Kerala Sahitya Akademi

൭. തെക്കേടത്തു കുടുംബക്കാർ

ഇപ്പോഠം വൈക്കം താലൂക്കിൽ കടുത്തുരുത്തിദേശത്തു 'തെക്കേടത്തു്' എന്നു പ്രസിദ്ധമായിരിക്കുന്ന നായർകുടുംബം പണ്ടു കോഴിക്കോട്ടു സാമൂതിരികോവിലകത്തിന്റെ സമീപത്തായിരുന്നു. ആ കുടുംബക്കാക്കു സാമൂതിരിപ്പാട്ടതമ്പുരാൻ 'പണിക്കർ' എന്നു സ്ഥാനപ്പേരും കല്പിച്ചുകൊടുത്തിരുന്നു. അതിനാൽ ആ കുടുംബക്കാരെ എല്ലാവരും 'തെക്കേടത്തു പണിക്കർ' എന്നാണു പറഞ്ഞുവന്നിരുന്നതു്. അതു മാത്രമല്ല, സാമൂതിരിപ്പാട്ടതമ്പുരാൻ തന്റെ സേനാനായകസ്ഥാനവും മൂപ്പുമുറയ്ക്കു് ആ കുടുംബക്കാക്കുതന്നെ കൊടുത്തിരുന്നു. അക്കാലത്തു സാമൂതിരിപ്പാട്ടം തിരുവിതാംക്കൂർ, കൊച്ചി മുതലായ രാജ്യങ്ങളിലെ രാജാക്കന്മാരും തമ്മിൽ ക്കുടക്കുടെ യുദ്ധങ്ങളുണ്ടാവുക സാധാരണമായിരുന്നുവല്ലോ. അങ്ങിനെയുണ്ടാകുന്ന യുദ്ധങ്ങളിൽ സൈനികന്മാരുടെ കൈ, കാൽ മുതലായ അവയവങ്ങഠംക്കും മർമ്മസ്ഥലങ്ങഠംക്കും നാഡികഠംക്കും മറ്റും ചിലപ്പോഠം ചില കേടുകഠം പറ്റുകയും ശത്രുക്കളുടെ ആഭിചാരപ്രയോഗങ്ങഠംകൊണ്ടു ദേഹത്തിനു് ആകപ്പാടെ അസ്വാസ്ഥ്യം സംഭവിക്കുകയും ചെയ്തിരുന്നു. അങ്ങിനെയൊക്കെ ഉണ്ടാകുന്ന സമയങ്ങളിൽ തിരുമ്മിയും ചികിത്സകളും മന്ത്രവാദങ്ങളും മറ്റും ചെയ്തു് ആ സൈനികന്മാരെ സ്വസ്ഥരാക്കിത്തീക്കുന്നതിനുള്ള ചുമതലയും സേനാനായകനുണ്ടായിരുന്നു. അതിനാൽ തെക്കേടത്തുകുടുംബക്കാർ തിരുമ്മും ശരീരശാസ്ത്രവും വൈദ്യവും മന്ത്രവാദവും മറ്റും യഥായോഗ്യം പഠിച്ചു് അവയിലെല്ലാം അതിസമർത്ഥന്മാരായിട്ടാണു ജീവിച്ചിരുന്നതു്. ഈവക യോഗ്യതകഠം ആ കുടുംബത്തിലെ പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും യഥായോഗ്യം സമ്പാദിച്ചിരുന്നു. കോവിലകത്തു തമ്പുരാട്ടിമാക്കും ചിലപ്പോഠം വല്ല സുഖക്കേടുകളും ഉണ്ടായേയ്ക്കാമല്ലൊ. അങ്ങിനെയുണ്ടാകുന്ന കാലങ്ങളിൽ നാഡികളും മറ്റും പരിശോധിച്ചും തിരുമ്മിയും ചികിത്സിച്ചും അവരേ സുഖപ്പെടുത്തുന്നതിനു പുരുഷന്മാരായിരിക്കുന്നതിനെക്കാഠം നല്ലതു സ്ത്രീകളായിരിക്കുന്നതാണല്ലൊ എന്നു വിചാരിച്ചു സാമൂതിരിപ്പാട്ടതമ്പുരാൻ പ്രത്യേകം കല്പി

Digitised By Kerala Sahitya Akademi

ച്ചിട്ടാണ തെക്കേടത്തുകുടുംബത്തിലെ സ്ത്രീജനങ്ങളും തിരുമ്മും ചികിത്സയും മറ്റും യഥായോഗ്യം വശമാക്കിയിരുന്നത്

ഈ കുടുംബത്തിലെ പുരുഷന്മാരെ സാമൂതിരിപ്പാടു തമ്പുരാൻ കൊച്ചുതമ്പുരാക്കന്മാരെ ആയോധനവിദ്യ അഭ്യസിപ്പിക്കുന്നതിനും നിയമിച്ചിരുന്നു. അതിനാൽ കാലക്രമേണ അവക്കു രാജഗുരു എന്നുള്ള സ്ഥാനവും സിദ്ധിച്ചു.

ഈ തെക്കേടത്തുകുടുംബത്തിന്റെ ഒരു ശാഖ പൊന്നാനിത്താലൂക്കിൽ ആഴ്വാഞ്ചേരിമനയുടെ സമീപത്തുമുണ്ടായിരുന്നു. അവർ തന്ത്രാക്കളുടെ ആശ്രിതന്മാരുടെ നിലയിലാണു് അവിടെ താമസിച്ചിരുന്നതു്. അപ്രകാരംതന്നെ ഇവർ സാമൂതിരിപ്പാട്ടിലെ സേനാനായകന്റെ ഒരു ശാഖാകുടുംബക്കാരാണല്ലൊ എന്നു വിചാരിച്ചു് ഇവരെക്കുറിച്ചു തന്ത്രാക്കൾക്കും വളരെ ആദരവും ബഹുമാനവുമുണ്ടായിരുന്നു.

തന്ത്രാക്കൾക്കു തിരുവിതാംകൂറിൽച്ചേർന്ന ചേർത്തലത്താലൂക്കിൽ 'വേളോർവട്ടം' എന്ന ദേശത്തു് ഒരു ക്ഷേത്രമുണ്ടല്ലൊ. ആ ക്ഷേത്രംവകയായി വളരെ വസ്തുവകകളുണ്ടായിരുന്നു. ആ ദേവസ്വംവക കാര്യങ്ങളന്വേഷിക്കുന്നതിനു കൊല്ലം നാന്നൂറാമാണ്ടു്, അഞ്ഞൂറാമാണ്ടു് ആയിടയ്ക്കു തന്ത്രാക്കൾ ആ ദേശത്തു (വേളോർവട്ടത്തു) പ്രസിദ്ധന്മാരും പ്രബലന്മാരുമായിരുന്ന 'തോണിക്കടവു' മേനോന്മാരേ ഏല്പിച്ചിരുന്നു. അവർ കൌശലത്തിൽ ദേവസ്വംവക വസ്തുക്കളെല്ലാം അവരുടെ പേരിലാക്കിത്തീർത്തു. തന്ത്രാക്കൾ ആ വിവരമറിഞ്ഞു തോണിക്കടവുമേനോന്മാരേ ദേവസ്വകാര്യവിചാരാധികാരത്തിൽനിന്നു മാറ്റുകയും അവക്കു പകരം തെക്കേടത്തെ ശാഖാകുടുംബത്തിലെ ഒരംഗമായ രാമപ്പണിക്കരെ നിയമിക്കുകയും ചെയ്തു. അക്കാലത്തു് ആ ശാഖാകുടുംബത്തിൽ ആ രാമപ്പണിക്കരും അദ്ദേഹത്തിന്റെ ഭാഗിനേയിയായ പാവ്വതി എന്ന പെൺകുട്ടിയും മാത്രമെ ഉണ്ടായിരുന്നുള്ളൂ. അവരെ രണ്ടുപേരേയും തന്ത്രാക്കൾ വേളോവ്വട്ടത്തു കൊണ്ടുപോയി അവിടെ ഒരു സ്ഥലം കൊടുത്തു താമസിപ്പിക്കുകയും ചെയ്തു. അവരുടെ താമസം അവിടെ ഉറപ്പിക്കണമെന്നു വിചാരിച്ചാണു തന്ത്രാക്കൾ ഇപ്രകാരം ചെയ്തതു്.

Digitised By Kerala Sahitya Akademi

തമ്പ്രാക്കൾ ഇപ്രകാരമെല്ലാം ചെയ്യുന്നതു തോണിക്കടവു മേനോന്മാക്കു് ഒട്ടും രസിച്ചില്ലെന്നുള്ളതു പറയണമെന്നില്ലല്ലൊ. എങ്കിലും അവർ ആ വിരോധം പുറത്തു കാണിക്കാതെ തമ്പ്രാക്കളുടെ അടുക്കൽ വളരെ ഭക്ത്യാദരങ്ങളോടുകൂടിയാണു പെരുമാറിയതു്. തമ്പ്രാക്കൾക്കു തിരിയെപ്പോകാറായപ്പോൾ തോണിക്കടവുമേനോന്മാർതന്നെ തോണിയും തോണിക്കാരേയും ചട്ടംകെട്ടി കടവിൽ ഹാജരാക്കിക്കൊടുത്തു. ശുദ്ധാത്മാവായ തമ്പ്രാക്കൾ ദുഷ്ടന്മാരായ ആ മേനോന്മാരുടെ ദുർവ്വിചാരമൊന്നും അറിയാതെ പരിവാരസമേതം ആ തോണിയിൽത്തന്നെ കയറി യാത്രയായി. മേനോന്മാരും മറ്റൊരു തോണിയിൽക്കയറി അനുയാത്രയായി പിന്നാലെ പോയി. തോണികൾ വേമ്പനാട്ടുകായലിന്റെ നടുവിലെത്തിയപ്പോൾ നേരം ഏകദേശം പാതിരാവായി. അപ്പോൾ അന്ധകാരം കൊണ്ടു യാതൊന്നും കാണാൻ വയ്യാതെയുമിരുന്നു. ആ സമയത്തു തമ്പ്രാക്കളും മറ്റും കയറിയിരുന്ന തോണിയിലെ തോണിക്കാർ മേനോന്മാർ മുമ്പു ചട്ടംകെട്ടിയിരുന്ന പ്രകാരം തോണി അവിടെ ചവിട്ടിമുക്കി. അതിലുണ്ടായിരുന്നവരെയെല്ലാം വെള്ളത്തിലാക്കീട്ടു മേനോന്മാരോടുകൂടി സസുഖം സ്വസ്ഥാനങ്ങളിൽ മടങ്ങിയെത്തി. തമ്പ്രാക്കളും മറ്റും കായലിലെ ഉപ്പുവെള്ളം കുടിച്ചു മരിച്ചിരിക്കുമെന്നായിരുന്നു മേനോന്മാരുടേയും മറ്റും വിശ്വാസം. എങ്കിലും സദ്ഭൃത്യനും ഈശ്വരഭക്തനുമായിരുന്ന തമ്പ്രാക്കൾക്കും കുട്ടികാക്കും വലിയ ആപത്തൊന്നും സംഭവിച്ചിട്ടില്ല. അവർ കയറിയിരുന്ന തോണി മുക്കിയ സ്ഥലത്തു് അധികം താഴ്ചയുണ്ടായിരുന്നില്ല. അവിടെ മണൽ വന്നുകൂടിയിരുന്നതിനാൽ അവർക്കു് അരയോളം മാത്രമേ വെള്ളമുണ്ടായിരുന്നുള്ളൂ. മേനോന്മാരും മറ്റും പൊയ്ക്കഴിഞ്ഞയുടനെ എവിടെയോ പോകുന്നതിനായി അതിലേ ഒരു തോണിക്കാർ വന്നു. ആ തോണിയിൽ വിളക്കുമുണ്ടായിരുന്നു. ആ വെളിച്ചം കണ്ടപ്പോൾ തമ്പ്രാക്കളുടെ ഭൃത്യന്മാർ "അയ്യോ! തോണിക്കാരേ! നിങ്ങൾ സദയം ഞങ്ങളെ രക്ഷിക്കണേ. നിങ്ങൾ രക്ഷിച്ചില്ലെങ്കിൽ ഞങ്ങൾ ഈ ഉപ്പുവെള്ളം കുടിച്ചു മരിച്ചുപോകും. ഞങ്ങളുടെ തോണി മുങ്ങിപ്പോയതിനാൽ ഞങ്ങൾ ഈ ആപത്തി

Digitised By Kerala Sahitya Akademi

ലകപ്പെട്ടിരിക്കുകയാണേ" എന്നു വിളിച്ചു പറഞ്ഞു. അതു കേട്ട് ആ തോണിക്കാക്കു മനസ്സലിയുകയാൽ അവർ അടുത്തു ചെന്നു തമ്പ്രാക്കളേയും മറ്റും ആ തോണിയിൽക്കയറ്റി കായലിന്റെ കിഴക്കേക്കരയിൽ ഇറക്കി വിട്ടു. ആ തോണിക്കാരപ്പോഠത്തന്നെ അവക്കു പോകാനുണ്ടായിരുന്ന സ്ഥലത്തേയ്ക്കു പോവുകയും ചെയ്തു. അപ്പോഴെയ്ക്കും നിലാവു തെളിഞ്ഞുതുടങ്ങുകയാൽ തമ്പ്രാക്കളും പരിവാരങ്ങളോടുക്കൂടി വടക്കോട്ടു നടന്നുതുടങ്ങി. നേരം വെളുത്തപ്പോഠം വഴിയിൽ വെച്ചു തമ്പ്രാക്കളെ പരിചിതന്മാരായ ചിലർ കണ്ടെത്തുകയും അവർ അദ്ദേഹത്തെ പരിവാരസമേതം ക്ഷണിച്ചു കൊണ്ടുപോയി യഥായോഗ്യം സല്ക്കരിക്കുകയും കുളിയും ഭക്ഷണവും മറ്റും കഴിപ്പിച്ചു വാഹനങ്ങളിലാക്കി സ്വദേശത്തെത്തിക്കുകയും ചെയ്തു.

തമ്പ്രാക്കളേയും മറ്റും വെള്ളത്തിൽച്ചാടിച്ചിട്ട സ്വദേശത്തെത്തിത്താമസിച്ചിരുന്ന തോണിക്കടവുമേനോന്മാർ സ്വല്പദിവസം കഴിഞ്ഞപ്പോഠം തെക്കേടത്തു രാമപ്പണിക്കരേയും അദ്ദേഹത്തിന്റെ അനന്തരവളായ പെൺകുട്ടിയേയും ഓരോ വിധത്തിൽ കുറേശ്ശ ഉപദ്രവിച്ചുതുടങ്ങി. ആ ഉപദ്രവം ക്രമേണ ദുസ്സഹമായിത്തീർന്നപ്പോഠം രാമപ്പണിക്കർ—ഇതു് അന്യദേശമാണു്. ഇവിടെ താനും ഈ പെൺകുട്ടിയും മാത്രമേയുള്ളൂ. തനിക്കു ബന്ധുക്കളായി ഇവിടെ ആരുമില്ല. ഈ മേനോന്മാർ പ്രബലന്മാരുമാണു്. ഈ സ്ഥിതിയിൽ ഇവരോടു കയക്കാൻ പുറപ്പെട്ടാൽ അബദ്ധമായിത്തീരും. വല്ല വിധവും ഇവിടെനിന്നു പോവുകതന്നെയാണു നല്ലതു്—എന്നു മനസ്സുകൊണ്ടു് ആലോചിച്ചു തീർച്ചപ്പെടുത്തീട്ടു് അദ്ദേഹം വാസസ്ഥലത്തുനിന്നു് ഇറങ്ങിപ്പോയി ഒരു തോണിക്കാരനെ വിളിച്ചു തനിക്കു് അന്നു അസ്തമിച്ചു പത്തുപന്ത്രണ്ടുനാഴിക വെളുപ്പാനുള്ളപ്പോഠം കായലിന്റെ കിഴക്കേക്കരവരെ പോകണമെന്നും അതിനു് ആ സമയത്തു് ഒരു തോണി കടവിൽ കൊണ്ടുവരണമെന്നും സ്വകാര്യമായിപ്പറഞ്ഞു ചട്ടംകെട്ടുകയും അതിനു് അവൻ പറഞ്ഞ കൂലി കൊടുക്കാമെന്നു സമ്മതിക്കുകയും ചെയ്തു. ആ തോണിക്കാരൻ അവനോടു പറഞ്ഞിരുന്ന സമയത്തു തോണി കടവിൽക്കൊണ്ടുവന്നു. ഉടനെ രാമപ്പണിക്കർ തന്റെ ഭാഗിനേയിയോടുക്കൂടി ശ്രദ്ധമായി

Digitised By Kerala Sahitya Akademi

പ്പോയി അതു തോണിയിൽക്കയറി കായലിന്റെ കിഴക്കേക്കര യിലിറങ്ങുകയും തോണിക്കാരനു പറഞ്ഞിരുന്ന കൂലികൊടുത്തു് അവനെ അയയ്ക്കുകയും ചെയ്തതിന്റെ ശേഷം അവിടെനിന്നു മാറി ഒരു സ്ഥലത്തു സ്വല്പസമയമിരുന്നു.

അപ്പോഴെയ്ക്കും നേരം വെളുത്തുതുടങ്ങുകയാൽ രാമപ്പണി ക്കർ തന്റെ അനന്തരവളോടുകൂടിപ്പോയി അക്കാലത്തു നാടു വാഴുന്നുണ്ടായിരുന്ന വടക്കുംകൂർ രാജാവിനെക്കണ്ടു താനാരാ ണെന്നും അവിടെച്ചെന്നതിന്റെ കാരണമെന്തെന്നും അവിടെ അറിയിച്ചു. തന്നെ ശരണം പ്രാപിച്ചിരിക്കുന്നതു സാമൂതിരിരാജാവിന്റെ സേനാനായകത്വവും ഗുരുസ്ഥാനവു മുള്ള തെക്കേടത്തു പണിക്കരാണെന്നറിഞ്ഞപ്പോൾ വടക്കുംകൂർ രാജാവു വളരെസ്സന്തോഷിക്കുകയും അവരെ അവിടെ സാദരം സ്വീകരിക്കുകയും സുഖമാകുംവണ്ണം ഒരു സ്ഥലത്തു താമസി പ്പിക്കുകയും ചെയ്തു.

തന്ത്രാക്കളാൽ നിയുക്തനായിരുന്ന രാമപ്പണിക്കർ ഭാഗി നേയിയോടുകൂടി ആ ദിക്കു വിട്ടുപോയി എന്നറിഞ്ഞപ്പോൾ തോണിക്കടവുമേനോന്മാക്കു വളരെ സന്തോഷമായി. എങ്കിലും അധികം താമസിയാതെ അവരുടെ കുടുംബത്തിൽ ബാലമര ണങ്ങളും, ദുർമ്മരണങ്ങളും, മഹാരോഗപീഡകളും മുതലായ ഓരോ ആപത്തുകൾ കണ്ടുതുടങ്ങി. അപ്പോളവർ അതിന്റെ കാരണമറിയുന്നതിനായി പ്രശ്നം വെയ്പിച്ചുനോക്കിക്കുകയും ഇവയെല്ലാം കാരണം ഒരു മഹാബ്രാഹ്മണന്റെ ശാപമാ ണെന്നു പ്രശ്നക്കാരൻ വിധിക്കുകയും ചെയ്തു.

മഹാബ്രാഹ്മണന്റെ ശാപമെന്നു കേട്ടപ്പോൾത്തന്നെ ആ മഹാബ്രാഹ്മണൻ തന്ത്രാക്കളിതന്നെയാണെന്നു മനസ്സു കൊണ്ടു തീച്ചപ്പെടുത്തീട്ടു മേനോന്മാർ തന്ത്രാക്കളെക്കണ്ടു സന്തോഷിപ്പിക്കുന്നതിനായി അമൂല്യങ്ങളായ അനേകം കാഴ്ച ദ്രവ്യങ്ങളുംകൊണ്ടു് ആഴ്ചവാഞ്ചേരി മനയ്ക്കലെത്തി അവിടെ യുണ്ടായിരുന്ന ഒരു നമ്പൂരിയോടു പറഞ്ഞു തോണിക്കടവു മേനോന്മാർ കാണാൻ വന്നിരിക്കുന്നു എന്നു തന്ത്രാക്കളുടെ അടുക്കൽ അറിയിച്ചു. അതു കേട്ടിട്ടു തന്ത്രാക്കൾ "തോണിക്ക ടവുമേനോന്മാർ ഇനിയുമുണ്ടോ? അവരുടെയൊക്കെ കഥ

Digitised By Kerala Sahitya Akademi

കഴിഞ്ഞിരിക്കുമെന്നാണല്ലോ ഞാൻ വിചാരിച്ചിരുന്നത്" എന്നു പറഞ്ഞതല്ലാതെ അവക്കു കാണാൻ സൌകര്യം കൊടുക്കുകയോ അവരുടെ കാഴ്ചദ്രവ്യങ്ങൾ സ്വീകരിക്കുകയോ ചെയ്തില്ല. അതിനാൽ മേനോന്മാർ ഇച്ഛാഭംഗത്തോടുകൂടി മടങ്ങിപ്പോവുകയും പിന്നെ അധികം താമസിക്കാതെതന്നെ അവരുടെ കുടുംബം നാമാവശേഷമായിത്തീരുകയും ചെയ്തു.

തെക്കേടത്തു രാമപ്പണിക്കരും ഭാഗിനേയിയും വടക്കുംക്കൂർ രാജാവു കൊടുത്ത സ്ഥലത്തു് ഏതാനും ദിവസങ്ങൾ താമസിച്ചതിന്റെ ശേഷം രാജാവു തന്റെ സേനാനായകനായ മങ്ങാട്ടുപണിക്കരുടെ കീഴിൽ രാമപ്പണിക്കരെ ഉപസേനാനായകനാക്കി നിയമിക്കുകയും അവക്കു താമസിക്കുന്നതിനു വടക്കുംക്കൂറിലുൾപ്പെട്ട കടുത്തുരുത്തി ദേശത്തു് അവരുടെ പേരിൽത്തന്നെ ഒരു ഗൃഹമുണ്ടാക്കിച്ചു് അതും അവക്കു നിത്യവൃത്തി സുഖമായി കഴിയാൻ തക്കവണ്ണം വസ്തുവകകളും കൊടുത്തു. കോഴിക്കോട്ടുള്ള തെക്കേടത്തു കുടുംബത്തിന്റെ ഒരു ശാഖ കടുത്തുരുത്തിയിലുമുണ്ടായിത്തീർന്നതു് ഇങ്ങിനെയാണു്. അതു കടുത്തുരുത്തിയിലായിട്ടും അതിന്റെ 'തെക്കേടത്തെ'ന്നുള്ള നാമധേയം അവർ മാറിയില്ല. കടുത്തുരുത്തിയിൽ സ്ഥിരതാമസമാക്കിയതിന്റെ ശേഷം രാമപ്പണിക്കരുടെ ഭാഗിനേയിയായിരുന്ന 'പാർവ്വതി' എന്ന ആ പെൺകുട്ടിക്കു യോഗ്യനായ ഒരു പുരുഷൻ ഭർത്താവായിത്തീരുകയും ആ ദമ്പതിമാർക്കു സ്ത്രീകളായിട്ടും പുരുഷന്മാരായിട്ടും ധാരാളം സന്താനങ്ങളുണ്ടാവുകയും ചെയ്തു.

അനന്തരം ഏതാനും ശതാബ്ദങ്ങൾ കഴിഞ്ഞപ്പോൾ സാമൂതിരിപ്പാട്ടിലെ രാജ്യാധികാരം ബ്രിട്ടീഷുകാരും വടക്കുംക്കൂർ രാജാവിന്റെ രാജ്യാധികാരം തിരുവിതാംക്കൂർ മഹാരാജാവും പിടിച്ചെടുക്കുകയാൽ ആ രണ്ടു രാജാക്കന്മാർക്കും രാജ്യാധികാരമില്ലാതെയായി. അപ്പോൾ തെക്കേടത്തു കുടുംബക്കാർക്ക് ഉദ്യോഗസംബന്ധമായും മറ്റുമുണ്ടായിരുന്ന സ്ഥാനമാനങ്ങളും പോയി. എങ്കിലും അവർ കുലവിദ്യകളായി കരുതിയിരുന്ന നാഡിപരിശോധന, തിരുമ്മു, ചികിത്സ, മന്ത്രവാദം മുതലായ വിദ്യകളും സ്ത്രീകളും പുരുഷന്മാരും യഥാക്രമം

Digitised By Kerala Sahitya Akademi

പിന്നെയും അഭ്യസിച്ചുകൊണ്ടുതന്നെയിരുന്നു. അതിനാൽ ആ കുടുംബത്തിൽ പലകാലങ്ങളിലായി അഭ്യസ്തവിദ്യന്മാരും അതിപ്രസിദ്ധന്മാരുമായി അനേകം സ്ത്രീപുരുഷന്മാർ ജീവിച്ചിരുന്നിരുന്നു. അവരെ എല്ലാവരേയുംകുറിച്ചു പ്രത്യേകം പ്രത്യേകം വിവരിക്കുന്ന കാര്യം ദുഷ്കരമാകയാൽ അതിനായി ഉദ്യമിക്കുന്നില്ല. കൊല്ലം ആയിരാമാണ്ടിനിപ്പുറം ജീവിച്ചിരുന്ന 'കേശവൻനായർ' എന്ന മഹാനെക്കുറിച്ചുമാത്രം ചുരുക്കത്തിൽ ചിലതെല്ലാം പ്രസ്താവിച്ചുകൊള്ളുന്നു.

കേശവൻനായരുടെ ജനനം കൊല്ലം ൧൦൦൯-ാമാണ്ടു കർക്കടകമാസത്തിൽ അശ്വതി നക്ഷത്രത്തിലായിരുന്നു. അദ്ദേഹത്തിന്റെ അമ്മ 'നങ്ങുഅമ്മ' എന്ന പ്രസിദ്ധയായിരുന്ന വിഭുഷിയും അച്ഛൻ കുന്നപ്പള്ളിൽ 'പൂവത്തുകുന്നേൽ' എന്ന പ്രസിദ്ധമായിരുന്ന കുടുംബത്തിലെ ഒരംഗവുമായിരുന്ന ഇടിച്ചേന്നൻ നായരുമായിരുന്നു. കേശവൻനായർക്കു കുഞ്ഞുനായർ എന്നു പറയപ്പെട്ടിരുന്ന രാമൻനായർ എന്നൊരു ജ്യേഷ്ഠനും കൊച്ചുപിള്ള എന്നു പറയപ്പെട്ടിരുന്ന നാരായണൻനായർ എന്നൊരു അനുജനും എല്ലാവരിലും ഇളയതായിട്ടു പാവ്തിയമ്മ എന്നൊരു സഹോദരിയുമുണ്ടായിരുന്നു. ആ സഹോദരിയുണ്ടായി ഏകദേശം ഒമ്പതു മാസമായപ്പോഠം അവരുടെ മാതാവും കാലധർമ്മത്തെ പ്രാപിച്ചു.. അനന്തരം ആ കുട്ടികളുടെ സംരക്ഷണവും പരിചരണവും ബാല്യവിദ്യാഭ്യസനവുമെല്ലാം നടത്തിവന്നതു് അവരുടെ മാതാമഹിയായിരുന്ന പാവ്തിയമ്മയായിരുന്നു. പാവ്തിയമ്മയ്ക്കു് ഇവയെല്ലാംക്രമീനിവ്ഹിക്കുന്ന കാര്യം ദുഷ്കരമായിത്തീരുകയാൽ അവർ ഈ കുട്ടികളെ അക്ഷരാഭ്യാസം ചെയ്യിക്കുന്നതിനു 'ചൂരക്കാട്ടു ഗോവിന്ദൻനായർ' എന്നൊരാളെക്കൂടി നിയമിച്ചു. എങ്കിലും കലവിദ്യകളായ നാഡിപരിശോധന, മർമ്മചികിത്സ, തിരുമ്മുമുതലായവയെല്ലാം പിന്നെയും ആ കുട്ടികളെ ശീലിപ്പിച്ചുകൊണ്ടിരുന്നതു പാവ്തിയമ്മതന്നെയായിരുന്നു.

അക്കാലത്തു കുടുംബകാര്യങ്ങളനേപഷിക്കുന്നതിനും അവിടെ പ്രായം തികഞ്ഞവരും ശേഷിയും ശേമുഷിയുമുള്ളവരുമായി വേറെ ആരുമില്ലായിരുന്നു. അതിനാൽ അതും പാവ്തിയമ്മതന്നെ വഹിച്ചുകൊണ്ടിരുന്നു. അങ്ങിനെ കാര്യം

Digitised By Kerala Sahitya Akademi

കാലം കഴിഞ്ഞപ്പോൾ പാവ്വതിയമ്മയെ പ്രായാധിക്യംനിമിത്തമുള്ള ക്ഷീണം ബാധിച്ചുതുടങ്ങി. അപ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാംക്രുടി വഹിക്കുന്നതിന് അവരാൽ സാദ്ധ്യമല്ലാതെയായി. അതിനാലനന്തരമവർ തന്റെ ദൌഹിത്രന്മാരെ തിരുമ്മു മുതലായവ അഭ്യസിപ്പിക്കുന്നതിനാ തലയോലപ്പറമ്പിൽ 'തിരുമഠത്തിൽ കൂപ്പനണ്ണാവി' എന്ന പ്രസിദ്ധനായിരുന്ന പരദേശബ്രാഹ്മണനെക്രൂടെ നിയമിച്ചു. അദ്ദേഹം നാഡിപരിശോധനയിലും തിരുമ്മിലും മറ്റും അതിസമർത്ഥനായിരുന്നു. എങ്കിലും തന്റെ തറവാട്ടുപാരമ്പര്യക്രമം തെറ്റിപ്പോകരുതല്ലോ എന്നു വിചാരിച്ചു പാവ്തിയമ്മ ശരിയായി മേൽനോട്ടവും നടത്തിയിരുന്നു. പാവ്തിയമ്മ തന്റെ ദൌഹിത്രന്മാരുടെ പഠനകാര്യത്തിൽ മാത്രമല്ല മനസ്സുവെച്ചിരുന്നതു്. അവരുടെ സഹോദരിയായിരുന്ന പെൺകൂട്ടിയുടെ അഭ്യാസകാര്യത്തിലും ശരിയായി ശ്രദ്ധിച്ചിരുന്നു. അതിനാൽ ആ പെൺകൂട്ടിയും തിരുമ്മു, നാഡിപരിശോധന, മർമ്മചികിത്സ മുതലായവയിൽ അതിസമർത്ഥയായിത്തീർന്നു. എങ്കിലും ആ ബാലികയുടെ മൂത്തസഹോദരനായിരുന്ന രാമൻ (കുഞ്ഞു) നായർ തറവാട്ടുവക കൃഷികാര്യങ്ങളിലും മറ്റും ഏർപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിനും മൂന്നാമനായ നാരായണൻനായർ (കൊച്ചുപിള്ള) മൂത്തജ്യേഷ്ഠനെ സഹായിച്ചുകൊണ്ടിരുന്നതിനാൽ അദ്ദേഹത്തിനും കുടുംബപാരമ്പര്യപ്രകാരമുള്ള തിരുമ്മു, മർമ്മചികിത്സ മുതലായവയിൽ പരിപൂർണ്ണജ്ഞാനം സമ്പാദിക്കാൻ കഴിഞ്ഞില്ല. എന്നാൽ കേശവൻനായക്കു ജ്യേഷ്ഠന്റെയും അനുജന്റെയും സഹായമുണ്ടായിരുന്നതിനാൽ ഇതരകൃത്യങ്ങളിലൊന്നിലും ഏർപ്പേടേണ്ടതായി വന്നില്ല. അതിനാൽ അദ്ദേഹം കുടുംബപാരമ്പര്യപ്രകാരമുള്ള നാഡിശാസ്ത്രം, മർമ്മചികിത്സ, തിരുമ്മു മുതലായവയെല്ലാം യഥാക്രമം സശ്രദ്ധം പഠിച്ചുകൊണ്ടിരിക്കുകയും കാലക്രമേണ അവയിലെല്ലാം അതിസമർത്ഥനായിത്തീരുകയും ചെയ്തു.

അങ്ങിനെയിരുന്ന കാലത്തു് ഒരു ദിവസം കൂപ്പനണ്ണാവി തന്റെ ഭാര്യാപുത്രാദികളുടെ കുശലമന്വേഷിക്കുന്നതിനായി തലയോലപ്പറമ്പിലുള്ള മഠത്തിലേയ്ക്കു പോയിരുന്നു. അദ്ദേഹം മഠത്തിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ പുത്രന്മാരെ

Digitised By Kerala Sahitya Akademi

ല്ലാവരും ബോധരഹിതരായി അവിടെക്കിടക്കുന്നതു കണ്ടിട്ട് അതിന്റെ കാരണമെന്താണെന്നു ചോദിച്ചു. അപ്പോൾ മഠത്തിലുണ്ടായിരുന്ന സ്ത്രീകൾ "അവർ എന്തോ കാരണവശാൽ തമ്മിൽ ശണ്ഠകൂടുകയും പരസ്പരം അടിക്കുകയും എല്ലാവരും ബോധംകെട്ടു വീഴുകയും ചെയ്തു. എന്നല്ലാതെ ഒന്നും അറിഞ്ഞുകൂടാ" എന്നു പറഞ്ഞു. ഉടനെ കുപ്പനണ്ണാവി ആ പുരുന്മാരുടെ അടുക്കൽച്ചെന്നു തന്റെ പുറംകാൽകൊണ്ട് എല്ലാവർക്കും ഓരോ തട്ടുവെച്ചുകൊടുത്തു. തൽക്ഷണം അവർക്കെല്ലാവർക്കും ബോധം വീഴുകയും എല്ലാവരും എഴുന്നേറ്റുനില്ക്കുകയും ചെയ്തു. അപ്പോൾ കുപ്പനണ്ണാവി "നിങ്ങൾ ഇതു കഥയില്ലാത്തവരായിപ്പോയല്ലോ. ശത്രുക്കൾ വന്നു നേരിട്ടാൽ അപ്പോൾ പ്രയോഗിക്കേണ്ടുന്നതിനായി ഞാൻ നിങ്ങളെ പഠിപ്പിച്ച വിദ്യ നിങ്ങൾ തമ്മിൽത്തന്നെയാണല്ലോ പ്രയോഗിച്ചുതുടങ്ങിയിരിക്കുന്നതു്. ഇതു മഹാകഷ്ടംതന്നെ. ഇനി ഒരിക്കലും ഇങ്ങിനെ ചെയ്യരുതു്" എന്നും മറ്റും ഉപദേശിച്ചിട്ടു സ്വന്തമായി അവിടെയുണ്ടായിരുന്ന അമൂല്യങ്ങളായ ഗ്രന്ഥങ്ങളെല്ലാം കെട്ടിയെടുത്തുകൊണ്ടു് അപ്പോൾത്തന്നെ കടത്തുരുത്തിക്കു മടങ്ങിപ്പോയി. അതിൽപ്പിന്നെ ഒരിക്കലും അദ്ദേഹം തലയോലപ്പറമ്പിലേയ്ക്കു പോയിട്ടില്ല. സ്ഥിരവാസം കടുത്തുരുത്തിയിൽത്തന്നെയാക്കി.

അങ്ങിനെ ഏതാനുംകാലം കഴിഞ്ഞതിന്റെ ശേഷം ഒരു ദിവസം കുപ്പനണ്ണാവി തന്റെ ഗ്രന്ഥങ്ങളെല്ലാമെടുത്തുകൊണ്ടു് അവിടെയുള്ള ഗണപതിക്ഷേത്രത്തിന്റെ നടയിൽച്ചെന്നുനിന്നുകൊണ്ടു തന്റെ ശിഷ്യരായി തെക്കേടത്തുണ്ടായിരുന്നവരെയെല്ലാം അവിടെ വിളിച്ചുവരുത്തീട്ട് "ഈ ഗണപതിയെ പരദേവതയായി വിചാരിച്ചുകൊള്ളണം" എന്നു പറയുകയും എല്ലാവരേയും ശിരസ്സിൽ കൈവെച്ചു പ്രത്യേകം പ്രത്യേകമനുഗ്രഹിക്കുകയും തന്റെ ഗ്രന്ഥങ്ങളെല്ലാം കേശവൻനായരുടെ കൈയിൽക്കൊടുക്കുകയും ചെയ്തിട്ട് അദ്ദേഹം അവിടെനിന്ന് ഇറങ്ങിപ്പോയി. പിന്നെ അദ്ദേഹത്തെക്കാണാനെന്നല്ല, അദ്ദേഹത്തിന്റെ കഥയെന്തെങ്കിലും കേൾക്കാൻപോലും ആർക്കും സാധിച്ചിട്ടില്ല.

അനന്തരം അധികം കാലം കഴിയുന്നതിനുമുമ്പുതന്നെ തെക്കേടത്തു കുടുംബത്തിലെ നായികയും സൌഭാഗ്യവതിയും

Digitised By Kerala Sahitya Akademi

വിദുഷിയുമായിരുന്ന പാവ്വതിയമ്മ പരമഗതിയെ പ്രാപിച്ചു. പിന്നെ അവരുടെ ദൌഹിത്രന്മാരായ മൂന്നു പുരുഷന്മാരും അവരുടെ സഹോദരിയായ ഒരു സ്ത്രീയും മാത്രമേ ആ കുടുംബത്തിലുണ്ടായിരുന്നുള്ളൂ. ആ സ്ത്രീയുടെ പേരും പാവ്വതിയമ്മയെന്നുതന്നെയായിരുന്നു. ഗൃഹകൃത്യങ്ങളെല്ലാം നിവ്വഹിക്കുന്നതിനു് ആ ഒരു സ്ത്രീയെക്കൊണ്ടു മതിയാകാതെ വരികയാൽ പുരുഷന്മാരിൽ മൂത്തയാളായ രാമൻനായർ ജാതിമര്യ്യാദപ്രകാരം ഒരു സ്ത്രീയെ വിവാഹം ചെയ്തു. ആ സ്ത്രീയെയും തന്റെ ഗൃഹത്തിൽക്കൊണ്ടുവന്നു താമസിപ്പിക്കാമെന്നു വിചാരിച്ചാണു് അദ്ദേഹമങ്ങിനെ ചെയ്തതു്. എങ്കിലും ആ വിചാരം ഫലിച്ചില്ല. ആ സ്ത്രീക്കു സ്വഗൃഹം വിട്ടു ഭർത്തൃഗൃഹത്തിൽപ്പോയിത്താമസിക്കാൻ സൌകര്യമില്ലായിരുന്നു. അതിനാൽപ്പിന്നെ രണ്ടാമനായിരുന്ന കേശവൻനായരും ഒരു വിവാഹം ചെയ്തു. അതിനായി തെരഞ്ഞെടുക്കപ്പെട്ട യുവതി മുളക്കുളത്തു വെങ്ങോലി വടക്കെവീട്ടിൽ ലക്ഷ്മിയമ്മയായിരുന്നു. വിവാഹാനന്തരം ആ സ്ത്രീ മിക്കപ്പോഴും ഭർത്തൃഗൃഹത്തിൽത്തന്നെയാണു താമസിച്ചിരുന്നതു്. ചിലപ്പോൾ മാത്രമേ സ്വഗൃഹത്തിൽച്ചെന്നു താമസിച്ചിരുന്നുള്ളൂ.

കേശവൻനായർ സഭ്യനായിത്തീർന്നതിന്റെ ശേഷവും കുടുംബപാരമ്പര്യപ്രകാരമുള്ള വിദ്യകളിൽ ഔൽസുക്യവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുന്നതിനായി പരിശ്രമിച്ചുകൊണ്ടുതന്നെയിരുന്നു. ഗുരുനാഥനായിരുന്ന കൂപ്പനണ്ണാവി സ്വയം കൊടുത്ത ഗ്രന്ഥങ്ങളുടെ സഹായംകൊണ്ടു് അദ്ദേഹം കാലക്രമേണ ആയുർവ്വേദചികിത്സ, മന്ത്രവാദം മുതലായവയിലും അതിസമർത്ഥനായിത്തീർന്നു.

അങ്ങിനെയിരുന്നപ്പോൾ ഒരു ദിവസം രാത്രിയിൽ കേശവൻനായർ അത്താഴമൂണും കഴിച്ചു ഭാര്യാഗൃഹത്തിലേയ്ക്കു പുറപ്പെട്ടു. അക്കാലത്തു് അദ്ദേഹത്തിന്റെ ഭാര്യ അവരുടെ വീട്ടിൽപ്പോയിത്താമസിക്കുകയായിരുന്നു. അതുകൊണ്ടാണു് അദ്ദേഹം അങ്ങോട്ടു പുറപ്പെട്ടതു്. അക്കാലത്തു കേശവൻനായക്കു് ഇരുപത്തിരണ്ടു വയസ്സു മാത്രമേ പ്രായമായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ ഗൃഹത്തിൽനിന്നു ഭാര്യയുടെ ഗൃഹത്തിലേയ്ക്കു് അഞ്ചാറുനാഴിക ദൂരമുണ്ടായിരുന്നു. എങ്കിലും

Digitised By Kerala Sahitya Akademi

ചോരത്തിളപ്പിന്റെ ശക്തികൊണ്ടാണു് അദ്ദേഹം തനിച്ചു പുറപ്പെട്ടതു്. അദ്ദേഹത്തിനു സഹായത്തിനു് അദ്ദേഹത്തിന്റെ കൈയിൽ ഒരു മുച്ചാൺ (മൂന്നുചാൺ നീളമുള്ള) ചൂരൽവടി മാത്രമേ ഉണ്ടായിരുന്നുള്ളു. കടുത്തുരുത്തിക്കും മുട്ടുകുളത്തിനുമിടയ്ക്കു 'കൊച്ചാലുംമൂട്ടു്' എന്നൊരു സ്ഥലമുണ്ടല്ലോ. അവിടം അക്കാലത്തു വലിയ വനപ്രദേശമായിരുന്നു കേശവൻനായർ ആ സ്ഥലത്തെത്തിയപ്പോൾ പുലരാറായിട്ടും പറയാറായിട്ടും ഏകദേശം അറുപതോളം ആളുകൾ വന്നു് അദ്ദേഹത്തെ വളഞ്ഞു. അപ്പോൾ അവരുടെ ഉദ്ദേശ്യം ദ്രോഹോപദ്രവവും അപഹരണവുമാണെന്നു മനസ്സിലാവുകയാൽ കേശവൻനായർ ഒരു ക്രൂസലും ക്രുടാതെ തന്റെ കൈയിലുണ്ടായിരുന്ന ചൂരൽവടിയുംകൊണ്ടു് അവരോടു നേരിട്ടു. അവർ തമ്മിലുള്ള ആ പോരാട്ടം ഏകദേശം കാൽനാഴിക നേരം മാത്രമെ ഉണ്ടായുള്ളു. അപ്പോഴെയ്ക്കും ആ അക്രമികളെല്ലാം നിലംപതിച്ചു. എന്നിട്ടും കേശവൻനായർ സ്വല്പം ക്ഷീണിക്കുകയോ വിയക്കുകയോ ചെയ്തില്ല. അദ്ദേഹമുടനെ ഭാര്യാഗൃഹത്തിലേയ്ക്കു പോയി. കേശവൻനായരുടെ ഗുരുമുഖേനയുള്ള അഭ്യസനം കഴിഞ്ഞിട്ടു് ഇതു് ആദ്യത്തെ പ്രയോഗമായിരുന്നു. അതിനാൽ ഇതു് അരങ്ങേറ്റമായിരുന്നു എന്നുതന്നെ പറയാം. പിറേറദിവസം കാലത്തു കേശവൻനായർ മടങ്ങിവന്നപ്പോഴും ആ അക്രമികളെല്ലാം ആ സ്ഥലത്തുതന്നെ കിടക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവരേയെല്ലാം പിടിച്ചെഴുന്നേല്പിച്ചു തലോടി സ്വസ്ഥരാക്കിയതിന്റെ ശേഷം അവരോടു താൻ ഇന്നാരാണെന്നും തന്റെ സ്ഥിതി ഇന്നപ്രകാരമാണെന്നും മേലാൽ ആരേയും ഉപദ്രവിക്കരുതെന്നും തന്റെ വാക്കിനെ വകവെയ്ക്കാതെ ഇനിയും അക്രമം പ്രവർത്തിക്കുന്നതായാൽ അന്നു് അവരുടെയെല്ലാം കഥ താൻ കഴിക്കുമെന്നും മറും പറഞ്ഞു് അവരെ അയയ്ക്കുകയും അദ്ദേഹം സ്വഗൃഹത്തിലേയ്ക്കു പോവുകയും ചെയ്തു. അതിൽപ്പിന്നെ ആ സ്ഥലത്തു് അക്രമികളുടെ ഉപദ്രവം ഒരിക്കലുമുണ്ടായിട്ടില്ല. ഇപ്പോഴും ആ സ്ഥലത്തുകൂടി കടന്നുപോകുന്ന പാന്ഥന്മാർ കേശവൻനായരുടെ കഥ പറഞ്ഞു് അദ്ദേഹത്തെ സ്തുതിക്കുക പതിവാണു്.

Digitised By Kerala Sahitya Akademi

കടുത്തുരുത്തി മുതലായ സ്ഥലങ്ങളിലുള്ള സാധുക്കൾ പറമ്പുകളിലും മലകളിലും നട്ടുണ്ടാക്കുന്ന സാധനങ്ങൾ തലയോലപ്പറമ്പു ചന്തയിൽക്കൊണ്ടുപോയി വിറ്റു വില വാങ്ങി ഉപജീവനം കഴിക്കുക ഇപ്പോഴത്തെപ്പോലെ അക്കാലത്തും പതിവായിരുന്നു. എന്നാൽ അക്കാലത്ത് ആ ചന്തസ്ഥലത്തുണ്ടായിരുന്ന അക്രമികളായ മുഹമ്മദീയരുടെ ഉപദ്രവം കൊണ്ടു സാധുക്കൾക്ക് അത് ഏറ്റവും ദുഷ്കരമായിരുന്നു. ഇതിനെക്കുറിച്ചു പലരും കേശവൻനായരുടെ അടുക്കൽ സങ്കടം പറയുകയാൽ ഇതിന്റെ പരമാർത്ഥമറിയുന്നതിന്നായി ഒരു ചന്തദിവസം കേശവൻനായർ തെക്കേടത്തുനിന്നതന്നെ ചില സാധനങ്ങൾ ചുമട്ടുകെട്ടി ചിലരുടെ കൈയിൽക്കൊടുത്തു ചന്തയ്ക്ക് അയയ്ക്കുകയും പിന്നാലെ കേശവൻനായരും പോവുകയും ചെയ്തു. ചുമട്ടുകാർ ചന്തസ്ഥലത്തിന്റെ കിഴക്കേ അറ്റത്തായപ്പോൾ പതിവുപോലെ അക്രമികളായ മുഹമ്മദീയർ അടുത്തുകൂടി ചുമടുകൾ താഴ്ത്തിവെയ്ക്കാൻ പറഞ്ഞു. പിൻബലമുണ്ടായിരുന്നതുകൊണ്ട് ആ ചുമട്ടുകാർ ആ മുഹമ്മദീയരുടെ വാക്കിനെ ഒട്ടും വകവെച്ചില്ല. അപ്പോൾ ആ അക്രമികൾ ചുമടുകൾക്കു കടന്നുപിടിച്ചു. അത്രയുമായപ്പോൾ കേശവൻനായർ അടുത്തുചെന്ന് അവരുടെ ഇടയിൽക്കൂടി കടന്നു പടിഞ്ഞാട്ടു പോയി. അപ്പോൾ അദ്ദേഹം എന്താണു പ്രവർത്തിച്ചതെന്ന് ആർക്കും അറിഞ്ഞുകൂടാ. മുഹമ്മദീയരെല്ലാം സ്തംഭിച്ച് ഇളകാൻപോലും വയ്യാതെ കൽത്തൂണുകൾ പോലെ നിലയായി. ചുമട്ടുകാർ സാമാനങ്ങൾ ചന്തയിൽക്കൊണ്ടുപോയി വിറ്റു വില വാങ്ങിത്തുടങ്ങുകയും ചെയ്തു. അപ്പോൾ ഈ അക്രമികളുടെ സഹോദരന്മാരും ബന്ധുക്കളുമായ ചിലർ ഇവരിങ്ങിനെ നില്ക്കുന്നതു കണ്ടിട്ടു കാരണമറിയുന്നതിനായി അവരുടെ അടുക്കൽച്ചെന്നു "നിങ്ങൾ ഇങ്ങിനെ നില്ക്കുന്നതെന്താണു?" എന്നു ചോദിച്ചു. സ്തംഭിച്ചുനിന്നിരുന്ന ആവക്കു മിണ്ടാൻപോലും വയ്യാതെയിരുന്നതിനാൽ അവർ ഒന്നും മിണ്ടിയില്ല. അത്രയുംക്രൂടിയായപ്പോൾ മറവക്കു ഭീതിയും പരിഭ്രമവും കലശലായി. അപ്പോൾ ചിലർ "തെക്കേടത്തു കേശവൻനായർ ഇതിലെ കടന്നു ചന്തയിലേയ്ക്കു പോയി. അദ്ദേഹം വല്ലതും ചെയ്തിട്ടായിരിക്കണം ഇവരിങ്ങി

Digitised By Kerala Sahitya Akademi

നെയായത്തു്. ഇവർ അദ്ദേഹത്തിന്റെ ക്രൂരിക്കാരുടെ ചുമട്ടു കാരുടെ കടന്നുപിടിച്ചു. ആ സമയത്താണു് അദ്ദേഹം ഇതിലെ കടന്നുപോയതു്" എന്നു പറഞ്ഞു. അതു കേട്ടു് ആ അന്വേഷിക്കാൻ വന്ന മുഹമ്മദീയർ ചന്തയിൽക്കടന്നു് അന്വേഷിച്ചു കേശവൻനായരെ കണ്ടുപിടിച്ചു് "ആ കഥയില്ലാത്ത വിഡ്ഢിത്തം ആളുമവസ്ഥയുമറിയാതെ ചെയ്തുപോയ തെറ്റിനെ ക്ഷമിച്ചു് അവരെ സുഖപ്പെടുത്തി വിട്ടയയ്ക്കണം" എന്നപേക്ഷിച്ചു. ഉടനെ കേശവൻനായർ സ്തംഭിച്ചുനിന്നിരുന്ന ആ മഹമ്മദീയരുടെ അടുക്കൽച്ചെന്നു തന്റെ കണിവിരൽകൊണ്ടു് അവരുടെ എല്ലാവരുടേയും മാറത്തൊന്നു തൊട്ടു. ഉടനെ അവർ സ്തബ്ധത വിട്ടു സ്വസ്ഥരായിത്തീർന്നു. പിന്നെ കേശവൻനായർ അവരെക്കൊണ്ടു "മേലാൽ കുട്ടത്തുരുത്തി മുതലായ സ്ഥലങ്ങളിൽനിന്നു വരുന്നവരെ ഒരുകാലും ഉപദ്രവിക്കയില്ല" എന്നു സത്യം ചെയ്യിച്ചു് അവരെ വിട്ടയച്ചു.

എങ്കിലും ആ മുഹമ്മദീയരുടെ മനസ്സിലെ വൈരം വിട്ടുപോയില്ല. അവർ ഇതിന്റെ പകരം വീട്ടണമെന്നു നിശ്ചയിച്ചു വടക്കേ മലബാറിൽ കണ്ണൂർ, തലശ്ശേരി മുതലായ സ്ഥലങ്ങളിൽ എഴുതിയയച്ചു വലിയ അഭ്യാസികളായ ഏതാനും മുഹമ്മദീയരെ വരുത്തി തലയോലപ്പറമ്പിൽ താമസിപ്പിക്കുകയും കുട്ടത്തുരുത്തി മുതലായ സ്ഥലങ്ങളിൽനിന്നു വരുന്നവരെ നല്ല പാഠം പഠിപ്പിച്ചയയ്ക്കണമെന്നു പറഞ്ഞു ചട്ടംകെട്ടുകയും ചെയ്തു. ഈ വിവരം എങ്ങിനെയോ കേശവൻനായരറിയുകയും ഒരു ചന്തദിവസം കുട്ടത്തുരുത്തിയിൽനിന്നു ചന്തയ്ക്കു പോയവരുടെ പിന്നാലെ അദ്ദേഹം തന്റെ മുച്ചാൺവടിയുമെടുത്തുകൊണ്ടു പോകയും ചെയ്തു. മുമ്പു പോയ ചുമട്ടുകാർ ചന്തയുടെ അറ്റത്തായപ്പോൾ വടക്കർ മുഹമ്മദീയർ അവിടെയെത്തി അവരെത്തടുത്തുനിത്തി ചുമടുകൾ പിടിച്ചുപറിക്കാൻ ശ്രമം തുടങ്ങി. അപ്പോഴെയ്ക്കും കേശവൻനായർ അവിടെയെത്തി മുഹമ്മദീയരോടു നേരിട്ടു. പിന്നെ ആ വടക്കരും കേശവൻനായരും തമ്മിൽ മറയ്ക്കു പോരാട്ടം തുടങ്ങി. അതൊരു കാൽനാഴിക നേരമുണ്ടായി. അപ്പോഴെയ്ക്കും ആ മുഹമ്മദീയർ തോറ്റു സ്സന്നം പാടി. അവർ കേശ

Digitised By Kerala Sahitya Akademi

വൻനായരുടെ കാല്ക്കൽ വീണു "ഞങ്ങളുടെ സമസ്താപരാധങ്ങളും ക്ഷമിച്ചു ഞങ്ങളെ രക്ഷിക്കണേ. ഞങ്ങളെ കൊല്ലാതെ വിട്ടയയ്ക്കണേ" എന്നപേക്ഷിച്ചു. കരുണാനിധിയായിരുന്ന കേശവൻനായർ ഇതു കേട്ടു മനസ്സലിയുകയാൽ ഉടനെ പോരാട്ടം മതിയാക്കി. പിന്നെ ആ മുഹമ്മദീയർ അദ്ദേഹത്തെ വന്ദിച്ചുകൊണ്ടു് "ഈ അഭ്യാസമുറകളും തങ്ങളെക്കൂടി പഠിപ്പിക്കണ"മെന്നു് അപേക്ഷിക്കുകയും കേശവൻനായർ സദയം അതും സമ്മതിക്കുകയും അവരെക്കൂടെ കട്ടത്തുരുത്തിയിൽ കൊണ്ടുപോയിത്താമസിപ്പിച്ചു ചിലതൊക്കെ പഠിപ്പിച്ചു പറഞ്ഞയയ്ക്കുകയും ചെയ്തു. ഇതുകൂടി കഴിഞ്ഞപ്പോൾ കേശവൻനായരുടെ കീർത്തി ഉത്തരമലബാറിന്റെ അങ്ങേ അറ്റം വരെ വ്യാപിച്ചു.

ഒരിക്കൽ ഒരു കുംഭമാസത്തിൽ തിരുവാതിരനാൾ കേശവൻനായർ പകലെ ഊണും കഴിച്ചു ചില കൂട്ടുകാരോടുകൂടി ഏറുമാന്തുരാറാട്ടുത്സവം കാണാൻ പുറപ്പെട്ടു. അഞ്ചാറു നാഴിക ഇരുട്ടായപ്പോൾ അവർ കോതനല്ലൂർ എന്ന സ്ഥലത്തെത്തി. അപ്പോൾ മുൻഭാഗത്തായി ചില സ്ത്രീകളുടെ നിലവിളി കേൾക്കുകയാൽ അതിന്റെ കാരണമറിയുന്നതിനായി അവർ ക്ഷണത്തിൽ നടന്നു് ആ സ്ഥലത്തെത്തി. അപ്പോൾ ആറാട്ടു കാണാനായിത്തന്നെ പോകുന്ന ചില സ്ത്രീകളെ തടുത്തുനിർത്തി ചില തസ്കരന്മാർ അവരുടെ ആഭരണങ്ങളം അപഹരിക്കുന്നതായിട്ടാണു കണ്ടതു്. തസ്കരന്മാരുടെ സംഖ്യ തങ്ങളേക്കാളധികമുണ്ടായിരുന്നതിനാൽ കൂട്ടുകാരെല്ലാവരും ഭയപ്പെട്ടു പിൻമാറി. എങ്കിലും ധൈര്യശാലിയായ കേശവൻനായർ തന്റെ വടിയുംകൊണ്ടു തസ്കരന്മാരോടു നേരിട്ടു. ക്ഷണനേരംകൊണ്ടു് അദ്ദേഹം ആ അക്രമികളെയെല്ലാം അടിച്ചു നിലംപതിപ്പിച്ചു. കള്ളന്മാരെല്ലാം വീണതായിക്കണ്ടു കൂട്ടുകാരും അടുത്തുവന്നു. അവരെല്ലാവരും കൂടി ആ തസ്കരന്മാരുടെ ദേഹപരിശോധന കഴിച്ചപ്പോൾ അവരുടെ മടിയിലും കുപ്പായക്കീശയിലും മറ്റുമായി അനേകം ആഭരണങ്ങൾ കണ്ടുകിട്ടി. അവർ അവയെല്ലാം എടുക്കുകയും അവിടെ അടുത്തുതന്നെ കരഞ്ഞുകൊണ്ടു നിന്നിരുന്ന സ്ത്രീകളുടെ ആഭരണങ്ങളെല്ലാം അവക്കു കൊടുക്കുകയും ശേഷമുണ്ടായിരുന്നവ ഏറുമാന്തുക്കു കൊണ്ടുപോയി പോലീസ്സുദ്ധികാരി

Digitised By Kerala Sahitya Akademi

കളെ ഏല്പിച്ചു വിവരം പറയുകയും ചെയ്തു. അവയെല്ലാം പിന്നീടു പോലീസ്സുകാരുടെ പരസ്യമനുസരിച്ചു് ഉടമസ്ഥന്മാർ ഹാജരായി തെളിവുസഹിതം അപേക്ഷ കൊടുത്തു വാങ്ങിക്കൊണ്ടുപോയി.

കേശവൻനായരും കുട്ടരും ആറാട്ടാഘോഷങ്ങളെല്ലാം കണ്ടതിന്റെ ശേഷം പിറേറദിവസം കാലത്തു മടങ്ങിച്ചെന്നപ്പോഴും ആ തസ്കരന്മാർ വീണ സ്ഥലത്തുതന്നെ ബോധരഹിതരായിക്കിടക്കുന്നുണ്ടായിരുന്നു. കേശവൻനായർ അവരെയെല്ലാവരേയും പിടിച്ചെഴുന്നേല്പിച്ചു സപ്തസ്ഥരാക്കിയതിന്റെ ശേഷം "മേലാൽ സ്ത്രീജനങ്ങളേയും സാധുക്കളേയും ഉപദ്രവിക്കരുതെ"ന്നും മറും ഗുണദോഷിച്ചു് അവരുടെ വാസസ്ഥലങ്ങളിലേയ്ക്കു പറഞ്ഞയച്ചു. ഈ സംഗതി നടന്നതു് ഏറനാമാന്തരാറാട്ടുനാൾ അതിനടുത്ത സ്ഥലത്തുവെച്ചു് ആകയാലും ആറാട്ടിനു പല സ്ഥലങ്ങളിൽനിന്നുമായി അവിടെ അസംഖ്യം ജനങ്ങൾ കൂടിയിരുന്നതുകൊണ്ടും ഇതു തിരുവിതാംകൂറിൽ മാത്രമല്ല, മറനേകം അയൽരാജ്യങ്ങളിലും പ്രസിദ്ധമായിത്തീർന്നു.

ഒരിക്കൽ പള്ളിപ്പാട്ടുള്ള കോയിക്കലേത്തുവീട്ടുകാർ ഏതാനും പണത്തിനു് ആവശ്യമാവുകയാൽ ചില വസ്തുക്കൾ തെക്കേടത്തേയ്ക്കു പണയമെഴുതിക്കൊടുത്തു് അതു വാങ്ങിയിരുന്നു. ആ ഏർപ്പാടുനിമിത്തം അക്കാലംമുതൽ ആ രണ്ടു വീട്ടുകാരും തമ്മിൽ ഏറവും മൈത്രിയോടുകൂടിയാണു വർത്തിച്ചിരുന്നതു്. അക്കാലത്തു കോയിക്കലേത്തുണ്ടായിരുന്ന രണ്ടാനകളെ ആക്കെങ്കിലും പണിക്കേപ്പെടുത്തിക്കൊടുത്തു കൂലി വാങ്ങിക്കൊടുക്കണമെന്നു പറഞ്ഞു തെക്കേടത്തു് ഏല്പിച്ചിരുന്നു. ആ ആനക്കൂലിവക ആയിരത്തിൽച്ചിലപാനം രൂപാ തെക്കേടത്തു വന്നുചേർന്നപ്പോൾ അതൊരു സഞ്ചിയിലിട്ടു കെട്ടി ഒരു ഭൃത്യനേക്കൊണ്ടു് എടുപ്പിച്ചുകൊണ്ടു കേശവൻനായർ പള്ളിപ്പാട്ടേയ്ക്കു പുറപ്പെട്ടു. ഏറനാമാന്തരെത്തിയപ്പോൾ അവിടെനിന്നു് ഒരു വഞ്ചി പള്ളിപ്പാട്ടേയ്ക്കു പോകുന്നുണ്ടെന്നും കോയിക്കലേത്തുകാരുടെ ആവശ്യപ്രകാരം ചില തടിയുരുപ്പടികൾ കയറ്റി വല്യടത്തുമൂത്തതാണു് അതു് അയ

Digitised By Kerala Sahitya Akademi

യ്ക്കുന്നതെന്നും അറിയുകയാൽ കേശവൻനായർ മൂത്തതിന്റെ അനുവാദം വാങ്ങിക്കൊണ്ടു ഭൃത്യനോടുകൂടി പണവുംകൊണ്ടു് ആ വഞ്ചിയിൽക്കയറി യാത്ര തുടർന്നു. വഞ്ചി സാവധാനത്തിൽ വിട്ടു 'കരിമ്പാവളവു്' എന്ന സ്ഥലത്തെത്തിയപ്പോൾ തണ്ടു വെച്ച രണ്ടു തോണികൾ അതിവേഗത്തിൽ വിട്ടു വന്നു് ഈ വഞ്ചിയുടെ രണ്ടു വശത്തും ചേർന്നു. ആ തോണികളിൽ നിന്നു ചിലർ ഈ വഞ്ചിയിൽക്കയറി കേശവൻനായരുടെ അടുക്കൽച്ചെന്നു കൈവശമുള്ളതെല്ലാം അങ്ങോട്ടു കൊടുക്കണമെന്നു പറഞ്ഞു. തന്റെ കൈവശമൊന്നുമില്ലെന്നായിരുന്നു കേശവൻനായരുടെ മറുപടി. അപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ ആ പണസ്സഞ്ചി ഇരിക്കുന്നതു കണ്ടിട്ടു് "ഇതെന്താണു്"? എന്നു് അവർ ചോദിച്ചു. "ഇതു കുറച്ചു് അരിയാണു്" എന്നു കേശവൻനായർ പറഞ്ഞു. അപ്പോൾ കേശവൻനായരുടെ കാതിൽ മിനുത്തിളങ്ങുന്ന വൈരക്കല്ലു കടുക്കൻ കിടക്കുന്നതു കണ്ടിട്ടു് "എന്നാൽ ആ കടുക്കനഴിച്ചു തരണം" എന്നു് ആ അക്രമികൾ പറഞ്ഞു. അതിനുത്തരമായിട്ടു കേശവൻനായർ പറഞ്ഞതു് "ഈ കടുക്കൻ അഴിച്ചെടുക്കാവുന്ന വിധത്തിലല്ല ഇട്ടുറപ്പിച്ചിരിക്കുന്നതു്" എന്നായിരുന്നു. അപ്പോൾ ആ അക്രമികൾ "എന്നാൽ കാതറുത്തു് എടുത്തുകൊള്ളാം" എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹത്തിന്റെ അടുക്കലേയ്ക്കടുത്തു. ഉടനെ കേശവൻനായർ "ഇനി അമാന്തിച്ചിരിക്കാൻ പാടില്ല" എന്നു വിചാരിച്ചുകൊണ്ടു് അവിടെ നിന്നെഴുന്നേറ്റു തന്റെ കൈയിലുണ്ടായിരുന്ന വടികൊണ്ടു് ആ രണ്ടു തോണികളിലുമുണ്ടായിരുന്നവർക്കെല്ലാം ഓരോ വീക്കു വെച്ചുകൊടുത്തു. അവരെല്ലാവരും ബോധം കെട്ടു വെള്ളത്തിൽ വീണു. ഉടനെ കേശവൻനായരും അദ്ദേഹത്തിന്റെ ഭൃത്യനും വഞ്ചിക്കാരുംകൂടി അവരെ എല്ലാവരേയും പിടിച്ചെടുത്തു് അവരുടെ തോണികളിലാക്കി. അപ്പോൾ ഒരു തോണിയിൽ ഒരു മടിശ്ശീലയിരിക്കുന്നതു കണ്ടു് അതെടുത്തു കേശവൻനായർ തന്റെ ഭൃത്യനു സമ്മാനിച്ചു. അതിൽ ഏകദേശം ഒരിടങ്ങഴിയോളം വെള്ളിച്ചക്രമുണ്ടായിരുന്നു എന്നു പിന്നീടു് ആ ഭൃത്യൻ പറഞ്ഞുവത്രെ. അക്കാലത്തു തിരുവിതാംകൂറിൽ നടപ്പുണ്ടായിരുന്ന പ്രധാനനാണയം വെള്ളിച്ചക്രമായിരുന്നുവല്ലൊ. അക്രമി

Digitised By Kerala Sahitya Akademi

കളുടെ തോണികളും തടിയുരുപ്പടികളും കയറ്റിയിരുന്ന വഞ്ചിയോടു ചേർത്തുകെട്ടിക്കൊണ്ടു് അവിടെനിന്നു പുറപ്പെട്ടു് അടുത്തുണ്ടായിരുന്ന കാവൽസ്ഥലത്തു ചെന്നു് ആ അക്രമികളേയെല്ലാം സപരിവാരാക്കി അവിടെയേല്പിച്ചു. അവരുടെ ഒരു തോണിയും അവിടെക്കൊടുത്തു. പിന്നെ വഞ്ചി നേരെ പള്ളിപ്പാട്ടേയ്ക്കു വിട്ടു കോയിക്കലേത്തുകടവിലടുത്തു. മൂത്തതിന്റെ വഞ്ചിക്കാർ തടിയുരുപ്പടികളും കേശവൻനായർ രൂപയും കോയിക്കലേത്തെ കാരണവരെ ഏല്പിച്ചുകൊടുത്തതിന്റെ ശേഷം കുളിയുമൂണും കഴിച്ചു് അന്നുതന്നെ മടങ്ങിപ്പോരികയും ചെയ്തു. ആ അക്രമികളുടെ തോണികളിലൊന്നു കാവൽസ്ഥലത്തു കൊടുത്തതിന്റെ ശേഷം ഒന്നുണ്ടായിരുന്നതു മൂത്തതിന്റെ വഞ്ചിക്കാരിൽ ഒരാൾ കൊണ്ടുപോയി. അയാൾ കണ്ടങ്കരിക്കാരനായിരുന്നു. അയാളുടെ വീട്ടുകാർ ഇപ്പോഴും ആ തോണി ഉപയോഗിക്കുന്നുണ്ടത്രെ. മേല്പറഞ്ഞ സംഗതി നടന്നതു കേശവൻനായരുടെ മദ്ധ്യപ്രായത്തിലായിരുന്നു.

ഒരിക്കൽ കോഴിക്കോട്ടുകാരനും വലിയ ധനവാനുമായിരുന്ന ഒരു മുഹമ്മദീയയുവാവു ക്ഷയരോഗബാധിതനായിത്തീരുകയാൽ അനേകം വൈദ്യന്മാരെക്കണ്ടു രോഗവിവരങ്ങളെല്ലാം പറയുകയും അവർ പറഞ്ഞ ചികിത്സകളെല്ലാം ചെയ്യുകയും ചെയ്തിട്ടും ഒരു ഫലവുമുണ്ടാകായ്കയാൽ ഭഗ്നാശയനായി പാർത്തിരുന്ന കാലത്തു തെക്കേടത്തു കേശവൻനായരുടെ യോഗ്യതകളും ചിലർ പറഞ്ഞു് അറിയാനിടയായി. അതിനാൽ ആ മുഹമ്മദീയയുവാവു ചില ഭൃത്യന്മാരോടുകൂടി തെക്കേടത്തെത്തി കേശവൻനായരെക്കണ്ടു രോഗവിവരങ്ങളെല്ലാം ഗ്രഹിപ്പിച്ചു. കേശവൻനായർ ഉടനെ ആ യുവാവിന്റെ നാഡികളും പരിശോധിച്ചതിന്റെ ശേഷം രോഗനിദാനം അമിതഭോഗമാണെന്നു വിധിച്ചു. അതു് ആ യുവാവു സമ്മതിച്ചില്ല. പിന്നെ കേശവൻനായർ ആ യുവാവിന്റെകൂടെ വന്നിരുന്ന ഭൃത്യന്മാരെയെല്ലാം ദൂരെ മാറി നിർത്തീട്ടു യുവാവിനോടു "നിങ്ങൾ വിവാഹം കഴിച്ചിട്ടുണ്ടോ?" എന്നു ചോദിച്ചു. 'ഇല്ല' എന്നു യുവാവു പറഞ്ഞതിന്റെ ശേഷം കേശവൻനായർ ആ യുവാവിനു് അമിതഭോഗത്തിൽ അത്യാസക്തി ജനിച്ച കാലത്തേയും അതു് അധികമായി ഉപയോ

Digitised By Kerala Sahitya Akademi

ഗിച്ച സമയത്തേയും മറവും കുറിച്ചു കണ്ടറിഞ്ഞതുപോലെ സൂക്ഷ്മമായി പറഞ്ഞു. അപ്പോൾ ആ യുവാവു ലജ്ജാവനതമുഖനായി സവ്വും സമ്മതിച്ചു. പിന്നെ കേശവൻനായർ നിശ്ചയിച്ച ചികിത്സകൾ ചെയ്തുകൊണ്ടു് ആ മുഹ്മദീയൻ കുട്ടത്തുരുത്തിയിൽത്തന്നെ താമസിക്കുകയും അചിരേണ സ്വസ്ഥശരീരനായി തിരിച്ചുപോവുകയും ചെയ്തു. തെക്കേടത്തു കുടുംബക്കാക്കു സവ്വോപരി സാമത്ഥ്യവും ജ്ഞാനവും നിശ്ചയവുമുള്ളതു നാഡിപരിശോധനയിലാണെന്നു ള്ളതു പ്രസിദ്ധമാണല്ലൊ. അതിനു് ഇപ്പോഴും വ്യത്യാസം വന്നിട്ടില്ല.

ഒരു ദിവസം കേശവൻനായർ ചില കൃഷിപ്പണികൾ നടത്താനായിട്ടു പാടത്തു പോയിട്ടു വീട്ടിലേയ്ക്കു മടങ്ങിവന്നപ്പോൾ വഴിയിൽവെച്ചു ചിലരെ കാണുകയാൽ അവർ ഏതു ദിക്കുകാരാണെന്നും എവിടെപ്പോവുകയാണെന്നും മറവും ചോദിച്ചു. അപ്പോൾ അവരിലൊരാൾ കൂട്ടുകാരിലൊരാളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് "ഈ മനുഷ്യൻ അയാളുടെ വീട്ടിലെ മുകളിലത്തെ ഉത്തരത്തിന്മേൽനിന്നു് ഒരു സാധനമെടുക്കുന്നതിനായി ഒരു കൈ പൊക്കി. അപ്പോൾ അയാൾക്കു് ഒരു കോട്ടുവായുണ്ടായി. അതോടുകൂടി അയാൾകൈ പൊക്കിയ കൈ താഴ്ത്താനും തുറന്ന വായ് അടയ്ക്കാനും വയ്യാതെയായി. അതിനാൽ ഈ മനുഷ്യനെ തെക്കേടത്തു കൊണ്ടുപോയി കേശവൻനായരെക്കാണിച്ചു വല്ലതും ചെയ്യിക്കണമെന്നു വിചാരിച്ചു പോവുകയാണു്. ഞങ്ങൾ വടക്കുമലബാറിലുള്ളവരാണു്. തെക്കേടത്തു കേശവൻനായരെക്കുറിച്ചു ഞങ്ങൾ കേട്ടിട്ടുണ്ടു്. അദ്ദേഹത്തെ ഞങ്ങൾ കണ്ടിട്ടില്ല" എന്നു പറഞ്ഞു. ഉടനെ കേശവൻനായർ ആ കൈ പൊക്കിയും വായ് പൊളിച്ചും നിന്നിരുന്ന മനുഷ്യന്റെ പിന്നിൽച്ചെന്നു തന്റെ കൈയിലുണ്ടായിരുന്ന വടികൊണ്ടു പുറത്തു് ഒരു വീക്കു വെച്ചുകൊടുത്തു. അടികൊണ്ട മനുഷ്യൻ 'അയ്യോ!' എന്നു നിലവിളിച്ചുകൊണ്ടു് ഒന്നു പുളഞ്ഞു. അതോടുകൂടി അയാളുടെ കൈയും വായും പൂവ്വസ്ഥിതിയിലാവുകയും അയാൾ സ്വസ്ഥനായിത്തീരുകയും ചെയ്തു.

Digitised By Kerala Sahitya Akademi

ഇതു കഴിഞ്ഞപ്പോൾ "ഇദ്ദേഹംതന്നെയായിരിക്കും കേശവൻനായർ" എന്നു് ആ വടക്കുക്കു തോന്നി. കേശവൻനായർ പാടത്തുനിന്നു വന്ന വരവായിരുന്നതിനാൽ ഒരു തോർത്തുമുണ്ടുമാത്രം ഉടുത്തും മേലൊക്കെ ചേറണിഞ്ഞുമിരുന്നിരുന്നതുകൊണ്ടു് ആദ്യം അദ്ദേഹത്തെക്കണ്ടപ്പോൾ അവക്കു് ആ സംശയമുണ്ടായില്ല. അദ്ദേഹത്തിന്റെ ഈ അത്ഭുതപ്രവൃത്തി കണ്ടപ്പോൾ അവക്കു സംശയം തോന്നുകയാൽ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവരോടു സകാര്യമായി ചോദിച്ചു സംശയം തീർത്തതിന്റെ ശേഷം അവർ കേശവൻനായരെ സാദരം വന്ദിച്ചു യാത്ര പറഞ്ഞുകൊണ്ടു പിരിഞ്ഞുപോയി. ഉടനെ കേശവൻനായർ കുളിക്കാനും പോയി.

പിന്നെയൊരിക്കൽ ഒരു ധനുമാസത്തിൽ തിരുവാതിരനാൾ കുടമാളൂർ തെക്കേടത്തുമനയ്ക്കൽ തിരുവാതിര (കൈകൊട്ടിക്കളി) കളിച്ചുകൊണ്ടു നിന്നിരുന്ന ഒരന്തർജ്ജനം എങ്ങിനെയോ മറിഞ്ഞുവീഴുകയാൽ ഒരു കൈയ്യൊടിഞ്ഞുപോയി. ഉടനെ തിരുമ്മുകാരനായ ഒരു നമ്പൂരിയെ വരുത്തി ആ കൈ വെച്ചുകെട്ടി. അപ്പോൾ അന്തർജ്ജനം ബോധരഹിതയായിത്തീർന്നു. പിന്നെ ആ നമ്പൂരി പല വിദ്യകളും പ്രയോഗിച്ചു നോക്കീട്ടും അന്തർജ്ജനത്തിനു ബോധം വീണില്ല. അതിനാൽ ഭട്ടതിരിപ്പാട്ടു വയസ്സര ആയ്ട്ടൻ നാരായണൻമൂസ്സുവർകളെ കൊണ്ടുവരുന്നതിനു് ഒരാളെ അയച്ചു. ആ ആളു വയസ്സരെച്ചെന്നു വിവരമെല്ലാമറിയിച്ചപ്പോൾ മൂസ്സുവർകളു പറഞ്ഞതു—കൈയും കാലും മറുമൊടിഞ്ഞാൽ വെച്ചുകെട്ടിച്ചികിത്സിച്ചു ഭേദമാക്കാൻ പഠിപ്പും പരിചയവും പഴക്കവും തെക്കേടത്തു കേശവൻനായരെപ്പോലെയുണ്ടായിട്ടു് ഇപ്പോൾ മറ്റാരുമുണ്ടെന്നു തോന്നുന്നില്ല. അതിനാൽ ആ മനുഷ്യനെ വരുത്തി ഉടനെ എന്തെങ്കിലും ചെയ്യിക്കുകയാണു വേണ്ടതു്—എന്നാണു്. അതു കേട്ടു ഭട്ടതിരിപ്പാട്ടിലെ ആളു മടങ്ങിച്ചെന്നു് ആ വിവരം അവിടെ അറിയിച്ചു. ഉടനെ ഭട്ടതിരിപ്പാടു കടുത്തുരുത്തിക്കു് ആളെ അയച്ചു കേശവൻനായരെ കുടമാളൂർ വരുത്തി. കേശവൻനായർ ആദ്യം നമ്പൂരി വെച്ചുകെട്ടിയ കെട്ടഴിച്ചു് അന്തർജ്ജനത്തിന്റെ കൈ വേണ്ടതുപോലെ വെച്ചുകെട്ടി. അപ്പോൾ അന്തർജ്ജനത്തിനു ബോധം

Digitised By Kerala Sahitya Akademi

വീണു. പിന്നെ കേശവൻനായർ ഏതാനും ദിവസം അവിടെത്താമസിച്ചു വേണ്ടുന്ന ചികിത്സകളും തിരുമ്മും മറ്റും കഴിക്കുകയും അന്തർജ്ജനം സ്വസ്ഥതയെ പ്രാപിക്കുകയും ഭട്ടതിരിപ്പാടു കേശവൻനായക്കു പല സമ്മാനങ്ങളും കൊടുത്തു് അദ്ദേഹത്തെ സന്തോഷിപ്പിച്ചയയ്ക്കുകയും ചെയ്തു.

തദനന്തരം ഇടപ്പിള്ളിസ്വരൂപത്തിലെ ഒരു തമ്പുരാനും ഫാദർ-ാമാണ്ടു നാടുനീങ്ങിപ്പോയ ആയില്യംതിരുനാൾ മഹാരാജാവുതിരുമനസ്സിലെ അമ്മച്ചിക്കും സഹിക്കവയ്യാതെ കണ്ടുള്ള ഒരു വയറുവേദനയുണ്ടാവുകയും കോഴിക്കോട്ടു് അന്നത്തെ ഏറാൾപ്പാടുതമ്പുരാനവർകൾക്കും പുലിക്കോട്ടു എം. ഡി. മെത്രാപ്പോലീത്താ അവർകൾക്കും എന്തോ അബദ്ധം പറകയാൽ കൈകൾ ഒടിയുകയും കൊച്ചിരാജകുടുംബത്തിൽ ചില തമ്പുരാക്കന്മാർക്കും തമ്പുരാട്ടികൾക്കും ചില ശീലായ്മകളുണ്ടാവുകയും അതതുസ്ഥലങ്ങളിലുള്ള വൈദ്യന്മാരെക്കൊണ്ടും മറ്റും പലതും ചെയ്യിച്ചിട്ടും ഫലമൊന്നുമുണ്ടാകാതെയിരിക്കുകയും ചെയ്കയാൽ ആ സ്ഥലങ്ങളിൽ നിന്നെല്ലാം കേശവൻനായക്കു് ആളുകൾ വരികയും ചെയ്കയാൽ അദ്ദേഹം ആ സ്ഥലങ്ങളിലെല്ലാം ചെന്നു യഥാക്രമം തിരുമ്മും വെച്ചുകെട്ടും ചികിത്സകളും നടത്തുകയാൽ അവർക്കും അചിരേണ പൂർണ്ണസുഖം സിദ്ധിച്ചു. അതിനാൽ ഓരോ രാജസ്ഥാനങ്ങളിൽനിന്നും മറ്റുമായി കേശവൻനായക്കു വീരശൃംഖലകൾ മുതലായി അനേകം സമ്മാനങ്ങൾ കിട്ടുകയും ചെയ്തു. തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷുമലബാർ എന്നീ മൂന്നു സംസ്ഥാനങ്ങളിൽനിന്നുമായി ഇത്ര വളരെ രാജസമ്മാനങ്ങളും മറ്റും ലഭിച്ചിട്ടുള്ള ഒരു വിദ്വാൻ ഈ കേശവൻനായരല്ലാതെ കേരളത്തിൽ വേറെ ആരുമുണ്ടെന്നു തോന്നുന്നില്ല. കേശവൻനായരുടെ യോഗ്യതകളുടെ സ്ഥിതിക്കു് ഇതൊരത്ഭുതവുമല്ല.

കേശവൻനായക്കു ബാലിവഴി, ഭീമൻവഴി എന്നീ രണ്ടു തരത്തിലുള്ള അഭ്യാസമുറകളും ആനച്ചുടക്കം, പന്നിച്ചുടക്കം എന്നീ രണ്ടുതരം ചടക്കങ്ങളും പന്ത്രണ്ടുതരത്തിലുള്ള തിരുമ്മുകളും ആറുവിധമുള്ള മുഷ്ടികളും ക്രൂടാതെ മറ്റനേകം വിധത്തിലുള്ള വിദ്യകളും വശമായിരുന്നു. അദ്ദേഹം ആയുർവൈദ്യശാസ്ത്രത്തിൽ മാത്രമല്ല, ചിന്താമണി, അറബി മുതലായ

Digitised By Kerala Sahitya Akademi

വൈദ്യശാസ്ത്രങ്ങളിലും അതിനിപുണനായിരുന്നു. അദ്ദേഹത്തിന് ഇവയ്ക്കുംപുറമേ ചില മന്ത്രൌഷധപ്രയോഗങ്ങളുമുണ്ടായിരുന്നു.

കേശവൻനായർ ഒരിക്കൽ ഗംഗാസ്നാനം, വിശ്വനാഥദർശനം, ഗയാശ്രാദ്ധം മുതലായ പുണ്യകർമ്മങ്ങളും നടത്തണമെന്നു നിശ്ചയിച്ചു വടക്കോട്ടു പുറപ്പെട്ടു. തീവണ്ടിയിൽ അദ്ദേഹം കയറിയിരുന്ന മുറിയിൽത്തന്നെ ഒരു മഹാരാഷ്ട്രബ്രാഹ്മണനും അദ്ദേഹത്തിന്റെ ഭാര്യയുമുണ്ടായിരുന്നു. അവർക്ക് എന്തോ വലിയ മനോവിചാരമുള്ളതുപോലെ മുഖം ഗ്ലാനമായിരുന്നു. അതു കണ്ടിട്ടു കേശവൻനായർ അതിന്റെ കാരണമെന്താണെന്ന് ആ ബ്രാഹ്മണനോട് അവരുടെ ഭാഷയിൽ ചോദിച്ചു. അപ്പോൾ ആ ബ്രാഹ്മണൻ അവരുടെ ഭാഷയിൽത്തന്നെ താൻ ഈ സ്ത്രീയെ വിവാഹംചെയ്തതു തന്റെ മാതാപിതാക്കന്മാരുടേയും മറ്റും സമ്മതം കൂടാതെയാണെന്നും വിവാഹം കഴിഞ്ഞിട്ടു ഭാര്യയെ ആദ്യമാണു സ്വഗൃഹത്തിലേയ്ക്കു കൊണ്ടുപോകുന്നതെന്നും അവിടെച്ചെന്നാൽ തങ്ങളെ സ്വീകരിക്കുമോ ആട്ടിപ്പുറത്താക്കുമോ എന്നുള്ള വിചാരംകൊണ്ടാണു മനസ്സിനു സ്വസ്ഥതയില്ലാതെയിരിക്കുന്നതെന്നും മറ്റും പറഞ്ഞു. അതു കേട്ടയുടനെ കേശവൻനായർ തന്റെ പെട്ടി തുറന്ന് ഒരു ഗ്ലികയെടുത്തു കൊടുത്തിട്ട് ആ ബ്രാഹ്മണനോട് "നിങ്ങൾ രണ്ടുപേരും ഈ ഗ്ലികയരച്ചു തിലകം ധരിച്ചുകൊണ്ടുവേണം ഗൃഹത്തിൽച്ചെല്ലുവാൻ. എന്നാൽ അവിടെ ആരും നിങ്ങളെ ധിക്കരിക്കുകയില്ല. എന്നുമാത്രമല്ല, എല്ലാവരും നിങ്ങളെ അവിടെ സാദരം സ്വീകരിക്കുകയും ചെയ്യും" എന്നു പറഞ്ഞു. ആ ബ്രാഹ്മണൻ അതു കേട്ടു വളരെ സന്തോഷിക്കുകയും സാദരം ആ ഗ്ലികവാങ്ങി തന്റെ പെട്ടിയിൽ വെയ്ക്കുകയും ചെയ്തു. അപ്പോഴയ്ക്കും വണ്ടി അദ്ദേഹത്തിനു് ഇറങ്ങാനുള്ള സ്റ്റേഷനിലെത്തി. ഉടനെ ആ ബ്രാഹ്മണൻ കേശവൻനായരോട് "എന്നാലിനി പിന്നെക്കണ്ടുകൊള്ളാം" എന്നു യാത്രയും പറഞ്ഞു ഭാര്യയോടുകൂടി വണ്ടിയിൽനിന്നിറങ്ങിപ്പോയി.

അവരുടെ ഗൃഹത്തിലേയ്ക്കു തീവണ്ടിസ്റ്റേഷനിൽനിന്നു് അധികം ദൂരമില്ലായിരുന്നതിനാൽ അവർ വണ്ടിയിൽനിന്നു്

Digitised By Kerala Sahitya Akademi

ഇറങ്ങീട്ട് ഉടൻതന്നെ കേശവൻനായരുടെ ഗ്ലിക്കെടുത്ത രച്ചു തിലകം ധരിച്ചുകൊണ്ടാണു ഗൃഹത്തിലേയ്ക്കു ചെന്നത്. അവർ അവിടെച്ചെന്നിട്ട് അവിടെയുണ്ടായിരുന്നവരെല്ലാവരും സസന്തോഷം അവരെ അവിടെ സ്വീകരിക്കുകയും കുശലപ്രശ്നം ചെയ്കയും വളരെ സ്നേഹത്തോടുകൂടി വർത്തിക്കുകയും ചെയ്തു. ഈ സ്ഥിതി കണ്ടപ്പോൾ ആ ബ്രാഹ്മണനു കേശവൻനായരെക്കുറിച്ച് അളവറ്റ ബഹുമാനം തോന്നുകയും കേശവൻനായർ മടങ്ങിവരുമ്പോൾ അദ്ദേഹത്തെ യഥായോഗ്യം സൽക്കരിച്ചയയ്ക്കണമെന്ന് അദ്ദേഹം തീർച്ചപ്പെടുത്തുകയും ചെയ്തു. പിന്നെ ആ ബ്രാഹ്മണൻ കേശവൻനായർ ഗംഗാസ്നാനാദികളെല്ലാം കഴിഞ്ഞു മടങ്ങിവരാനുള്ള കാലം ഏകദേശമടുത്തപ്പോൾ ദിവസംതോറും വടക്കുനിന്നു വണ്ടി വരുന്ന സമയത്തു തീവണ്ടിസ്റ്റേഷനിൽച്ചെന്ന് അന്വേഷിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ കേശവൻനായർ അവിടെ വന്നുചേർന്നു. വണ്ടി നിന്നയുടനെ ആ ബ്രാഹ്മണൻ കേശവൻനായർ ഇരുന്നിരുന്ന മുറിയിൽ കയറിച്ചെന്ന് അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന ഒരു പണക്കിഴി കേശവൻനായരുടെ മുമ്പിൽ വെച്ചിട്ട് "നിങ്ങളുടെ ഗ്ലിക്കാപ്രയോഗം ഞങ്ങൾക്കു വേണ്ടതുപോലെ ഫലിച്ചു. അതിനാൽ എന്റെ ഈ ചെറിയ പാരിതോഷികം നിങ്ങൾ ദയയായി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു" എന്നു പറഞ്ഞു. അതിനു മറുപടിയായിട്ട് കേശവൻനായർ പറഞ്ഞതു "ഞാൻ പഠിച്ചിട്ടുള്ള വിദ്യകൊണ്ടു കഴിവുള്ള സഹായങ്ങൾ എല്ലാവർക്കും ചെയ്യും. അതിനു ഞാൻ യാതൊരു പ്രതിഫലവും ആരോടും വാങ്ങാറില്ല. വല്ല മഹാരാജാക്കന്മാരോ വലിയ പ്രഭുക്കന്മാരോ സമ്മാനമായി വല്ലതും തന്നാൽ വേണ്ടെന്നു പറയാറില്ലെന്നേ ഉള്ളൂ" എന്നാണു്. അതു കേട്ടിട്ട് ആ ബ്രാഹ്മണൻ "എന്നാൽ എന്റെ ഗൃഹത്തിൽ വന്ന് ഒരു നേരം ഭക്ഷണം കഴിച്ചു പോരികയെങ്കിലും വേണം" എന്നു പറഞ്ഞു. അതിനു മറുപടിയായിട്ട് കേശവൻനായർ പറഞ്ഞതു് "അതിനുമിപ്പോൾ സൌകര്യമില്ല" എന്നാണു്. അപ്പോൾ ആ ബ്രാഹ്മണൻ "എന്നാൽ ഞാൻ ഈ അടുക്കലുള്ള കാപ്പിക്കടയിൽ

Digitised By Kerala Sahitya Akademi

പ്പോയി കുറച്ചു കാപ്പിയും പലഹാരവും വാങ്ങിക്കൊണ്ടു വരാം. വണ്ടി വിടാൻ ഇനിയും ഏകദേശം അരമണിക്കൂറോളം താമസമുണ്ട്. അതുകൊണ്ട് അതെങ്കിലും സ്വീകരിക്കണം" എന്ന നിർബന്ധപൂർവ്വം അപേക്ഷിച്ചു. അതു കേശവൻനായർ അനുവദിക്കുകയും ബ്രാഹ്മണൻ പോയി കാപ്പിയും പലഹാരങ്ങളും വാങ്ങിക്കൊണ്ടുവരികയും അതിൽനിന്നു സ്വല്പമെടുത്തു കേശവൻനായർ കഴിക്കുകയും ശേഷമുണ്ടായിരുന്നതു് അവിടെക്കൂടിയിരുന്ന യാത്രക്കാക്കു വീതിച്ചുകൊടുക്കുകയും ചെയ്തു. അപ്പോഴയ്ക്കും വണ്ടി വിടാറായതിനാൽ ബ്രാഹ്മണൻ പണക്കിഴി എടുത്തുകൊണ്ടു യാത്രപറഞ്ഞു പോയി. വണ്ടിയിൽത്തന്നെ കേശവൻനായരും പോന്നു. കേശവൻനായർ ആ യാത്രയിൽത്തന്നെ രാമേശ്വരത്തും പോയി സേതുസ്നാനവും കഴിച്ചിട്ടാണു സ്വദേശത്തേയ്ക്കു പോന്നതു്. അദ്ദേഹം രാമേശ്വരത്തുനിന്നു മടങ്ങിപ്പോന്നതു തിരുവനന്തപുരത്തുകൂടിയായിരുന്നു. അപ്പോഴദ്ദേഹം വലിയകൊട്ടാരത്തിൽപ്പോയി മുഖം കാണിക്കുകയും മഹാരാജാവു തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിനു ചില സമ്മാനങ്ങൾ കല്പിച്ചുകൊടുക്കുകയുമുണ്ടായി. അപ്പോൾത്തന്നെ യാത്രയറിയിച്ചുകൊണ്ടു് അദ്ദേഹം അവിടെനിന്നു പോരികയും യഥാകാലം സ്വഗൃഹത്തിൽ വന്നുചേരുകയും ചെയ്തു.

കേശവൻനായരുടെ അത്ഭുതകർമ്മങ്ങൾ ഇനിയും ഇങ്ങിനെ വളരെപ്പറയാനുണ്ടു്. എങ്കിലും ലേഖനം ക്രമത്തിലധികം ദീർഘിച്ചുപോകുമെന്നുള്ളതുകൊണ്ടു് ഇനിയിപ്പോൾ അതിനായി മുതിരുന്നില്ല. ഇപ്രകാരമെല്ലാം അമാനുഷപ്രഭാവനും അതിവിദ്വാനും ലോകപ്രസിദ്ധനുമായിരുന്ന ആ മഹാനും അവസാനകാലത്തു രോഗാതുരനായി ഏതാനും ദിവസം കിടന്നു കഷ്ടപ്പെടേണ്ടതായിവന്നു.

കേശവൻനായരെ അവസാനകാലത്തു ബാധിച്ച രോഗം വിദ്ദുധിയായിരുന്നു. അതിനു വേണ്ടുന്ന ചികിത്സകൾ നിശ്ചയിച്ചതു് അദ്ദേഹംതന്നെയായിരുന്നു. അദ്ദേഹം നിശ്ചയിച്ച മരുന്നുകളെല്ലാം അദ്ദേഹത്തിന്റെ ഭാഗിനേയന്മാർതന്നെ പാകത്തിനുണ്ടാക്കിക്കൊടുത്തു സേവിപ്പിച്ചു. അങ്ങിനെ ഏതാനും ദിവസങ്ങൾ ചെയ്തിട്ടും രോഗത്തിനു് ഒരു കുറവു

Digitised By Kerala Sahitya Akademi

മുണ്ടായില്ല. അതിനാൽ ആ ഭാഗിനേയന്മാർ അദ്ദേഹത്തോട് "ഈ ചികിത്സകളെല്ലാം ചെയ്തിട്ടും ദീനത്തിന് ഒരു കുറവും കാണുന്നില്ലല്ലോ. അതിനാൽ വയസ്സരെച്ചെന്ന രോഗവിവരമെല്ലാമറിയിച്ച് ഇനി അവിടുന്ന നിശ്ചയിക്കുന്ന ചികിത്സകൾ ചെയ്കെങ്കിലോ എന്ന ഞങ്ങൾ സംശയിക്കുന്നു" എന്നു പറഞ്ഞു. അതു കേട്ടിട്ടു കേശവൻനായർ "ഈ ദീനത്തിന് ഇനി വിശേഷിച്ചൊന്നും ചെയ്യണമെന്നു തോന്നുന്നില്ല. എങ്കിലും നിങ്ങളുടെ ഇഷ്ടംപോലെയാവട്ടെ. ഞാൻ വിരോധമൊന്നും പറയുന്നില്ല" എന്നാണു മറുപടി പറഞ്ഞതു്.

ഇപ്രകാരം കേശവൻനായരുടെ അഭ്യനുവാദം വാങ്ങിക്കൊണ്ടു് ആ ഭാഗിനേയന്മാരിലൊരാൾ വയസ്സരെച്ചെന്ന രോഗവിവരമെല്ലാം അവിടെ അറിയിച്ചു. അപ്പോൾ മൂസ്സുവർകൾ "ഇതുവരെ ചികിത്സകളെന്തെല്ലാമാണു ചെയ്തതു്?" എന്നു ചോദിക്കുകയും, ആ ചെന്നയാൾ അതെല്ലാം വിവരമായി അവിടെ അറിയിക്കുകയും ചെയ്തു. പിന്നെ മൂസ്സുവർകൾ പറഞ്ഞതു് "ഈ ദീനത്തിനു് ഇതിലധികമായി ഒന്നും ചെയ്യേണ്ടതില്ല. എങ്കിലും ഇവിടെ വന്നു പറഞ്ഞിട്ടു ഞാനൊന്നും പറയാതെയിരിക്കുന്നതു ശരിയല്ലല്ലോ. ഇപ്പോൾ കൊടുത്തുവരുന്ന കഷായത്തിനു നാല്പാമരത്തൊലിക്കുടി ചേർത്തു കൊള്ളുക; അതുമതി" എന്നാണു്. അതു കേട്ടിട്ടു് ആ ചെന്നയാൾ "അവിടെയെഴുന്നള്ളി ആ രോഗിയെയൊന്നു തൃക്കൺപാർത്താൽക്കൊള്ളാമെന്നുകൂടി അടിയങ്ങൾക്കു് അപേക്ഷയുണ്ടു്" എന്നറിയിച്ചു. അതിനു മറുപടിയായിട്ടു മൂസ്സുവർകൾ "അതിനു വിരോധമില്ല. എന്നാലെനിക്കു മറന്നാൾ ഒരു ചാത്തമൂട്ടാനുണ്ടു്. അതു കഴിഞ്ഞിട്ടു വേണം എന്നേ ഉള്ളൂ. ചാത്തം നേരത്തെ പത്തുനാഴിക പുലരുമ്പോഴെയ്ക്കു കഴിക്കാം. അപ്പോഴെയ്ക്കും ഒരാൾ ഇങ്ങോട്ടു വന്നാൽ ആ ആളോടുകൂടിത്തന്നെ പോന്നേയ്ക്കാം" എന്നു പറഞ്ഞു. ആ വന്നിരുന്നയാൾ അതു കേട്ടുകൊണ്ടു മടങ്ങിപ്പോയി. അയാൾ സ്വഗൃഹത്തിലെത്തിയപ്പോൾ കേശവൻനായർ "വയസ്സരെച്ചെന്നിട്ടു തിരുമനസ്സുകൊണ്ടു് എന്തെല്ലാം കല്പിച്ചു?" എന്നു ചോദിച്ചു. അതിനു മറുപടിയായിട്ടു് ആ പോയിരുന്നയാൾ "വിശേഷിച്ചു് അധികമൊന്നും കല്പിച്ചില്ല. ഇപ്പോൾ സേവിക്കുന്ന കഷായത്തിനു

Digitised By Kerala Sahitya Akademi

നാല്പാമരത്തൊലിക്കുടി ക്കുട്ടിയാൽക്കൊള്ളാമെന്നു മാത്രമേ കല്പിച്ചുള്ളൂ. പിന്നെ ഇങ്ങോട്ടൊന്നു് എഴുന്നള്ളി രോഗിയെ തുക്കൺപാത്താൽക്കൊള്ളാമെന്നു ഞാനറിയിച്ചിട്ടു്. "അങ്ങിനെയാകാം. മറന്നാളൊരു ചാത്തമൂട്ടാനുണ്ടു്. അതു കഴിഞ്ഞിട്ടല്ലാതെ നിവൃത്തിയില്ല. ചാത്തം നേരത്തെ പത്തു നാഴിക പുലരുമ്പോഴെയ്ക്കും കഴിക്കാം. അപ്പോഴെയ്ക്കും ഒരാൾ ഇങ്ങോട്ടു വന്നാൽ അയാളോടുക്കുടി വന്നോയ്ക്കാം" എന്നും കല്പിച്ചു. അതു കേട്ടിട്ടു കേശവൻനായർ "മറന്നാളല്ലേ? ശരിതന്നെ. പക്ഷെ പത്തു നാഴിക പുലരണമെന്നതോന്നുന്നില്ല" എന്നു പറഞ്ഞു. അതു നല്ല ശരിയായി. വയസ്സരെന്നിന്നു നിശ്ചയിച്ചതും തെറ്റിയില്ല. ആ ദിവസം അഞ്ചു നാഴിക പുലർന്നപ്പോൾ നമ്മുടെ കഥാനായകൻ കഥാവശേഷനായി. അതു കൊല്ലം ൧൦൯൯-ാമാണ്ടു മേടമാസത്തിലായിരുന്നു. ഉത്തരായണത്തിൽ പകൽ സമയത്തു ഭൂലോകം വിട്ടുപോയ ആ പുണ്യവാനു സ്വർഗ്ഗതിതന്നെ ലഭിച്ചിരിക്കുമെന്നുള്ളതു നിശ്ചയമാണല്ലൊ.

കേശവൻനായർക്കുടി പൊയ്ക്കഴിഞ്ഞപ്പോൾ പിന്നെ ആ തെക്കേടത്തുകുടുംബത്തിൽ ശേഷിച്ചതു് അദ്ദേഹത്തിന്റെ സഹോദരിയായിരുന്ന പാവ്വുതിയമ്മയും അവരുടെ മൂന്നു പുത്രന്മാരും മാത്രമായിരുന്നു. ആ പുത്രന്മാരിൽ മൂത്തയാളായിരുന്ന ശങ്കുപ്പിള്ള ഒരു പൊതുക്കായ്പ്രസക്തനായ നാട്ടുകായ്സ്ഥനും, മൂന്നാമനായിരുന്ന രാമൻപിള്ള ചെറുപ്പം മുതല്ക്കുതന്നെ രോഗിയുമായിരുന്നതിനാൽ അവക്കു രണ്ടുപേക്കും കുടുംബവ്യാപാരമ്പര്യപ്രകാരമുള്ള വിദ്യകൾ അഭ്യസിക്കുന്നതിനും പരിചയിക്കുന്നതിനും സൌകര്യമുണ്ടായില്ല. പിന്നെ അവരിൽ രണ്ടാമനായ നാരായണപിള്ള മാത്രം കുടുംബവ്യാപാരമ്പര്യം കളയാതെ നാഡിപരിശോധന, മർമ്മചികിത്സ, തിരുമ്മു മുതലായവയെല്ലാം യഥാക്രമം അഭ്യസിക്കുകയും പരിചയിക്കുകയും ചെയ്തു് അവയിലെല്ലാം ഏകദേശം കേശവൻനായരെപ്പോലെതന്നെ സമർത്ഥനായിത്തീരുകയും ചെയ്തു.

കാലക്രമേണ പാവ്വുതിയമ്മയും ശങ്കുപ്പിള്ളയും രാമൻപിള്ളയും കാലധർമ്മത്തെ പ്രാപിച്ചുപോവുകയാൽ നാരായ

Digitised By Kerala Sahitya Akademi

ണപിള്ള മാത്രമെ ഇനി ആ കുടുംബത്തിലുള്ളൂ. അദ്ദേഹത്തിന്റെ അടുക്കലും യഥാപൂവ്വം അനേകം രോഗികൾ ഇപ്പോഴും വരുന്നുണ്ട്. അദ്ദേഹവും രോഗികളുടെ നാഡികൾ പരിശോധിച്ചും തിരുമ്മിയും ചികിത്സിച്ചും പലരേയും സ്വസ്ഥരാക്കി അയയ്ക്കുന്നുമുണ്ട്. എന്നാൽ അദ്ദേഹവും തന്റെ പൂവ്വന്മാരെപ്പോലെതന്നെ യാതൊന്നിനും യാതൊരുത്തരോടും യാതൊരു പ്രതിഫലവും വാങ്ങാറില്ല. ഇപ്രകാരം പരോപകാരിയായിരിക്കുന്ന അദ്ദേഹം ഇനിയും അരോഗദൃഢഗാത്രനായി വളരെക്കാലം ജീവിച്ചിരിക്കുവാൻ സർവ്വേശ്വരൻ സഹായിക്കട്ടെ.

——(*)——

൨൪. മൂകോലക്ഷേത്രങ്ങൾ

ഈ ക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നതു പൊന്നാനിത്താലൂക്കിൽ പള്ളിക്കര അംശത്തിൽ വടക്കുംമുറിദേശത്തു ചാലിശ്ശേരിക്കു പോകുന്ന റോഡിന്റെ വടക്കുഭാഗത്താണു്.

പണ്ടു സാക്ഷാൽ ശങ്കരാചാര്യസ്വാമികൾ ദേശാടനം ചെയ്തിരുന്നപ്പോൾ ഒരിക്കൽ ഈ സ്ഥലത്തുക്കൂടി വന്നു 'നരിതിന്നിക്കടത്തു' കടന്ന സമയം അവിടെനിന്നു പൂവ്വോത്തരഭാഗത്തായി അത്യത്ഭുതകരമായ ഒരു തേജസ്സു കണ്ടു. അതൊരു ദൈവികമായിട്ടുള്ളതാണെന്നു തോന്നിയെങ്കിലും മൂത്തിയെന്താണെന്നു് അദ്ദേഹത്തിനു വ്യക്തമായി മനസ്സിലായില്ല. അതിനാലദ്ദേഹം തപസ്സുചെയ്തുകൊണ്ടു് അവിടെയിരുന്നു. അദ്ദേഹം സാക്ഷാൽ മഹാമായയെ ധ്യാനിച്ചുംകൊണ്ടാണു തപസ്സു ചെയ്തതു്. അങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ഒരു മൂത്തി ആചാര്യസ്വാമികളുടെ പുരോഭാഗത്തു് ആവിർഭവിച്ചു. അതു മഹാവിഷ്ണുവിന്റെ ആകൃതിയോടും സ്തനങ്ങൾ മുതലായ ചില സ്ത്രീലക്ഷണങ്ങളോടും കൂടിയതായിരുന്നു. ആ മൂത്തിയെ കണ്ടപ്പോൾ ആചാര്യസ്വാമികൾ ഇതു സാക്ഷാൽ വിഷ്ണുമായയാണെന്നു തീർച്ചപ്പെടുത്തി വന്ദിച്ചുകൊണ്ടു "ഭൂലോകരക്ഷാർത്ഥം ദേവിയുടെ സാന്നിദ്ധ്യം എന്നും ഈ

Digitised By Kerala Sahitya Akademi

സ്ഥലത്തുണ്ടായിരിക്കണം" എന്നപേക്ഷിച്ചു. ആ ദേവി അതിനെ ശിരഃകമ്പനംകൊണ്ടു സമ്മതിച്ചതായി അറിയിച്ചിട്ട് ഉടനെ അന്തർദ്ധാനം ചെയ്കയും ദേവി നിന്നിരുന്ന സ്ഥലത്ത് ആ ആകൃതിയിൽത്തന്നെ ഒരു ശിലാവിഗ്രഹം കാണപ്പെടുകയും ചെയ്തു. സ്വയംഭ്രവായ ആ വിഗ്രഹം ആ ദേവിയുടേതാണെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

ഇതുയും കഴിഞ്ഞിട്ടും ആചാര്യസ്വാമികൾക്കു തേജസ്സിനു് ആ സ്ഥലത്തു യാതൊരു കുറവും വന്നില്ല. അതിനാൽ ആചാര്യസ്വാമികൾ പിന്നെയും തപസ്സുചെയ്തുകൊണ്ടിരുന്നു. അപ്പോൾ അദ്ദേഹത്തിനു പ്രത്യക്ഷമായതു ദുർഗ്ഗാദേവിയാണു്. ആ ദേവിയെ അദ്ദേഹം ഒരു ശിലാഖണ്ഡത്തിന്മേലാവഹിച്ചു സ്വയംഭ്രവായ ദേവീവിഗ്രഹത്തിന്റെ സമീപത്തുതന്നെ വടക്കുപടിഞ്ഞാറുഭാഗത്തു പ്രതിഷ്ഠിച്ചു. അപ്പോൾ ആദ്യം കണ്ടതായ ആ തേജസ്സു സ്വല്പം കുറഞ്ഞു. എങ്കിലും നിർദ്ദോഷം ഇല്ലാതെയായില്ല. അതിനാൽ ആചാര്യസ്വാമികൾ പിന്നെയും തപസ്സുതുടങ്ങി. അപ്പോൾ പ്രത്യക്ഷമായതു ഭദ്രകാളിയാണു്. ആചാര്യസ്വാമികൾ ആ ദേവിയേയും ആവാഹിച്ചെടുത്തു് ആദ്യപ്രതിഷ്ഠയുടെ നേരെ പടിഞ്ഞാറുഭാഗത്തു പ്രതിഷ്ഠിച്ചു. ആചാര്യസ്വാമികൾ പിന്നെയും തപസ്സുചെയ്തപ്പോൾ പ്രത്യക്ഷമായതു ശിവനാണു്. ആ ശിവനെ കിഴക്കുഭാഗത്തു പ്രതിഷ്ഠിച്ചു. പിന്നെ വിഷ്ണു പ്രത്യക്ഷമായി. ആ വിഷ്ണുവിനെ പടിഞ്ഞാറുഭാഗത്തുതന്നെ പ്രതിഷ്ഠിച്ചു. അനന്തരം തപസ്സു ചെയ്തപ്പോൾ ശാസ്താവു പ്രത്യക്ഷമായി. ആ ശാസ്താവിനെ വടക്കുകിഴക്കുഭാഗത്തു 'കരുവാട്ട്' എന്ന സ്ഥലത്തും പ്രതിഷ്ഠിച്ചു. ഇതുയും കഴിഞ്ഞപ്പോൾ ആദ്യം കാണപ്പെട്ട തേജസ്സു് ആ സ്ഥലത്തു നിർദ്ദോഷം ഇല്ലാതെയാവുകയും ചെയ്തു.

ആചാര്യസ്വാമികളുടെ ഈ അത്ഭുതകർമ്മങ്ങളെക്കുറിച്ചു കേട്ടറിഞ്ഞു സമീപസ്ഥന്മാരും ദൂരസ്ഥന്മാരും ധനവാന്മാരുമായ അനേകം നമ്പൂരിപ്പാടന്മാരും നമ്പൂരിമാരും ആ സ്ഥലത്തു വന്നുചേർന്നു. ആ കൂട്ടത്തിൽ ആഴ്വാഞ്ചേരിതമ്പ്രാക്കളുമുണ്ടായിരുന്നു. അവരെല്ലാവരും കൂടി ആചാര്യസ്വാമി

Digitised By Kerala Sahitya Akademi

കഠം അവിടെ പ്രതിഷ്ഠിച്ച ദേവീദേവന്മാക്ക ക്ഷേത്രങ്ങഠം പണിയിക്കുക മുതലായ കായ്യങ്ങളെക്കുറിച്ചാലോചിച്ചു. അപ്പോഠം തന്ത്രാക്കഠം "ഭദ്രകാളിക്ക ഒക്ഷത്രം പണിയിക്കുകയും നിത്യനിദാനം മുതലായവയ്ക്ക വേണ്ടുന്നതു കൊടുക്കുകയും ഞാൻ തനിച്ചായിക്കൊള്ളാം" എന്നു പറയുകയും അവിടുന്ന് അങ്ങിനെ നടത്തുകയും ചെയ്തു. അതിനാൽ ആ ക്ഷേത്രം അവിടുത്തെ സ്വന്തമായിത്തീന്നു. ആ ക്ഷേത്രത്തിനു പറഞ്ഞു വരുന്ന പേരു 'കണ്ണേങ്കാവ്' എന്നാണ്.

ഭദ്രകാളിയുടെ ക്ഷേത്രകായ്യം തന്ത്രാക്കഠം ഏറവു നടത്തിയതുപോലെ ശിവന്റെറ ക്ഷേത്രകായ്യം പകരാവൃതുമനയ്ക്കൽ നിന്ന് ഏറവുനടത്തി. അതിനാൽ ആ ശിവക്ഷേത്രം പകരാവൃതുമനയ്ക്കലെവകയായിത്തീന്നു.

പിന്നെ വിഷ്ണുവിന്റെറ ക്ഷേത്രം മറെറാരാഠം പണി കഴിപ്പിച്ചു. ആ ക്ഷേത്രത്തിനു 'കൊളഞ്ചേരി' എന്നാണു പേരു പറഞ്ഞുവരുന്നതു്.

അനന്തരം ശാസ്താവിന്റെറ ക്ഷേത്രം ചുനങ്ങാട്ടു കാഞ്ഞിരുമനയ്ക്കൽനിന്നു പണി കഴിപ്പിക്കുകയും അവിടെ വേണ്ടുന്ന കായ്യങ്ങഠംക്കൊക്കെ ഏർപ്പാടുചെയ്കയും ചെയ്തു. അതിനാൽ ആ ക്ഷേത്രം ആ മനവകയായും തീന്നു. അതിനു പറഞ്ഞു വരുന്ന പേരു 'കരുവാട്ട്' എന്നുതന്നെയാണു്.

പിന്നെ അവിടെ ക്ഷേത്രമില്ലാതെയിരുന്നതു സ്വയംഭ്രവായ വിഷ്ണുമായയും ആചായ്യസ്വാമികളാൽ പ്രതിഷ്ഠിക്കപ്പെട്ട ദുർഗ്ഗാദേവിയും മാത്രമാണു്. ആ ദേവികഠംക്കും ക്ഷേത്രങ്ങഠം പണിയിക്കുന്നതിനും ആ ദേവസ്വകായ്യങ്ങഠം അനേവഷിച്ചു നടത്തുന്നതിനും മറുമായി ആചായ്യസ്വാമികഠം അവിടെ കൂടിയിരുന്ന നമ്പൂരിമാരിൽ മൂപ്പത്താറു പേക്കു് ഊരായ്മസ്ഥാനം കൊടുത്തു് അധികാരപ്പെടുത്തി. അവർ ആദ്യം തന്നെ സ്വയംഭ്രവായ ദേവിക്ക ക്ഷേത്രം പണി കഴിച്ചു് അതിനു 'മേലേക്കാവു്' എന്നു പേരിട്ടു. എല്ലാംകൊണ്ടും അതു മേലേതന്നെ ആയിരുന്നതുകൊണ്ടു് ആ പേരു യഥാർത്ഥം തന്നെയായിത്തീന്നു. ആ ക്ഷേത്രത്തോടു ചേർന്നുതന്നെ ദുർഗ്ഗാദേവിക്കും ക്ഷേത്രം പണികഴിപ്പിക്കുകയും അതിനു 'കീഴേ

Digitised By Kerala Sahitya Akademi

ക്കാവ്' എന്നു പേരിടുകയും ചെയ്തു. അവിടെ സദ്യകർമ്മം നടത്തുന്നതിനു് ഒരു ഊട്ടുപുരയും ക്ഷേത്രത്തിലെ ഉപയോഗത്തിനും മറ്റുമായി ഒരു കിണറും ഉണ്ടാക്കിച്ചു.

ഇവിടെ ഇങ്ങിനെയുണ്ടായ ക്ഷേത്രങ്ങൾക്കെല്ലാം കണ്ണേക്കാവു, മേലേക്കാവു, കീഴേക്കാവു മുതലായി പ്രത്യേകം പ്രത്യേകം ഓരോ പേരുകളും സിദ്ധിച്ചിട്ടുണ്ടു്. എങ്കിലും അവയെ എല്ലാംകൂടിപ്പറയുമ്പോൾ മൂക്കോലക്ഷേത്രങ്ങൾ എന്നാണു പറഞ്ഞുവരുന്നതു് ഈ ക്ഷേത്രങ്ങൾ സ്ഥാപിച്ച സ്ഥലം മൂന്നു ദിക്കുകളിൽനിന്നു് ഓരോ പെരുവഴികൾ വന്നുചേരുന്ന ഒരു കവലയായിരുന്നു. അതിനാൽ ആ സ്ഥലത്തെ എല്ലാവരും 'മുക്കവല' എന്നാണു പറഞ്ഞിരുന്നതു്. അതിനാൽ ആ സ്ഥലത്തുണ്ടായ ക്ഷേത്രങ്ങളെ മുക്കവലക്ഷേത്രങ്ങളെന്നും പറഞ്ഞിരുന്നു. കാലക്രമേണ മുക്കവല മൂക്കോലയായിത്തീർന്നു. അതിനെ സംസ്കൃതപണ്ഡിതന്മാർ പരിഷ്കരിച്ചു 'മുക്തിസ്ഥലം' എന്നാക്കി പ്രയോഗിച്ചുതുടങ്ങി.

ഊരാണ്മക്കാരായ നമ്പൂരിമാർ ക്ഷേത്രംപണിയും കലശം മുതലായവയും നടത്തിയതിന്റെ ശേഷം ക്ഷേത്രത്തിൽ നടക്കേണ്ടുന്ന പതിവുകർമ്മം നിശ്ചയിക്കുകയും നിത്യനിദാനം മുതലായവയ്ക്കു വേണ്ടുന്ന മുതലിനു വസ്തുവകകൾ ഏർപ്പെടുത്തുകയും ചെയ്തു.

അവിടെയുള്ള ക്ഷേത്രങ്ങളിൽ പ്രാധാന്യം മേലേക്കാവിനാണെന്നു മുമ്പുതന്നെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എന്നാൽ കണ്ണേക്കാവിനും ഒട്ടും പ്രാധാന്യക്കുറവില്ല. മേലേക്കാവിൽ ആരെങ്കിലും എന്തെങ്കിലും വഴിപാടു നടത്തിയാൽ അതുപോലെതന്നെ കണ്ണേക്കാവിലും നടത്തണം. അങ്ങിനെ ചെയ്യാതെയിരുന്നാൽ ആ ദേവിയുടെ (ഭദ്രകാളിയുടെ) വിരോധവും തന്നിമിത്തം പല അനർത്ഥങ്ങളും ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഇതു് ഇപ്പോഴും കണ്ടുവരുന്ന ഒരു സംഗതിയാണു്. മേലേക്കാവിൽ ഭഗവതിക്കു രണ്ടു നേരവും പതിവുള്ള വെള്ളനിവേദ്യം. ശ്രീകോവിലിന്റെ തൃപ്പടിയിന്മേൽ വച്ചു് ഇങ്ങോട്ടുംകൂടി പ്രാണാഹുതി ചെയ്യുക ഇപ്പോഴും പതിവുണ്ടു്.

Digitised By Kerala Sahitya Akademi

അവിടെ അടുത്ത പ്രദേശങ്ങളിലുള്ള അന്തർജ്ജനങ്ങൾക്കെല്ലാം ഉടുക്കുവാനുള്ള വസ്ത്രങ്ങൾ വാങ്ങുന്ന അവസരങ്ങളിൽ ഒരു വസ്ത്രം മഞ്ഞളും നൂലും (ചുണ്ണാമ്പും) കൂടി കൂഴച്ചു തേച്ചു മുഖപ്പിച്ചു കണ്ണേങ്കാവിൽക്കൊണ്ടുചെന്നു കൊടുത്തു ദേവിക്കു ചാർത്തിച്ചു മടക്കിവാങ്ങിക്കൊണ്ടുപോയിട്ടല്ലാതെ വാങ്ങുന്ന വസ്ത്രങ്ങളിൽ ഒന്നുപോലും ഉപയോഗിക്കാൻ പാടില്ല. ഇങ്ങിനെ എല്ലാ പ്രാവശ്യവും വേണം. അങ്ങിനെ ചെയ്യാതെയിരുന്നാൽ ആ ദേവിയുടെ കോപമുണ്ടാകുമെന്നുള്ളതു തീച്ചയാണ്. അതിനാൽ അതു പേടിച്ചു് ആ ദിക്കിലുള്ള അന്തർജ്ജനങ്ങൾ ഈ കൃത്യം ഇപ്പോഴും ശരിയായി നടത്തിപ്പോരുന്നുണ്ടു്. ഈ ക്ഷേത്രത്തിൽ ആണ്ടുതോറും വൃശ്ചികമാസം ഒന്നാംതീയതി മുതൽ മകരമാസത്തിലെ .ആദ്യത്തെ വെള്ളിയാഴ്ചവരെ കളമെഴുത്തും പാട്ടും പതിവുണ്ടു്. അതിനു് ഇപ്പോഴും മുടക്കമില്ല.

ഈ ഭദ്രകാളിക്കു് അമ്പലംപണിയും കലശവും കൂഴിച്ചു പതിവായി പൂജ തുടങ്ങിയപ്പോൾ ആ ദേവിയുടെ ശക്തിയും ചൈതന്യവും അവിടെ ക്രമത്തിലധികം വർദ്ധിക്കുകയും ദേവിക്കു 'ഭയങ്കരി' എന്നുള്ള പേരു യഥാർത്ഥമായിത്തീരുകയും ചെയ്തു. പകൽസമയത്തുപോലും അതിലെ സഞ്ചരിക്കുന്നതിനു ജനങ്ങൾക്കു വലിയ ഭയമായിത്തീർന്നു. രാത്രികാലങ്ങളിലെക്കഥ പറയാനുമില്ല. രാത്രികാലങ്ങളിൽ അവിടെ ചെല്ലുകയോ അതിലെ കടന്നുപോവുകയോ ചെയ്താൽ ആ ദേവിയുടെ ഭൂതഗണങ്ങളോ ദേവിതന്നെയോ പിടിച്ചു തിന്നുകയോ ചീന്തി ചോര കുടിക്കുകയോ ചെയ്യുമെന്നായിരുന്നു ജനങ്ങളുടെ വിചാരം. അങ്ങിനെ വിചാരിക്കുവാൻ തക്കവണ്ണം ചില സംഗതികൾ അക്കാലത്തു് അവിടെ ഉണ്ടായിട്ടുമുണ്ടു്. വൃശ്ചികമാസം ഒന്നാംതീയതി മുതൽ പതിവുള്ള പാട്ടുതന്നെ ഏഴരനാഴിക രാച്ചെല്ലുന്നതിനു മുമ്പു കഴിച്ചുകൂട്ടി നടയുമടച്ചുപൂട്ടി എല്ലാവരും അവിടെനിന്നു പോവുകയായിരുന്നു ആദ്യത്തെ കാലത്തെ പതിവു്. കുറച്ചു കഴിഞ്ഞപ്പോൾ അതും നിവൃത്തിയില്ലാതെയായി. സന്ധ്യയായാൽ പിന്നെ ആരും അവിടെച്ചെല്ലാതെയായിത്തീർന്നു. പിന്നെ

Digitised By Kerala Sahitya Akademi

പാട്ടം മറവും നടത്തുന്നതെങ്ങിനെയാണു"? ഇതുയുമായപ്പോൾ തന്ത്രാക്കളും തന്ത്രിയായ ചെന്നാസ്സുനമ്പൂരിയും മറനേകം യോഗ്യന്മാരുംകൂടി ആലോചിച്ചു് ഇവിടെ വേദാഹ്മാരായ ബ്രാഹ്മണരുടെ ശാന്തി വേണ്ടെന്നുവെച്ചാൽ ദേവിയുടെ ശക്തിയും ചൈതന്യവും ക്ഷയിക്കും. അപ്പോൾ ജനങ്ങളുടെ ഭയവും കുറയും. ക്ഷേത്രകാര്യങ്ങളെല്ലാം രാത്രിയിലും പകലും ഇഷ്ടംപോലെ നിർഭയം നടത്താറാവുകയും ചെയ്യും എന്നു നിശ്ചയിക്കുകയും അന്നുതന്നെ അവിടെ ശാന്തിക്കു് ഒരിളയതിനെ നിയമിക്കുകയും ക്ഷേത്രകാര്യങ്ങളെല്ലാം അനേപഷിച്ചു നടത്തുന്നതിനു് ആ ഇളയതിനെത്തന്നെ അധികാരപ്പെടുത്തുകയും അങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ഭഗവതിയുടെ ശക്തിയും ജനങ്ങളുടെ ഭയവും കുറഞ്ഞു സാമാന്യംപോലെ ആവുകയും ആ ക്ഷേത്രസന്നിധിയിൽ അഹോരാത്രം എല്ലാവരും നിർഭയം സഞ്ചരിച്ചുതുടങ്ങുകയും ചെയ്തു. പിന്നെയും തന്ത്രാക്കൾ മാസംതോറും അവിടെ ചെന്നു ദർശനം നടത്തുക പതിവായിരുന്നു.

അനന്തരം ഏതാനും കൊല്ലങ്ങൾ കഴിഞ്ഞതിന്റെ ശേഷം ഒരിക്കൽ തന്ത്രാക്കൾ ദർശനത്തിനായി അവിടെ ചെന്നപ്പോൾ അമ്പലത്തിൽ ചില നമ്പൂരിമാർ ജപിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. അവർ തന്ത്രാക്കളെക്കണ്ടിട്ടു പതിവുപോലെ എണീക്കുകയോ ബഹുമാനിക്കുകയോ ചെയ്തില്ല. അവരുടെ അധിക്കാരം തന്ത്രാക്കൾക്കു് ഒട്ടും രസിച്ചില്ല. മലയാളബ്രാഹ്മണരിൽ പ്രാധാന്യം തന്ത്രാക്കൾക്കായതുകൊണ്ടു് അദ്ദേഹത്തെക്കണ്ടാൽ എല്ലാവരും ബഹുമാനിക്കണമെന്നായിരുന്നു തന്ത്രാക്കളുടെ വിചാരം. അങ്ങിനെ എല്ലാവരും ചെയ്യുക പതിവുമായിരുന്നു. അവിടെ ഇരുന്നിരുന്ന നമ്പൂരിമാർ ക്ഷേത്രത്തിലെ ഊരായ്മക്കാരായിരുന്നു. അതിനാൽ അവിടെ അധികാരം തങ്ങൾക്കാണെന്നും തന്ത്രാക്കൾക്കൊന്നുമില്ലെന്നും വിചാരിച്ചായിരിക്കാം അവർ തന്ത്രാക്കളെ ബഹുമാനിക്കാഞ്ഞതു്. ഏതെങ്കിലും തന്ത്രാക്കളും കൂടെയുണ്ടായിരുന്ന തന്ത്രി ചെന്നാസ്സുനമ്പൂരി മുതലായവരും മുഷിഞ്ഞു് അവിടെനിന്നു് ഇറങ്ങിപ്പോയി. അതിൽപ്പിന്നെ തന്ത്രാക്കളും ചെന്നാസ്സുനമ്പൂരിയും അവിടെപ്പോകാറില്ല. തന്ത്രാ

Digitised By Kerala Sahitya Akademi

ക്കാം അങ്ങോട്ടു ചെല്ലാതെയായതു കണ്ണേങ്കാവുക്ഷേത്രത്തിലെ ശാന്തിക്കാം കായ്വുവിചാരത്തിനുമായി നിയമിക്കപ്പെട്ട ഇളയതിനു നല്ല തരമായിത്തീന്നു. കാലക്രമേണ ഇളയതു് ആ ക്ഷേത്രം സ്വന്തമാക്കിബ്ഭരിച്ചുതുടങ്ങി. ഇപ്പോഴും അതു് അങ്ങിനെതന്നെയാണിരിക്കുന്നതു്.

കീഴേക്കാവെന്നു പറയപ്പെടുന്ന ഒറ്റാക്ഷേത്രത്തിനു കാലപ്പഴക്കംകൊണ്ടു കേടു സംഭവിച്ചപ്പോൾ അതിന്റെ ജീർണ്ണോദ്ധാരണവും അവിടെ ബിംബം മാറി പ്രതിഷ്ഠയും കലശവും മറ്റും നടത്തിച്ചതു് ഒരു ഏറാംപ്പാട്ടുതമ്പുരാനാണു്. അതിനെപ്പറ്റി ഒരു ശ്ലോകം അവിടെ കാണുന്നതു താഴെ ചേർക്കുന്നു.

"ശ്രുത്യോഭാവദ്ധിസിദ്ധ്യാ കലിമലരഹിതോ-
ഗാബ്ധിനേത്രഃ കനീയാൻ
രാജാ കൃത്വാ നവീനം പുരമതിരുചിരം
മൂകതിഗേഹാംബികായാഃ.
ബിംബം തത്ര പ്രതിഷ്ഠാപ്യ ച വസനസുവ-
ർണ്ണാന്നദാനൈശ്ചുഥാഢ്യം
വർണ്ണാൻ സന്തർപ്യ സർവ്വാനപി വിധിവദഥാ-
കാരയച്ചാഭിഷേകം."

ഈ ശ്ലോകത്തിന്റെ ആദ്യപാദത്തിൽത്തന്നെ "ശ്രുത്യോ ഭാവദ്ധിസിദ്ധ്യാ" എന്നുള്ളതുകൊണ്ടു കാണിച്ചിരിക്കുന്നതു തദ്ദിനകലിസംഖ്യയാണെന്നുള്ളതു സ്പഷ്ടമാണല്ലൊ. ഇനി സർവ്വപ്രധാനമായ മേലേക്കാവിനെക്കുറിച്ചുകൂടി സ്വല്പം പറയാം.

ഇവിടെ ആചാര്യസ്വാമികൾ തപസ്സു ചെയ്തുകൊണ്ടിരുന്ന സ്ഥലം ഇപ്പോഴും കാണുന്നുണ്ടു്. അതു ശ്രീകോവിലിന്റെ വടക്കുവശത്തു് ഒരു തറയായിട്ടാണു കാണുന്നതു്.

ഇവിടെ ദേവിക്കു പതിവായി കാലത്തെയുള്ള മലർനിവേദ്യത്തിനു മലർ അന്നാന്നു വറുത്തതേ പാടുള്ളൂ. ഇതുകൂടാതെ രണ്ടു നേരവും വെച്ചുനിവേദ്യവും പതിവുണ്ടു്. നിവേദ്യം വെയ്ക്കുന്നതു് ഓട്ടുപാത്രത്തിലല്ലാതെ പാടില്ല. ഇവിടെ രണ്ടു നേരവും നിവേദ്യം മാത്രമേ ഉള്ളൂ. പൂജ പതിവില്ല. പൂജ ആണ്ടുതോറും വൃശ്ചികമാസത്തിൽ കാർത്തികനാൾ

Digitised By Kerala Sahitya Akademi

മാത്രമേ ഉള്ളൂ. അതിന് ഒരിക്കലും മുടക്കമില്ല. ആ പൂജ കഴിക്കുന്നതു് അവിടത്തെ തന്ത്രിയായ അണിമംഗലത്തു നമ്പൂരിയാണു്. അവിടത്തെ പൂജാക്രമം ആ ഇല്ലക്കാക്കല്ലാതെ മറ്റാക്കും അറിഞ്ഞുകൂടാ. അവർ അതു് അന്യന്മാരെ ഗ്രഹിപ്പിക്കുകയുമില്ല. കാത്തികനാൾ പൂജയ്ക്കു തന്ത്രിയെ ക്ഷണിക്കാറില്ല. പതിവായതുകൊണ്ടു് അവർ കാലേക്രൂട്ടി വന്നു കൊള്ളും. അതിന് അവർ ഇതുവരെ മുടക്കം വരുത്തീട്ടില്ല. വൃശ്ചികമാസത്തിൽ കാത്തിക ഇവിടെ ഒരു മഹോത്സവമായിട്ടാണു കൊണ്ടാടിവരുന്നതു്. അന്നത്തെ വിളക്കു, മാല, സദ്യ മുതലായവയ്ക്കെല്ലാമുള്ള ചെലവുകൾ വഹിക്കുന്നതു സാമൂതിരിപ്പാട്ടുതമ്പുരാനാണു്.

ഇവിടെ തന്ത്രിക്കല്ലാതെ പൂജ കഴിക്കാൻ പാടില്ലെന്നു മാത്രമല്ല, ശുകപുരഗ്രാമത്തിലുൾപ്പെട്ട നമ്പൂരിമാക്കു ശാന്തിയും പാടില്ല. ഇവിടെ ശാന്തിക്കും കഴകത്തിനും ദേവസ്വത്തിൽനിന്നു പ്രതിഫലമൊന്നും കൊടുക്കാറില്ല. വഴിപാടുകൾ വരുന്നതുകൊണ്ടു് ഇവിടെ ശാന്തിക്കാരനും കഴകക്കാരനും ധാരാളം സമ്പാദ്യമുണ്ടാകും. അതുകൊണ്ടു് ഇവിടെ ശാന്തിക്കും കഴകത്തിനും ആളില്ലാതെ ഒരിക്കലും വരാറില്ല.

ആദ്യകാലത്തു് ഇവിടെ കിണറുണ്ടായിരുന്നില്ല. അഭിഷേകം, നിവേദ്യംവെയ്പു മുതലായവയ്ക്കെല്ലാം ആവശ്യമുള്ള വെള്ളം കീഴേക്കാവിൽനിന്നു കോരിക്കൊണ്ടുവന്നാണു നടത്തിയിരുന്നതു്. ഒരിക്കൽ അവിടെ ശാന്തി നടത്തിയിരുന്നതു വൃദ്ധനും ശുദ്ധഹൃദയനുമായ ഒരു നമ്പൂരിയായിരുന്നു. ഒരു ദിവസം രാത്രിയിൽ പതിവുള്ള ആവശ്യങ്ങളെല്ലാം കഴിഞ്ഞിട്ടു പിന്നെയും കുറച്ചുകൂടി വെള്ളം കൊണ്ടുവരേണ്ടതായ എന്തോ ആവശ്യം നേരിട്ടു. രാത്രിയിൽപ്പോയി വെള്ളം കോരിക്കൊണ്ടുവരാനുള്ള ബുദ്ധിമുട്ടു വിചാരിച്ചിട്ടും ക്ഷീണംകൊണ്ടും ആ വൃദ്ധബ്രാഹ്മണനു സാമാന്യത്തിലധികം സങ്കടവും ദേഷ്യവുമുണ്ടായി. എങ്കിലും കായ്മ നടക്കണമല്ലോ എന്നു വിചാരിച്ചു് ഒരു ചെപ്പുകുടവുമെടുത്തുകൊണ്ടു് ഇരുട്ടത്തു പുറപ്പെട്ടു് ഇറങ്ങിയ ഉടനെ കാൽ ഒരു കല്ലിന്മേൽ മുട്ടി. മുമ്പേതന്നെ സങ്കടപ്പെട്ടുകൊണ്ടിരുന്ന ആ വൃദ്ധാത്മാവിനു് ഇതിന്റെ വേദനയുംകൂടിയായപ്പോൾ ദേഷ്യം സഹിക്കവയ്യാ

Digitised By Kerala Sahitya Akademi

തെയാവുകയാൽ ചെപ്പുകുടം വലിച്ചെറിഞ്ഞിട്ട് അത്താഴ മൊന്നും കഴിക്കാതെതന്നെ പോയിക്കിടന്നുറങ്ങി. പിറേറ ദിവസം കാലത്ത് ആ ചെപ്പുകുടം ചെന്നുവീണ സ്ഥലത്ത് ഒരൊന്നാംതരം കിണർ കാണപ്പെട്ടു. അതു കുഴിച്ചെടുത്ത മണ്ണ് അവിടെയെങ്ങും കാണ്മാനില്ലായിരുന്നു. അവിടെനിന്ന് അരനാഴിക അകലെ ഒരു പാടത്തു തലേദിവസമില്ലാതെയി രുന്ന ഒരു മൺകുന്നു പിറേറദിവസം കാലത്തു കാണപ്പെട്ട കയും ചെയ്തു. ഈ കിണറു കുഴിച്ചതു ഭഗവതിയുടെ ഭൂതഗണ ങ്ങളാണെന്നാണു പറയുന്നത്. ഭക്തവത്സലയായ ദേവിക്കു ഭക്തനും, വൃദ്ധനും, അശക്തനും, ശുദ്ധനുമായ ആ ബ്രാഹ്മണ നെക്കുറിച്ചു ദയയുണ്ടായിട്ട് അവിടുന്ന് ഇങ്ങിനെ തന്റെ ഭൂത ങ്ങളെക്കൊണ്ടു ചെയ്യിച്ചതായിരിക്കാം. മേലേക്കാവിൽ ഭഗ വതി സകലാഭീഷ്ടപ്രദായിനിയും ഭക്തപ്രിയയുമാണെന്നുള്ളതു പ്രസിദ്ധമാണല്ലോ. അവിടെച്ചെന്നു ഭക്തിപൂർവ്വം ഭജിച്ചു പ്രാർത്ഥിച്ചാൽ സന്തതിയോ, സമ്പത്തോ, സംഗീതമോ, സാഹിത്യമോ എന്തു വേണമെങ്കിലുമുണ്ടാകും. വിശേഷിച്ചു കവിതപമുണ്ടാകുന്നതിന് ഈ ദേവിയെ ഭജിക്കുന്നതുപോലെ സുഗമമായ മാർഗ്ഗം വേറെ യാതൊന്നുമില്ല. അതിനാൽ ഈ സ്ഥലത്തെ 'ദക്ഷിണമൂകാംബി' എന്നതന്നെ ചിലർ പറ യാറുണ്ട്.

ഉദ്ദണ്ഡശാസ്ത്രികൾ കേരളത്തിൽ വന്നതിന്റെ ശേഷം പല ക്ഷേത്രങ്ങളും സന്ദർശിച്ചു. ഒരിടത്തു ചെന്നിട്ടും അദ്ദേഹ ത്തിന്റെ മനസ്സിൽ ഭക്തി തോന്നിയില്ല. അതിനാലദ്ദേഹം ഒരിടത്തും ദർശനം കഴിച്ചില്ല. മേലേക്കാവിൽച്ചെന്നു നോക്കി യപ്പോൾ അദ്ദേഹത്തിനു വളരെ ഭക്തി തോന്നുകയാൽ അദ്ദേ ഹം അമ്പലത്തിനകത്തു കടന്നു ദേവിയെ വന്ദിച്ചു. അപ്പോൾ ഒരു ശ്ലോകമുണ്ടാക്കിച്ചൊല്ലിയാണ് അദ്ദേഹം വന്ദിച്ചതു്. അതിന്റെ പൂർവ്വാർദ്ധമായ—

"സംഭരിതഭ്രരികൃപമംബ! ശുഭമംഗം
ശുംഭതു ചിരന്തനമിദം തവ മദന്തഃ"

എന്നീ രണ്ടു പാദം ചൊല്ലിക്കഴിഞ്ഞിട്ടു ശേഷം തോന്നാൻ ശാസ്ത്രികൾക്കു സപ്പം താമസം വന്നു. അപ്പോൾ നടയിൽ ഇടയ്ക്കു കൊട്ടിക്കൊണ്ടുനിന്നിരുന്ന മാരാർ ആ പൂർവ്വാർദ്ധ ത്തിന്റെ ഉത്തരാർദ്ധമായി—

Digitised By Kerala Sahitya Akademi

"ജംഭരിപുകുംഭിവരകുംഭയുഗഡംഭ-
സ്തംഭികുചകുംഭപരിരംഭപരശംഭു"

എന്നു ചൊല്ലി. അതു കേട്ട ശാസ്ത്രികൾ സന്തോഷാത്ഭുതഭരിതനായി "നീതാൻ കവിമല്ലൻ" എന്നു പറഞ്ഞു. പണ്ഡിതാഗ്രേസരനും മഹാകവിയുമായിരുന്ന ഉദ്ദണ്ഡശാസ്ത്രികളുടെ അഭിനന്ദനത്തിനു പാത്രീഭവിക്കുവാൻ തക്കവണ്ണമുള്ള കവിത്വം ആ മാരാക്കു സിദ്ധിച്ചതു് ഈ ദേവിയെ സേവിച്ചിട്ടു മാത്രമായിരുന്നു.

ജ്ഞാനപ്പാന മുതലായ കൃതികളുടെ നിർമ്മാതാവായ പൂന്താനത്തു നമ്പൂരിക്കു കവിതാവാസനയുണ്ടായതും ഈ ദേവിയെ സേവിച്ചിട്ടതന്നെയായിരുന്നു. പൂന്താനത്തുനമ്പൂരി അദ്ദേഹത്തിന്റെ കവിത ഗുരുവായൂർക്ഷേത്രത്തിൽ ഭജിച്ചുകൊണ്ടിരുന്ന മേൽപ്പുത്തൂർ നാരായണഭട്ടതിരിയെ കേൾപ്പിച്ചപ്പോൾ ഭട്ടതിരി "വിഭക്തി കുറവാണു്" എന്നു പറഞ്ഞുവെന്നും ഭട്ടതിരി ഇങ്ങിനെ പറഞ്ഞതിനാൽ ഇനി തന്റെ കവിതയെ ആരും ആദരിക്കുകയില്ലെന്നു വിചാരിച്ചു പൂന്താനത്തുനമ്പൂരി വിഷാദത്തോടുകൂടി അവിടെനിന്നു് ഇറങ്ങിയപ്പോയപ്പോൾ "വിഭക്തി കുറവാണെങ്കിലും ഭക്തി ഭട്ടതിരിക്കുള്ളതിലധികം പൂന്താനത്തിനുണ്ടു്" എന്നു ഗുരുവായൂരപ്പൻ അരുളിച്ചെയ്തതു കേട്ട ഭട്ടതിരി പശ്ചാത്താപത്തോടുകൂടി പൂന്താനത്തുനമ്പൂരിയുടെ അടുക്കൽച്ചെന്നു സമാധാനം പറഞ്ഞു് അദ്ദേഹത്തെ സന്തോഷിപ്പിച്ചുവെന്നുമുള്ള ഐതിഹ്യം സുപ്രസിദ്ധമാണല്ലോ. എന്നാൽ ഭട്ടതിരിയുടെ ആപത്തു് അതുകൊണ്ടു തീർന്നില്ല. മേലേക്കാവിൽ ഭഗവതിയുടെ പ്രധാന ഭക്തനായിരുന്നുവല്ലോ പൂന്താനത്തുനമ്പൂരി. അദ്ദേഹത്തിനു വിഭക്തിജ്ഞാനം ചുരുക്കമാണെന്നു പറഞ്ഞു് അധിക്ഷേപിച്ചതു് ആ ദേവിക്കു രസിച്ചില്ല. ഭഗവതിയുടെ വിരോധം നിമിത്തം ഭട്ടതിരിക്കു പല അനർത്ഥങ്ങളും നേരിട്ടു. തൽപരിഹാരാർത്ഥം ഭട്ടതിരി മേലേക്കാവിൽച്ചെന്നു മണ്ഡലഭജനം നടത്തി ദേവിയുടെ വിരോധം തീർത്തു സന്തോഷിപ്പിച്ചു. ഭട്ടതിരി ആ ഭജനകാലത്തുണ്ടാക്കിയതാണീ 'ശ്രീപാദസപ്തതി' എന്ന സ്തോത്രകൃതി. അതിൽനിന്നു ചില ശ്ലോകങ്ങൾ താഴെ പകർത്തുന്നു.

Digitised By Kerala Sahitya Akademi

യൽസംവാഹനലോഭിനശ്ശശികലാ-
ചൂഡസ്യ ഹസ്താംബുജ-
സ്പർശേനാപി ച ലോഹിതാഭ്വതി
മുഹുസ്താൽപാദപങ്കേരുഹം
തേനൈവോദ്ധതകാസരാസുരശിര-
ശ്ശൃംഗാഗ്രസൻ ചൂർണ്ണന-
പ്രാചണ്ഡ്യന്തദനുഷ്ഠിതം കില കഥം?
മുകുന്ദസ്ഥലസ്ഥേ ശിവേ!

താൽപാദന്നിജമസ്തകേ ഘടയിതും
കേ കേ ന ലോകേ ജനാഃ
കിം കിം നാരഭയന്തി ദുശ്ചരതപ-
ശ്ചര്യ്യാസപര്യ്യാദികം
മന്യേ ധന്യതമന്തു ദേവി! മഹിഷം
വൈരസ്ഥയൈവ തവയാ
യന്മൂർദ്ധ്നി സ്വയമേവ പാതകഹരം
പാദാംബുജം പാതിതം.

താൽപാദാഞ്ചലരൂപകല്പലതികാ-
ബാലപ്രവാളദ്വയം
യേ താവൽ കലയന്തി ജാതു ശിരസാ
നമ്രേണ കമ്രോജ്ജ്വലം
തേഷാമേവ ഹി ദേവി! നന്ദനവന-
ക്രീഡാസു ലഭ്യം പുനഃ
സ്വവ്ല്ലീതരുണപ്രവാളഭരണം
സോവ്നരൂപം ഫലം.

ഘോരം പാദസഹസ്രകം പ്രകടയ-
ന്നാശാസു ഭാസാംപതി-
ർദ്ധ്വാന്തസ്യോ പുനരാന്തരം ശമയിതും
ശക്നോതി ശൈലാത്മജേ!
താൽപാദദലിതയേന കോമളതരേണാ-
നേന ചേതഃസ്പൃശാ
ജന്തുനാം ബഹിരന്തരന്ധതമസം
കുന്തസ്യനന്തം ശിവേ!

Digitised By Kerala Sahitya Akademi

ഭട്ടതിരി മേലേക്കാവിൽപ്പോയി മണ്ഡലഭജനം നടത്തിയതും ശ്രീപാദസപ്തതിയുണ്ടാക്കിയതും മറ്റും ഗുരുവായൂർ ക്ഷേത്രത്തിലെ ഭജനത്തിനിടയ്ക്കായിരുന്നു. അതിനാൽ മേലേക്കാവിലെ ഭജനം കഴിഞ്ഞതിന്റെ ശേഷം അദ്ദേഹം വീണ്ടും ഗുരുവായൂർതന്നെ ചെന്നു ഭജിച്ചുകൊണ്ടു താമസിച്ചു. അതിനിടയ്ക്ക് ഒരു ദിവസം ഗുരുവായൂരപ്പൻ ഭട്ടതിരിയോട് "ഒടുക്കം മുക്തി ലഭിക്കുന്നതിനും 'മുക്തിസ്ഥല'ത്തുതന്നെ പോവുകയാണു നല്ലതു" എന്നരുളിച്ചെയ്കയാൽ ഭട്ടതിരി ഗുരുവായൂർ ക്ഷേത്രത്തിലെ ഭജനം മതിയാക്കിയതിന്റെ ശേഷവും ആജീവനാന്തം മേലേക്കാവിൽ തിങ്കൾഭജനം നടത്തുകയും ഒടുക്കം അവിടെവെച്ചുതന്നെ പരമഗതിയെ പ്രാപിക്കുകയും ചെയ്തുവെന്നാണു കേൾവി.

ഭാഗവതോത്തമനും ഭാഗവതപാരായണപരായണനുമായിരുന്ന ക്രുടല്ലൂർ കുഞ്ഞിക്കാവു നമ്പൂരിപ്പാട്ടിലേയ്ക്കു മേലേക്കാവിൽ ഭഗവതിയെക്കുറിച്ചു് അളവറ്റ ഭക്തിയും വിശ്വാസവുമുണ്ടായിരുന്നു. അദ്ദേഹം ആണ്ടുതോറും നവരാത്രിക്കാലത്തു് അവിടെച്ചെന്നു ദേവിയെ ഭജിച്ചുകൊണ്ടു താമസിക്കുകയും മുടക്കംക്രുടാതെ ഭാഗവതപാരായണം നടത്തുകയും പതിവായിരുന്നു. ക്രുടല്ലൂർ നമ്പൂരിപ്പാടു വന്നു ഭാഗവതംവായന തുടങ്ങിയിരിക്കുന്നു എന്നറിഞ്ഞാൽ എവിടെയായാലും അതു കേൾക്കുന്നതിനു് അസംഖ്യമാളുകൾ വന്നുക്രുടുകയും അവരെല്ലാവരും യഥാശക്തി കുറേശ്ശ പണം നമ്പൂരിപ്പാട്ടിലെ മുമ്പിൽ വെച്ചു വന്ദിക്കുകയും പതിവായിരുന്നു. അങ്ങിനെ വരുന്ന പണമൊന്നും നമ്പൂരിപ്പാടെടുത്തു സമ്പാദിക്കുക പതിവില്ല. എവിടെയായാലും അതതു സ്ഥലങ്ങളിൽ ആ പണം മുഴുവനും ഈശ്വരാർത്ഥമായി ചെലവുചെയ്കയാണു് അദ്ദേഹത്തിന്റെ പതിവു്. അവിടെവെച്ചുണ്ടായ പണം ശേഖരിച്ചുവെച്ചിരുന്നു ക്ഷേത്രത്തിനു ജീർണ്ണോദ്ധാരണം ചെയ്യിക്കുകയും ചെമ്പുപലക അടിപ്പിക്കുകയും ചെയ്തു. പിന്നെ നവരാത്രിക്കാലത്തു് അവിടെക്രുടുന്ന ബ്രാഹ്മണക്കു പതിവായി അത്താഴം കൊടുക്കുന്നതിലേയ്ക്കായി ആയിരമുറുപ്പിക ദേവസ്വത്തിൽ ഏല്പിക്കുകയും ചെയ്തു.

ആഴ്ചവാഞ്ചേരിത്തമ്പ്രാക്കൾക്കു് ഒരിക്കൽ അതികലശലായ ഒരു വയറുവേദനയുണ്ടായി. പല വൈദ്യന്മാരെക്കൊണ്ടു

Digitised By Kerala Sahitya Akademi

ചികിത്സിപ്പിച്ചിട്ടും ഭേദമായില്ല. ഈ വിവരമറിഞ്ഞു കുഞ്ഞിക്കാവു നമ്പൂരിപ്പാട്"ആയിരമുറുപ്പിക മൂക്കോലബ് ഭഗവതിക്കു വഴിപാടായിക്കൊടുക്കാമെന്നു നിശ്ചയിച്ച് ഉഴിഞ്ഞു കെട്ടിവെച്ചാൽ വയറുവേദന ഭേദമാകും" എന്നറിയിച്ചു. അതനുസരിച്ചു തന്ത്രാക്കൾ ആയിരമുറുപ്പിക ഉഴിഞ്ഞു കെട്ടിവെയ്ക്കുകയും ഉടനെ വയറുവേദന ഭേദമാവുകയും ചെയ്തു. അതിനാൽ തന്ത്രാക്കൾ മൂക്കോലെപ്പോയി ചില വഴിപാടുകളും ദർശനവും നടത്തുകയും ഉഴിഞ്ഞു കെട്ടിവെച്ച സംഖ്യ ദേവസ്വത്തിലേല്പിക്കുകയും ചെയ്തു. താൻ ദേവസ്വത്തിലേല്പിച്ച സംഖ്യയുടെ പലിശകൊണ്ടു നവരാത്രിക്കാലത്ത് അവിടെ വരുന്ന ബ്രാഹ്മണക്കെല്ലാം അത്താഴം കൊടുക്കുന്നതിനു മതിയാവുകയില്ലെന്നു തോന്നിയതിനാലായിരിക്കാം നമ്പൂരിപ്പാട് തന്ത്രാക്കളെക്കൊണ്ടുകൂടി ആയിരമുറുപ്പിക കൊടുപ്പിച്ചതു്.

മേലേക്കാവിലെ പ്രധാന വഴിപാടു മണ്ഡലക്കാലത്തു വാരം കഴിക്കുകയാണു്. അതു ചുരുക്കത്തിലായാൽപ്പോര. ആയിരം നേന്ത്രപ്പഴംകൊണ്ടു പ്രഥമനും, വലിയപപ്പടം, പഞ്ചസാര ശക്കരപുരട്ടിയുപ്പേരി മുതലായ വിഭവങ്ങളും വേണം. ഓരോ കായ്ങ്ങൾ സാധിക്കുന്നതിനായി ഈ വഴിപാടു പലരും നടത്താറുണ്ടു്. എങ്കിലും കൊല്ലത്തിൽ നാലഞ്ചു വാരത്തിലധികം ഉണ്ടാകാറില്ല. ആയിരം പഴംകൊണ്ടു പ്രഥമനുള്ള വാരം നടത്തുന്ന ദിവസം ദേവിക്കു പതിനെട്ടുപറ അരി വെച്ചു വെള്ളനിവേദ്യവും വേണം. അതിനാൽ ഈ വഴിപാടു് ഒരുവിധം ധനികന്മാക്കല്ലാതെ നടത്തുവാൻ സാധിക്കയില്ല. വാരമില്ലാത്ത ദിവസങ്ങളിൽ അവിടെ ബ്രാഹ്മണക്കു് അത്താഴത്തിനു മാത്രമൊന്നുമില്ലായിരുന്നു. അതിനാലാണു കുടല്ലൂർ നമ്പൂരിപ്പാടു് അത്താഴത്തിനു വകവെച്ചുകൊടുത്തതു്.

ഇവിടെ 'കെട്ടുമാല' എന്നൊരു വഴിപാടും പതിവുണ്ടായിരുന്നു. ഓരോ കായ്ങ്ങൾ സാധിക്കുന്നതിനായി ഇതും പലരും പ്രാർത്ഥിക്കുകയും കായ്ങ്ങൾ സാധിക്കുകയും വഴിപാടു നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഭക്തിയോടുകൂടിയല്ലാതെ ഉദരം കാണിക്കുന്നതിനായി വഴിപാടു നടത്തുക ദേവിക്കു് കട്ടും ഇഷ്ടമില്ല. അങ്ങിനെ നടത്തുന്ന വഴിപാടുകൾ അവിടെ

Digitised By Kerala Sahitya Akademi

ഒരിക്കലും ശരിയായി നടക്കാറുമില്ല. ആ വഴിപാടിന്റെ സ്വഭാവമെങ്ങിനെയെന്നാൽ, ക്ഷേത്രത്തിനകത്തും പുറത്തും ക്ഷേത്രപ്പറമ്പിലുള്ള വൃക്ഷങ്ങളിന്മേൽപ്പോലും നിറച്ചു മാലകൾ ചാർത്തുകയും വിളക്കുകൾ വെയ്ക്കുകയും കീഴ്ക്കാവിൽവെച്ചു കേമമായി സദ്യ നടത്തുകയുമാണ്. ഒരിക്കൽ കുതിരവട്ടത്തുനായരുടെ ഭവനത്തിലെ മൂത്ത നേത്യാരു് ഇവിടെ ഒരു കെട്ടുമാല കഴിക്കുകയുണ്ടായി. അതു തന്റെ ധനശക്തിയും പ്രാഭവവും കാണിക്കാൻക്രുടിയായിരുന്നു. നേത്യാരു നേരത്തെ തൊഴാനായിട്ടു ക്ഷേത്രത്തിൽ ചെന്നപ്പോൾ തന്നെ വഴിപാടു നടത്താൻ മുമതലക്കാരായ ക്ഷേത്രസംബന്ധികളോടും മറ്റും "പണം എത്രയായാലും വിരോധമില്ല കെട്ടുമാല ഇടിപൊടിയാകണം" എന്നു പറഞ്ഞു പ്രത്യേകം ചട്ടംകെട്ടി. നേരം സന്ധ്യയാകാറായപ്പോൾ മുതൽ രാത്രി മുഴുവനും അതികലശലായിട്ടുള്ള ഇടിയും മഴയും കാറ്റുമുണ്ടായിരുന്നതിനാൽ അന്നു സാമാന്യംപോലെ വിളക്കുവെയ്ക്കുന്നതിനും മാല ചാർത്തുന്നതിനും മറ്റും സാധിച്ചില്ല. അഹമ്മതിയോടുക്രൂടി അവിടെ വരുന്നവക്കെല്ലാം ഇച്ഛാഭംഗത്തോടുക്രൂടിയല്ലാതെ മടങ്ങിപ്പോകാൻ ഒരിക്കലും സാധിക്കാറില്ല.

മേലേക്കാവിൽബ്ഭഗവതിക്കു വിശേഷദിവസങ്ങളിൽ അരയ്ക്കു മേല്പോട്ടു ചന്ദനം ചാർത്തുക പതിവുണ്ടു്. അതു് ഓരോരുത്തരുടെ വഴിപാടായിട്ടാണു പതിവു്. അവിടെച്ചാർത്താൻ അനവധി തിരുവാഭരണങ്ങളും വഴിപാടായിത്തന്നെ വരും. അവിടെ ക്ഷേത്രത്തിൽ അശുദ്ധി ബാധിച്ചാൽ പുണ്യാഹം പതിവില്ല. പൂവും മാലയുമെല്ലാമെടുത്തു പുറത്തിട്ടു വെള്ളമൊഴിച്ചു ബിംബം കഴുകുക മാത്രമേ പതിവുള്ളു. പൂവും മാലയുമെടുത്തു പുറത്തിടുന്നതിനോടുക്രൂടി തിരുവാഭരണങ്ങളുമെടുത്തു പുറത്തിടും. ആ തിരുവാഭരണങ്ങളെല്ലാം കീഴ്ക്കാവിലേയ്ക്കൂടുത്തു മുതൽക്രൂട്ടി അവിടെ സൂക്ഷിക്കും. അങ്ങിനെയാണു പതിവു്.

മേലേക്കാവിൽ ക്ഷേത്രത്തിന്റെ മതിലിനു പുറത്തു നാലു വശങ്ങളിലും വലിയ വൃക്ഷങ്ങൾ നിറഞ്ഞു് ഇരുട്ടടഞ്ഞ കാടാണു്. ക്ഷേത്രത്തിനു കിഴക്കോട്ടം പടിഞ്ഞാട്ടം മാത്രമേ പുറത്തേയ്ക്കു നടയുള്ളു. ദർശനം പടിഞ്ഞാട്ടാണു്:

Digitised By Kerala Sahitya Akademi

അവിടെ ശ്രീകോവിലിനകത്തു ബിംബത്തിന്റെ മുമ്പിൽ തറയിൽ ഒരു ദ്വാരമുണ്ട്. അതു് എപ്പോഴും ഒരു പലക കൊണ്ടു് അടച്ചിരിക്കും. ആവശ്യംപോലെ ആ പലക മാറ്റി ആ ദ്വാരത്തിൽ കൈയിട്ടു നോക്കിയാൽ ഒരുമാതിരി കല്ലു കിട്ടും. അതിനു "മൂക്കോലക്കല്ലു" എന്നാണു പേരു പറഞ്ഞുവരുന്നതു്. ആ കല്ലു സ്വർണ്ണംകൊണ്ടോ വെള്ളികൊണ്ടോ കെട്ടിച്ചു ദേഹത്തിൽധരിച്ചാൽ ദുർദ്ദേവതമാരുടെ ഉപദ്രവവും മഹാരോഗങ്ങളും ഉണ്ടാവുകയില്ല. അതിനാൽ ആ കല്ലു വാങ്ങിക്കൊണ്ടുപോകാനായി അവിടെ അസംഖ്യമാളുകൾ വരുന്നുണ്ടു്. ആവശ്യക്കാർ തലേദിവസംതന്നെ അവിടെ ചെന്നു ശാന്തിക്കാരനെപ്പറഞ്ഞേല്പിക്കണം. പിറേറദിവസം കാലത്തേ കുളിച്ചു് അമ്പലത്തിൽച്ചെന്നു ദേവീദർശനവും യഥാശക്തി വഴിപാടും ശാന്തിക്കാരനു ദക്ഷിണയും കഴിച്ചാൽ ശാന്തിക്കാരൻ അടപ്പുപലക മാറ്റി ദ്വാരത്തിൽ കൈയിട്ടു കല്ലെടുത്തു കൊടുക്കും. ഈ കല്ലു കെട്ടിച്ചു സ്ത്രീകൾ കഴുത്തിലും പുരുഷന്മാർ അരയിലുമാണു ധരിക്കുക പതിവു്.

"നമ്പൂരിമാക്കു് ഊരായ്മയുള്ള ക്ഷേത്രങ്ങളിലെ സ്വത്തുക്കളെല്ലാം വാരം കഴിച്ചും പൂരം ഘോഷിച്ചും തമ്മിത്തല്ലി വ്യവഹാരങ്ങൾ നടത്തിയും നശിപ്പിക്കുകയും ഒടുക്കം അവശം നശിക്കുകയുമാണു പതിവു്" എന്നു ജനങ്ങളുടെ ഇടയിൽ ഒരു സംസാരവും വിശ്വാസവുമുള്ളതിനു മേലേക്കാവിലെ സ്ഥിതിയും ഒട്ടും വ്യത്യാസമായിരിക്കുന്നില്ല. അവിടെയിപ്പോൾ ഊരാളന്മാരായി പന്താവൂർ, മംഗലശ്ശേരി ഇങ്ങിനെ രണ്ടില്ലക്കാർ മാത്രമേ ഉള്ളൂ. അവർ തമ്മിലും ഭിന്നിച്ചു ചില വ്യവഹാരങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നാണറിയുന്നതു്. അവിടെയിപ്പോൾ കൊല്ലംതോറും ഉദ്ദേശം അയ്യായിരപ്പറ നെല്ലും ആയിരമുറുപ്പികയും പാട്ടം കിട്ടുവാൻ തക്ക വസ്തുക്കളുണ്ടു് ആയിരമുറുപ്പികയിൽക്കുറയാതെ നടവരവായിട്ടുമുണ്ടാകും. ഇവർ വ്യവഹാരംകൊണ്ടു് അതുംക്രൂടി നശിപ്പിക്കാതെയിരുന്നാൽ കൊള്ളാം. അതിനു് ആ മഹാമായതന്നെ അവർക്കു നല്ല ബുദ്ധി തോന്നിക്കട്ടെ.

——(o)——

Digitised By Kerala Sahitya Akademi

ൻ. കുമാരമംഗലത്തു നമ്പൂരി

കുമാരമംഗലത്തു നമ്പൂരിയുടെ ഇല്ലം കോട്ടയംതാലൂക്കിൽ വിജയപുരം പകുതിയിൽ പാറമ്പുഴദേശത്താണു്. ഈ ഇല്ലക്കാർ പണ്ടു മന്ത്രവാദത്തിലും മോടിവിദ്യയിലും അദ്വിതീയന്മാരും പ്രസിദ്ധന്മാരുമായിരുന്നു.

ഇപ്പോഠം തിരുവിതാംക്കൂർ എന്നു പറയുന്ന രാജ്യം പണ്ടൊരു കാലത്തു വേണാടു്, (തൃപ്പാപ്പൂരു്) ഓണാടു, (കായങ്കുളം) ദേശിംഗനാടു്—അല്ലെങ്കിൽ ജയസിംഹനാടു, (കൊല്ലം) ചെമ്പകശ്ശേരി, (അമ്പലപ്പുഴ) തെക്കുംക്കൂർ, വടക്കുംക്കൂർ മുതലായി പല രാജ്യങ്ങളായിരുന്നവല്ലോ. അങ്ങിനെയിരുന്നു് കാലത്തു കായങ്കുളത്തുരാജാവിന്റെ രാജ്യത്തു കൃഷ്ണപുരം എന്ന ദേശത്തു് ഒരു യക്ഷിയുടെ ഉപദ്രവം വന്നുക്കൂടി. ആ യക്ഷി സർവ്വാംഗസുന്ദരിയായ ഒരു മനുഷ്യസ്ത്രീയുടെ വേഷം ധരിച്ചു കൊണ്ടു നാട്ടുവഴിയിൽപ്പോയി നില്ക്കും. ആ വഴിയിൽക്കൂടി പുരുഷന്മാരാരെങ്കിലും വന്നാൽ പുഞ്ചിരി തൂകിക്കൊണ്ടു് അടുത്തുചെന്നു് "ഒരിക്കൽ മുറുക്കാൻ തരാമോ?" എന്നു ചോദിക്കും. ആ പുഞ്ചിരി കാണുമ്പോഠംതന്നെ മനുഷ്യരായിട്ടുള്ളവരുടെയൊക്കെ മനസ്സു മയങ്ങിപ്പോകും. മുറുക്കാൻ കൊടുത്തുകഴിയുമ്പോഠം "വരണം, നമുക്കു വീട്ടിലേയ്ക്കു പോകാം; ഊണു കഴിഞ്ഞിട്ടു പോയാൽ മതി" എന്നു ക്ഷണിക്കും. അതിനെ ധിക്കരിച്ചുപോകാൻ ആർക്കും ധൈര്യമുണ്ടാകാറില്ല. മിക്കവരും വഴി നടന്നും വിശന്നും വളരെ ക്ഷീണിച്ചവരായിരിക്കും; അല്ലെങ്കിലും ആ മോഹനാംഗിയുടെ ക്ഷണത്തെ ഉപേക്ഷിച്ചു് എങ്ങിനെ പോകും? അതു മനുഷ്യരാൽ സാദ്ധ്യമല്ലായിരുന്നു. അതിനാൽ ക്ഷണിച്ചാലുടനെ സമ്മതിച്ചു് എല്ലാവരും അവളുടെ ക്കൂടെപ്പോവുക പതിവായിരുന്നു.

വഴിയിൽനിന്നു കുറച്ചു ദൂരം പോയാൽ അക്കാലത്തു ജനവാസമില്ലാത്ത ഒരു വനപ്രദേശമുണ്ടായിരുന്നു ആ കൊടുങ്കാട്ടിൽ ചെല്ലുമ്പോഠം ആ സുന്ദരി വേഷം മാറി തന്റെ സ്വന്തം വേഷം ധരിക്കും. ഏററവും ഭയങ്കരിയായ ആ യക്ഷി

Digitised By Kerala Sahitya Akademi

യുടെ രൂപം കാണുമ്പോൾത്തന്നെ മനുഷ്യരെല്ലാം ബോധം കെട്ടു നിലത്തു വീഴും. ഉടനെ യക്ഷി അവരെപ്പിടിച്ചു ചീന്തി ചോര കുടിച്ചു കൊല്ലുകയും ചെയ്യും. ഇങ്ങിനെയായിരുന്നു പതിവ്.

ഇങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ ഇതു പ്രസിദ്ധമായിത്തീരുകയും ആ യക്ഷിയെക്കുറിച്ചുള്ള ഭയം നിമിത്തം ആ വഴിയിൽക്കൂടി ആരും നടക്കാതെയാവുകയും ചെയ്തു. അപ്പോൾ യക്ഷി രാജ്യവാസികളെത്തന്നെ ഉപദ്രവിച്ചുതുടങ്ങി. അതിനാൽ അവിടെ ആർക്കും പുറത്തിറങ്ങി സഞ്ചരിക്കാൻ നിവൃത്തിയില്ലാതെയായിത്തീർന്നു. അതറിഞ്ഞു കായങ്കുളത്തുരാജാവു് ഈ യക്ഷിയെ അവിടെനിന്നു് ഒഴിച്ചുവിടുന്നതിനായി അനേകം മന്ത്രവാദികളെ അവിടെ വരുത്തി. അവരെല്ലാവരും പഠിച്ച വിദ്യകളെല്ലാം പ്രയോഗിച്ചുനോക്കീട്ടും യാതൊരു ഫലവുമുണ്ടായില്ലെന്നു മാത്രമല്ല, ആ യക്ഷി ചില മന്ത്രവാദികളുടെ കഥ കഴിക്കുകയുംകൂടിച്ചെയ്തു. അതിനാൽ കായങ്കുളത്തുരാജാവു് ഏറ്റവും വിഷണ്ണനായും തീർന്നു.

അങ്ങിനെയിരുന്നപ്പോൾ തെക്കുംകൂർരാജാവിന്റെ രാജ്യത്തു ചാറമ്പുഴ എന്ന ദേശത്തു 'കുമാരമംഗലം' എന്നു് ഇല്ലപ്പേരായിട്ടു് ഒരു നമ്പൂരിയുണ്ടെന്നും അദ്ദേഹം വലിയ മാന്ത്രികനാണെന്നും അദ്ദേഹത്തെ വരുത്തിയാൽ ഈ യക്ഷിയെ നിഷ്പ്രയാസം ഇവിടെനിന്നു് ഓടിച്ചുകളയുമെന്നും ആരോ കായങ്കുളത്തുരാജാവിനെ ഗ്രഹിപ്പിച്ചു. ഉടനെ കായങ്കുളത്തുരാജാവു് ആ നമ്പൂരിയെ അങ്ങോട്ടു പറഞ്ഞയച്ചാൽക്കൊള്ളാമെന്നു തെക്കുംകൂർരാജാവിന്റെ പേക്കു് എഴുതിയയയ്ക്കുകയും തെക്കുംകൂർരാജാവു നമ്പൂരിയെ അവിടെപ്പറഞ്ഞയയ്ക്കുകയും ചെയ്തു. നമ്പൂരി കായങ്കുളത്തെത്തി രാജാവിനെക്കണ്ടപ്പോൾ സംഗതികളെല്ലാം രാജാവു നമ്പൂരിയെ ഗ്രഹിപ്പിച്ചു. നമ്പൂരി കുളിയും ഊണും കഴിച്ചതിന്റെ ശേഷം കൃഷ്ണപുരത്തേയ്ക്കു പോയി. അദ്ദേഹം ഒരു വഴിപോക്കന്റെ ഭാവത്തിൽ വഴിയിൽക്കൂടിപ്പോയപ്പോൾ യക്ഷി പതിവുപോലെ മനുഷ്യസ്ത്രീയുടെ വേഷം ധരിച്ചുകൊണ്ടു നമ്പൂരിയുടെ അടുക്കൽച്ചെന്നു മുറുക്കാൻ ചോദിച്ചു. ഉടനെ നമ്പൂരി ചിരിച്ചുകൊണ്ടു "മുറു

Digitised By Kerala Sahitya Akademi

ക്കാൻ മാത്രമല്ല, എന്റെകൂടെ വന്നാൽ നിനക്കു വേണ്ട തെല്ലാം ഞാൻ തന്നുകൊള്ളാം" എന്നു പറകയും, അതിനി ടയ്ക്കു് അദ്ദേഹം ഒരു മന്ത്രം ജപിച്ചു യക്ഷിയെ ബന്ധിക്കു കയും ചെയ്തിട്ടു നേരെ വടക്കോട്ടു നടന്നുതുടങ്ങി. നമ്പൂരി യുടെ മന്ത്രശക്തികൊണ്ടു് ഒഴിഞ്ഞുപോകുവാൻ നിവൃത്തി യില്ലാതെയാവുകയാൽ യക്ഷി മനുഷ്യസ്ത്രീയുടെ വേഷമായിട്ടു തന്നെ അദ്ദേഹത്തിന്റെ പിന്നാലെ ചെന്നു. അസ്തമിച്ചു നേരം വെളുക്കുന്നതിനു മുമ്പു നമ്പൂരി യക്ഷിയോടുകൂടി ഇല്ല ത്തെത്തി. അപ്പോഴും യക്ഷി മനുഷ്യസ്ത്രീയുടെ വേഷംതന്നെ യാണു ധരിച്ചിരുന്നതു്. ആ സ്ത്രീയെക്കണ്ടിട്ടു് ഇല്ലത്തുള്ള അന്തർജ്ജനങ്ങളും മറ്റും "ഇവളേതാണു്? എന്തിനാണു വന്നതു്?" എന്നും മറ്റും ചോദിച്ചു. അതിനു മറുപടിയാ യിട്ടു നമ്പൂരി "അവൾ വഴിക്കുവെച്ചു് എന്നോടുകൂടി പോന്ന താണു്. അവൾക്കു് ഉടയക്കാരായിട്ടു് ആരുമില്ല. അവളൊരു അഗതിയാണു്. അവൾക്കു കഞ്ഞിയോ ചോറോ വല്ലതും ആഹാരത്തിനു കൊടുത്തേച്ചാൽ അവളൊരു ദാസിയായിട്ടു് ഇവിടെ പാർത്തുകൊള്ളും. ഇവൾ നാലുകെട്ടിനകത്തു കട ക്കാൻ സമ്മതിക്കരുതു് രാത്രിയായാൽ ഇവിടെ ഉപവേന മായിട്ടുള്ള മഠത്തിൽ ചെന്നു കിടന്നുകൊള്ളട്ടെ" എന്നു പറ ഞ്ഞു. അതു് അവിടെയെല്ലാവരും സമ്മതിക്കുകയും യക്ഷി അങ്ങിനെ അവിടെ താമസമാവുകയും ചെയ്തു. അതിനിടയ്ക്കു നമ്പൂരി, യക്ഷി അവിടെനിന്നു പൊയ്ക്കളയാതെയിരിക്കാ നായിട്ടു, യക്ഷിയെ ഒരു ഇരുമ്പുനാരായത്തിന്മേൽ ആവാ ഹിച്ചു് ആ നാരായം ഇല്ലത്തു നാലുകെട്ടിനകത്തു നടുമുറ്റത്തു തറയ്ക്കുകയും ചെയ്തു.

അങ്ങിനെയിരുന്നപ്പോൾ ഒരു മന്ത്രവാദത്തിനായി നമ്പൂ രിക്കു് ഒരു ദൂരസ്ഥലത്തേയ്ക്കു പോകേണ്ടതു് അത്യാവശ്യമാ യിത്തീരുകയാൽ അദ്ദേഹം പോയി. അത്തരത്തിനു യക്ഷി അന്തർജ്ജനങ്ങളുടെ അടുക്കൽ അടുത്തുകൂടി നാലുകെട്ടിന കത്തു കടന്നു സ്ഥലമൊക്കെ ഒന്നു കാണുന്നതിനനുവദിക്കണ മെന്നു് അപേക്ഷിച്ചു. അന്തർജ്ജനങ്ങൾ ആദ്യം കുറച്ചൊക്കെ വിരോധം പറഞ്ഞുവെങ്കിലും യക്ഷി ഖളരെ താഴ്മയോടുകൂടി നിർബന്ധപൂർവ്വം വീണ്ടും വീണ്ടും അപേക്ഷിക്കുകയാൽ അ

Digitised By Kerala Sahitya Akademi

കണ്ണു കടന്ന ക്ഷണത്തിൽ എല്ലാമൊന്നു നോക്കിക്കണ്ടുകൊണ്ടു വേഗത്തിൽ പുറത്തിറങ്ങിക്കൊള്ളുന്നതിന് ഒടുക്കമനുവദിച്ചു. ഉടനെ യക്ഷി നാലുകെട്ടിനകത്തു കടന്ന് ഓരോ സ്ഥലങ്ങൾ നോക്കിക്കണ്ടുതുടങ്ങി. അപ്പോൾ എന്തോ ആവശ്യത്തിലേയ്ക്കായിട്ട് അന്തർജ്ജനങ്ങൾക്ക് അടുക്കളയിലേയ്ക്ക് ഒന്നു പോകേണ്ടതായി വരികയാൽ അവർ പോയി. ഇത്തരത്തിനു യക്ഷി നടുമുറ്റത്തിറങ്ങി നമ്പൂരി ജപിച്ചു തറച്ചിരുന്ന നാരായം ഊരിയെടുത്തു. അപ്പോൾ യക്ഷി ബന്ധനമുക്തയാവുകയാൽ പെട്ടെന്ന് അവിടെനിന്നിറങ്ങി ആകാശമാർഗ്ഗേണ പൊയ്ക്കളഞ്ഞു. അന്തർജ്ജനങ്ങൾ തിരിച്ചുവന്നപ്പോൾ ദാസിയെ അവിടെയെങ്ങും കാണായ്കയാൽ അവർ വളരെ വ്യസനിച്ചു. നമ്പൂരി വരുമ്പോൾ ചോദിച്ചാൽ എന്താണു പറയേണ്ടതെന്നുള്ള വിചാരമാണ് അവരെ അധികം സന്തപിപ്പിച്ചതു്. അപ്രകാരംതന്നെ പിറേറദിവസം നമ്പൂരി മടങ്ങിവന്നപ്പോൾ "ദാസിയെവിടെ?" എന്നു ചോദിക്കുകയും "എന്തോ ഇന്നലെ ഉച്ചയായപ്പോൾ മുതൽ അവളെ ഇവിടെ കാണുന്നില്ല" എന്ന് അന്തർജ്ജനങ്ങൾ മറുപടി പറയുകയും ചെയ്തു. ഉടനെ നമ്പൂരി നടുമുറ്റത്തിറങ്ങി നോക്കിയപ്പോൾ താൻ യക്ഷിയെ ആവാഹിച്ചു ജപിച്ചു തറച്ചിരുന്ന നാരായം അവിടെ കാണായ്കയാൽ "ആ ദാസി നാലുകെട്ടിനകത്തു കടന്നു ഇല്ലേ?" എന്നു ചോദിച്ചു. സമ്മതിക്കാതെയിരിക്കാൻ നിവൃത്തിയില്ലായ്കയാൽ അന്തർജ്ജനങ്ങൾ പരമാർത്ഥമെല്ലാം സമ്മതിച്ചു പറഞ്ഞു. "ഏതെങ്കിലും വിധ്വംസിത്തം പററി; ഇനിപ്പറഞ്ഞതുകൊണ്ടു പ്രയോജനമൊന്നുമില്ലല്ലോ" എന്നു വിചാരിച്ചു നമ്പൂരി പിന്നെയൊന്നും പറഞ്ഞില്ല.

ബന്ധനമുക്തയായ യക്ഷി യഥാപൂർവ്വം കൃഷ്ണപുരത്തുതന്നെ ചെന്നെത്തുകയും അവിടെ വഴിയെ പോകുന്നവരേയും രാജ്യവാസികളേയും പൂർവ്വാധികം ഉപദ്രവിച്ചുതുടങ്ങുകയും ചെയ്തു. അതറിഞ്ഞപ്പോൾ രാജാവു പിന്നെയും വ്യസനാക്രാന്തനും ഭയവിഹ്വലനുമായിത്തീർന്നു. അപ്പോൾ ചില സേവന്മാർ "ആ നമ്പൂരിക്ക് ഒന്നും കല്പിച്ചുകൊടുക്കാഞ്ഞതുകൊണ്ടാണ് അദ്ദേഹം പിന്നെയും യക്ഷിയെ ഇങ്ങോട്ടുതന്നെ വിട്ടതു്. ഇനിയും അദ്ദേഹത്തെത്തന്നെ വരുത്തി എന്തെ

Digitised By Kerala Sahitya Akademi

ങ്കിലും തക്കതായ സമ്മാനം കല്പിച്ചുകൊടുത്താൽ അദ്ദേഹം ഈ യക്ഷിയെ ബന്ധിച്ചുകൊണ്ടുപൊയ്ക്കൊള്ളും. അദ്ദേഹമല്ലാതെ വേറെ ആരു വിചാരിച്ചാലും ഉഗ്രമൂർത്തിയായ ഈ യക്ഷിയെ ഇവിടെനിന്ന് ഒഴിച്ചുവിടാൻ സാധിക്കുകയില്ലെന്നുള്ളതു് ഇവിടെ അറിഞ്ഞിട്ടുള്ളതാണല്ലോ" എന്നറിയിച്ചു. അതു ശരിയാണെന്നു തോന്നുകയാൽ രാജാവു തെക്കുംക്കൂർരാജാവിന്റെ പേക്കു പിന്നെയും എഴുത്തയച്ചു കുമാരമംഗലത്തു നമ്പൂരിയെ വരുത്തി യക്ഷിയുടെ ഉപദ്രവം പൂർവ്വാധികമായി പിന്നെയും തുടങ്ങിയിരിക്കുന്ന വിവരം പറഞ്ഞു. യക്ഷി തന്റെ പിടിയിൽനിന്നു വിട്ടുപോയതിന്റെ കാരണം നമ്പൂരി അവിടെ അറിയിക്കുകയും ചെയ്തു. അപ്പോൾ രാജാവു് "അതെട്ടെ, ഇനിയെന്താണു വേണ്ടതു്? ഏതുവിധവും ഈ ഉപദ്രവം ഇവിടെനിന്നു മാറണം. ഇനിയും ഇങ്ങോട്ടു വരികയുമരുതു്. അതിനു തക്കവണ്ണം എന്തെങ്കിലും ചെയ്യണം. അതു് അങ്ങു വിചാരിച്ചാലല്ലാതെ സാധിക്കയില്ല. ഈ ഉപദ്രവം ഇവിടെ വരാതെയിരിക്കത്തക്കവണ്ണം ഒഴിച്ചാൽ അതിലേയ്ക്കു് എന്തു വേണമെങ്കിലും തരാൻ ഞാൻ തയാറാണു്" എന്നു പറഞ്ഞു. ഉടനെ നമ്പൂരി "പ്രതിഫലമൊന്നും കിട്ടാഞ്ഞിട്ടും മനഃപൂർവ്വമായും ഞാൻ ഈ യക്ഷിയെ ഇങ്ങോട്ടു വിട്ടയച്ചതല്ലെന്നു മുമ്പേ ഇവിടെ അറിയിച്ചുവല്ലോ. ഞാൻ ഇങ്ങിനെയുള്ള കാര്യങ്ങളിൽ പ്രതിഫലം ആഗ്രഹിക്കാറില്ല. ആരെങ്കിലും എന്തെങ്കിലും മനസ്സോടുക്രൂടിത്തന്നാൽ വേണ്ടെന്നുവെയ്ക്കാറുമില്ല. അങ്ങിനെയാണു് എന്റെ പതിവു്. ഏതെങ്കിലും യക്ഷിയെ ഞാൻ ഇനിയും ബന്ധിച്ചുകൊണ്ടുപോവുകയും ഇങ്ങോട്ടു തിരിച്ചുവരാത്ത വിധത്തിൽ എവിടെയെങ്കിലും സ്ഥിരമായി ഇരുത്തുകയും ചെയ്യാം. പ്രതിഫലത്തിന്റെ കാര്യം തിരുമനസ്സുപോലെ" എന്നു വീണ്ടും അറിയിച്ചു. ഇതു കേട്ട രാജാവു് ഏറ്റവും സന്തോഷത്തോടുക്രൂടി, "എന്നാൽ അങ്ങിനെയാവട്ടെ. നമ്പൂരി യക്ഷിയെ കൊണ്ടുപോയി എവിടെയെങ്കിലും സ്ഥിരമായി ഇരുത്തിക്കഴിഞ്ഞാലുടനെ ഇവിടെ വരണം. ശേഷമെല്ലാം അപ്പോൾ പറഞ്ഞുകൊള്ളാം" എന്നു പറഞ്ഞു.

Digitised By Kerala Sahitya Akademi

ഇതുകേട്ട നമ്പൂരി യക്ഷി പതിവായി നില്ക്കാറുള്ള സ്ഥലത്തേയ്ക്കു പോയി. നമ്പൂരിയെ പ്രത്യക്ഷമായിക്കണ്ടാൽ യക്ഷി മറഞ്ഞുകളഞ്ഞെങ്കിലോ എന്നു വിചാരിച്ച് അദ്ദേഹം വഴിവിട്ട കാട്ടിൽക്കൂടിയാണു പോയതു്. അങ്ങിനെ ചെന്ന് അദ്ദേഹം യക്ഷി നിന്നിരുന്ന സ്ഥലത്തോടടുത്തു് ഒരു മരത്തിനു മറഞ്ഞുനിന്നുകൊണ്ടു കൈവശമുണ്ടായിരുന്ന ന്തൽചരടെടുത്തു യക്ഷിയെ നോക്കി ഒരു മന്ത്രം ജപിച്ചു മൂന്നു കെട്ടുകെട്ടി. അതോടുകൂടി യക്ഷിയെ ബന്ധിക്കുകയും കഴിഞ്ഞു. ഉടനെ അദ്ദേഹം വടക്കോട്ടു നടന്നുതുടങ്ങി. പിന്നാലെ യക്ഷിയും പോയി. ആ പ്രാവശ്യം യക്ഷി പോയതു നമ്പൂരിക്കല്ലാതെ മറ്റാർക്കുംതന്നെ കാണ്മാൻ പാടില്ലാത്തവിധത്തിൽ ദേഹം മായയാൽ മറച്ചുകൊണ്ടാണു്.

അങ്ങിനെ പോയി നമ്പൂരിയുടെ ഇല്ലത്തിനു സമീപത്തായപ്പോൾ യക്ഷി നമ്പൂരിയോടു "ഞാൻ ഒരിക്കൽ അങ്ങേച്ചതിച്ചു് ഒളിച്ചോടിപ്പോയവളാണു്. എങ്കിലും അതു വിചാരിച്ചു് എന്നെ ഉപദ്രവിക്കരുതു്. ഇനി ഞാൻ അങ്ങയുടെ ഇഷ്ടംപോലെ ഇവിടെ താമസിച്ചുകൊള്ളാം. എങ്കിലും എന്നെ ദാസ്യവൃത്തിക്കു നിയമിക്കരുതു്. അതു് എനിക്കു് ഏറ്റവും സങ്കടകരമാണു്" എന്നു പറഞ്ഞു. ഉടനെ നമ്പൂരി "നീ ആരേയും ഉപദ്രവിക്കാതെ മര്യ്യാദയോടുകൂടി ഇവിടെത്താമസിച്ചുകൊള്ളാമെങ്കിൽ നിന്നെ ഞാനെന്റെ ഒരു പരദേവതയെപ്പോലെ വിചാരിച്ചു സബഹുമാനം ആദരിക്കുകയും അനുഗ്രഹിക്കുകയും ചെയ്തുകൊള്ളാം; ഇനിയും നീ എന്തെങ്കിലും അക്രമം പ്രവർത്തിച്ചാൽ നിന്നെ ഞാൻ അരുത്തു ഹോമിച്ചുകളയുമെന്നുള്ളതിനു സംശയമില്ല" എന്നും പറഞ്ഞു.

ഇല്ലത്തെത്തിയതിന്റെ ശേഷം നമ്പൂരി തൽക്കാലം യക്ഷിയെ അവിടെയുണ്ടായിരുന്ന ഒരു പാലവൃക്ഷത്തിന്മേൽ ഇരുത്തീട്ട് ഇല്ലത്തിന്റെ മുറ്റത്തുതന്നെ ചെറുതായിട്ട് ഒരു ശ്രീകോവിൽ പണിയിക്കുകയും ഒരു വിഗ്രഹമുണ്ടാക്കിച്ചു യക്ഷിയെ ആ ബിംബത്തിങ്കലാവാഹിച്ചു് ആ ശ്രീകോവിലിൽ യഥാവിധി പ്രതിഷ്ഠിക്കുകയും അവിടെ പതിവായി നിവേദ്യം തുടങ്ങുകയും ചെയ്തു.

Digitised By Kerala Sahitya Akademi

ഇത്രയുമൊക്കെക്കഴിച്ചതിന്റെ ശേഷം നമ്പൂരി കായങ്കുളത്തു രാജസന്നിധിയിലെത്തി. ഉടനെ രാജാവു കുമാരമംഗലത്തില്ലത്തുള്ളവർ എന്നും അനുഭവിച്ചുകൊള്ളത്തക്കവണ്ണം 'ചവറ' എന്ന ദേശത്തുള്ള.....വസ്തുക്കൾ കരമൊഴിവായിത്തന്നിരിക്കുന്ന എന്നൊരു നീട്ടെഴുത്തിച്ചു തുല്യം ചാത്തി നമ്പൂരിയുടെ കൈയിൽക്കൊടുത്തു. അതു കണ്ട പ്പോൾ നമ്പൂരിക്കുണ്ടായ സന്തോഷം സീമാതീതമായിരുന്ന എന്നുള്ളതു പറയണമെന്നില്ലല്ലോ. അദ്ദേഹം അതുയെന്നും വിചാരിച്ചിരുന്നില്ല. നമ്പൂരി യാത്ര പറഞ്ഞു പോയസമയത്തും രാജാവു് അദ്ദേഹത്തിനു് അനേകം സമ്മാനങ്ങൾ കൊടുത്തു. എല്ലാംകൊണ്ടും 'നമ്പൂരി അത്യന്തം സന്തുഷ്ടനായിട്ടു പോയി എന്നു പറഞ്ഞാൽ മതിയല്ലോ. കായങ്കുളത്തുരാജാവു് അന്നു കല്പിച്ചുകൊടുത്ത വസ്തുക്കൾ ഇപ്പോഴും ആ ഇല്ലത്തുള്ളവർ നിർബാധമായി അനുഭവിച്ചുപോരുന്നുണ്ടു്.

പ്രതിഷ്ഠ കഴിഞ്ഞതിന്റെ ശേഷം ആ യക്ഷിയുടെ ഉപദ്രവം ഇക്കാലംവരെ എങ്ങും ആക്കുമുണ്ടായിട്ടില്ല. ആ യക്ഷി കുമാരമംഗലത്തു നമ്പൂരിയുടെ ഒരു പരദേവതയുടെ നിലയിൽ ഇപ്പോഴും അവിടെത്തന്നെ ഇരിക്കുന്നു. ആ ഇല്ലത്തുള്ളവർ ആ യക്ഷിക്കു പതിവുള്ള നിവേദ്യം ഇപ്പോഴും മുടക്കം കൂടാതെ നടത്തിപ്പോരുന്നുമുണ്ടു്.

യക്ഷിപ്പറമ്പത്തു യക്ഷിയെ സംഹരിച്ച ആളും പ്രസിദ്ധ മന്ത്രവാദിയുമായിരുന്ന 'സൂയ്യ്കാലടി'ബ്ഭട്ടതിരിയുടെ ഇല്ലം കുമാരമംഗലത്തില്ലത്തുനിന്നു് ഏകദേശം രണ്ടു നാഴിക പടിഞ്ഞാറു 'നെട്ടാശ്ശേരി' എന്ന ദേശത്താണു്. കാലടിബ്ഭട്ടതിരിമാരും വളരെക്കാലം മുമ്പുമുതല്ക്കുതന്നെ വലിയ മന്ത്രവാദികളാണല്ലോ. അതിനാൽ ഈ രണ്ടില്ലക്കാരും (കുമാരമംഗലവും കാലടിയും) തമ്മിൽ വലിയ കിടമത്സരവും ഉൾത്തിരക്കും പണ്ടേതന്നെ ഉണ്ടായിരുന്നു. എന്നാൽ അതു് അകത്തല്ലാതെ പുറമേ ഭാവിക്കുകയും പറയുകയും രണ്ടുകൂട്ടരും പതിവില്ല. പുറമേ രണ്ടില്ലക്കാരും തമ്മിൽ വലിയ സ്നേഹഭാവത്തോടുകൂടിയാണു കഴിഞ്ഞിരുന്നതു്.

അങ്ങിനെയിരുന്നപ്പോൾ കാലടിബ്ഭട്ടതിരിയുടെ ഇല്ലത്തു് ഒരടിയന്തിരത്തിനു സ്നേഹമുറയ്ക്കു ഭട്ടതിരി കുമാരമംഗ

Digitised By Kerala Sahitya Akademi

ലഞ്ഞു നമ്പൂരിയേയും ക്ഷണിക്കുകയും നമ്പൂരി വരികയും ചെയ്തിരുന്നു. അടിയന്തിരം സംബന്ധിച്ചുള്ള സദ്യയും മറ്റും കഴിഞ്ഞു നേരം വൈകിയപ്പോൾ ഭട്ടതിരി നമ്പൂരിയോട് "ഇന്നു കാർത്തികയാണല്ലൊ. കുമാരനല്ലൂരു വാരസ്സദ്യ കേമമാണ്. കുമാരമംഗലം പോകുന്നുണ്ടോ?" എന്നു ചോദിച്ചു. അതിനുത്തരമായിട്ടു നമ്പൂരി "ഭട്ടതിരി പോകുന്നുണ്ടെങ്കിൽ ഞാനും പോരാം" എന്നു പറഞ്ഞു. "എന്നാൽപ്പോകാം" എന്നു പറഞ്ഞു ഭട്ടതിരിയും നമ്പൂരിയുംകൂടിപ്പുറപ്പെട്ടു.

കാലടിയില്ലത്തുനിന്നു കുറച്ചു പടിഞ്ഞാട്ടു ചെല്ലുമ്പോൾ അവിടെ മീനച്ചലാറിന്റെ ഒരു കൈവഴിയായ ഒരു ചെറിയ ആറുണ്ട്. ആ ആറിനു വിസ്താരമധികമില്ലെങ്കിലും അത്യധികമായ അഗാധതയും അതികഠിനമായ ഒഴുക്കുമുണ്ട്. ആറു കടന്നിട്ടു വേണം കുമാരനല്ലൂക്കു പോകാൻ. തോണിക്രൂടാതെ അവിടെ അക്കര കടക്കുന്ന കായ്യം അസാദ്ധ്യവുമായിരുന്നു. ഭട്ടതിരി ക്രൂടെ ഉള്ളതുകൊണ്ടു് അവിടെ തോണി കാണും എന്നു വിചാരിച്ചാണു നമ്പൂരി ക്രൂടെ പുറപ്പെട്ടതു്. ഭട്ടതിരി നമ്പൂരിയെ ക്രുട്ടിക്കൊണ്ടു പുറപ്പെട്ടതു് അവിടെവെച്ചു് അദ്ദേഹത്തെ ഇളിഭ്യനാക്കാമെന്നു കരുതിക്കൊണ്ടുമായിരുന്നു. നമ്പൂരിക്കു മന്ത്രവാദം ക്രൂടാതെ വായുസ്തംഭം, ജലസ്തംഭം മുതലായ മോടിവിദ്യയും മാറും അറിഞ്ഞുക്രൂടാ എന്നായിരുന്നു ഭട്ടതിരിയുടെ വിചാരം. വാസ്തവത്തിൽ നമ്പൂരി മോടിവിദ്യയിൽ ഭട്ടതിരിയെക്കാൾ സമർത്ഥനായിരുന്നു. അതു ഭട്ടതിരി അറിഞ്ഞിരുന്നില്ല.

രണ്ടുപേരുംക്രൂടി ആറുകടവിലെത്തി. അപ്പോൾ അവിടെയെങ്ങും തോണിയില്ലായിരുന്നു. അതിനാൽ ഭട്ടതിരി നമ്പൂരിയോട് "ഇവിടെ അക്കര കടക്കണമല്ലോ. അതിനെന്താ കൌശലം? ഞാൻ വല്ലവിധവും കടന്നുകൊള്ളാം. അങ്ങിനെ കടക്കാൻ കുമാരമംഗലം വിചാരിച്ചാൽ സാധിക്കുമെന്നു തോന്നുന്നില്ല. അതിനാൽ തിരിയെ പൊയ്ക്കൊള്ളു" എന്നു പറഞ്ഞു. അപ്പോൾ നമ്പൂരി "ഭട്ടതിരി കടക്കുന്നതു കാണട്ടെ. പിന്നെ എന്റെ കായ്യം ഞാൻ തീർച്ചയാക്കിക്കൊള്ളാം" എന്നു പറഞ്ഞു. ഉടനെ ഭട്ടതിരി അവിടെ അടുത്തുള്ള ഒരു വീട്ടിൽനിന്നു് ഒരു തുശനില മുറിച്ചു വാങ്ങിച്ചു

Digitised By Kerala Sahitya Akademi

വെള്ളത്തിലിട്ട് അതിൽക്കയറി കൈകൊണ്ടു തുഴഞ്ഞു് അക്കരെ കടന്നു. ഉടനെ നമ്പൂരി ഒരു തുളസിയില പറിച്ചു വെള്ളത്തിലിട്ട് അതിൽക്കയറിത്തുഴഞ്ഞു് അക്കരെയിറങ്ങി. അപ്പോഠം നമ്പൂരിയെ ഇളീഭ്യനാക്കണമെന്നു വിചാരിച്ച ഭട്ടതിരി ഏററവും ഇളിഭ്യനായി എന്നുള്ളതു വിശേഷിച്ചു പറയണമെന്നില്ലല്ലോ. അക്കാലം മുതൽ ആ രണ്ടില്ലക്കാരും തമ്മിൽ സ്പഷ്ടമായിട്ടതന്നെ ബദ്ധവിരോധികളായിട്ടാണു കഴിഞ്ഞുപോന്നതു്. ഇപ്പോഴും ആ രണ്ടില്ലക്കാരും യാതൊന്നിനും അങ്ങോട്ടുമിങ്ങോട്ടും പോവുകയും വരികയും പതിവില്ല.

കുമാരമംഗലത്തില്ലത്തു രണ്ടു നമ്പൂരിമാർ ഇപ്പോഴുണ്ടു്. എങ്കിലും മന്ത്രവാദികളായിട്ടു് അവിടെ ഇപ്പോഠം ആരുമില്ല. പണ്ടുണ്ടായിരുന്ന ചിലരുടെ അത്ഭുതകമ്മങ്ങഠം ഇനിയും വളരെപ്പറയാനുണ്ടു്. അതൊക്കെ ഇനിയൊരിക്കലാവാം.

—(*)—

൧൦. മണ്ടക്കാട്ടമ്മനും കൊടയും

മണ്ടക്കാട്ടു് എന്ന സ്ഥലം തിരുവിതാംകൂർസംസ്ഥാനത്തു് ഇരണിയൽ (ഇപ്പോഠം കല്ക്കുളം) താലൂക്കിന്റെ തെക്കേ അററവും സമുദ്രതീരവുമാണു്. ഇവിടെ ഒരു ബ്രാഹ്മണാലയവും നാലഞ്ചു നായർഗൃഹങ്ങളും ഏതാനും വാണിയന്മാരുടെ പാപ്പിടങ്ങളും പലതരക്കാരായ ഒട്ടുവളരെ മറു ജാതിക്കാരുടെ വാസസ്ഥലങ്ങളും ഇവയുടെ ഇടയ്ക്കു് ഒരു അമ്മൻ കോവിലും (ഭഗവതീക്ഷേത്രവും) ഒരു ശാസ്താംകോവിലും (ശാസ്താവിന്റെ അമ്പലവും)ഉണ്ടു്.

ഇനി അവിടെ ഈ അമ്മൻകോവിലുണ്ടായതു് എങ്ങിനെയെന്നു പറയാം. ഇരണിയൽ മുതലായ പ്രദേശങ്ങളിൽ കന്നുകാലികളെ മേയ്ക്കുന്ന പുലയർ മുതലായവക്കു 'കട്ടയടി' എന്നൊരു കളിയുണ്ടു്. അതു് ഏകദേശം പന്തുകളിപോലെതന്നെയാണു് പന്തിനു പകരം ഉപയോഗിക്കുന്നതു പനന്തേങ്ങ (കരിമ്പനയുടെ കായ്) ആണു്. കന്നുകാലികളെ

Digitised By Kerala Sahitya Akademi

മേയ്ക്കുന്നവർ രണ്ടു ഭാഗമായി നിന്ന മദ്ധ്യഭാഗത്തു് ഒരു പന തേങ്ങയിട്ടു് അങ്ങോട്ടുമിങ്ങോട്ടും അടിച്ചു കളിക്കുക ആ ടിക്കുകളിൽ സാധാരണമാണു്. ഒരിക്കൽ അങ്ങിനെയടിച്ച ഒരു പനന്തേങ്ങ അവിടെ അടുത്തുണ്ടായിരുന്ന ഒരു ചിതൽപ്പുറ്റിന്മേൽ ചെന്നു കൊള്ളുകയും പുറ്റു സ്വല്പം പൊട്ടുകയും അ പൊട്ടിയ സ്ഥലത്തുനിന്നു രക്തം പ്രവഹിച്ചുതുടങ്ങുകയും ചെയ്തു. കളിച്ചുകൊണ്ടു നിന്നിരുന്ന പുലയർ ആ രക്തപ്രവാഹം കണ്ടു ഭയവിഹ്വലരായി ഉറക്കെ നിലവിളിച്ചു. ചിലർ ബോധം കെട്ടു് അവിടെത്തന്നെ വീഴുകയും ചെയ്തു. അപ്പോഴെയ്ക്കും ഈ വർത്തമാനമറിഞ്ഞു് ആ സ്ഥലത്തിന്റെ യും കന്നുകാലികളുടേയും ഉടമസ്ഥന്മാരും മറ്റനേകം ജന ങ്ങളും താലൂക്കിൽനിന്നു തഹശീൽദാർ മുതലായവരും ആ സ്ഥലത്തെത്തി. അപ്പോഴും പുറ്റിൽനിന്നു രക്തം പ്രവ ഹിച്ചുകൊണ്ടുതന്നെയിരുന്നു. അപ്പോൾ അമ്മന്റെ ഒരു ഭൃതം ഒരു മനുഷ്യന്റെ ദേഹത്തിന്മേൽ ആവേശിച്ചു് അയാൾ തുള്ളി. ഈ പുറ്റു സാക്ഷാൽ അമ്മന്റെ വിഗ്രഹ മാണെന്നും അമ്മൻ വന്മീക(പുറ്റു)രൂപത്തിൽ ഇവിടെ ആവിർഭവിച്ചിരിക്കുകയാണെന്നും ഈ പുറ്റു ദേവി (ഭദ്രകാളി) തന്നെ എന്നു വിശ്വസിച്ചു പൂജിക്കുകയും വന്ദിക്കുകയും പ്രാ ർത്ഥിക്കുകയും ചെയ്താൽ മനുഷ്യർക്കു സകലാഭീഷ്ടങ്ങളും സിദ്ധി ക്കുമെന്നും ഈ ചിതൽപ്പുറ്റു പൊട്ടിയിരിക്കുന്ന സ്ഥലത്തു ചന്ദനമരച്ചു തേച്ചു വിടവടച്ചാൽ രക്തപ്രവാഹം നില്ക്കു മെന്നും താൻ അമ്മന്റെ ഒരു ഭൃതമാണെന്നും പറഞ്ഞു. ഉടനെ തഹശീൽദാരും മറ്റുംകൂടി ഒരു നല്ല പ്രശ്നക്കാരനെ വരുത്തി പ്രശ്നം വെയ്പിച്ചു നോക്കിക്കുകയും ആ മനുഷ്യൻ തുള്ളിപ്പറഞ്ഞതെല്ലാം വാസ്തവമാണെന്നു പ്രശ്നക്കാരൻ വിധി ക്കുകയും അപ്പോൾ ഈ പുറ്റു് അമ്മൻതന്നെയെന്നു് എല്ലാ വർക്കും വിശ്വാസമാവുകയും ചെയ്തു.

അനന്തരം ആ സ്ഥലത്തിന്റെ ഉടമസ്ഥൻ ബ്രാഹ്മ ണരെക്കൊണ്ടു രണ്ടുമൂന്നു തുലാം ചന്ദനമരപ്പിച്ചു പുറ്റിന്റെ വിടവു് അടപ്പിക്കുകയും അപ്പോൾ രക്തപ്രവാഹം നില്ക്കുകയും ചെയ്തു. പിന്നെ അമ്മനു മുറയ്ക്കു പൂജയും തുടങ്ങിച്ചു. ഇപ്പ കാരമാണു മണ്ടക്കാട്ടു് അമ്മന്റെ ആഗമം.

Digitised By Kerala Sahitya Akademi

അമ്മന്റെ വിഗ്രഹമായ ആ പുറവു നനയാതെയിരിക്കുന്നതിനും അവിടെ അശുദ്ധിയും മറവും ബാധിക്കാതെയിരിക്കുന്നതിനുമായി സ്ഥലത്തിന്റെ ഉടമസ്ഥൻതന്നെ തൽക്കാലം ഓലമേച്ചിലായിട്ട് ഒരു മേൽപുര ഉണ്ടാക്കിക്കുകയും ചുറും വേലി കെട്ടിക്കുകയും ചെയ്തു.

പതിവായി പൂജയും മറവും തുടങ്ങിയപ്പോൾ അവിടെ അമ്മന്റെ ചൈതന്യം വർദ്ധിച്ചുതുടങ്ങി. അപ്പോൾ ജനങ്ങൾ അവിടെച്ചെന്ന് അമ്മനെ വന്ദിക്കുകയും സേവിക്കുകയും ഓരോ കായ്ക്കങ്ങൾ സാധിക്കുന്നതിനായി പ്രാർത്ഥിക്കുകയും വഴിപാടുകൾ കഴിക്കുകയും മറവും തുടങ്ങി. അമ്മൻ ജനങ്ങളുടെ അപേക്ഷകളെല്ലാം സാധിപ്പിച്ചു കൊടുത്തും തുടങ്ങി. അങ്ങിനെയായപ്പോൾ മണ്ടക്കാട്ട് അമ്മന്റെ അടുക്കൽ അപേക്ഷിച്ചാൽ സകല കായ്ക്കങ്ങളും സാധിക്കുമെന്നൊരു വിശ്വാസം ജനങ്ങളുടെ മനസ്സിൽ ദൃഢീഭവിച്ചു. മണ്ടക്കാട്ടമ്മൻ എന്നുള്ള പ്രസിദ്ധി ലോകത്തിൽ സർവ്വത്ര പരക്കുകയും ചെയ്തു. അപ്പോൾ ദേവീദർശനത്തിനായും അവിടെ ഭജിക്കുന്നതിനായും വഴിപാടുകൾ നടത്തുന്നതിനായും മറും ദൂരസ്ഥലങ്ങളിൽനിന്നും ജനങ്ങൾ അവിടെ വന്നുതുടങ്ങി. അപ്പോൾ ചൊവ്വാഴ്ച വെള്ളിയാഴ്ച ഇങ്ങിനെയുള്ള വിശേഷദിവസങ്ങളിൽ അവിടെക്കൂടുന്ന ജനങ്ങൾക്ക സംഖ്യയില്ലാതെയായി. അതിനാൽ പണമായിട്ടും പണ്ടങ്ങളായിട്ടും മറു സാധനങ്ങളായിട്ടുമുള്ള നടവരവും അസാമാന്യമായി വർദ്ധിച്ചു. അവയെല്ലാം ആ സ്ഥലത്തിന്റെ ഉടമസ്ഥൻ് എടുക്കുകയും യഥേഷ്ടം ഉപയോഗിക്കുകയും ചെയ്യാമായിരുന്നതുകൊണ്ട് അയാൾ വലിയ ധനവാനായിത്തീരുകയും ചെയ്തു.

അമ്മനു പതിവായി പൂജയും മറവും തുടങ്ങിയപ്പോൾ അമ്മന്റെ വിഗ്രഹം (പുറവു) ക്രമേണ വളർന്നുതുടങ്ങി. ഇപ്പോൾ അതു് ഒരു ചെറിയ പർവ്വതംപോലെയായിട്ടുണ്ട്. അതിനിപ്പോൾ ഏകദേശം ഇരുപതടി പൊക്കവും നാല്പതടി ചുറളവും ആഗ്രഭാഗത്തു രണ്ടുമൂന്നു ശിഖരങ്ങളുമുണ്ട്. ആ കൊടുമുടികൾ അതിനൊരു ഭൂഷണമായിത്തന്നെ ശോഭിക്കുന്നു. ഇത്രയുമായിട്ടും അമ്മന്റെ വളർച്ച നിന്നിട്ടില്ല. ഇപ്പോഴും വർദ്ധിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്.

Digitised By Kerala Sahitya Akademi

അമ്മൻകോവിലിന്റെ ഉടമസ്ഥാവകാശം സിദ്ധിച്ചിരുന്ന കുടുംബക്കാർ നടവരവുകൊണ്ടും മറ്റും വലിയ ധനവാന്മാരായിത്തീർന്നപ്പോൾ അവർക്കു പണം സമ്പാദിക്കുന്നതിലുള്ള ആഗ്രഹം വർദ്ധിക്കുകയും ദേവിയെക്കുറിച്ചുള്ള ഭക്തിയും ദേവീകാര്യങ്ങളിലുള്ള ശ്രദ്ധയും കുറയുകയും ചെയ്തു. നേരനീക്കം ക്രടാതെ പൂജയും മറ്റും നടത്തിക്കണമെന്നുള്ള വിചാരം പോലും അവർക്കില്ലാതെയായി. അപ്പോൾ അവിടെ സക്കാരിൽനിന്ന പ്രവേശിച്ച് അമ്മൻകോവിലും ആ സ്ഥലവും മറ്റും സക്കാരിൽ ചേർത്തു. അതിനെക്കുറിച്ച് ഉടമസ്ഥന്മാർ മഹാരാജാവു തിരുമനസ്സിലെ സന്നിധിയിൽ സങ്കടമറിയിക്കുകയാൽ കല്പനപ്രകാരം അവർക്ക് ഏതാനും പണം കൊടുത്ത് അവരുടെ ഉടമസ്ഥാവകാശം സക്കാരിലേയ്ക്ക് എഴുതിവാങ്ങി. അങ്ങിനെ ആ അമ്മൻകോവിലും അതിനോടു ചേന്ന സ്ഥലവുമെല്ലാം തിരുവിതാംക്രർ സക്കാർവകയായിത്തീന്നു. പിന്നെ സക്കാരിൽനിന്ന കോവിലിലെ നിത്യനിദാനം, മാസവിശേഷം, ആട്ടവിശേഷം മുതലായവയെല്ലാം പതിവുകഠം നിശ്ചയിക്കുകയും അതുപ്രകാരം സകലതും ശരിയായി നടത്തിത്തുടങ്ങുകയും ചെയ്തു.

പൂജയും മറ്റും ശരിയായി നടത്തിത്തുടങ്ങിയപ്പോൾ അവിടെ അമ്മന്റെ ശക്തിയും ചൈതന്യവും പൂർവ്വാധികം വർദ്ധിച്ചു. ദേവിക്ക 'ഭയങ്കരി' എന്നുള്ള നാമം യഥാർത്ഥമായിത്തീന്നു. നട്ടുച്ചസമയത്തുപോലും ഭയം നിമിത്തം ജനങ്ങളവിടെ പോകാതെയായി. അപ്പോൾ ദേവിയുടെ ശക്തി കുറയുന്നതിനായി പതിവായിട്ടുള്ള പൂജ കുരുക്കഠം എന്ന ജാതിക്കാർ നടത്തുന്നതിനും ബ്രാഹ്മണരുടെ പൂജ വിശേഷദിവസങ്ങളിൽ മാത്രം മതിയെന്നും നിശ്ചയിച്ചു. അങ്ങിനെ നടത്തിത്തുടങ്ങിയപ്പോൾ അമ്മന്റെ ശക്തി കുറഞ്ഞു യഥാപൂർവ്വം പാകത്തിലായി. അതിനാൽ ഇപ്പോഴും അങ്ങിനെതന്നെ നടന്നുവരുന്നു.

ഇനി കൊടയെക്കുറിച്ചു പറയാം. 'മണ്ടക്കാട്ട കൊട' എന്നു പറഞ്ഞാൽ മണ്ടക്കാട്ടമ്മന്റെ പരിവാരങ്ങളായ ഭൂതപ്രേതപിശാചാദികഠംക്ക് ആടും കോഴിയും വെട്ടി ബലി കൊടുക്കുകയാണു്. ദേവി വസൂരിവിത്തു തന്റെ പരിവാര

Digitised By Kerala Sahitya Akademi

ങ്ങളിൽ കൊട്ടിക്കുകയും അവർ കൊണ്ടുപോയി ജനങ്ങളുടെ മേൽ വിതയ്ക്കുകയും ചെയ്യുന്ന എന്നും അങ്ങിനെയാണ ജനങ്ങൾക്ക വസൂരി അല്ലെങ്കിൽ മസൂരി ഉണ്ടാകുന്നതെന്നും ദേവിയുടെ പരിവാരങ്ങൾക്ക ബലി കൊടുത്തു പ്രസാദിപ്പിച്ചു കൊണ്ടാൽ ആ ദീനം ഉണ്ടാവുകയില്ലെന്നും ഈ പരിവാരങ്ങളെ പ്രസാദിപ്പിക്കുന്നതു ദേവിക്കും സന്തോഷകരമാണെന്നുമാണ ജനങ്ങളുടെ വിശ്വാസം.

അമ്മൻകോവിലിൽ പ്രധാന ദിവസം ചൊവ്വാഴ്ചയാണ് വിശേഷിച്ചു മാസംതോറും ഒടുവിലത്തെ ചൊവ്വാഴ്ച അതിപ്രധാനമാണ്. അതിനാൽ ചൊവ്വാഴ്ചതോറുമാണ് അവിടെ ദർശനത്തിനും വഴിപാടുകൾ നടത്താനുമായി ജനങ്ങൾ വന്നുകൂടുന്നതു്. എല്ലാ ചൊവ്വാഴ്ചയ്ക്കും അവിടെ സ്ത്രീകളും പുരുഷന്മാരുമായി അഞ്ഞൂറിൽ കുറയാതെ ജനങ്ങൾ കൂടുന്നുണ്ട്. ഒടുവിലത്തെ ചൊവ്വാഴ്ചയ്ക്ക കൂടുന്ന ജനങ്ങളുടെ സംഖ്യ ആയിരത്തിൽ ഒട്ടും കുറവായിരിക്കയില്ല. ഒടുവിലത്തെ ചൊവ്വാഴ്ചതോറും അവിടെ അമ്മനെ എഴുന്നള്ളിക്കുകയും പതിവാണ്. അതൊരു പതിവടിയന്തിരമാകയാൽ അതിന വലിയ ഘോഷമൊന്നുമില്ല. ചെറിയ ശ്രീകോവിൽ പോലെ അല്ലെങ്കിൽ പഴക്കാമണ്ഡപംപോലെ ഒരു വാഹനം കെട്ടിയുണ്ടാക്കി അലങ്കരിച്ചു് അതിൽ ദേവിയുടെ പള്ളിശൂലം വെച്ചാണ് എഴുന്നള്ളിക്കുന്നതു്. ശ്രീകോവിൽപോലെ കെട്ടിയുണ്ടാക്കുന്ന വാഹനത്തിന് അവിടെ പറയുന്ന പേർ 'ചപ്രം' എന്നാണ്. ചൊവ്വാഴ്ചയ്ക്ക് അവിടെ കൂടുന്ന ജനങ്ങൾ അരി വീതിച്ചെടുത്തു കഞ്ഞിവെച്ചു പാവങ്ങൾക്ക കൊടുക്കുകയും പതിവാണ്. അതും ദേവീപ്രസാദകരമായ ഒരു വഴിപാടാണ്. ഇങ്ങിനെ കഞ്ഞികൊടുക്കുന്നതിന മാസംതോറും ഏകദേശം മുപ്പതു നാല്പതുപറ അരിയോളം വേണ്ടിവരും. ഇതുകൊണ്ടു് അവിടെക്കൂടുന്ന അഗതികളും കുറച്ചൊന്നുമല്ലെന്ന സ്പഷ്ടമാകുന്നുണ്ടല്ലോ.

കൊട കുംഭമാസത്തിൽ ഒടുവിലത്തെ ചൊവ്വാഴ്ച നടത്തണമെന്നാണ വെച്ചിരിക്കുന്നതു്. എന്നാൽ അന്നു് ഏകാദശിയാണെങ്കിൽ കൊട അതിന്റെ മുമ്പിലത്തെ ചൊവ്വാഴ്ചയാക്കും. കൊടയുടെ പത്തുദിവസം മുമ്പു വരുന്ന ഞായറാഴ്ച

Digitised By Kerala Sahitya Akademi

കൊടിയേറി പത്തുദിവസത്തെ ഉത്സവവും അതിനിടയ്ക്കു വരുന്ന വെള്ളിയാഴ്ചദിവസം 'വലിയ പട്ടുക്ക' എന്നൊരു് അടിയന്തിരവും പതിവുണ്ടു്. ഒട്ടു വളരെ മലരും, പഴവും, അട, വട, അപ്പം, തിരളി മുതലായവയുമുണ്ടാക്കി നടയിൽ കൊണ്ടുചെന്നു ക്രുട്ടുന്നതിനാണു 'വലിയ പട്ടുക്ക' എന്നു പറയുന്നതു്. ഇതും ദേവിയുടെ പരിവാരങ്ങൾ പ്രസാദിക്കാനായിചെയ്യുന്നതാണു്. കൊടയുടെ ദിവസമറിഞ്ഞു ദൂരസ്ഥലങ്ങളിൽനിന്നുക്രൂടി ജനങ്ങൾ വന്നുചേരേണ്ടതാകകൊണ്ടു കൊട, കൊടിയേറു, വലിയ പട്ടുക്ക ഇവയുടെ ദിവസങ്ങൾ രണ്ടു മൂന്നു മാസം മുമ്പേ നോക്കിയറിഞ്ഞു് 'ഇരുമ്പിലി ആശാൻ' എന്ന സ്ഥാനി താലൂക്കിലേക്കു് എഴുതിയയയ്ക്കുകയും അതു തഹശീൽദാർ എഴുതിയയച്ചു സക്കാർഗസറ്റിൽ ചേർത്തു പ്രസിദ്ധപ്പെടുത്തുകയും പതിവാണു്. ഗസറ്റിലെ പരസ്യം കണ്ടു കൊടിയേറുമുതൽ ജനങ്ങൾ മണ്ടക്കാട്ടു വന്നു ക്രൂടിത്തുടങ്ങും. പല സ്ഥലങ്ങളിൽനിന്നും ജനങ്ങൾ വരുന്നുണ്ടു്. എങ്കിലും കൊല്ലത്തുനിന്നാണു് അധികമാളുകൾ അവിടെ വന്നുക്രൂടുന്നതു്. അതിനാൽ ഏതു ദിക്കിൽ നിന്നു വരുന്നവരേയും ആ ദിക്കുകാർ പറയുന്നതു 'കൊല്ലത്തുകാർ' എന്നാണു്. കൊല്ലത്തുകാർ വന്നുതുടങ്ങി, കൊല്ലത്തുകാർ പോയിത്തുടങ്ങി എന്നു പറയുക അവിടെ സാധാരണമാണു്. കൊടയ്ക്കായി മണ്ടക്കാട്ടു വന്നുക്രൂടുന്നതു് അധികവും താഴ്ന്നജാതിക്കാരാണു്. ഉയർന്ന ജാതിക്കാരായ ഹിന്ദുക്കൾ വളരെ ചുരുക്കമായിട്ടേ വരാറുള്ളു. അടുത്ത ദേശക്കാർ‌ിൽ അധികം അവിടെ വന്നുക്രൂടുന്നതു കുളച്ചൽ ചെട്ടികളും കീഴ്ക്കര ക്രുഷ്ണൻവകക്കാരെന്നു പറയപ്പെടുന്ന ജാതിക്കാരുമാണു്. ഇവരൊക്കെ വരുന്നതു പല തരത്തിലുള്ള ആടുകളേയും കോഴികളേയുംകൊണ്ടാണു്. അവക്കു് ആടുകളേയും കോഴികളേയും വെട്ടി വഴിക്കുന്നതിനു കൊടദിവസംതന്നെ വേണമെന്നും കോവിലിന്റെ സമീപത്തു ചെന്നിട്ടു വേണമെന്നും മറുമില്ല. അവർ ആ ദേശത്തു കടക്കുമ്പോൾ മുതൽ ആടുകളേയും കോഴികളേയും വെട്ടി വഴിച്ചുതുടങ്ങുകപതിവായിരുന്നു. കൊടിയേറുമുതൽ കൊടദിവസം കഴിയുന്നതുവരെ ആ ദേശത്തെല്ലാം സദാ ആടുകളുടേയും കോഴി

Digitised By Kerala Sahitya Akademi

കളടേയും മരണവേദനയോടുകൂടിയ രോദനം കേട്ടിരുന്നു. കരുണാനിധിയായ സേതുലക്ഷ്മീഭായി സി. ഐ. മഹാരാജ്ഞി തിരുമനസ്സിലെ റീജൻസി ഭരണകാലത്തുണ്ടായ ജീവകാരുണ്യ സംയുക്തമായ കല്പനനിമിത്തം ഇപ്പോൾ അവിടെ അതു നിശ്ലേഷം നിന്നുപോയിരിക്കുന്നു. എന്നാൽ കൊട സംബന്ധിച്ചുള്ള മറ്റു ചടങ്ങുകൾക്കും ഉത്സവം, വലിയ പടുക്ക മുതലായ വയ്ക്കും യാതൊരു കുറവും വ്യത്യാസവും വന്നിട്ടില്ല. അവയെല്ലാം യഥാപൂർവ്വം ഇപ്പോഴും നടന്നുവരുന്നുണ്ട്.

മുമ്പു മണ്ടക്കാട്ടമ്മനു മീനമാസത്തിൽ ഭരണിനാൾ തുക്കം എന്നൊരു വഴിപാടു പതിവുണ്ടായിരുന്നു. അതു് ഏറ്റവും ഭയങ്കരവും ആപൽക്കരവുമായിരുന്നതിനാൽ ഏതാനും കൊല്ലങ്ങൾക്കു മുമ്പു് അതും സർക്കാരിൽനിന്നു നിർത്തലാക്കി. ഇതൊന്നുകൊണ്ടും അവിടെ അമ്മന്റെ ചൈതന്യവും ശക്തിയും കുറഞ്ഞിട്ടില്ല. അവ ഇപ്പോഴും വർദ്ധിച്ചുകൊണ്ടുതന്നെയാണിരിക്കുന്നതു്.

മണ്ടക്കാട്ടു് ആമ്മൻകോവിൽ സർക്കാർവകയായതിൽപിന്നെ അവിടെ വളരെ പരിഷ്കാരം വന്നിട്ടുണ്ടു്. കോവിലിന്റെ മേച്ചിൽ ഓലയായിരുന്നതു മാറ്റി ഓടാക്കി. കോവിലിന്റെ ചുറ്റുമുള്ള തിരുമുറ്റത്തിനു വിസ്താരം വളരെ വർദ്ധിപ്പിച്ചു. കോവിലിന്റെ ദർശനം വടക്കോട്ടാകയാൽ അതുവശത്തു നല്ലതായിട്ടു് ഒരു കളിത്തട്ടുണ്ടാക്കിച്ചു. അതിനടുത്തുള്ള ആൽവൃക്ഷങ്ങൾക്കെല്ലാം തറ കെട്ടിച്ചു. അവിടെ പടിഞ്ഞാറു മാറിയുള്ള ശാസ്താങ്കോവിലിന്റെ ജീർണ്ണോദ്ധാരണം കഴിപ്പിച്ചു. അവിടെയിപ്പോഴും അടുത്തെങ്ങും ഉയർന്ന ജാതിക്കാരായ ഹിന്ദുക്കളുടെ വാസമില്ലെന്നുള്ള ഒരു ദോഷം മാത്രമേ ഉള്ളൂ. കാലക്രമേണ ആ ദോഷവും നീങ്ങിപ്പോകുമായിരിക്കാം.

കടുത്ത വേനൽക്കാലമാകുമ്പോൾ (മീനം മേടം ഈ മാസങ്ങളിൽ) അമ്മന്റെ വിഗ്രഹം (ആ ചിതൽപ്പുറ്റു്) ചില ഭാഗങ്ങളിൽ പൊട്ടി വിടവുണ്ടാവുക പതിവാണു്. ദേവിയുടെ പരിവാരങ്ങൾ വസൂരിവിത്തു കൊണ്ടുപോയി മനുഷ്യരുടെ ദേഹത്തിൽ വിതച്ചുകഴിഞ്ഞിട്ടു മിച്ചം വരുന്നതു് അക്കാലത്തു തിരിയെ കൊണ്ടുചെന്നു ദേവിയെ ഏല്പിക്കും.

Digitised By Kerala Sahitya Akademi

സ്ഥലത്തു നിത്തിക്കൊള്ളണമെന്നും പ്രത്യേകം കല്പിച്ചിരു ന്നതിനാൽ അഴകപ്പാപിള്ള അങ്ങിനെയൊക്കെയാണു ചെ യ്തിരുന്നതു്. പതിനഞ്ചാംതീയതിതോറും പള്ളിക്കുറുപ്പണ ന്നാൽ ആട്യം തുക്കൺപാക്കുന്നതു് ആടികേശവനെ വേണ മെന്ന തിരുമനസ്സിലേയ്ക്കു നിബ്ബന്ധമുണ്ടായിരുന്നു. അതു കൊണ്ടാണു് അങ്ങിനെ പ്രത്യേകം കല്പിച്ചിരുന്നതു്.

ആടികേശവൻ സകല ശുഭലക്ഷണങ്ങളും തികഞ്ഞ ഒരാനയായിരുന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അതുകൊ ണ്ടായിരുന്നിരിക്കാം അവനെ മാസത്തിലൊരിക്കലെങ്കിലും കാഴ്ച കാണണമെന്ന തിരുമനസ്സിലേയ്ക്കു നിർബ്ബന്ധമുണ്ടായി രുന്നതു്. കേശവന്റെ രണ്ടു കൊമ്പുകളും ഒരുപോലെ കുത്തു വളഞ്ഞവയും നല്ല ഭംഗിയുള്ളവയുമായിരുന്നു. അവയുടെ രണ്ടു വശങ്ങളിലും സൂക്ഷിച്ചുനോക്കിയാൽ കാണാവുന്നവിധ ത്തിൽ ഓരോ രേഖകളുമുണ്ടായിരുന്നു. അവ കണ്ടാൽ അ വന്റെ കൊമ്പുകളുടെ കീഴ്വശത്തു അവപോലെതന്നെ രണ്ടു കൊമ്പുകൾകൂടി ഉണ്ടാക്കിവെച്ചു ചേത്തിണക്കിയിരി ക്കയാണെന്നു തോന്നുമായിരുന്നു. അതിനാൽ ആടികേശ വൻ ഒരു നാല്ക്കൊമ്പനാനയാണെന്നുകൂടി ജനങ്ങൾ പറ ഞ്ഞിരുന്നു. കേശവന്റെ പിൻവശത്തുനിന്നു നോക്കിയാൽ അവനു മൂന്നു കോലിൽ (ഒമ്പതടിയിൽ) അധികം പൊക്ക മില്ലെന്നു തോന്നുമായിരുന്നു. എങ്കിലും അവന്റെ മുമ്പിൽ നിന്നു നോക്കിയാൽ അവന്നു് അഞ്ചുകോലിൽ (പതിനഞ്ചടി യിൽ) കുറയാതെ ഉയരമുണ്ടെന്നും തോന്നുമായിരുന്നു. അവന്റെ തലയെടുപ്പും തലക്കെട്ടിയും മസ്തകത്തിന്റെ വി രിവും തുമ്പിക്കയ്യിന്റെ മുഴുപ്പും ചെവികളുടെ വലിപ്പവും ഉട ലിന്റെ തഴപ്പും നീളവും കുഴത്തിന്റെ വണ്ണവും കുഴത്തിനു താഴെ തൂങ്ങിക്കിടക്കുന്ന താടയുടെ ഇറക്കവും മറ്റും കണ്ടാൽ ഇവനെപ്പോലെ ഭംഗിയുള്ള ഒരാന മറ്റൊരുമി ല്ലെന്നും ഇനിയുണ്ടാകുന്ന കാര്യം അസാദ്ധ്യമാണെന്നും തോന്നുമായിരുന്നു. ആടികേശവന്റെ കാലുകളുടെ വണ്ണവും അസാമാന്യമായിരുന്നു. അവന്റെ കാലടികളുടെ ചുറ്റളവു നാല്പത്തെട്ടു് അംഗുലമുണ്ടായിരുന്നു. അതുകൊണ്ടു കാലുക

Digitised By Kerala Sahitya Akademi

ളുടെ വണ്ണം ഏകദേശം ഊഹിക്കാമല്ലോ. എന്തിനു വളരെ പ്പറയുന്നു? 'ആകപ്പാടെ ഒരാനച്ചന്തം' എന്നുള്ളതു് ആദികേശവനെസ്സംബന്ധിച്ചു നല്ല ശരിയായിരുന്നു. എന്നാൽ അവനു് അസാമാന്യമായ ദേഹപുഷ്ടി മാത്രമല്ല ഉണ്ടായിരുന്നതു്. അതിനു തക്കവണ്ണമുള്ള കായബലവുമുണ്ടായിരുന്നു. ബുദ്ധിശക്തിയും അങ്ങിനെതന്നെ. കേശവൻ പിടിച്ചുവെയ്ക്കുന്ന തടിയും മറ്റും വേറെ നാലാനകൾക്കുടി പിടിച്ചാൽ ഇളക്കാൻപോലും കഴിയുമായിരുന്നില്ല. അപ്രകാരം ഏതെങ്കിലുമൊരു കാര്യം അഴകപ്പാപിള്ള മനസ്സിൽ വിചാരിക്കുമ്പോഴയ്ക്കും കേശവൻ ചെയ്തുകഴിയും. മറ്റുള്ള പാപ്പാന്മാരെപ്പോലെ വടിയെടുക്കുകയെന്നുള്ള കായ്യം അഴകപ്പാപിള്ളയ്ക്കു് ഒരിക്കലും വേണ്ടിവന്നിട്ടില്ല. അഴകപ്പാപിള്ള കേശവന്റെ പാപ്പാനായിത്തീർന്നതിന്റെ ശേഷം കുറച്ചുദിവസം കഴിഞ്ഞപ്പോഴയ്ക്കും അവർ തമ്മിൽ നിസ്തുലങ്ങളായ സ്നേഹവിശ്വാസങ്ങളുണ്ടായിത്തീർന്നു. അതിനു അവക്കു് ആജീവനാന്തം സചലം പോലും വ്യത്യാസംവരികയും ചെയ്തിരുന്നില്ല.

രണ്ടുമൂന്നു പ്രാവശ്യം തിരുവനന്തപുരത്തു പോയി മുഖം കാണിച്ചു വന്നപ്പോഴയ്ക്കും കേശവനു് അങ്ങോട്ടു പോകേണ്ടുന്ന ദിവസവും പോകാനുള്ള വഴിയും അവിടെ എത്തേണ്ടുന്ന സമയവും അവിടെച്ചെന്നാൽ നില്ക്കേണ്ടുന്ന സ്ഥലവും മറ്റും നല്ല നിശ്ചയമായി. വെളുപ്പാൻകാലത്തു മൂന്നു മണിക്കു് അവിടെയെത്തിയാലുടനെ അഴകപ്പാപിള്ള കേശവനെ നിശ്ചിതസ്ഥലത്തു നിത്തീട്ടു മാറി മറഞ്ഞുനില്ക്കും. തിരുമനസ്സിലേയ്ക്കു് ആദ്യം കേശവനെത്തന്നെ തുക്കൺ പാക്കണമെന്നു നിർബന്ധമുണ്ടായിരുന്നുവല്ലോ. അതുകൊണ്ടാണു് അയാൾ അങ്ങിനെ ചെയ്തിരുന്നതു്. അഴകപ്പാപിള്ള മാറിനിന്നാലുടനെ കേശവൻ കേൾക്കുന്നതായ ഒരു ശബ്ദം പുറപ്പെടുവിക്കും. ഉടനെ തിരുമനസ്സുകൊണ്ടു പുറത്തേയ്ക്കെഴുന്നള്ളും. അപ്പോൾ കേശവനു കൊടുക്കാനുള്ള പഴക്കുലകൾ, ശർക്കര, നാളികേരം, കരിമ്പു മുതലായവയെല്ലാം അവിടെ തയാറാക്കിവെച്ചിരിക്കും. അവയിൽ ചിലതു തിരുമനസ്സുകൊണ്ടുതന്നെ തൃക്കൈകൊണ്ടെടുത്തു കേശവനു കൊടുക്കുകയും അവ കേശവൻ സാദരം വാങ്ങിത്തിന്നു

Digitised By Kerala Sahitya Akademi

കയും ചെയ്യും. അങ്ങിനെ ഏതാനും ചിലതു തിന്നുകഴിയുമ്പോൾ എല്ലാമെടുത്തുകൊട്ടുക്കുന്നു, [illegible] ബുദ്ധിമുട്ടായിരിക്കുന്നു, കൊണ്ടുപോകുന്നു, സ്വല്പം പിന്നാക്കം മാറിനില്ക്കും. അതു കാണുമ്പോൾ കുശാഗ്രബുദ്ധിയായിരുന്ന തിരുമനസ്സിലേയ്ക്കു കേശവന്റെ അഭിപ്രായം തിരുമനസ്സിലാകും. ഉടനെ "എന്നാലെല്ലാമെടുത്തു തിന്നുകൊള്ളുക" എന്നു കല്പിക്കുകയും കേശവൻ എല്ലാമെടുത്തു തിന്നുകയും ചെയ്യും. കേശവൻ എല്ലാം തിന്നുകഴിയുമ്പോൾ അഴകപ്പാപിള്ളയും കേശവന്റെ അടുക്കലെത്തും. ഉടനെ തിരുമനസ്സുകൊണ്ടു രണ്ടു മുണ്ടും അഞ്ചു രൂപയും അയാൾക്കും കല്പിച്ചുകൊടുക്കും. അതും കഴിഞ്ഞാൽ കേശവൻ മുൻകാലുകളും രണ്ടും മടക്കി മുട്ടുകുത്തി തിരുമനസ്സിലെ തൃപ്പാദസന്നിധിയിൽ കുമ്പിട്ടിട്ടു യാത്ര അറിയിക്കുന്നതായി ഒരു ശബ്ദം പുറപ്പെടുവിക്കും. ഉടനെ തിരുമനസ്സുകൊണ്ടു് "എന്നാലാട്ടെ, അടുത്തമാസത്തിലും വരണം" എന്നു കല്പിക്കുകയും കേശവൻ അതും സമ്മതിച്ച ഭാവത്തിൽ തല കുലുക്കിക്കൊണ്ടു നാലഞ്ചടി പിന്നാക്കം നടന്നുമാറീട്ടു തിരിഞ്ഞു നടന്നുപോവുകയും ചെയ്യും. ഇപ്രകാരമൊക്കെയായിരുന്നു കേശവന്റെ പതിവുകൾ.

അങ്ങിനെ ഏതാനും കൊല്ലങ്ങൾ കഴിഞ്ഞതിന്റെ ശേഷം ഒരിക്കൽ തിരുവനന്തപുരത്തേയ്ക്കു പോകാനുള്ള ദിവസമടുത്തപ്പോൾ അഴകപ്പാപിള്ളയ്ക്കു ദേഹത്തിനു നല്ല സുഖമില്ലായിരുന്നു. അതിനാൽ അയാൾ കേശവന്റെ അടുക്കൽച്ചെന്നു് അവന്റെ തുമ്പിക്കൈ പിടിച്ചു തലോടിക്കൊണ്ടു "കുട്ടാ! കേശവാ! നാളെയാണല്ലോ തിരുവനന്തപുരത്തേയ്ക്കു പോകേണ്ടതു്. എനിക്കു ദേഹത്തിനു തീരെ സുഖമില്ലാതേയുമിരിക്കുന്നു. നിശ്ചിതദിവസം അവിടെച്ചെല്ലാഞ്ഞാൽ തിരുമനസ്സിലേയ്ക്കു് ഒട്ടും സുഖമാവുകയില്ല. അതിനാൽ ഇത്തവണ എന്റെ കുട്ടൻ തനിച്ചു പോയിവരണം. അങ്ങോട്ടു പോകാനുള്ള വഴിയും അവിടെ ചെന്നാലുള്ള പതിവുകളും മറവും നിനക്കു നിശ്ചയമുണ്ടല്ലോ" എന്നു പറഞ്ഞു. കേശവൻ അതു കേട്ടു സമ്മതിച്ചു തലകുലുക്കുകയും അടുത്തദിവസം അവൻ തനിച്ചുപോയി തിരുവനന്തപുരത്തെത്തി പതിവു

Digitised By Kerala Sahitya Akademi

പോലെ മുഖം കാണിക്കുകയും മറവും കഴിച്ചു മടങ്ങിവരികയും ചെയ്തു.

ഇങ്ങിനെയിരിക്കെ കൊല്ലം ൻനൂറാമാണ്ടു മിഥുനമാസത്തിൽ മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു നാടുനീങ്ങി. ആ വർത്തമാനം ഉടനെ കേരളത്തിലെന്നല്ല, വിദേശങ്ങളിൽപോലും എല്ലാവരുമറിഞ്ഞു. എങ്കിലും അതറിഞ്ഞാൽ ആദികേശവനു ദുസ്സഹമായ ദുഃഖമുണ്ടാകുമെന്നു വിചാരിച്ചു് അഴകപ്പാപിള്ള തൽക്കാലം അവനെ അതറിയിച്ചില്ല. എന്നാൽ അധികം താമസിയാതെ അവനതു് അറിയേണ്ടതായിവരികയും ചെയ്തു.

അടുത്ത മാസത്തിലും അഴകപ്പാപിള്ള പതിവുപോലെ പതിനഞ്ചാംതീയതി വെളുപ്പാൻകാലത്തു മൂന്നു മണിക്കു കേശവനേയുംകൊണ്ടു തിരുവനന്തപുരത്തെത്തി അവനെ പതിവുസ്ഥലത്തു നിർത്തുകയും കേശവൻ പതിവുപോലെ ശബ്ദം പുറപ്പെടുവിക്കുകയും ചെയ്തു. രാമവർമ്മമഹാരാജാവുതിരുമനസ്സുകൊണ്ടു മൂന്നു മണിക്കു പള്ളിക്കുറുപ്പുണരാറില്ല. നാലു മണിക്കാണു് അവിടുന്നു പള്ളിക്കുറുപ്പുണരുക പതിവു്. അതിനാൽ കേശവൻ ശബ്ദം പുറപ്പെടുവിച്ചപ്പോൾ നല്ല പള്ളിക്കുറുപ്പായിരുന്നു. ആ ശബ്ദം കേട്ടു തിരുമനസ്സുകൊണ്ടു വല്ലാതെ ഞെട്ടിയുണരുകയും "അതെന്തു ശബ്ദമാണു കേട്ടതു്? ഒരാനയുടെ ശബ്ദംപോലെയാണല്ലോ കേട്ടതു്. ഈ അസമയത്തു് അനാവശ്യമായി ഇവിടെ ആനയെക്കൊണ്ടുവന്നതാരാണു്? അതിനെ ഇവിടെനിന്നു ക്ഷണത്തിൽ കൊണ്ടുപോകട്ടെ" എന്നു കോപത്തോടുകൂടി ഉച്ചത്തിൽ കല്പിക്കുകയും ചെയ്തു. മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധത്തിലുള്ള ആ കല്പന കേട്ടു കേശവൻ വല്ലാതെ പരിഭ്രമിച്ചു് അഴകപ്പാപിള്ളയെ താങ്ങിയെടുത്തു തലയിൽ വെച്ചുകൊണ്ടു് അവിടെനിന്നു് ഒരോട്ടം വെച്ചുകൊടുത്തു. നെയ്യാറിൻകരെ ചെന്നിട്ടേ അവൻ നില്ക്കുകയോ തിരിഞ്ഞുനോക്കുകയോ ചെയ്തുള്ളൂ. അവിടെയെത്തി അഴകപ്പാപിള്ളയെ താഴെയിറക്കിനിർത്തിയപ്പോൾ ആയാൾ "എന്റെ കേശവാ! നിന്റെ പരിഭ്രമം സ്വല്പമധികമായിപ്പോയി. നമ്മുടെ തമ്പുരാനല്ല ആ കല്പിച്ചതു്. നമ്മുടെ

Digitised By Kerala Sahitya Akademi

തമ്പുരാൻ കഴിഞ്ഞ മാസത്തിൽ നാടുനീങ്ങിപ്പോയി. ആ കല്പിച്ചത് ഇപ്പോൾ നാടു വാഴുന്ന രാമവർമ്മമഹാരാജാവുതിരുമനസ്സുകൊണ്ടാണ്. അവിടയ്ക്കു നിന്റെ പതിവൊന്നും നിശ്ചയമില്ല" എന്നു പറഞ്ഞു. "നമ്മുടെ തമ്പുരാൻ നാടുനീങ്ങിപ്പോയി" എന്നു കേട്ടപ്പോൾ കേശവൻ അത്യന്തം സങ്കടത്തോടുക്രൂടി കണ്ണീരൊലിപ്പിച്ചുകൊണ്ട് ഉറക്കെ മൂന്നു നിലവിളിച്ചിട്ടു പിന്നെയും കണ്ണീരൊലിപ്പിച്ചുകൊണ്ടു നിന്നു. അപ്പോൾ അഴകപ്പാപിള്ള "ഇപ്പോൾ നാടുവാഴുന്ന തമ്പുരാനും നമ്മുടെ തമ്പുരാൻതന്നെയാണ്. പരിചയം വരുമ്പോൾ ഈ തമ്പുരാനും മറെറത്തമ്പുരാനെപ്പോലെതന്നെ നിന്നെക്കുറിച്ചു വിചാരിച്ചുതുടങ്ങും. അതുകൊണ്ടു നമുക്ക് ഇന്നുതന്നെ തിരുവനന്തപുരത്തു ചെന്നു മുഖം കാണിക്കണം" എന്നു പറഞ്ഞു. അഴകപ്പാപിള്ള ഈ പറഞ്ഞതു കേശവൻ കേട്ടതായി ഭാവിക്കപോലും ചെയ്തില്ല. അഴകപ്പാപിള്ളയുടെ വാക്കിനെ കേശവൻ അതിനുമുമ്പൊരിക്കലും ആദരിക്കാതെയിരുന്നിട്ടില്ല.

കേശവൻ തിരുവനന്തപുരത്തുനിന്ന് ഓടിപ്പോയതിന്റെ ശേഷം നേരം വെളുത്തപ്പോൾ ചില സേവന്മാർ തിരുമനസ്സിലെ സന്നിധിയിൽ ചെന്നു, "നാടുനീങ്ങിപ്പോയ മാത്താണ്ഡവർമ്മമഹാരാജാവുതിരുമനസ്സുകൊണ്ട് ഒരാനയെ തിരുവട്ടാറു നടയ്ക്കിരുത്തുകയും ആ ആനയ്ക്ക് 'ആദികേശവൻ' എന്നു കല്പിച്ചു പേരു വിളിക്കുകയും ചെയ്തിട്ടുണ്ട്. ആ ആനയെ കല്പനപ്രകാരം എല്ലാ മാസങ്ങളിലും പതിനഞ്ചാംതീയതിതോറും വെളുപ്പാൻകാലത്തു മൂന്നു മണിക്ക് ഇവിടെ കൊണ്ടുവരികയും ഇവിടെ എത്തിയാലുടനെ കേശവൻ താൻ വന്നിരിക്കുന്നു എന്നറിയിക്കുന്നതിനായി ഒരു ശബ്ദം പുറപ്പെടുവിക്കുകയും അതു കേട്ടാലുടനെ തിരുമനസ്സുകൊണ്ടു പുറത്തെഴുന്നള്ളി കേശവനു പഴക്കുലകളും, ശർക്കരയും, നാളികേരവും, കരിമ്പും മറ്റും തൃക്കൈകൊണ്ടുതന്നെ എടുത്തു കൊടുക്കുകയും കേശവൻ അവയെല്ലാം സാദരം വാങ്ങിത്തിന്നുകയും പതിവായിരുന്നു. ആ പതിവനുസരിച്ച് ഇവിടെ കൊണ്ടുവരപ്പെട്ട കേശവന്റെ ശബ്ദമാണ് ഇന്നു വെളുപ്പാൻകാലത്ത് ഇവിടെ കേൾക്കപ്പെട്ടതു്. പതിവുപോലെയല്ലാതെ കോപ

Digitised By Kerala Sahitya Akademi

ത്തോട്ടക്രുടി ഉറക്കെ അരുളിച്ചെയ്തതു കേട്ടു കേശവൻ ഭയപ്പെട്ട് അപ്പോൾത്തന്നെ ഇവിടെനിന്ന് ഓടിപ്പോയി. മാത്താണ്ഡവമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു നാടുനീങ്ങിപ്പോയി എന്നുള്ള കഥ കേശവൻ അറിഞ്ഞിരിക്കയില്ല" എന്നറിയിച്ചു. അതു കേട്ടിട്ടു തിരുമനസ്സുകൊണ്ട് "എന്നാൽ കേശവനെ ക്ഷണത്തിൽ വരുത്തണം" എന്നു കല്പിക്കുകയും ചില ഉദ്യോഗസ്ഥന്മാർ ഉടനെ ഓടിപ്പോയി നെയ്യാറിൻകരെ ചെന്നു കല്പനയുടെ വിവരം അഴകപ്പാപിള്ളയെ ഗ്രഹിപ്പിക്കുകയും ചെയ്തു. അഴകപ്പാപിള്ള വളരെയൊക്കെ പറഞ്ഞുനോക്കീട്ടും കേശവനു് ഒരിളക്കവുമുണ്ടായില്ല. അതിനാൽ ആ ഉദ്യോഗസ്ഥന്മാർ മടങ്ങിച്ചെന്നു് ആ വിവരം തിരുമനസ്സിലെ അടുക്കൽ അറിയിച്ചു. തിരുമനസ്സുകൊണ്ടു് അടുത്ത ദിവസവും കല്പിച്ചു് ആളുകളെ അയച്ചു. അന്നും ഫലമൊന്നുമുണ്ടായില്ല. അങ്ങിനെ ആറു ദിവസം കഴിഞ്ഞു. ഏഴാം ദിവസം തിരുമനസ്സുകൊണ്ടു "കേശവൻ ഇങ്ങോട്ടു വരികയില്ലെങ്കിൽ ഞാനങ്ങോട്ടു വരാം. എങ്ങിനെയായാലും എനിക്കു കേശവനെ കാണണം" എന്നു കല്പിച്ചയച്ചു. തിരുമനസ്സിലെ ആളുകൾ നെയ്യാറിൻകരെയെത്തി ആ കല്പിച്ച വിവരം പറഞ്ഞപ്പോൾ അഴകപ്പാപിള്ള കേശവനോടു "കല്പിച്ചയച്ചതു കേട്ടില്ലേ? നീയങ്ങോട്ടു ചെല്ലാതെ തിരുമനസ്സുകൊണ്ടു് ഇങ്ങോട്ടെഴുന്നള്ളാനിടയാക്കുന്നതു കഷ്ടമാണു്. നമുക്കു് ഇന്നുതന്നെ തിരുവനന്തപുരത്തെത്തി മുഖം കാണിക്കണം" എന്നു പറഞ്ഞു. കേശവൻ അതു കേട്ടിട്ടു സമ്മതിച്ചു തലകുലുക്കുകയും ഒരു അനുസരണശബ്ദം പുറപ്പെടുവിക്കുകയും ചെയ്തു. ഉടനെ അഴകപ്പാപിള്ള "എന്നാൽ പുറപ്പെടാകാം" എന്നു പറഞ്ഞു നടന്നുതുടങ്ങി. പിന്നാലെ കേശവനും പോയി. കേശവൻ ക്ഷീണംകൊണ്ടു നടക്കാൻ വളരെ പ്രയാസമുണ്ടായിരുന്നു. മാത്താണ്ഡവമ്മമഹാരാജാവുതിരുമനസ്സുകൊണ്ടു നാടുനീങ്ങിയെന്നു കേട്ട ദിവസം മുതൽ അന്നുവരെ ആറു ദിവസവും കേശവൻ കുറേശ്ശ വെള്ളം കുടിച്ചതല്ലാതെ യാതൊന്നും തിന്നിരുന്നില്ല. ആ ആറു ദിവസവും നെയ്യാറിൻകരക്കാരിൽ പലരും കേശവനു പഴക്കുലകളും മറ്റും ധാരാളം കൊണ്ടു ചെന്നു കൊടുത്തിരുന്നു. എങ്കിലും അവൻ അവയിലൊന്നും

Digitised By Kerala Sahitya Akademi

തൊടുകപോലും ചെയ്തിരുന്നില്ല. പിന്നെ അവന്ന ക്ഷീണം വന്നതു് ഒരത്ഭുതമല്ലല്ലോ. കേശവൻ ഒന്നും തിന്നാതെയിരുന്നതുകൊണ്ടു് അഴകപ്പാപിള്ളയും ആ ആറു ദിവസം സാമാന്യംപോലെ ഭക്ഷണം കഴിച്ചിരുന്നില്ല. എങ്കിലും അവർ രണ്ടുപേരും ഒരുവിധം നടന്നു് അന്നുതന്നെ തിരുവനന്തപുരത്തു തിരുമനസ്സിലെ തിരുമുമ്പാകെയെത്തി. അവിടെ തിരുമനസ്സുകൊണ്ടു മാത്താണ്ഡവമ്മ മഹാരാജാവുതിരുമനസ്സിലെപ്പോലെതന്നെ കേശവന്ന കൊടുക്കുന്നതിനായി പഴക്കുലകളും മറ്റും ധാരാളം ശേഖരിച്ചുവെച്ചിരുന്നു. തിരുമനസ്സുകൊണ്ടുതുക്കെകൊണ്ടു് അവയിൽ ചിലതെടുത്തു കേശവന്റെ നേരെ നീട്ടി. കേശവൻ അവയിലൊന്നും വാങ്ങാതെ സല്പം പിന്നാക്കം മാറിനിന്നു. അപ്പോഠം അഴകപ്പാപിള്ള "കേശവൻ നനഞ്ഞിട്ടു് ഇന്നു് ഏഴു ദിവസമായി. നനയാതെ തിരുമേനിയെ തൊടുന്നതു വിഹിതമല്ലല്ലോ എന്നു വിചാരിച്ചാണ് അവൻ പിന്മാറിയതു്" എന്നറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു് "എന്നാൽ കേശവനെ ക്ഷണത്തിൽ കൊണ്ടുപോയി നനച്ചുകൊണ്ടുവരണം" എന്നു കല്പിക്കുകയും അഴകപ്പാപിള്ള കേശവനെ ഉടനെ കരമനയാറ്റിൽ കൊണ്ടുപോയി നനച്ചുകൊണ്ടുവരികയും ചെയ്തു. പിന്നെ തിരുമനസ്സുകൊണ്ടു കല്പിച്ചെടുത്തുകൊടുത്ത പഴക്കുലകഠം മുതലായവയെല്ലാം കേശവൻ സാദരം മേടിച്ചു തിന്നു. എങ്കിലും അതും കണ്ണീരൊലിപ്പിച്ചുകൊണ്ടും ദുഃഖഭാവത്തോടുക്രൂടിയുമായിരുന്നു. കേശവൻ അവയെല്ലാം തിന്നുകഴിഞ്ഞതിന്റെ ശേഷം തിരുമനസ്സുകൊണ്ടു് അഴകപ്പാപിള്ളയ്ക്കു പതിവുള്ള മുണ്ടും പണവും അതുപോകും കല്പിച്ചുകൊടുത്തു. ഉടനെ കേശവൻ മുൻകാലു[illegible]ണ്ടും മടക്കി മുട്ടുകുത്തി തിരുമനസ്സിലെ തിരുമുമ്പിൽ കുമ്പിടുകയും എഴുന്നേറ്റുനിന്നുകൊണ്ടു് ഒരു ശബ്ദം പുറപ്പെടുവിക്കയും ചെയ്തു. അപ്പോഴും അഴകപ്പാപിള്ള "കേശവൻ യാത്ര അറിയിക്കുകയാണു ചെയ്തതു്. ഇങ്ങിനെയാണു് അവന്റെ പതിവു്" എന്നു തിരുമനസ്സറിയിച്ചു. ഉടനെ തിരുമനസ്സുകൊണ്ടു "കേശവൻ മുൻപതിവുപോലെ മാസംതോറും ഇവിടെ വരണം. എന്നാലതു വെളുപ്പാൻകാലത്തു മൂന്നുമണിക്കു വേണമെന്നില്ല. നാലുമണിയ്ക്കായാൽ

Digitised By Kerala Sahitya Akademi

മതി" എന്നു കല്പിക്കുകയും അതു സമ്മതിച്ചതായി കേശവൻ തല കുലുക്കുകയും ഒരു ശബ്ദം പുറപ്പെടുവിക്കുകയും അഴകപ്പാപിള്ളയോടുക്രൂടി അപ്പോൾത്തന്നെ അവിടന്നു പോവുകയും അന്നു രാത്രിയിൽത്തന്നെ തിരുവട്ടാറു് എത്തുകയും ചെയ്തു.

ആറേഴുദിവസത്തെ പട്ടിണിനിമിത്തം കേശവൻ വല്ലാതെ ക്ഷീണിച്ചുപോയി. എങ്കിലും അഴകപ്പാപിള്ളയുടെ രക്ഷകൊണ്ടു് ആ ക്ഷീണം അചിരേണ മാറി അവൻ പൂർവ്വസ്ഥിതിയെ പ്രാപിക്കുകയും പിന്നെ മാസംതോറും തിരുവനന്തപുരത്തു പോയി മഹാരാജാവിനെ മുഖംകാണിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

ആദികേശവനെ അമ്പാരിക്കോ എഴുന്നള്ളത്തിനോ ഉപയോഗിക്കുമ്പോൾ അവന്റെ കഴുത്തിൽ കെട്ടുന്നതു മൂന്നിഴകം (വരികം) ഉള്ള ഒരു മണിമാലയാണു പതിവു്. ആ ഓരോ വരികളിലും മുപ്പത്താറു മണികൾ വീതവും ആ മുപ്പത്താറു മണികൾക്കുംക്രൂടി രണ്ടരത്തുലാം കനവുമുണ്ടായിരുന്നു. അപ്പോൾ മൂന്നുവരികൾക്കുംക്രൂടി ഏഴരത്തുലാം വരുമല്ലോ. ആ മണിമാല കേശവന്റെ കഴുത്തിൽ വരുമ്പോൾ അവന്റെ തല ഒന്നുക്രൂടി ഉയരും. അപ്പോൾ അവന്റെ ഭംഗിയും കാന്തിയും ഇരട്ടിക്കുകയും ചെയ്യും.

മറ്റുള്ള ആനകൾക്കു പിടിച്ചിളക്കാൻപോലും വയ്യാതെ കണ്ടുള്ള വലിയ തടികൾ കേശവനെക്കൊണ്ടു പിടിപ്പിച്ചു് ഉദ്ദിഷ്ടസ്ഥലത്തു് ആക്കിച്ചുകൊടുക്കണമെന്നു പലരും അഴകപ്പാപിള്ളയോടു് ആവശ്യപ്പെടാറുണ്ടു്. എന്നാൽ തടിയുടെ വലിപ്പവും പിടിച്ചുകൊണ്ടുപോകാനുള്ള ദൂരവും അറിഞ്ഞാൽ അഴകപ്പാപിള്ള അവരോടു് ഇതിനു് ഇത്ര പണം.ആദികേശവസ്വാമിയ്ക്കു നടയ്ക്കു വെയ്ക്കുകയും ഇത്ര പണം തനിക്കു തരികയും കേശവനു തിന്നാൻ ഇന്നിന്നസാധനങ്ങൾ ഇത്രയിത്രവീതം കൊടുക്കുകയും ചെയ്യണമെന്നു പറയും. തടിയുടെ ഉടമസ്ഥൻ അവയെല്ലാം സമ്മതിച്ചാൽ അഴകപ്പാപിള്ള കേശവനോടു "കേശവാ! ഈ മനുഷ്യനു് ഒരു തടി പിടിച്ചുവെച്ചുകൊടുക്കണമെന്നു പറയുന്നു. ആ തടിക്കു് ഇത്ര വണ്ണവും ഇത്ര നീളവുമുണ്ടു്. അതു പിടിച്ചു് ഇത്ര നാഴിക ദൂരം കൊണ്ടു

Digitised By Kerala Sahitya Akademi

പോകണം. അതിന്ന് ആദികേശവസ്വാമിക്ക്, ഇത്ര പണം നടയ്ക്കുവെയ്ക്കുകയും എനിക്ക് ഇത്ര പണവും നിനക്കു തിന്നാൻ ഇന്നിന്നസാധനങ്ങളും ഇത്രയിത്രവീതവും തരികയും ചെയ്യാമെന്ന് ഈ മനുഷ്യൻ സമ്മതിച്ചിട്ടുണ്ട്. അതിനാൽ എന്റെ കൂട്ടൻ ചെന്ന് ആ തടി പിടിച്ചുവെച്ചുകൊടുക്കണം" എന്നു പറയും. അഴകപ്പാപിള്ള ഇങ്ങിനെ പറഞ്ഞാലുടനെ കേശവൻ തടി പിടിക്കാൻ യാത്രയാകും. അതിന്ന് അഴകപ്പാപിള്ള ക്രൂടെ ചെല്ലണമെന്നും മറുമില്ല. വഴി കാണിച്ചുകൊടുക്കാൻ ആരെങ്കിലും ഒരാൾ ചെന്നാൽ മതി. കേശവൻ അറിയുന്ന സ്ഥലമാണെങ്കിൽ അതും വേണമെന്നില്ല. ഇന്ന സ്ഥലത്തു കിടക്കുന്ന തടി പിടിച്ച് ഇന്ന സ്ഥലത്തു കൊണ്ടു ചെന്നു വെച്ചുകൊടുക്കണമെന്ന് അഴകപ്പാപിള്ള പറയുക മാത്രം ചെയ്താൽ മതി. എന്നാൽ തടിയുടെ ഉടമസ്ഥൻ നേരു കേട്ടു പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ കേശവന്റെ വിധം മാറും. സ്ഥലത്തു ചെന്നു നോക്കുമ്പോൾ തടിയുടെ വണ്ണമോ നീളമോ പറഞ്ഞിരുന്നതിലധികമുണ്ടെന്നു കണ്ടാൽ കേശവൻ അതു തൊടുകപോലും ചെയ്യാതെ മടങ്ങിപ്പോരും. അപ്രകാരംതന്നെ തടി പിടിച്ചുകൊണ്ടുപോയാൽ വഴിയുടെ ദൂരം പറഞ്ഞിരുന്നതിലധികമായാൽ കേശവൻ ആ തടി തിരിയെപ്പിടിച്ച് അതു മുമ്പു കിടന്നിരുന്ന സ്ഥലത്തുനിന്നു രണ്ടോ നാലോ നാഴികക്രൂടി ദൂരത്തു കൊണ്ടുചെന്നു വേറെ ഒരാനയ്ക്കും പിടിച്ചെടുക്കാൻ സാധിക്കാത്തവിധം ദുർഗ്ഘടമായ ഒരു സ്ഥലത്താക്കും. അങ്ങിനെയൊക്കെയായിരുന്നു കേശവന്റെ പതിവു്. അങ്ങിനെ കൊണ്ടുചെന്നിടുന്ന തടി പിന്നെ അഴകപ്പാപിള്ള പറഞ്ഞാലും കേശവൻ തൊടുകപോലും ചെയ്യുകയില്ല. അഥവാ ആ തടി കേശവൻ പിന്നെ പിടിക്കണമെങ്കിൽ തടിയുടെ ഉടമസ്ഥൻ വ്യാജം പറഞ്ഞതിന്റെ പ്രായശ്ചിത്തമായി ധാരാളം ശർക്കരയും, നെയ്യും, നാളികേരവും, കദളിപ്പഴവും ചേർത്ത് ഒരു പന്തിരുന്നാഴിപ്പായസം വെപ്പിച്ച് ആദികേശവസ്വാമിക്കു നിവേദിപ്പിച്ചിട്ട് അതും മുമ്പു സമ്മതിച്ചിരുന്ന സാധനങ്ങളും കേശവനും പണം അഴകപ്പാപിള്ളയും കൊടുക്കുകയും ആദികേശവസ്വാമിക്കുള്ള പണം നടയ്ക്കുവെയ്ക്കുകയും ചെയ്താൽ കേശവൻ ചെന്ന്

Digitised By Kerala Sahitya Akademi

ആ തടി പിടിച്ച് ഉട്ടിഷ്ടസ്ഥലത്തു കൊണ്ടുചെന്നു വെച്ചു കൊടുക്കും. അങ്ങിനെയല്ലാതെ കൌശലമൊന്നും കേശവനോടു പറിയിരുന്നില്ല.

കേശവനും അഴകപ്പാപിള്ളയും എൺപത്തഞ്ചു വയസ്സു തികയുന്നതുവരെ ഇപ്രകാരമെല്ലാം നടന്നുവന്നിരുന്നു. അതിനു ശേഷം അഴകപ്പാപിള്ളയ്ക്കു ക്ഷീണംകൊണ്ട് എഴുന്നേറ്റു നടക്കാൻപോലും വയ്യാതെയായി. എങ്കിലും കേശവന് അപ്രയും ക്ഷീണം ബാധിച്ചില്ല. അതിനാൽ കേശവനെക്കൊണ്ടു ക്ഷേത്രത്തിൽ ആവശ്യമുള്ള ദിവസങ്ങളിൽ പാപ്പാനോടുക്രടാതെതന്നെ കേശവൻ തനിച്ചുപോയി അടിയന്തിരങ്ങൾ യഥാക്രമം നടത്തിപ്പോന്നിരുന്നു. കേശവനെ നടയ്ക്കിരുത്തിയതിന്റെ ശേഷം കുറച്ചുകാലം കഴിഞ്ഞപ്പോഴേയ്ക്കും ആ ക്ഷേത്രത്തിലെ ചട്ടവട്ടങ്ങളെല്ലാം അവനു നല്ല നിശ്ചയമായി. അതിനാൽ പാപ്പാൻ ക്രടെയില്ലെങ്കിലും കാര്യങ്ങൾക്ക് ഒരു കുഴപ്പവുമില്ലായിരുന്നു.

അഴകപ്പാപിള്ള കേശവനെ രാത്രികാലങ്ങളിലും ചങ്ങലയിട്ടു തളയ്ക്കാറില്ലായിരുന്നു. രാത്രിയാകുമ്പോൾ അയാൾ അവനെ കൊണ്ടുപോയി അയാളുടെ വാസസ്ഥലത്തു മുറത്തു നിർത്തി തീറ്റസ്സാധനങ്ങൾ ഇട്ടുകൊടുക്കും. അഴകപ്പാപിള്ള അത്താഴം കഴിഞ്ഞു പുരയ്ക്കകത്തു കയറിക്കിടന്നാൽ കേശവനും അവന്റെ തീറ്റി തിന്നുകൊണ്ടു മുറത്തു കിടന്നുറങ്ങും. അങ്ങിനെയായിരുന്നു പതിവ്.

അഴകപ്പാപിള്ള ക്ഷീണാധിക്യംനിമിത്തം കിടപ്പിലായതിന്റെ ശേഷം അധികംദിവസം കിടന്നു കഷ്ടപ്പെട്ടില്ല. നാലഞ്ചുദിവസം കഴിഞ്ഞപ്പോൾ ഒരു ദിവസം വെളുപ്പാൻകാലത്തു് ആ ഭാഗ്യവാൻ അനായാസേന ചരമഗതിയെ പ്രാപിച്ചു. അപ്പോൾ ആ വീട്ടിൽ അയാളുടെ ഭാര്യയുടേയും മക്കളുടേയും കരച്ചിലും പിഴിച്ചിലുമൊക്കെയുണ്ടായി. അതു കേട്ടു കേശവൻ കാര്യം മനസ്സിലാക്കിക്കൊണ്ടു മുറത്തുനിന്നു പതുക്കെ നടന്നു പറമ്പിൽച്ചെന്നു കിടന്നു. മാത്രനേരം കഴിഞ്ഞപ്പോൾ അവന്റെ കഥയും കഴിഞ്ഞു. അതുകൊണ്ടു കേശവനും ഭാഗ്യവാനായിരുന്നു എന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

Digitised By Kerala Sahitya Akademi

നേരം വെളുത്തപ്പോൾ കേശവൻ ചരിഞ്ഞു എന്നും അഴകപ്പാപിള്ള മരിച്ചു എന്നും ഉള്ള വർത്തമാനം ആ ദിക്കിലൊക്കെ പ്രസിദ്ധമായി. ഉടനെ സർക്കാരുദ്യോഗസ്ഥന്മാരും മറനേകം ജനങ്ങളും അവിടെ വന്നുകൂടുകയും അഴകപ്പാപിള്ളയുടെ സംസ്കാരകർമ്മം യഥാവിധി നടത്തിക്കുകയും ചെയ്തതിന്റെ ശേഷം ആ പറമ്പിൽത്തന്നെ ഒരു വലിയ കുഴി കുഴിച്ചു കേശവന്റെ മൃതശരീരം അതിലിട്ടു മൂടിക്കുകയും ചെയ്തു. അഴകപ്പാപിള്ളയുടെ പരിചയം സിദ്ധിച്ചതിന്റെ ശേഷം തനിക്കു് ഇനി മറെറാരു പാപ്പാനുണ്ടാകാനിടയാകരുതെന്നുള്ള വിചാരം കേശവനു സാമാന്യത്തിലധികമുണ്ടായിരുന്നു. അപ്രകാരംതന്നെ കേശവന്റെ കാലം കഴിഞ്ഞിട്ടു മറെറാരാനയുടെ പാപ്പാനാകാനിടയാകരുതെന്നുള്ള വിചാരം അഴകപ്പാപിള്ളയ്ക്കുമുണ്ടായിരുന്നു. ഇതിനു രണ്ടിനും അനേകം ദൃഷ്ടാന്തങ്ങളുണ്ടായിട്ടുണ്ടു്. അവയെല്ലാം ഇവിടെ പ്രത്യേകം പ്രത്യേകമെടുത്തു വിവരിക്കുന്നതായാൽ ലേഖനം സാമാന്യത്തിലധികം ദീർഘിച്ചുപോകുമെന്നുള്ളതുകൊണ്ടു് അതിനായി ഉദ്യമിക്കുന്നില്ല. ഏതെങ്കിലും ആ ഭാഗ്യവാന്മാർ വിചാരിച്ചിരുന്നതുപോലെതന്നെ അവരുടെ കാലം കഴിഞ്ഞുകൂടി. വളരെക്കാലം ആദികേശവസ്വാമിയെ സേവിച്ചുകൊണ്ടു തൽസന്നിധിയിൽത്തന്നെ താമസിച്ചിരുന്ന അവർക്കു് അങ്ങിനെയല്ലാതെ വരാനിടയില്ലല്ലോ.

സമാപ്തം.

—(*)—

Digitised By Kerala Sahitya Akademi

Digitised By Kerala Sahitya Akademi